# ബൈബിളിന്റെ ദൈവികത
## സംവാദം

ഡോ. ജോൺസൺ സി. ഫിലിപ്പ്
പാസ്റ്റർ വർഗീസ് എം. സാമുവൽ
എം.എം. അക്ബർ

# ബൈബിളിന്റെ ദൈവികത
## സംവാദം

**DA'WA BOOKS**
**Salafi Cultural Complex, Vyttila, Cochin-19**

**DA'WA BOOKS**

Malayalam | Samvadam | Bibilinte Daivikatha
ബൈബിളിന്റെ ദൈവികത സംവാദം
BY: Dr. Jhonson C. Philip, Paster Varghees M. Samuel, M.M. Akbar
First Edition: December 2006
**Price: Rs. 100**

Publishers | Distribution:
Da'wa Books | Salafi Cultural Complex | Vyttila | Kochi-19 | Kerala | India
Email: dawabooks@nicheoftruth.org
Cover: Yoonus K.K.
Type Setting: Creative Media
Printing: Screen Offset, Kochi-18



All rights reserved. No part of this work may be reproduced or utilised in any form or by any means without the prior written permission of the publishers.


## പ്രസാധകർക്ക് പറയാനുള്ളത്.....

ഒട്ടനവധി ക്രിസ്ത്യൻ - മുസ്‌ലിം സംവാദങ്ങൾക്ക് സാക്ഷ്യം വഹിച്ച നാടാണ് കേരളം. എഴുതപ്പെട്ട കേരള ചരിത്രത്തിൽ ഏറെ ശ്രദ്ധേയനായ മുസ്‌ലിം നവോത്ഥാന നായകനായിരുന്ന സയ്യിദ് സനാഉല്ലാഹ് മക്തി തങ്ങളാണ് ഈ രംഗത്ത് ഏറെ എടുത്തു പറയേണ്ട വ്യക്തിയെന്നു തോന്നുന്നു. കേരളത്തിൽ വെച്ച് നടന്ന ക്രിസ്ത്യൻ - മുസ്‌ലിം സംവാദങ്ങളിൽ ഏറെ ശ്രദ്ധേയമായിരുന്നു 2002 ജൂൺ 8 ശനിയാഴ്ച പെരുമ്പാവൂർ ഐ. എം. എ ഹാളിൽ വെച്ചു നടന്നത്. ക്രൈസ്തവ മിഷണറി സംഘമായ 'ദി ട്രൂത്തും' ഇസ്‌ലാമിക പ്രബോധക കൂട്ടായ്മയായ 'നിച്ച് ഓഫ് ട്രൂത്തും' സംയുക്തമായി സംഘടിപ്പിച്ച, ക്ഷണിക്കപ്പെട്ട സദസ്സിനു മുന്നിൽ വെച്ചു നടന്ന സംവാദത്തിൽ ചർച്ച ചെയ്തത് "ബൈബിളിന്റെ ദൈവികത" യെന്ന വിഷയമായിരുന്നു. ഇരു വിഭാഗത്തിൽ നിന്നും നാൽപത് പേർ വീതം പങ്കെടുത്ത സംവാദത്തിൽ ക്രൈസ്തവ പക്ഷത്തു നിന്ന് സംസാരിച്ചത് പ്രസിദ്ധ സുവിശേഷകനും ഇന്ത്യയിലെ ക്രിസ്ത്യൻ അപ്പോളജിറ്റുക്കളിൽ അഗ്രേസരനുമായ ഡോ. ജോൺസൺ സി. ഫിലിപ്പും സുവിശേഷകനായ പാസ്റ്റർ വർഗീസ് എം. സാമുവേലുമായിരുന്നു. ഇസ്‌ലാമിക പക്ഷത്തെ പ്രതിനിധീകരിച്ചുകൊണ്ട് നിച്ച് ഓഫ് ട്രൂത്ത് ഡയറക്ടർ എം. എം. അക്ബറാണ് സംസാരിച്ചത്. വിജ്ഞാനകുതുകികൾക്കും സത്യാന്വേഷികൾക്കുമെല്ലാം ഏറെ പ്രയോജനപ്രദമായിരുന്ന പ്രസ്തുത സംവാദത്തിന്റെ നേർപകർപ്പാണ് ഈ പുസ്തകം.

പെരുമ്പാവൂരിൽ വെച്ചു നടന്ന ക്രിസ്ത്യൻ-മുസ്‌ലിം സംവാദം

പുസ്തകരൂപത്തിലാക്കുവാനായി സംവാദത്തിൽ പങ്കെടുത്ത ഡോ. ജോൺസൺ സി. ഫിലിപ്പ്, പാസ്റ്റർ വർഗീസ് എം സാമുവേൽ, എം. എം. അക്ബർ എന്നിവരും സംവാദം നിയന്ത്രിച്ച പാസ്റ്റർ കെ. ജെ മാത്യു, നൂർമുഹമ്മദ് നൂർഷ തുടങ്ങിയവരും തുറന്ന സമ്മതം നൽകുകയുണ്ടായി. ഇതിന്നായി സംവാദത്തിന്റെ നേർപകർപ്പെടുത്ത് ഇവർക്കെല്ലാം അയച്ചുകൊടുക്കുകയും എവിടെയെങ്കിലും എന്തെങ്കിലും വിശദീകരണം നൽകാൻ ബാക്കിയുണ്ടെങ്കിൽ അവ കൂടി ഉൾപ്പെടുത്തി പുസ്തകം പ്രസിദ്ധീകരിക്കാമെന്ന് സംവാദത്തിൽ പങ്കെടുത്ത മൂന്നുപേരെയും അറിയിക്കുകയും ചെയ്തു. ഡോ. ജോൺസൺ സി. ഫിലിപ്പ്, പാസ്റ്റർ വർഗീസ് എം. സാമുവേൽ എന്നിവർ ഒന്നും എഡിറ്റ് ചെയ്യാതെ സംവാദം അപ്പടി പ്രസിദ്ധീകരിക്കുന്നതിൽ അവർക്ക് സന്തോഷം മാത്രമെയുള്ളുവെന്നും അക്ഷരത്തെറ്റുകൾ വലിയ ആശയച്ചോർച്ചക്ക് നിമിത്തമാകുമെന്നതിനാൽ അക്കാര്യം പ്രത്യേകം ശ്രദ്ധിക്കണമെന്നും തങ്ങൾക്ക് പ്രത്യേകിച്ച് വിശദീകരണങ്ങളൊന്നും നൽകാനില്ലെന്നും അറിയിച്ചു. എം. എം. അക്ബറാകട്ടെ തനിക്ക് പ്രസംഗങ്ങളിൽ വിശദീകരിക്കാൻ കഴിയാതിരുന്ന വിഷയങ്ങളെക്കുറിച്ച് സാമാന്യം ദീർഘമായിത്തന്നെ അനുബന്ധങ്ങളെഴുതി അയച്ചുതരികയും അവ കൂടി ഉൾപ്പെടുത്തി സംവാദം പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. അനുബന്ധങ്ങൾ തയ്യാറാക്കാൻ അദ്ദേഹമെടുത്ത സമയദൈർഘ്യമാണ് ഇത് പ്രസിദ്ധീകരിക്കുവാൻ ഇത്രയും കാലവിളംബമുണ്ടാകുവാൻ കാരണം.

കേരളത്തിൽ വെച്ചു നടന്ന ശ്രദ്ധേയമായ ഒരു ക്രൈസ്തവ-മുസ്ലിം സംവാദം ഭാവി തലമുറക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കാനായതിൽ 'ദഅ്വാ ബുക്സി' നു ഏറെ ചാരിതാർഥ്യമുണ്ട്. ഇതിനനുഗ്രഹിച്ച സർവശക്തന് സ്തുതി. ഇതിനു സമ്മതം നൽകിയ, സംവാദത്തിൽ പങ്കെടുത്ത പണ്ഡിതന്മാരോടുള്ള കൃതജ്ഞത രേഖപ്പെടുത്തുകയാണ്. സത്യാന്വേഷകർക്ക് ഈ പുസ്തകം ഉപകാരപ്രദമാകട്ടെയെന്നാണ് ഞങ്ങളുടെ പ്രാർഥന. നാഥാ..... ഇതൊരു പ്രതിഫലാർഹമായ പ്രവർത്തനമായി സ്വീകരിക്കേണമേ (ആമീൻ).

**മാനേജർ**
**ദഅ്വ ബുക്സ്.**

# താളുകളിൽ...


**ആധ്യക്ഷപ്രസംഗം**
കെ.ജെ. മാത്യു 12
**വിഷയാവതരണം(45 മിനുട്ട് വീതം)**
ഡോ. ജോൺസൺ സി. ഫിലിപ്പ് 19
എം.എം. അക്ബർ 39
**ഒന്നാമത്തെ മറുപടി (20 മിനുട്ട് വീതം)**
വർഗീസ് എം. സാമുവേൽ 69
എം.എം. അക്ബർ 80
**രണ്ടാമത്തെ പ്രതിവാദം (15 മിനുട്ട് വീതം)**
ജോൺസൺ സി. ഫിലിപ്പ് 93
എം. എം. അക്ബർ 100
**ചോദ്യോത്തരങ്ങൾ**
അധ്യക്ഷൻ: നൂർമുഹമ്മദ് നൂർഷ 110
**ഉപസംഹാരം**
വർഗീസ് എം. സാമുവൽ 143
എം. എം. അക്ബർ 148
**നന്ദി**
മുഹമ്മദ് അനസ് 154

**അനുബന്ധങ്ങൾ**

**എം.എം. അക്ബർ** 157–289

**അനുബന്ധം 1**

ഫറോവാകഥ ബൈബിളിലും ഖുർആനിലും 157

**അനുബന്ധം 2**

ബൈബിൾ കഥകളുടെ ചരിത്രപരത 166

**അനുബന്ധം 3**

യേശുകഥയുടെ ചരിത്രപരത 172

**അനുബന്ധം 4**

ബൈബിളും പ്രവചനങ്ങളും 178

**അനുബന്ധം 5**

ബൈബിളിലെ ശാസ്ത്രാബദ്ധങ്ങൾ 191

**അനുബന്ധം 6**

പഴയ നിയമത്തിലെ വൈരുദ്ധ്യങ്ങൾ 201

**അനുബന്ധം 7**

പുതിയനിയമത്തിലെ വൈരുദ്ധ്യങ്ങൾ 206

**അനുബന്ധം 8**

ഉദ്ധരണികളിലെ അബദ്ധങ്ങൾ 217

**അനുബന്ധം 9**

ബൈബിളിലെ തിരുത്തലുകൾ 227

**അനുബന്ധം 10**

ചരിത്ര കഥനങ്ങൾ; ബൈബിളിലും ഖുർആനിലും 242

**അനുബന്ധം 11**

വൈരുധ്യങ്ങൾക്കുള്ള വിശദീകരണം 264

**അനുബന്ധം 12**

ചില പുസ്തകങ്ങൾ എന്തുകൊണ്ട് തിരസ്ക്കരിക്കപ്പെട്ടു? 269

**അനുബന്ധം 13**

യേശുവിന്റെ മാതൃക 281

**അനുബന്ധം 14**

പഴയ നിയമ പ്രവചനങ്ങളും യേശുവും 285

# ആധ്യക്ഷപ്രസംഗം

## കെ.ജെ. മാത്യൂ

ഈ സംവാദത്തിൽ നമ്മൾ ശ്രദ്ധിക്കേണ്ട ചില നിബന്ധനകൾ നമ്മുടെ സുഹൃത്തുക്കൾ നേരത്തെ തീരുമാനിച്ചുവെച്ചിരുന്നു. അവയെല്ലാം വായിക്കാൻ ഈ വൈകിയവേളയിൽ ഞാൻ സമയമെടുക്കാതെ വളരെ പ്രധാനപ്പെട്ട ചില നിയമങ്ങൾ നിങ്ങൾക്കു വേണ്ടി പറയാൻ താൽപര്യപ്പെടുകയാണ്. എന്നെ പരിചയപ്പെടുത്താം. എന്റെ പേര് കെ.ജെ. മാത്യു. മുൻകൂട്ടി നിശ്ചയിക്കപ്പെട്ട നിബന്ധനകളിൽ ഏറ്റവും പ്രധാനപ്പെട്ടവ ഞാൻ സൂചിപ്പിക്കാം. ആദ്യം ഡോ. ജോൺസൺ 'ബൈബിളിന്റെ ദൈവികത' എന്ന വിഷയത്തെക്കുറിച്ച് 45 മിനുട്ട് സംസാരിക്കും. അതിനുശേഷം ശ്രീമാൻ എം.എം. അക്ബർ 45 മിനുട്ട് സംസാരിക്കും. അതിനുശേഷം ടീ ബ്രേക്ക് നിശ്ചയിച്ചിട്ടുണ്ട്. അതു കഴിഞ്ഞാൽ ഡോ. ജോൺസൺ 20 മിനുട്ട് സംസാരിക്കും. പിന്നീട് അക്ബർ 20 മിനുട്ട് സംസാരിക്കും. അതിനുശേഷം ഡോ. ജോൺസൺ 15 മിനുട്ട് സംസാരിക്കും. അതിനുശേഷം ശ്രീമാൻ അക്ബർ അനുബന്ധമായി 15 മിനുട്ട് സംസാരിക്കും. ഇങ്ങനെ രണ്ടുപേരും സംസാരിച്ചശേഷം ചോദ്യോത്തരമായിരിക്കും. അതിനുള്ള സമയം നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. ചോദ്യോത്തരങ്ങൾ സംബന്ധിച്ച് എഴുതിവെച്ചിട്ടുള്ള നിബന്ധനകൾ നിങ്ങളുടെ അറിവിലേക്കായി പറയട്ടെ:

ഈ ഭാഗത്തുനിന്ന് (മുസ്‌ലിം സദസ്സിൽ നിന്ന്) ഒരാൾക്ക് സ്റ്റേജിൽ ഈ സുഹൃത്തുക്കളോട് (ക്രിസ്ത്യൻ പണ്ഡിതരോട്) ചോദ്യം ചോദിക്കാവുന്നതാണ്. ഈ ഭാഗത്തിരിക്കുന്ന ഞങ്ങളുടെ (ക്രിസ്

ത്യൻ) സുഹൃത്തുക്കളിൽ ഒരാൾക്ക് ഈ ഏരിയായിലേക്ക് (മുസ്‌ലിം പ്രതിനിധികളോട്) ചോദ്യം ചോദിക്കാവുന്നതാണ്. ഒരാൾ മാത്രം ചോദ്യം ചോദിക്കുകയും പരസ്പരം ചോദ്യം ചോദിക്കാതിരിക്കുകയും ചെയ്യുക. ചോദ്യങ്ങൾ ചോദിക്കുന്നതും ഉത്തരങ്ങൾ പറയുന്നതും ഒരിക്കലും സദസ്സിൻെറ പരസ്പരമുള്ള ഒരു സംവിധാനമാകരുത്. മറിച്ച്, സ്റ്റേജിലിരിക്കുന്ന റിസോഴ്സ് പേഴ്സണിനോട് ചോദ്യം ചോദിക്കാൻ വേണ്ടിയാണ് നിബന്ധന. ചോദ്യത്തിൻെറ സമയം രണ്ട് മിനുട്ട്. ഒരു ചോദ്യം ചോദിച്ചയാൾക്ക് പിന്നീട് ചോദിക്കാൻ അവസരം ഉണ്ടാവുകയില്ല. ഉത്തരം അഞ്ച് മിനുട്ട്. അഞ്ചുമിനുട്ടിലധികം ഉത്തരം നീണ്ടുപോയാൽ ഞാനും നൂർഷാ സാറും അത് നിയന്ത്രിക്കുന്നതായിരിക്കും. ഞങ്ങളുടെ നിയന്ത്രണം ആധികാരികമായിട്ട് അംഗീകരിക്കാൻ നിങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു. ഞങ്ങൾ രണ്ടുപേരും ആധ്യക്ഷത വഹിച്ച് മോഡറേറ്റ് ചെയ്യുന്നതായിരിക്കും. അതുകൊണ്ട് ഞങ്ങൾ രണ്ടുപേരുടെയും നിയന്ത്രണത്തിന് നിങ്ങളെല്ലാവരും പൂർണമായും വിധേയപ്പെട്ട് നമ്മുടെ മീറ്റിംഗ് വിജയിപ്പിക്കാൻ വേണ്ടി ഞാൻ വിശേഷാൽ അഭ്യർഥിക്കുന്നു.

കാര്യങ്ങൾ എല്ലാവർക്കും മനസ്സിലായി എന്ന് ഞാൻ പ്രതീക്ഷിക്കുന്നു. രണ്ട് മണിക്കൂറോളം സമയം നാം ചോദ്യോത്തരത്തിനായിട്ട് മാറ്റിവെച്ചിട്ടുണ്ട്. എങ്കിലും വൈകി ആരംഭിക്കുന്നതുകൊണ്ട് ചിലപ്പോൾ ചോദ്യോത്തരസമയം അൽപം പരിമിതപ്പെടാൻ സാധ്യതയുണ്ട്. എന്നാൽ ഈ പ്രഭാഷകരുടെ പങ്കുവെക്കലിന് നാം നിശ്ചയിച്ച സമയംതന്നെ അനുവദിക്കുന്നതായിരിക്കും. നമ്മുടെ ചോദ്യോത്തരങ്ങൾക്കുള്ള സമയം സമയത്തിന്റെ മുന്നേറ്റമനുസരിച്ച് നിജപ്പെടുത്തുവാൻ നാം നിർബന്ധിതരായിരിക്കുമെന്ന കാര്യം എല്ലാവരും ശ്രദ്ധിക്കുമെന്ന് ഞാൻ വിചാരിക്കുന്നു.

'ബൈബിളിൻെറ ദൈവികത' എന്നതാണ് സംവാദ വിഷയം. സത്യവേദ പുസ്തകമെന്ന് പൊതുവെ മലയാളത്തിൽ അറിയപ്പെടുന്ന വിശുദ്ധ ബൈബിൾ ദൈവത്തിൻെറ മാറ്റമില്ലാത്ത വചനമാണ്, ക്രിസ്ത്യാനിയുടെ ആധികാരിക ഗ്രന്ഥമാണ്, ആപ്തവചനമാണ്, അടിസ്ഥാന വചനമാണ് എന്ന് ക്രൈസ്തവർ വിശ്വസിക്കുന്നു. ദൈവികതയും ദൈവശ്വാസ്യതയും എക്കാലത്തും അവകാശപ്പെടുന്ന, തെളിയിക്കപ്പെട്ടിരിക്കുന്ന സത്യവേദ പുസ്തകത്തിന് അമ്മാതിരി ദൈവികത അവകാശപ്പെടുവാൻ അവസരമില്ല, അടിസ്ഥാനമില്ലായെന്ന്



അഭിപ്രായപ്പെടുന്നവരാണ് പ്രധാനമായി പ്രതികരിക്കാൻ താൽപര്യപ്പെടുന്നത്. ദൈവികതയുടെ അനുഭവവേദ്യമായ പങ്കുവെക്കൽ നടത്തുമ്പോൾ അതുസംബന്ധിച്ച് ആധികാരികമായിട്ട് അങ്ങനെ അവകാശപ്പെടാൻ ആകില്ല എന്ന് തെളിയിക്കാനുള്ള ശ്രമങ്ങളാണ് ഈ ഭാഗത്തുനിന്ന് ഉണ്ടാകുന്നത്. നൂറ്റാണ്ടുകളായി തെളിയിക്കപ്പെട്ട ബൈബിളിലെ ആധികാരിക പരാമർശങ്ങൾ 66 വ്യത്യസ്ത എഴുത്തുകളിലെ അനുഗ്രഹിക്കപ്പെട്ട ക്രോഡീകൃത സമാഹാരമായ വിശുദ്ധ ബൈബിൾ പഴയതും പുതിയതുമെന്ന് രണ്ടായി വിഭാഗിക്കപ്പെട്ട സത്യവേദ പുസ്തകം, 39 പുസ്തകങ്ങൾ അടങ്ങിയ പഴയ നിയമം, 27 എഴുത്തുകൾ അടങ്ങിയ പുതിയ നിയമം, ഇതിൻെറ സമന്വയമായ 66 പുസ്തകങ്ങൾ. അങ്ങനെ വിവിധ പുസ്തകങ്ങളുടെ ആധികാരിക ദൈവവചനത്തിൻെറ ഒരു ക്രോഡീകരണമായി ആണ്ടുകളാൽ ലഭിച്ചിട്ടുള്ള സത്യവേദ പുസ്തകത്തിൻെറ അതുല്യപ്രഭാവത്തിൻെറ അനവധി കാര്യങ്ങൾ ഡോ. ജോൺസൺ നമ്മോട് പങ്കുവെക്കാൻ പോവുകയാണ്. നൂറ്റാണ്ടുകളായി വൈവിധ്യങ്ങൾകൊണ്ട് ശ്രദ്ധിക്കപ്പെട്ടതെങ്കിലും വൈരുധ്യം തെല്ലുമില്ലാതെ ഏകീകരണവും ക്രോഡീകരണവും അടിസ്ഥാനപരമായി വെളിപ്പെടുത്തപ്പെട്ടിട്ടുള്ള സത്യവേദ പുസ്തകം. ആയിരമായിരം ജീവിതങ്ങളെ നൂറ്റാണ്ടുകളിലൂടെ, സഹസ്രാബ്ദങ്ങളിലൂടെ രൂപാന്തരപ്പെടുത്തുവാൻ പര്യാപ്തമായി തെളിയിക്കപ്പെട്ട സത്യവേദപുസ്തകം. ഏറ്റവുമുപരി ധാരാളം പ്രാവചനിക സൂക്തങ്ങൾ അക്കമിട്ട് അച്ചട്ടായി നിവർത്തിയാകുവാൻ അടിസ്ഥാനമായ സത്യവേദ പുസ്തകം. കർത്താവായ യേശുക്രിസ്തു എന്ന വ്യക്തിയിൽ കേന്ദ്രീകരിച്ചിരിക്കുന്ന സത്യവേദ പുസ്തകം. ക്രിസ്തുവിൻെറ ജനനം, ജീവിതം, മരണ-അടക്ക, പുനരുഥാന-സ്വർഗാരോഹണ പൂർത്തീകരണ, പ്രത്യാഗമന പരിപാടികൾ വളരെ കൃത്യമായി പ്രതിപാദിക്കുന്ന സത്യവേദ പുസ്തകം. ആത്മരക്ഷക്ക് അടിസ്ഥാനപരമായ ഈ യാഥാർഥ്യം, ലോകരക്ഷകനായ ക്രിസ്തുവിന്റെ ഈ പരിചയപ്പെടുത്തൽ അതിനടിസ്ഥാനപരമായ ഈ വേദ പുസ്തകം; ഇതിൻെറ ആധികാരികതയെ കുറിച്ചാണ് ഡോ. ജോൺസൺ ഫിലിപ്പ് സംസാരിക്കാൻ പോകുന്നത്. 'ബൈബിളിൻെറ ദൈവികത' എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കാൻവേണ്ടി ഞാൻ അദ്ദേഹത്തെ ക്ഷണിക്കുന്നു. നമുക്കെല്ലാവർക്കും അദ്ദേഹത്തെ കയ്യടിച്ച് സ്വാഗതം ചെയ്യാം.

# വിഷയാവതരണം

(45 മിനുട്ട് വീതം)

## <u>ഡോ. ജോൺസൺ സി. ഫിലിപ്പ്</u>

ഇന്ന് ഇവിടെയുള്ള ഫ്രണ്ട്സിനെ വന്നിങ്ങനെ കാണുവാൻ വേണ്ടി അവസരം നൽകിയതിന് ഞാൻ ദൈവത്തെ സ്തുതിക്കുന്നു. നമുക്ക് പ്രാർത്ഥിക്കാം......

Our heavenly Father, we are thankful to you for this kind of opportunity that you granted us. And we pray that as we discuss these things that the holy spirit may taken control of every thing and we also pray that our friends who have come here as seekers might find the truth. And even if there is any one here in these audience, who has not come as a seeker we pray that you may work in their heart so that they might see the truth of the word of God. We ask in the most blessed name of our Lord and Saviour Jesus Christ- Amen.

ഏകദേശം എട്ടുവർഷങ്ങൾക്ക് മുമ്പ് മധ്യപ്രദേശിൽനിന്നും കേരളത്തിൽവന്ന് അധികം താമസിക്കുന്നതിനു മുമ്പുതന്നെ ഞങ്ങളുടെ ബൈബിൾ സ്കൂളിന്റെ തൊട്ടുപിന്നിലുള്ള ഒരു മുസ്ലിം സെമിനാരിയിൽ നിന്ന് ചില മുസ്ലിം സഹോദരങ്ങൾ വന്ന് എന്നോട് ഒരു ഡയലോഗ് തുടങ്ങിയ വിഷയമായിരുന്നു 'ബൈബിളിന്റെ ദൈവികത'. ഈ കഴിഞ്ഞ എട്ടുവർഷം ധാരാളം മുസ്ലിം സുഹൃത്തുക്കളുമായി ഈ വിഷയത്തെക്കുറിച്ച് സംസാരിക്കാൻ അവസരം ലഭിച്ചിട്ടുണ്ട്. വളരെ Meaningful ആയിട്ടുള്ള സംസാരത്തിന്, അല്ലെങ്കിൽ

ആശയവിനിമയത്തിന് തന്നെ സാധിച്ചിട്ടുണ്ട്. അതിന് ഞാൻ ദൈവ ത്തെ സ്തുതിക്കുന്നു. ഇന്ന് afternoonൽ ഉള്ള ഈ സംസാരം അതു പോലെതന്നെ എൻെറ സഹോദരങ്ങൾക്ക് വളരെ enlightening ആയിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ബൈബിളിൻെറ ദൈവിക തയെ ധാരാളം ആളുകൾ ചോദ്യം ചെയ്തിട്ടുണ്ട്. ഇത് പുതിയ വി ഷയമൊന്നുമല്ല. അതിന് കാരണമുണ്ട്. മനുഷ്യൻ പാപിയാണെന്നും പാപിയായ ഈ മനുഷ്യന് സ്വന്തം കർമത്തിൽകൂടി രക്ഷപ്പെടാൻ സാധിക്കത്തില്ലെന്നും പാപിയായ ഈ മനുഷ്യന് രക്ഷ നൽകുവാൻ വേണ്ടി കർത്താവായ യേശുക്രിസ്തു ഈ ലോകത്തിൽ വന്ന് കുരി ശിൽ തൻെറ ജീവനെ ബലിയായിട്ട് അർപ്പിച്ചുവെന്നുമുള്ള വസ്തു ത ബൈബിൾ മാത്രമെ പറയുന്നുള്ളൂ. അത് സ്വീകരിക്കുക എന്നുള്ള ത് മനുഷ്യമനസ്സുകൾക്കോ മനുഷ്യബുദ്ധികൾക്കോ അത്ര എളുപ്പ മല്ല. യുക്തിവാദികൾക്കും വളരെ വിഷമമാണ്. സ്വന്തം കർമങ്ങളിൽ അഹങ്കരിക്കുന്നവർക്കും, സ്വന്തം കർമത്തിൽ കൂടി രക്ഷപ്രാപിക്കാൻ ആഗ്രഹിക്കുന്നവർക്കും ഈ കാര്യങ്ങൾ സ്വീകരിക്കാൻ വളരെ വിഷ മമാണ്. അതുകൊണ്ടാണ് കഴിഞ്ഞ 2000 വർഷങ്ങൾ ബൈബിളിൻെറ ദൈവികതയെ ധാരാളം ആളുകൾ അറ്റാക്ക് ചെയ്തിട്ടുള്ളത്. ക്രിസ് ത്യൻ കമ്യൂണിറ്റി ഈ അറ്റാക്കിനെയൊന്നും ഒരിക്കലും reject ചെയ് തിട്ടില്ല. ഭയന്നിട്ടില്ല. നേരെമറിച്ച് ഇതിന് യുക്തമായ ഒരു മറുപടി, എന്ന് മനസ്സിലാക്കി ധാരാളം പ്രസ്ഥാനങ്ങൾ തുടങ്ങിയിട്ടുണ്ട്. especially കഴിഞ്ഞ 200 വർഷങ്ങൾ ഇങ്ങനെ ഈ ചോദ്യങ്ങൾക്ക് മറുപടി കൊടുക്കുന്ന ഒരു golden age ആയിരുന്നു. കഴിഞ്ഞ 50 വർ ഷങ്ങളിൽ all over the world ഏകദേശം നാനൂറോളം organisations ഇങ്ങനെയുള്ള ചോദ്യങ്ങൾക്ക് മറുപടി കൊടുക്കുവാൻവേണ്ടി develop ചെയ്തിട്ടുണ്ട്. എന്നുമാത്രമല്ല ഇവർ നൂറുകണക്കിന് മാഗ സിൻസ് പബ്ലിഷ് ചെയ്യുന്നുണ്ട്. ഡസൻ കണക്കിന് ടെക്നിക്കൽ ജേണൽസ് പബ്ലിഷ് ചെയ്യുന്നുണ്ട്. ഈ വിഷയങ്ങളെക്കുറിച്ച് വളരെ elementary ആയിട്ടുള്ള ലിറ്ററേച്ചർ മാത്രം വായിച്ചിട്ടുള്ളവർക്ക് ചില പ്പോൾ ഇക്കാര്യം അറിയത്തില്ലായിരിക്കും.

Bible and Science അല്ലെങ്കിൽ Bible and Archeology, Divinity of the Bible അല്ലെങ്കിൽ ബൈബിളിൻെറ ദൈവികത എന്ന വിഷ യത്തെക്കുറിച്ച് രണ്ടും മൂന്നും നാലും അഞ്ചും പി.എച്ച്.ഡിയുള്ള ആളുകൾ റിസർച്ച് ചെയ്ത് ജേണൽസ് പബ്ലിഷ് ചെയ്യുന്നുണ്ട്. അതി



ലൊരു റിസർച്ച് പേപ്പർ പബ്ലിഷ് ചെയ്ത് കിട്ടണമെങ്കിൽ ഒരു സയന്റി ഫിക് റിസർച്ച് പേപ്പർ ഏത് സ്റ്റാൻേറർഡിൽ എഴുതണമോ അതി നേക്കാൾ ഹൈ സ്റ്റാൻേറർഡിൽ പേപ്പർ പബ്ലിഷ് ചെയ്തേ പറ്റൂ. എനിക്കത് ആധികാരികമായി ഇവിടെ പറയാൻ സാധിക്കും. കാര ണം ഞാൻ ഫിസിക്സിൽ എൻെറ പി.എച്ച്.ഡി ചെയ്ത സമയത്ത് ഒരു പേപ്പർ പബ്ലിഷ് ചെയ്യാൻ എത്ര difficulty ഉണ്ടോ അതിനേക്കാൾ കൂടുതൽ വിഷമമാണ് ഈ ബൈബിളിൻെറ ദൈവികതയെക്കുറി ച്ചുള്ള ജേണൽസിൽ ഒരു പേപ്പർ പബ്ലിഷ് ചെയ്യാൻ............ ഇതിൻെറ കോപ്പി നിങ്ങളെ കാണിച്ചുതരാം. വേണമെങ്കിൽ നിങ്ങൾ ആഗ്രഹി ക്കുന്ന വിഷയത്തെക്കുറിച്ച് വിഷയവുമായി ബന്ധപ്പെട്ട് ഈ ജേണ ൽ പബ്ലിഷ് റിസേർച്ച് പേപ്പേഴ്സ് നിങ്ങൾക്ക് തരുന്നതായിരിക്കും. ഈ ഓഫർ ഇതിനുമുമ്പ് ഞാൻ പല മുസ്ലിം ഫ്രണ്ട്സിനും കൊടു ത്തിട്ടുണ്ട്. മുസ്ലിം ഫ്രണ്ട്സ് ആരും ഈ ഓഫർ ഇതുവരെ use ചെയ്തിട്ടില്ല എന്ന കാര്യം ഖേദപൂർവം പറയട്ടെ. എന്നാൽ ഇന്നത്തെ ഓഡിയൻസിലെങ്കിലും ചിലർ മുന്നോട്ടുവന്ന് ബൈബിളിനെക്കുറിച്ച് അവർ ചോദിക്കുന്ന ചോദ്യങ്ങൾക്ക് ഞാൻ ഇന്ന ജേണലിൽ ഇന്ന പേപ്പറിൽ മറുപടി ഉണ്ടെന്ന് പറയുമ്പോൾ atleast ഒരുപ്രാവശ്യമെങ്കി ലും എന്നെ ഒന്ന് contact ചെയ്ത് ആ റിസർച്ച് പേപ്പറിൻെറ കോപ്പി research ചെയ്ത് വായിക്കാൻ ശ്രമിക്കണമെന്ന് ഞാൻ request ചെയ്യുന്നു.

ബൈബിളിൻെറ ദൈവികതയെ defend ചെയ്ത് ഇവിടെ സംസാ രിക്കുന്നതിൽ പല കാരണങ്ങളുണ്ട്. ഈ afternoonൽ ഞാൻ അഞ്ച് കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു. മനുഷ്യൻെറ ബുദ്ധിക്ക് അതീ തമായൊരു ബുദ്ധിയുള്ള സർവജ്ഞാനിയായ ഒരു വ്യക്തിയാണ് ഈ പുസ്തകം ഇങ്ങനെ മനുഷ്യർക്ക് കൊടുത്തിരിക്കുന്നത്. അല്ലെ ങ്കിൽ ബൈബിൾ അവതീർണമായ ഒരു ഗ്രന്ഥമാണെന്നുള്ളതിന്, അല്ലെങ്കിൽ divinely inspired ആണെന്നുള്ളതിന് അഞ്ച് തെളിവു കളാണ് ഞാൻ ഇന്ന് നിങ്ങളുടെ മുമ്പിൽ വെക്കാൻ ഉദ്ദേശിക്കുന്നത്.

ഒന്ന്) ബൈബിളിൻെറ scientific accuracy.

രണ്ട്) പുരാവസ്തു ശാസ്ത്രപരമായ ബൈബിളിൻെറ accuracy അല്ലെങ്കിൽ കൃത്യത.

മൂന്ന്) Historical വിഷയങ്ങളിലുള്ള ബൈബിളിൻെറ accuracy.

നാല്) പ്രവചന വിഷയങ്ങളിലുള്ള ബൈബിളിൻെറ accuracy.

അഞ്ച്) മാനുസ്ക്രിപ്റ്റിൻെറ കാര്യത്തിലുള്ള ബൈബിളിൻെറ accuracy.

ഞാൻ ഈ കാര്യങ്ങൾ പറയുമ്പോൾ നിങ്ങളിൽ ചിലരുടെ മുഖത്ത് പുഞ്ചിരിയുണ്ട്. I am very happy. നിങ്ങളുടെ ചോദ്യങ്ങൾ ഞാൻ പ്രതീക്ഷിക്കുന്നു.

എന്നാൽ പിന്നെയും ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നത്, ഈ വിഷയങ്ങളിൽ എത്ര ഗവേഷണം നടന്നിട്ടുണ്ടെന്ന കാര്യത്തെക്കുറിച്ച് എൻെറ ഫ്രണ്ട്സിൽ മിക്കവരും അജ്ഞരാണ്. ഈ വിഷയത്തിൽ pamphletsഉം റിസേർച്ച് പേപ്പേഴ്സും ജേർണൽസും ഉണ്ട് എന്ന കാര്യം ഇന്നും ബൈബിളിനെ അറ്റാക്ക് ചെയ്ത് എഴുതുന്ന ആളുകൾ പലപ്പോഴും ഒളിച്ചുവെക്കുന്ന, മറച്ചുവെക്കുന്ന വിഷയമാണ്. അതുകൊണ്ട് ഒരു പ്രാവശ്യമെങ്കിലും scholarly ആയിട്ടുള്ള ഈ ലിറ്ററേച്ചർ നിങ്ങൾ വായിച്ചുനോക്കണം. atleast നിങ്ങളുടെ കണ്ണുകൊണ്ട് കാണണമെന്ന് ഞാൻ request ചെയ്തുകൊണ്ട് മുന്നോട്ട് move ചെയ്യുന്നു.

ആദ്യമായിട്ട് ഞാൻ ഓർമിപ്പിച്ചതുപോലെ ബൈബിൾ ദൈവികമായ ഗ്രന്ഥമാണെന്നുള്ളത് തെളിയിക്കപ്പെടുന്നത് ബൈബിളിൻെറ ശാസ്ത്രീയ കൃത്യതയുടെ കാരണം കൊണ്ടാണ്. ശാസ്ത്രം എന്ന് പറഞ്ഞുകഴിഞ്ഞാൽ മനുഷ്യൻ ഈ പ്രപഞ്ചത്തെക്കുറിച്ച് പഠിക്കുവാൻ വേണ്ടി develop ചെയ്ത ഒരു field ആണ്. ശാസ്ത്രത്തിൽതന്നെ രണ്ട് categories ഉണ്ട്. ഒന്ന്. തെളിയിക്കപ്പെടാത്ത സിദ്ധാന്തങ്ങൾ. ഉദാഹരണത്തിന് evolution. ഇന്നും അതിനെ theory of evolution എന്നാണ് പറയുന്നത്. കാരണം അത് സ്ഥാപിക്കപ്പെടാത്ത ഒരു സിദ്ധാന്തം മാത്രമാണ്. എന്നാൽ നേരെമറിച്ച് സ്ഥാപിക്കപ്പെട്ട വസ്തുതകളും ഉണ്ട്. ഉദാഹരണത്തിന് the law of universal gravitation. അത് സ്ഥാപിക്കപ്പെട്ട ഒരു വസ്തുതയാണ്. സ്ഥാപിക്കപ്പെടാത്ത സിദ്ധാന്തങ്ങളെടുത്ത് ധാരാളം ആളുകൾ ബൈബിളിനെ അറ്റാക്ക് ചെയ്യാറുണ്ട്. Naturally ഒരു court of lawയിൽ ചെന്നുകഴിഞ്ഞാൽ സ്ഥാപിക്കപ്പെടാത്ത തിയറീസ് കൊണ്ടുവെച്ചുകഴിഞ്ഞാൽ അത് ഒരു testimony ആയിട്ടേ ആരും സ്വീകരിക്കത്തില്ല. വളരെ elementary ആയിട്ടുള്ള ചിന്താഗതിയുള്ളവർ മാത്രമെ തിയറീസിനെ തെളിവായിട്ട്, അല്ലെങ്കിൽ ഒരു evidence ആയിട്ട് സ്വീകരിക്കത്തുള്ളൂ. നമുക്ക് തന്നെ അറിയാവുന്ന ഒരു കാര്യമാണ് തിയറിക്കൊരു permanency ഇല്ലായെന്നുള്ളത്. സ്ഥാപിക്കപ്പെട്ട ഒരു വസ്തുത പോലും ഇന്നുവരെ ബൈബിളിൻെറ ഒരു statementനെ കൂടി ചോദ്യം ചെയ്തിട്ടില്ല. കഴിഞ്ഞ 28 വർഷമായിട്ട് ഇതിനുവേണ്ടി ഒരു reward ഞാൻ declare ചെയ്തിട്ടുണ്ട്. നിങ്ങളും welcome ആണ്. ഒന്നര ലക്ഷം രൂപയാണ് ഇന്നതിൻെറ ക്യാഷ് വാല്യു. സ്ഥാപിക്കപ്പെട്ട ഒരു ശാസ്ത്ര വസ്തുതയെങ്കിലും ബൈബിളിൻെറ ഏതെങ്കിലും സ്റ്റേറ്റ്മെൻറ്സിനെ ചോദ്യം ചെയ്തതായിട്ട് തെളിയിക്കാമെങ്കിൽ- ജമ്പ് ചെയ്ത് പെട്ടെന്ന് അത്, ഇത് എന്ന് പറയരുത്. അതിനുമുമ്പ് അത് ഒരു തിയറിയാണോ സ്ഥാപിക്കപ്പെട്ട വസ്തുതയാണോ എന്നു ചിന്തിച്ചിട്ടുവേണം ഒബ്ജക്ഷൻ റൈസ് ചെയ്യുന്നത്. അത് ഞാനിതുപോലുള്ള ഓഡിയൻസിനുമുമ്പിൽ മാത്രമല്ല, യൂണിവേഴ്സിറ്റി ഓഡിയൻസിനുമുമ്പിലും ഈ ഓഫർ കൊടുത്തിട്ടുള്ളതാണെന്ന കാര്യം ഓർമിപ്പിച്ചിട്ട് ഞാൻ മുന്നോട്ട് പോകട്ടെ.

സ്ഥാപിക്കപ്പെട്ട ഒരു ശാസ്ത്ര വസ്തുതയും ബൈബിളിൻെറ ഒരു സ്റ്റേറ്റ്മെൻറിനെയും ചോദ്യം ചെയ്തിട്ടില്ല. ബൈബിളിൻെറ ഒരു സ്റ്റേറ്റ്മെൻറ് പോലും സ്ഥാപിക്കപ്പെട്ട ശാസ്ത്ര വസ്തുതയെ ചോദ്യം ചെയ്തിട്ടില്ല. എന്നുമാത്രമല്ല, ബൈബിളിലുള്ള ധാരാളം സ്റ്റേറ്റ്മെൻറ്സ് ശാസ്ത്രം ആ വിഷയങ്ങളെക്കുറിച്ച് കണ്ടുപിടുത്തങ്ങൾ നടത്തുന്നതിന് ആയിരക്കണക്കിന് വർഷങ്ങൾക്കുമുമ്പ് ഈ വിഷയങ്ങളെക്കുറിച്ച് വ്യക്തമായിട്ട് സംസാരിക്കുന്നു. ഉദാഹരണത്തിന്, ബ്ലഡ് മനുഷ്യൻെറ ജീവൻെറ server ആണെന്നുള്ളത് വില്യം ഹാർവിയാണ് കണ്ടുപിടിച്ചത്. എന്നാൽ ബൈബിൾ ഏകദേശം നാലായിരം വർഷങ്ങൾക്ക് മുമ്പ് ഇക്കാര്യം വളരെ വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്. ഭൂമി ശൂന്യത്തിന്മേൽ തൂങ്ങിക്കിടക്കുന്നുവെന്ന് ശാസ്ത്രം കണ്ടുപിടിച്ചു. ഇന്നും അതിനെ എതിർക്കുന്ന ആളുകളുണ്ട്. ഇന്നും ഈ 21 ാം നൂറ്റാണ്ടിലും. എന്നാൽ ഇയോബിൻെറ പുസ്തകം വളരെ വ്യക്തമായിട്ട് പറയുന്നത് ദൈവം ഭൂമിയെ നാസ്തിയിന്മേൽ തൂക്കുന്നു എന്നാണ്. ഭൂമി പരന്നതാണെന്ന് ചിലർ അവകാശപ്പെടുന്നുണ്ട്. ബൈബിൾ അങ്ങനെ പറയുന്നുവെന്നും ചിലർ അവകാശപ്പെടുന്നുണ്ട്. അത് വേണ്ടിവരുമ്പോൾ നമുക്ക് പരിശോധിക്കാം. എന്നാൽ ഭൂമി ഉരുണ്ടതാണെന്ന് ബൈബിൾ വ്യക്തമായിട്ട് പറയുന്നുണ്ട്. ഒരു

സ്ഥലത്തല്ല, ഒന്നിൽകൂടുതൽ സ്ഥലത്ത്. എന്നാൽ അത് കണ്ടിട്ടില്ല എന്ന് ചിലർ നടിക്കുന്നുണ്ട്. പറഞ്ഞിട്ടില്ലാത്തത് പറയുന്നുവെന്ന് ചിലർ നടിക്കുന്നുണ്ട്. ബൈബിൾ വ്യക്തമായിട്ട് വായിച്ചുകഴിഞ്ഞാൽ ഭൂമി ശൂന്യത്തിന്മേൽ നിൽക്കുന്നുവെന്നും ഉരുണ്ടതാണെന്നും ഒരു സ്ഥലത്ത് രാവും ഒരു സ്ഥലത്ത് പകലും മറ്റൊരു സ്ഥലത്ത് മറ്റൊരു സമയമാണെന്നുള്ളതും വ്യക്തമായിട്ട് പറയുന്നതു കാണാം. അതിനാൽ ശാസ്ത്രത്തിൻെറ ഒരു സ്ഥാപിക്കപ്പെട്ട വസ്തുത പോലും ബൈബിളിൻെറ ഒരു സ്റ്റേറ്റ്മെൻറിനെയും ചോദ്യം ചെയ്തിട്ടില്ല. ബൈബിളിൻെറ ഒരു സ്റ്റേറ്റ്മെൻറു പോലും ശാസ്ത്രത്തിൻെറ സ്ഥാപിക്കപ്പെട്ട ഒരു വസ്തുതയെ ചോദ്യം ചെയ്തിട്ടില്ല.

നിങ്ങൾ immediately പറഞ്ഞെന്നുവരും. oh sir ഭൂമിയാണ് ഈ പ്രപഞ്ചത്തിൻെറ കേന്ദ്രമെന്ന് ബൈബിൾ പറയുന്നില്ലേ?. oh.. wonderful ! ഈ വിഷയത്തെക്കുറിച്ച് മലയാള ഭാഷയിൽ എഴുതപ്പെട്ട ബുക്സ് എല്ലാം ഒന്നു സർവെ ചെയ്യുവാൻ ഒരു ചാൻസ് ഉണ്ടായി. അതിൽ എൻെറ മുമ്പിൽവന്ന ഒരു ബുക്കാണിത് (എം.എം. അക്ബർ രചിച്ച 'ബൈബിളിന്റെ ദൈവികത വിമർശനങ്ങൾ വസ്തുതകൾ' ഉയർത്തി കാണിക്കുന്നു). ഈ ബുക്ക് ഇങ്ങനെ claim ചെയ്യുന്നു. ഈ സ്റ്റേറ്റ്മെൻറ് ഒക്കെ എഴുതുന്ന ആളുകൾ ഒരു പ്രാവശ്യമെങ്കിലും ശാസ്ത്രം, അല്ല Historical Science വായിച്ചുനോക്കിയതായിരുന്നുവെങ്കിൽ ഇങ്ങനെയുള്ള സ്റ്റേറ്റ്മെന്റ്സ് എഴുതത്തില്ലായിരുന്നേനെ. Encyclopaedia Britaniccana, Encyclopaedia Americana, Fungon & Vagnal Standard Encyclopaedia......take any Encyclopaedia എന്നിട്ടതിൽ ഗലീലിയോ ഗലീലി എന്ന സംഭവം നോക്കിക്കഴിഞ്ഞാൽ നിങ്ങൾക്കത് മനസ്സിലാകും. ഇത് ക്രിസ്ത്യാനികളല്ല പറയുന്നത്. ശാസ്ത്രലോകം, അല്ലെങ്കിൽ മെസാച്ചൂസോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഇറക്കിയ എൻസൈക്ലോപീഡിയ സയൻസ് ആൻറ് ടെക്നോളജി മുപ്പത് വാല്യം, അത് നോക്കിക്കഴിഞ്ഞാൽ അവിടെ പറയുന്നുണ്ട്, ഗലീലിയോ പറഞ്ഞതിനെ എതിർത്തത് അന്നത്തെ ശാസ്ത്രലോകമാണ് എന്ന്. അന്നത്തെ ശാസ്ത്രലോകത്തിന് സഭയുടെമേൽ സ്വാധീനം ഉണ്ടായിരുന്നതുകൊണ്ട് സഭയിൽപെട്ട ആളുകളെ സ്വാധീനിച്ച് ഗലീലിയോയെ അവർ contempt ചെയ്തു. എന്നാൽ ബൈബിളിൻെറ basisൽ അല്ല ഇങ്ങനെയുള്ള കാര്യങ്ങളൊന്നും നടന്നത്. അതുകൊണ്ട് മനുഷ്യർ അവിടെയും ഇവിടെയും ചെയ്ത



തിൻെറ ബെയ്സിസിൽ ബൈബിൾ ഇന്നത് പറയുന്നു എന്ന് ആരെങ്കിലും പറഞ്ഞുകഴിഞ്ഞാൽ that is a deception, that is a false statement. അങ്ങനെ ഫാൾസ് സ്റ്റേറ്റ്മെൻറ് കൊണ്ടുവന്നുകഴിഞ്ഞാൽ ആര് എന്തുപറഞ്ഞെന്ന് വേണമെങ്കിലും തെളിയിക്കാൻ സാധിക്കും.

ഇന്നത്തെ situation പറഞ്ഞുകഴിഞ്ഞാൽ; കഴിഞ്ഞ രണ്ടായിരം വർഷം പരിശോധിച്ചു. കഴിഞ്ഞ നാനൂറ് വർഷം വളരെ സൂക്ഷ്മമായി പരിശോധിച്ചു. കഴിഞ്ഞ 200 വർഷങ്ങൾ even research bodies ഉണ്ടാക്കി പരിശോധിച്ചു. ഇന്നുവരെ ഒരു വ്യക്തിക്കും ബൈബിളിൽ ഒരു scientific error ഉണ്ടെന്ന് തെളിയിക്കാൻ സാധിച്ചിട്ടില്ല. നേരെമറിച്ച്, ഞാൻ പറഞ്ഞതുപോലെ ബൈബിളിലുള്ള ഒരു സ്റ്റേറ്റ്മെൻറ് പോലും സയൻസിനെ contradict ചെയ്തിട്ടില്ല. Theories? oh yes. നൂറു കണക്കിനല്ല, ആയിരക്കണക്കിന് തിയറികളുണ്ട്; ബൈബിളിനെ against ചെയ്യുന്നു. എന്നാൽ തിയറിക്ക് യാതൊരു existenceഉം ഇല്ലെന്ന് നാം മനസ്സിലാക്കേണ്ടത് ആവശ്യമാണ്.

ബൈബിളിൻെറ ദൈവികത തെളിയിക്കുന്ന രണ്ടാമത്തെ വിഷയമാണ് Bible and Archeology. ഏകദേശം നൂറു വർഷങ്ങൾക്ക് മുമ്പാണ് ആർക്കിയോളജി എന്ന സയൻസ് തുടങ്ങിയത്. അന്ന് ധാരാളം നിരീശ്വരവാദികളും ക്രിസ്തുവിരോധികളും ബൈബിൾ വിരോധികളും claim ചെയ്ത ഒരു വിഷയമുണ്ട്. പുരാവസ്തു ശാസ്ത്രം ഒരു 25 വർഷം പ്രോഗ്രസ് ചെയ്യട്ടെ. അതോടെ ബൈബിൾ completely തെറ്റാണെന്ന് തെളിയിക്കാം. ഫ്രണ്ട്സ്.... 25 വർഷമല്ല. നൂറുവർഷം പ്രോഗ്രസ് ചെയ്തു. ഇന്ന് പുരാവസ്തു ശാസ്ത്രത്തിൽ ബൈബിളിൽ രേഖപ്പെട്ടുകിടക്കുന്ന ചരിത്രവുമായി ബന്ധപ്പെട്ട് കിടക്കുന്ന കാര്യങ്ങൾ റിസർച്ച് ചെയ്യാൻവേണ്ടി ആളില്ല. അതുപോലെ മെറ്റീരിയൽ കണ്ടുപിടിച്ചിരിക്കുന്നു. അതിൻെറ കാറ്റലോഗ് തന്നെ 50ഉം 60ഉം 70ഉം വോളിയംസാണ്. റിസർച്ച് ചെയ്യാൻ ആളുകളില്ല. അതുപോലെയാണ് ബൈബിളുമായി ബന്ധപ്പെട്ട ആർക്കിയോളജിക്കൽ ഡിസ്ക്കവറീസ് വന്നിരിക്കുന്നത്. ബൈബിൾ പറഞ്ഞിരിക്കുന്ന ധാരാളം കിംഗ്ഡംസ്, ധാരാളം സിറ്റീസ്, ധാരാളം ടൗൺസ്, എന്നുമാത്രമല്ല, ബൈബിളിൽ പറഞ്ഞിരിക്കുന്ന വസ്തുക്കൾപോലും കണ്ടുപിടിച്ചുവെന്നുള്ളതാണ് വസ്തുത. best example: Indus valley civilization നെക്കുറിച്ച് ബൈബിൾ രണ്ടിടത്ത് പരാമർശിക്കുന്നുണ്ട്. Indus valley civilization അല്ലെങ്കിൽ സിന്ധുനദീതടസംസ്കാര

ത്തെക്കുറിച്ച് സംസാരിക്കുന്നിടത്ത് പേർഷ്യർ രാജാവിന്റെ കൊട്ടാരത്തിൽ നടക്കുന്ന ഒരു സംഭവത്തെ കുറിച്ച് പറയുന്നു. കാരണം, അന്ന് പേർഷ്യൻ രാജാവ് ഇൻഡസ്‌വാലി വരെ ഭരിച്ചിരുന്നു. അതിൽ അവർ കാലത്തെ നിർണയിക്കുവാൻ വേണ്ടി ഉപയോഗിക്കുന്ന ഒരു ഡയസ് mention ചെയ്തിട്ടുണ്ട്. അതുപോലെ ഒരു മൈനർ ആയിട്ടുള്ള കാര്യം ആ 'ഡൈ'വരെ കണ്ടുപിടിച്ചുവെന്നുള്ള വസ്തുത നിങ്ങൾ അറിഞ്ഞിരിക്കണം. ആർക്കിയോളജി കഴിഞ്ഞ നൂറുവർഷം കൊണ്ട് ബൈബിളിനെ സപ്പോർട്ട് ചെയ്തതുപോലെ ലോകത്തിൽ ഒരു ഗ്രന്ഥത്തിനു പോലും ഇതുപോലുള്ള സപ്പോർട്ട് claim ചെയ്യാൻ സാധിക്കത്തില്ല എന്നുമാത്രമല്ല, ഇന്ന് ആർക്കിയോളജി ബൈബിളുമായി ബന്ധപ്പെട്ട് കണ്ടുപിടിച്ചിരിക്കുന്ന ആ കണ്ടുപിടുത്തങ്ങളെ ഗവേഷണം ചെയ്യാൻ വേണ്ടി പര്യാപ്തമായിട്ട് സ്കോളേഴ്സ് ഇല്ല. നൂറു കണക്കിന് ആർക്കിയോളജിക്കൽ സൊസൈറ്റീസ് ഉണ്ട്. എന്നിട്ടുപോലും സ്കോളേഴ്സ് ഇല്ലാത്തതുപോലുള്ള കണ്ടുപിടുത്തങ്ങളാണ് വന്നിരിക്കുന്നത്.

മൂന്നാമത്, ബൈബിളിലെ historical accuracy. ബൈബിൾ ഏകദേശം നാലായിരം വർഷങ്ങളിലെ ഹിസ്റ്ററിയാണ് രേഖപ്പെടുത്തുന്നത്. ഈ നാലായിരം വർഷങ്ങളിൽ ഏകദേശം നാനൂറോ അഞ്ഞൂറോ സ്ഥലങ്ങളിൽ നടന്ന ഹിസ്റ്ററി മൂന്ന് ഭാഷകളിലും രേഖപ്പെടുത്തുന്നു. ധാരാളം കൾച്ചറൽ ഹിസ്റ്ററി ബൈബിൾ രേഖപ്പെടുത്തുന്നുണ്ട്. ഈ ഹിസ്റ്ററിയൊന്നും ഒരു നൂറുവർഷം മുമ്പുപോലും മനുഷ്യർക്ക് അറിയത്തില്ലായിരുന്നു. നൂറുവർഷം മുമ്പുള്ള പല ബുക്സിൽ ഓ...... ബൈബിൾ ഇന്നത് പറയുന്നു. ഉദാഹരണത്തിന് ഫിലിസ്ത്യരെ കുറിച്ച് ബൈബിൾ പറയുന്നുണ്ട്: അങ്ങനെ ഒരു ജാതി ഒരിക്കലും ഉണ്ടായിട്ടില്ല. അതുകൊണ്ട് ബൈബിൾ എഴുതിയിരിക്കുന്ന കാര്യങ്ങളൊക്കെ സങ്കൽപമാണെന്ന് എഴുതിയിട്ടുണ്ട്. നൂറുവർഷം മുമ്പുള്ള ഈ പുസ്തകം വായിച്ചിട്ട് ഇരുപതാം നൂറ്റാണ്ടിൽ പലരും അതേകാര്യങ്ങൾ ആവർത്തിച്ച് എഴുതിയിട്ടുണ്ട്. ഓ..... ഫിലിസ്ത്യർ എന്നുപറയുന്ന ഒരു ജാതിയെപ്പറ്റി ബൈബിളിൽ പറഞ്ഞിട്ടുണ്ട്. അങ്ങനെയൊരു ജാതിയെ കണ്ടുപിടിച്ചിട്ടില്ലെന്ന് ഇന്ന പുസ്തകത്തിൽ എഴുതിയിട്ടുണ്ട്. ഫ്രണ്ട്സ്... ഒരു വ്യക്തി ഒരു വിഷയത്തെക്കുറിച്ച് ഗവേഷണം ചെയ്യുകയാണെങ്കിൽ ലേറ്റസ്റ്റ് വായിച്ചിരിക്കണം. നൂറുവർഷംമുമ്പ് എഴുതപ്പെട്ട ബുക്ക് വായിച്ചിട്ട് എനിക്കും ധാരാളം കാര്യങ്ങൾ claim



ചെയ്യാൻ സാധിക്കും. കണ്ടമ്പററി റൈറ്റിംഗ്സ്, കണ്ടമ്പററി റിസേർച്ച്, കണ്ടമ്പററി ജേണൽസ് അതെല്ലാം കാണിക്കുന്നത് ബൈബിൾ പറഞ്ഞിരിക്കുന്ന ഹിസ്റ്ററി മനുഷ്യർ പ്രതീക്ഷിച്ചതിനെക്കാൾ കൂടുതൽ ആക്വറേറ്റ് ആണ് എന്നുള്ളതാണ്. മനുഷ്യന് സ്വന്തം ബുദ്ധികൊണ്ട് ഒരുകാലത്തും അത് എഴുതുവാൻ സാധിക്കത്തില്ല.

ബൈബിളിലെ ആക്കിറസിയെക്കുറിച്ച് എനിക്ക് പറയാനുള്ള നാലാമത്തെ കാരണം ബൈബിളിൽ ആയിരക്കണക്കിന് പ്രവചനങ്ങളുണ്ട്. അതിൽ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് ആയിരത്തിൽ കൂടുതൽ പ്രവചനങ്ങളുണ്ട്. മറ്റുപല സിറ്റീസിനെക്കുറിച്ചും ടൗൺസിനെക്കുറിച്ചും സംഭവങ്ങളെക്കുറിച്ചും വ്യക്തികളെക്കുറിച്ചും പ്രവചനങ്ങളുണ്ട്. ഒരു നൂറുവർഷംമുമ്പ് എഴുതിയ ബുക്സിൽ ഈ പ്രവചനത്തെ പലരും വിമർശിച്ചിട്ടുണ്ട്. ഇത് സംഭവിച്ചിട്ടില്ല....... ഇത് സംഭവിച്ചിട്ടില്ല...... ഇത് സംഭവിച്ചിട്ടില്ല. ഇന്ന് ഈ പ്രവചനങ്ങളെ വിമർശിച്ചെഴുതുന്ന പലരും നൂറുവർഷംമുമ്പ് അല്ലെങ്കിൽ 150 വർഷങ്ങൾക്ക് മുമ്പ് എഴുതപ്പെട്ട ആ ബുക്സിൽ നിന്നുള്ള ഉദ്ധരണികളാണ് കൊടുക്കുന്നതെന്നുള്ള കാര്യം ഞാൻ ഓർമിപ്പിക്കട്ടെ. എന്നാൽ കഴിഞ്ഞ 50 വർഷങ്ങളിലെ ഹിസ്റ്റോറിക്കൽ റിസേർച്ച് കൊണ്ട് മനസ്സിലായ കാര്യം ബൈബിൾ ബാബിലോണിനെക്കുറിച്ചാണെങ്കിലും റ്റയറിനെക്കുറിച്ചാണെങ്കിലും ജറുസലേമിനെക്കുറിച്ചാണെങ്കിലും വ്യക്തികളെക്കുറിച്ചാണെങ്കിലും പറഞ്ഞിരിക്കുന്ന കാര്യങ്ങളെല്ലാം നൂറുശതമാനം അതുപോലെ തന്നെ നിറവേറിയിട്ടുണ്ട് എന്നാണ്. ചില കാര്യങ്ങൾ ഭാവിയിൽ സംഭവിക്കാൻ പോകുന്നതിനെക്കുറിച്ച് ബൈബിളിൽ പറയുന്നുണ്ട്. അത് ഇതുവരെ സംഭവിച്ചിട്ടില്ല. കാരണം അത് ഭാവിയിൽ സംഭവിക്കാനുള്ളതാണ്. ഉദാഹരണത്തിന്, കർത്താവായ യേശുക്രിസ്തു തന്നിൽ വിശ്വസിച്ച് രക്ഷപ്രാപിച്ചിട്ടുള്ള ഓരോ വ്യക്തിയെയും തന്റെ അടുത്ത് റിസീവ് ചെയ്യാൻ വേണ്ടി മധ്യാകാശത്തിൽ വരുമെന്നുള്ള ഒരു പ്രവചനം ബൈബിളിലുണ്ട്. ഇത് നടന്നിട്ടില്ല. കാരണം അതിന് സമയമായിട്ടില്ല. അത് ഭാവിയിൽ നടക്കാനുള്ള കാര്യമാണ്.

അഞ്ചാമത്തെ കാര്യം. ഇന്ന് ഈ ലോകത്ത് ധാരാളം മതഗ്രന്ഥങ്ങളുണ്ട്. ബൈബിളിന് മുമ്പെഴുതിയ മതഗ്രന്ഥങ്ങളുണ്ട്. ശേഷം എഴുതിയവയുമുണ്ട്. എന്നാൽ ഇതിൽ ഒരു മതഗ്രന്ഥത്തിനുപോലും ഡോക്യുമെന്ററി എവിഡൻസ് ബൈബിളിന് ഉള്ളതുപോലെയി

ല്ല. ഒരു റിലീജിയനും ഇല്ല. ബൈബിളിൻെറ ആദ്യത്തെ പുസ്തകം ഉൽപത്തി ഏകദേശം നാലായിരം വർഷം മുമ്പ് എഴുതപ്പെട്ടു. ലാസ്റ്റ് ബുക്ക് രണ്ടായിരം വർഷംമുമ്പ് എഴുതപ്പെട്ടു. അങ്ങനെ 66 ബുക്സിൻെറ ഒരു സമാഹാരമാണ്. ഈ 66 ബുക്സിൻെറ 25,000 മാനുസ്ക്രിപ്റ്റ് ഇന്ന് existanceൽ ഉണ്ട് എന്ന കാര്യം നിങ്ങൾ അറിഞ്ഞിരിക്കണം. Especially ബൈബിളിൻെറ ഈ കൃത്യതയെ തള്ളിപ്പറയാൻ വേണ്ടി ഇങ്ങനെയുള്ള കാര്യങ്ങൾ മറച്ചുവെക്കുകയാണ് എഴുത്തുകാർ. അതുകൊണ്ട് എൻെറ ഫ്രണ്ട്സ് ഒരു പ്രാവശ്യംകൂടി അറിഞ്ഞിരിക്കണം. ക്രിസ്ത്യാനിയും മുസ്ലിമും അറിഞ്ഞിരിക്കണം. ബൈബിളിൻെറ 25,000 മാനുസ്ക്രിപ്റ്റ് ഇന്ന് ലഭ്യമാണ്. ആയിരക്കണക്കിന് സ്കോളേഴ്സ് ഈ വിഷയത്തിൽ ഗവേഷണം ചെയ്തിട്ടുപോലും ഈ മാനുസ്ക്രിപ്റ്റ് completely exhaust ചെയ്യാൻവേണ്ടിയുള്ള man power ഇല്ല. അതുപോലെ ബൈബിളിനെക്കുറിച്ച് മാനുസ്ക്രിപ്റ്റ് എവിഡൻസ് ഇന്നുണ്ട്.

ഇതിനാൽ ബൈബിളിൻെറ ദൈവികതയെക്കുറിച്ച് ചർച്ച ചെയ്യുമ്പോൾ നമ്മൾ ഓരോരുത്തരും മനസ്സിലാക്കിയിരിക്കേണ്ട ധാരാളം കാര്യങ്ങൾ പറയാൻ സാധിക്കുമെങ്കിലും ഈ അഞ്ച് പോയിൻറുകൾ മനസ്സിലാക്കി അതിൽ ഒരു പോയിൻെറങ്കിലും വ്യക്തമായിട്ട് പരിശോധിച്ചു നോക്കിയാൽ വസ്തുത എന്തെന്ന് നിങ്ങൾക്ക് മനസിലാകുന്നതാണ്. മനുഷ്യൻെറ കൈ ഇല്ലാതെ, മനുഷ്യൻെറ ബുദ്ധിയല്ലാതെ, അല്ലെങ്കിൽ മനുഷ്യൻെറ ബുദ്ധിക്ക് അതീതമായ ഒരു ബുദ്ധി - സർവജ്ഞാനിയും സർവവ്യാപിയുമായ ദൈവം inspire ചെയ്ത് എഴുതിപ്പിച്ച ബുക്ക് ആണെന്നുള്ളതിൻെറ വ്യക്തമായ തെളിവാണത്.

ഒന്ന്) ബൈബിളിൻെറ scientific accuracy.

രണ്ട്) ബൈബിളിൻെറ archeological accuracy.

മൂന്ന്) ബൈബിളിൻെറ historical accuracy.

നാല്) ബൈബിളിൻെറ prophetic accuracy.

അഞ്ച്) ബൈബിളിൻെറ manuscript evidence.

ഒരു പ്രാവശ്യംകൂടി പറയാം. ശാസ്ത്രപരമായ കൃത്യത, പുരാവസ്തുപരമായ കൃത്യത, ഹിസ്റ്റോറിക്കലായ കൃത്യത, പ്രവചനപരമായ കൃത്യത, മാനുസ്ക്രിപ്റ്റ് അല്ലെങ്കിൽ കയ്യെഴുത്ത് പ്രതികളുടെ തെളിവ് ഇങ്ങനെ അഞ്ച് കാര്യങ്ങളേ ഞാൻ ഇന്ന് പറയാൻ ആഗ്രഹിക്കുന്നുള്ളൂ. ഹോണസ്റ്റ് ആയിട്ട്, സിൻസിയർ ആയിട്ട്, എൻക്വയറി മൈൻേറാടെ ആരെങ്കിലും ബൈബിളിൻെറ ദൈവികതയെക്കുറിച്ച് മനസ്സിലാക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഈ അഞ്ച് തെളിവുകൾ പര്യാപ്തമാണ്.



നിങ്ങൾ പറഞ്ഞെന്നിരിക്കും but ഡോ. ജോൺസൺ ഈ അഞ്ച് വിഷയങ്ങളിലും problems ഉണ്ടെന്ന് പലരും എഴുതിയിട്ടുണ്ടല്ലോ. ഉവ്വ്! എഴുതിയിട്ടുണ്ട്. നിങ്ങൾ ചിലപ്പോൾ ഒന്നോ രണ്ടോ ബുക്സേ കണ്ടിട്ടുള്ളൂ. ഞങ്ങളുടെ ലൈബ്രറിയിലേക്ക് വരൂ. ഞങ്ങളുടെ കയ്യിൽ ആയിരക്കണക്കിന് ബുക്സിൻെറ കളക്ഷൻസുണ്ട്. ക്രിസ്ത്യൻ കമ്യൂണിറ്റിക്ക് ഈ വിഷയങ്ങളെക്കുറിച്ച് വളരെ തുറന്ന സമീപനമാണ്; എന്നുമാത്രമല്ല ഞങ്ങളുടെ തിയോളജിയിൽ ഒരു സബ്ജക്ട് തന്നെയാണ് apologetics എന്ന് പറയുന്നത്. Apologetics എന്ന് പറഞ്ഞു കഴിഞ്ഞാൽ ബൈബിളിൻെറ scientific accuracy. അതിൽ എം.എസ്. സി, പി.എച്ച്.ഡി, ഡിഗ്രീസ് available ആണ്. ഞങ്ങളുടെ ബൈബിൾ സ്കൂളും കൊടുക്കുന്നുണ്ട്. സയൻസ് background ഉള്ള വരാണിത് പഠിക്കാൻ വരുന്നത്. ഏറ്റവും ഹൈജീനിയസ്സുകളായിട്ടുള്ളവരാണ് ഈ ഫീൽഡിൽ വരുന്നത്. അതുകൊണ്ട് ഈ വിഷയത്തെക്കുറിച്ച് ഒരു palmphlet സർക്കുലേറ്റ് ചെയ്തത് ഇതൊന്നും ഞങ്ങൾ കണ്ടിട്ടില്ല, അതുകൊണ്ട് ഞങ്ങൾക്ക് തെറ്റിദ്ധാരണയാണെന്ന് നിങ്ങൾ ചിന്തിക്കരുത്. നേരെമറിച്ച് ഞങ്ങൾ ഈ വിഷയങ്ങൾ വളരെ ഡീറ്റെയിൽ ആയിട്ട് ഡിസ്കസ് ചെയ്യുന്നുണ്ട്. ഓരോ വിഷയത്തെക്കുറിച്ചും ഗവേഷണം ചെയ്ത് പ്രബന്ധങ്ങൾ എഴുതുന്നുണ്ട്. അതിൽ ചിലത് ഞാൻ ഓർമിപ്പിക്കട്ടെ. Especially ഈ വിഷയത്തെക്കുറിച്ച് മലയാളത്തിൽ ബുക്സ് നോക്കിയപ്പോൾ ഇന്ന് മലയാളത്തിലുള്ള ഏറ്റവും comprehensive ആയിട്ടുള്ള ബുക്ക് എൻെറ ദൃഷ്ടിയിൽ പെട്ടത് ഈ കാണുന്ന ബുക്കാണ് 'ബൈബിളിൻെറ ദൈവികത വിമർശനങ്ങൾ വസ്തുതകൾ'. ഇതിൽനിന്ന് അഞ്ചോ ആറോ കാര്യങ്ങൾ മാത്രമെടുത്ത് നിങ്ങളെ കാണിക്കാൻ ആഗ്രഹിക്കുന്നു. ഓപ്പൺ മൈൻേറാടെ ഇത് കൈകാര്യം ചെയ്യാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ നിങ്ങൾ പറഞ്ഞേച്ചാൽ മതി. അതിനുവേണ്ടിയുള്ള ഓരോ വിഷയത്തെക്കുറിച്ചുമുള്ള റിസർച്ച് പേപ്പർ ജേർണലിൻെറ ഫോട്ടോ കോപ്പി സഹിതം നിങ്ങൾക്ക് അയച്ച് തരുന്നതായിരിക്കും.

നമ്പർ ഒന്ന്. ബൈബിൾ ജിയോസെൻറിക്കായിട്ടുള്ള ഒരു ആസ്ട്രോണമിയെക്കുറിച്ച് പറയുന്നു. അതിനെ ഗലീലിയൊ oppose ചെയ്തത് കൊണ്ടാണ് സഭ ശിക്ഷിച്ചതെന്ന്. ഗലീലിയോയെ oppose ചെയ്തത് സഭയല്ലായിരുന്നു. അന്നത്തെ സയൻറിഫിക് കമ്യൂണിറ്റിയായിരുന്നു. എന്നാൽ സ്ഥാപിത താൽപര്യമുള്ളവർ ഗലീലിയോയെ സഭ oppose ചെയ്തുവെന്ന് എഴുതി എഴുതി ആ നുണകളെ വിശ്വസിപ്പിച്ചിട്ടുണ്ട്. ഞാൻ പറയുന്നത് വിശ്വസിക്കണ്ട. സ്റ്റാൻേർഡ് ആയിട്ടുള്ള ഏത് എൻസൈക്ലോപീഡിയ ആണെങ്കിലും അതിൽ ഗലീലിയോ ഗലീലി എന്ന സബ്ജക്ട് നോക്കുക. അതിന് എൻെറ ഹെൽപ്പ് വേണ്ട. നിങ്ങൾക്ക് ഇഷ്ടമുള്ള എൻസൈക്ലോപീഡിയ എടുത്ത് നോക്കാം. അവിടെ പറയുന്ന കാര്യം: ഗലീലിയോയെ എതിർത്തത് അന്നത്തെ സയൻറിഫിക് കമ്യൂണിറ്റിയായിരുന്നു, church അല്ല. സയൻറിഫിക് കമ്യൂണിറ്റി പ്രഷറൈസ് ചെയ്തതുകൊണ്ട് ചർച്ച് ആക്ഷൻ എടുത്തെന്നേയുള്ളൂ.

രണ്ട്. ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന ഒരു സ്റ്റേറ്റ്മെൻറാണ് അനിമൽസ് എല്ലാം വെജിറ്റേറിയൻസ് ആയിരുന്നുവെന്ന് ബൈബിൾ പറയുന്നു എന്നത്. അതൊരു ശാസ്ത്ര വസ്തുതയല്ല. ശാസ്ത്രത്തെക്കുറിച്ച് ഒരു വ്യക്തി പറയുമ്പോൾ ശാസ്ത്രം എന്ത് പറഞ്ഞുവെന്നുള്ള ഗവേഷണം നടത്തിയിട്ടുവേണം എഴുതാൻ.

ഞാൻ ഈ പുസ്തകത്തിൻെറ (ബൈബബിളിന്റെ ദൈവികത വിമർശനങ്ങൾ വസ്തുതകൾ) ലാസ്റ്റിലുള്ള റഫറൻസുകൾ നോക്കുകയായിരുന്നു. 38 ബുക്സ് ആണ് ഇതിൽ മെൻഷൻ ചെയ്തിരിക്കുന്നത്. അതിൽ എട്ടോ പത്തോ ബൈബിളിൻെറ ട്രാൻസ്ലേഷൻസാണ്. ബാക്കിയുള്ള 20 ബുക്സിൽ ഒറ്റ ഒരു സയൻറിഫിക് ബുക്സിൻെറ റഫറൻസില്ല. ക്രിസ്ത്യൻ കമ്യൂണിറ്റിയിൽ വലിയ എജ്യുക്കേഷനൊന്നുമില്ലാത്തവരുടെ, അല്ലെങ്കിൽ യാതൊരു ബാക്ഗ്രൗണ്ടും ഇല്ലാത്തവരുടെ ബുക്സിൽനിന്നാണ് ഇതിൽ ഉദ്ധരണികൾ കൊടുത്തിരിക്കുന്നത്. പിന്നെ എജ്യുക്കേഷൻ ഉള്ളവരുമുണ്ട്. റെയ്മണ്ട് ഇ ബ്രൗൺ എന്നു പറഞ്ഞയാളുടെ ഉദ്ധരണികൾ ഈ പുസ്തകത്തിൽ ധാരാളം കൊടുത്തിട്ടുണ്ട്. ആരാണ് റെയ്മണ്ട് ബ്രൗൺ എന്നുള്ളത് ഞാനൊന്ന് ഓർമിപ്പിക്കട്ടെ. എൻെറ മുസ്ലിം സുഹൃത്തുക്കളോട് ഞാൻ ഒരു കാര്യം ചോദിക്കാൻ ആഗ്രഹിക്കുന്നു. ഖുർആൻ അല്ലാഹുവിങ്കൽനിന്ന് അവതീർണമായതാണെന്നുള്ളതിൽ നിങ്ങൾ



വിശ്വസിക്കുന്നു. അതിനെ തള്ളിപ്പറഞ്ഞ ഒരു വ്യക്തിയെ നിങ്ങൾ മുസ്ലിമായിട്ട് അംഗീകരിക്കുമോ? മറുപടി പറയേണ്ട ആവശ്യമേയില്ല. മറുപടി ഞങ്ങൾക്കെല്ലാം അറിയുന്ന കാര്യമാണ്. നിങ്ങൾക്ക് തന്നെ അറിയും. സത്യ മുസ്ലിംസ് തങ്ങളാണെന്ന് ക്ലെം ചെയ്യുന്ന ഖാദിയാനികളെ അല്ലെങ്കിൽ അഹ്മദികളെ നിങ്ങൾ മുസ്ലിംസായിട്ട് accept ചെയ്യുമോ? നിങ്ങൾ തമ്മിലുള്ള കടിപിടി, നിങ്ങൾ തമ്മിലുള്ള അറ്റാക്ക് ഇൻറർനെറ്റിലൂടെ വളരെ വ്യക്തമായിട്ട് ഞങ്ങൾ കാണാറുണ്ട്. അവർ നിങ്ങളെ അറ്റാക്ക് ചെയ്ത് ധാരാളം കാര്യങ്ങൾ എഴുതാറുണ്ട്. അവർ എഴുതുന്നത് അല്ലെങ്കിൽ സൽമാൻ റുഷ്ദി എഴുതിയ ഉദ്ധരണി ഞാനെടുത്ത് നിങ്ങളുടെ against use ചെയ്താൽ നിങ്ങൾക്കെങ്ങനെ തോന്നും?. അതുപോലെതന്നെ ഇതിൻെറ അകത്തുള്ള ഉദ്ധരണി കൊടുത്തിട്ടുള്ള ഒരു പണ്ഡിതൻ റെയ്മണ്ട് ബ്രൗൺ എന്ന ബൈബിളിനെ തള്ളിപ്പറഞ്ഞ ഒരു മനുഷ്യനാണ്. ക്രിസ്ത്യാനിയല്ല. ഞാൻ ഈ കാര്യം ഇതിനുമുമ്പും point out ചെയ്തിട്ടുള്ളതാണ്. അങ്ങനെയുള്ള ഒരു ഉദ്ധരണി എടുത്തുകഴിഞ്ഞാൽ ആർക്ക് എന്തുവേണമെങ്കിലും തെളിയിക്കാം. എനിക്ക്, ഖാദിയാനികൾ എഴുതിയിരിക്കുന്നതോ, മുസ്ലിംസിൻെറ ഇടക്ക് ഇന്ന് 24 ഗ്രൂപ്പ്സാണുള്ളത്; ഈ ഗ്രൂപ്പ്സ് എഴുതിയിരിക്കുന്ന ലിറ്ററേച്ചറോ എടുത്ത് ഈസിയായിട്ട് നിങ്ങൾ പറയുന്നത് തെറ്റാണെന്ന് തെളിയിക്കാം. ഇതൊന്നും ignorant അല്ല. ഇൻറർനെറ്റിൽ മുസ്ലിംസിനെ oppose ചെയ്യുന്ന മറ്റ് മുസ്ലിംസ് especially ഖാദിയാനികൾ ധാരാളം വെബ്സൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. അതൊന്ന് വായിച്ച് കഴിഞ്ഞാൽ ഇക്കാര്യങ്ങളെല്ലാം നിങ്ങൾക്ക് മനസ്സിലാകും.

ബൈബിളിൻെറ ദൈവികതയെ ചോദ്യം ചെയ്യുന്ന ഈ ഗ്രന്ഥത്തിൽ ബൈബിൾ ആൻറ് സയൻസുമായിട്ട് ബന്ധപ്പെട്ട ഒറ്റയൊരു ബുക്കിൻെറ പോലും റഫറൻസ് ഇല്ല. ഞാൻ എഴുതിയിട്ടുള്ളതിൽ ഏറ്റവും simple ആയ ബുക്സാണ് ബൈബിൾ ആൻറ് സയൻസ്. ഒരു വ്യക്തി വസ്തുത അറിയാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ആ വ്യക്തി ഗവേഷണ മനോഭാവത്തോടെ ഇറങ്ങിക്കഴിഞ്ഞാൽ ഈ ബുക്സൊന്നും കിട്ടാൻ ഒരു പ്രയാസവുമില്ല. ക്രിസ്ത്യൻ ബുക്സ് ഷോപ്പിൽ പോയിക്കഴിഞ്ഞാൽ നൂറുകണക്കിന് ബുക്സുണ്ട്. ഞാൻ ഈ എഴുതിയിരിക്കുന്നത് എട്ടാം ക്ലാസ് ലെവലിൽ ആണ്. ടെക്നിക്കൽ ലെവലിലും എഴുതിയിട്ടുണ്ട്. എന്നാൽ നിങ്ങൾക്ക് വേണ്ടത്

ജസ്റ്റ് നിങ്ങൾ അറിഞ്ഞിരിക്കണം. എട്ടാം ക്ലാസ് ലെവൽ തൊട്ട് പി.എച്ച്.ഡി ലെവൽ വരെ ഞാൻ എഴുതിയിട്ടുണ്ട്. ഇങ്ങനെ ആയിരക്കണക്കിന് ക്രിസ്ത്യൻ സയൻസ് ബുക്സ് എഴുതിയിട്ടുണ്ട്. ഇങ്ങനെയുള്ള ഒറ്റയൊരു ബുക്കിൻെറ ഉദ്ധരണിപോലും ഇതിൽ എടുത്തില്ലെന്ന കാര്യം ഞാൻ ഓർമിപ്പിക്കട്ടെ. അതിൽനിന്ന് മനസ്സിലാക്കാവുന്നത് ബൈബിളിൻെറ ദൈവികതയെ ചോദ്യം ചെയ്ത് എഴുതുന്ന ആളുകളുടെ, അവരുടെ ഗവേഷണത്തിൻെറ depth എത്രയാണെന്നുള്ളതാണ്. ബൈബിൾ പറഞ്ഞിരിക്കുന്നു. ജന്തുക്കൾ .... ജന്തുക്കളുടെ വെജിറ്റേറിയനിസം....creation research society quarterly പത്തു വർഷംമുമ്പ് ഈ വിഷയത്തെക്കുറിച്ച് റിസർച്ച് പേപ്പർ പബ്ലിഷ് ചെയ്തിട്ടുണ്ട്. സത്യാന്വേഷികളാണ് നിങ്ങളെങ്കിൽ നിങ്ങൾ contact ചെയ്യുക. റിസർച്ച് പേപ്പർ അയച്ചുതരാം. ഗവേഷണമൊന്നും ചെയ്യാതെ നൂറുവർഷം മുമ്പുള്ള ബുക്സ് എടുത്തിട്ട് എഴുതപ്പെട്ട ബുക്സ് അല്ല അത്. നേരെമറിച്ച് latest scientific data ഉപയോഗിച്ച് റിസർച്ച് ചെയ്ത് ശാസ്ത്രജ്ഞന്മാർ പരിശോധിച്ച് approve ചെയ്ത റിസർച്ച് പേപ്പറാണ്.

സർപ്പം പൊടി തിന്നുന്നതിനെക്കുറിച്ച് ഇതിനകത്തൊരു റിസർച്ച് ഉണ്ട്. വളരെ ഡീറ്റെൽഡ് ആയിട്ട് റിസേർച്ച് ചെയ്തിട്ടുണ്ട്. സർപ്പത്തിന് പൊടി ഭക്ഷണമായിട്ട് കൊടുത്തിരിക്കുന്നുവെന്നല്ല പറഞ്ഞിരിക്കുന്നത്. സർപ്പം പൊടി തിന്നുന്നു എന്നാണ് പറഞ്ഞിരിക്കുന്നത്. സർപ്പം പൊടി തിന്നാറുണ്ടെന്ന് തന്നെ കണ്ടുപിടിച്ചിട്ടുണ്ട്. അതിനെക്കുറിച്ച് റിസേർച്ച് പേപ്പേഴ്സുണ്ട്. താൽപര്യമുണ്ടോ? write to me. I will sent it to you.

Rain bow... what is the malayalam for the rain bow... മഴവില്ലിനെക്കുറിച്ച്, ക്ഷമിക്കണം. മലയാളം എൻെറ മാതൃഭാഷയല്ല. ഞാൻ വളരെ struggle ചെയ്താണ് നിങ്ങളോട് സംസാരിക്കുന്നത്. എൻെറ മാതൃഭാഷ ഹിന്ദിയാണ്. ഞാൻ life long മധ്യപ്രദേശിലായിരുന്നു. നിങ്ങളോട് സംസാരിക്കാൻ വേണ്ടി വളരെ ആഗ്രഹമുണ്ടായിരുന്നതുകൊണ്ട് വളരെ struggle ചെയ്താണ് സംസാരിക്കുന്നത്. അതുകൊണ്ട് എനിക്ക് തെറ്റുപറ്റിയാൽ..... language ൻെറ കാര്യത്തിൽ വേർഡ്സ് കിട്ടിയില്ലെങ്കിൽ ക്ഷമിക്കണം. ഇംഗ്ലീഷിൽ സംസാരിക്കാമെന്ന് ഞാൻ ഇതിനുമുമ്പ് പലപ്രാവശ്യം ഓഫർ ചെയ്തിട്ടുള്ളതാണ്. ഇന്നുവരെ ആരും തയ്യാറാകാത്തതുകൊണ്ടാണ് ഞാൻ



ഇംഗ്ലീഷിൽ ഈ ഡിബേറ്റിൽ participate ചെയ്യാത്തത്. മഴവില്ലിനെക്കുറിച്ച് ബൈബിളിൽ പറയുന്നത് നോഹയുടെ ജലപ്രളയം കഴിഞ്ഞാണ് മഴവില്ല് പ്രത്യക്ഷപ്പെട്ടതെന്നാണ്. അത് ശാസ്ത്രീയ മിസ്റ്റേക്ക് ആണ്. ഈ സ്റ്റേറ്റ്മെൻറ്സ് ഒക്കെ എഴുതുന്നതിന് മുമ്പ് ഒരു പ്രാവശ്യമെങ്കിലും ഈ വിഷയത്തെക്കുറിച്ച് നടന്ന ഗവേഷണങ്ങൾ ഒന്ന് ഇൻറർനെറ്റിൽ റിസേർച്ച് ചെയ്തുകഴിഞ്ഞാൽ മനസ്സിലായേനെ. ഓസ്ട്രിയയിലുള്ള, ഫിസിക്സിൽ പി.എച്ച്.ഡി ചെയ്ത ഡോ. ജോസഫ് ഡില്ലോ 30 വർഷംമുമ്പ് ഈ വിഷയത്തെക്കുറിച്ച് റിസേർച്ച് ചെയ്ത് അഞ്ഞൂറോളം പേജ് സൈസ് വരുന്ന ഒരു പുസ്തകവും മുന്നൂറോളം പേജ് സൈസ് വരുന്ന ഒരു പുസ്തകവും പബ്ലിഷ് ചെയ്തതാണ്. Ofcourse ഒരു വിഷയത്തെക്കുറിച്ച് റിസേർച്ച് ചെയ്തത് കണ്ടിട്ടില്ലെങ്കിൽപിന്നെ നാചറലി ഇഗ്നോറൻസിൽനിന്ന് എഴുതിയെന്നിരിക്കും. നോഹയുടെ ജലപ്രളയം കഴിഞ്ഞ് തന്നെയാണ് മഴവില്ല് പ്രത്യക്ഷപ്പെട്ടതെന്ന് അത് എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്നുള്ളത് ഒരു പ്രാവശ്യം കൂടി ഓർമിപ്പിക്കട്ടെ. ഓസ്ട്രിയയിലുള്ള, ഫിസിക്സിൽ പി.എച്ച്.ഡിയുള്ള ഡോ. ജോസഫ് ഡില്ലോ ഇതിനെക്കുറിച്ച് രണ്ട് ബുക്കും ക്രിസ്ത്യൻ കമ്യൂണിറ്റിയിൽ മറ്റ് പലരും ഇതിനെക്കുറിച്ച് 25ഓളം ബുക്സും എഴുതിയിട്ടുണ്ട്. ഓരോ വിഷയത്തെക്കുറിച്ച് ഇതുപോലെ ഡീറ്റെൽ ആയിട്ടാണ് ക്രിസ്ത്യൻ കമ്യൂണിറ്റി റിസേർച്ച് ചെയ്തിട്ടുള്ളത്.

അതിന്റെകൂടെ ഒരു കാര്യം പറയട്ടെ. നോഹയുടെ ജലപ്രളയത്തിൽ ഉണ്ടായ പെട്ടകത്തെക്കുറിച്ച് എത്രയെത്ര റിസേർച്ച് പേപ്പേഴ്സാണ് ക്രിയേഷൻ റിസേർച്ച് സൊസൈറ്റി ക്വാർട്ടർലിയിൽ പബ്ലിഷ് ചെയ്തിരിക്കുന്നത്. ഫിസിക്സിലും മാത്തമാറ്റിക്സിലുമൊക്കെ എം.എസ്.സി ബാക്ഗ്രൗണ്ട് ഉണ്ടെങ്കിൽ മാത്രമെ അതൊക്കെ മനസ്സിലാകത്തുള്ളൂ. അതുപോലെ അഡ്വാൻസ്ഡ് ആയിട്ടുള്ള വർക്കാണ് ക്രിസ്ത്യൻ കമ്യൂണിറ്റി ചെയ്യുന്നത്. അല്ലാതെ ഈ വിഷയങ്ങളൊന്നും ജസ്റ്റ് വിട്ട് ഓടുകയല്ല. ചോദിക്കുന്ന ചോദ്യങ്ങൾക്കൊക്കെ ഞങ്ങൾ മറുപടി പറയുന്നുണ്ട്. പരിശോധിക്കുന്നുണ്ട്. മറുപടി പറയും. ചില സഹോദരങ്ങൾ ചിരിക്കുന്നു. നിങ്ങൾ ഓർത്തെന്നിരിക്കും ഞാൻ ഇവിടെ പഠിത്തത്തെ, സ്കോളർലി ലെവലിനെ കാണിക്കാനാണെന്ന് അങ്ങനെയല്ല. ഞങ്ങൾ എല്ലാ ലെവലിൽ ഉള്ളവർക്കുവേണ്ടിയും എഴുതിയിട്ടുണ്ട്. വലിയ എജ്യുക്കേഷൻ ഒന്നുമില്ലാത്ത ലെവലിൽ ഉള്ളവർക്കുവേണ്ടി

മാത്രമെ എഴുതിയിട്ടുള്ളൂ എന്ന തെറ്റിദ്ധാരണ ആർക്കെങ്കിലുമുണ്ടെങ്കിൽ അത് തെറ്റിദ്ധാരണയാണെന്ന് കാണിക്കാൻവേണ്ടിയാണ് ഞാൻ ഈ കാര്യം എടുത്തുപറഞ്ഞത്. ഞങ്ങൾ എല്ലാ ലെവലിലുള്ള ആളുകൾക്കുവേണ്ടിയും എഴുതിയിട്ടുണ്ട്.

അടുത്തതായിട്ട് ഒരു സ്റ്റേറ്റ്മെൻറാണ് 'സൂര്യൻ ആകാശത്തിൻെറ ഒരു കോർണറിൽനിന്ന് മറ്റൊരു കോർണർ വരെ ഗമനം ചെയ്യുമെന്ന് ബൈബിൾ പറയുന്നുണ്ട് എന്നത്. അത് ഒരു അബദ്ധമാണ്' എന്ന്, സയൻസിൻെറ എലിമെൻററി ബാക്ഗ്രൗണ്ടുള്ള ആളുകൾക്ക് അറിയാവുന്ന കാര്യമാണ്. സൂര്യൻ ഒരു കോർണറിൽനിന്ന് മറ്റൊരു കോർണർവരെ ഏകദേശം 30 കിലോമീറ്റർ പെർ സെക്കൻറ് സ്പീഡിൽ ഗമനം ചെയ്യുന്നുണ്ട് എന്നത്. ഇത് ഒരു ശാസ്ത്ര വസ്തുതയാണ്. അത് കണ്ടിട്ടില്ല എന്ന് ആരെങ്കിലും നടിച്ചാൽ അല്ലെങ്കിൽ ഒരു വ്യക്തി കണ്ടിട്ടില്ലെങ്കിൽ അതിന് ഞാൻ responsible അല്ല.

കടുക് മണിയെക്കുറിച്ച് ഒരു ഒബ്ജെക്ഷൻ പറഞ്ഞിരിക്കുന്നു. കടുക് മണി ഭൂമിയിലെ ഏറ്റവും ചെറിയ സീഡ് അല്ലെന്ന്. ഏറ്റവും ചെറിയ സീഡ് ആണെന്ന് ബൈബിൾ പറയുന്നില്ല. ബൈബിളിൻെറ ആദിമകാലത്ത് അല്ലെങ്കിൽ ഡൈനോസർ യുഗത്തിലുള്ള ട്രാൻസ്ലേഷൻസൊക്കെ വായിച്ചുകഴിഞ്ഞാൽ especially അവരവരുടെ മാതൃഭാഷ അല്ലാത്ത ലാംഗ്വേജ്സിലുള്ള ട്രാൻസ്ലേഷൻസ് വായിച്ച് ഇങ്ങനെയുള്ള മിസ്റ്റേക്സ് വരാവുന്നതാണ്. അന്നത്തെ കാലത്ത് കൃഷിക്കുവേണ്ടി ഉപയോഗം ചെയ്യപ്പെട്ട സസ്യങ്ങളിൽ ഏറ്റവും ചെറിയതാണെന്നുള്ള കാര്യമാണ് കർത്താവായ യേശുക്രിസ്തു അവിടെ പറഞ്ഞത്. അതൊരു വസ്തുതയാണ്. തെളിയിക്കപ്പെട്ട വസ്തുതയാണ്. so what is the problem?

$2\prod r$ എന്ന അല്ലെങ്കിൽ $\prod r^2$ എന്ന സർക്കിളുമായി ബന്ധപ്പെട്ട് ഇതിൻെറ അകത്തൊരു പരാമർശമുണ്ട്. ബൈബിൾ $\prod$യുടെ വാല്യു accurateയിട്ട് കാണിച്ചിട്ടില്ലെന്ന്. Institute for Creation Research ഒരു പേപ്പർ പബ്ലിഷ് ചെയ്യാറുണ്ട്. ആ പേപ്പറിൻെറ പേര് impact പേപ്പർ എന്നാണ്. നിങ്ങൾക്കാർക്കെങ്കിലും താൽപര്യമുണ്ടെങ്കിൽ, നിങ്ങളിൽ ആരെങ്കിലും ഒരു സത്യാന്വേഷി ഉണ്ടെങ്കിൽ എന്നെ contact ചെയ്യുക. ഞാൻ ഒരു കോപ്പി നിങ്ങൾക്ക് ഇ-മെയിൽ ആയിട്ടോ ഫോട്ടോ കോപ്പിയായിട്ടോ അയച്ചുതരാം. ഇത് ഇന്നല്ല, 30 വർഷം മുമ്പ് ഈ വിഷയത്തെക്കുറിച്ച് റിസേർച്ച് ചെയ്ത് $\prod$യുടെ വാല്യു



ബൈബിൾ accurate ആയി പറയുന്നുണ്ടെന്നത് തെളിയിച്ചുകഴിഞ്ഞതാണ്. അത് ഒരു വ്യക്തി കണ്ടില്ലെങ്കിൽ അതിന് ഞാൻ റെസ്പോൺസിബിളല്ല. ഈ പുസ്തകത്തിൽ അതല്ലാതെ കുറെയേറെ ബൈബിളിൻെറ inaccuracies പറഞ്ഞിട്ടുണ്ട്. ഞാൻ ഈ sample മാത്രം പറഞ്ഞത് ഒന്നോ രണ്ടോ sample നോക്കിക്കഴിഞ്ഞാൽ ഒരു പുസ്തകത്തിൻെറ ലെവലും അതിലുള്ള സ്കോളർഷിപ്പും അതിൻെറ accuracyയും മനസ്സിലാക്കാനുള്ളതേയുള്ളൂ എന്ന് സമർത്ഥിക്കാനാണ്.

ഈ പുസ്തകത്തിൽ റിപ്പീറ്റ് ചെയ്ത് പറയുന്ന ഒരു കാര്യമാണ് ബൈബിൾ അങ്ങനെ പറയുന്നു, ബൈബിൾ ഇങ്ങനെ പറയുന്നു. ഞാൻ ഇതിനുമുമ്പ് പോയിൻറ് ഔട്ട് ചെയ്തിട്ടുള്ള ഒരു കാര്യമാണ് ബൈബിൾ മൂന്ന് ഭാഷകളിൽ എഴുതപ്പെട്ട 66 ബുക്സിൻെറ കളക്ഷൻ ആണ്. അതിൽ ലിറ്ററൽ ആയിട്ട്, അല്ലെങ്കിൽ ആക്ഷരികമായിട്ടുള്ള expessions ഉം ഉണ്ട്. അല്ലെങ്കിൽ ആലങ്കാരികമായിട്ടുള്ള പദപ്രയോഗങ്ങളുമുണ്ട്. ബൈബിളിൽ ഏകദേശം 750 ആലങ്കാരിക പ്രയോഗങ്ങളുണ്ട്. ഈ ആലങ്കാരിക പ്രയോഗങ്ങൾ മാത്രം പഠിക്കുവാൻ വേണ്ടിയുള്ള ഡിക്ഷ്ണറിയാണ് ഇത്. ഈ ആലങ്കാരിക പ്രയോഗം എടുത്തിട്ട് അതിനെ അക്ഷരാർഥത്തിൽ വ്യാഖ്യാനിച്ചാൽ അർഥം അനർഥമാകുമെന്നുള്ളത് ഏത് വ്യക്തിക്കും അറിയാവുന്നതാണ്. ഏത് സ്കൂൾ കുട്ടിക്കും അറിയാവുന്ന കാര്യമാണ്. ഈ പുസ്തകത്തിൽ പറഞ്ഞിരിക്കുന്ന പല സ്റ്റേറ്റ്മെൻറ്സും ബൈബിളിലുള്ള ആലങ്കാരിക സ്റ്റേറ്റ്മെൻറ്സ് എടുത്തിട്ട് അതിനെ അക്ഷരാർഥത്തിൽ വ്യാഖ്യാനിച്ചിരിക്കുകയാണ്. അങ്ങനെ വ്യാഖ്യാനിച്ച് ആർക്ക് എന്ത് വേണമെങ്കിലും വ്യാഖ്യാനിക്കാൻ സാധിക്കും. ഇത് ആ പുസ്തകത്തിൻെറ ആധികാരികതയെ കാണിക്കുന്നതല്ല. അതിനെ ചോദ്യം ചെയ്യുകയാണ്. ജസ്റ്റ് ഒരു പ്രാവശ്യമെങ്കിലും ഫിഗേഴ്സ് ഓഫ് സ്പീച്ച് ഇൻ ദി ബൈബിളിൽനിന്നുള്ള കാര്യം ഒന്ന് നോക്കിയതായിരുന്നുവെങ്കിൽ ഈ ആലങ്കാരിക പ്രയോഗങ്ങളെ ആലങ്കാരികമായിട്ടു വ്യാഖ്യാനിക്കുന്നതിന് പകരം അക്ഷരാർഥത്തിൽ വ്യാഖ്യാനിച്ച് അർഥം അനർഥമാക്കി സത്യാന്വേഷികളെ കൺഫ്യൂസ് ചെയ്യേണ്ട ഈ സിസ്റ്റം വരത്തില്ലായിരുന്നു.

വേറെ ധാരാളം സ്റ്റേറ്റ്മെൻറ്സ് ഈ ബുക്കിലുണ്ട്. ഞാൻ അതിന് മറുപടി പറഞ്ഞാൽ നിങ്ങളിൽ പലർക്കും അപമാനം തോന്നും. കാരണം ആ ലെവലിലാണ് അത് എഴുതപ്പെട്ടത്. ക്രിസ്ത്യൻ കമ്യൂണിറ്റി

ഈ വിഷയത്തെക്കുറിച്ച് ധാരാളം റിസേർച്ച് ചെയ്തിട്ടുണ്ട്. ജസ്റ്റ് ഒരു പുസ്തകം ഞാൻ നിങ്ങളെ കാണിക്കാം. എൻസൈക്ലോപീഡിയ ബിബ്ലിക്കൽ എറസി. ബൈബിളിലുള്ള അബദ്ധങ്ങൾ എന്നുള്ള വിഷയത്തെക്കുറിച്ച് ഗവേഷണം ചെയ്ത് produce ചെയ്ത one volume encyclopaeida. ഇങ്ങനെ ഒരു volume തൊട്ട് 20 വാല്യം വരെയുള്ള എൻസൈക്ലോപീഡിയകൾ ക്രിസ്ത്യൻ കമ്യൂണിറ്റി പ്രൊഡ്യൂസ് ചെയ്തിട്ടുണ്ട്. ഈ പുസ്തകത്തിലുള്ള നൂറുകണക്കിന് സ്റ്റേറ്റ്മെൻറ്സ് already ചെയ്തിട്ടുള്ള വർക്കിനോട് compare ചെയ്തുകഴിഞ്ഞാൽ വെറും നേഴ്സറി ലെവൽ വർക്കാണ്. ഈ ബുക്സ് വായിച്ചിട്ടാണ് ബൈബിളിന്റെ ആധികാരികതയെ നിങ്ങൾ ചോദ്യം ചെയ്യുന്നതെങ്കിൽ അതിനുമുമ്പ് ഒരു കാര്യം പറയട്ടെ. please do some research..... please do some research. 130 വർഷം മുമ്പ് ക്രിസ്ത്യൻ കമ്യൂണിറ്റി മറുപടി പറഞ്ഞ കാര്യങ്ങൾ ഇന്നും ഇതിനകത്ത് പറഞ്ഞിട്ടുണ്ട്. നൂറുവർഷങ്ങൾക്ക് മുമ്പ് തെളിയിക്കപ്പെട്ട കാര്യങ്ങൾ ഇതിൽ പറഞ്ഞിട്ടുണ്ട്. ബൈബിൾ ആൻറ് സയൻസുമായി ബന്ധപ്പെട്ട ഒരു സ്കോളറിൻെറ ബൈബിൾ ആൻറ് സയൻസ് ബുക്കിൻെറ ഉദ്ധരണി ഇതിലില്ല. നേരെമറിച്ച് ക്രിസ്ത്യൻസല്ല, എന്നാൽ ക്രിസ്ത്യൻസ് എന്ന് പറയുന്ന, നിങ്ങൾക്കിടയിലുള്ള അഹമദിയാസിനെ പോലുള്ള ആളുകളുടെ ഉദ്ധരണികൾ ഇതിലുണ്ട്. ക്രിസ്ത്യൻ കമ്യൂണിറ്റിയോട് എന്നും ദ്രോഹം ചെയ്ത യഹോവ വിറ്റ്നസ്കാരുടെ ഉദ്ധരണികളും ഇതിലുണ്ട്. Brothers ഞാൻ ഒരു കാര്യം ചോദിക്കട്ടെ. മുസ്ലിം കമ്യൂണിറ്റിയെക്കുറിച്ചോ മുസ്ലിം കമ്യൂണിറ്റിയുടെ ഗ്രന്ഥത്തെക്കുറിച്ചോ ഞാൻ എന്തെങ്കിലും എഴുതാൻ ആഗ്രഹിക്കുന്നുവെങ്കിൽ എനിക്കൊരു റെസ്പോൺസിബിലിറ്റിയുണ്ട്. ആ ഗ്രന്ഥം കൈകാര്യം ചെയ്യുന്നവരുടെ ഉദ്ധരണി വേണം ഞാൻ ഉപയോഗിക്കാൻ. നേരെമറിച്ച് ആ ഗ്രന്ഥത്തോടും മുസ്ലിം കമ്യൂണിറ്റിയോടും ജീവിതം മുഴുവനും ഉപദ്രവം ചെയ്ത ആളുകളുടെ ഉദ്ധരണി ഞാൻ എടുത്തിട്ട് അവരാണ് സത്യമുസ്ലിമെന്ന് പറഞ്ഞാൽ നിങ്ങൾക്കെന്ത് തോന്നും?. സൽമാൻ റുഷ്ദി എത്രയോ മോശമായിട്ടാണ് എഴുതിയിരിക്കുന്നത്. സൽമാൻ റുഷ്ദി മുസ്ലിമാണ്. by name മുസ്ലിമാണ്. ആ വ്യക്തി വലിയ ഇൻറർനാഷണൽ പ്രൈസ് കിട്ടിയ വ്യക്തിയാണ്. അതിൻെറ വെളിച്ചത്തിൽ അയാളാണ് സത്യമുസ്ലിമെന്ന് പറഞ്ഞ് ഞാൻ സൽമാൻ റുഷ്ദിയുടെ ബുക്സിൽനിന്ന് ഉദ്ധരണികൾ



എടുത്ത് നിങ്ങളെ അപമാനിച്ചാൽ അല്ലെങ്കിൽ നിങ്ങളെ ചോദ്യം ചെയ്താൽ അത് എൻെറ പാണ്ഡിത്യത്തിൻെറ ലക്ഷണമാണോ അതോ നിങ്ങളെ ഞാൻ മനഃപൂർവം അറ്റാക്ക് ചെയ്യാൻവേണ്ടി ശ്രമിക്കുകയാണോ എന്നുള്ളത് സഹോദരന്മാർ ഒന്ന് ചിന്തിക്കേണ്ടതാണ്.

അഞ്ച് മിനിട്ടു കൂടി എനിക്ക് സംസാരിക്കാനുണ്ട്. എന്നാൽ സത്യാന്വേഷിയായ ആരെങ്കിലുമുണ്ടെങ്കിൽ ആ വ്യക്തിക്ക് ഒരു ഡയറക്ഷൻ കൊടുക്കാൻവേണ്ടിയുള്ള കാര്യങ്ങൾ ഞാൻ പറഞ്ഞു കഴിഞ്ഞിരിക്കുന്നു. കോംബ്രിഹെൻസീവ് ആയിട്ട് പറയാൻ ഇവിടെ സമയമില്ല. 40 മിനുട്ട് പര്യാപ്തമല്ല. ഞങ്ങൾ ഈ വിഷയം ഏതാണ്ട് 180 മണിക്കൂർകൊണ്ടാണ് കവർ ചെയ്യുന്നത്. ബൈബിൾ ആൻറ് സയൻസ് എന്നുള്ളത്. എന്നാൽ സത്യാന്വേഷിയാരെങ്കിലുമുണ്ടെങ്കിൽ അവർ മനസ്സിലാക്കേണ്ട ഒരു കാര്യമുണ്ട്. ഈ വിഷയത്തെക്കുറിച്ച് ധാരാളം റിസർച്ച് ചെയ്തിട്ടുണ്ട്. ഈ റിസേർച്ച്സെല്ലാം മറച്ചുവെച്ച് നൂറും നൂറ്റി മുപ്പതും വർഷങ്ങൾക്കുമുമ്പ് ഖണ്ഡിച്ചിട്ടുള്ള കാര്യങ്ങൾ എടുത്ത് ഇതിൽ പറഞ്ഞിട്ടുണ്ട്. ഇതിൻെറ സ്കോളർഷിപ്പ് ലെവൽ എത്രയാണെന്നുള്ളത് നിങ്ങൾക്കറിയാം. വെറും എട്ടാം ക്ലാസ് പാസായ ആളുകൾക്ക് വേണ്ടി എഴുതപ്പെട്ട ഈ ബൈബിൾ ആൻറ് സയൻസ് പോലും ഈ പുസ്തകം കൈകാര്യം ചെയ്തിട്ടില്ല. സ്കോളർലി ആയിട്ടുള്ള പ്രശ്നങ്ങളൊക്കെ പോട്ടെ. ഞാൻ ഈ പറഞ്ഞ വിഷയങ്ങളെക്കുറിച്ചോ മറ്റ് വിഷയങ്ങളെക്കുറിച്ചോ ഡീറ്റൈൽസ് ആയിട്ട് അറിയാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ എൻെറ വാക്കുകൾ വിശ്വസിക്കേണ്ട. നിങ്ങൾ ഇ-മെയിൽ അയച്ചാൽ മതി. ഞാൻ എൻെറ ഇ-മെയിൽ അഡ്രസ് നിങ്ങൾക്ക് തരാം. റിസർച്ച് പേപ്പർ നിങ്ങൾക്ക് അയച്ചുതരാവുന്നതാണ്. ബൈബിളിൻെറ ആധികാരികതയെ ചോദ്യം ചെയ്യുമ്പോൾ നിങ്ങൾ ഏത് സോഴ്സിൽനിന്നാണ് ക്വസ്റ്റ്യൻ എടുക്കുന്നത് എന്ന് ഒരു പ്രാവശ്യം ചിന്തിച്ചിട്ടു വേണം ചോദിക്കുന്നത്. ആ ചോദ്യം റിസേർച്ചിൽ ബേസ്ഡ് ആണെന്നോ അതോ ഒരു വ്യക്തിയുടെ പ്രെജുഡിസിൽ ബേസ്ഡ് ആണെന്നോ എന്നുള്ളതുകൂടി നിങ്ങൾ ചിന്തിക്കേണ്ടത് ആവശ്യമാണ്. ബൈബിളിൻെറ ദൈവികതെക്കുറിച്ച് എനിക്ക് ധാരാളം കാര്യങ്ങൾ പറയാനുണ്ട്. എന്നാൽ ഞാൻ ഓർമിപ്പിച്ചതുപോലെ ഒരു സത്യാന്വേഷി ഉണ്ടെങ്കിൽ ആ വ്യക്തിക്ക് ആവശ്യമായ പോയിൻറ് ഞാൻ തന്നുകഴിഞ്ഞിരിക്കുന്നു. എൻെറ ഭാഷക്ക് ധാരാളം പരിമിതികളുണ്ട്.

എന്നാലും സഹോദരങ്ങൾ സത്യം അറിയണമെന്നുള്ള താൽപര്യം കൊണ്ടാണ് ഞാൻ എൻെറ മാതൃഭാഷ അല്ലാത്ത ലാംഗ്വേജിൽ ഇന്നു വന്ന് നിങ്ങളോട് struggle ചെയ്ത് സംസാരിച്ചത്. ക്ലോസിംഗിൽ ഒരു കാര്യം പറയട്ടെ. ഞങ്ങൾ ഇവിടെ വന്നതിൻെറ മെയിൻ ലക്ഷ്യം വെറും ഡിബേറ്റ് അല്ല. ഞങ്ങളുടെ മെയിൻ ലക്ഷ്യമെന്ന് പറഞ്ഞു കഴിഞ്ഞാൽ മനുഷ്യൻ പാപിയാണെന്നും പാപിയായ മനുഷ്യൻ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷപ്രാപിക്കുമെന്നുള്ളത് നിങ്ങളെ ഒന്ന് പറഞ്ഞ് ഓർമിപ്പിക്കുവാൻ വേണ്ടിയാണ്. ഞാൻ ഇവിടെ ധാരാളം കോപ്പീസ് പുതിയ നിയമത്തിൻെറ കൊണ്ടുവന്നിട്ടുണ്ട്. ഇത് ഏത് ഫ്രണ്ടിനുവേണമെങ്കിലും, especially മുസ്‌ലിം ഫ്രണ്ട്സിനോട് ഞാൻ request ചെയ്യുന്നത് take a copy and read it. God bless you.

## എം.എം. അക്ബർ

ബഹുമാനപ്പെട്ട സഹോദരൻ ഡോ.ജോൺസൺ ഫിലിപ്പ്, അദ്ദേഹത്തോടൊപ്പമുള്ള ക്രൈസ്തവ പണ്ഡിതന്മാരെ, സുഹൃത്തുക്കളെ, എൻെറ പ്രിയപ്പെട്ട സഹോദരങ്ങളെ, ‘ബൈബിളിൻെറ ദൈവികത’ എന്ന വിഷയത്തിൽ അധിഷ്ഠിതമായി ദൈവികതയെ സ്ഥാപിച്ചുകൊണ്ട് ജോൺസൺ ഫിലിപ്പ് അദ്ദേഹത്തിൻെറ പ്രഭാഷണത്തിൽ ഒരുപാടു കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ആ കാര്യങ്ങളുമായി വിയോജിപ്പുള്ള ചില രംഗങ്ങളുണ്ട്. അടുത്ത റിബട്ടൽ സെഷനിൽ അതിനുവേണ്ടിത്തന്നെ ഒരു സെഷൻ വെച്ചിട്ടുണ്ട്. അത് ആ സെഷനിൽ ചർച്ച ചെയ്യാവുന്നതാണ്. ഇവിടെ ഈ വിഷയകമായി എനിക്ക് അവതരിപ്പിക്കാനുള്ള കാര്യങ്ങൾ ഈ സദസ്സിനു മുന്നിൽ അവതരിപ്പിക്കുകയാണ്. വിധി അർപ്പിക്കേണ്ടതും വിധി എടുക്കേണ്ടതും കാര്യങ്ങൾ മനസ്സിലാക്കേണ്ടതും നമ്മളാണ്. നമ്മളെല്ലാവരുമാണ്.

ഇവിടെ ഒന്നാമതായിത്തന്നെ ഒരിസ്‌ലാമിക ഭൂമികയിൽ നിന്നുകൊണ്ട് സംസാരിക്കുമ്പോൾ, വേദഗ്രന്ഥത്തിൻെറ പുറംചട്ടയണിഞ്ഞുകൊണ്ട് പ്രത്യക്ഷപ്പെടുന്ന ബൈബിളിനെക്കുറിച്ച് സംസാരിക്കുമ്പോൾ, എന്താണ് ഒരു വേദഗ്രന്ഥത്തെക്കുറിച്ച് ഇസ്‌ലാമികമായ വീക്ഷണം എന്ന് സൂചിപ്പിക്കേണ്ടതുണ്ട് എന്ന് എനിക്ക് തോന്നുകയാണ്. പരിശുദ്ധ ഖുർആനിലെ രണ്ടാമത്തെ അധ്യായം സൂറത്തുൽ ബഖറയിലെ 213-ാമത്തെ വചനത്തിൽ വേദഗ്രന്ഥങ്ങളുടെ അവതരണത്തിൻെറ ലക്ഷ്യത്തെക്കുറിച്ച് കൃത്യമായി സൂചിപ്പിക്കുന്നുണ്ട്. അതിപ്രകാരമാണ് ‘മനുഷ്യൻ ഒരൊറ്റ സമുദായമായിരുന്നു. അനന്തരം

സന്തോഷവാർത്ത അറിയിക്കുവാനും താക്കീത് നൽകുവാനുമായി അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചു. അവർ ഭിന്നിച്ച വിഷയത്തിൽ തീർപ്പു കൽപിക്കുവാനായി അവരുടെ കൂടെ സത്യവേദവും അവൻ അയച്ചു കൊടുത്തു. എന്നാൽ വേദം നൽകപ്പെട്ടവർ തന്നെ വ്യക്തമായ തെളിവുകൾ വന്നു കിട്ടിയതിനു ശേഷം അതിൽ ഭിന്നിച്ചിട്ടുള്ളത് അവർ തമ്മിലുള്ള മാത്സര്യം മൂലമല്ലാതെ മറ്റൊന്നുകൊണ്ടുമല്ല.' ഏകസമുദായമായിരുന്ന മനുഷ്യർ, ദൈവികമാർഗദർശന പ്രകാരം ജീവിച്ചിരുന്ന മനുഷ്യർ, പ്രവാചകന്മാരുടെ പാഠപ്രകാരം ജീവിച്ചിരുന്ന മനുഷ്യർ ഈ ദൈവികമാർഗ ദർശനത്തിൽനിന്ന് അകന്നുപോവുകയും അവർ ഭിന്നിച്ച് പോവുകയും അങ്ങനെ വ്യത്യസ്തങ്ങളായ ധാർമിക പദ്ധതികൾ സ്വീകരിക്കുന്ന അവസ്ഥാവിശേഷം സംജാതമാവുകയും ചെയ്തപ്പോൾ ഈ ദൈവികമാർഗദർശനത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിനുവേണ്ടി, തിരിച്ചുവിളിക്കുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ടവരാണ് പ്രവാചകന്മാർ. ആ പ്രവാചകന്മാരിലൂടെ അവതരിപ്പിക്കപ്പെട്ടവയാണ് വേദഗ്രന്ഥങ്ങൾ. ഈ വേദഗ്രന്ഥങ്ങളുടെ ലക്ഷ്യം എന്താണ് ധർമമെന്നും എന്താണ് അധർമമെന്നും എന്താണ് നന്മയെന്നും എന്താണ് തിന്മയെന്നും എന്താണ് സത്യമെന്നും എന്താണ് അസത്യമെന്നും ലോകത്തിൻെറ മുന്നിൽ പഠിപ്പിക്കുകയാണ്.

വിശുദ്ധ ഖുർആൻ, അവതരിപ്പിക്കപ്പെട്ട മുഴുവൻ വേദഗ്രന്ഥങ്ങളെയും അംഗീകരിക്കുന്നു; ആദരിക്കുന്നു, അവയനുസരിച്ചുകൊണ്ട് ജീവിക്കേണ്ടത് അതാത് കാലഘട്ടങ്ങളിലെ ആളുകളുടെ കടമയായിരുന്നുവെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. അത് ആദരിക്കേണ്ടത് മുസ്ലിമെന്നുള്ള നിലക്ക് - എല്ലാ പ്രവാചകന്മാരും പഠിപ്പിച്ച ആദർശവുമായി ജീവിക്കുന്നവനെന്നുള്ള നിലക്ക്- അങ്ങനെ ജീവിക്കേണ്ടത് ഒരു മുസ്ലിമിൻെറ കടമയാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. പരിശുദ്ധ ഖുർആനിലെ മൂന്നാത്തെ അധ്യായം സൂറത്ത് ആലുഇംറാനിലെ 84-ാമത്തെ വചനം വിശ്വാസികളോട് ആവശ്യപ്പെടുന്നു: "പറയുക: അല്ലാഹുവിലും ഞങ്ങൾക്ക് അവതരിപ്പിക്കപ്പെട്ടതിലും ഇബ്രാഹീം, ഇസ്മാഈൽ, ഇസ്ഹാഖ്, യഅ്ഖൂബ്, യഅ്ഖൂബ് സന്തതികൾ എന്നിവർക്ക് അവതരിപ്പിക്കപ്പെട്ടതിലും, മൂസാക്കും ഈസാക്കും മറ്റു പ്രവാചകന്മാർക്കും തങ്ങളുടെ രക്ഷിതാവിങ്കൽ നിന്ന് നൽകപ്പെട്ടതിലും ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അവരിൽ ആർക്കിടയിലും



ഞങ്ങൾ വിവേചനം കൽപിക്കുന്നില്ല ഞങ്ങൾ അല്ലാഹുവിന് കീഴ്പെട്ടവരാകുന്നു". ആ പ്രവാചകന്മാരെല്ലാം ഒരേപോലെ പടച്ചതമ്പുരാനാൽ ആദരിക്കപ്പെടുന്നവരാണ് എന്നും അവരുടെ മാർഗദർശനം പൂർണമായിതന്നെ മനുഷ്യരെ നന്മയിലേക്ക് നയിക്കുന്നവയായിരുന്നുവെന്നും വിശ്വസിക്കുന്നരാണ് ഞങ്ങൾ എന്ന് പ്രഖ്യാപിക്കപ്പെടുവാനാണ് ഖുർആൻ ആവശ്യപ്പെടുന്നത്. ഇങ്ങനെ എല്ലായിടത്തേക്കും അവതരിപ്പിക്കപ്പെട്ട വേദങ്ങളിൽ വിശ്വസിക്കേണ്ടത് ബാധ്യതയാണെന്ന് പ്രഖ്യാപിക്കുന്നതോടൊപ്പം പരിശുദ്ധഖുർആൻ നാല് വേദഗ്രന്ഥങ്ങളുടെ പേരെടുത്തു പറയുക കൂടി ചെയ്യുന്നുണ്ട്. അതിൽ ഒന്ന് പരിശുദ്ധ ഖുർആൻ തന്നെയാണ്. അതോടൊപ്പം തന്നെ ഖുർആനിനു മുമ്പ് അവതരിപ്പിക്കപ്പെട്ട മൂന്നു വേദഗ്രന്ഥങ്ങളെ പേരെടുത്തു തന്നെ ഖുർആൻ സൂചിപ്പിക്കുന്നുണ്ട്. അതിലൊന്ന് മോശെ പ്രവാചകന് (മൂസാ നബി (عليه السلام))ക്ക് അവതരിപ്പിക്കപ്പെട്ട തൗറാത്താണ്. പരിശുദ്ധ ഖുർആനിലെ അഞ്ചാമത്തെ അധ്യായം സൂറത്തുൽ മാഇദയിലെ 44-ാമത്തെ വചനത്തിൽ ഇങ്ങനെ കാണാം: "തീർച്ചയായും നാമാകുന്നു മോശെ പ്രവാചകന് തൗറാത്ത് (തോറ) അവതരിപ്പിച്ചിട്ടുള്ളത്. അതിൽ മാർഗദർശനവും പ്രകാശവും ഉണ്ട്". അതേപോലെതന്നെ ഖുർആനിലെ 17-ാ മത്തെ അധ്യായം സൂറത്തുൽ ഇസ്റാഇലെ 55-ാമത്തെ വചനത്തിൽ 'ദാവൂദിന് സബൂർ അവതരിപ്പിച്ചിട്ടുള്ളത് നാമാകുന്നു' എന്ന് കാണാൻ കഴിയും. കൂടാതെ യേശുക്രിസ്തുവിനെക്കുറിച്ച് പറയുമ്പോൾ ഖുർആനിലെ അഞ്ചാമത്തെ അധ്യായം സൂറത്തുൽ മാഇദയിലെ 46-ാമത്തെ വചനത്തിൽ അദ്ദേഹത്തിന് സുവിശേഷം -ഇഞ്ചീൽ-അവതരിപ്പിച്ചുകൊടുക്കുകയും അതിൽ മാർഗദർശനവും പ്രകാശവും നൽകുകയും ചെയ്തവനാണ് പടച്ചതമ്പുരാനെന്ന് പറയുന്നത് കാണാം. ചുരുക്കത്തിൽ പരിശുദ്ധ ഖുർആൻ മുമ്പ് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളെ അംഗീകരിക്കുന്നു; ആദരിക്കുന്നു. അവ അവതരിപ്പിച്ചത് പടച്ചവൻതന്നെയാണെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു.

എന്നാൽ വേദഗ്രന്ഥങ്ങളുടെ അവതരണത്തിനുശേഷം പതിറ്റാണ്ടുകളും നൂറ്റാണ്ടുകളും കഴിഞ്ഞപ്പോൾ വേദഗ്രന്ഥങ്ങളുടെ പുറംചട്ടകളണിഞ്ഞുകൊണ്ട് മനുഷ്യരാൽ രചിക്കപ്പെട്ട ചില ഗ്രന്ഥങ്ങൾ വന്നു എന്നും ആ ഗ്രന്ഥങ്ങളാണ് മനുഷ്യരെ തിന്മയിലേക്കും തെറ്റുകളിലേക്കും അധർമത്തിലേക്കും ദൈവികമായ മാർഗദർശനമല്ലാത്ത

പൈശാചിക പ്രലോഭനങ്ങളിലേക്കുമെല്ലാം കൊണ്ടുപോയത് എന്നും പരിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. "സ്വന്തം കൈകൾ കൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും സ്വാർഥമായ താൽപര്യങ്ങൾക്കു വേണ്ടിയും തുച്ഛമായ താൽപര്യങ്ങൾക്കുവേണ്ടിയും അത് ദൈവികമാണെന്ന് പറയുകയും ചെയ്യുന്നവർക്കാകുന്നു നാശ"[1]മെന്ന് ഖുർആനിലെ രണ്ടാമത്തെ അധ്യായം സൂറത്തുൽ ബഖറയിലെ 79-ാമത്തെ വചനം പറയുന്നു. ഇത് ചരിത്രത്തിൽ സംഭവിച്ചിട്ടുള്ള കാര്യമായി ഖുർആൻ പറയുകയാണ്. അതേപോലെതന്നെ ഖുർആൻ പറഞ്ഞു. വേദഗ്രന്ഥങ്ങളാകുന്ന, ദൈവിക വചനങ്ങളാകുന്ന സത്യങ്ങളെ അസത്യങ്ങളുമായി കൂട്ടിക്കലർത്തിക്കൊണ്ട് അവതരിപ്പിക്കുകയാണ് വേദങ്ങളുടെ വക്താക്കളെന്ന് പറഞ്ഞ പുരോഹിതന്മാർ ചെയ്തത് എന്ന്. അതുകൊണ്ട് അവരെ അഭിസംബോധന ചെയ്തുകൊണ്ട്, ഖുർആൻ സൂചിപ്പിക്കുന്നു; ഖുർആനിലെ മൂന്നാമത്തെ അധ്യായം സൂറത്ത്ആലുഇംറാനിലെ 71-ാമത്തെ വചനത്തിൽ 'വേദഗ്രന്ഥങ്ങളുടെ വക്താക്കളെന്ന് പറയുന്നവരേ നിങ്ങളെന്തിനാണ് സത്യവും അസത്യവും തമ്മിൽ കൂട്ടിക്കുഴക്കുകയും സത്യത്തെ മറച്ചുവെക്കുകയും ചെയ്യുന്നത്'[2] എന്ന്. അപ്പോൾ ഇങ്ങനെ വേദഗ്രന്ഥങ്ങളിൽ പലപ്പോഴും മനുഷ്യരുടെ കൈകടത്തലുകൾ നടക്കുകയും മനുഷ്യർ സ്വന്തം ഗ്രന്ഥങ്ങളെഴുതിയുണ്ടാക്കുകയും അവ ദൈവികമാണെന്ന് പറയുകയും ചെയ്യുന്ന കാര്യങ്ങളുണ്ടായിട്ടുണ്ട് എന്ന് ഖുർആൻ സൂചിപ്പിക്കുന്നു. അതുകൊണ്ടുതന്നെ അവസാനത്തെ വേദഗ്രന്ഥമായ പരിശുദ്ധ ഖുർആനിൻെറ സംരക്ഷണ ഉത്തരവാദിത്തം സ്രഷ്ടാവായ തമ്പുരാൻ തന്നെ ഏറ്റെടുത്തു.ആ ഉത്തരവാദിത്തത്തിൻെറ നിർവഹണമാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. ഇതോടൊപ്പം മുമ്പ് അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളുടെ മുഴുവനും പൂർണമായ ആശയങ്ങളെ സംരക്ഷിക്കുന്നത് പരിശുദ്ധ ഖുർആനാണ് എന്ന് ഖുർആൻ സ്വയം പ്രഖ്യാപിക്കുകയും ചെയ്തു. ഖുർആനിലെ അഞ്ചാമത്തെ

1 "എന്നാൽ സ്വന്തം കൈകൾ കൊണ്ട് ഗ്രന്ഥം എഴുതിയുണ്ടാക്കുകയും എന്നിട്ട് അത് അല്ലാഹുവിങ്കൽ നിന്ന് ലഭിച്ചതാണെന്ന് പറയുകയും ചെയ്യുന്നവർക്കാകുന്നു നാശം. അത് മുഖേന വില കുറഞ്ഞ നേട്ടങ്ങൾ കരസ്ഥമാക്കാൻ വേണ്ടിയാകുന്നു (അരവിത് ചെയ്യുന്നത്) അവരുടെ കൈകൾ എഴുതിയ വകയിലും അവർ സമ്പാദിക്കുന്ന വകയിലും അവർക്ക് നാശം" (ഖുർആൻ 2:79)

2 "വേദക്കാരേ, നിങ്ങളെന്തിനാണ് സത്യത്തെ അസത്യവുമായി കൂട്ടിക്കലർത്തുകയും, അറിഞ്ഞുകൊണ്ട് സത്യം മറച്ചുവെക്കുകയും ചെയ്യുന്നത്?" (ഖുർആൻ 3:71)



അധ്യായം സൂറത്തുൽ മാഇദയിലെ 48-ാമത്തെ[1] വചനത്തിൽ നമ്മൾ വായിക്കുന്നത് ഈ പ്രഖ്യാപനമാണ്. ഇതാണ് ഖുർആനിന് വേദഗ്രന്ഥത്തെക്കുറിച്ച് പറയാനുള്ളത്.

ഇവിടെ ബൈബിളിലെ പുസ്തകങ്ങളിലൂടെ നമ്മൾ കടന്നുപോവുമ്പോൾ ഖുർആനികമായ പരിപ്രേക്ഷ്യത്തിൽ നിന്നുകൊണ്ടാണ് ഒരു മുസ്‌ലിം എന്ന നിലക്ക് ഞാൻ സംസാരിക്കേണ്ടത്. ഒരിക്കലും ഒരു ഭൗതികവാദിയായോ ഒരു യുക്തിവാദിയായോ സംസാരിക്കേണ്ടവനല്ല ഞാൻ. ഒരിക്കലും അങ്ങനെ സംസാരിക്കാൻ പാടില്ലതാനും. പരിശുദ്ധ ഖുർആൻെറ പരിപ്രേക്ഷ്യത്തിൽനിന്നു കൊണ്ട് സംസാരിക്കുമ്പോൾ എനിക്ക് സൂചിപ്പിക്കുവാനുള്ളത് ബൈബിളിലെ പുസ്തകങ്ങളിൽ ദൈവികവചനങ്ങൾ ഉണ്ട് എന്നുതന്നെയാണ്. കാരണം, പ്രവാചകന്മാർക്ക് അവതരിപ്പിക്കപ്പെട്ടിട്ടുള്ള വചനങ്ങൾ പിൽക്കാല ഘട്ടത്തിലെ ബൈബിൾ രചയിതാക്കളിൽ പലരും ഉദ്ധരിക്കുകയും ആ ഉദ്ധരണികൾ ബൈബിളിൽ സ്ഥിതി ചെയ്യുകയും ചെയ്യുന്നു. എന്നാൽ അതോടൊപ്പംതന്നെ മനുഷ്യരുടെയും പുരോഹിതന്മാരുടെയും മറ്റു പലരുടെയും വചനങ്ങൾ കൂട്ടിക്കലർത്തപ്പെട്ടതു കൊണ്ടുതന്നെ ഏതാണ് ദൈവികവചനം, ഏതാണ് മാനുഷികവചനമെന്ന് മനസ്സിലാക്കാൻ സാധ്യമല്ലാത്ത അവസ്ഥയിലാണ് ഇന്നത്തെ ബൈബിൾ സ്ഥിതി ചെയ്യുന്നത്. ഇതാണ് ഇസ്‌ലാമികമായി ഇവ്വിഷയകമായ വാദമെന്ന് നാം മനസ്സിലാക്കുക. ബൈബിളിനെ പൂർണമായി അത് ചെകുത്താനിൽനിന്ന് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥമാണെന്നോ അതല്ലെങ്കിൽ അതിൽ പറയുന്ന കാര്യങ്ങളെല്ലാം അബദ്ധങ്ങളാണെന്നോ ഉള്ള വാദം ഒരു മുസ്‌ലിമിനില്ല എന്ന് നാം മനസ്സിലാക്കുക.

അതോടൊപ്പംതന്നെ ഞാനിവിടെ സൂചിപ്പിച്ച പരിശുദ്ധ ഖുർആനിൽ പറഞ്ഞ വേദഗ്രന്ഥങ്ങളുണ്ടല്ലോ, ആ വേദഗ്രന്ഥങ്ങളെക്കുറിച്ച് ബൈബിൾ സൂചനകൾ നൽകുകയും ആ വേദഗ്രന്ഥങ്ങൾ ഇന്നത്തെ ബൈബിളിലില്ലായെന്നുള്ള വസ്തുത വ്യക്തമായി മനസ്സിലാക്കിത്തരുകയും ചെയ്യുന്നു എന്നാണ് എനിക്ക് ഒന്നാമതായി സൂചിപ്പിക്കാനുള്ളത്. ഞാനിവിടെ പറഞ്ഞു മൂസാ നബി (عليه السلام)ക്ക് പടച്ച തമ്പുരാൻ അവതരിപ്പിച്ച തോറയെക്കുറിച്ച് - തൗറാത്തിനെക്കുറിച്ച്

1 "(നബിയെ) നിനക്കിതാ സത്യപ്രകാരം വേദഗ്രന്ഥം അവതരിപ്പിച്ചു തന്നിരിക്കുന്നു. അതിന്റെ മുമ്പിലുള്ള വേദഗ്രന്ഥങ്ങളെ ശരിവെക്കുന്നതും, അവയെ കാത്തുരക്ഷിക്കുന്നതുമത്രെ അത്."(ഖുർആൻ 5:48)

-ഖുർആൻ പറയുന്ന കാര്യം, ആ തോറയെക്കുറിച്ച് നമുക്ക് ബൈബിളിൽ ആവർത്തിച്ച് കാണാൻ കഴിയും. പ്രത്യേകിച്ച് ആവർത്തന പുസ്തകത്തിൽ. ഉദാഹരണത്തിന്, ആവർത്തനപുസ്തകത്തിൽ ഒന്നാമത്തെ അധ്യായത്തിലെ അഞ്ചാമത്തെ വചനത്തിൽ നമുക്ക് കാണാം. 'മോശെ പ്രവാചകൻ ഈ നിയമം ജനങ്ങൾക്ക് വിശദീകരിക്കാൻ തുടങ്ങി'. മോശെ പ്രവാചകൻ വിശദീകരിച്ച നിയമമാണ് തോറ; ആ തോറയാകുന്നു ഖുർആൻ പറയുന്ന തൗറാത്ത്. ഇന്ന് ബൈബിളിൽ കാണുന്ന ഉൽപത്തി മുതൽ ആവർത്തനം വരെയുമുള്ള പഞ്ചപുസ്തകങ്ങളുണ്ടല്ലോ അത് തോറയാണോ? മോശെ പ്രവാചകന് ദൈവം തമ്പുരാൻ അവതരിപ്പിച്ചുവെന്ന് ഖുർആൻ പറയുകയും അതോടൊപ്പം തന്നെ ദൈവം തമ്പുരാൻ അവതരിപ്പിച്ച രീതിയിൽ മനുഷ്യർക്ക് മോശെ പ്രവാചകൻ വിശദീകരിച്ചുകൊടുത്തു എന്ന് ബൈബിൾ പ്രഖ്യാപിക്കുകയും ചെയ്യുന്ന നിയമപുസ്തകമാണോ ഇന്നത്തെ പഞ്ചപുസ്തകങ്ങൾ എന്ന ചോദ്യത്തിന് ബൈബിൾ ഒരു തവണ വായിച്ചിട്ടുള്ള ഏതൊരാൾക്കും നൽകാനുള്ള മറുപടി അല്ലായെന്നാണ്. മോശെയുടെ ഒരുപാട് വചനങ്ങൾ അതിലുണ്ട്. എന്നാൽ, മോശയുടെ മരണത്തിനുശേഷം പലരാലും കടത്തിക്കൂട്ടപ്പെട്ട ഒരുപാടു വചനങ്ങളതിലുണ്ട് എന്നുള്ള വസ്തുത ആ പഞ്ചപുസ്തകങ്ങൾ തന്നെ സാക്ഷ്യം വഹിക്കുന്നു എന്നുള്ളത് സത്യമാണ്. ആർക്കും നിഷേധിക്കാൻ സാധ്യമല്ലാത്ത സത്യം. ആവർത്തന പുസ്തകത്തിലെ 34-ാം അധ്യായം അഞ്ചു മുതൽ 12 വരെ[1]യുള്ള വചനങ്ങളിൽ

1 "അങ്ങനെ യഹോവയുടെ ദാസനായ മോശെ യഹോവയുടെ വചനപ്രകാരം അവിടെ മോവാബ് ദേശത്തു വെച്ചു മരിച്ചു. അവൻ അവനെ മോവാബ് ദേശത്ത് ബേത്ത് -പെയോരിന്നെതിരെയുള്ള താഴ്വരിൽ അടക്കി. എങ്കിലും ഇന്നുവരെയും അവന്റെ ശവക്കുഴിയുടെ സ്ഥലം ആരും അറിയുന്നില്ല. മോശെ മരിക്കുമ്പോർ അവന്നു നൂറ്റിഇരുപത് വയസ്സായിരുന്നു. അവന്റെ കണ്ണ് മങ്ങാതെയും അവന്റെ ദേഹബലം ക്ഷയിക്കാതെയും ഇരുന്നു. യിസ്രായേൽമക്കൾ മേശെയെക്കുറിച്ച് മോവാബ് സമഭൂമിയിൽ മുപ്പത് ദിവസം കരഞ്ഞുകൊണ്ടിരിന്നു. അങ്ങനെ മേശെയെക്കുറിച്ച് കരഞ്ഞു വിലപിക്കുന്ന കാലം തികഞ്ഞു. നൂന്റെ മകനായ യോശുവായെ മോശെ കൈവച്ച് അനുഗ്രഹിച്ചിരിക്കുന്നതുകൊണ്ട് അവൻ ജ്ഞാനാത്മപൂർണ്ണനായിത്തീർന്നു. യഹോവ മോശെയോടു കൽപ്പിച്ചതുപോലെ യിസ്രായോൽ മക്കൾ അവനെ അനുസരിച്ചു. എന്നാൽ മിസ്രയീം ദേശത്തു ഫറനോനോടും അവന്റെ സകല ഭൃത്യന്മാരോടും അവന്റെ സർവ്വ ദേശത്തോടും ചെയ്യുവാൻ യഹോവ മോശെയെ നിയോഗിച്ചയച്ച സകല അൽഭുതങ്ങളും ഭുജവീര്യവും എല്ലാ യിസ്രായേലും കാൺകെ മോശെ പ്രവർത്തിച്ച ഭയങ്കര കാര്യമെക്കെയും വിചാരിച്ചാൽ യഹോവ അഭിമുഖമായി അറിഞ്ഞു മോശെയെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല". (ആവർത്തന പുസ്തകം 34: 5-12)



വിശദീകരിക്കപ്പെട്ടിട്ടുള്ളത് മോശയുടെ മരണത്തെയും മരണത്തിനു ശേഷമുള്ള കാര്യങ്ങളെയുമാണ്. ആവർത്തനപുസ്തകം അവസാനിപ്പിക്കുന്നത് "പിന്നീട് ഇസ്റായീലിൽ ഇതുവരെ മോശെയെപ്പോലൊരു പ്രവാചകൻ ഉണ്ടായിട്ടില്ല" എന്ന് പറഞ്ഞുകൊണ്ടാണ് എന്നുള്ള വസ്തുത നമുക്ക് കാണാൻ കഴിയുന്നതാണ്. ഇതിൻെറ അടിസ്ഥാനത്തിൽ മോശെ പ്രവാചകന് അവതരിച്ച, മോശെ പ്രവാചകൻ ജനങ്ങൾക്കു മുന്നിൽ വിശദീകരിച്ച നിയമപുസ്തകമല്ല ഇന്നത്തെ പുസ്തകം, അതിൽ പലതും കടന്നുകൂടിയിട്ടുണ്ട് എന്ന് നമുക്ക് മനസ്സിലാക്കാനാവും. മോശയുടെ കാലത്തിനുശേഷം പലരും പലതും കടത്തിക്കൂട്ടിയിട്ടുണ്ട് എന്ന വസ്തുത ഇതിൽ നിന്ന് നമുക്ക് സുതരാം വ്യക്തമാകുന്നുണ്ട്.

ഇതേപോലെതന്നെയാണ് ഖുർആനിൽ പറയുന്ന സബൂർ എന്ന വേദഗ്രന്ഥം, അഥവാ ദാവീദിന് ദൈവം തമ്പുരാൻ അവതരിപ്പിച്ചതായി ഖുർആൻ സൂചിപ്പിക്കുന്ന ഗ്രന്ഥത്തിന്റെയും സ്ഥിതി. നമുക്കറിയാം, സങ്കീർത്തന പുസ്തകങ്ങൾ ബൈബിളിലെ അതിസുന്ദരമായ പുസ്തക സഞ്ചയമാണ്. ഈ സങ്കീർത്തന പുസ്തകങ്ങളിൽ ദാവീദിന്േറതെന്ന് തലവാചകമുള്ള ഏതാനും ചില സങ്കീർത്തനങ്ങളാണുള്ളത്. അതല്ലാത്ത ചിലത് ആസാഫിൻെറയും ആസാഫിൻെറ പുത്രന്മാരുടെയും കോരഹിൻെറയും കോരഹിൻെറ പുത്രന്മാരുടെയും അങ്ങനെ പലരുടേതുമായിക്കൊണ്ടാണ് ബൈബിളിലെ സങ്കീർത്തന സഞ്ചയങ്ങളുടെ തലവാചകങ്ങൾ തന്നെ സ്ഥിതി ചെയ്യുന്നത്. ദാവീദിന്േറതെന്ന് പറയപ്പെടുന്ന 35-ഓളം സങ്കീർത്തനങ്ങളിൽ തന്നെ ഏതെല്ലാം ദാവീദിന്േറതാണെന്ന് കൃത്യമായി പറയാൻ കഴിയില്ല എന്ന് റവ. എ.സി. ക്ലേയിറ്റനെപ്പോലെയുള്ള ബൈബിൾ പണ്ഡിതന്മാർ സൂചിപ്പിക്കുകയും ചെയ്യുന്നു. ബൈബിളിന് മലയാളത്തിൽ നിഘണ്ടു എഴുതിയ ഒരു വ്യക്തി എന്ന നിലക്കാണ് ഞാൻ അദ്ദേഹത്തെ ഉദ്ധരിക്കുന്നത്. അദ്ദേഹവുമായി യോജിക്കുമോ വിയോജിക്കുമോ എന്ന് എനിക്കറിയില്ല.

ഇനി യേശുക്രിസ്തുവിന്േറതായി അവതരിപ്പിക്കപ്പെട്ടു എന്ന് ഖുർആൻ സൂചിപ്പിക്കുന്ന ഇൻജീലിന്റെ -സുവിശേഷം- സ്ഥിതി നോക്കുക. ആ സുവിശേഷം ഖുർആൻ പറയുന്നത് ഈസാ നബി (عليه السلام) ക്ക് പടച്ചതമ്പുരാൻ അവതരിപ്പിച്ച വേദഗ്രന്ഥമാണ് എന്നാണ്. ബൈബിളിൽ നമുക്ക് കാണാൻ കഴിയും "യോഹന്നാൻ ബന്ധനസ്ഥനാ

യതിനുശേഷം യേശു ദൈവത്തിൻെറ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഗലീലിയിലേക്ക് വന്നു. അദ്ദേഹം പറഞ്ഞു: "നിങ്ങൾ അനുതപിക്കുക. കാലം തികഞ്ഞിരിക്കുന്നു. ദൈവരാജ്യം സമീപസ്ഥമായിരിക്കുന്നു. നിങ്ങൾ സുവിശേഷത്തിൽ വിശ്വസിക്കൂ. എന്നിലും വിശ്വസിക്കൂ"[1] ഇവിടെ യേശുക്രിസ്തു വിശ്വസിക്കാൻ പറഞ്ഞ, യേശുക്രിസ്തു പ്രസംഗിച്ച ദൈവത്തിൻെറ സുവിശേഷം, അത് ഏതാണ്? അതാണ് പടച്ചതമ്പുരാൻ പറയുന്ന ഇൻജീൻ. അത് മത്തായിയുടേയോ മാർക്കോസിൻേറയോ ലൂക്കോസിൻേറയോ യോഹന്നാന്റേയോ സുവിശേഷമല്ല. ദൈവം തമ്പുരാൻ അവതരിപ്പിച്ച സുവിശേഷമാണ്. ആ സുവിശേഷത്തെക്കുറിച്ചാണ് യേശുക്രിസ്തു മർക്കോസിൻെറ സുവിശേഷത്തിൻെറ എട്ടാം അധ്യായത്തിൽ 38-ാം വചനത്തിൽ പറയുന്നത് "ആരെങ്കിലും ഈ സുവിശേഷത്തിനു വേണ്ടി മരണപ്പെടുകയാണെങ്കിൽ അവർക്ക് അവരുടെ ജീവൻ ലഭിക്കുന്നുവെന്നും സകലവും നഷ്ടപ്പെടുത്തുവെങ്കിൽ മുഴുവൻ അവർക്ക് ലഭിക്കുകയുമാണ് ചെയ്യുന്നത്" എന്നും. ഈ സുവിശേഷത്തെക്കുറിച്ചാണ് യേശുക്രിസ്തു മർക്കോസിൻെറ സുവിശേഷം 13-ാം അധ്യായത്തിലെ 10-ാമത്തെ വചനത്തിൽ പറയുന്നത് 'എല്ലായിടത്തും ആദ്യമേ തന്നെ ഈ സുവിശേഷമാണ് പ്രസംഗിക്കപ്പെടേണ്ടത്'[2] എന്ന്. ചുരുക്കത്തിൽ യേശുക്രിസ്തുവിന് പടച്ച തമ്പുരാൻ അവതരിപ്പിച്ച സുവിശേഷം, അതിനെക്കുറിച്ച് ബൈബിൾ പറയുന്നു, പക്ഷേ, നമുക്കിന്ന് അത് ലഭ്യമല്ല. ഇങ്ങനെയാണ് ഇന്നത്തെ ബൈബിൾ പുസ്തകങ്ങളുടെ കാര്യത്തിൽ ഇസ്ലാമികമായ വീക്ഷണം.

ഇനി ദൈവികമെന്ന പേരിൽ സ്ഥിതി ചെയ്യുന്ന ഒരു ഗ്രന്ഥമെന്നുള്ള നിലക്ക് ഒരു സത്യാന്വേഷി ബൈബിളിനെ സമീപിക്കുമ്പോൾ-ആ സത്യാന്വേഷിയുടെ വീക്ഷണങ്ങളിലൂടെ കടന്നുപോകുമ്പോൾ -ദൈവികമാണെന്ന് പറയപ്പെടാൻ ബൈബിളിലെ പുസ്തകങ്ങൾക്ക് എത്രത്തോളം അർഹതയുണ്ട് എന്നാണ് പിന്നീട് പരിശോധിക്കപ്പെടേണ്ടത്. അവിടെ നമുക്ക് ഒന്നാമതായി നോക്കാനുള്ളതെന്താണ്? ഒരു ദൈവികഗ്രന്ഥം മനുഷ്യരെ ധാർമികത പഠിപ്പിക്കുന്നതാകണം.

1 "എന്നാൽ യോഹന്നാൻ തടവിൽ ആയ ശേഷം യേശു ഗലീലയിൽ ചെന്നു ദൈവരാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചു. കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു."(മാർക്കോസ് 1: 14-15).

2 "എന്നാൽ സുവിശേഷം മുമ്പെ സകലജാതികളോടും പ്രസംഗിക്കേണ്ടതാകുന്നു." (മർക്കോസ് 13: 1)



മനുഷ്യർക്ക് നന്മയെന്താണ് തിന്മയെന്താണ് എന്ന് പഠിപ്പിക്കുന്നതാകണം. മനുഷ്യരെ ഓരോ വിഷയത്തിലും ധർമമെന്താണ് അധർമമെന്താണ് എന്ന് മനസ്സിലാക്കിക്കൊടുക്കുന്നതാകണം വേദഗ്രന്ഥം എന്നാണ് പരിശുദ്ധ ഖുർആനിൻെറ വീക്ഷണം. അതുകൊണ്ടുതന്നെ ജീവിതത്തിൻെറ സകലമാന രംഗങ്ങളിലേക്കും, നന്മതിന്മകളെക്കുറിച്ച് കൃത്യമായി വ്യവഛേദിച്ച് പഠിപ്പിക്കുന്ന വിഷയത്തിൽ എത്രത്തോളം ബൈബിൾ വിജയിക്കുന്നു എന്ന വിഷയം പരിശോധനാത്മകമാണ്. ബൈബിളിൽ ധാർമികമായ ഒരുപാടു ഉപദേശങ്ങളുണ്ട്, നിർദേശങ്ങളുണ്ട്. സംശയമൊന്നുമില്ല. അതെല്ലാംതന്നെ ദൈവം തമ്പുരാൻ അവതരിപ്പിച്ച പ്രവാചകന്മാരിലൂടെ അവതരിപ്പിക്കപ്പെട്ട നിയമങ്ങളുടെ ഭാഗങ്ങളവയിലുള്ളതുകൊണ്ടാണ്എന്ന കാര്യത്തിലും സംശമൊന്നുമില്ല.

എന്നാൽ പിൽക്കാലഘട്ടത്തിൽ തങ്ങളുടെ താൽപര്യത്തിനു വേണ്ടി പലതും കടത്തിക്കൂട്ടിയപ്പോൾ ദൈവംതമ്പുരാൻ പോലും കളവു പറയുന്നതായി ബൈബിളിലെ ഉൽപത്തി പുസ്തകത്തിലെ രണ്ടാം അധ്യായത്തിലെ മൂന്നാം വചനത്തിൽ പ്രത്യക്ഷപ്പെടുന്നത് നമ്മൾ കാണുന്നു. ആദ്യത്തെ നീതിമാനായി ബൈബിൾ പരിചയപ്പെടുത്തുന്ന നോഹ പ്രവാചകൻ മദ്യപിച്ച് ലക്കുകെട്ട് തുണിയുരിഞ്ഞു, ആ തുണി മക്കൾ എടുത്തുകൊടുക്കേണ്ട ഗതികേടിലെത്തിയതായി നമ്മൾ വായിക്കേണ്ടിവരുന്നു ഉൽപത്തി പുസ്തകത്തിൽ ഒമ്പതാം അധ്യായത്തിൽ[1]. അതേ ഉൽപത്തി പുസ്തകത്തിൽതന്നെയുള്ള 19-ാം അധ്യായത്തിൽ ലോത്ത് എന്ന് പറയുന്ന നീതിമാൻ-കർത്താവ് ഇഷ്ടപ്പെട്ട വ്യക്തി, അദ്ദേഹം സ്വന്തം പുത്രിമാരുമായി മദ്യപിച്ച് ലക്കുകെട്ട് ശയിക്കുന്ന[2]ത് നമ്മൾ വായിക്കേണ്ടിവരുന്നു. അതേപോലെ

1. "നോഹ കൃഷിചെയ്യാൻ തുടങ്ങി; ഒരു മുന്തിരത്തോട്ടം നട്ടുണ്ടാക്കി. അവൻ അതിലെ വീഞ്ഞു കുടിച്ചു ലഹരി പിടിച്ചു തന്റെ കൂടാരത്തിൽ വസ്ത്രം നീങ്ങി കിടന്നു. കനാന്റെ പിതാവായ ഹാം പിതാവിന്റെ നഗ്നത കണ്ടു വെളിയിൽ ചെന്നു തന്റെ രണ്ടു സഹോദരന്മാരെയും അറിയിച്ചു. ശേമും യാഫെത്തും ഒരു വസ്ത്രം എടുത്തു ഇരുവരുടെയും തോളിൽ ഇട്ടു വിമുഖരായി ചെന്നു പിതാവിന്റെ നഗ്നത മറച്ചു; അവരുടെ മുഖം തിരിഞ്ഞിരുന്നതുകൊണ്ട് അവർ പിതാവിന്റെ നഗ്നത കണ്ടില്ല." (ഉൽപത്തി 9:20-23)

2. "വരിക; അപ്പനാൽ സന്തതി ലഭിക്കേണ്ടതിന്നു അവനെ വീഞ്ഞു കുടിപ്പിച്ചു അവനോടുകൂടെ ശയിക്ക എന്നു പറഞ്ഞു. അങ്ങനെ അന്നു രാത്രി അവർ അപ്പനെ വീഞ്ഞു കുടിപ്പിച്ചു; മൂത്തവൾ അകത്തുചെന്ന് അപ്പനോടുകൂടെ ശയിച്ചു; അവൾ ശയിച്ചതും എഴുന്നേറ്റതും അവൻ അറിഞ്ഞില്ല. പിറ്റെന്നാൾ മൂത്തവൾ ഇളയവളോടു ഇന്നലെ രാത്രിയിൽ ഞാൻ അപ്പനോടുകൂടെ ശയിച്ചു; നാം അവനെ ഇന്നു രാത്രിയും വീഞ്ഞു കുടിപ്പിക്ക; അപ്പനാൽ സന്തതി ലഭിക്കേണ്ടതിന് നീയും അകത്തു ചെന്നു അപ്പനോടുകൂടെ ശയിക്ക

തന്നെ ദാവീദ് എന്ന മഹാനായ മനുഷ്യനായി ബൈബിൾ പരിചയപ്പെടുത്തുന്ന വ്യക്തി ശാമുവേലിൻെറ രണ്ടാം പുസ്തകത്തിൽ പതിനൊന്നാമത്തെ അധ്യായത്തിൽ മറ്റുള്ളവരുടെ കുളിമുറിയിലേക്ക് എത്തിനോക്കുകയും അവിടെനിന്ന് സുന്ദരിയായ സ്ത്രീ കുളിക്കുന്നതുകാണുമ്പോൾ തന്റെ കിടപ്പറയിലേക്ക് വരുത്തുകയും ശയിക്കുകയും, ശയിച്ചതിനു ശേഷം ഗർഭിണിയായപ്പോൾ ആ ഗർഭം തൻെറ പടയാളിയുടെ തലയിൽ കെട്ടിവെക്കാൻ പരിശ്രമിക്കുകയും അതു പരാജയപ്പെട്ടപ്പോൾ പടയാളിയെ ചതിച്ചുകൊല്ലു[3]കയുമെല്ലാം ചെയ്

എന്നു പറഞ്ഞു; അങ്ങനെ അന്നു രാത്രി അവർ അപ്പനെ വീഞ്ഞു കുടിപ്പിച്ചു; ഇളയവൾ ചെന്നു അവനോടുകൂടെ ശയിച്ചു; അവൾ ശയിച്ചതും എഴുന്നേറ്റതും അവൻ അറിഞ്ഞില്ല. ഇങ്ങനെ ലോത്തിന്റെ രണ്ടു പുത്രിമാരും അപ്പനാൽ ഗർഭം ധരിച്ചു".(ഉൽപത്തി 19:32-36)

3. "ഒരുനാൾ സന്ധ്യയാകാറായ സമയത്ത് ദാവീദ് മെത്തയിൽനിന്ന് എഴുന്നേറ്റ് രാജധാനിയുടെ മാളികമേൽ ഉലാത്തിക്കൊണ്ടിരിക്കുമ്പോൾ ഒരു സ്ത്രീ കുളിക്കുന്നത് മാളികയിൽനിന്ന് കണ്ടു; ആ സ്ത്രീ അതിസുന്ദരി ആയിരുന്നു. ദാവീദ് ആളയച്ചു ആ സ്ത്രീയെപ്പറ്റി അന്വേഷിപ്പിച്ചു. അവൾ എലീയാമിന്റെ മകളും ഹിത്യനായ ഊരീയാവിന്റെ ഭാര്യയുമായ ബത്ത്-ശേബ എന്ന് അറിഞ്ഞു. ദാവീദ് ദൂതന്മാരെ അയച്ച് അവളെ വരുത്തി; അവൾ അവന്റെ അടുക്കൽ വന്നു. അവൾക്ക് ഋതുശുദ്ധി വന്നിരുന്നതുകൊണ്ട് അവൻ അവളോട് ശയിച്ചു; അവൾ തന്റെ വീട്ടിലേക്ക് മടങ്ങിപ്പോയി. ആ സ്ത്രീ ഗർഭം ധരിച്ചു, താൻ ഗർഭിണി ആയിരിക്കുന്നു എന്ന് ദാവീദിന് വർത്തമാനം അയച്ചു. അപ്പോൾ ദാവീദ് ഹിത്യനായ ഊരീയാവെ തന്റെ അടുക്കൽ അയപ്പാൻ യോവാബിന്ന് കൽപന അയച്ചു. ഊരീയാവു തന്റെ അടുക്കൽ വന്നപ്പോൾ ദാവീദ് അവനോട് യോവാബിന്റെയും പടജ്ജനത്തിന്റെയും സുഖവർത്തമാനവും യുദ്ധത്തിന്റെ വസ്തുതയും ചോദിച്ചു. പിന്നെ ദാവീദ് ഊരീയാവോട്: നീ വീട്ടിൽ ചെന്ന് കാലുകളെ കഴുകുക എന്ന് പറഞ്ഞു. ഊരിയാവു രാജധാനിയിൽനിന്ന് പുറപ്പെട്ടപ്പോൾ രാജാവിന്റെ സമ്മാനം അവന്റെ പിന്നാലെ ചെന്നു. ഊരിയാവോ തന്റെ വീട്ടിൽ പോകാതെ യജമാനന്റെ സകല ഭൃത്യന്മാരോടുംകൂടെ രാജധാനിയുടെ വാതിൽക്കൽ കിടന്നുറങ്ങി. ഊരിയാവു വീട്ടിൽ പോയില്ല എന്നറിഞ്ഞപ്പോൾ ദാവീദ് ഊരിയാവിനോട്: നീ യാത്രയിൽനിന്നു വന്നവനല്ലയോ? നിന്റെ വീട്ടിൽ പോകാതെ ഇരുന്നതു എന്തു എന്നു ചോദിച്ചു. ഊരിയാവു ദാവീദിനോടു: പെട്ടകവും യിസ്രായേലും യെഹൂദയും കൂടാരങ്ങളിൽ വസിക്കുന്നു; എന്റെ യജമാനനായ യോവാബും യജമാനന്റെ ഭൃത്യന്മാരും വെളിമ്പ്രദേശത്ത് പാളയമിറങ്ങിക്കിടക്കുന്നു; അങ്ങനെയിരിക്കെ ഞാൻ ഭക്ഷിപ്പാനും കുടിപ്പാനും എന്റെ ഭാര്യയോടുകൂടെ ശയിപ്പാനും എന്റെ വീട്ടിൽ കടക്കുമോ? നിന്നാണെ, നിന്റെ ജീവനാണെ, അത് ഞാൻ ചെയ്തതില്ല എന്ന് പറഞ്ഞു. അപ്പോൾ ദാവീദ് ഊരീയാവിനോട്: നീ ഇന്നും ഇവിടെ താമസിക്കു; നാളെ ഞാൻ നിന്നെ പറഞ്ഞയക്കും എന്ന് പറഞ്ഞു. അങ്ങനെ ഊരീയാവു അന്നും യെരൂശലേമിൽ താമസിച്ചു. പിറ്റെന്നാൾ ദാവീദ് അവനെ വിളിച്ചു; അവൻ അവന്റെ മുമ്പാകെ ഭക്ഷിച്ചു പാനം ചെയ്തു; അവൻ അവനെ ലഹരിപിടിപ്പിച്ചു; എങ്കിലും അവൻ വീട്ടിലേക്ക് പോകാതെ സന്ധ്യക്ക് ചെന്ന് യജമാനന്റെ ഭൃത്യന്മാരോടുകൂടെ തന്റെ വിരിപ്പിൽ കിടന്നു. രാവിലെ ദാവീദ് യോവാബിന് ഒരു എഴുത്തു എഴുതി ഊരിയാവിന്റെ കയ്യിൽ കൊടുത്തയച്ചു. എഴുത്തിൽ; പട കഠിനമായിരിക്കുന്നേടത്തു ഊരിയാവേ മുന്നണിയിൽ നിർത്തി അവൻ വെട്ടുകൊണ്ടു മരിക്കത്തക്കവണ്ണം അവനെ വിട്ടു പിൻമാറുവിൻ എന്ന് എഴുതിയിക്കുന്നു. അങ്ങനെ തന്നേ യാവോബ് ആ പട്ടണത്തെ സൂക്ഷിച്ച് നോക്കീട്ട് ശൂരന്മാർ നിൽക്കുന്നതായി കണ്ട സ്ഥലത്ത് ഊരീയാവേ നിർത്തി. പട്ടണക്കാർ പുറപ്പെട്ട് യോവാബിനോട് പടവെട്ടിയപ്പോൾ ദാവീദിന്റെ ഭടന്മാരായി സൈന്യത്തിൽ ചിലർ കൊല്ലപ്പെട്ടു; ഹിത്യനായ ഊരീയാവും മരിച്ചു". (സാമുവേൽ11:2-17)



തതായി നമുക്ക് വായിക്കേണ്ടി വരുന്നു. അതേപോലെതന്നെ 1 രാജാക്കന്മാരുടെ 11-ാമത്തെ പുസ്തകത്തിൽ മഹാനായ രാജാവായി പരിചയപ്പെടുത്തുന്ന, ബൈബിളിലെ ചില പുസ്തകങ്ങളുടെ കർത്താവായ സോളമൻ ഒരുപാട് തോന്നിവാസങ്ങൾ ചെയ്ത വ്യക്തിയായി ചിത്രീകരിക്കുന്നത് നമ്മൾ കാണേണ്ടിവരുന്നു. ബൈബിളിലെ പല പുസ്തകളിലും സാധാരണഗതിയിൽ പച്ചയായി വായിക്കാൻപോലും സാധ്യമല്ലാത്ത ലൈംഗിക പരാമർശങ്ങൾ കടന്നുവരുന്നത് നമുക്ക് വായിക്കേണ്ടിവരുന്നു. യെസക്കിയേലിൻെറ പുസ്തകത്തിൽ 23-ാം അധ്യായം ഒരുദാഹരണം, ഇതേപോലെ നിരവധി ഉദാഹരണങ്ങൾ. ഇത് ഞാൻ സൂചിപ്പിക്കുന്നത് ബൈബിളിനെ വിലകുറച്ചു കാണിക്കാനല്ല. മറിച്ച് ധർമാധർമങ്ങളെ വ്യവഛേദിച്ച് കാണിക്കുന്നതാകണം വേദഗ്രന്ഥമെന്ന പരിശുദ്ധ ഖുർആനിൻെറ പ്രഥമ മാനദണ്ഡത്തെ അതിജീവിക്കുവാൻ ബൈബിൾ അപര്യാപ്തമാണെന്ന് സൂചിപ്പിക്കുവാൻ വേണ്ടിയാണ്.

യേശുക്രിസ്തുവിനെപ്പോലും ബൈബിൾ രചയിതാക്കൾ വെറുതെ വിട്ടിട്ടില്ല എന്നാണ് ഞാൻ പറയുക. കൃത്യമായും മനുഷ്യരെ സംബന്ധിച്ചിടത്തോളം ദൈവിക മാർഗദർശനത്തിൽ വിശ്വസിക്കുന്നയാളുകളെല്ലാവരും പൗലോസ് പറഞ്ഞതു പോലെ പറയും. കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനത്തിൽ ആറാം അധ്യായത്തിലെ പത്താമത്തെ വചനത്തിൽ പൗലോസ് പറഞ്ഞല്ലോ, 'മദ്യപാനി സ്വർഗരാജ്യം അവകാശമാക്കുകയില്ല' എന്ന്. ഇത് സ്വാഭാവികമാണ്. മദ്യം മനുഷ്യനെ മയക്കിക്കിടത്തുന്ന, മനുഷ്യൻെറ ചിന്താശക്തിയെയും ബുദ്ധിശക്തിയെയും മരവിപ്പിക്കുന്ന, ഒരു വസ്തുവാണെന്ന് നമുക്കറിയാം. ഈ മദ്യം തൻെറ അത്ഭുതത്തിൻെറ ഭാഗമായി നിർമിച്ചു നൽകുകയും ജനങ്ങളെ ലഹരിപിടിപ്പിക്കുകയും ചെയ്തവനായി ബൈബിളിലെ യോഹന്നാന്റെ സുവിശേഷം 2-ാം അധ്യായത്തിലെ 1 മുതൽ 11 വരെയുള്ള[1] വചനങ്ങളിൽ യേശുക്രിസ്തുവിനെ പരിചയപ്പെടുത്തുന്നു. നഊദുബില്ലാ.... മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം

1. "മൂന്നാം ദിവസം ഗീലിലയിലെ കനാവിൽ ഒരു കല്യാണം ഉണ്ടായിരുന്നു; യേശുവിന്റെ അമ്മ അവിടെ ഉണ്ടായിരുന്നു. യേശുവിനെയും ശിഷ്യൻമാരെയും കല്യാണത്തിന് ക്ഷണിച്ചിരുന്നു. വീഞ്ഞു തികയാതെ വന്നപ്പോൾ യേശുവിന്റെ അമ്മ അവനോട്: "അവർക്കു വീഞ്ഞില്ല" എന്നു പറഞ്ഞു. യേശു അവളോട്: "സ്ത്രീയേ, എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇതുവരെ വന്നിട്ടില്ല" എന്നു പറഞ്ഞു. അവന്റെ അമ്മ ശുശ്രൂഷകരോട്: "അവൻ നിങ്ങളോട് എന്തെങ്കിലും കൽപിച്ചാൽ അത് ചെയ്യുവിൻ" എന്നു പറഞ്ഞു.

അത് ചിന്തിക്കാൻ പോലും സാധ്യമല്ല. ഇവിടെ എന്താണ് ഞാൻ സൂചിപ്പിക്കുന്നതെന്നുവെച്ചാൽ തീർച്ചയായും മദ്യത്തിനെതിരായ വചനങ്ങൾ ബൈബിളിലുണ്ട്. പക്ഷേ, ആ വചനങ്ങൾ എടുത്തുദ്ധരിക്കുമ്പോൾ സ്വാഭാവികമായി വിമർശകർ തിരിച്ചു ചോദിക്കുന്നു: യേശുക്രിസ്തു തന്നെ തൻെറ അത്ഭുതമായി കാനായിലെ കല്യാണവിരുന്നിൽ വെച്ച് പച്ചവെള്ളം വീഞ്ഞാക്കി മാറ്റുകയും ജനങ്ങൾക്ക് നൽകുകയും ചെയ്തില്ലേയെന്ന്. മനുഷ്യരുടെ കൈകടത്തലുകൾ നടക്കുന്ന വേദ ഗ്രന്ഥത്തിൻെറ വിഷയത്തിൽ ആ ചോദ്യം സ്വാഭാവികമാണ്.

ഇതേപോലെതന്നെ ബൈബിളിനെ പിന്നീട് പരിചയപ്പെടുത്തപ്പെടാറുള്ളത് ലോകത്തിൻെറ ആരംഭം മുതൽ യേശുക്രിസ്തുവിൻെറ കാലം വരെയുള്ള ചരിത്രത്തെക്കുറിച്ച്, അതല്ലെങ്കിൽ അപ്പോസ്തലന്മാരുടെ കാലം വരെയുള്ള ചരിത്രത്തെക്കുറിച്ച് കൃത്യമായി അറിവ് നൽകുന്ന ഗ്രന്ഥം എന്നാണ്. ബൈബിൾ നൽകുന്ന ചരിത്രം ഒരു പരിധിവരെ ശരിയാണെന്നതിൽ അഭിപ്രായ വ്യത്യാസം നമുക്കില്ല. കാരണം അത് ദൈവിക നിർദേശപ്രകാരം കടന്നു വന്ന പ്രവാചകന്മാരുടെ ഉപദേശങ്ങളും ദൈവികമായ വചനങ്ങളുമെല്ലാം ഉൾക്കൊള്ളുന്നതു കൊണ്ടുതന്നെ. പക്ഷേ, മനുഷ്യരുടെ കൈകടത്തലുകൾ നടന്നതുകൊണ്ട് ആ ചരിത്രവിശദീകരണങ്ങളുടെ രംഗത്തുപോലും കൃത്യത പാലിക്കാൻ ബൈബിളിന് സാധിക്കുന്നില്ല എന്നത് ആർക്കിയോളജിക്കൽ എവിഡൻസ് നൽകുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ തെളിയിക്കാൻ കഴിയും എന്നുള്ള വസ്തുതകൂടി നമ്മൾ കാണാൻ കൂട്ടാക്കാതിരിക്കരുത് എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

---

അവിടെ യഹൂദന്മാരുടെ ആചാരമനുസരിച്ച് ശുദ്ധീകരണത്തിനായുള്ള വെള്ളം നിറക്കുന്ന രണ്ടോ മൂന്നോ പറ വീതം കൊള്ളുന്ന ആറു കൽപാത്രങ്ങൾ ഉണ്ടായിരുന്നു. യേശു അവരോട്: "ഈ കൽപാത്രങ്ങളിൽ വെള്ളം നിറക്കുവിൻ" എന്നു പറഞ്ഞു; അവർ വക്കോളം നിറച്ചു. അവൻ അവരോട്: "ഇപ്പോൾ കോരി കലവറക്കാരനു കൊണ്ടുപോയി കൊടുക്കുവിൻ" എന്നു പറഞ്ഞു; അവർ കൊണ്ടുപോയി കൊടുത്തു. അത് എവിടെ നിന്നായിരുന്നുവെന്ന് വെള്ളം കോരിയ ശുശ്രൂഷക്കാരല്ലാതെ കലവറക്കാരൻ അറിഞ്ഞില്ല; വീഞ്ഞായിത്തീർന്ന വെള്ളം കലവറക്കാരൻ രുചിച്ചു നോക്കിയ ശേഷം മണവാളനെ വിളിച്ചു: "എല്ലാവരും ആദ്യം നല്ല വീഞ്ഞും ലഹരിപിടിച്ച ശേഷം താഴ്ന്നതരം വീഞ്ഞും കൊടുക്കാറുണ്ട്; നീ നല്ല വീഞ്ഞ് ഇതുവരെയും സൂക്ഷിച്ചു വെച്ചുവല്ലോ" എന്നവനോടു പറഞ്ഞു. യേശു ഇത് അത്ഭുതങ്ങളുടെ ആരംഭമായി ഗലീലയിലെ കാനാവിൽ വെച്ച് ചെയ്ത് തന്റെ മഹത്വം വെളിപ്പെടുത്തി; അവന്റെ ശിഷ്യന്മാർ അവനിൽ വിശ്വസിച്ചു''. (യോഹന്നാൻ 2:1-11)



ഉദാഹരണത്തിന്, ബൈബിളിൽ നിറഞ്ഞുനിൽക്കുന്ന കഥാപാത്രമായ ഈജിപ്തിലെ ഫറോവയെക്കുറിച്ച് നിങ്ങൾ ചിന്തിച്ചു നോക്കുക. 'പർ' 'ആ' എന്ന രണ്ട് ഈജിപ്ഷ്യൻ പദങ്ങളിൽ നിന്നാണ് 'മഹാഭവനം' എന്ന് അർഥം വരുന്ന ഫറോവ എന്ന പദമുണ്ടാകുന്നത് എന്ന് നമുക്കറിയാം. ബൈബിളിൽ ഫറോവയെക്കുറിച്ച് വിശദീകരിക്കുന്നുണ്ട്. ഈജിപ്തിൻെറ ചരിത്രത്തെ 30 ഡൈനാസ്റ്റികളുടെ (Dynasties) ചരിത്രമായി തിരിച്ചുകൊണ്ടാണ് ഈജിപ്തോളജിസ്റ്റുകൾ പഠിച്ചുകൊണ്ടിരിക്കുന്നത്. ഇവ്വിഷയകമായി ഇന്ന് രചിക്കപ്പെട്ട ഗ്രന്ഥങ്ങൾ നമ്മുടെ കൈകളിൽ ഉണ്ട്. അതേപോലെ തന്നെ നടന്നുകൊണ്ടിരിക്കുന്ന ഗവേഷണങ്ങളുടെ വിഷയത്തിൽ ഇന്ന് ഇൻറർനെറ്റിൽനിന്ന് ഡൗൺ ലോഡ് ചെയ്ത ഒരുപാട് മെറ്റീരിയലുകൾ നമ്മുടെ കൈകളിലുണ്ട്. ഇവിടെ ഞാൻ സൂചിപ്പിക്കുന്നത് ഫറോവ എന്ന് ഈജിപ്തിലെ രാജാക്കന്മാരെ വിളിക്കാനാരംഭിച്ചത് 18-ാം ഡൈനാസ്റ്റിയുടെ കാലത്താണെന്നാണ്- ഈജിപ്തിൻെറ ചരിത്രത്തെ, മൂന്ന് കിംഗ്ഡങ്ങൾ- ഓൾഡ് കിംഗ്ഡം, മിഡിൽ കിംഗ്ഡം, ന്യൂ കിംഗ്ഡം എന്നിങ്ങനെ തരംതിരിച്ചു കൊണ്ട് പഠിക്കുന്നു- അതിന് ഇടക്കുള്ള കിംഗ്ഡങ്ങളുമുണ്ട്. ഇതിൽ മിഡിൽ കിംഗ്ഡത്തിൻെറ കാലത്ത്, 18-ാം രാജവംശത്തിൻെറ കാലത്താണ് ഈജിപ്ഷ്യൻ രാജാക്കന്മാരെ ഇങ്ങനെ വിളിക്കുവാൻ- ഫറോവമാരെന്ന് വിളിക്കുവാൻ- തുടങ്ങിയത് എന്ന വസ്തുത ഞാൻ പറയുന്ന കാര്യമല്ല, എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക എടുത്ത് പരിശോധിച്ച് നോക്കുക. അതേപോലെതന്നെ ഹാർപേഴ്സ് ബൈബിൾ ഡിക്ഷണറി എടുത്ത് പരിശോധിച്ചു നോക്കുക. നെൽസൺസ് ഇല്ല്യുസ്ട്രേറ്റഡ് ബൈബിൾ ഡിക്ഷണറി എടുത്ത് പരിശോധിച്ചു നോക്കുക. മലയാളത്തിൽ ഡോ. ഡി. ബാബു പോൾ എഴുതിയ 'വേദശബ്ദ രത്നാകര'മെന്ന പേരിലുള്ള ബൈബിൾ ഡിക്ഷണറി എടുത്ത് പരിശോധിച്ചുനോക്കുക. ഇവയിലെല്ലാം നമുക്ക് കാണാൻ കഴിയുന്ന കാര്യമാണത്.

പക്ഷേ, നമ്മൾ ബൈബിൾ പരിശോധിച്ചാൽ ഉൽപത്തി പുസ്തകത്തിൽ 12-ാം അധ്യായത്തിൽ 10 മുതൽ 20 വരെയുള്ള വചനങ്ങളിൽ അബ്രഹാമിൻെറ കാലഘട്ടത്തിലെ ഈജിപ്തിലെ രാജാവിനെ ആറു തവണയാണ് ഫറോവ എന്ന് വിളിച്ചിട്ടുള്ളത്. ചരിത്രപരമായി പരിശോധിച്ചുനോക്കിയാൽ നമുക്കു കാണാൻ കഴിയുന്ന കാര്യം അബ്രഹാം ജീവിച്ചിരുന്നത് ക്രിസ്തുവിന് ഏകദേശം 2300 കൊല്ലങ്ങൾക്കു

മുമ്പാണ് എന്നും ഓൾഡ് കിംഗ്ഡത്തിൻെറ അവസാന കാലഘട്ട ത്തിലായിരിക്കും അദ്ദേഹത്തിൻെറ ജീവിതമെന്നുമെല്ലാമാണ്. ഇതാ ണ് പണ്ഡിതന്മാരുടെ അഭിപ്രായമെന്ന വിഷയത്തിലും ഇഷ്ടംപോ ലെ രേഖകൾ നമ്മുടെ കൈവശമുണ്ട്. അതുപോലെതന്നെ യോസ ഫിൻെറ കാലഘട്ടത്തിലെ ഈജിപ്തിലെ രാജാവിനെ കുറിച്ചും ഫ റോവയെന്ന പരാമർശമുണ്ട്. യോസഫിൻെറ ജീവിതകാലം ബി. സി. 1650-കളുടെ കാലഘട്ടത്തിലായിരിക്കുമെന്നാണ് ലഭിക്കപ്പെട്ട ആർ ക്കിയോളജിക്കൽ എവിഡൻസസിൻെറ അടിസ്ഥാനത്തിൽ പണ്ഡി തന്മാർ എത്തുന്ന നിഗമനം. ഏതായിരുന്നാലും യോസഫ് മിഡിൽ കിംഗ്ഡത്തിലായിരിക്കും ജീവിച്ചിരുന്നതെന്ന കാര്യത്തിൽ പണ്ഡി തന്മാർക്കിടയിൽ അഭിപ്രായാന്തരങ്ങളില്ല- ബൈബിൾ പണ്ഡിത ന്മാർക്കിടയിലുണ്ടാവാം; എനിക്കറിയില്ല- പൊതുവെ ഞാനിത് സൂചി പ്പിക്കുന്നത് ബൈബിൾ പണ്ഡിതന്മാർ തന്നെ നേരത്തേ സൂചിപ്പിച്ച ഗ്രന്ഥങ്ങളിൽ പറഞ്ഞതിൻെറ അടിസ്ഥാനത്തിലാണ്. അപ്പോൾ ഈജിപ്തുകാർ ഫറോവ എന്ന വിളി ആരംഭിക്കുന്നതിനു മുമ്പുത ന്നെ ബൈബിൾ ഈജിപ്തിലെ രാജാക്കന്മാരെ ഫറോവ എന്ന് വിളി ക്കുന്നു. അഥവാ ബൈബിളിൽ ഈ വചനങ്ങൾ രചിക്കപ്പെട്ടത് ഒരു അബദ്ധ സങ്കൽപത്തിന്റെ അടിസ്ഥാനത്തിലാണ്. മോശയുടെ തൊട്ടു മുമ്പാണ് ഫറോവ എന്ന സംബോധനാരീതിയാരംഭിച്ചത് എന്ന് ആർക്കിയോളജിക്കൽ എവിഡൻസിൻെറ അടിസ്ഥാനത്തിൽ പണ് ഡിതന്മാർ വ്യക്തമാക്കുകയാണ്. അപ്പോൾ ഈ വിളി ആരംഭിച്ച മോശയുടെ കാലം കഴിഞ്ഞ് ഒരുപാട് കാലം കഴിഞ്ഞ് ലേഖനങ്ങളും പുസ്തകളുമെഴുതുന്നയാളുകൾക്ക്; സ്വാഭാവികമായും അവയെഴുതു ന്ന കാലത്ത് ഈജിപ്തുകാർ രാജാവിനെ ഫറോവ എന്നായിരുന്നു വിളിച്ചത് എന്നതുകൊണ്ടുതന്നെ അബ്രഹാമിൻെറയും യോസഫി ൻെറയും കാലത്തെല്ലാമുള്ള രാജാക്കന്മാരെ അന്നുമുതൽക്കേ അങ്ങ നെയായിരിക്കും വിളിച്ചത് എന്ന അഭ്യൂഹത്തിൻെറ അടിസ്ഥാനത്തിൽ എഴുതിയതു കൊണ്ടാണ് ഈ അബദ്ധമുണ്ടായത് എന്നുള്ളതാണ് യാഥാർഥ്യം. (അനുബന്ധം 1 കാണുക.)

ബൈബിളിൻെറ ആന്തരഭാഗത്തേക്ക് കടന്നു ചെന്നാൽ ഇതുപോ ലെ നിരവധി ചരിത്രപരമായ അബദ്ധങ്ങൾ നമുക്ക് കണ്ടെത്തുവാൻ സാധിക്കും. നമുക്ക് യോശുവായുടെ പുസ്തകത്തിൽ 19-ാം അധ്യാ യത്തിലെ 47-ാമത്തെ വചനത്തിൽ കാണാൻ കഴിയും യാക്കോബി



ൻെറ പുത്രനായ ദാനിൻെറ മക്കൾ- ദാനിയർ എന്ന് അറിയപ്പെടുന്ന വർ, അവർ അവരുടെ സ്വദേശം നഷ്ടപ്പെട്ടപ്പോൾ ലേശേം എന്ന പ്രദേശം പിടിച്ചടക്കുകയും തങ്ങളുടെ പൂർവ പിതാവായ ദാനിൻെറ പേര് ആ പ്രദേശത്തിന് നൽകുകയും ചെയ്തു[1] എന്ന്. യാക്കോബി ൻെറ പുത്രനായ ദാനിൻെറ മക്കളായ ദാനിയരാണ് ദാനെന്ന പ്രദേശ ത്തിന് ആ പേര് നൽകുന്നത്. എന്നാൽ, ഉൽപത്തി പുസ്തകം 14-ാം അധ്യായത്തിൽ 14-ാം വചനത്തിൽ അബ്രഹാം[2] പ്രവാചകൻ തൻെറ കൂടെയുള്ള 318 പടയാളികളോടൊപ്പം തൻെറ ശത്രുവിനെ ദാൻ വരെ പിന്തുടർന്നു എന്ന പരാമർശം കാണാൻ കഴിയും. ദാൻ അബ്രഹാമി ൻെറ കാലത്തില്ലാത്ത പ്രദേശമാണ് എന്നുള്ളതാണ് സത്യം. (അനു ബന്ധം 2 കാണുക.)

ഇതേപോലെതന്നെ യേശുക്രിസ്തുവിൻെറ ജീവിതത്തിലുള്ള ചരിത്ര വിശദീകരണത്തിൽ നിരവധി അബദ്ധങ്ങൾ നമുക്ക് കാണു വാൻ സാധിക്കുകയാണ്. നിങ്ങൾ പരിശോധിച്ചു നോക്കുക. മാർ ക്കോസിൻെറ സുവിശേഷം ഒന്നാം അധ്യായത്തിലെ 12,13 വചനങ്ങ ളിൽ യേശുക്രിസ്തുവിൻെറ ജീവിതത്തിലെ ഒരു പ്രധാന സംഭവമാ യി വിശദീകരിക്കപ്പെടുന്ന ജ്ഞാനസ്നാനത്തിനു ശേഷം, സ്നാപന ത്തിനു ശേഷം യേശുക്രിസ്തു ഉടൻതന്നെ പോകുന്നത് മരുഭൂമിയി ലേക്കാണ്. മരുഭൂമിയിൽ പിന്നീട് 40 ദിവസം വന്യമൃഗങ്ങളോടൊപ്പം താമസിച്ചു എന്നും സാത്താൻ 40 ദിവസം അദ്ദേഹത്തെ പ്രലോഭിപ്പി ച്ചു കൊണ്ടിരുന്നുവെന്നും ആ പ്രലോഭനത്തിൻെറ[3] സമയത്ത് ദൈവ ദൂതന്മാർ അദ്ദേഹത്തെ സംരക്ഷിച്ചിരുന്നുവെന്നുമെല്ലാമുള്ള വചന ങ്ങൾ കാണാൻ കഴിയും. എന്നാൽ, ജ്ഞാനസ്നാനത്തിൻെറ ഉടനെ യുള്ള സംഗതികൾ യോഹന്നാൻ പറയുമ്പോൾ യോഹന്നാൻെറ സുവിശേഷത്തിലെ ഒന്നാം അധ്യായത്തിലെ 29 മുതൽ 43 വരെയു

1. "എന്നാൽ ദാൻമക്കളുടെ ദേശം അവർക്ക് നഷ്ടപ്പെട്ടുപോയി. അതുകൊണ്ട് ദാൻമക്കൾ പുറപ്പെട്ട് ലെശെമിനോടു യുദ്ധം ചെയ്ത് അതിനെ വാൾ കൊണ്ട് കീഴടക്കി ആ ദേശം കൈവശമാക്കി അവിടെ പാർത്തു; ലേശെമിന് തങ്ങളുടെ പിതാവിന്റെ പേരനുസരിച്ച് ദാൻ എന്നു പേരിട്ടു". (യോശുവ 19:47)
2. "തന്റെ സഹോദരപുത്രനെ തടവുകാരനായി കൊണ്ടുപോയ വിവരം അബ്രഹാം അറിഞ്ഞപ്പോൾ അവൻ തന്റെ വീട്ടിൽ ജനിച്ചവരും അഭ്യാസികളുമായ 318 പേരെ കൂട്ടി ക്കൊണ്ട് ദാൻ വരെ അവരെ പിന്തുടർന്നു". (ഉൽപ്പത്തി 14:14)
3. "അനന്തരം ആത്മാവ് അവനെ മരുഭൂമിയിലേക്ക് പോകുവാൻ നിർബന്ധിച്ചു. അവിടെ അവൻ 40 ദിവസം സാത്താനാൽ പരീക്ഷിക്കപ്പെട്ട് വന്യമൃഗങ്ങളോടുകൂടെ ആയിരുന്നു; ദൂതന്മാർ അവനെ ശുശ്രൂഷിച്ചുപോന്നു". (മർക്കൊസ് 1:12-13)

ള്ള വചനങ്ങളിൽ നമുക്ക് കാണാൻ കഴിയും ആ ജ്ഞാനസ്നാനം കഴിഞ്ഞ പിറ്റേന്ന് യോഹന്നാൻ സ്നാപകൻ രണ്ടുപേരോടൊപ്പം നിൽക്കുമ്പോൾ യേശുക്രിസ്തു നടന്നുപോകുന്നതായി, മരുഭൂമിയിലൂടെയല്ല, യോഹന്നാൻെറ മുന്നിലൂടെ! ആ സമയത്ത് അദ്ദേഹം പറഞ്ഞു: ഇതാ ദൈവത്തിൻെറ കുഞ്ഞാട്. അതിനു പിറ്റേന്ന് വീണ്ടും പറയുന്നു: ഇതാ ദൈവത്തിൻെറ കുഞ്ഞാട്! യേശു അദ്ദേഹത്തിന്റെ മുന്നിലൂടെ വീണ്ടും നടന്നുപോകുന്നു. അതിനുപിറ്റേന്ന് ഗലീലിയിലേക്കു പോകുന്ന യേശുക്രിസ്തുവിനെയാണ് നാം കാണുന്നത്, മരുഭൂമിയിലേക്കല്ല.[1] ചുരുക്കത്തിൽ യേശുവിൻെറ ചരിത്രം പറയുമ്പോഴും ഇത്തരം വൈരുദ്ധ്യങ്ങൾ നമുക്ക് കാണാൻ കഴിയുന്നു.

ദേവാലയശുദ്ധീകരണം എല്ലാ സുവിശേഷങ്ങളും ഒരേപോലെ പറയുന്ന യേശുവിൻെറ ജീവിതത്തിലെ ഒരു സംഭവമാണ്. ഈ ദേവാലയ ശുദ്ധീകരണം യേശുവിൻെറ പൊതുവായ പ്രേഷണ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന കാലഘട്ടത്തിൽ ആദ്യമായി നടന്ന പ്രവർത്തനമായി യോഹന്നാൻ വിശദീകരിക്കുമ്പോൾ അദ്ദേഹത്തിൻെറ ജീവിതത്തിൻെറ അവസാനത്തിൽ, ക്രൂശീകരണത്തിൻെറ തൊട്ടുമുമ്പ് നടന്ന പ്രവർത്തനമായിട്ടാണ് മത്തായിയും മാർക്കോസും ലൂക്കോസുമെല്ലാം വിശദീകരിക്കുന്നത്. ചരിത്രപരമായ വൈരുദ്ധ്യങ്ങളാണ് ഞാനിവിടെ സൂചിപ്പിച്ചത്. (അനുബന്ധം 3 നോക്കുക.)

ഇതേപോലെതന്നെ ഇവിടെ സൂചിപ്പിക്കപ്പെട്ട പ്രവചനങ്ങളുടെ വിഷയത്തിലും പ്രശ്നങ്ങളുണ്ട്. ബൈബിളിലെ ഒരുപാട് പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട് എന്ന കാര്യത്തിൽ സംശയമൊന്നു

1. "പിറ്റെന്നാൾ യോഹന്നാൻ പിന്നെയും തന്റെ ശിഷ്യന്മാരിൽ രണ്ടു പേരുമായി അവിടെ നിൽക്കുമ്പോൾ കടന്നു പോകുന്ന യേശുവിനെ നോക്കി: "ഇതാ ദൈവത്തിന്റെ കുഞ്ഞാട് എന്നു പറഞ്ഞു". അവൻ പറഞ്ഞത് ആ രണ്ട് ശിഷ്യന്മാർ കേട്ട് യേശുവിനെ അനുഗമിച്ചു. യേശു തിരിഞ്ഞ് അവർ പിന്നാലെ വരുന്നത് കണ്ട് അവരോട്: "നിങ്ങൾ എന്ത് അന്വേഷിക്കുന്നു?" എന്നു ചോദിച്ചു. അവർ: "റബ്ബീ (ഇതിന് ഗുരുവെന്നർത്ഥം), നീ എവിടെ പാർക്കുന്നു?" എന്നു ചോദിച്ചു. അവൻ അവരോട്: "വന്നു കാണുവിൻ" എന്നു പറഞ്ഞു. അങ്ങനെ അവൻ താമസിക്കുന്ന സ്ഥലം അവർ ചെന്ന് കണ്ട് അന്നു അവനോടു കൂടെ പാർത്തു; അപ്പോൾ ഏകദേശം പത്താംമണി നേരമായിരുന്നു. അവൻ തന്റെ സഹോദരനായ ശിമോനെ ആദ്യം കണ്ട് അവനോട്: "ഞങ്ങൾ മശിഹായെ, അതായത് ക്രിസ്തുവിനെ കണ്ടെത്തിയിരിക്കുന്നു" എന്നു പറഞ്ഞു. അവൻ അവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു; യേശു അവനെ നോക്കി: "നീ യേഹന്നാന്റെ പുത്രനായ ശിമോനാകുന്നു; നീ കേഫാ എന്നു വിളിക്കപ്പെടും" (ഇതിന് പത്രോസ് എന്നർത്ഥം) എന്നു പറഞ്ഞു. പിറ്റെന്നാൾ യേശു ഗലീലയിലേക്ക് പുറപ്പെടുവാൻ ഭാവിച്ചപ്പോൾ ഫിലിപ്പോസിനെ കണ്ടു: "എന്നെ അനുഗമിക്കുക" എന്നവനോടു പറഞ്ഞു". (യോഹന്നാൻ 1:35-43)



മില്ല. കാരണം പ്രവചനങ്ങൾ ദൈവികമാണ്. അവ പൂർത്തീകരിക്കപ്പെടും. പ്രവാചകന്മാരുടെ വചനങ്ങളുള്ളതുകൊണ്ട് അവ പൂർത്തീകരിക്കപ്പെടുക തന്നെ ചെയ്യും. പക്ഷേ, പൂർത്തീകരിക്കപ്പെടാത്ത പ്രവചനങ്ങളുണ്ടെങ്കിൽ അതിനർഥം അത് പ്രവാചകന്മാരുടെ വചനങ്ങളല്ല എന്നുതന്നെയല്ലേ? അബ്രഹാമിനോട് ദൈവം തമ്പുരാൻ പറയുന്നതായി ഉൽപത്തി പുസ്തകത്തിൽ 15-ാം അധ്യായം 13 മുതൽ 17 വരെയുള്ള വചനങ്ങളിൽ വിശദീകരിച്ചിട്ടുള്ള പ്രവചനം ഉദാഹരണം. അതിൽ കാനാൻ ദേശത്തെക്കുറിച്ച് പറയുമ്പോൾ ഈ ദേശത്തേക്ക് നിൻെറ നാലാം തലമുറയിൽപെട്ട സന്തതികൾ തിരിച്ചെത്തുമെന്നാണ് പറയുന്നത്. ഇവിടെ പ്രവചനത്തിൻെറ പൂർത്തീകരണമെന്ന് പറയാവുന്ന തരത്തിൽ പിന്നീട് ഈ അബ്രഹാമിൻെറ സന്തതികൾ കാനാൻ ദേശത്തേക്ക് തിരിച്ചെത്തുന്നത് നമുക്ക് കാണാൻ കഴിയും; മോശയുടെ കാലഘട്ടത്തിലാണിത്.[1] മോശയാകട്ടെ അബ്രഹാമിൻെറ ഏഴാമത്തെ തലമുറയിൽപെട്ട വ്യക്തിയാണ്. അബ്രഹാം പുത്രൻ ഇസ്ഹാക്ക്, പുത്രൻ യാക്കൂബ്, പുത്രൻ ലേവി, പുത്രൻ കാഹാത്ത്, പുത്രൻ അംറാം, ആ അംറാമിൻെറ പുത്രനാണ് മോശയെന്ന് നമ്മൾ മനസ്സിലാക്കുക. ഏഴാമത്തെ തലമുറയിലാണ് കാനാൻ ദേശത്ത് അവർ തിരിച്ചെത്തുന്നത്.

യേശുക്രിസ്തുവിൽ പോലും ഇതുപോലെയുള്ള പ്രവചനങ്ങൾ ആരോപിക്കുന്ന വിഷയത്തിൽ സുവിശേഷകർത്താക്കൾക്ക് യാതൊരു മടിയുമുണ്ടായിരുന്നില്ല. യേശുക്രിസ്തുവിന്റെ പ്രവചനം തെറ്റിയെന്ന് ഞാൻ ആത്മാർഥമായി വിശ്വസിക്കുന്നില്ല. കാരണം, യേശുക്രിസ്തു മഹാനായ ഒരു പ്രവാചകനാണ്. മുഹമ്മദി (ﷺ)നെപ്പോലെയുള്ള ഒരു പ്രവാചകൻ. അദ്ദേഹത്തിന്റെ ഒരു പ്രവചനം തെറ്റിയെന്നു പറഞ്ഞാൽ അദ്ദേഹം പ്രവാചകനല്ല എന്നാണ് അർഥം. നഊദുബി

1. "അപ്പോൾ അവൻ അബ്രാമിനോട് അരുളിചെയ്തു: "നിന്റെ സന്തതി തങ്ങളുടേതല്ലാത്ത ഒരു ദേശത്ത് നാനൂറ് വർഷം പരദേശികളും അടിമകളുമായി പീഡിപ്പിക്കപ്പെടുമെന്ന് നീ നിശ്ചയമായും അറിഞ്ഞു കൊള്ളുക. പക്ഷേ അവർ അടിമകളായി സേവിക്കുന്ന ജനതയെ ന്യായം വിധിക്കും; അതിന് ശേഷം അവർ വളരെ സമ്പത്തോടുകൂടെ അവിടം വിട്ട് പോരും. നീയോ നല്ല വാർദ്ധ്യക്യത്തിൽ സമാധാനത്തോടെ നിന്റെ പിതാകന്മാരോട് ചേരുകയും സംസ്കരിക്കപ്പെടുകയും ചെയ്യും. നാലാം തലമുറയിൽ നിന്റെ സന്തതി ഇവിടെ തിരിച്ചെത്തും; അമോര്യരുടെ അതിക്രമം ഇനിയും പൂർണ്ണമായിട്ടില്ല". സൂര്യൻ അസ്തമിക്കുകയും ഇരുൾ വ്യാപിക്കുകയും ചെയ്തപ്പോൾ പുകയുന്ന ഒരു തീചൂളയും കത്തുന്ന ഒരു തീ പന്തവും ആ മാംസ ഭാഗങ്ങൾക്കിടയിലൂടെ കടന്നു പോയി". (ഉൽപത്തി 15:13-17)

ല്ലാഹ്- എനിക്കങ്ങനെ പറയുന്നത് ചിന്തിക്കാൻ പോലും സാധ്യമല്ല. എന്നാൽ, ബൈബിളിൽ യേശുക്രിസ്തു പ്രവചിക്കുകയും അത് തെറ്റിയതായി നമുക്ക് കാണാൻ കഴിയുകയും ചെയ്യുന്നു. എന്തുകൊണ്ട്? യേശുവിൽ പ്രവചനം ആരോപിക്കപ്പെട്ടതുകൊണ്ട്.

മത്തായിയുടെ സുവിശേഷം 16-ാം അധ്യായത്തിൽ 28-ാം വചനത്തിൽ യേശുക്രിസ്തു പറയുന്നത് "മനുഷ്യപുത്രൻ ദൈവരാജ്യത്തിൽ ആഗമനാകുന്ന സമയത്ത് അന്നുവരെ മരണം പ്രാപിക്കാത്ത ചിലർ ഇവിടെ നിൽപുണ്ട്". അന്നുവരെ മരണം പ്രാപിക്കാത്ത- യേശുവിൻെറ രണ്ടാം ആഗമനം വരെ മരണംപ്രാപിക്കാത്ത ചിലർ ഇവിടെ നിൽപുണ്ട് എന്ന് യേശുക്രിസ്തു പറയുന്നത് നമുക്കു വായിക്കുവാൻ സാധിക്കുകയാണ്. ഇതേകാര്യംതന്നെ ലൂക്കോസിൻെറ സുവിശേഷം ഒമ്പതാം അധ്യായത്തിലെ 27-ാമത്തെ വചനത്തിൽ യേശു പറയുന്നതായി നമുക്ക് കാണാൻ കഴിയും. എന്താണ് സംഭവിച്ചത്? അന്നത്തെ ആളുകളിൽ ആരുംതന്നെ ഇന്ന് ബാക്കിയില്ല എന്നും എല്ലാവരും മരണപ്പെട്ടുവെന്നും രണ്ടായിരം കൊല്ലങ്ങൾ കഴിഞ്ഞു എന്നുമുള്ള വസ്തുത നമുക്കറിയാം. യേശു ഇന്നും വന്നിട്ടില്ല. വരുമെന്നാണ് നമ്മുടെ പ്രതീക്ഷ. അപ്പോൾ യേശുവിൻെറ ഈ വചനം തെറ്റി. ആ തെറ്റിയ പ്രവചനം യേശുക്രിസ്തു തന്നെ പറഞ്ഞതാണെങ്കിൽ ആവർത്തന പുസ്തകം 18-ാം അധ്യായത്തിലെ 19 മുതൽക്കുള്ള വചനപ്രകാരം യേശു കള്ളപ്രവാചകനാണെന്ന് പറയേണ്ടിവരും. നഊദുബില്ലാഹ്- യേശുക്രിസ്തു കള്ളപ്രവാചകനല്ല. ആ പ്രവചനം യേശുക്രിസ്തുവിൽ മത്തായി ആരോപിച്ചതാണ് എന്നാണ് ഞാൻ പറയുക.

ഇതേപോലെ യേശുക്രിസ്തുവിൽ ആരോപിക്കപ്പെട്ട നിരവധി പ്രവചനങ്ങളുണ്ട്. ഒന്നു കൂടി ഉദാഹരണമായി പറയട്ടെ- മത്തായിയുടെ സുവിശേഷം 19-ാം അധ്യായത്തിലെ 28-ാം വചനത്തിൽ മത്തായി യേശുക്രിസ്തുവിൽ ആരോപിക്കുന്ന പ്രവചനം[1], യേശുക്രിസ്തു പറയുന്നതായി പറയുന്ന പ്രവചനം: 'ഇതാ യുഗസമാപ്തിയുടെ ആ നാളിൽ മനുഷ്യപുത്രൻ അനുഗ്രഹങ്ങളുടെ സിംഹാസനത്തിൽ പ്രത്യക്ഷപ്പെടുന്ന സമയത്ത് നിങ്ങളിൽ 12 പേർ ഇസ്രായേലിലെ 12 ഗോത്രങ്ങൾക്ക് ന്യായം വിധിച്ചുകൊണ്ട് 12 സിംഹാസനങ്ങളിലിരിക്കും.' യേശുക്രിസ്തുവിൻെറ 12 അപ്പോസ്തലന്മാരെക്കുറിച്ചുള്ള പ്രവചനമാണിത്. ഈ 12 അപ്പോസ്തലന്മാർ ന്യായവിധിയുടെ നാളിൽ 12 സിംഹാസനങ്ങളിൽ ഇസ്രായീലിൻെറ 12 ഗോത്രങ്ങൾക്ക് ന്യായം വിധിച്ചുകൊണ്ടിരിക്കുമെന്നാണ് പറയുന്നത്. യൂദാസ്ഇസ്കാരിയോത്തടക്കമുള്ള 12 പേർ. യൂദാസ്ഇസ്കാരിയോത്തിന് യേശുക്രിസ്തുവിൻെറ പുനരാഗമനനാളിൽ, പുനർജീവിതത്തിൻെറ നാളിൽ ഇസ്രായീലിൻെറ ഒരു ഗോത്രത്തിന് ന്യായം വിധിച്ചുകൊണ്ടിരിക്കുവാനുള്ള ഭാഗ്യം, അനുഗ്രഹം നൽകപ്പെടുമോ? അതല്ല, മനുഷ്യപുത്രനെ ക്രൂശിക്കുവാൻ, ഒറ്റുകൊടുക്കുവാൻ വേണ്ടി പരിശ്രമിച്ചതിന് അദ്ദേഹം വിധിക്കപ്പെടുമോ? നാം ചിന്തിക്കുക. മുസ്‌ലിംകൾ വിശ്വസിക്കുന്നത് അദ്ദേഹം വിധിക്കപ്പെടും, തീർച്ചയായും അദ്ദേഹം ചതിച്ചതു കൊണ്ടുതന്നെ വിധിക്കപ്പെടും. അദ്ദേഹത്തിനെതിരെ പടച്ചതമ്പുരാൻ അവൻെറ ന്യായവിധി നടപ്പാക്കുകതന്നെ ചെയ്യും എന്നാണ്. അപ്പോൾ, ഈ പ്രവചനവും ശരിയായില്ല എന്ന് നമുക്ക് കാണാൻ കഴിയും. ഇങ്ങനെ നിരവധി കാര്യങ്ങൾ. (അനുബന്ധം 4 കാണുക.)

1. "യേശു അവരോട് പറഞ്ഞത്; എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുതുലോകത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും 12 സിംഹാസനത്തിൽ ഇരുന്നു യിസ്രായേൽഗോത്രം 12 നും ന്യായം വിധിക്കും എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു". (മത്തായി 19:28)



ശാസ്ത്രത്തിൻെറ വിഷയം ഇവിടെ പറഞ്ഞു. ശാസ്ത്രം വിശദമായി ചർച്ച ചെയ്യുവാൻ അവസരം ഇല്ല. ഇവിടെ ഒരു ലക്ഷത്തിൽപരം രൂപയുടെ വിഷയം പറഞ്ഞു. ഇരുപത് ശാസ്ത്രാബദ്ധങ്ങൾ ഞാനെൻെറ പുസ്തകത്തിൽ പറഞ്ഞിട്ടുണ്ട് എന്നാണ്. (അനുബന്ധം 5 കാണുക.) ആ പുസ്തകമാണ് ഇവിടെ ഉയർത്തിക്കാണിച്ചത്. ഇൻശാ അല്ലാഹ്! ഈ 20 ശാസ്ത്രാബദ്ധങ്ങളുടെ വിഷയങ്ങൾക്കുള്ള മറുപടി കൃത്യമായി, വസ്തുനിഷ്ഠമായി, ശാസ്ത്രീയമായി, ഗവേഷണാത്മകമായി എഴുതിത്തരുകയാണ് എങ്കിൽ ഇതാ 'ദ ട്രൂത്തും' 'നിച്ച് ഓഫ് ട്രൂത്തും' ഒന്നിച്ച് നമ്മൾ ഇവിടെ സംവാദം നടത്തിയില്ലേ, അതേപോലെ ഒന്നിച്ച് നമുക്ക് ആ വിഷയത്തിൽ ഒരു പുസ്തകമിറക്കിക്കളയാം എന്നാണ് അക്കാര്യത്തിൽ എനിക്ക് സൂചിപ്പിക്കുവാനുള്ളത്. പക്ഷേ, ഞാൻ പറയട്ടെ, എല്ലാ കാര്യത്തിലും അതെല്ലാം ഉപമാലങ്കാരമാണ് എന്നു പറഞ്ഞുകൊണ്ട് തള്ളാൻ നമുക്ക് കഴിയുമായിരിക്കും. പക്ഷേ, വസ്തുത അതാണോ എന്ന് ചിന്തിക്കുവാൻ നാം തയാറാവുകയെന്നാണ് എന്റെ അപേക്ഷ.

ഭൂമിയെക്കുറിച്ച് ബൈബിൾ പറയുന്ന കാര്യം പറഞ്ഞു. ബൈബി

ളിൽ സുബദ്ധമായ നിരവധി പ്രസ്താവനകളുണ്ട്. ആ പ്രസ്താവനകളെല്ലാം പ്രവാചകന്മാർ പറഞ്ഞതുകൊണ്ട് സുബദ്ധമാണ്. എന്നാൽ അബദ്ധങ്ങളുണ്ട്. അതിനു കാരണം മനുഷ്യർ കടത്തിക്കൂട്ടിയതാണ്. എന്താണ് അബദ്ധം? ഭൂമിയെക്കുറിച്ച് പറയുന്ന കാര്യങ്ങളെടുത്ത് പരിശോധിച്ചു നോക്കുക. ബൈബിളിലെ ഭൂമി തൂണുകളിൽ സ്ഥിതി ചെയ്യുന്ന ഭൂമിയാണ്. നമുക്ക് കാണാൻ കഴിയുന്ന കാര്യമല്ലേ ശാമുവേലിൻെറ ഒന്നാം പുസ്തകത്തിലെ രണ്ടാം അധ്യായത്തിലെ എട്ടാമത്തെ വചനത്തിൽ തൂണുകളിൽ സ്ഥിതി ചെയ്യുന്ന ഭൂമിയെക്കുറിച്ച് പറയുന്നത്![1] അതേപോലെതന്നെ നമുക്ക് കാണാൻ കഴിയുന്ന കാര്യമല്ലേ 104-ാമത്തെ സങ്കീർത്തനത്തിലെ അഞ്ചാമത്തെ വചനത്തിൽ ഇളകാതെ നിൽക്കുന്ന, ഒരു സ്ഥലത്ത് പ്രതിഷ്ഠിച്ചിട്ടുള്ള ഒരിക്കലും ചലിക്കാതെ നിൽക്കുന്ന ഭൂമിയെക്കുറിച്ച്![2] നമുക്ക് കാണാൻ കഴിയുന്ന കാര്യമല്ലേ വെളിപാടു പുസ്തകത്തിൽ ഏഴാമത്തെ അധ്യായത്തിൽ ഒന്നാമത്തെ വചനത്തിൽ പറയുന്ന നാലു മൂലകളുള്ള ഭൂമിയെക്കുറിച്ച്![3] നമുക്കുതന്നെ കാണാൻ കഴിയുന്ന കാര്യമല്ലേ ദാനിയലിൻെറ നാലാം അധ്യായത്തിലെ 10-ഉം 11-ഉം വചനങ്ങളിൽ നീണ്ടുനിവർന്നു നിൽക്കുന്ന ആകാശത്തോളം പൊങ്ങിനിൽക്കുന്ന മരത്തെക്കുറിച്ച്.[4] ഭൂമിയുടെ എല്ലാ ദിക്കുകളിൽനിന്നും കാണാൻ സാധിക്കുന്ന ഒരു മരം, അത് ആകാശത്തോളമല്ല, അതിനേക്കാൾ അധികം പൊങ്ങിയാലും അതിനെ ഭൂമിയുടെ എല്ലാ ദിക്കിൽനിന്നും കാണാമെങ്കിൽ ഭൂമി പരക്കണമെന്ന കാര്യത്തിൽ നമുക്ക് സംശയമില്ല. നമുക്ക് കാണാൻ കഴിയുന്ന കാര്യമല്ലേ, മത്തായിയുടെ സുവിശേഷം നാലാം അധ്യായത്തിലെ എട്ടാമത്തെ വചനത്തിൽ പർവതത്തിൻെറ മുകളിലേക്ക് യേശുവിനെ കൊണ്ടുപോയി ഭൂമിയിലെ സകല സിംഹാസനങ്ങളും

1. "ഭൂമിയുടെ തൂണുകൾ യഹോവക്കുള്ളവ; ഭൂമണ്ഡലത്തെ അവയുടെ മേൽ വെച്ചിരിക്കുന്നു". (1ശാമുവേൽ2:8)
2. "അവൻ ഭൂമിയെ അതൊരിക്കലും ഇളകിപ്പോവാത്തവണ്ണം അതിന്റെ അടിസ്ഥാനത്തിൻ മേൽ സ്ഥാപിച്ചിരിക്കുന്നു". (സങ്കീർത്തനങ്ങൾ104:5)
3. "അതിന്റെ ശേഷം ഭൂമിമേലും കടലിൻമേലും യാതൊരു വൃക്ഷത്തിൻമേലും കാറ്റ് ഊതാതിരിക്കേണ്ടതിനു നാലു ദൂതൻമാർ ഭൂമിയിലെ നാലു കാറ്റും പിടിച്ചു കൊണ്ടു ഭൂമിയുടെ നാലുകോണിലും നിൽക്കുന്നത് ഞാൻ കണ്ടു".(വെളിപാട് പുസ്തകം 7:1)
4. "കിടക്കയിൽ വച്ച് എനിക്കുണ്ടായ ദർശനം ഇതാകുന്നു; ഭൂമിയുടെ നടുവിൽ ഞാൻ ഒരു വൃക്ഷം കണ്ടു; അത് ഏറ്റവും ഉയരമുള്ളതായിരുന്നു.ആ വൃക്ഷം വളർന്നു ബലപ്പെട്ടു; അത് ആകാശത്തോളം ഉയരമുള്ളതും സർവ്വഭൂമിയുടെയും അറ്റത്തോളം കാണാവുന്നതും ആയിരുന്നു". (ദാനിയേൽ 4:10,11)



കാണിച്ചുകൊടുത്ത സാത്താനെക്കുറിച്ച്?[1] എവറസ്റ്റ് പർവതത്തിൻെറ മുകളിൽ പോയാൽപോലും അത് കാണണമെങ്കിൽ ഭൂമിയെ പരത്താതെ നിർവാഹമില്ല എന്നുള്ളത് സത്യമാണ്.

കടുകുമണിയെക്കുറിച്ച് ഞാനെഴുതിയത് സത്യമാണ്. അഥവാ മത്തായിയുടെ സുവിശേഷം 13-ാം അധ്യായത്തിലെ 32-ാമത്തെ വചനത്തിലും[2] മാർക്കോസിൻെറ സുവിശേഷം നാലാം അധ്യായത്തിലെ 31-ാമത്തെ വചനത്തിലും[3] കടുകുമണിയാണ് ഭൂമിയിലെ ഏറ്റവും ചെറിയ വിത്ത് എന്നാണ് എഴുതിയിട്ടുള്ളത്. ഇത് പുരാതന കാലഘട്ടത്തിലെ ബൈബിൾ പരിഭാഷകൾ പരിശോധിച്ചുകൊണ്ട് പറയുന്നതല്ല. ഇംഗ്ലീഷിൽ പുതുതായി ഇറങ്ങിയിട്ടുള്ള റിവൈസ്ഡ് സ്റ്റാൻഡേർഡ് വേർഷൻ ഹോളി ബൈബിൾ എടുത്ത് പരിശോധിക്കുക. അതേപോലെതന്നെ ഇംഗ്ലീഷിലിറങ്ങിയിട്ടുള്ള ന്യൂ ഇൻറർനാഷനൽ വേർഷൻ എടുത്ത് പരിശോധിക്കുക. ഇനി ബൈബിളിലെ സകല തെറ്റുകളും തിരുത്തിക്കൊണ്ട് പുറത്തിറക്കിയെന്ന് പറയുന്ന കൊച്ചിയിലും തിരുവനന്തപുരത്തുമുള്ള മലയാളികൾ പ്രസിദ്ധീകരിച്ച വിശുദ്ധ സത്യവേദപുസ്തകവും വിശുദ്ധ വേദപുസ്തകവും 90-കളിൽ ഇറങ്ങിയതാണ്. ഇവയിലെല്ലാം ഏറ്റവും ചെറിയ വിത്ത് കടുകുമണി തന്നെയാണ്. അതുകൊണ്ടുതന്നെ ഞാൻ ഡിസ്റ്റോർട്ട് ചെയ്തതല്ല. യഥാർഥത്തിൽ അവിടെ തെറ്റു പറ്റിയതാണ്. സ്വാഭാവികമായും മത്തായിക്ക് മറ്റു പല വിഷയങ്ങളിലും പറ്റിയ തെറ്റിനെപ്പോലെ ഒരു തെറ്റുപറ്റിയാൽ അത് മത്തായിയുടെ തെറ്റായി നമ്മൾ പരിഗണിച്ചുകൊടുക്കുക എന്നാണ് അവ്വിഷയകമായി എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഇതേപോലെതന്നെയാണ് പലപ്പോഴും ബൈബിളിലെ വൈരുദ്ധ്യങ്ങളെക്കുറിച്ചുള്ള പരാമർശങ്ങളും. ബൈബിൾ വൈരുദ്ധ്യങ്ങളുടെ കേദാരമാണെന്നുള്ളത് ഒരു സത്യമാണ്. ഇതിന് കാരണം മനുഷ്യരുടെ രചനകളുണ്ടായതാണ്. നമുക്ക് കാണാൻ കഴിയുന്ന സത്യ

1. "പിന്നെ പിശാച് അവനെ ഏറ്റവും ഉയർന്നൊരു മലമേൽ കൂട്ടിക്കൊണ്ടു പോയി ലോകത്തിലുള്ള സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചു".(മത്തായി 4:8)
2. "സ്വർഗ്ഗരാജ്യം കടുകുമണിയോടു സദൃശ്യം; അത് മനുഷ്യൻ എടുത്തു തന്റെ വയലിൽ ഇട്ടു. അത് എല്ലാ വിത്തിലും ചെറുതെങ്കിലും വളർന്നു സസ്യങ്ങളിൽ ഏറ്റവും വലുതായി". (മത്തായി 13:32)
3. "അതു കടുകുമണിയോടു സദൃശ്യം; അതിനെ മണ്ണിൽ വിതയ്ക്കുമ്പോൾ ഭൂമിയിലെ എല്ലാ വിത്തിലും ചെറിയത്". (മാർക്കോസ് 4:31)

മാണത്. നിഷേധിച്ചിട്ട് കാര്യമില്ല. എന്തൊക്കെയാണ് ബൈബിളിലെ വൈരുദ്ധ്യങ്ങളെന്ന് നിങ്ങൾ പരിശോധിച്ചു നോക്കുക. ബൈബിളിൽ നൂറുകണക്കിന് വൈരുദ്ധ്യങ്ങൾ എടുത്തുദ്ധരിക്കാൻ സാധിക്കും. സമയമനുവദിക്കുന്നില്ലല്ലോ.

ബൈബിളിൽ മനുഷ്യരുടെ കരവിരുതുകൾ നടന്നതുകൊണ്ട് സാത്താൻ കർത്താവായി മാറുന്ന വൈരുദ്ധ്യമുണ്ട്. ശാമുവേലിൻെറ രണ്ടാം പുസ്തകം 24-ാം അധ്യായത്തിൽ ഒന്നാമത്തെ വചനത്തിൽ ഇസ്രായീലിനെതിരെ തിരിഞ്ഞ് അവരുടെ ജനസംഖ്യയെടുക്കാൻ വേണ്ടി ദാവീദിനെ പ്രേരിപ്പിച്ചത് കർത്താവാണ്[1] എന്ന് നമ്മൾ കാണുമ്പോൾ ഇതേകാര്യം ദാവീദിനെ പ്രേരിപ്പിച്ചത് സാത്താനാണ് എന്നാണ് ദിനവൃത്താന്തം ഒന്നാം പുസ്തകത്തിലെ 21-ാം അധ്യായത്തിലെ ഒന്നാമത്തെ വചനത്തിൽ നമ്മൾ വായിക്കുന്നത്[2]. ഇങ്ങനെ നിരവധി കാര്യങ്ങൾ. (അനുബന്ധം 6 നോക്കുക.)

യേശുവിൻെറ ചരിത്രം പറയുന്നിടത്ത് വൈരുദ്ധ്യങ്ങളുടെ ഘോഷയാത്രയാണെന്നതാണ് സത്യം. ആദ്യം യേശുവിൻെറ ജീനിയോളജി നോക്കുക. സത്യത്തിൽ യേശുവിന് ജീനിയോളജിയില്ല എന്ന് വിശ്വസിക്കുന്നവരാണ് നമ്മൾ. യേശുക്രിസ്തു അദ്ഭുതകരമായി ജനിച്ച വ്യക്തിയാണെന്നു വിശ്വസിക്കുന്നവരാണ് മുസ്‌ലിംകൾ. അതുപോലെതന്നെയാണ് ക്രൈസ്തവരും. ജീനിയോളജി ഇല്ലാത്ത, വംശാവലിയില്ലാത്ത യേശുക്രിസ്തുവിന് വംശാവലി കൽപിച്ചുകൊടുക്കുകയും ആ വംശാവലി തന്നെ അബദ്ധങ്ങളുടെ കേദാരമായിത്തീരുകയും ചെയ്തതാണ് നമ്മൾ കാണുന്നത്. മത്തായിയുടെ സുവിശേഷം ഒന്നാം അധ്യായത്തിൽ 6 മുതൽ 16 വരെയുള്ള വചനങ്ങളിൽ ദാവീദു മുതൽ യേശു വരെയുള്ള വംശാവലി കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ ലൂക്കോസിൻെറ സുവിശേഷം മൂന്നാം അധ്യായത്തിൽ 23 മുതൽ 32 വരെയുള്ള വചനങ്ങളിലും ആവർത്തിച്ചിട്ടുണ്ട്. രണ്ട് വംശാവലികളും പരിശോധിക്കുക. ഒന്നിൽ 41 പേരാണ് നമുക്ക് കാണാൻ കഴിയുക. ദാവീദുമുതൽ യേശുവിൻെറ പിതാവായി അറിയപ്പെട്ട യോസേഫുവരെ. അതേസമയം മറ്റേതിൽ കാണാൻ കഴിയുക

1. "യഹോവയുടെ കോപം വീണ്ടും യിസ്രായേലിന്റെ നേരെ ജ്വലിച്ചു; നീ ചെന്നു യിസ്രായേലിനെയും യെഹൂദയെയും എണ്ണുക എന്നിങ്ങനെ അവർക്കു വിരോധമായി ദാവീദിനു തോന്നിച്ചു". (2 ശാമുവേൽ 24:1)
2. "അനന്തരം സാത്താൻ യിസ്രായേലിനു വിരോധമായി എഴുന്നേറ്റു യിസ്രായേലിനെ ദാവീദിനു തോന്നിച്ചു". (1 ദിനവൃത്താന്തം 21:1)



26 പേർ മാത്രമാണ്.[1] മത്തായി ദാവീദിൻെറ മകനായ ശലമോനിൽ -സോളമനിൽ- യേശുവിൻെറ വംശാവലിയുടെ പിതൃത്വം ആരോപിക്കുമ്പോൾ ലൂക്കോസ് ചെയ്യുന്നത് ദാവീദിൻെറ പുത്രനായ നാഥാനിൽ ഈ പിതൃത്വം ആരോപിക്കുകയാണ്. യോസേഫിൻെറ പിതാവാരാണ് എന്ന വിഷയത്തിൽ വരെ അഭിപ്രായവ്യത്യാസമാണ്. യോസേഫിനെ ജനിപ്പിച്ചത് യാക്കോബാണെന്ന് മത്തായി പറയുമ്പോൾ യോസേഫിൻെറ പിതാവ് ഹേലിയാണെന്നാണ് ലൂക്കോസിൻെറ അഭിപ്രായം.

യേശുവിൻെറ ഉപദേശത്തിൻെറ വിഷയത്തിലുമുണ്ട് വൈരുധ്യങ്ങൾ. യേശു വൈരുദ്ധ്യം പറയുമോ? പറയില്ല. ഞങ്ങളെല്ലാവരും വിശ്വസിക്കുന്നു. പക്ഷേ, ബൈബിൾ ദൈവനിശ്വാസിതമാണെന്നു പറഞ്ഞാൽ യേശു വൈരുദ്ധ്യം പറഞ്ഞുവെന്ന് പറയേണ്ടിവരും. യേശു പറയുന്നു: 'ഞാൻ എന്നെക്കുറിച്ച് തന്നെ സാക്ഷ്യം പറഞ്ഞാൽ ആ സാക്ഷ്യം സത്യമല്ല. യോഹന്നാൻെറ സുവിശേഷം അഞ്ചാം അധ്യായത്തിലെ 31-ാം വചനം. അതേപോലെതന്നെ യേശു പറയുന്നു: 'ഞാൻ എന്നെക്കുറിച്ചു തന്നെ സാക്ഷ്യം പറഞ്ഞാൽ ആ സാക്ഷ്യം സത്യമാണ്'. അതും യേശു പറഞ്ഞുവെന്ന് നമ്മൾ വിശ്വസിക്കണം. യോഹന്നാൻെറ സുവിശേഷം എട്ടാം അധ്യായത്തിലെ 14-ാമത്തെ വചനം. ഇല്ല, ഞാൻ വിശ്വസിക്കുന്ന യേശുക്രിസ്തു, ദൈവത്തിൻെറ പ്രവാചകനായി വന്ന യേശുക്രിസ്തു ഒരു സമയത്ത് ഒന്നും മറ്റൊരു സമയത്ത് മറ്റൊന്നും പറയുന്ന വ്യക്തിയല്ല. യേശു പറഞ്ഞതല്ല ഇത്. യോഹന്നാൻ ആരോപിച്ചതാണ്.

അതേപോലെതന്നെ യേശുവിൻെറ മരണത്തെക്കുറിച്ച് പറയുമ്പോൾ വൈരുദ്ധ്യങ്ങളാണ് നിരവധി. യേശു മരണത്തിൻെറ സമയത്ത് അവസാനമായി പറഞ്ഞതെന്താണ് എന്ന വിഷയത്തിൽ വരെ വൈരുദ്ധ്യമാണ്. മത്തായി പറയുന്നത്: 'ഏലി ഏലി ലമാശബക്താനി' (ദൈവമേ ദൈവമേ എന്നെ കൈവിട്ടതെന്ത്?) എന്നു പറഞ്ഞ് പൊട്ടിക്കരഞ്ഞു കൊണ്ട് ജീവൻ വെടിഞ്ഞുവെന്നാണ്. അതേ സമയം, യോഹന്നാൻ പറയുന്നത് തലചായ്ച്ചു കൊണ്ട് "ഞാനിതാ എൻെറ ജീവനെ സമർപ്പിച്ചിരിക്കുന്നു"വെന്ന് പറഞ്ഞ് സമാധാനത്തോടെ ജീവനെ ഏൽപിച്ചുകൊടുത്തു എന്നാണ്. ഇങ്ങനെ വൈരുദ്ധ്യ

1. പേജ് 206 അനുബന്ധം 7 കണുക

ങ്ങളുടെ കലവറ. അത് എന്തുകൊണ്ടാണ്? മാനുഷികമായ കരവിരുതുകൾ നടന്നതു കൊണ്ട്. അതല്ലാതെ പ്രവാചകന്മാരുടെ തകരാറുകൊണ്ടല്ല. നമുക്കിതെല്ലാം മത്തായിയിലും മാർക്കോസിലും ലൂക്കോസിലും സംഭവിച്ച അബദ്ധങ്ങളാണെന്ന് സമ്മതിച്ചാൽ പോരേ? തീർച്ചയായും അതാണ് സത്യം. അതാണ് വസ്തുത. (അനുബന്ധം 7 കാണുക.)

എന്തിനാണ് അധികം പറയുന്നത്? ശാസ്ത്രം നമുക്ക് കോട്ടിമാറ്റി അവതരിപ്പിക്കാൻ കഴിഞ്ഞേക്കാം. അതല്ലെങ്കിൽ ആർക്കിയോളജിക്കൽ എവിഡൻസ് ഗ്രന്ഥശേഖരങ്ങളിലുണ്ട് എന്ന് പറഞ്ഞു കൊണ്ട് നമുക്ക് രക്ഷപ്പെടാൻ കഴിഞ്ഞേക്കാം. പക്ഷേ, പഴയ നിയമപുസ്തകം നമ്മുടെ കൈയിലുണ്ടല്ലോ- പച്ചയായ പഴയ നിയമ പുസ്തകം. ആ പഴയ നിയമപുസ്തകം ഉദ്ധരിക്കുന്ന വിഷയത്തിൽ വരെ പുതിയ നിയമഗ്രന്ഥകർത്താക്കൾക്ക് സംഭവിച്ച അബദ്ധങ്ങൾ നമുക്ക് പരിശോധിക്കുമ്പോൾ കണ്ടെത്താൻ കഴിയും. അവിടെ അവർക്ക് തെറ്റു പറ്റിയതാണോയെന്ന് നമ്മൾ ആത്മാർഥമായി ചിന്തിക്കുക. നിങ്ങൾ പരിശോധിച്ചു നോക്കുക. മാർക്കോസിൻെറ സുവിശേഷം ഒന്നാം അധ്യായത്തിലെ രണ്ടാമത്തെ വചനത്തിൽ മാർക്കോസ് ഉദ്ധരിക്കുന്ന പഴയ നിയമ വചനമുണ്ട്. എന്താണ് മാർക്കോസ് ഉദ്ധരിക്കുന്നത്? 'ഞാൻ നിനക്കു മുമ്പേ എൻെറ ദൂതനെ അയക്കുന്നു. അവൻ നിൻെറ വഴിയൊരുക്കുമെന്ന് യെശയ്യാവിൻെറ പുസ്തകത്തിൽ പറഞ്ഞതു പോലെ'. യെശയ്യാവിൻെറ 66 പുസ്തകങ്ങളുമെടുത്ത് പരിശോധിക്കുക. ഇങ്ങനെയൊരു വചനമേ ഇല്ലായെന്നുള്ളതാണ് സത്യം. എന്നാൽ ഉണ്ട്. എവിടെയാണ്? മാലാഖിയുടെ പുസ്തകം മൂന്നാം അധ്യായത്തിൽ ഒന്നാമത്തെ വചനത്തിൽ[1]. ക്വാട്ട് ചെയ്തപ്പോൾ തെറ്റുപറ്റിയതാണ്. സ്വാഭാവികമാണ്. മനുഷ്യരാണ് തെറ്റുപറ്റും. അത് അവരിൽ മാത്രം ഏൽപിക്കുക.

ഇതുപോലെ തന്നെ യോഹന്നാൻെറ സുവിശേഷത്തിൽ 10-ാം അധ്യായത്തിൽ 34-ാമത്തെ വചനത്തിൽ യേശു പറയുന്നതായി അദ്ദേഹം ഉദ്ധരിക്കുകയാണ്: 'നിങ്ങൾ ദേവന്മാരെന്ന് നിങ്ങളുടെ ന്യായപ്രമാണത്തിൽ ഞാൻ പറഞ്ഞുവെന്ന് എഴുതപ്പെട്ടിട്ടില്ലേ'. ന്യായപ്രമാണം എന്താണ്? പഞ്ചപുസ്തകങ്ങളാണ്. ഉൽപത്തി, പുറപ്പാട്,

1. "എനിക്കു മുമ്പായി വഴി നിരത്തേണ്ടതിനു ഞാൻ എന്റെ ദൂതനെ അയക്കുന്നു". (മാലാഖി 3:1)



സംഖ്യ, ലേവ്യ, ആവർത്തനം. ഈ പഞ്ചപുസ്തകങ്ങളിൽ "നിങ്ങൾ ദേവന്മാരാണെന്ന് ഞാൻ പറഞ്ഞു" എന്ന വചനമേയില്ല. എന്നാൽ പഴയ നിയമത്തിലില്ലേ? ഉണ്ട്. യോഹന്നാൻ കളവുപറഞ്ഞതല്ല. യോഹന്നാന് ക്വാട്ട് ചെയ്തപ്പോൾ തെറ്റിയതാണ്. പഴയ നിയമത്തിൽ സങ്കീർത്തന പുസ്തകം 82-ാമത്തെ അധ്യായത്തിൽ ആറാമത്തെ വചനത്തിൽ നമുക്ക് ഇക്കാര്യം കാണാൻ കഴിയും[1]. അത് ക്വാട്ട് ചെയ്തപ്പോൾ അദ്ദേഹത്തിന് അബദ്ധം പറ്റിപ്പോയി. ഇങ്ങനെയാണ് പലപ്പോഴും അബദ്ധങ്ങൾ.

ഇനി ഈ അബദ്ധങ്ങൾ പരിശുദ്ധാത്മാവിന് സംഭവിച്ച അബദ്ധങ്ങളാണെങ്കിൽ അതു തിരുത്തുവാൻ ഈ നൂറ്റാണ്ടിൽ മലയാളക്കരയിൽ പുതിയ ആത്മാക്കൾ ജനിച്ചിരിക്കുന്നു എന്നുള്ള സത്യം കൂടി നമ്മൾ അറിയേണ്ടതുണ്ട്. അക്കാര്യം നിങ്ങളെല്ലാം അറിയേണ്ടതിനു വേണ്ടി നിങ്ങളുടെ സമക്ഷത്തിങ്കലേക്ക് ഞാൻ അവതരിപ്പിക്കുകയാണ്. മത്തായിയുടെ സുവിശേഷം 27-ാമത്തെ അധ്യായത്തിൽ ഒമ്പതാമത്തെ വചനത്തിൽ മത്തായി ഉദ്ധരിക്കുന്ന, യേശുവിൽ ആരോപിക്കുന്ന ഒരു പ്രവചനമുണ്ട്. 'ഇസ്രയീൽ മക്കൾ എൻെറ വിലയായ 30 വെള്ളി നാണയത്തിന് വിറ്റു. അതുകൊണ്ട് കുശവൻെറ ഇടം വാങ്ങി' എന്നുള്ള വചനം. അതുദ്ധരിച്ചു കൊണ്ട് അദ്ദേഹം എഴുതുകയാണ്: 'യിരമ്യാ പ്രവാചകൻ എഴുതിയതുപോലെ'. പരിശോധിക്കുക, മത്തായിയുടെ സുവിശേഷം 27-ാം അധ്യായത്തിൽ ഒമ്പതാമത്തെ വചനം. യിരമ്യ- ജെറമിയ- പ്രവാചകൻ എഴുതിയതു പോലെ. സകല ബൈബിൾ പതിപ്പുകളിലും അതാണ്. എന്നാൽ ജെറമിയ പ്രവാചകൻെറ പുസ്തകം 52 അധ്യായങ്ങളും നിങ്ങളരിച്ചു പെറുക്കി നോക്കൂ. ഈ വചനം കാണാൻ കഴിയില്ല. എന്നാൽ പഴയ നിയമത്തിൽ ഇല്ലേ? ഉണ്ട്. സഖര്യാവിൻെറ പുസ്തകം 11-ാം അധ്യായത്തിൽ 12,13 വചനങ്ങളിൽ ഈ വചനമുണ്ട്. ഇത് ഉദ്ധരിച്ചപ്പോൾ പറ്റിയ തെറ്റാണ്. അത് തുടർച്ചയായി തലമുറകളായി തെറ്റായി തുടർന്നു വന്നതാണ്. അത് ഇംഗ്ലീഷ് ബൈബിളിൽ കിംഗ്ജെയിംസ് വെർഷനിൽ, റിവേഴ്സ് സ്റ്റാൻഡേർഡ് വെർഷനിൽ, ന്യൂഇൻറർനാഷനൽ വെർഷനിൽ, അതേപോലെ തന്നെ ന്യൂജറൂസലേം വെർഷനിൽ ഇങ്ങനെയെന്നുവേണ്ട ഇംഗ്ലീഷ് ബൈബിളിൽ പൊതുവെ കാണാം. നമ്മുടെ സുഹൃത്തു

1. "നിങ്ങൾ ദേവൻമാർ ആകുന്നു എന്നും നിങ്ങൾ ഒക്കെയും അത്യുന്നതന്റെ പുത്രൻമാർ എന്നും ഞാൻ പറഞ്ഞു". (സങ്കീർത്തനങ്ങൾ 82:6)

ക്കൾ ഉപയോഗിക്കുന്ന മലയാള ബൈബിളുകളിൽ സത്യവേദപുസ്തകത്തിൽ പച്ചയായി കാണാം.

പക്ഷേ, ഇതാ, 1990-കളിൽ കൊച്ചിയിൽ നിന്നിറങ്ങിയ ബൈബിൾ- പരിശുദ്ധാത്മാവിന് നൂറ്റാണ്ടുകൾക്കു മുമ്പ് പറ്റിയ തെറ്റ് ഈ ബൈബിളിൽ തിരുത്തിയത് നമുക്ക് കാണാൻ കഴിയും. മത്തായിയുടെ സുവിശേഷം 27-ാം അധ്യായത്തിലെ ഒമ്പതാമത്തെ വചനത്തിൽ ഇസ്രായീൽ മക്കൾ വില മതിച്ചവൻെറ വിലയായ 30 വെള്ളിക്കാശവർ എടുത്തു. കർത്താവെന്നോടരുൾ ചെയ്തതു പോലെ കുശവൻെറ നിലത്തിനു വേണ്ടി കൊടുത്തു എന്ന് സഖര്യാ പ്രവാചകൻ മുഖാന്തിരം അരുൾ ചെയ്തതിന് അന്ന് നിവർത്തിവന്നു. സഖര്യാ പ്രവാചകനെന്ന് ഇതിനു മുമ്പ് ഒറ്റ ബൈബിളിലുമില്ല. എന്തേ കാരണം? ബൈബിൾ എഴുതിയ മത്തായിക്ക് പറ്റിയ തെറ്റ്! ആ തെറ്റ് തിരുത്താൻ കൊച്ചിയിൽ പുതിയ പരിശുദ്ധാത്മാക്കൾ ഇറങ്ങേണ്ടിവന്നു എന്നാണോ നമ്മൾ വിശ്വസിക്കേണ്ടത് എന്ന് വിനീതമായി നാം ചോദിക്കുക. (അനുബന്ധം 8 കാണുക.)

യഥാർഥത്തിൽ ഇങ്ങനെ ഒരുപാട് അബദ്ധങ്ങൾ പറ്റിപ്പോയിട്ടുണ്ട്. ഈ അബദ്ധങ്ങളുടെ കാരണം മാനുഷിക കരവിരുതുകളാണ്. ആ കരവിരുതുകൾ ഉള്ളതു കൊണ്ടുതന്നെ വൈരുദ്ധ്യങ്ങളുണ്ടായിട്ടുണ്ട്. ചരിത്രപരമായ അബദ്ധങ്ങളുണ്ടായിട്ടുണ്ട്. പ്രവചനപരമായി പൂർത്തീകരിക്കപ്പെടാത്തതുണ്ടായിട്ടുണ്ട്. അതുകൊണ്ടുതന്നെ പരിശുദ്ധ ഖുർആൻ നിങ്ങളോടു പരിശോധിക്കാൻ ആവശ്യപ്പെടുന്നു. ഖുർആനിലെ നാലാമത്തെ അധ്യായം സൂറത്തുന്നിസാഇലെ 82-ാമത്തെ വചനം: 'അവർ ഖുർആനിനെക്കുറിച്ച് ചിന്തിക്കുന്നില്ലേ. അതെങ്ങാനും ദൈവത്തിൽ നിന്നുള്ളതല്ലായിരുന്നുവെങ്കിൽ അവർക്കതിൽ ധാരാളം വൈരുദ്ധ്യങ്ങൾ കണ്ടെത്താമായിരുന്നു.' തീർച്ചയായും ഈ ഖുർആൻ സ്വയം വെല്ലുവിളിക്കുന്നു. ആ വെല്ലുവിളിയുടെ ആത്മാവ് ഉൾക്കൊണ്ടുകൊണ്ടാണ് ബൈബിളിനെ നാം പരിശോധനാവിധേയമാക്കിയത്.

എങ്കിലും ബൈബിളിൽ ദൈവികവചനങ്ങളുണ്ടെന്ന് നാം വിശ്വസിക്കുന്നു. അതുകൊണ്ടു തന്നെ ബഹുമാന്യനായ ജോൺസൺ സി. ഫിലിപ്പ് സാർ ഇവിടെ ഉദ്ധരിച്ച ശാസ്ത്രവുമായി യോജിക്കുന്ന വചനങ്ങളതിലുണ്ടാവും. ചരിത്രപരമായി കൃത്യമായ വചനങ്ങളതിലുണ്ടാവും. പ്രവചനപരമായ കൃത്യതയുള്ള പല വചനങ്ങളും അതിലുണ്ടാവും. അതോടൊപ്പം അബദ്ധങ്ങളും ഉണ്ടാവും. അത് സ്വാഭാവികമാണ്. അത് മനുഷ്യരുടെ കൈകടത്തലുകൾ നടന്നതുകൊണ്ടാണ് എന്ന് സൂചിപ്പിച്ചു കൊണ്ട് ഞാനെൻെറ വാക്കുകൾ ഉപസംഹരിക്കുന്നു.

# ഒന്നാമത്തെ മറുപടി

(20 മിനുട്ട് വീതം)

## വർഗീസ് എം. സാമുവേൽ

എല്ലാവർക്കും സ്നേഹവന്ദനം.

ബഹുമാനപ്പെട്ട മിസ്റ്റർ എം.എം. അക്ബർ സുദീർഘമായി സംസാരിച്ച ഭാഗങ്ങളുടെ വിശദീകരണമായി, അല്ലെങ്കിൽ മറുപടിയായിട്ടാണ് ഞാൻ ഇതിൻെറ രണ്ടാം ഭാഗത്തേക്ക് കടക്കുന്നത്. 45 മിനുറ്റു കൊണ്ട് പറഞ്ഞുതീർത്ത കാര്യങ്ങൾക്ക് 20 മിനുട്ടു കൊണ്ട് മറുപടി പറഞ്ഞുതീർക്കാൻ കഴിയില്ലെന്ന് എനിക്ക് നല്ല ബോധ്യമുണ്ടെങ്കിലും ചുരുങ്ങിയ വാചകങ്ങളിൽ ഞാൻ എൻെറ പ്രഭാഷണം വളരെ പെട്ടെന്ന് നിർത്താൻവേണ്ടി താൽപര്യപ്പെടുകയാണ്.

സുവിശേഷത്തിൻെറ അല്ലെങ്കിൽ ദൈവവചനത്തിൻെറ ദൈവികത- ബൈബിളിൻെറ ദൈവികത- എന്നതാണല്ലോ നമ്മുടെ ചർച്ചാ വിഷയം. ബഹുമാനപ്പെട്ട ജോൺസൺ സാർ പല കാര്യങ്ങൾ അതിനുവേണ്ടി നിരത്തിവെക്കുകയുണ്ടായി. 'ബൈബിളിന്റെ ദൈവികത' എന്നുള്ള വിഷയത്തിൻെറ എല്ലാ ഭാഗങ്ങളും കൈകാര്യം ചെയ്ത് കഴിയാനുള്ള സമയം നമ്മുടെ മുമ്പിലില്ല. അദ്ദേഹം അതുകൊണ്ട് വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങൾ പറഞ്ഞു. എന്നാൽ ഒരു കാര്യം കൂടി പറഞ്ഞിട്ട് ഞാൻ ഇതിൻെറ ബാക്കി ഭാഗത്തേക്ക് വരാം. വിശുദ്ധ ദൈവ വചനത്തിൻെറ- ബൈബിളിൻെറ- ദൈവികത എന്ന് പറയുന്നത് കേവലം ശാസ്ത്രീയമായ അല്ലെങ്കിൽ ആർക്കിയോളജിക്കലായ, പ്രവചനപരമായ ചില കാരണങ്ങൾ മാത്രമല്ല എന്ന് നമ്മൾ മനസ്സിലാക്കണം. ദൈവവചനത്തിൻെറ, ഞാൻ മനസ്സിലാക്കിയ അതിപ്രധാ

നമായ ദൈവികതക്കുള്ളൊരു പ്രധാനപ്പെട്ട കാരണമെന്ന് പറയുന്നത് ഞങ്ങൾ വിശ്വസിക്കുന്ന, പ്രസംഗിക്കുന്ന, പ്രഘോഷിക്കുന്ന ഈ ദൈവത്തിൻെറ വചനം ഇന്നും അതിൻെറ പ്രവർത്തിക്ക് നഷ്ടംവരാതെ ഇത് പ്രവർത്തിക്കുന്നുവെന്നുള്ളതാണ്. അതിന്റെ അതിപ്രധാനമായ സന്ദേശമെന്ന് പറയുന്നത് പാപിയായ മനുഷ്യനെ രക്ഷിക്കുന്നു, അവന് പാപക്ഷമ കൊടുക്കുന്നു, നിത്യജീവന് അവനെ അവകാശിയാക്കിതീർക്കുന്നു എന്നുള്ളതാണ്. മനുഷ്യൻെറ അകത്തളത്തിൽ കുടികൊള്ളുന്ന കഠിനമായ പാപത്തിൻെറ പ്രകൃതിയെ പറിച്ചുമാറ്റിയിട്ട് അവൻെറയുള്ളിൽ ദിവ്യമായ ഒരു സ്വഭാവം പകർന്ന് ചെന്നായ്ക്കളെപോലുള്ള മനുഷ്യരെ കുഞ്ഞാടുകളാക്കിത്തീർക്കുന്ന സുവിശേഷത്തിൻെറ ശക്തി ജീവിക്കുന്നിടത്തോളം കാലം അത് ദൈവിക വചനം തന്നെയാണ്. അതിനെ ആർക്കും നിഷേധിക്കാൻ സാധ്യമല്ല. ഇത് ലോകത്തെമ്പാടും പ്രസംഗിക്കപ്പെടുന്നു. അത് ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുന്നു. ഞങ്ങളുടെ ദൈനംദിന ജീവിതത്തിൻെറ അനുഭവത്തിൽ യേശുക്രിസ്തുവിൻെറ സുവിശേഷം- ഈ ദൈവ വചനത്തിൻെറ സന്ദേശം അതിശക്തമായി പ്രസംഗിക്കുകയും അത് മുഖാന്തിരം രൂപാന്തരപ്പെട്ട കോടാനുകോടി മനുഷ്യർ ഇന്ന് സാക്ഷികളായിട്ട് ഇരിക്കുകയും ചെയ്യുന്നുവെന്നുള്ളത് അതിൻെറ ദൈവികതയുടെ അതിപ്രധാനമായ ഘടകമാണ്. അതിന് സാക്ഷികളായ ചെറുപ്പക്കാർ ഇവിടെ ഇരിപ്പുണ്ട്. വിശദീകരിക്കാൻ സമയമില്ലാത്തതുകൊണ്ട് ഞാൻ ഇതിൻെറ അടുത്ത ഭാഗത്തേക്ക് പ്രവേശിക്കുകയാണ്.

എന്തുകൊണ്ടാണ് ഞങ്ങൾ ബൈബിൾ മാത്രം വിശ്വസിക്കുന്നത്? മറ്റുള്ളതൊന്നും വിശ്വസിക്കാത്തതിൻെറ കാരണമെന്താണ്? രണ്ട് വാക്യങ്ങൾ ബൈബിളിൽനിന്ന് ഉദ്ധരിച്ചുകൊണ്ട് ഞാൻ ഇതിന് മറുപടി പറയുകയാണ്. ഗലാത്ത്യർക്ക് എഴുതിയ ലേഖനം ഒന്നാം അധ്യായം എട്ടാം വാക്യത്തിൽ[1] വിശുദ്ധ പൗലോസ് അപ്പോസ്തലൻ ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. ഞങ്ങൾ നിങ്ങളോട് അറിയിച്ച സുവിശേഷത്തിന് എതിരായിട്ട് മറ്റൊരു സുവിശേഷം ഞങ്ങളാകട്ടെ സ്വർഗത്തിൽനിന്ന് ആഗതനായ ഒരു മാലാഖ അത് ഗബ്രിയേൽ ആണെങ്കിലും ജിബ്രിയേൽ ആണെങ്കിലും അത് മിഖായേൽ ആണെങ്കിലും

1. എന്നാൽ ഞങ്ങൾ നിങ്ങളോട് അവതരിപ്പിച്ചതിന് വിപരീതമായി ഞങ്ങളോ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതനോ നിങ്ങളോടു സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെടട്ടെ. (ഗലാത്ത്യർ 1:8)



ഈ യേശുക്രിസ്തുവിലൂടെയുള്ള സുവിശേഷ സന്ദേശത്തിന് എതിരായിട്ട് സന്ദേശം തരുന്ന ഏതൊരു ദൂതനും വ്യാജന്മാരിൽപെട്ടവനാണെന്നാണ് ദൈവചനത്തിൽ അസന്ദിഗ്ധമായി പ്രഖ്യാപിച്ചിട്ടുള്ളത്. അതുകൊണ്ട് വേദപുസ്തകത്തിൻെറ അടിസ്ഥാനത്തിൽ ശപിക്കപ്പെട്ട മറ്റൊരു ഗ്രന്ഥങ്ങളെയും ഞങ്ങളുടെ ദൈവിക ഗ്രന്ഥമായി അംഗീകരിക്കാൻ സാധ്യമല്ല. അതുകൊണ്ട് വേദപുസ്തകം മാത്രം ഞങ്ങൾ അംഗീകരിക്കുന്നു. ദൈവത്തിൻെറ വചനത്തോട് നീ ഒന്നും കൂട്ടിച്ചേർക്കരുത് എന്നാണ് സദൃശ്യവാക്യങ്ങൾ 30ൻെറ ആറാം വാക്യത്തിൽ പറയുന്നത്. അതിനോടൊന്ന് കൂട്ടിച്ചേർത്താൽ നീ കള്ളനായിത്തീരും.[1] വേദപുസ്തകത്തോട് കൂട്ടിച്ചേർത്താലും അതിൽനിന്ന് മാറ്റിക്കളഞ്ഞാലും കള്ളനായിത്തീരും എന്നും നിന്നെ ദൈവം പിടിക്കുമെന്നും വിസ്തരിക്കുമെന്നും വേദപുസ്തകത്തിൽ ആവർത്തിച്ച് പ്രഖ്യാപിക്കുമ്പോൾ അത് തിരുത്തിയെന്നും അതിനോട് കൂട്ടിച്ചേർത്തുവെന്നും പറയുന്നത് ഒരു ഭൂലോക മണ്ടത്തരമായിട്ടുമാത്രമെ ഞങ്ങൾക്ക് കണക്കാക്കാൻ പറ്റൂ. അതും ഞങ്ങൾ തള്ളിക്കളയുകയാണ്. (അനുബന്ധം 9 കാണുക.)

പിന്നെ മിസ്റ്റർ എം.എം. അക്ബർ സംസാരിച്ചപ്പോൾ, അദ്ദേഹം പറഞ്ഞ ഒരു വാചകം ഞാൻ മുന്നേ പറയേണ്ടതായിരുന്നു. അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്. 'ഞങ്ങൾ ഇവിടെ സംസാരിക്കുന്നത് വിശുദ്ധ ഖുർആൻെറ പരിപ്രേഷ്യത്തിൽ നിന്നുകൊണ്ടാണ്'. അതിന് മറുപടി ഞാൻ ആദ്യം പറഞ്ഞു. ജോൺസൺ സാർ ഇവിടെ സംസാരിച്ചത് ശാസ്ത്രത്തിൻെറയും അതുപോലെ ആർക്കിയോളജിക്കൽ, പ്രൊഫറ്റിക്കൽ, തുടങ്ങിയ ആധികാരിക വിഷയങ്ങളുടെ അടിസ്ഥാനത്തിലാണ്. പക്ഷേ, മിസ്റ്റർ എം.എം. അക്ബർ പറഞ്ഞത് ഖുർആനിൻെറ ഉള്ളിൽനിന്നുകൊണ്ടാണ്, അതിൻെറ ചിന്താഗതിയിൽനിന്നുകൊണ്ടാണ് സംസാരിക്കുന്നത് എന്നുള്ളതാണ്. യാതൊരു വിലയും കൽപിക്കാതെ ഞങ്ങൾ ആ ആശയത്തെ തള്ളിക്കളയുകയാണ്. കാരണം ഖുർആൻെറ അഭിപ്രായം വേദപുസ്തകത്തിന് ആവശ്യമില്ല. വേദപുസ്തകത്തിൻെറ അവസാനത്തെ ഗ്രന്ഥമായ വെളിപാട് പുസ്തകം രചിക്കപ്പെട്ട് ഏകദേശം 500 വർഷങ്ങൾക്കുശേഷം രചിക്കപ്പെട്ട ഖുർആൻെറ ഏത് സാക്ഷ്യമാണ് ബൈബിളിന് ആവശ്യമുള്ളത്?

1. അവന്റെ വചനങ്ങളോട് നീ ഒന്നും തന്നെ കൂട്ടിച്ചേർക്കരുത്; അവൻ നിന്നെ ശാസിക്കുവാനും നിന്നെ കള്ളനെന്നു കാണുവാനും ഇടവരരുത് (സദൃശ്യവാക്യങ്ങൾ 30:6)

മുഹമ്മദ് ജീവിക്കുന്നതിനുമുമ്പുള്ള ആയിരക്കണക്കിന് കയ്യെഴുത്ത് പ്രതികൾ ഇന്നും നിലനിൽക്കുമ്പോൾ അദ്ദേഹത്തിൻെറ ഒരു സാക്ഷ്യവും ഒരുകാലത്തും ഞങ്ങൾക്കാവശ്യമില്ല. ഇന്ത്യാ ചരിത്രം ധാരാളം മനുഷ്യർ എഴുതിവെച്ചിട്ടുണ്ട്. ഒരു പത്തഞ്ഞൂറ് വർഷങ്ങൾക്കു ശേഷം ഏതെങ്കിലും മനുഷ്യൻ എഴുന്നേറ്റുവന്നിട്ട് ഇന്ത്യാ ചരിത്രം തെറ്റാണ് മഹാത്മാഗാന്ധിയെ ആരും കൊന്നതല്ല; അദ്ദേഹം ആത്മഹത്യ ചെയ്തതാണ്, ഗോഡ്സെ വെടിവെച്ചതല്ല എന്നൊക്കെ പറഞ്ഞാൽ അത് ആനമണ്ടത്തരമാണെന്നല്ലേ- അല്ലെങ്കിൽ അദ്ദേഹത്തിന് എന്തെങ്കിലും കുഴപ്പമാണെന്നല്ലേ സാധാരണക്കാർ ചിന്തിക്കുകയുള്ളൂ. ഇനിയും മറ്റു ചില കാരണങ്ങൾ അദ്ദേഹം പറഞ്ഞു:

ഒന്ന്: 'ഖുർആനിലുള്ള പല കാര്യങ്ങളും ബൈബിളിൽ ഇല്ല.' അത് സ്വാഭാവികമാണ്. കാരണം ഖുർആൻ എഴുതിയതും ബൈബിൾ എഴുതിയതും രണ്ട് കാലത്താണ്. അപ്പോൾ ഖുർആൻെറ സാക്ഷ്യത്തിലുള്ളത് ബൈബിളിൽ വേണ്ട എന്ന് ഞങ്ങൾ പറയുമ്പോൾതന്നെ സ്വാഭാവികമായിട്ട് ഖുർആനിലില്ലാത്ത പലതും ബൈബിളിലുണ്ട്. ബൈബിളിലില്ലാത്ത പലതും ഖുർആനിലുണ്ട്. അതെന്താണ് അങ്ങനെ വരാൻ കാരണം? ഒന്നുകിൽ ഖുർആനിൽ ഉള്ളതെല്ലാം അതേപടി ബൈബിളിൽ നിന്ന് കോപ്പിയടിക്കണമായിരുന്നു. അദ്ദേഹത്തിന് അത് സാധിച്ചില്ല. കാരണം. ഇവരുടെ ഭാഷ്യത്തിൽതന്നെ തിരുത്തപ്പെട്ടുവെന്നൊക്കെ പറയപ്പെടുന്ന ഗ്രന്ഥം കോപ്പിയടിക്കാൻ ബുദ്ധികാണിച്ചോ ബുദ്ധികേട് കാണിച്ചോ എന്നെനിക്ക് അറിയില്ല. പക്ഷേ, ഒരു കാര്യം സത്യമാണ്. ബൈബിളിൽ ഇല്ലാത്ത അനേകം കാര്യങ്ങൾ ഖുർആനിലുണ്ട്. ഇതിനു കാരണം ഞങ്ങൾ വിശ്വസിക്കുന്നത്, പല സമുദായക്കാരുടെ ഇടയിലും അനേകം കെട്ടുകഥകളുണ്ട്. അതുപോലെ അറേബ്യൻ കെട്ടുകഥകൾ, യഹൂദ കെട്ടുകഥകൾ, ക്രിസ്ത്യാനികൾക്കിടയിൽതന്നെ മാതാവിനെക്കുറിച്ചും മറ്റ് പലരെക്കുറിച്ചും നിലനിന്നിരുന്ന പല കെട്ടുകഥകൾ അവിടുന്ന് ചികഞ്ഞെടുത്ത് എഴുതിയുണ്ടാക്കിയതാണ് ഖുർആൻ എന്നതുകൊണ്ട് സ്വാഭാവികമായിട്ട് ഖുർആനിൽ ബൈബിളിൽ ഇല്ലാത്ത പലതും ഉണ്ട് എന്നുള്ളത് ഒരു സത്യമാണ്. (അനുബന്ധം 10 കാണുക.) അത് ബൈബിളിൻെറ ആധികാരികതയുമായിട്ട് ബന്ധമുള്ള കാര്യമല്ല എന്നുപറഞ്ഞ് അക്കാര്യം ഞങ്ങൾ തള്ളിക്കളയുകയാണ്.

രണ്ടാമത്തെ കാര്യം 'മോശ മരിച്ച് അടക്കപ്പെട്ടതിനുശേഷം എഴു



തപ്പെട്ട പല കാര്യങ്ങളും ബൈബിളിനകത്ത് ഉണ്ട്' എന്നുള്ളതാണ്. ഞങ്ങൾ വിശ്വസിക്കുന്നത് പഞ്ചഗ്രന്ഥങ്ങൾ മോശ എഴുതിയതാണെന്നാണ്. അതിന് കാരണമെന്താണെന്ന് ചോദിച്ചാൽ, യേശു കർത്താവ് അത് സ്ഥിരീകരിച്ചിട്ടുണ്ട്. അപ്പോസ്തലന്മാർ സ്ഥിരീകരിച്ചിട്ടുണ്ട്. കർത്താവ് പറയുന്നുണ്ട്: 'മോശ തുടങ്ങി സകല പ്രവാചകന്മാരിലും സങ്കീർത്തനങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു' എന്ന്. അങ്ങനെ പറയുമ്പോൾ മുഹമ്മദ് എന്ന് പറയുന്ന, ഞങ്ങൾ അംഗീകരിക്കാത്ത ഒരു വ്യക്തി പറയുന്നതിനേക്കാൾ ആധികാരികത ഞങ്ങൾ ദൈവവും കർത്താവും രക്ഷിതാവുമായി അംഗീകരിക്കുന്ന യേശുക്രിസ്തുവിൻെറ വചനത്തിനുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് മോശ അത് എഴുതി എന്ന് ഞങ്ങൾ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു. അതിന് ആരുടെയും സപ്പോർട്ടിൻെറ ആവശ്യമില്ല. ഇത് മാത്രമല്ല, 'മോശ പഞ്ചഗ്രന്ഥങ്ങൾ എഴുതിയതിൽ മോശ ജീവിച്ചിരിക്കുന്നതിന് മുമ്പുള്ള എത്രയോ കാര്യങ്ങളും എഴുതിയിട്ടുണ്ട്. അതിന് എന്താണ് മറുപടി എന്നറിയാമോ? ബൈബിളിൽ ആയിരക്കണക്കിന് വർഷങ്ങൾക്ക് ശേഷം നടക്കാനുള്ള എത്രയോ കാര്യങ്ങൾ എഴുതിയിട്ടുണ്ട്' എന്നും ഇവിടെ പറഞ്ഞു. അത് രേഖപ്പെടുത്തിക്കൊടുക്കുവാൻ ദൈവത്തിന് തൻെറ ദാസന്മാരെ ഉപയോഗപ്പെടുത്താൻ കഴിയുമെങ്കിൽ നടന്ന സംഭവങ്ങൾ അത് വള്ളിപുള്ളി തെറ്റാതെ തൻെറ ദാസന്മാർക്ക് എഴുതിക്കൊടുക്കുവാനും പറഞ്ഞുകൊടുക്കുവാനും വെളിപ്പെടുത്തിക്കൊടുക്കുവാനും കഴിയുന്ന സർവശക്തമായ ഒരു ദൈവത്തെക്കുറിച്ചാണ് വിശുദ്ധ വേദപുസ്തകം പറയുന്നത്. അതുകൊണ്ട് മോശ പഞ്ചഗ്രന്ഥങ്ങൾ എഴുതി എന്നുള്ളത് തറപ്പിച്ച് പ്രഖ്യാപിക്കുന്നു. അതുമാത്രമല്ല, ആവർത്തന പുസ്തകത്തിൻെറ അവസാന അധ്യായത്തിനകത്തുള്ള ചില കാര്യങ്ങൾ; അത് വേദപണ്ഡിതന്മാർ വിശ്വസിക്കുന്നത്- ഞാനും തിയോളജി പഠിച്ചതാണ്- ഞങ്ങൾ വിശ്വസിക്കുന്നതും ഞങ്ങൾ സെമിനാരിയിൽ പഠിക്കുന്നതും മോശയെഴുതിയതായിട്ടല്ല. യോശുവാ ആവർത്തന പുസ്തകത്തിന്റെ അവസാനഭാഗം എഴുതിയതായിട്ടാണ് ഞങ്ങൾ വിശ്വസിക്കുന്നത്. അതുകൊണ്ട് ആ ഒരു അധ്യായത്തിൻെറ മൂന്നോ നാലോ വാക്യങ്ങൾ വച്ചുകൊണ്ട് അതിനെ സംശയിക്കുന്നു എന്ന് പറയുന്നത് മറ്റൊരു മഠയത്തരമായി കണക്കാക്കണമെന്ന് മാത്രം.

മാത്രമല്ല ബൈബിളിൽ ധാർമികമായ കാര്യങ്ങളെക്കുറിച്ചുള്ള

വല്ല പ്രസ്താവനയുമുണ്ടോ? ഉണ്ട്. ബൈബിൾ വ്യക്തമായിട്ട് ജീവിതത്തിൻെറ ജീവനും ഭക്തിക്കും വേണ്ടതെല്ലാം രേഖപ്പെടുത്തിട്ടുണ്ട്. ധാർമികമായതോ അധാർമികമായതോ സത്യമോ അസത്യമോ നീതിയോ അനീതിയോ ആകട്ടെ എല്ലാം വിശദമാക്കുന്ന, ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്ന ഒരു മനുഷ്യൻ എങ്ങനെ ജീവിക്കണമെന്ന് നല്ല ഭാഷയിൽ പറയുന്ന, ലോകത്തിൽ ഇന്നുവരെ ഒരു നേതാവും ഒരു മതഗുരുവും ഒരു ആചാര്യനും നൽകാത്ത സന്ദേശമുൾക്കൊള്ളുന്ന, ഏറ്റവും ഉന്നതമായ സദാചാരമൂല്യങ്ങളുള്ള ആശയങ്ങളും ധാർമിക അനുഷ്ഠാനങ്ങളും എഴുതിവെച്ച വേദം ബൈബിളാണ്. അതിന് തത്തുല്യമായ മറ്റൊരു ധാർമികോപദേശം ഈ ഭൂമിയിൽ ഇന്നുവരെ ഉണ്ടായിട്ടില്ല. മാത്രമല്ല, ബൈബിളിൽ പറഞ്ഞ ഒരു വാക്യംതന്നെ ഞാൻ ആവർത്തിക്കാം. രണ്ട് തിമോത്തിയോസ് മൂന്നിൻെറ 16ാം വാക്യത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നത്: 'എല്ലാ തിരുവെഴുത്തും ദൈവശാസിതമാണ്. അതുകൊണ്ട് ദൈവത്തിൻെറ മനുഷ്യൻ സകല സൽപ്രവർത്തികൾക്കും വക പ്രാപിച്ച് തികഞ്ഞവനാകേണ്ടതിനും ഗുണീകരണത്തിനും ശാസനത്തിനും നീതിയുടെ അഭ്യസ്തനത്തിനും പ്രയോജനമുള്ളതാണ്'. ഒരു വ്യക്തിയെ നീതീകരിക്കുവാൻ, ഗുണീകരിക്കുവാൻ, ശാസിക്കുവാൻ, തർജനം ചെയ്യുവാൻ ഇതെല്ലാം ദൈവവചനത്തിൽ ഉള്ളതുകൊണ്ട് അത് ധാർമികമായി എല്ലാ ആശയങ്ങളും ഉൾക്കൊണ്ട ഒരു പൂർണതയുള്ള ദൈവവചനമാണെന്ന് പ്രഖ്യാപിച്ച് ഞാൻ ആ ഭാഗവും വിടുകയാണ്.

മൂന്ന്: അശ്ലീലങ്ങളുടെ കാര്യമാണ്. വാസ്തവത്തിൽ ഖുർആൻ വായിക്കുന്ന ഒരു വ്യക്തിക്ക് വേദപുസ്തകത്തിലെ അശ്ലീലങ്ങളുടെ കാര്യം പറയാൻപോലും യോഗ്യതയില്ലെന്നാണ് എൻെറ അഭിപ്രായം. അത് പറയാൻ കാരണമുണ്ട്. ലോത്തിൻെറ അശ്ലീലത്തെക്കുറിച്ചും ദാവീദിൻെറ അശ്ലീലത്തെക്കുറിച്ചും നോഹയുടെ അശ്ലീലത്തെക്കുറിച്ചും ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നതുകൊണ്ട് ബൈബിൾ ഒരു വേദഗ്രന്ഥമല്ല എന്നാണ് പ്രഖ്യാപനം. അത് സ്വാഭാവികമായിട്ട് സാമാന്യ ബുദ്ധി ഉപയോഗിച്ച് തള്ളിക്കളയേണ്ട ഒരു ആശയമാണ്. ബൈബിളിൽ ഈ പറഞ്ഞിരിക്കുന്ന അശ്ലീലങ്ങളെ സാധൂകരിച്ചല്ല ഇത് എഴുതിയിരിക്കുന്നത്. ഒരു പത്രത്തിനകത്ത് ഒരു മോശമായ വാർത്ത വന്നാൽ അത് ആ പത്രക്കാർ സപ്പോർട്ട് ചെയ്യുന്നുവെന്ന് പറഞ്ഞാൽ അത് വിഡ്ഢിത്തം മാത്രമാണ്. ഒരിക്കലും അതിനെ



അംഗീകരിക്കാൻ പറ്റില്ല. അവർ ഒരു സംഭവം അറിഞ്ഞു. അത് റിപ്പോർട്ട് ചെയ്തു. ആ റിപ്പോർട്ട് കാരണത്താൽ ആ പത്രക്കാർ മുഴുവൻ കൊലപാതകത്തിനോ ബലാൽസംഗത്തിനോ അനുകൂലമാണെന്ന് എങ്ങനെ പറയും? അതുകൊണ്ട് ആ ഭാഗവും തള്ളിക്കളയാം.

വേദപുസ്തകത്തിൽ എല്ലാ പ്രവാചകന്മാരെക്കുറിച്ചും രേഖപ്പെടുത്തിയിരിക്കുന്നു. എല്ലാ പ്രവാചകന്മാർക്കും നിയമം ഒരുപോലെയാണ് പറഞ്ഞിരിക്കുന്നത്. ആര് അശ്ലീല പ്രവർത്തികൾ ചെയ്തുവോ ദൈവത്തിൻെറ പ്രമാണത്തിന് എതിരായിട്ട് ആരൊക്കെ സംസാരിച്ചിട്ടുണ്ടോ അല്ലെങ്കിൽ പ്രവർത്തിച്ചിട്ടുണ്ടോ ദൈവം തക്കസമയത്ത് അതിൽ ഇടപെടുകയും ശിക്ഷിക്കുകയും ചെയ്തിട്ടുണ്ട്. ദാവീദിൻെറ കഥയുടെ കുറച്ച്ഭാഗം മാത്രമെ എം.എം. അക്ബർ വായിച്ചിട്ടുള്ളൂവെന്ന് എനിക്ക് തോന്നുന്നു. കാരണം, ദാവീദ് തെറ്റ് ചെയ്തു. അദ്ദേഹം ഒരു പെണ്ണിനെ കുളിമുറിയിൽ പോയി നോക്കി എന്നോ കൊട്ടാരത്തിൽ പോയി നോക്കി എന്നോ എന്നൊക്കെയാണ് പറയുന്നത്. അദ്ദേഹം പറയുന്നത് കുളിമുറിയിൽപോയി നോക്കിയെന്നാണ്. അതെന്തോ എനിക്കറിയത്തില്ല. എന്തായാലും കൊട്ടാരത്തിൻെറ തട്ടിൻ മുകളിൽ നിന്ന് അദ്ദേഹം കണ്ടിട്ട് ആ സ്ത്രീയെ വശീകരിച്ച് കൊണ്ടുവന്നുവെന്നോ ആ സ്ത്രീയുമായി ബന്ധപ്പെട്ടുവെന്നോ ബൈബിളിൽ പറയുന്നുണ്ട്. അത് സത്യമാണ്. അത് കണ്ടിട്ട് ആ സ്ത്രീയെ ഞാൻ നിനക്ക് അനുവദിച്ച് തന്നിരിക്കുന്നു എന്ന് പ്രഖ്യാപനം ബൈബിളിൽ ചെയ്യുന്നില്ല. മറിച്ച് ദാവീദിനെ വിളിച്ചുകൊണ്ടുപോയി പ്രവാചകനെ അയച്ചിട്ട് നീ ഈ ചെയ്ത കുറ്റത്തിന് നിൻെറ തലമുറകൾ ശിക്ഷിക്കപ്പെടുമെന്ന് കഠിനമായ ശിക്ഷ പ്രഖ്യാപിച്ചിട്ട് ആ ബന്ധത്തിൽ അവനുണ്ടായ കുഞ്ഞിനെ കൊന്നുപോലും അവനോട് പകരം വീട്ടിയ നീതിമാനായ, വിശുദ്ധനായ ഒരു ദൈവത്തെക്കുറിച്ചാണ് ബൈബിളിൽ പ്രഖ്യാപിക്കുന്നത്. അല്ലാതെ ദൈവത്തിന് ഇഷ്ടമുള്ള, പ്രവാചകന്മാർക്ക് ഇഷ്ടമുള്ള പെണ്ണുങ്ങളെല്ലാം അനുവദിച്ചുകൊടുക്കുന്ന അനീതിയുള്ള ദൈവത്തെക്കുറിച്ചല്ല ബൈബിളിൽ പ്രഖ്യാപിക്കുന്നത്. അത്, മനസ്സിലാക്കുന്ന ഏതൊരു മനുഷ്യനും വേദപുസ്തകം വായിച്ചു നോക്കിയാൽ മനസ്സിലാകും. അതുപോലെ ലോത്തിൻെറ കാര്യത്തിൽ വേദപുസ്തകത്തിൽ വന്ന അധാർമികതയുടെ കാര്യത്തെക്കുറിച്ച് പറഞ്ഞാൽ; അതിനെല്ലാം ശിക്ഷകളും കൊടുത്തിട്ടുണ്ട്. അതിനെ അംഗീകരിച്ചിരുന്നെങ്കിൽ ഞാൻ അതിനെ കുറ്റം പറഞ്ഞേ

നെ. എൻെറ ദൈവം, ഒരെണ്ണം പോലും നിൻെറ പ്രവൃത്തികൾപോലും വെറുതെ വിടില്ലെന്ന് പറഞ്ഞ് ശിക്ഷിച്ച എൻെറ ദൈവം, ആ നീതിമാനായ ദൈവത്തെക്കുറിച്ചാണ് വേദപുസ്തകത്തിൽ പ്രഖ്യാപിക്കുന്നത്.

ഇനി മറ്റൊരു വശത്തിലേക്ക് ഞാൻ കടന്നുവരാം. എന്താണെന്ന് അറിയാമോ, അശ്ലീലം! ഒന്നുകിൽ അശ്ലീലം ഇഷ്ടപ്പെട്ടിരുന്നു വേദപുസ്തകം എഴുതിയവർ. അതുകൊണ്ട് അത് എഴുതിച്ചേർത്തുവെന്നാണ് ഒരു ആശയം. അതല്ല, മറുവശത്ത് അശ്ലീലങ്ങൾ രേഖപ്പെടുത്തിയത് ആ വേദപുസ്തകത്തിലെ ദൈവവചനത്തിൻെറ ഭാഗമായതുകൊണ്ട് അത് തിരുത്തുവാൻ ധൈര്യപ്പെടാത്തതുകൊണ്ടാണ് അവർ അതുകൂടി രേഖപ്പെടുത്തിവെച്ചത്. ഇത് മനസ്സിലാക്കാതെ ഒരു നാണയത്തിൻെറ ഒരു വശം മാത്രം കൊട്ടിഘോഷിച്ചുകൊണ്ട് ദൈവം ഇങ്ങനെ പറയുന്നുവെന്ന് പറയുന്നത് സാമാന്യബുദ്ധിയുള്ളവർക്ക് ചിന്തിക്കുവാൻ ഞങ്ങൾ വിടുകയാണ്. അതുകൊണ്ട് വേദപുസ്തകത്തിലെ അശ്ലീലങ്ങളെക്കുറിച്ച് പറയുവാൻ ആർക്കും യാതൊരു യോഗ്യതയുമില്ലായെന്നുള്ളതാണ് മറ്റൊരു കാര്യം. ഇത് പറയുമ്പോൾ നമുക്കറിയാം; ദാവീദ് ഒരു പാപം ചെയ്തപ്പോൾ ദൈവം ദാവീദിനെ ശിക്ഷിച്ചു. പക്ഷേ, ഖുർആനിൽ നമ്മൾ വായിക്കുന്നത് മുഹമ്മദ് നബി ദത്ത് പുത്രൻെറ ഭാര്യയെ വെച്ചപ്പോൾ അത് അനുവദിച്ചുകൊടുത്തതായാണ്. എണ്ണമറ്റ ഭാര്യമാരെ അദ്ദേഹം സ്വീകരിക്കാൻ തുടങ്ങിയപ്പോൾ അപ്പൻെറ പിതൃസഹോദരിമാരുടെ മക്കളെയും, സഹോദരന്മാരുടെ മക്കളെയും, അമ്മയുടെ സഹോദരീ സഹോദരന്മാരുടെ മക്കളെയും, അതുപോലെ അടിമസ്ത്രീകളെയുമെല്ലാം നിനക്ക് ഞാൻ അനുവദിച്ചുതന്നിരിക്കുന്നു; മറ്റാർക്കും അനുവദിക്കുന്നില്ലായെന്ന് പറയുന്ന ധാർമികത എത്ര വലുതാണ്! അത് നിങ്ങൾ സ്വയമായി ചിന്തിക്കുക. മാത്രമല്ല, അറബി രാജ്യങ്ങളിൽ ദത്തു പുത്രന്മാരെ മക്കളായിട്ടാണ് കാണുന്നത്. അവരുടെ ഭാര്യമാരെ ഒരിക്കലും മക്കളായിട്ട് അനുവദിക്കാൻ പാടില്ല. അതുപോലും മുഹമ്മദ് നബിക്ക് മാത്രം അനുവദിച്ചുകൊടുത്ത അല്ലാഹുവിനെ നമുക്ക് ഏത് നിലയിൽ കണക്കുകൂട്ടാൻ പറ്റും. അത് നിങ്ങൾക്ക് വിടുകയാണ്. അതിനേക്കാൾ ശ്രേഷ്ഠതയും ഔന്നത്യവുമുള്ള, തെറ്റിനെ തെറ്റായിത്തന്നെ കണ്ട തിരുവചനം ഇന്നും ദൈവവചനം തന്നെയാണ്. അതാണ് വേദപുസ്തകത്തിൻെറ ദൈവനിശ്വാസ്യതയുടെ മറ്റൊരു ഘടകം.



ഇനി സങ്കീർത്തനങ്ങളെക്കുറിച്ച് പറഞ്ഞ മറ്റൊരു കാര്യം. അത് ഇങ്ങനെയാണ്. 'ദാവീദ് നബിക്ക് ദൈവം സബൂർ കൊടുത്തു'. എന്നാൽ ബൈബിളിൽ ഒരിടത്തും ഇങ്ങനെ സങ്കീർത്തനങ്ങൾ മുഴുവനും ദാവീദ് എഴുതിയതാണെന്ന് ആരും പറയുന്നില്ല. ഞങ്ങളും പറയുന്നില്ല. ദാവീദിൻെറ സങ്കീർത്തനങ്ങൾ എന്ന് പറയുന്നില്ല. കോരഹ് പുത്രന്മാരോ മോശയോ സങ്കീർത്തനം എഴുതിയിട്ടുണ്ടെന്ന് ഞങ്ങൾ പറയുന്നില്ല. അതുകൊണ്ട് സബൂർ ദാവീദിന് മാത്രം എഴുതിക്കൊടുത്തുവെന്നുള്ളത് അംഗീകരിക്കാതെ യഹൂദന്മാരുടെ വേദപുസ്തകമെന്ന് പറയുന്ന പഴയ നിയമത്തിലെ സങ്കീർത്തനങ്ങളെ മുഴുവൻ ഒരു ഭാഗമായി കണ്ടുകൊണ്ട് അത് വിശ്വസിച്ചുകൊണ്ട് ആശയത്തെ ഞങ്ങൾ തള്ളിക്കളയാൻ മാത്രമേയുള്ളൂ. മാത്രമല്ല, സങ്കീർത്തനങ്ങളെ യേശുവും ശിഷ്യന്മാരും അംഗീകരിച്ചിട്ടുണ്ട്. സങ്കീർത്തനങ്ങളെപ്പറ്റിയും വേദപുസ്തകത്തെപ്പറ്റിയും യേശു പറഞ്ഞിട്ടുണ്ട്. ശിഷ്യന്മാർ പറഞ്ഞിട്ടുണ്ട്. ആ സ്ഥിതിക്ക് യേശുവും ശിഷ്യന്മാരും അംഗീകരിച്ച ഒരു ആശയത്തെ ഞങ്ങൾക്ക് അംഗീകരിക്കാതിരിക്കേണ്ട ഒരു ആവശ്യവുമില്ല. ദൈവികതയേക്കാൾ പ്രധാനപ്പെട്ട കാര്യം യേശു ക്രിസ്തു അംഗീകരിച്ചുവെന്നോ അപ്പോസ്തലന്മാർ അംഗീകരിച്ചുവെന്നോ ആണ്. ആ മാനദണ്ഡത്തിൽ അത് ദൈവികമാണെന്ന് ഞങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഈ വാദം തള്ളിക്കളയുന്നു.

ഇനിയും ശാസ്ത്രീയമായ വശങ്ങളെക്കുറിച്ച് ജോൺസൺ സാർ പറയും. ഈ കാര്യത്തെക്കുറിച്ച് ഒരു ചോദ്യത്തിന് മാത്രം ഉത്തരം പറയാം. 104-ാം സങ്കീർത്തനം അഞ്ചാം വാക്യത്തിൽ 'ഭൂമി ഒരിക്കലും ഇളകിപ്പോകാത്തവണ്ണം അതിനെ ഉറപ്പിച്ചിരിക്കുന്നു' എന്നൊരു വാക്യം എടുത്തുകൊണ്ട് ഭൂമി കറങ്ങാതിരിക്കുന്നുവെന്നൊരു കണ്ടുപിടുത്തം നടത്തി. എനിക്കത് വായിച്ചപ്പോൾ അത്ഭുതം തോന്നി. നിങ്ങൾ നോക്കുക. ഫാൻ ഇവിടെ തൂക്കിയിട്ടിരിക്കുകയാണ്. ഇത് ഇളകിപ്പോകാതെ ഉറപ്പിച്ചിരിക്കുന്നുവെന്നതിൻെറ അർഥം അത് കറങ്ങാത്തവണ്ണം ഉറപ്പിക്കുന്നുവെന്നാണോ? അതോ താഴെയിരിക്കുന്നവരുടെ ഉച്ചിയിലേക്ക് വീഴാതിരിക്കാൻവേണ്ടി മാന്യമായിട്ട് ഉറപ്പിച്ചിരിക്കുന്നുവെന്നാണോ? അത് സാധാരണക്കാരന് മനസ്സിലാക്കാവുന്ന കാര്യം മാത്രമാണ്. അതുപോലെതന്നെ ബൈബിൾ ഭൂമിയെ ഉറപ്പിച്ചിരിക്കുന്നു എന്ന് പറയുമ്പോൾ നമ്മളെയുംകൊണ്ട് ഉരുണ്ടുപിണഞ്ഞ് മറിഞ്ഞ് അത് ഇല്ലാതായിരിപ്പാൻ അതിൻെറ അച്ചുതണ്ടിൽ അതിൻെറ

ഭ്രമണപഥത്തിൽ മാന്യമായി അതിനെ ഉറപ്പിച്ചിരിക്കുന്നുവെന്നാണ് അർത്ഥം. അത് ചിന്തിക്കുന്ന മനുഷ്യനും വായിക്കുന്ന മനുഷ്യനും സാധാരണക്കാരനും മനസ്സിലാക്കാവുന്ന ഒരു കാര്യമാണ്. അതും പറഞ്ഞ് ഞാൻ ആ ഭാഗം വിടുകയാണ്.

ഇനി വൈരുധ്യങ്ങളുടെ കാര്യം പറയുമ്പോൾ- വേദപുസ്തകത്തിലെ ഒത്തിരി വൈരുധ്യങ്ങളെക്കുറിച്ച് ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നിങ്ങൾ കാണണം. ഈ പുസ്തകം മിസ്റ്റർ തിരുവട്ടാർ കൃഷ്ണൻകുട്ടി ഒരു പുസ്തകം എഴുതിയതിനുശേഷം എഴുതപ്പെട്ടതാണ്. ഈ പുസ്തകം അദ്ദേഹം കോട്ട് ചെയ്തത് അതിനകത്ത് എഴുതിയിട്ടുണ്ട്. ഇതിനകത്ത് നിങ്ങൾ മനസ്സിലാക്കേണ്ട അതിപ്രധാനമായ ഒരു കാര്യം; ആ പുസ്തകത്തിനകത്ത് മറുപടി പറഞ്ഞിരിക്കുന്ന നാൽപത് ചോദ്യങ്ങൾ അതുപോലെ ഇതിനകത്ത് വീണ്ടും ആവർത്തിച്ചിട്ടുണ്ട്. അപ്പോൾ ഇതിൽനിന്ന് മനസ്സിലാക്കേണ്ടത് എന്താണ്? (അനുബന്ധം 11 കാണുക.) സത്യം അന്വേഷിക്കുക മാത്രമല്ല, കാര്യങ്ങൾ കാര്യങ്ങളായിട്ട് അറിയാത്ത സാധാരണ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുക എന്നുള്ളതാണ് ഇതിൻെറ പിന്നിലെ ലക്ഷ്യം. അത് നമുക്ക് സ്വാഭാവികമായിട്ട് മനസ്സിലാകും. കാരണം അതിനകത്ത് ഇതിൻെറ ഉത്തരം പറഞ്ഞിട്ടുണ്ട്. ഇദ്ദേഹം ഇവിടെ പറഞ്ഞ പല വൈരുധ്യങ്ങൾ എല്ലാം ഇവിടെ പറയാൻ സമയം എനിക്കില്ല എന്നതുകൊണ്ടാണ് ഓടിയോടിപ്പോകുന്നത്. എല്ലാം എഴുതിവെച്ചിട്ടുണ്ട്. ഒരു മനുഷ്യൻ ഒരു ക്വസ്റ്റ്യൻ ചോദിച്ചു. അതിന് ഉത്തരം കിട്ടിയാൽ അത് വീണ്ടും വീണ്ടും ആവർത്തിച്ച് ചോദിക്കുക എന്നുപറഞ്ഞാൽ ചിന്ത എന്തായിരിക്കാം. അസത്യം പല പ്രാവശ്യം പറഞ്ഞാൽ സത്യമാകുമോ? ഒരുകാലത്തുമില്ല!

ഇനി നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യം, ഇവിടെ നിച്ച് ഓഫ് ട്രൂത്തിൻെറ ആൾക്കാരോ മിസ്റ്റർ എം. എം. അക്ബറോ ആരോപിക്കുന്ന, ഈ പുസ്തകത്തിൽ ആരോപിച്ചിരിക്കുന്ന എല്ലാ കാര്യങ്ങളും അദ്ദേഹത്തിൻെറ കണ്ടുപിടുത്തമല്ല. നൂറുകണക്കിന് വർഷങ്ങൾക്കുമുമ്പുതന്നെ ക്രിസ്തീയ മുസ്‌ലിം സഹോദരന്മാർ തമ്മിൽ ചർച്ച ചെയ്ത് ചിന്തിക്കുകയും സംവാദം നടത്തുകയുമൊക്കെ ചെയ്ത് മാന്യമായി മറുപടി പറഞ്ഞ കാര്യങ്ങളാണ്. ഇപ്പോൾ ചില മുസ്‌ലിം സഹോദരന്മാർക്ക് ആദ്യമായിട്ട് കേൾക്കുമ്പോൾ ഒരു അത്ഭുതമുള്ള കാര്യമാണ്. പക്ഷേ, ഞങ്ങൾക്ക് യാതൊരു അത്ഭുതവുമില്ല. അതുകൊണ്ടുതന്നെയാണ് ഞങ്ങൾ ഇങ്ങനെയൊരു സംവാദത്തിന് തയാറായത്. മാത്രവുമല്ല, ഇത് ഇസ്‌ലാമിനുള്ള മറുപടിയെക്കുറിച്ചുള്ള ഒരു പുസ്തകമാണ്. ഇത് 1835ൽ പബ്ലിഷ് ചെയ്തതാണ്. നിങ്ങൾ മനസ്സിലാക്കണം. 175 വർഷങ്ങൾക്ക് മുമ്പ് മുസ്‌ലിംകൾക്ക് ആവശ്യമുള്ള മറുപടി കൊടുത്തിട്ടുണ്ട്. പക്ഷേ, അത് അറിയാത്ത ആൾക്കാർ പുത്തൻ എന്തോ കിട്ടിയെന്നുള്ള ധാരണയിൽ ഇതൊക്കെ എടുത്തുകൊണ്ടുവരിക മാത്രമേ ചെയ്യുന്നുള്ളൂ. അതുംപറഞ്ഞ് ഞാൻ ആ ഭാഗം വിടുകയാണ്. വൈരുധ്യങ്ങൾക്കെല്ലാം ഇവിടെ മറുപടിയുണ്ട്. ക്വസ്റ്റ്യൻ ആൻസർ സമയത്ത് നിങ്ങൾ ചോദിച്ചാൽ ഞങ്ങൾ വ്യക്തമായി മറുപടി പറയാം.



അവസാനമായി അദ്ദേഹം പറഞ്ഞ ഒരു വാചകത്തിന് കൂടി മറുപടി പറഞ്ഞ് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുകയാണ്. 'ഞങ്ങൾ മുഹമ്മദിനെ പോലൊരു പ്രവാചകനായി യേശുവിനെ അംഗീകരിക്കുന്നു'. ആ വാക്യത്തെ ഞങ്ങൾ 101 ശതമാനം ഖണ്ഡിച്ചുകളയുകയാണ്. കാരണം യേശുക്രിസ്തുവിനെയും മുഹമ്മദിനെയും ഒരേ നിലയിൽ ഒരു കാലത്തും നിർത്താൻ സാധ്യമല്ല. ഏത് കാരണത്താലാണ് നിർത്താൻ പറ്റുക? ജീവിതത്തിൻെറയോ ധാർമികതയുടെയോ ഉപദേശത്തിൻെറയോ ദൈവികതയുടെയോ ഒരു കാരണത്തിലും ഈ രണ്ട് വ്യക്തികളെപ്പറ്റി താരതമ്യപ്പെടുത്താൻ പറ്റില്ല. ഇരുവരും അജഗജാന്തരമുണ്ട്. കോടിക്കണക്കിന് മൈലുകൾക്ക് അപ്പുറത്ത് നിൽക്കുന്ന രണ്ട് വ്യക്തിത്വങ്ങൾ. ഒരുപക്ഷേ, ഖുർആൻ പോലും പാപം ചെയ്തിട്ടുണ്ടെന്ന് പറയുന്ന മുഹമ്മദ് നബിയും ഒരു തെറ്റെങ്കിലും എൻെറ പേരിൽ കാണിക്കാൻ കഴിയുമെങ്കിൽ അത് സമൂഹത്തോട് കാണിക്കാൻ പറഞ്ഞ യേശുക്രിസ്തുവും തമ്മിൽ എന്ത് ബന്ധം? ഒരു ബന്ധവുമില്ല! അതുകൊണ്ട് ആ കാര്യവും ക്രിസ്തീയ സഹോദരങ്ങളായ ഞങ്ങൾക്ക് ഒരിക്കലും അംഗീകരിക്കാൻ പറ്റാത്ത ഒരു കാര്യമാണെന്ന് പറഞ്ഞുകൊണ്ട് ഞാൻ ആ ഭാഗവും വിടുകയാണ്.

അതുകൊണ്ട് പ്രിയ സഹോദരങ്ങളേ, നിങ്ങൾ കേൾക്കുന്നത്, ഞങ്ങൾ പറയുന്നത് ശരിയാണെന്ന് ചിന്തിക്കാതെ അതിന് മറുപടി പറയുവാൻ, ചിന്തിക്കുവാൻ, വായിക്കുവാൻ നിങ്ങൾ തയാറാകണം. ദൈവം നിങ്ങളെ സഹായിക്കട്ടെ.

## എം.എം. അക്ബർ

അസ്സലാമു അലൈക്കും

ബഹുമാനപ്പെട്ട സഹോദരന്മാരെ,

ഇവിടെ ഞാൻ ബൈബിളിൻെറ ദൈവികതക്കെതിരായ ഏഴ് വ്യക്തമായ തെളിവുകളാണ് നിരത്തിയത്. ബഹുമാനപ്പെട്ട സുഹൃത്ത് സംസാരിച്ചപ്പോൾ, അദ്ദേഹം എന്തുകൊണ്ടാണെന്ന് അറിയില്ല; ഞാൻ പറഞ്ഞ കാര്യങ്ങൾ മനസ്സിലാക്കാത്തതുകൊണ്ടോ മനസ്സിലാക്കാൻ ശ്രമിക്കാത്തതുകൊണ്ടോ അല്ലെങ്കിൽ മനസ്സിലായില്ലെന്ന് നടിക്കുന്നതുകൊണ്ടോ എന്തോ, ഞാൻ പറയാത്ത കാര്യങ്ങളാണ് അദ്ദേഹം പലപ്പോഴും പറഞ്ഞു പോയത്.

ഒന്നാമതായി പരിശുദ്ധ ഖുർആനിൻെറ ഭൂമികയിൽ നിന്നാണ് ഞാൻ സംസാരിക്കുന്നതെന്ന് പറഞ്ഞപ്പോൾ ആ ഭൂമികയിലാണ് എല്ലാവരും നിൽക്കേണ്ടത് എന്നല്ല അതിന്റെ അർത്ഥം. ഞാൻ ഒരു മുസ്ലിമാണ്. ഞാൻ ബൈബിളിനെയും ഗീതയെയും വേദങ്ങളെയുമൊക്കെ നോക്കിക്കാണുക ഖുർആനിന്റെ ഭൂമികയിൽനിന്നിട്ടാണ്. സ്വാഭാവികമായി അതേ ഉണ്ടാവുകയുള്ളൂ. കാരണം ആ ഭൂമികയിൽ നിന്നുകൊണ്ട് നോക്കിക്കാണുമ്പോൾ ഒരു യുക്തിവാദി പറയുന്നതുപോലെ- ഒരു ഭൗതികവാദി പറയുന്നതു പോലെ ബൈബിളിലെ എല്ലാ വചനങ്ങളും പുരാതന കാലഘട്ടത്തിലെ അന്ധരായ, വിവരമില്ലാത്ത കുറെ ആളുകൾ എഴുതിയുണ്ടാക്കിയതാണെന്ന് പറയാൻ സാധ്യമല്ല. അതിൽ ദൈവിക വചനങ്ങളുണ്ട്. അടിവരയിട്ട് പറയുന്നു: അതിൽ ദൈവിക വചനങ്ങളുണ്ട്. അതുകൊണ്ട് തന്നെ പ്രവചന പൂർത്തീകരണമുണ്ട്. ശാസ്ത്രവുമായി യോജിക്കുന്ന വചനങ്ങളുണ്ട്. ചരിത്രവുമായി യോജിക്കുന്ന വചനങ്ങളുണ്ട്. ബൈബിളിൻെറ ആ അർഥത്തിലുള്ള എല്ലാ വിശുദ്ധിയും അംഗീകരിച്ചുകൊണ്ടുതന്നെ പ്രവാചകന്മാർക്കു ശേഷം പലരും പലതും പല കോലത്തിലും കടത്തിക്കൂട്ടിയതു കൊണ്ട് അബദ്ധങ്ങൾ സംഭവിച്ചു. അബദ്ധങ്ങൾക്ക് ഒരുപാട് തെളിവുകൾ ഞാൻ ഉദ്ധരിച്ചു.

ബഹുമാന്യമായ ജോൺസൺ സാർ അദ്ദേഹത്തിൻെറ സംസാരത്തിൽ സൂചിപ്പിച്ച ഒന്നു രണ്ട് പോയിൻറുകളുമായി എനിക്ക് സ്വാഭാവികമായും വിയോജിക്കേണ്ടിവരികയാണ്. ഒന്നാമതായി ഞാൻ എൻെറ പുസ്തകത്തിൽ- എൻെറ പുസ്തകമാണ് പ്രധാന പ്രശ്നം- ഉദ്ധരിച്ചിരിക്കുന്നത് മുഴുവനും ക്രിസ്തുമത വിരുദ്ധരായവരുടെ പുസ്തകങ്ങളാണെന്നാണ്. സത്യമായും ഞാൻ പറയട്ടെ, എൻെറ പുസ്തകം ഏതെങ്കിലും ഒരു സഭക്കുവേണ്ടി എഴുതിയതല്ല. എൻെറ പുസ്തകം, ക്രിസ്തുമതം സ്വീകരിച്ചിട്ടുള്ള, ബൈബിൾ ദൈവികമാണെന്ന് അംഗീകരിച്ചിട്ടുള്ള ജനങ്ങളുടെ മുമ്പിൽ, ഇത് ദൈവികമല്ലായെന്നും പരിശുദ്ധ ഖുർആനാണ് ദൈവികമെന്നും സ്ഥാപിക്കാൻ വേണ്ടി എഴുതിയ പുസ്തകമാണ്. യാതൊരു സംശയവുമില്ല. ആ പുസ്തകം സ്വാഭാവികമായിതന്നെ ഇവിടെയുള്ള ബഹുഭൂരിപക്ഷം വരുന്ന ക്രൈസ്തവരെ പ്രഥമമായി ഉന്നംവെക്കുന്നു. റെയ്മണ്ട് ഇ. ബ്രൗൺ കോടാനുകോടി ക്രിസ്ത്യാനികളുടെ ബൈബിളിൻെറ വിഷയത്തിലെ ഒന്നാമത്തെ ഓതോറിറ്റിയാണ്. ഞാനല്ല കാപട്യം കാണിക്കുന്നത്. ഇരുപതോളം ഓണററി ഡോക്ടറേറ്റുകളുള്ള- ഡോക്ടറേറ്റ് എന്നു പറഞ്ഞാൽ ഇമ്മിണി വലിയ കാര്യമാണെന്നാണല്ലോ വെപ്പ്- അദ്ദേഹം കത്തോലിക്കനാണ്, ശരിയാണ്. പക്ഷേ, എന്നെ സംബന്ധിച്ചിടത്തോളം കത്തോലിക്കനും ബ്രദറനും ഇവാഞ്ചലിസ്റ്റും പെന്തക്കൊസ്തും പ്രൊട്ടസ്റ്റൻറുമെല്ലാം ഒരുപോലെയാണ്. ബൈബിൾ അംഗീകരിക്കുന്നു. അവരെല്ലാം അതുകൊണ്ടാണ് തന്നെ ഞാൻ കാര്യങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. ഞാൻ ഉദ്ധരിച്ച കാര്യങ്ങൾ ഒരിക്കലും ബൈബിൾവിരുദ്ധരുടേതല്ല. ബൈബിൾ അംഗീകരിക്കുന്നവരുടേതാണ്. ഡോ. ലൂക്ക്, ഡോ. ജോസഫ് കോട്ടക്കൽ, അതേപോലെതന്നെ ഒരുപാടുപേർ.

ഞാനിത് സൂചിപ്പിക്കുന്നത്, ഞാനുദ്ധരിക്കുന്ന പുസ്തകം മുസ്ലിംകൾ സൽമാൻ റുഷ്ദിയുടെ പുസ്തകത്തിൽനിന്ന് ഉദ്ധരിക്കുന്നതു

പോലെയെന്നാണ് ഇവിടെ പറഞ്ഞത്. കണ്ണടച്ച് ഇരുട്ടാക്കാൻ ശ്രമിച്ചാൽ തുറപ്പിക്കാൻ സാധ്യമല്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മുമ്പും ഞങ്ങൾ സംസാരിച്ച സമയത്തെല്ലാം അദ്ദേഹം ആവർത്തിച്ചു പറഞ്ഞ കാര്യമാണിത്. ആരാണ് സൽമാൻ റുഷ്ദി? ലോകത്തൊരു മുസ്ലിംപോലും അദ്ദേഹത്തെ ഇസ്ലാമിൻെറ ഒരാളായി അംഗീകരിക്കുന്നില്ല. അയാൾ തന്നെ അംഗീകരിക്കുന്നില്ല. അദ്ദേഹമെങ്കിലും സ്വയം ഇസ്ലാമിൻെറ ആളായി അദ്ദേഹത്തെ അംഗീകരിക്കുന്നുണ്ടോ? അതേസമയം റെയ്മണ്ട് ഇ.ബ്രൗൺ അങ്ങനെയാണോ? 20ഓളം ഓണററി ഡോക്ടറേറ്റുകൾ ബൈബിളിൻെറ വിഷയത്തിലുള്ള, കത്തോലിക്കാസഭ ബൈബിളിൻെറ വിഷയത്തിൽ ഒന്നാമത്തെ അഭിപ്രായമായി സ്വീകരിക്കുന്ന വ്യക്തി. തീർച്ചയായും ജോൺസൺ സാറിന് യോജിക്കാൻ പറ്റാത്തതുണ്ടാകാം. അദ്ദേഹവുമായി വിയോജിപ്പ് ഉണ്ടാകാം. രണ്ടും രണ്ട് സഭക്കാരാണ്. രണ്ടും രണ്ട് വീക്ഷണങ്ങളുള്ളതാണ്. പക്ഷേ, എൻെറ ആത്മാർഥതയിൽ സംശയിക്കുവാൻ, ഞാൻ എല്ലാം ഡിസ്റ്റോർട്ട് ചെയ്തു എന്ന് പറയാൻ അത് എങ്ങനെയാണ് തെളിവാകുക?

പിന്നെ പ്രധാനമായും സൂചിപ്പിക്കാനുള്ളത് ബൈബിളിൻെറ പുരാവസ്തു വിജ്ഞാനീയത്തിലും ബൈബിൾ പ്രതികളിലുമുള്ള കാര്യങ്ങളാണ്. ബൈബിളിന് 25,000ത്തോളം കയ്യെഴുത്ത് രേഖകകളുണ്ടെന്ന് പറഞ്ഞു. കയ്യെഴുത്ത് രേഖകളിൽ ലഭിക്കപ്പെട്ട ഏറ്റവും ചിരപുരാതനമായ കയ്യെഴുത്ത് രേഖകൾ ഖുംറാൻ സ്ക്രോൾസ് അഥവാ ഡെഡ് സീസ്ക്രോൾസ്; അതേപോലെതന്നെ പുതിയ നിയമത്തിൻെറ വിഷയത്തിലാണെങ്കിൽ സിനെറ്റിക്കസ് കോഡക്സ്, ഇത് രണ്ടും പരിശോധിക്കുക. ഞാൻ ചോദിക്കട്ടെ, ഇവിടെയുള്ള ഏതെങ്കിലും ക്രൈസ്തവ സഭകൾക്ക് ഈ രണ്ട് പുരാതന സ്രോതസ്സുകളിൽനിന്ന് ലഭിച്ച മുഴുവൻ ഗ്രന്ഥങ്ങളും കാനോനികമായി അംഗീകരിക്കാൻ സാധിക്കുമോ? സാധ്യമല്ല. സിനെറ്റിക്കസ് കോഡക്സിൽ ലഭിച്ചിട്ടുള്ള പുസ്തകങ്ങളിലും ഖുംറാൻ സ്ക്രോൾസിലും ഇന്ന് ക്രൈസ്തവ സഭ സ്വീകരിക്കാത്ത പലതുമുണ്ട്. ഇത് ഞാൻ വെറുതെ പറയുന്നതല്ല. അതിനെ രണ്ടിനെയും കുറിച്ച് എഴുതപ്പെട്ട ലേഖനങ്ങൾ അപ്ഡേറ്റ് ചെയ്ത - പുരാതനമായതല്ല, നൂറുകൊല്ലം മുമ്പത്തേതല്ല- ഇപ്പോൾ നമ്മുടെ കയ്യിൽ ഇൻഫർമേഷൻ ഹൈവേ എന്നൊരു സാധനമുണ്ട്. പുസ്തകത്തിൽ മാത്രമല്ല വിവരം ഉണ്ടാവുക. ഇന്ന് അപ്ഡേറ്റ് ചെയ്



ത, ഇന്ന് ഞാൻ ഇൻറർനെറ്റിൽനിന്ന് ഡൗൺലോഡ് ചെയ്ത വിവരങ്ങളുണ്ട്; ഖുംറാൻ സ്ക്രോൾസിൽ എന്തുണ്ട് എന്ന് അതിൽ നിന്ന് ഗ്രഹിക്കാം. അതുപോലെതന്നെ സിനെറ്റിക്കസിൽ എന്തുണ്ട് എന്ന് അതിൽ വിശദീകരിക്കുന്നുണ്ട്. ഇവയിലെ കാര്യങ്ങൾ പൂർണ്ണമായി അംഗീകരിക്കാൻ പറ്റുമോ? ബർണബാസിൻെറ ലേഖനം അംഗീകരിക്കാൻ സാധിക്കുമോ?- ബർണബാസിൻെറ ലേഖനം സിനെറ്റിക്കസിൽ മാത്രമുള്ളതല്ല.-അതുപോലെതന്നെ ഹെർമാസിൻെറ ഇടയൻ എന്ന ലേഖനം അംഗീകരിക്കാൻ സാധിക്കുമോ?

ഇനി ഞാൻ വേറെ ആരെയും ഉദ്ധരിക്കേണ്ട ആവശ്യമില്ല. ബഹുമാന്യനായ ജോൺസൺ സി. ഫിലിപ്പ് അടക്കമുള്ള ഒരു ടീം എഴുതിയ - അദ്ദേഹം ഏതായിരുന്നാലും പറയില്ലല്ലോ ഏതോ ബൈബിൾ വിരുദ്ധൻേറതാണ് ഞാൻ ഉദ്ധരിക്കുന്നതെന്ന്- പുസ്തകമായ 'ബൈബിളിന്റെ സമ്പൂർണ ദൈവശാസ്ത്ര'ത്തിൽ പറയുന്നു: 'ആദ്യത്തെ നാല് നൂറ്റാണ്ടുകളിൽ 27 പുസ്തകങ്ങളും പാശ്ചാത്യ സഭകളോ പൗരസ്ത്യ സഭകളോ ഒരുപോലെ സ്വീകരിച്ചിരുന്നില്ല എന്ന വസ്തുത നാം കണ്ടു കഴിഞ്ഞു. അപ്പോസ്തലിക ഗ്രന്ഥങ്ങൾ എന്ന നാമത്തിൽ നിരവധി ഗ്രന്ഥങ്ങൾ അക്കാലത്ത് ഉണ്ടായിരുന്നതു കൊണ്ട് ശരിയായ ഗ്രന്ഥങ്ങൾ തന്നെയും സ്വീകരിക്കുന്നതിന് കാലതാമസം നേരിട്ടു. പുതിയ നിയമകാനോൻ തിട്ടപ്പെടുത്താൻ ആദ്യ കൗൺസിൽ കൂടിയതുതന്നെ നാലാം നൂറ്റാണ്ടിലാണ്.' അതേപോലെതന്നെ ഒരുപാട് കാര്യങ്ങൾ. 'മാർട്ടിൻ ലൂദർ; പ്രൊട്ടസ്റ്റൻറ് വിപ്ലവത്തിൻെറ നേതാവ്. മാർട്ടിൻ ലൂദറിൻെറ കാനോനിൽ എബ്രായേർ, യാക്കോബ്, യഹൂദ, വെളിപാട് എന്നീ പുസ്തകങ്ങൾക്ക് സ്ഥാനമില്ലായിരുന്നു. യാക്കോബിൻെറ ലേഖനം ഒരു വൈക്കോൽ ലേഖനമാണെന്നായിരുന്നു ലൂദറിൻെറ അഭിപ്രായം. വെളിപാട് പുസ്തകം അപ്പോസ്തലികമോ പ്രാവചനികമോ ആയി അദ്ദേഹം ഗണിച്ചില്ല. മറ്റൊരു നവീകരണ പ്രമുഖനായ സിംഗ്ലി 27 പുസ്തകങ്ങളും ദൈവനിശ്വസ്തിതമായി സ്വീകരിച്ചു. നവീകരണ സിദ്ധാന്തത്തിൽ ഏറ്റവും വലിയ ദൈവശാസ്ത്രജ്ഞനായ ജോൺ കാൽവിൻ യോഹന്നാൻെറ രണ്ട്, മൂന്ന് ലേഖനങ്ങൾ, വെളിപാട് പുസ്തകം ഇവയെക്കുറിച്ച് ഒന്നും പറയുന്നില്ല. ഗ്രേഷ്യസ് എന്ന പണ്ഡിതൻ രണ്ട് പത്രോസ് രണ്ട്, മൂന്ന്, യോഹന്നാൻ, യൂദാ ഇത്രയും അംഗീകരിച്ചില്ല.'

ഇത് 16ാം നൂറ്റാണ്ടിലെ കാര്യമാണ്. 16-ാം നൂറ്റാണ്ടിൽ പറയുന്ന

കാര്യം! ജോൺസൺ സി. ഫിലിപ്പ് സാർ കൂടി- അദ്ദേഹത്തോടുള്ള എല്ലാ ബഹുമാനവും മുൻനിർത്തിക്കൊണ്ട് പറയട്ടെ- അംഗമായിട്ടുള്ള പത്രാധിപസമിതി പ്രസിദ്ധീകരിച്ച പുസ്തകത്തിലാണിതു പറയുന്നത്. അപ്പോൾ 16-ാം നൂറ്റാണ്ടിൽപോലും ബൈബിളിൽ ഏതൊക്കെ പുസ്തകം ദൈവികമാണ്, ഏതൊക്കെ ദൈവികമല്ല എന്ന വിഷയത്തിൽ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നു എന്നുള്ളതാണ് ഇതിൻെറ അർഥം. അതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം. കാനോനികമായി സ്വീകരിക്കാനുള്ള മാനദണ്ഡം എന്താണ്? 16-ാം നൂറ്റാണ്ടു വരെ ആ മാനദണ്ഡത്തിൻെറ വിഷയത്തിൽ അഭിപ്രായവ്യത്യാസങ്ങൾ നിലകൊണ്ടിരുന്നു. പല പുസ്തകങ്ങളും കാനോനികമായി പലരും പല കോലത്തിലും പല രൂപത്തിലും സ്വീകരിച്ചിരുന്നു. ഇത് വസ്തുതയാണ്. ഇത് സത്യമാണ്. പച്ചയായി കാര്യങ്ങൾ മനസ്സിലാക്കുക. അവിടെ ഏറ്റവും പുരാതനമായ സ്ക്രോൾസ് ഉള്ളതുകൊണ്ട് കാര്യമില്ല. (അനുബന്ധം 12 കാണുക.)

ഏറ്റവും പുരാതനമായ സ്ക്രോൾസിൽ ഒരുപാട് കയ്യെഴുത്ത് രേഖകളുണ്ട്. സത്യമാണ്. ഇസ്രാഈൽ തറവാട്ടിലെ എല്ലാ കയ്യെഴുത്ത് രേഖകളും നമുക്ക് ദൈവിക ഗ്രന്ഥങ്ങളായിട്ട് അംഗീകരിക്കാൻ സാധിക്കുമോ? എന്നാൽ അത് തീർച്ചയായും നമുക്ക് പരിശോധിക്കേണ്ട കാര്യമാണ്. പിന്നെ പുതിയ നിയമത്തിൻെറ കാലഘട്ടത്തിൽ നിലനിന്നിരുന്ന പഴയ നിയമ പുസ്തകങ്ങൾ; ആ പഴയ നിയമ പുസ്തകങ്ങളിൽ യേശുവും അതേപോലെതന്നെ അപ്പോസ്തലന്മാരുമെല്ലാം സ്വീകരിച്ചിരുന്ന പുസ്തകങ്ങൾ ഏതൊക്കെയായിരുന്നു? ഇപ്പോഴുള്ള പഴയ നിയമത്തിലെ ഇവിടെ സ്വീകരിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ തന്നെയാണോ? ആ 39 ഗ്രന്ഥങ്ങൾ തന്നെയാണോ സ്വീകരിച്ചിരുന്നത്? അതല്ലാത്ത പുസ്തകങ്ങൾ വല്ലതും ഉണ്ടായിരുന്നുവോ? പരിശോധിക്കപ്പെടണം. അവിടെ നമുക്ക് കാണാൻ കഴിയും പല ഉദ്ധരണികളും; മത്തായി രണ്ടാം അധ്യായത്തിൽ 23ാം വചനത്തിൽ ഉദ്ധരിക്കുന്നു. 'അവൻ നസ്രായേക്കാരൻ എന്ന് വിളിക്കപ്പെടും എന്ന് പ്രവാചകന്മാർ അരുൾ ചെയ്തത് നിറവേറ്റുന്നതിനുവേണ്ടി'. അവൻ നസ്രായേക്കാരനെന്ന് വിളിക്കപ്പെടുമെന്ന് പ്രവാചകന്മാർ അരുൾ ചെയ്തിട്ടുണ്ട് എന്ന് മത്തായി എഴുതുന്നുവെങ്കിൽ പഴയ നിയമത്തിലെ ഉൽപത്തി പുസ്തകം മുതൽ മാലാഖിയുടെ പുസ്തകം വരെ തെരഞ്ഞാൽ 'അവൻ നസ്രായേക്കാരാൻ എന്ന് വിളിക്കപ്പെടു'മെന്നൊരു പ്രവചനം കാണാൻ സാധ്യമല്ല. ഞാൻ ദാവീദിൻെറ സങ്കീർത്തനത്തിൽ കുറച്ചേ വായിച്ചിട്ടുള്ളൂവെന്നാണ് പറയുന്നത്. ശരിയായിരിക്കാം. പക്ഷേ, മുഴുവൻ വായിച്ചവർ പറയട്ടെ, ഇങ്ങനെയൊരു പ്രവചനമുണ്ടോ? ഇങ്ങനെയൊരു പ്രവചനമില്ല. പിന്നെ എവിടെ നിന്നെടുത്തു. അപ്പോൾ ഒന്നുകിൽ മത്തായി കളവ് പറഞ്ഞിട്ടുണ്ടാകണം. ഞാൻ വിശ്വസിക്കുന്നില്ല മത്തായി കളവ് പറഞ്ഞുവെന്ന്. അല്ലെങ്കിൽ അന്ന് മത്തായി ഒരു പ്രവചന ഗ്രന്ഥമായി അംഗീകരിച്ചിരുന്ന ഏതോ ഗ്രന്ഥങ്ങൾ നമ്മുടെ കൈകളിൽ ഇന്നില്ല എന്നതല്ലേ അർഥം. പഴയ നിയമത്തിൽ ഏതായാലും ഇങ്ങനെ ഒരു വചനമില്ല.



ഇത് ഒന്നുമാത്രമല്ല. യൂദായുടെ പുസ്തകം എടുത്ത് വായിച്ചു നോക്കുക. യൂദായുടെ പുസ്തകം 9-ാം വചനത്തിൽ പറയുന്നു. 'മോശയുടെ സ്വർഗാരോഹണം' എന്ന പുസ്തകത്തിൽ നിന്ന് ഉദ്ധരിക്കുന്നു. 14,15 വചനങ്ങളിൽ ഇനോക്കിൻെറ ഒന്നാം പുസ്തകം ഒന്നാം അധ്യായത്തിൽ ഒൻപതാമത്തെ വചനം ഉദ്ധരിക്കുന്നു. ഇതെല്ലാമെന്താണ്. ഇനോക്കിൻെറ പുസ്തകം ഇന്ന് ബൈബിളിലുണ്ടോ? ബൈബിളിലില്ല. അതാരാണ് എടുത്തുകളഞ്ഞത്? അപ്പോൾ, മത്തായി ഉദ്ധരിച്ച, അതേപോലെതന്നെ ബൈബിളിൻെറ പുതിയ നിയമ കാനോനിൽ ഉൾപ്പെടുത്തിയിട്ടുള്ള പലരും ഉദ്ധരിച്ച പലതും എടുത്തുകളഞ്ഞു.

അതേപോലെതന്നെ എടുത്തുകളഞ്ഞ ഗ്രന്ഥങ്ങളുടെ ലിസ്റ്റിൽ ബർണബാസിൻെറ സുവിശേഷം എന്നൊരു ഗ്രന്ഥംകൂടിയുണ്ട് എന്ന് സ്വകാര്യമായി നാം അറിഞ്ഞുവെക്കുക. ആ ചർച്ചയിലേക്ക് പോകേണ്ടതില്ല. ആ പുസ്തകം ഉണ്ട് എന്നതിന് തെളിവ് എൻെറ കയ്യിൽ ബഹുമാന്യനായ ജോൺസൺ സി. ഫിലിപ്പ് എഴുതിയ സമ്പൂർണ ദൈവശാസ്ത്രം തന്നെയാണ്. എടുത്തുകളഞ്ഞ പുസ്തകങ്ങളുടെ ലിസ്റ്റ് ആ പുസ്തകത്തിലുണ്ട്. പ്രസ്തുത ലിസ്റ്റിൽ ആ പുസ്തകവും നിലവിലുണ്ട് എന്ന് നാം മനസ്സിലാക്കുക.

ഇവിടെ ഞാൻ ഉദ്ധരിച്ച കാര്യങ്ങൾക്ക് മുഴുവൻ തന്നെ ബഹുമാന്യനായ സുഹൃത്ത് വളരെ വികാരപരമായി മറുപടി പറഞ്ഞിരിക്കുകയാണ്. ഞാൻ പറഞ്ഞ കാര്യങ്ങൾ വളരെ വസ്തുനിഷ്ഠമായി നിങ്ങളുടെ ചിന്തക്ക് വിധേയമാക്കണമെന്ന് മാത്രമാണ് അദ്ദേഹത്തോടൊപ്പം എല്ലാവരോടും സൂചിപ്പിക്കുവാനുള്ളത്. നമ്മുടെ നിത്യജീവൻ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. ആ നിത്യജീവൻ എന്ന പ്രശ്നത്തിൽ ദൈവിക മാർഗദർശനം അനിവാര്യമാണ്. ഇവിടെ മുഹമ്മദ് നബി(ﷺ)

യെക്കുറിച്ച് പലതും പറഞ്ഞു. ഞാൻ അതിന് ഇപ്പോൾ മറുപടി പറയുന്നില്ല. മറുപടിയില്ലാത്തതുകൊണ്ടല്ല. നിച്ച് ഓഫ് ട്രൂത്തിൻെറ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം നിങ്ങൾക്കറിയാം ഓപ്പൺ സ്റ്റേജിൽ ഭൗതികവാദികൾ അടക്കം ഉന്നയിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി പറയാൻ സന്നദ്ധരാണ് ഇതിൻെറ പ്രവർത്തകരെന്ന്. നിച്ചിൻെറ സവിശേഷതകൊണ്ടോ ഞങ്ങളുടെ കഴിവുകൾ കൊണ്ടോ അല്ല; മറിച്ച്, പരിശുദ്ധ ഖുർആനും പ്രവാചകൻെറ ജീവിതചര്യയും അത്രക്ക് സമഗ്രമായതുകൊണ്ടാണ്. നിങ്ങൾക്ക് എല്ലാ വിമർശനങ്ങളും ഉന്നയിക്കാം. പക്ഷേ, നമ്മുടെ വിഷയം മാറിപ്പോയി. ഇതൊരു സംവാദമാണ്. 'ബൈബിളിൻെറ ദൈവിക'തയാണ് വിഷയം. മുഹമ്മദ് നബി പ്രവാചകനാണോ എന്ന വിഷയം നമുക്ക് നാളെ ഇതേ വേദിയിൽ വെച്ച് ചർച്ച ചെയ്യാം. നിച്ചിൻെറ പ്രവർത്തകർ സന്നദ്ധരാണ്. ഖുർആൻ ദൈവികമാണോ എന്ന വിഷയം നാളെ വേണമെങ്കിൽ ഇതേ വേദിയിൽവെച്ച് ചർച്ച ചെയ്യാം. നിച്ചിൻെറ പ്രവർത്തകർ സന്നദ്ധരാണ്.

പലപ്പോഴും ക്രൈസ്തവ മിഷണറിമാർ ചെയ്യാറുള്ള വളരെ വിലകുറഞ്ഞ അടവ് ഈ വിഷയത്തിൽ എടുക്കരുത് എന്നുമാത്രമെ എനിക്ക് സൂചിപ്പിക്കാനുള്ളൂ. ആ വിലകുറഞ്ഞ അടവ് എന്താണെന്ന് അറിയാമോ? ബൈബിളിലെ പ്രശ്നങ്ങളെക്കുറിച്ച് സൂചിപ്പിക്കുമ്പോൾ, ആ പ്രശ്നങ്ങൾക്ക് മറുപടി പറയാൻ സാധിക്കാതിരിക്കുമ്പോൾ ഇതാ ഇതിലുണ്ട് അങ്ങനെ, അതിലുണ്ടല്ലോ ഇങ്ങനെ എന്ന് പറഞ്ഞ് ശ്രദ്ധ അങ്ങോട്ടും ഇങ്ങോട്ടും തിരിച്ചുവിടുക. കൃത്യമായി, ബൈബിൾ ദൈവികമല്ലെങ്കിൽ അല്ലായെന്ന് സമ്മതിക്കുക. അതിൽ ദൈവികമല്ലാത്ത വചനങ്ങളുണ്ടെങ്കിൽ ദൈവികമല്ലാത്ത വചനങ്ങൾ ഉണ്ട് എന്ന് സമ്മതിക്കുക. ഖുർആൻ ദൈവികമല്ലേ നമുക്ക് പരിശോധിക്കാം. സത്യാന്വേഷികൾ എന്ന നിലക്ക്; ഖുർആൻ 100 ശതമാനം ദൈവികമാണോ എന്ന്. യേശുക്രിസ്തുവിനെ പോലെ, മോശയെ പോലെ, ലോകത്ത് കടന്നുവന്ന മറ്റ് പ്രവാചകന്മാരെപോലെ വന്ന പ്രവാചകനാണ് അന്തിമ പ്രവാചകനായ മുഹമ്മദ് നബി(ﷺ) എന്ന് ആത്മാർഥമായി വിശ്വസിക്കുന്ന ഒരു വ്യക്തിയാണ് ഈയുള്ളവൻ. നിച്ചിൻെറ പ്രവർത്തകരെല്ലാം അങ്ങനെതന്നെ. അങ്ങനെ വിശ്വസിക്കുന്ന വ്യക്തി എന്ന നിലക്ക് ആ വിഷയത്തിലുള്ള നിങ്ങളുടെ ഏത് പ്രശ്നങ്ങൾക്കും മറുപടി പറയാൻ ഞാൻ ബാധ്യസ്ഥനാണ് എന്ന് ഞാൻ വിചാരിക്കുന്നു; അറിവുള്ള വിഷയത്തിൽ. അറിവില്ലാത്തതിന് അറിവു



ള്ളവർ മറുപടി പറയേണ്ടതാണ്. പക്ഷേ, അതിന് ബൈബിളിൻെറ ദൈവികത എന്ന വിഷയവുമായി ബന്ധപ്പെട്ട വേദിയല്ല ആവശ്യം. അതിന് നമുക്ക് ഖുർആനിൻെറ ദൈവികതയെക്കുറിച്ചുള്ള വേദിയാണ് വേണ്ടത്. അവിടെ വെച്ച് നമുക്കത് ചർച്ച ചെയ്യാം. ആരാണ് സന്നദ്ധം? ഇതേരൂപത്തിൽ ഓപ്പണായി നമുക്ക് ചർച്ച ചെയ്യാം. നിച്ചിൻെറ പ്രവർത്തകർ സന്നദ്ധരാണ് എന്ന് വിനീതമായി അറിയിക്കുകയാണ്.

ഇവിടെ ബൈബിളിൻെറ ധാർമികതയെക്കുറിച്ച് പറഞ്ഞപ്പോൾ പ്രവാചകന്മാർ അധാർമികരായിരുന്നു എന്ന്, ബൈബിൾ വിവരിക്കുന്ന പ്രവാചകന്മാരെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ദിവ്യപുരുഷന്മാരെക്കുറിച്ച്, ദൈവത്തിങ്കൽ നിന്ന് പ്രമാണങ്ങൾ ലഭിച്ചവരെക്കുറിച്ച് പറയുമ്പോൾ അവരാണ് ഈ ലോകത്തെ നയിച്ചിരുന്നത് എന്ന വസ്തുത നാം മനസ്സിലാക്കണം. അതാണ് ബൈബിളിലെ പഴയ നിയമം പറയുന്നത്. പ്രവാചകന്മാരിലൂടെയാണ് ലോകത്ത് ധർമാധർമങ്ങൾ പഠിപ്പിക്കപ്പെട്ടത്. ആ ധർമാധർമങ്ങൾ പഠിപ്പിച്ച പ്രവാചകന്മാർ ഇങ്ങനെ ചെയ്യുന്നവരാണെങ്കിൽ പിന്നെ എന്തുകൊണ്ട് എനിക്ക് അങ്ങനെ ആയിക്കൂടാ എന്നൊരാൾ ചോദിക്കുമ്പോൾ മറുപടി പറയാൻ നമ്മൾ ബാധ്യസ്ഥരാണ്. ഖുർആൻ പറയുന്നു: അല്ല, പ്രവാചകന്മാർ ഒന്നും അങ്ങനെയല്ല. ഇവിടെ പൂർണമായി എല്ലാ നിലക്കുള്ള ധർമാധർമങ്ങളെക്കുറിച്ചും പഠിപ്പിക്കുന്ന ഗ്രന്ഥമാണ് ബൈബിൾ എന്ന് പറഞ്ഞു. തീർച്ചയായും പരിശോധിക്കപ്പെടേണ്ടതാണത്. മദ്യപാനം എന്ന വിഷയം; അതിൽ ബൈബിളിൻെറ വിധി എന്താണ്? കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ ആറാം അധ്യായത്തിലെ 10-ാം വചനത്തിൽ കാണുന്നു 'മദ്യപാനി സ്വർഗരാജ്യം അവകാശമാക്കുകയില്ല'. അതേ ബൈബിളിൽ യോഹന്നാൻെറ സുവിശേഷം രണ്ടാം അധ്യായത്തിലെ ഒന്നുമുതൽ പതിനൊന്ന് വരെയുള്ള വചനങ്ങളിൽ യേശുക്രിസ്തു തന്നെ പച്ചവെള്ളം മദ്യമാക്കി മാറ്റിയതും അത് തൻെറ സമൂഹത്തെക്കൊണ്ടും കാനായിലെ കല്യാണവിരുന്നിൽ പങ്കെടുത്തവരെക്കൊണ്ടും കുടിപ്പിക്കുകയും അവർക്ക് ലഹരി ബാധിക്കുകയും ചെയ്ത കഥ നമ്മൾ വായിക്കുന്നു. മദ്യം ശരിയല്ലായെന്ന് പറയുമ്പോൾ ഒരു അബ്കാരി തിരിച്ച് ചോദിക്കുന്നു. 'ഞാൻ യേശു ചെയ്ത പണി മാത്രമല്ലേ ചെയ്യുന്നത്?' എന്താണ് മറുപടി? ഞങ്ങളെ സംബന്ധിച്ചിടത്തോളം മറുപടി ഉണ്ട്. ഇല്ല! ഇല്ല! എൻെറ ബഹുമാന്യനായ യേശുക്രിസ്തു, എൻെറ പ്രവാചകനായ യേശുക്രിസ്തു അങ്ങനെ ചെയ്തിട്ടില്ല,

അങ്ങനെ ചെയ്തിട്ടുണ്ടായിരുന്നുവെങ്കിൽ മത്തായിയും മാർക്കോസും ലൂക്കോസും അറിയേണ്ടിയിരുന്നു. AD80കൾക്കുശേഷം മാത്രം എഴുതപ്പെട്ട, യോഹന്നാൻ ഗ്രീക്ക് ഫിലോസഫിയിൽനിന്നും പലതും കടമെടുത്ത കൂട്ടത്തിൽ കടമെടുത്ത ഒരു അത്യാചാരത്തിന് തെളിവുണ്ടാക്കുവാൻവേണ്ടി മഹാനായ യേശുവിൻെറ ജീവിതത്തെ ബലിയാടാക്കുകയാണ് ചെയ്തത് എന്ന് ഞാൻ തീർച്ചയായും മറുപടി പറയുന്നു. അവിടെയാണ് പ്രശ്നം. അവിടെയാണ് അടിസ്ഥാനപരമായ കാര്യം. ഇവിടെ മറ്റെന്തെങ്കിലും ചർച്ചകളുടെ പ്രശ്നമല്ല.

ബൈബിളിലെ ശാസ്ത്രീയമായ അബദ്ധങ്ങളെക്കുറിച്ച് പറഞ്ഞപ്പോൾ ഞാൻ എൻെറ പുസ്തകത്തിൽ കൊടുത്തിട്ടുള്ള 20 അബദ്ധങ്ങളെക്കുറിച്ച് പറഞ്ഞു. അവ ശാസ്ത്രീയമായി തെളിയിച്ചാൽ ഒന്നര ലക്ഷം രൂപ നൽകാമെന്നാണ് ജോൺസൺ സാർ പറഞ്ഞത്. ഒന്നര ലക്ഷം രൂപ വേണ്ട. അത് ചർച്ചുകളുടെ അക്കൗണ്ടിലേക്കുതന്നെ വരവ് വെച്ചുകൊള്ളുക. പക്ഷേ, ഒരെണ്ണത്തിനെങ്കിലും വസ്തുനിഷ്ഠമായി മറുപടി പറയുക. ഞങ്ങൾ എട്ടാം ക്ലാസുകാരാണ്. ഞങ്ങൾ പി.എച്ച്.ഡിക്കാരല്ല. ഞങ്ങൾ സാധാരണക്കാരാണ്. സാധാരണക്കാരായ ഞങ്ങൾക്ക് സ്വർഗരാജ്യത്തിലേക്ക് പോകാൻ, നിത്യജീവനിലേക്ക് പോകാനുള്ള മാർഗം കാണണം. ആ മാർഗത്തെക്കുറിച്ച് പഠിപ്പിക്കുന്നു എന്ന് പറയുന്ന ബൈബിൾ നിങ്ങൾ അവതരിപ്പിക്കുമ്പോൾ ആ ബൈബിൾ ഞങ്ങളുടെ അറിവിൻെറ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ അതിൽ കാണുന്നു കടുക് മണിയാണ് ഏറ്റവും ചെറിയ വിത്ത് എന്ന്. ഞങ്ങൾക്കിന്ന് അറിയാം. കടുക് മണിയെക്കാൾ ചെറിയ വിത്ത് ഉണ്ട് എന്ന്. ഇതേപോലെ നിരവധി കാര്യങ്ങൾ ഞാൻ എൻെറ സംസാരത്തിൽ ഉദ്ധരിക്കുകയുണ്ടായി. ആ കാര്യങ്ങൾ, അതേപോലെ എൻെറ പുസ്തകത്തിൽ കുറിച്ചിട്ടുള്ള കാര്യങ്ങൾ; അതിൽ ഒന്നിനുംതന്നെ വസ്തുനിഷ്ഠമായ മറുപടി പറയാതെ കേവല വൈകാരിക പ്രകടനങ്ങൾ നടത്തിയിട്ട് കാര്യമില്ല.

'ഒരു വലിയ' ഗ്രന്ഥം ഇവിടെ എടുത്തിട്ടിരിക്കുകയാണ്. 'ക്രൈസ്തവത ഇസ്‌ലാം സംവാദം' എന്ന പുസ്തകം. ഇതിൽ എല്ലാറ്റിനും മറുപടി പറഞ്ഞിട്ടുണ്ട് എന്നാണ് വാദം. നൂറ്റാണ്ടുകളായിട്ട് ക്രൈസ്തവ സഭകളിൽനിന്ന് ഇങ്ങനെ വിമർശങ്ങൾക്ക് വസ്തുനിഷ്ഠമായ, ഗവേഷണാത്മകമായ മറുപടികൾ രംഗത്ത് വന്നിട്ടുണ്ട്, ജേർണലുകളുണ്ട്, പുസ്തകങ്ങൾ ഉണ്ട് എന്ന് ജോൺസൺ സാർ പറഞ്ഞപ്പോൾ



ഞാൻ ആദരവോടു കൂടി നോക്കിക്കണ്ടു. ഈ പുസ്തകത്തിലുള്ളതു പോലുള്ള മറുപടിയാണ് ഇതിലെല്ലാം ഉള്ളതെങ്കിൽ ദയവുചെയ്ത് അത്തരം ഗവേഷണ പ്രബന്ധങ്ങൾ ലോകത്തിന് മുമ്പിൽ അവതരിപ്പിക്കാതിരിക്കുകയാണ് മെച്ചമെന്നാണ് ഞങ്ങൾക്ക് സൂചിപ്പിക്കാനുള്ളത്. നിച്ച് ഓഫ് ട്രൂത്തിൽ ഇസ്‌ലാമിനെക്കുറിച്ച് പഠിക്കാൻ വരുന്ന ക്രൈസ്തവ സുഹൃത്തുക്കൾക്ക് ഞങ്ങൾ ആദ്യമായി നൽകുന്ന പ്രധാനപ്പെട്ട പുസ്തകം ഇതാണ്. ഇതൊന്ന് വായിച്ചാൽ ഏകദേശ സംശയങ്ങളെല്ലാം തീർന്ന് കിട്ടും. ഇത് ഏത് പുസ്തകത്തിനുള്ള മറുപടിയാണോ ആ പുസ്തകംകൂടി കൊടുക്കാറുണ്ട് എന്നുമാത്രമേയുള്ളൂ. ഒരു മാന്യമായ ഭാഷപോലും ഉപയോഗിക്കാൻ അറിയാത്ത ആളുകൾ, അങ്ങനെത്തന്നെ ഞാൻ പറയട്ടെ, മാന്യമായ ഭാഷ പോലും ഉപയോഗിക്കാൻ അറിയാത്ത ആളുകൾ ഗവേഷണത്തിൻെറപേരിൽ അഹങ്കാരം കൊള്ളുന്നത് കാണുമ്പോൾ അത്ഭുതം തോന്നുന്നു. ഞാൻ പറയട്ടെ, എൻെറ പുസ്തകത്തിൽ പറഞ്ഞിട്ടുള്ള അബദ്ധങ്ങൾക്ക്, വൈരുധ്യങ്ങൾക്ക് ഒന്നിനു പോലും വസ്തുനിഷ്ഠമായി മറുപടി പറഞ്ഞിട്ടില്ല ഈ പുസ്തകത്തിൽ! എൻെറ പുസ്തകത്തിൽ ഉദ്ധരിച്ചിട്ടുള്ള ഇന്നയിന്ന കാര്യത്തിന് ഇന്നയിന്ന മറുപടി പറഞ്ഞിട്ടുണ്ടെന്ന് വായിക്കട്ടെ. നമുക്ക് പരിശോധിക്കാം. നമുക്ക് പഠിക്കാം. അതല്ലാതെ കേവലം വികാരപ്രകടനംകൊണ്ട് കാര്യമില്ല. വിഷയങ്ങൾ പഠിക്കുക; വസ്തുനിഷ്ഠമായി. എന്തിനാണ് വികാരപ്രകടനം? ആശയങ്ങളാണ് നമ്മൾ മുന്നോട്ടു വെക്കുന്നത്. ജനങ്ങളുടെ മുമ്പിൽ ആശയങ്ങൾ വെക്കട്ടെ.

ഇന്ന് നാം സംവാദത്തിനായി തീരുമാനിച്ചിരിക്കുന്നത് ഖുർആനോ ബൈബിളോ ഏതാണ് ദൈവിക വചനം എന്ന വിഷയമല്ല. അതുകൊണ്ടാണ് ഖുർആനിലേക്ക് പോകാൻ ഞാൻ സന്നദ്ധമല്ലാത്തത്. ഖുർആനോ ബൈബിളോ ഏതാണ് ദൈവിക വചനമെന്ന വിഷയം നമുക്ക് ചർച്ച ചെയ്യാം. അതേപോലെ ഖുർആൻെറ ദൈവികത നമുക്ക് ചർച്ച ചെയ്യാം. ആ വിഷയം വരുമ്പോൾ ആ വിഷയം നാം ചർച്ച ചെയ്യുക. അല്ലെങ്കിൽ സാധാരണ ചെറിയ കുട്ടികൾ പറയാറുള്ളതു പോലെ ഇന്ന തകരാറ് നിനക്ക് ഉണ്ട് എന്ന് പറയുമ്പോൾ നീയും ഇന്നത് ചെയ്ത ആളല്ലേ എന്ന് പറയുന്ന ആ രീതി നിർത്തുക. ആ തകരാർ എന്താണ്? അത് വസ്തുനിഷ്ഠമായി പരിശോധിക്കുക.

വിഷയം അവതരിപ്പിച്ചപ്പോൾ ഞാൻ അവസാനമായി പറഞ്ഞ

കാര്യം വീണ്ടും ആവർത്തിക്കുകയാണ്. പഴയ നിയമ പുസ്തകത്തിൽനിന്ന് ഉദ്ധരിക്കുമ്പോൾവരെ തെറ്റുപറ്റാറുള്ളവരാണ് പുതിയ നിയമ ഗ്രന്ഥകാരന്മാരെങ്കിൽ അവർ പറയുന്ന നിത്യജീവന്റെ സന്ദേശം തെറ്റുപറ്റാത്തതാണ് എന്ന് നമുക്ക് എങ്ങനെ അംഗീകരിക്കാൻ കഴിയും. ഇവിടെ നിത്യജീവനാണ് ബൈബിളിന്റെ പ്രധാനപ്പെട്ട വിഷയമെന്നും ബൈബിളിൽ പ്രധാനമായും പറയുന്നത് അതാണ് എന്നും അതിലേക്ക് ലോകത്തിലെ പതിനായിരക്കണക്കിനാളുകളെ പരിവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നുവെന്നും എല്ലാം പറഞ്ഞു. ഞാൻ അതൊന്നും നിഷേധിക്കുന്നില്ല. പതിനായിരക്കണക്കിനാളുകളുടെ കഥ പറയുകയാണെങ്കിൽ നമ്മുടെ സത്യസായിബാബക്കും അതു പോലെതന്നെ മാതാ അമൃതാനന്ദമയിക്കും ഇപ്പോൾ വരുന്ന ഡബിൾ ശ്രീ ഗുരുക്കന്മാർക്കുമെല്ലാം നിരവധി പതിനായിരങ്ങളെക്കുറിച്ച് പറയാനുണ്ട്. പക്ഷേ, അതല്ല പ്രശ്നം.

പ്രാമാണികമായി, ബുദ്ധിപരമായി, വസ്തുനിഷ്ഠമായി നമ്മൾ പരിശോധിക്കണം. എന്നിട്ട് നിങ്ങൾ പറയുക. ബൈബിളിലെ പുസ്തകങ്ങൾ കാനോനികമാണ്, ദൈവികമാണ് എന്ന്. ഞാൻ ഈ പറയുന്ന പ്രശ്നങ്ങൾക്ക് എന്താണ് മറുപടി? യേശു പറഞ്ഞുവെന്ന് പറഞ്ഞ് യേശുവിൽ ആരോപിക്കപ്പെട്ട പ്രവചനങ്ങൾ; ആ ആരോപിക്കപ്പെട്ട പ്രവചനങ്ങൾ യേശുക്രിസ്തുവിന്റെ ദൈവികതക്കെന്നല്ല, യേശുക്രിസ്തുവിന്റെ പ്രവാചകത്വത്തിന് പോലും എതിര് നിൽക്കുന്നു. ആവർത്തന പുസ്തകം 18ാം അധ്യായത്തിലെ 19,20 വചനങ്ങളിൽ പറഞ്ഞിട്ടുള്ളതെന്താണ്? 'ഒരു പ്രവാചകൻ തോന്ന്യാസമായി വല്ലതും പറഞ്ഞാൽ അത് സംഭവിക്കില്ല. ഇനി ഒരു പ്രവാചകൻ ഒരു കാര്യം പറഞ്ഞത് അങ്ങനെ സംഭവിച്ചിട്ടില്ലെങ്കിൽ അയാൾ തോന്ന്യാസമായി പറഞ്ഞതാണ് എന്ന് നമ്മൾ മനസ്സിലാക്കണം'. എങ്കിൽ യേശു തോന്ന്യാസമായി പറഞ്ഞുവെന്നോ?-ദൈവത്തിങ്കൽ ശരണം. ഞാൻ വിശ്വസിക്കുന്നു. മത്തായി യേശുവിന്റെ പേരിൽ തോന്ന്യാസമായി ആരോപിച്ചുവെന്ന്. എന്റെ മഹാനായ പ്രവാചകൻ യേശുക്രിസ്തു തോന്ന്യാസം പറഞ്ഞില്ല. തെറ്റ് പറഞ്ഞില്ല. അതു കൊണ്ട് വസ്തുനിഷ്ഠമായ പഠനത്തിന് നാം വിധേയമാക്കുക. ചിന്തിക്കുക. മനസ്സിലാക്കുക. ഗവേഷണങ്ങൾ ചെയ്യുക. എന്നിട്ട് കാര്യങ്ങൾ ഉൾക്കൊള്ളുക എന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ വാക്കുകൾ ഉപസംഹരിക്കുന്നു.

# രണ്ടാമത്തെ പ്രതിവാദം

## (15 മിനുട്ട് വീതം)

## ജോൺസൺ സി. ഫിലിപ്പ്

മിസ്റ്റർ എം.എം. അക്ബർ പല കാര്യങ്ങൾ പറഞ്ഞു. അതിൻെറ കൂടെ മൂന്ന് കാര്യങ്ങൾ സമ്മതിച്ചു. അക്കാര്യത്തിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഒന്ന്, ഡോക്ടറേറ്റ് എന്ന് പറഞ്ഞാൽ അത് വലിയ കാര്യമാണെന്ന്. Wonderful. Thank you very much. രണ്ട്, ഭൗതിക മായിട്ടുള്ള, അല്ലെങ്കിൽ ഭൗതിക ശാസ്ത്രങ്ങളിൽ അധിഷ്ഠിതമായ ആർഗ്യുമെൻറിന് താൻ തയാറല്ലെന്ന്. ചില വർഷങ്ങൾക്കുമുമ്പ് ഞങ്ങൾ തമ്മിലുണ്ടായ പ്രൈവറ്റ് ഡിബേറ്റിൽ താൻ തന്നെ പറഞ്ഞ ഒരു കാര്യമുണ്ട്. ഡിബേറ്റ് തുടങ്ങുന്ന ആൾ ഏത് ലൈനിലാണോ ഡിബേറ്റ് തുടങ്ങുന്നത് പ്രതിവാദി അതേ ലൈനിൽ മറുപടി പറയണ മെന്ന്. അന്ന് അങ്ങനെ പറഞ്ഞതിൻെറ റെക്കോഡിംഗ് എൻെറ കയ്യി ലുണ്ട്. അതേ വ്യക്തി ഇന്ന് അതേ രീതിയിൽ റെസ്പോണ്ട് ചെയ്യാ തെ ഞാൻ ലോജിക്കലി ആർഗ്യുമെൻറ് പ്രസൻറ് ചെയ്തപ്പോൾ അതിൽ നിന്ന് escape ചെയ്തതിന് I express my thanks to him. It takes a lot of guts to be dishonest in front of public. മൂന്നാമത്, ഇസ്ലാമിക് വ്യൂ പോയിൻറിന് അനുസരിച്ചാണ് ക്രൈസ്തവരെ വീക്ഷിക്കുന്നതെന്ന് പറഞ്ഞു. പറഞ്ഞതിൻെറ അർഥം-ഞാൻ എന്റെ പച്ചക്കണ്ണാടി വെച്ചു മാത്രമെ വീക്ഷിക്കത്തുള്ളൂ. അത് സത്യമെന്ന് സമ്മതിക്കാൻ നിങ്ങൾ തയാറാണെങ്കിൽ അത് മതി. ഞങ്ങൾക്കും വേണമെങ്കിൽ അതേരീതിയിൽ dishonest ആയിട്ടുള്ള രീതിയിൽ സംസാരിക്കാൻ സാധിക്കും. honest ആയിട്ട് logically ഡിബേറ്റ് ചെ യ്യാമെന്ന് പറഞ്ഞിട്ട് ഈ രീതിയിലുള്ള ഡിസോണസ്റ്റായിട്ടുള്ള ഒരു

പ്രെസൻേറഷൻ- ഇത് ഭൂഷണമല്ല. When there is a debate it should be equal. One should not try to escape by using abay by words.

എൻെറ പുസ്തകത്തിൽ നിന്ന് ഒരു ക്വട്ടേഷൻ ഇവിടെ വായിച്ചിരുന്നു. ഞാൻ അത് വളരെ അപ്രേഷ്യേറ്റ് ചെയ്യുന്നു. കാരണം മിസ്റ്റർ അക്ബറിൻെറ എതിക്സ് എന്താണെന്ന് അതിൽനിന്ന് വ്യക്തമായി. ആ എതിക്സിൻെറ വെളിച്ചത്തിൽ താൻ ബൈബിളിൽ നിന്ന് എടുത്ത ഉദ്ധരണികൾ ഒന്നുകൂടി പരിശോധിച്ചുകഴിഞ്ഞപ്പോൾ എല്ലാം ഒരേ രീതിയിലുള്ള ഉദ്ധരണിയാണെന്നുള്ളത് മനസ്സിലായി. ബൈബിളിൻെറ കാനോനികതയെ കുറിച്ച് ഞാൻ പറഞ്ഞതിൽ നിന്ന് ഒരു പോർഷൻ മാത്രമെടുത്ത് കാനോനിസിറ്റിയെക്കുറിച്ച് Scholars ൻെറ ഇടയിൽ വിവാദമുണ്ടാകുന്നെന്ന് സ്ഥാപിക്കുവാൻ വേണ്ടി ശ്രമിച്ചു. ആ essay complete വായിച്ചു കഴിഞ്ഞാൽ നിങ്ങൾക്ക് മനസ്സിലാകുന്ന ഒരു കാര്യം ബൈബിളിൻെറ കാനോനിസിറ്റിയെക്കുറിച്ച് ആർക്കും ഒരിക്കലും സംശയമുണ്ടായിരുന്നില്ല. എന്നാൽ ഓരോ കാലയളവിലും ക്രിസ്ത്യൻ സ്കോളേഴ്സിന് ഡിബേറ്റിന് ഫ്രീഡം ഉണ്ടായിരുന്നതു കൊണ്ട് അതത് കാലം ചിലർ ചില വിഷയത്തെ പരിശോധിക്കുവാൻ വേണ്ടി ഡീറ്റെയിലായിട്ട് ചോദിക്കുകയും ഇനീഷ്യലി അതിനെ No എന്ന് പറഞ്ഞു കഴിഞ്ഞ് അത് റിസർച്ച് ചെയ്ത് അതിനെക്കുറിച്ച് Yes എന്ന തീരുമാനത്തിൽ എത്തുകയും ചെയ്തു. കാരണം ക്രിസ്ത്യൻസ് Blind belief അല്ല. നേരെമറിച്ച് അവർ ലോജിക്കലി എല്ലാ കാര്യത്തെയും പരിശോധിച്ച് അതിൽ ഒരു conclusion വരുന്നതിനെ encourage ചെയ്തു. എന്നാൽ ഒരു വിഷയത്തെ പരിശോധിച്ചു എന്ന് മാത്രം പറയുമ്പോൾ അത് സംശയമായിരുന്നെന്നും ഇങ്ങനെയൊക്കെ പറഞ്ഞു കഴിഞ്ഞാൽ ആർക്കു വേണമെങ്കിലും എന്ത് വേണമെങ്കിലും തെളിയിക്കുവാൻ സാധിക്കും. ഈ രീതിയിലുള്ള ഉദ്ധരണികളുടെ ചില examples ഞാൻ പറയട്ടെ. ഒന്ന്: സാത്താൻ കർത്താവായ യേശുക്രിസ്തുവിൻെറ കൂടെ ഒരു മലയുടെ മണ്ടക്കു പോയി ഈ ലോകം മുഴുവൻ കാണിച്ചുവെന്ന് മി. എം.എം. അക്ബർ പറഞ്ഞു. ഞാൻ ഇവിടെ ഒരു കാര്യം ഓർമിപ്പിക്കട്ടെ. ഞങ്ങൾ എന്തെല്ലാം emotionally സംസാരിച്ചെന്നിരിക്കും. ഇത് ഒരു personal rivalry അല്ല. അതുകൊണ്ടാണ് ഞങ്ങൾ ചായ കുടിച്ച സമയത്ത് പോയി സംസാരിച്ചതും shake hand ചെയ്തതും. ഇത് ക്ലിയറായിട്ട് പറഞ്ഞിട്ടുവേണം ഞാൻ ബാക്കി കാര്യങ്ങൾ പറയേണ്ടത്. യാതൊരു



രീതിയിലുള്ള personal rivalry അല്ലിത്. മിസ്റ്റർ അക്ബർ ആ ഉദ്ധരണിയിൽ പറഞ്ഞപോലെ സാത്താൻ കർത്താവിനെ ഒരു മലമുകളിൽ കൊണ്ടുപോയിട്ട് ലോകം മുഴുവൻ കാണിച്ചു എന്നല്ല ബൈബിളിൽ പറഞ്ഞിരിക്കുന്നത്. എന്താണ് പറഞ്ഞിരിക്കുന്നതെന്നുള്ളത് നിങ്ങൾ തന്നെ വായിച്ചുനോക്ക്. ബൈബിളിൻെറ കുറെ കോപ്പീസും ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. എല്ലാവർക്കും ഓരോ കോപ്പിയെടുക്കാം. please read it. ഇത് ഒരു കലയാണ്. പറഞ്ഞിരിക്കുന്നതിൽ നിന്ന് ഒരു വാക്കെടുത്ത് അവിടെനിന്നും ഇവിടെ നിന്നും വിട്ട് ഒരു വാക്ക് ചേർത്ത് ഒരു വാക്ക് imply ചെയ്ത് ഏതെങ്കിലും രീതിയിൽ ഡിബേറ്റ് ചെയ്യുക. especially മിസ്റ്റർ അക്ബറിനെ പോലെ മലയാള ഭാഷ കൈകാര്യം ചെയ്യാൻ കഴിവുള്ള ഒരു വ്യക്തിക്ക് ഏത് വാക്കുവേണമെങ്കിലും എടുത്ത് അർഥം അനർഥമാക്കിത്തീർക്കുവാൻ സാധിക്കും. ആ രീതിയിലുള്ള കുറെ ട്രിക്സ് ഇവിടെ യൂസ് ചെയ്തിട്ടുണ്ട്. അതിൻെറയൊരു എക്സാംബിളാണിത്. മറ്റൊരു എക്സാംബിൾ ആണ് കാനാനിൽ കർത്താവ് മദ്യമുണ്ടാക്കിയെന്ന് പറഞ്ഞത്. അതിന് മറുപടി ഞാൻ പറഞ്ഞിട്ടുള്ളതാണ്. മറ്റ് പലരും പറഞ്ഞിട്ടുള്ളതാണ്. ബൈബിളിലെ 'മദ്യം' എന്നുള്ളതും 'വീഞ്ഞ്' എന്നുള്ളതും- ഇതിനുവേണ്ടി വേറെ വേറെ വാക്കുകളുണ്ട്. വാക്കുകൾ വേറെ വേറെ യൂസ് ചെയ്തിട്ടുണ്ട്. യോഹന്നാൻെറ രണ്ടാം അധ്യായത്തിൽ മറ്റൊരു വാക്കാണ് ഉപയോഗിച്ചത്. എല്ലാം വ്യക്തമാക്കി പറഞ്ഞിട്ടും മിസ്റ്റർ അക്ബർ ഇത് ഇന്നും accept ചെയ്യാൻ തയാറല്ല. ഞാൻ ചോദിക്കട്ടെ. സ്വർഗത്തിൽ അല്ലാഹു തൻെറ ഭക്തന്മാർക്കുവേണ്ടി മദ്യത്തിൻെറ തടാകങ്ങൾതന്നെ ഉണ്ടാക്കിയിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. അപ്പോൾ തടാകങ്ങളെ അനുകൂലിക്കുന്ന ആ ബുക്കിൻെറ ഒരു വിശ്വാസി കർത്താവായ യേശുക്രിസ്തു മദ്യമാണ് ഉണ്ടാക്കിയതെന്നു തന്നെ മനസ്സിലാക്കിയാൽ What is the problem? (അനുബന്ധം 13 കാണുക.)

ബൈബിളിൻെറ എതിക്സിനെക്കുറിച്ച് സംസാരിച്ചു. കഴിഞ്ഞ ദിവസം പെരുമ്പാവൂരിൽ മിസ്റ്റർ കൃഷ്ണൻകുട്ടി സംസാരിച്ച സമയത്ത് താൻ ഖുർആനിൽനിന്ന് ഒരു ഭാഗം വായിച്ചുകേൾപ്പിച്ചു. അത് വായിച്ചുകഴിഞ്ഞാൽ അതിൽനിന്ന് വളരെ വളരെ വ്യക്തമാണ് പുരുഷൻെറ കാമതൃപ്തിക്കുവേണ്ടി എല്ലാ രീതിയിലും suitable ആയിട്ടുള്ള സ്ത്രീകളെ അല്ലാഹു തൻെറ ഭക്തന്മാർക്ക് ഒരുക്കിക്കൊടുക്കുന്നു എന്നത്. അങ്ങനെയുള്ള സ്റ്റേറ്റ്മെൻറ്സിൻെറ മുമ്പിൽ ബൈ

ബിളിൻെറ എതിക്സിനെയും പ്യൂരിറ്റിയെയും ചോദ്യം ചെയ്യുക എന്ന് പറയുന്നത് that is a double standard. It takes lot of guts to tell that you are a criminal. I am not a criminal. I am doing a greater crime what you are doing ഇംഗ്ലീഷിൽ പറഞ്ഞതിൽ ക്ഷമിക്കണം. ഞാൻ ഓർമിപ്പിച്ചതുപോലെ മലയാളം എൻെറ മാതൃഭാഷയല്ല. പിന്നെ സഹോദരങ്ങളോട് സംസാരിക്കണം എന്നുള്ള താൽപര്യത്തോടെ struggle ചെയ്ത് സംസാരിച്ചുകൊണ്ടിരിക്കുകയാണ്.

അതുപോലെതന്നെ ഫറവോൻെറ കാര്യം പറഞ്ഞു. ഞാൻ മുമ്പ് ഓർമിപ്പിച്ചതുപോലെ അമ്പതും എഴുപതും നൂറും വർഷംമുമ്പ് എഴുതിയ ബുക്സ് എടുത്ത് see bible is wrong എന്ന് പറയുന്നതിന് that is a very good example. that is not scholarship. It is pseudo scholarship. ഫറവോനെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ completely തെറ്റാണെന്നുള്ളതും മിസ്റ്റർ അക്ബർ പറഞ്ഞത് completely തെറ്റാണെന്നുള്ളതും 1930കളിലും 40കളിലും ഡോ. റോബർട്ട് ഡിക് വിൽസൺ തൻെറ ബുക്കിൽ വളരെ detail ആയിട്ട് പ്രെസൻറ് ചെയ്തിട്ടുണ്ട്. completely. എന്നാൽ ഇതിനുമുമ്പുള്ള ബുക്സിൽനിന്നും ഉദ്ധരണി എടുത്ത് establish ചെയ്യാൻ സാധിച്ചുകഴിഞ്ഞാൽ naturally that is not scholarship.

ഇവിടെ മൂന്ന് പണ്ഡിതന്മാരുടെ പേരാണ് ബൈബിളിൽനിന്ന് പറഞ്ഞത്. കോട്ടക്കൽ, റെയ്മണ്ട് ഇ. ബ്രൗൺ, ക്ലേയിറ്റൻ. എന്നിട്ട് ഒരു കാര്യം കൂടി പറഞ്ഞു. thank you for that. റുഷ്ദിയെ മുസ്ലിമായിട്ട് നിങ്ങൾ accept ചെയ്യുന്നില്ലായെന്ന്. അതുപോലെതന്നെ കോട്ടക്കലിനെയോ, റെയ്മണ്ട് ഇ ബ്രൗണിനെയോ, ക്ലേയിറ്റനെയോ ക്രിസ്ത്യനായിട്ട് ഞങ്ങളും accept ചെയ്യുന്നില്ല. ഞങ്ങൾ accept ചെയ്യുന്ന സ്കോളേഴ്സിൻെറ പേര് പറയാം. ഇവരെല്ലാവരും അവരവരുടെ ഫീൽഡിൽ പണ്ഡിതന്മാരാണ്. ഡോ. ഹെൻട്രി മോറിസ്, ഡോ. ഡ്യുവങ്കിഷ്, ഡോ. ചാൾസ് കൊൺവേലി ഇങ്ങനെയുള്ള ഒരു നൂറ് പേരു വേണമെങ്കിൽ നിങ്ങളോട് പറയാം.

ക്രിയേഷൻ റിസേർച്ച് സൊസൈറ്റി എന്ന് പറയുന്ന ഒരു സൊസൈറ്റിയുണ്ട്. മൂവായിരം സയൻറിസ്റ്റ്സ് ആണ് അതിൻെറ മെമ്പേഴ്സ്. അതിൽ ഏതെങ്കിലും ഒരു സയൻറിസ്റ്റ് എഴുതിയതിൽ നിന്ന് please show it to us. Science and prespective എന്ന് പറയുന്ന ഒരു സൊസൈറ്റിയുണ്ട്. മൂവായിരത്തിൽ കൂടുതൽ മെമ്പേഴ്സുണ്ട്. ഏതായാലും ഒരു കാര്യത്തിൽ എനിക്ക് നന്ദിയുണ്ട്. മിസ്റ്റർ സൽമാൻ റുഷ്ദി മുസ്ലിം അല്ലെന്നുള്ളത് സമ്മതിച്ചതിൽ. അപ്പോൾ സൽമാൻ റുഷ്ദിയെ മുസ്ലിമായിട്ട് accept ചെയ്യാൻ നിങ്ങൾക്ക് വിഷമമാണെങ്കിൽ മിസ്റ്റർ കോട്ടക്കൽ, റെയ്മണ്ട് ബ്രൗൺ, മിസ്റ്റർ ക്ലേയിറ്റൻ എന്നിവരെ ക്രിസ്ത്യാനികളായി accept ചെയ്യാൻ ഞങ്ങൾക്കും വിഷമമുണ്ട്. അതുകൊണ്ട് if you are honest, you will not quote from that books. Quote from the books of scholars.



കോഡക്സ് സിനെറ്റിക്സിനെക്കുറിച്ചും ഖുംറാൻ സ്ക്രോൾസിനെക്കുറിച്ചും ഒക്കെ ചില കാര്യങ്ങൾ പറഞ്ഞു. കോഡക്സ് സിനെറ്റിക്സും ഖുംറാൻ സ്ക്രോൾസുമൊക്കെ ഞങ്ങൾ കണ്ടിട്ടില്ലെന്നായിരിക്കും ചിന്തിക്കുന്നത്. അതിൻെറ കോപ്പീസ്, ഫോട്ടോ കോപ്പീസ്, ഫാക്സ്, ഇ-മെയിൽ അതുപോലെതന്നെ complete text അതെല്ലാം ഞങ്ങളുടെ ലൈബ്രറിയിലുണ്ട്. ഈ പറഞ്ഞതു പോലെയുള്ള പ്രശ്നങ്ങളൊന്നും അതിലില്ല. ബൈബിളിൻെറ 1600നു മുമ്പുള്ള കോപ്പീസ് availbale അല്ല എന്ന് പറഞ്ഞെന്നാണ് ഞാൻ ഇവിടെയിരുന്ന് grasp ചെയ്തത്. if I am wrong please correct me. ബൈബിളിൻെറ എ.ഡി. 50 ൽ എഴുതപ്പെട്ട കയ്യെഴുത്ത് പ്രതികളുടെ fragments തൊട്ട് പുതിയ നിയമത്തിൻെറതും- കാരണം പുതിയ നിയമം ആ കാലഘട്ടത്തിലാണ് എഴുതപ്പെട്ടത്-ബി.സി. 400-500ൽ എഴുതപ്പെട്ട പഴയ നിയമത്തിൻെറ കോപ്പീസും ഇന്ന് ലഭ്യമാണ്. ഫോട്ടോ കോപ്പീസും ഫോട്ടോഗ്രാഫ്സും ആവശ്യപ്പെടുന്നവരെ കാണിക്കാൻ വേണ്ടി ഞങ്ങൾ റെഡിയാണ്. അതുപോലെതന്നെ പറഞ്ഞ മറ്റ് ചില കാര്യങ്ങളുണ്ട്.

ഈ പുസ്തകത്തിൽനിന്നുള്ള ഒരു ഉദ്ധരണി ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ഞാൻ വായിച്ചപ്പോൾ അത് വളരെ ഇഷ്ടപ്പെട്ടു. So very good classic case of deseption. ഫറോവ റാംസിസ് ഇന്ന വ്യക്തിയുടെ കാലംകഴിഞ്ഞാണ് വന്നത്. അതുകൊണ്ട് അന്ന് റാംസിസ് എന്നൊരു വ്യക്തിയില്ലായിരുന്നുവെന്ന് ആ പുസ്തകത്തിൻെറ objections ൽ പറഞ്ഞിട്ടുണ്ട്. അതേ ലോജിക് ഉപയോഗിച്ചാൽ എനിക്കും പറയാനുള്ളൊരു കാര്യമുണ്ട്. അക്ബർ എന്ന് പറഞ്ഞ ഒരു വ്യക്തി ആഗ്രയിൽ ഭരിച്ചു അല്ലെങ്കിൽ ഡൽഹിയിൽ ഭരിച്ചു അത് 400 വർഷങ്ങൾക്ക് മുമ്പ് അല്ലെങ്കിൽ 300 വർഷങ്ങൾക്ക് മുമ്പായിരുന്നു എന്ന് ഒരാൾ പറയുമ്പോൾ എനിക്ക് വേണമെങ്കിൽ പറയാം അക്ബർ എന്ന ഒരു വ്യക്തി 21-ാം നൂറ്റാണ്ടിൽ ഉണ്ടായിരുന്നു.

അതുകൊണ്ട് 400 വർഷങ്ങൾക്ക് അല്ലെങ്കിൽ 300 വർഷങ്ങൾക്ക് മുമ്പായിരുന്നു എന്ന് പറയുന്നത് അസത്യമാണ് എന്ന്. രാംസിസ് എന്ന് പറയുന്നത് ഒരു വ്യക്തിയല്ലായിരുന്നു. ആ പുസ്തകത്തിൽ ഒരു ക്യാച്ച് ഉണ്ട്. റാംസിസ്II എന്ന് പറഞ്ഞിട്ടുണ്ട്. അതിൽനിന്ന് മനസ്സിലാകുന്നത് റാംസിസ്I എന്നൊരു വ്യക്തി ഉണ്ടായിരുന്നുവെന്നാണ്. ബൈബിളിൽ ഒരിടത്ത് റാംസിസ്I നെക്കുറിച്ച് പറഞ്ഞു. മറ്റൊരിടത്ത് റാംസിസ് II നെക്കുറിച്ച് പറഞ്ഞു. II നെക്കുറിച്ച് ഇവിടെ പറയുന്നതു കൊണ്ട് I അവിടെ ഇല്ലായിരുന്നുവെന്ന് അർഥമില്ല. This is not scholarship; this is pseudo of scholarship my dear friends, let me, speak a few words in English mainly because once again as I said Malayalam is not my mother tounge and there fore I feel more comfortable in English and also in Hindi. In summary what I want to say is this. I very much appreciate that all of you came to hear me. The book was given to me is ബൈബിളിൻെറ ദൈവികത: I struggled and read it and I find that this book is a very good case of escapism pseudo scholarship, misquotation just as he misquoted from my book. He has misquoted from Bible has misquoted from everywhere.

കൃഷ്ണൻകുട്ടിയെക്കുറിച്ച് പറഞ്ഞിരുന്നു; വളരെ മോശമായ ഭാഷയിലാണ് എഴുതിയിരിക്കുന്നതെന്ന്. കൃഷ്ണൻകുട്ടിയെക്കുറിച്ച് ആ രീതിയിൽ ഇന്നേവരെ ആരും പറഞ്ഞിട്ടില്ല. മോശമായിട്ടുള്ള ഭാഷയുണ്ടെങ്കിൽ ഒന്ന് കാണിച്ചുതന്നാൽ വളരെ സന്തോഷമായിരിക്കും. പിന്നെ by chance മോശമായ ഭാഷയിൽ താൻ എഴുതിയിട്ടുണ്ടെങ്കിൽ അത് ആർക്കാണ് മറുപടി എഴുതിയത്, ആ വ്യക്തി ആ മോശമായ ഭാഷ റിസീവ് ചെയ്യാൻ പാകമായതു കൊണ്ടായിരിക്കും അത് എഴുതിയത് എന്ന് ഞാൻ വിശ്വസിക്കുന്നു. കൃഷ്ണൻകുട്ടിയെ എനിക്ക് personaly അറിയാം. പുള്ളി മറ്റുള്ളവരെ വളരെയധികം respect ചെയ്യുന്ന ഒരു വ്യക്തിയാണ്. And therefore ഞാൻ ഒരു ഊഹം പറഞ്ഞെന്നേയുള്ളൂ. അത് ശരിയാകണമെന്നില്ല. അങ്ങനെ മോശമായ ഭാഷ use ചെയ്തിട്ടുണ്ടെങ്കിൽ ഒന്ന് കണ്ടാൽ കൊള്ളാം.

Bible and science -മായിട്ട് ബന്ധപ്പെട്ട ആയിരക്കണക്കിന് ബുക്സ് ഇന്ന് ലഭ്യമാണ്. ഒരു അയ്യായിരം ബുക്സ് ഞങ്ങളുടെ ലൈബ്രറിയിൽ വന്നുകഴിഞ്ഞാൽ ഞങ്ങൾ കാണിച്ചുതരാം. എൻെറ ഫ്രണ്ട്സിനോട് എനിക്കൊരു request ഉണ്ട്. അമ്പതും 75ഉം 100ഉം 150ഉം വർഷങ്ങൾക്കു മുമ്പ് എഴുതപ്പെട്ട ബുക്സിൽനിന്നുള്ള ഉദ്ധരണികളും, ബൈബിളിൻെറ ദൈവികത തള്ളിപ്പറഞ്ഞവരുടെയും ഉദ്ധരണികളും വിശ്വസിച്ച് നിങ്ങൾ തെറ്റിദ്ധരിക്കപ്പെടരുത്. നിങ്ങൾ തന്നെ അതൊന്ന് റിസേർച്ച് ചെയ്യേണ്ടത് ആവശ്യമാണ്. ഒരു പ്രാവശ്യം കൂടെ ഞാൻ ക്ലോസിംഗിൽ ഓർമിപ്പിക്കട്ടെ. മിസ്റ്റർ അക്ബർ സമ്മതിച്ച മൂന്ന് കാര്യത്തിൽ രണ്ട് കാര്യങ്ങൾക്ക് ഒരിക്കൽകൂടി ഞാൻ നന്ദി പറയാൻ ആഗ്രഹിക്കുന്നു. ഇവിടെ മിസ്റ്റർ അക്ബർ റെസ്പോണ്ട് ചെയ്തത് ലോജിക്കിൻെറ basis ൽ അല്ല. ഇസ്ലാമിക വീക്ഷണത്തിലാണ്. എന്നു പറഞ്ഞാൽ, തൻെറ പച്ചക്കണ്ണാടിവെച്ചാണ് വീക്ഷിച്ചതെന്ന്. Thank you for that confession. This is a exactly what we wanted from you. We wanted you to know right from beginning all your debates are based in that kind of a deception. When we talk logically you did not use logic. When we talk philosophy you did not talk about philosophy. That is not a truth. That is, a person who wants to win in anyway by using any tactic that is dispossible. This is not honest debate. This is mercinary tactics. There is a second thing which accepted an thankfull to him for that. What he accepted was that he is not willing to debate on the basis of logic, physical sciences and physical evidences. Thank you as for as our religious books are concerned we are willing to discuss it morally, philoso phycially, physically, logically everyway that you want. We were asked to defend our book physically we have done that and any one who is honest on us would be able to see the light by this much of presentation. Thank you my brothers may God open your eyes to the truth.

## എം. എം. അക്ബർ

*അസ്സലാമു അലൈക്കും വറഹ്മത്തുല്ല*

സഹോദരന്മാരേ, ഇവിടെ എന്റെ സംസാരത്തെ, അദ്ദേഹത്തിന്റെ സംസാരത്തെ ഞാൻ ഖണ്ഡിച്ചില്ല എന്ന് പറഞ്ഞുകൊണ്ടാണ് ബഹുമാന്യനായ സുഹൃത്ത് ജോൺസൺ പ്രധാനമായും ഖണ്ഡിച്ചത്. അദ്ദേഹം ഇവിടെ പറഞ്ഞ അഞ്ച് പോയിൻറുകളിൽ ഒന്ന്, ബൈബിൾ സയൻറിഫിക്കലായിട്ട് അക്യുറേറ്റ് ആണ് എന്നാണ്. അതിന് അദ്ദേഹം അദ്ദേഹത്തിൻേറതായ തെളിവുകൾ ഉദ്ധരിച്ചിട്ടില്ല. ഏതൊക്കെയോ ഗവേഷണ പ്രബന്ധം ഉണ്ട് എന്നാണ് പറഞ്ഞത്. ഗവേഷണ പ്രബന്ധം കിട്ടുമ്പോൾ നമുക്ക് ആലോചിക്കാം.

ഞാൻ പറഞ്ഞ 20 ശാസ്ത്രാബദ്ധങ്ങൾ; ആ അബദ്ധങ്ങളിൽ ഒന്നുപോലും കൃത്യമായി, വസ്തുനിഷ്ഠമായി ഖണ്ഡിക്കുവാൻ അദ്ദേഹം ശ്രമിച്ചിട്ടില്ല. രണ്ടാമത്തേത് പുരാവസ്തു ശാസ്ത്രമാണ്. പുരാവസ്തു ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഫറോവയെക്കുറിച്ച് വളരെ സമർഥമായി, സാധാരണ ക്രൈസ്തവ മിഷനറിമാർ ചെയ്യുന്നതിനേക്കാൾ അൽപംകൂടി മുന്നോട്ടു കടന്ന് അദ്ദേഹം ഡിസ്റ്റോർട്ട് ചെയ്യാൻ ശ്രമിച്ചു. പറയാതിരിക്കാൻ നിർവാഹമില്ല. ഞാൻ എന്റെ പ്രസംഗത്തിൽ എവിടെയും രാംസസ് ഒന്നാമനെന്നോ രാംസസ് രണ്ടാമനെന്നോ പറഞ്ഞിട്ടേയില്ല. എന്റെ സംസാരം കൃത്യമായും റെക്കോർഡ് ചെയ്തിട്ടുണ്ട്. നിങ്ങൾക്ക് അത് ലഭിക്കും. ഞാൻ പറഞ്ഞത് ഫറോവ എന്ന നാമത്തെക്കുറിച്ചാണ്. ഫറോവ, 'പെർ' 'ആ' എന്നീ രണ്ട് ഈജിപ്ഷ്യൻ പദങ്ങളുടെ സമൃക്കായ സമ്മേളനത്തിൽ നിന്നുണ്ടായ 'മഹാഭവനം' എന്ന അർഥമുള്ള ഫറോവ, അത് ഈജിപ്ഷ്യൻ രാജാക്കന്മാർക്ക് പ്രയോഗിക്കുവാൻ ആരംഭിച്ചത് പുതിയ രാജത്വകാലഘട്ടത്തിലാണ്- ന്യൂ കിംഗ്ഡത്തിന്റെ കാലത്തിലാണ് എന്നതിന്റെ തെളിവായിട്ട് എൻസൈക്ലോപീഡിയ ഞാൻ ഉദ്ധരിച്ചു. അതേപോലെതന്നെ മറ്റു ഗ്രന്ഥങ്ങൾ ഞാൻ ഉദ്ധരിച്ചു. എന്നാൽ അബ്രഹാമിന്റെ കാലത്തെ ഈജിപ്തിലെ രാജാവിനെ ബൈബിൾ ഫറോവ എന്ന് വിളിക്കുന്നു. ബൈബിൾ ഫറോവ എന്ന് വിളിക്കാൻ കാരണം മോശെക്ക് ശേഷം അത് എഴുതപ്പെട്ടതാണ്. അവ എഴുതിയ കാലത്തെ ആളുകളുടെ വിചാരം ഈജിപ്തിലെ രാജാവിനുള്ള ഈജിപ്ഷ്യൻ പദമാണ് ഫറോവ എന്നായിരുന്നു. സത്യത്തിൽ ഫറോവ എന്ന് രാജാവിനെ വിളിക്കാൻ ആരംഭിച്ചത് മോശയുടെ തൊട്ടുമുമ്പാണ്. ഞാൻ വീണ്ടും ആവർത്തിക്കട്ടെ. ഉൽപത്തി പുസ്തകം 40-41 അധ്യായങ്ങളിൽ എണ്ണിനോക്കുക- 90 തവണ വിളിക്കുന്നു ഫറോവ എന്ന്. 90 തവണ ചരിത്രപരമായ അബദ്ധങ്ങൾ ആവർത്തിക്കുന്നുണ്ട് എന്നർഥം. അതിൽ അതേപോലെതന്നെ ഉൽപത്തിപുസ്തകം 12-ാം അധ്യായം 10 മുതൽ 15 വരെയുള്ള വചനങ്ങളിൽ ആറ് തവണ അബ്രഹാമിന്റെ കാലത്തെ രാജാവിനെ ഫറോവ എന്ന് വിളിക്കുന്നുണ്ട്. അബദ്ധം വീണ്ടും ആറ് തവണ ആവർത്തിക്കുന്നുവെന്നർഥം. ഈ ഒരു വിഷയത്തിൽ മാത്രം 96 തവണ ചരിത്രപരമായി അബദ്ധം ബൈബിൾ പറയുന്നു എന്നാണ് ഞാൻ പറഞ്ഞത്. ഇത് എസ്കവേഷൻസിന്റെ അടിസ്ഥാനത്തിലുള്ള സാക്ഷ്യമാണ്. അതിന് രാംസസിലേക്ക് പോകേണ്ട ആവശ്യമില്ല. എന്നോ മരിച്ചുപോയ അക്ബർ ചക്രവർത്തിയേയും എന്നെയും കൂട്ടിക്കെട്ടേണ്ടയാതൊരു ആവശ്യവുമില്ല. ഇവിടെ പറഞ്ഞത് ഫറോവ എന്ന പദപ്രയോഗത്തെപ്പറ്റിയാണ്. നിങ്ങൾ എടുത്ത് പരിശോധിക്കുക; എൻസൈക്ലോപീഡിയ ബ്രിട്ടാണിക്ക പറഞ്ഞത്. ഒരുപാട് ഗ്രന്ഥശേഖരം ഉണ്ട് എന്നല്ലേ പറഞ്ഞത്. എൻസൈക്ലോപീഡിയ ബ്രിട്ടാണിക്കയിൽ ഫറോവ എന്നുള്ള മാക്രോപീഡിയ എടുത്ത് പരിശോധിച്ച് നോക്കിയാൽ മതി; മനസ്സിലാകും.

ഇവിടെ മൂന്നാമതായി പറഞ്ഞത് മാനുസ്ക്രിപ്റ്റ്സിന്റെ ആക്യുറസിയാണ്. ആ മാനുസ്ക്രിപ്റ്റ്സിൽ ഏറ്റവും പുരാതനമായിട്ടുള്ള

ഖുംറാൻ സ്ക്രോൾസ്. പഴയ നിയമത്തിന്റെ വിഷയത്തിൽ ഖുംറാൻ സ്ക്രോൾസിൽ പറയുന്ന പുസ്തകങ്ങളെല്ലാം ദൈവികമാണ് എന്ന്; ദൈവ നിശ്വസ്തമാണ് എന്ന് അംഗീകരിക്കാൻ തയാറാകുമോ? ഇല്ലെങ്കിൽ പിന്നെന്താണ് മാനദണ്ഡം? സിനൈറ്റിക്കസിൽ പറഞ്ഞ പുസ്തകങ്ങളിൽനിന്ന് എന്തിനാണ് രണ്ട് പുസ്തകങ്ങളെ പുറത്ത് നിർത്തിയത്? രണ്ട് പുസ്തകങ്ങളെ പുറത്ത് നിർത്തി എന്നുമാത്രമല്ല, അത് വെറും പുറത്ത് നിർത്തലല്ല; ക്ലെമന്റ് ഓഫ് അലക്സാൻഡ്രിയ, ഒറിഗൺ അങ്ങനെ ഒരുപാട് ക്രൈസ്തവ സഭാനേതാക്കന്മാർ, സഭാപിതാക്കന്മാർ അവർ ഈ പുസ്തകങ്ങളിൽനിന്ന് ഉദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. ഹെർമാസിലെ ഇടയന്റെ പുസ്തകത്തിൽ നിന്നും അതേപോലെ തന്നെ ബർണബാസിന്റെ ലേഖനത്തിൽനിന്നുമെല്ലാം അവർ ഉദ്ധരിച്ചിട്ടുണ്ട്. ഇത് ഞാൻ വെറുതെ പറയുന്നതല്ല. ആവശ്യം തെളിവ് വേണമെങ്കിൽ എന്റെ കയ്യിലുണ്ട്. അത് ലഭിക്കാൻ നിങ്ങൾ എഴുതേണ്ട ആവശ്യമില്ല. അതിപ്പോൾ തന്നെ തരാവുന്നതാണ്.

പ്രൊഫസീസിന്റെ കാര്യമാണ് മറ്റൊന്ന്. ഞാൻ പറഞ്ഞു. പ്രൊഫസീസ് സംഭവിച്ചിട്ടുണ്ട്. സത്യമാണ്. ബൈബിളിലെ ഒരുപാട് പ്രൊഫസീസുകൾ സംഭവിച്ചിട്ടുണ്ട്. സംശയമൊന്നുമില്ല. കാരണം, ബൈബിളിൽ ദൈവിക വചനങ്ങളുണ്ട്. എന്നാൽ സംഭവിക്കാത്ത പ്രൊഫസിയുണ്ട്. ഞാൻ ഇവിടെ പറഞ്ഞു. യേശുവിന്റെമേൽ ആരോപിക്കപ്പെട്ട രണ്ടെണ്ണം ഇനിയും പറയാനുണ്ട്. ഞാൻ ആ രണ്ടെണ്ണത്തിൽ മാത്രം ഉറച്ചുനിൽക്കുകയാണ്. യേശുവിന്റെ പേരിൽ ആരോപിക്കപ്പെട്ട പ്രവചനങ്ങൾ; ആ പ്രവചനങ്ങൾ തെറ്റി എന്നത് ചരിത്രപരമായി ഇന്ന് നില നിൽക്കുന്ന പച്ചയായ സത്യമാണ്. ബൈബിളിലെ, യേശുവിനെക്കുറിച്ചുണ്ടെന്ന് പറയുന്ന പഴയ നിയമ പ്രവചനങ്ങൾ ആയിരത്തോളം നിവൃത്തി വന്നു എന്ന് പറയുന്നുണ്ടല്ലോ. ഞാൻ അത് വിമർശിക്കുന്നില്ല. വിഷയം മറ്റൊരു തലത്തിലേക്ക് പോകുമെന്നുള്ളതുകൊണ്ട്. എനിക്ക് പറയാൻ കഴിയും പഴയ നിയമത്തിൽ ഒരു പ്രവചനം പോലും യേശുവിനെക്കുറിച്ച് ഇല്ലായെന്ന്. ഇവർ പറയുന്ന ഓരോ വാദങ്ങളും കൃത്യമായി വിമർശിക്കുവാൻ സാധിക്കും. പക്ഷേ, വിഷയം മറ്റൊരു തലത്തിലേക്ക് പോകുമെന്നുള്ളതുകൊണ്ട് ഞാൻ വാദമായി അത് ഉദ്ധരിക്കുന്നില്ല. ഒരൊറ്റ പ്രവചനമെങ്കിലും ക്രിസ്തുവിൽ കൃത്യമായി പൂർത്തീകരിക്കപ്പെട്ടു എന്ന് പറ



യാൻ പറ്റുന്നത് ബൈബിൾ പഴയ നിയമത്തിലില്ല. ഇനി ഉണ്ടെങ്കിൽ നമ്മെ സംബന്ധിച്ചിടത്തോളം സ്വീകരിക്കാൻ ഒരു പ്രയാസവുമില്ല. കാരണം പഴയ നിയമത്തിലെ പ്രവാചകന്മാരുടെ പ്രവചനങ്ങൾ അതിലുണ്ട്. അപ്പോൾ ആ പ്രവചനങ്ങൾ ശരിയാണ്. എന്നാൽ തെറ്റിയ പ്രവചനങ്ങളോ? അപ്പോൾ പ്രവാചകൻമാരുടേത് അല്ലാത്തത് ഉണ്ട് എന്നല്ലേ അതിനർഥം? അഞ്ച് പോയിന്റ്സ് – അഞ്ചും ഞാൻ എന്റെ സംസാരത്തിൽ ഉദ്ധരിച്ചിട്ടുണ്ട്.

മുമ്പുള്ള ഡിബേറ്റിൽ ഞാൻ വിഷയം അവതരിപ്പിച്ചപ്പോൾ, ആ വിഷയത്തിലൊന്നും നിൽക്കാതെ വളരെ സമർഥമായി മറ്റൊരു വിഷയത്തിലേക്ക് പോകാനുള്ള ബഹുമാന്യനായ ജോൺസൺ സാറിന്റെ വളരെ നിഷ്കൃഷ്ടമായ പരിശ്രമത്തെ കൃത്യമായി പിടിച്ചുനിർത്താൻ ശ്രമിച്ചിരുന്നു. അതേപോലെ തന്നെയാണ് ഇവിടെയും സംഭവിച്ചത്. ഞാൻ എന്റെ സംസാരത്തിൽ കൃത്യമായി ഏഴ് പോയിന്റ്സ് ഇവിടെ പറഞ്ഞു. ആ ഏഴ് കാര്യങ്ങൾ ആവർത്തിക്കുകയാണ്. ഒന്ന്, അവതരിപ്പിക്കപ്പെട്ട രൂപത്തിൽ ബൈബിൾ പഴയ നിയമത്തിലെയോ പുതിയ നിയമത്തിലെയോ ഒരു പുസ്തകം പോലും നിലവിലില്ല. ഇവിടെ മോശെ പ്രവാചകന്റെ പുസ്തകത്തിൽ കടത്തിക്കൂട്ടിയതാണെന്ന് പറഞ്ഞു. അത് യോശുവ എഴുതിയതാണെന്നാണ് സെമിനാരിയിൽ പഠിക്കുന്നത്. എന്താണ് സത്യത്തിൽ പറയാനുള്ളത് എന്ന് കൃത്യമായി പറയുക. അദ്ദേഹം തന്നെ രണ്ട് കാര്യങ്ങൾ പറഞ്ഞു. ഒന്ന്, അത് മോശക്കു തന്നെ ദൈവം മുൻകൂട്ടി അറിയിച്ചതാണെങ്കിലോ എന്ന്. സത്യത്തിൽ അത് വായിക്കുന്ന സാധാരണ രണ്ടാം ക്ലാസിലെ കുട്ടികൾക്കു പോലും– അതിന് ഡോക്ടറേറ്റൊന്നും ആവശ്യമില്ല– രണ്ടാം ക്ലാസിലെ കുട്ടികൾക്കു പോലും കൃത്യമായിട്ട് മനസ്സിലാകും ഇത് എന്താണെന്ന്. എന്താണ് പറഞ്ഞത്? ‘അങ്ങനെ മോവാബ് ദേശത്തുവെച്ച് കർത്താവിന്റെ ദാസനായ മോശെ മരിച്ചു. എങ്കിലും അവന്റെ മരണകുഴിയുടെ സ്ഥലം ഇതുവരെ ആർക്കും അറിയില്ല’.[1] ഏതുവരെ? ഇത് എഴുതുന്നതുവരെ. അതൊ

1. “അങ്ങനെ യഹോവയുടെ ദാസനായ മോശെ യഹോവയുടെ വചനപ്രകാരം അവിടെ മോവാബ് ദേശത്തുവച്ചു മരിച്ചു. അവൻ മോവാബ് ദേശത്ത് ബേത്ത് -പെയോരിനെതിരേയുള്ള താഴ്വരയിൽ അടക്കം ചെയ്തു; എങ്കിലും ഇന്നുവരെയും അവന്റെ ശവക്കുഴിയുടെ സ്ഥലം ആരും അറിയുന്നില്ല. മോശെ മരിക്കുമ്പോൾ അവന് 120 വയസ്സായിരുന്നു; ............................. യഹോവ അഭിമുഖമായി അറിഞ്ഞ മോശെയെപ്പോലെ ഒരു പ്രവാചകൻ യിസ്രയേലിൽ പിന്നീട് ഉണ്ടായിട്ടില്ല.” (ആവർത്തനപുസ്തകം 34:5-10)

ന്നും മോശക്ക് അറിയിച്ചുകൊടുത്തതല്ല. ഇതുവരെ ആർക്കും അറിയില്ല. അവസാനത്തെ സെന്റൻസ് കൂടി ശ്രദ്ധിക്കുക. 'ഇസ്രാഈലിൽ പിന്നീട് ഇതു വരെ മോശയെപോലെ ഒരു പ്രവാചകൻ ഉണ്ടായിട്ടില്ല'. ഇത് യോശുവ എഴുതിയതാണോ? എങ്കിൽ ബാക്കിയുള്ള വചനങ്ങൾ മോശ എഴുതിയതാണെന്നുള്ളതിന് എന്താണ് തെളിവ്? യോശുവക്ക് ഈ വചനങ്ങൾ കടത്തിക്കൂട്ടാമെങ്കിൽ ജറമിയ പ്രവാചകൻെറ എട്ടാം അധ്യായത്തിൽ എട്ടാം വചനത്തിൽ യഹൂദ പുരോഹിതന്മാരോട് ജറമിയ പ്രവാചകൻ പറഞ്ഞുവല്ലോ. "ഞങ്ങൾ ജ്ഞാനികൾ. ഞങ്ങളുടെ കയ്യിൽ ന്യായപ്രമാണമുണ്ട് എന്ന് പറയാൻ നിങ്ങൾക്കെന്ത് അവകാശം. നിങ്ങളുടെ വ്യാജ കയ്യെഴുത്ത് കോൽ- വ്യാജ തൂലിക- സത്യവേദപുസ്തകത്തിൽ ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ പുറത്തിറക്കിയിട്ടുള്ള നമ്മുടെ സുഹൃത്തുക്കളെല്ലാം ഇവിടെ ഉപയോഗിക്കാറുള്ള മലയാള ബൈബിളിൽ പറഞ്ഞിട്ടുള്ളത് കള്ളകയ്യെഴുത്ത് കോൽ എന്നാണ്- അതിനെ വ്യാജമാക്കിയിരിക്കുന്നു." എന്താണ് നിങ്ങളുടെ കള്ളകയ്യെഴുത്ത് കോൽ ന്യായപ്രമാണത്തെ വ്യാജമാക്കി എന്ന് പറഞ്ഞതിൻെറ അർഥം? കയ്യെഴുത്ത്കോൽ എങ്ങനെയാണ് വ്യാജമാക്കുക? അതിൽ എഴുതിച്ചേർത്തു. പലതും എഴുതിച്ചേർത്തു. അത് ജറമിയ പ്രവാചകൻ പറഞ്ഞു. അതിന് സത്യസന്ധമായ സാക്ഷ്യമായി മോശയുടെ മരണത്തെക്കുറിച്ചുള്ള ഭാഗങ്ങൾ ദൈവം തമ്പുരാൻ തന്നെ നിലനിർത്തി. ആർക്കും പരിശോധിക്കാൻ പറ്റുന്ന രൂപത്തിൽ. അത് യോശുവ എഴുതിയതാണെന്ന് സെമിനാരിയിൽ പഠിപ്പിക്കുന്നുവെങ്കിൽ ബാക്കിയുള്ളവ മോശ എഴുതിയതാണെന്ന് സെമിനാരിയിൽ പഠിപ്പിക്കാനുള്ള തെളിവെന്താണ്? യേശുക്രിസ്തു ഉദ്ധരിച്ചുവെന്നുള്ളതാണ് തെളിവ്! എങ്കിൽ യേശു ക്രിസ്തു ഉദ്ധരിച്ചു എന്ന തെളിവ് യേശുക്രിസ്തു ഇതിനെക്കുറിച്ച് പറഞ്ഞു എന്ന തെളിവിൻെറ അടിസ്ഥാനത്തിൽ ഇതും മോശ എഴുതിയതാകണമല്ലോ? ഇല്ല, എവിടെയുമില്ല. പഴയ നിയമത്തിലെ ആവർത്തനപുസ്തകം വായിച്ചുനോക്കുക. എവിടെയുമില്ല ഇത് യോശുവ എഴുതിയതാണ് എന്ന് എവിടെയും മോശ എഴുതിയതാണ് എന്നില്ലാത്തതുപോലെ തന്നെ. അപ്പോൾ സത്യസന്ധമായി പറഞ്ഞാൽ വിഷയങ്ങൾ കൃത്യമായി ഇവിടെ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.

വ്യക്തിപരമായ പരാമർശങ്ങൾ നാം നടത്താറില്ല. വ്യക്തിപരമായ പരാമർശങ്ങൾക്ക് നമുക്ക് താൽപര്യവുമില്ല. ആശയപരമായി



മാത്രമാണ് നാം വിഷയങ്ങൾ പറയുന്നത്. ഏതെങ്കിലും രീതിയിലുള്ള തിസീസിൻെറയോ ഡോക്ടറേറ്റിൻെറയോ പേരിൽ ജനങ്ങളുടെ മുമ്പിൽ അഹങ്കാരം നടിക്കാനും ഞാനില്ല. ഇവിടെ ഞാൻ എഴുതിയ പുസ്തകത്തെപ്പറ്റി പറയാൻ കാരണം തിരുവട്ടാർ കൃഷ്ണൻകുട്ടിയുടെ പുസ്തകത്തിൽ എല്ലാ ചോദ്യങ്ങൾക്കും മറുപടി ഉണ്ട് എന്ന് പറഞ്ഞുകൊണ്ട് ഉയർത്തിക്കാണിച്ചതാണ്. ആ പുസ്തകം നാം ആദ്യമായി കാണുകയല്ല. ആ പുസ്തകത്തിൽ മറുപടിയില്ല. നിങ്ങൾ വായിക്കുക; പഠിക്കുക എന്ന് പറയാൻ വേണ്ടിയാണ്. ഇത് മുസ്‌ലിംകളോടുകൂടിയാണ് പറയുന്നത്. ഈ ആൾക്കാർകൂടി വായിക്കട്ടെ എന്ന് വിചാരിച്ച്.

ഇതിൽ (തിരുവട്ടാർ കൃഷ്ണൻകുട്ടിയുടെ പുസ്തകം പൊക്കികാണിക്കുന്നു) ഉപയോഗിച്ചിരിക്കുന്ന ചില പരാമർശങ്ങൾ അസത്യജഡിലവും സത്യസന്ധമല്ലാത്തതും മാന്യതക്ക് നിരക്കാത്തതുമാണ്. ഏതൊക്കെയാണെന്ന് ഞാൻ അണ്ടർലൈൻ ചെയ്ത് കൊണ്ടുവന്നിട്ടില്ല. കാരണം ഒരാളെ വ്യക്തിപരമായി തേജോവധം ചെയ്യലല്ല നമ്മുടെ ലക്ഷ്യം. എന്നാൽ ഇപ്പോൾ ഞാൻ പരിശോധിച്ചപ്പോൾ മുമ്പെന്നോ വായിച്ചതായി ഓർമയുള്ള ഒരു കാര്യം. "ശ്രീ അക്ബർ തന്നെ ഞങ്ങളിൽ ഒരാളോട് ഫോണിൽ സംസാരിക്കവെ തട്ടിക്കളയുമെന്ന് ഭീഷണിപ്പെടുത്തിയിട്ടുണ്ട്. വാളിൻെറ വായ്ത്തലകൊണ്ട് വളർന്ന ഇസ്‌ലാം അതിൻെറ സ്വഭാവം പ്രകടിപ്പിക്കുന്നേയുള്ളൂ. തലയുമായി പോകില്ല. ചേകന്നൂർ മൗലവിക്ക് സംഭവിച്ചതു തന്നെ സംഭവിക്കും. ചിറക്കലിൽ നിന്നുള്ള ഫോൺ കോൾ". പോരേ പൂരം! ശ്രീ അക്ബർ തന്നെ എന്ന് പറഞ്ഞതുകൊണ്ട് എനിക്ക് ചിലത് പറയേണ്ടതുണ്ട്. തിരുവട്ടാൻ കൃഷ്ണൻകുട്ടി സാർ ചെയ്യേണ്ടത്, പോലീസ് സ്റ്റേഷൻ എന്ന് പറയുന്ന ഒരു സംവിധാനം ഉണ്ട് ഇവിടെ. അവിടെ പോയി കേസ് രജിസ്റ്റർ ചെയ്യണം; അങ്ങനെ അക്ബർ പറഞ്ഞിട്ടുണ്ടെങ്കിൽ. സത്യത്തിൽ പച്ചക്കള്ളമാണിത്. നിച്ച് ഓഫ് ട്രൂത്തിന് അങ്ങനെയൊരു ശൈലിയില്ല. ക്രിസ്തുമതം അപകടത്തിൽ!! അക്ബറും കൂട്ടരും നിച്ച് ഓഫ് ട്രൂത്തും ഇതാ ക്രിസ്തുമതത്തെ കൊല്ലാൻ വേണ്ടി വരുന്നു!! ഞങ്ങൾ ക്രിസ്തുമതത്തെ രക്ഷിക്കാനുള്ള മിശിഹമാർ; അതുകൊണ്ട് ഞങ്ങളെ നിങ്ങൾ രക്ഷിക്കുക എന്ന് സാധാ ക്രൈസ്തവരോട് വിളിച്ചു പറയുന്ന കുടിലതന്ത്രങ്ങളുടെ കപടതന്ത്രങ്ങൾ മാത്രമാണിതെന്ന് ഞാൻ പറയും. കാരണം ഈ തിരുവട്ടാർ

കൃഷ്ണൻകുട്ടി തന്നെ പലസ്ഥലത്തും നിച്ച് ഓഫ് ട്രൂത്തിനെ വാദ പ്രതിവാദത്തിന് വെല്ലുവിളിച്ചുവെന്നും ആ വാദപ്രതിവാദത്തിന് അവർ സന്നദ്ധമായില്ലായെന്നും പ്രസംഗിച്ചുനടന്നിട്ടുണ്ട്. കേട്ടവർ എൻെറ സദസ്സിൽതന്നെയുണ്ട്. നിഷേധിക്കാൻ സാധ്യമല്ല. എന്നാൽ നിച്ച് ഓഫ് ട്രൂത്ത് ഏത് സമയത്തും സന്നദ്ധമാണ്. ഞങ്ങളുടെ വലിപ്പം കൊണ്ടല്ല; ഞങ്ങളുടെ കയ്യിലുള്ള ഗ്രന്ഥത്തിൻെറ സമഗ്രതയിലുള്ള വിശ്വാസംകൊണ്ടാണത്. അതല്ലാതെ ഞങ്ങൾക്കാർക്കും വലിപ്പമുണ്ടെന്ന് ഞങ്ങൾക്കഭിപ്രായമില്ല. ഞങ്ങൾക്കാർക്കും ഡോക്ടറേറ്റുമില്ല, തിസീസുമില്ല. ഞങ്ങൾ എട്ടാം ക്ലാസുകാരാണ്. സാധാരണക്കാരാണ്. പക്ഷേ, ഞങ്ങൾക്ക് ഈ ഗ്രന്ഥത്തിൻെറ സമഗ്രതയിൽ വിശ്വാസമുണ്ട്. ആ സമഗ്രത ഉള്ളതുകൊണ്ടു തന്നെ ഈ പരിശുദ്ധ ഖുർആൻ ഉള്ളിടത്തോളം കാലം ഞങ്ങൾ ആരുമായിട്ടും പരിശുദ്ധ ഖുർആൻെറ ദൈവികതയെയോ അതല്ലെങ്കിൽ അതല്ലാത്ത മിഥ്യാഗ്രന്ഥങ്ങളുടെ ദൈവികതയെ വിമർശിക്കുന്ന വിഷയത്തിലോ സംവാദത്തിന് സന്നദ്ധരാണ് എന്ന് അറിയിക്കുകയാണ്.

സുഹൃത്തുക്കളേ, അവസാനത്തെ അവസരം എന്നനിലക്ക് എനിക്ക് സൂചിപ്പിക്കാനുള്ളത് വ്യക്തിപരമായ പരാമർശങ്ങൾ ഒഴിവാക്കുക എന്നാണ്. നാം നിത്യജീവൻ ആഗ്രഹിക്കുന്നവരാണ്. എല്ലാവരും വിചാരിക്കുന്നത് ഞങ്ങൾ നടക്കുന്നതു പോലെ നടന്നാൽ സ്വർഗരാജ്യത്ത് എത്തുമെന്നാണ്. അങ്ങനെ വിചാരിച്ചുകൊണ്ടാണ് മാർസിയോൺ അദ്ദേഹത്തിൻെറ സിദ്ധാന്തങ്ങൾ ഉണ്ടാക്കിയത്. മറ്റ് പാഷണ്ഡന്മാർ അവരുടേതായ സിദ്ധാന്തങ്ങൾ ഉണ്ടാക്കിയത്. എത്രയെത്ര ഹെറട്ടിക്കുകൾ അവരുടെ സിദ്ധാന്തങ്ങളുണ്ടാക്കി. ഇവിടെ കത്തോലിക്കർ മുഴുവൻ ക്രിസ്ത്യാനികളല്ലായെന്ന് പറഞ്ഞു. സ്വാഭാവികമായും അവർ നിത്യജീവന് അവകാശികളല്ല. അവരിൽപെട്ട ഒരുപാട് കന്യകകൾ, ഒരുപാട് സാധാരണക്കാർ ഇത് ശരിയാണെന്ന് വിചാരിച്ചുകൊണ്ട് ജീവിച്ചുകൊണ്ടിരിക്കുന്നു; ഈ ജീവിതത്തെ തന്നെ ഇവിടെ ബലിയർപ്പിച്ചുകൊണ്ട്. അതുകൊണ്ട് അവരെല്ലാവരും ശരിയാണെന്ന് വിചാരിക്കുന്നതു കൊണ്ട് ഇത് ശരിയായിരിക്കണമെന്നില്ല.

നമ്മുടെ വിശ്വാസത്തെ പരിശോധിക്കുക. ഇവിടെ ഒരു കാര്യം കൂടി പറയാനുണ്ട് എനിക്ക്. പരിശുദ്ധ ഖുർആൻെറ അടിസ്ഥാനത്തിലാണ് ഞാൻ പരിശോധിക്കുക എന്ന് പറഞ്ഞതിനെ വളരെ സമർഥമായി ഡിസ്റ്റോർട്ട് ചെയ്തു. ഞാൻ ഇവിടെ ഏഴ് പോയിൻറ് പറഞ്ഞതിൽ ഏഴ് പോയിൻറും കേവല ബുദ്ധിയുടെ നിഷ്കൃഷ്ടമായ പരിശോധനയുടെ അടിസ്ഥാനത്തിലാണ്. ബൈബിളിനെ ഞാൻ നോക്കിക്കാണുന്നത് ഖുർആൻെറ അടിസ്ഥാനത്തിലാണെന്നാണ് ഞാൻ പറഞ്ഞത്. അല്ലാതെ യുക്തിവാദി പറയുന്നതുപോലെ ബൈബിളെല്ലാം തെറ്റാണെന്ന് ഒറ്റയടിക്ക് പറയുകയല്ല. ഖുർആൻെറ അടിസ്ഥാനത്തിൽ അതിൽ ദൈവികമായ വചനങ്ങളുണ്ട്. പ്രവാചകന്മാരുടെ വചനങ്ങളുണ്ട്. പക്ഷേ മാനുഷികമായ കൈകടത്തലുകൾ നടത്തിയിട്ടുണ്ട്. അതിനുള്ള യുക്തിപരമായ തെളിവുകളാണ് ഞാൻ ഉദ്ധരിച്ചത്. അതിന് ഏഴ് തെളിവുകൾ ഉദ്ധരിച്ചപ്പോൾ അതിൽ ഒന്നിനുപോലും വസ്തുനിഷ്ഠമായി മറുപടി പറഞ്ഞിട്ടില്ല. മറുപടി ഇല്ലായെന്ന് എനിക്ക് അഭിപ്രായമില്ല. എന്തെങ്കിലുംമറുപടികളുണ്ടാകാം. പഠിക്കുക. എൻെറ ഇരുവശത്തും ഇരിക്കുന്ന സഹോദരന്മാരോട് പറയുവാനുള്ളത് ഇതാണ്.

സുഹൃത്തുക്കളേ പരിശുദ്ധ ഖുർആൻ വായിക്കുവാൻ അവസരം ലഭിച്ചിട്ടില്ലാത്തവർ തിരുവട്ടാർ കൃഷ്ണൻകുട്ടിയുടെ പുസ്തകത്തിൽ നിന്നല്ല ഖുർആൻ പഠിക്കേണ്ടത്. ഖുർആൻ ഒന്ന് വായിക്കുക, പഠിക്കുക, മനസ്സിലാക്കുക. നിച്ച് ഓഫ് ട്രൂത്തുമായി ബന്ധപ്പെടുക. നിങ്ങൾക്ക് അതിനുള്ള സൗകര്യങ്ങൾ ചെയ്യാം. പഠിച്ച് മനസ്സിലാക്കി സ്വീകരിക്കാൻ സാധിക്കുമെന്ന് തോന്നുന്നുവെങ്കിൽ സ്വീകരിക്കുക. നിത്യജീവൻ, മരണം, മരണത്തിനു ശേഷമുള്ള സ്വർഗലോകം നമുക്കുവേണ്ടി കാത്തിരിക്കുന്നു. മരണം ഏത് സമയത്ത് സംഭവിക്കുമെന്ന് നമുക്ക് ആർക്കും പറയുവാൻ സാധ്യമല്ല. അതു കൊണ്ട് തന്നെ നിഷ്കൃഷ്ടമായ കൂലങ്കശമായ പരിശോധനക്ക് വിധേയമാക്കുക, പഠിക്കുക. അങ്ങനെ സത്യം കണ്ടെത്തുക, സത്യം സ്വീകരിക്കുക എന്ന് അഭ്യർഥിച്ചുകൊണ്ട് അതിന് പടച്ചതമ്പുരാൻ നമുക്ക് എല്ലാവർക്കും അനുഗ്രഹങ്ങൾ നൽകട്ടെ എന്ന് ആത്മാർഥമായി പ്രാർഥിച്ചു കൊണ്ട് എൻെറ വാക്കുകൾ ഉപസംഹരിക്കുന്നു. *അസ്സലാമു അലൈക്കും.*

# ചോദ്യോത്തരങ്ങൾ

**ചോദ്യം–പരമാവധി രണ്ടു മിനുട്ട്**
**ഉത്തരം–പരമാവധി അഞ്ചു മിനുട്ട്.**

## <u>അധ്യക്ഷൻ: നൂർമുഹമ്മദ് നൂർഷ</u>

*അസ്സലാമു അലൈക്കും*

സ്നേഹമുള്ളവരെ, 'ബൈബിളിൻെറ ദൈവികത' എന്ന വിഷയത്തെ ആസ്പദമാക്കി കഴിഞ്ഞ ഏകദേശം മൂന്നുമണിക്കൂറോളമായി സംസാരിച്ചു കൊണ്ടിരിക്കുന്ന ഈ പരിപാടിയുടെ രണ്ടാമത്തെ സെഷനായ ചോദ്യോത്തര സെഷനിലേക്കാണ് നമ്മൾ കടക്കുന്നത്. ചോദ്യങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുന്ന വ്യക്തികൾ നിർദേശങ്ങൾ പാലിക്കേണ്ടതാണ്. ഓരോ ഭാഗത്തുനിന്നും ഓരോരുത്തർക്കായി ചോദ്യം ചോദിക്കാം. ഒരാൾ ഒരു ഭാഗത്തുനിന്ന് ഒരു പണ്ഡിതനോട് ചോദിച്ചാൽ അടുത്തയാൾ ചോദ്യം അടുത്ത പണ്ഡിതനോട് ചോദിക്കുക. ചോദ്യം ചോദിക്കാൻ ആഗ്രഹിക്കുന്നവർ ഇവിടെ ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ ഉപയോഗിക്കുക. തങ്ങളുടെ പേരും സ്ഥലവും പറയുക. അതുപോലെതന്നെ ഏറ്റവും ചുരുക്കി ചോദ്യം ചോദിക്കാൻ ശ്രമിക്കുക. രണ്ടുമിനുട്ടിൽ കൂടുതൽ സമയം എടുക്കരുത്. അതിനുത്തരം പറയുന്ന വ്യക്തി, പരമാവധി അഞ്ചുമിനുട്ടിലധികം എടുക്കരുത്. ഈ തത്ത്വങ്ങൾ പാലിച്ചുകൊണ്ട് ഈ പരിപാടിയോട് സഹകരിക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു. ഇതിലേക്ക് നിങ്ങളേവരെയും സ്വാഗതം ചെയ്യുന്നു.

**<u>ചോദ്യം:</u>** എൻെറ പേര് ബാബു മുനീബ്. നേരത്തെ ഇവിടെ വിഷയാവതരണത്തിന് മറുപടിയായി പറയുന്ന സന്ദർഭത്തിൽ ഇവിടെനിന്ന് ഒരു സഹോദരൻ പറഞ്ഞിരുന്നു; വിശുദ്ധ വേദഗ്രന്ഥത്തിൽ നിന്നും ഏതെങ്കിലും ഒരു വചനം തിരുത്തുകയോ തള്ളിക്കളയുകയോ



കൂട്ടിച്ചേർക്കുകയോ ചെയ്താൽ അവൻ ശപിക്കപ്പെട്ടവനാണ്, അതുകൊണ്ട് ആ ശപിക്കപ്പെട്ട കൂട്ടരുടെ പുസ്തകം ഞങ്ങൾ അംഗീകരിക്കുന്നില്ല; ഞങ്ങൾ ബൈബിൾ മാത്രമാണ് അംഗീകരിക്കുന്നതെന്ന്. എന്നാൽ ബൈബിൾ ദൈവിക വചനമാണ് എന്ന് താങ്കൾ പറഞ്ഞുവല്ലോ. ഏത് ബൈബിളാണ് നിങ്ങൾ ദൈവിക ഗ്രന്ഥമായി കാണുന്നത്? ഇത് പറയാൻ കാരണം, ഒരു പാട് തരം ബൈബിളുകൾ നിലവിലുണ്ട്. ചില ബൈബിളിലെ പരാമർശങ്ങൾ മറ്റ് ബൈബിളുകളിൽ കാണുന്നില്ല, എന്ന് മാത്രമല്ല, വചനങ്ങൾ തന്നെ അതിൽനിന്നും മാറ്റിയിട്ടുണ്ട്. പരിഭാഷപ്പെടുത്തുമ്പോഴുള്ള അർഥവ്യത്യാസമല്ല ഉദ്ദേശിക്കുന്നത്. നേരെമറിച്ച് വചനങ്ങൾതന്നെ മാറ്റിയതാണ്. കിംഗ്ജെയിംസ് വേർഷനിലെ മത്തായിയുടെ സുവിശേഷം പതിനേഴാം അധ്യായത്തിലെ 21 -ാം വചനത്തിലെ ഭാഗം; ഗുഡ്ന്യൂസ് ബൈബിളിൽ ആ വചനം തന്നെ ഇല്ല. കെ.ജെ.വിയിലെ മത്തായി 23-14ലെ വചനം ഗുഡ്ന്യൂസ് ബൈബിളിൽ ഇല്ല. കെ.ജെ.വി. മാർക്കോസിലെ ഏഴാം അധ്യായം 23-ാം വചനം ഗുഡ്ന്യൂസ് ബൈബിളിൽ കാണുന്നില്ല. കിംഗ്ജെയിംസ് വേർഷൻ ലൂക്കോസ് 13-36ൽ കാണുന്ന വചനം ഗുഡ്ന്യൂസ് ബൈബിളിൽ കാണുന്നില്ല. സത്യത്തിൽ ഇത് രണ്ടും നിങ്ങൾ അംഗീകരിക്കുന്ന ഗ്രന്ഥമാണ്. ഒന്ന് ഗുഡ്ന്യൂസ് ബൈബിളാണ്. മറ്റൊന്ന് കിംഗ്ജെയിംസ് വേർഷനാണ്.

പ്രൊട്ടസ്റ്റൻറ് വിഭാഗം അംഗീകരിക്കുന്നതാണ് ഈ രണ്ട് ബൈബിളുകളും. ലേഖനങ്ങളിലേക്ക് ഇറങ്ങിച്ചെന്നാൽ അവയിലും എത്രയോ വചനങ്ങൾ ഇല്ലാത്തതായി നമുക്ക് കാണാൻ സാധിക്കും. സത്യത്തിൽ ഇതിൽ ഏത് ഗ്രന്ഥമാണ് നിങ്ങൾ അംഗീകരിക്കുന്നത്? ഏതു വചനമാണ് അംഗീകരിക്കുന്നത്?

**<u>മറുപടി (ജോൺസൺ സി. ഫിലിപ്പ്):</u>** Thank you for that question. ഇതിൽ ഒന്നും ഞങ്ങൾ അംഗീകരിക്കുന്നില്ല. കാരണം ഇതെല്ലാം ട്രാൻസ്ലേഷൻസ് മാത്രമാണ്. മുസ്‌ലിംസ് അറബിഭാഷയിലുള്ളതിനെ മാത്രമാണ്, ഒറിജിനൽ തന്നെയാണ് അംഗീകരിക്കുന്നത്. അതുപോലെ ഞങ്ങളും ഒറിജിനൽ ആയി അംഗീകരിക്കുന്നത്. ട്രാൻസ്ലേഷൻ ചെയ്യുമ്പോൾ നാചറലി മനുഷ്യന് മിസ്റ്റേക്ക്സ് വരും. അതുകൊണ്ട് ഒരു ട്രാൻസ്ലേഷനെയും ഞങ്ങൾ ഒറിജിനലായിട്ട് അംഗീകരിക്കുന്നില്ല. O.K?

**ചോദ്യം:** എൻെറ പേര് നൈനാൻ കെ. ജോയി. ഞാൻ കൊമ്പനാടാണ് താമസിക്കുന്നത്. ഖുർആൻ പരിശുദ്ധമാണെന്നും ബൈബിൾ തിരുത്തപ്പെട്ടുവെന്നും മിസ്റ്റർ അക്ബർ ഇവിടെ പറയുകയുണ്ടായി. ഖുർആൻ എഴുതപ്പെട്ടത് ഈത്തപ്പനയുടെ മടൽ, അതുപോലെതന്നെ തോൽകഷ്ണം, കനം കുറഞ്ഞ കല്ല്, എല്ല് ആദിയായ കണ്ടംതുണ്ടുകളിലാണല്ലോ. ഖുർആൻ ആദ്യം എഴുതപ്പെട്ടത് ഈ വക ചെറിയ കഷ്ണങ്ങളിലാണ്. എന്നാൽ പിന്നീട് അവയൊക്കെ- മൂലകൃതിയായി എഴുതപ്പെട്ടതെല്ലാം -നഷ്ടപ്പെട്ടുവെന്ന് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. തിരുത്തപ്പെട്ടതായ ഗ്രന്ഥം കയ്യിലുള്ളവർ ബൈബിളിൻെറ ദൈവികതയെ ആക്ഷേപിക്കുന്നതിന് പിന്നിലെ സാമാന്യ ബുദ്ധി എന്താണെന്നാണ് അറിയേണ്ടത്.

**മറുപടി (എം.എം. അക്ബർ):** സുഹൃത്തിൻെറ ചോദ്യം "ഖുർആൻ തിരുത്തപ്പെട്ട ഗ്രന്ഥമാണ്. ആ നിലക്ക് ബൈബിളിൻെറ ദൈവികതയെ സംശയിക്കുന്നതിൽ എന്ത് അർഥമാണുള്ളത്" എന്നാണ്.

സുഹൃത്തേ, വിഷയം ബൈബിളിൻെറ ദൈവികതയാണ്. ഖുർആനിൻെറ ദൈവികതയല്ല. അതു കൊണ്ട് സൂചിപ്പിക്കുകയാണ്; വിഷയത്തിൽനിന്ന് മാറ്റിക്കൊണ്ടുപോകാൻ ശ്രമിക്കരുത്. ബൈബിൾ ദൈവികമല്ലായെന്ന് അംഗീകരിച്ചുകഴിഞ്ഞാൽ ഖുർആനിൻെറ ദൈവികതയെക്കുറിച്ച് ചർച്ച ചെയ്യാം. ഇത് ചർച്ച ചെയ്യാൻ യാതൊരു പ്രയാസവുമില്ല. ചർച്ച ചെയ്യാൻ പ്രയാസമുള്ളതുകൊണ്ടല്ല. സുഹൃത്ത് വായിച്ചതുപോലും കൃത്യമായി ഖുർആനിൽ നിന്നുള്ള ഉദ്ധരണിയോ മറ്റോ അല്ല. തിരുവട്ടാർ കൃഷ്ണൻകുട്ടി അദ്ദേഹത്തിൻെറ പുസ്തകത്തിൽ ഉദ്ധരിച്ചത് - കണ്ടം തുണ്ടം അദ്ദേഹം ഒരു പാട് തവണ പറഞ്ഞിട്ടുണ്ട് -അതേപോലെ ഉദ്ധരിച്ചിരിക്കുകയാണ്. സത്യത്തിൽ എന്താണ് കാര്യം? വളരെ സംക്ഷിപ്തമായി പറയട്ടെ. ഇത് ഇങ്ങനെ ഒരു ചോദ്യത്തിൽനിന്ന് എസ്കേപ്പ് ചെയ്യാൻവേണ്ടി ശ്രമിക്കുകയാണ് എന്ന് വിചാരിക്കേണ്ടതില്ലായെന്ന് കരുതിയിട്ടാണ് പറയുന്നത്. ഈ വിഷയത്തിൽ -ഖുർആനുമായി ബന്ധപ്പെട്ട വിഷയത്തിൽ- ചോദ്യോത്തരം വേണ്ടതില്ല. അതിന് ഖുർആൻെറ ദൈവികത എന്ന വിഷയം നമുക്ക് അവതരിപ്പിക്കാം. അപ്പോൾ ചോദ്യം ചോദിക്കാം. നിങ്ങൾ സംഘടിപ്പിച്ചുകൊള്ളുക. എല്ലാവരും വരികയാണെങ്കിൽ ഞാനും വരാം. നിങ്ങൾക്ക് ചോദിക്കാം. എത്രവേണമെങ്കിലും ചോദിക്കാം. നമുക്ക് സമയം നീട്ടിക്കൊണ്ടുപോകാം. ഈ കണ്ഠനാളം



ഉള്ളിടത്തോളംകാലം, ഇൻശാഅല്ലാ.... അതിനുള്ള മറുപടി പറയാം. വേദഗ്രന്ഥത്തിൻെറ അടിസ്ഥാനത്തിൽ ഇൻശാ അല്ലാ എൻെറ അറിവിൻെറ പരിമിതിവച്ചുകൊണ്ട് മറുപടി പറയാം.

ഖുർആൻ പല രേഖകളിലും രേഖപ്പെടുത്തിവെച്ചിരുന്നു. ആ രേഖകൾ ഇന്നില്ലല്ലോ എന്നതാണ് ചോദ്യം. ശരിയാണ്. അന്ന് രേഖപ്പെടുത്തപ്പെട്ട രേഖകൾ ഇന്നില്ല. പക്ഷേ, ഖുർആൻ സംരക്ഷിക്കപ്പെട്ടത് തോൽചുരുളുകളിലല്ല. ഖുർആൻ എന്ന പദം നിങ്ങൾ മനസ്സിലാക്കുക. ഖുർആൻ എന്നാൽ 'വായന' എന്നും 'വായിക്കപ്പെടുന്നത്' എന്നുമാണ് അർഥം. ഖുർആൻ വായനയിലൂടെ സംരക്ഷിക്കപ്പെട്ട ഗ്രന്ഥമാണ്. ദൈവംതന്നെ ഏറ്റെടുത്തിരിക്കയാണ് അതിൻെറ സംരക്ഷണം. ഖുർആനിലെ 15-ാം അധ്യായം സൂറത്തുൽ ഹിജ്റിലെ 9-ാമത്തെ വചനത്തിൽ നമുക്ക് കാണാം: "നാമാകുന്നു ഈ ഗ്രന്ഥം അവതരിപ്പിച്ചത്. നാം തന്നെ അതിനെ കാത്തു സൂക്ഷിക്കുകയും ചെയ്യും". പ്രവാചകൻ (ﷺ)ക്ക് അവതരിപ്പിക്കപ്പെട്ടതനുസരിച്ച് അദ്ദേഹത്തിൻെറ അനുചരന്മാർക്ക് പറഞ്ഞുകൊടുക്കുകയും അവർ അത് കാണാപ്പാഠം പഠിക്കുകയും ചെയ്തുപോന്നു. കാണാപാഠം പഠിച്ച നൂറുകണക്കിന് സഹാബിമാർ ഉണ്ടായി. 23 വർഷക്കാലംകൊണ്ട് ഖുർആൻ പൂർണമായി അവതരിപ്പിക്കപ്പെട്ടപ്പോൾ പ്രവാചക(ﷺ)ൻെറ അവസാനത്തെ പ്രസംഗത്തിൽ -ഹജ്ജത്തുൽ വിദാഅ് എന്ന് പറയുന്ന അദ്ദേഹത്തിൻെറ അവസാനത്തെ പ്രസംഗത്തിൽ- അദ്ദേഹം പറഞ്ഞു: "ഈ സന്ദേശം എത്തിയവർ എത്താത്തവർക്ക് എത്തിച്ചുകൊടുക്കട്ടെ" എന്ന്. അങ്ങനെ ലോകത്തിൻെറ വ്യത്യസ്തങ്ങളായ ഭാഗങ്ങളിലേക്ക് അദ്ദേഹത്തിൻെറ അനുയായികൾ ജീവിക്കുന്ന ഖുർആനും മനസ്സിലേന്തിക്കൊണ്ടുപോയി. അവരാണ് ഈ ഖുർആൻ പ്രചരിപ്പിച്ചത്. ഇന്ന് ലോകത്ത് പതിനായിരക്കണക്കിന് മനുഷ്യർ ജീവിക്കുന്ന ഖുർആൻ ആയി നിലവിലുണ്ട്. ഖുർആൻ പൂർണമായി കാണാതെ അറിയുന്ന പതിനായിരക്കണക്കിന് ആളുകളുണ്ട്. പടച്ചവൻ സംരക്ഷിച്ച രീതിയാണിത്. "നാം ആകുന്നു ഈ ഗ്രന്ഥം അവതരിപ്പിച്ചത്. നാം തന്നെ അതിനെ കാത്തുസൂക്ഷിക്കുകയും ചെയ്യും"[1] എന്ന വചനം ശരിയല്ലായെന്ന് തെളിയിക്കാൻ വേണ്ടി ഏതെങ്കിലും ഒരു

1. "തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തു സൂക്ഷിക്കുന്നതുമാണ്" (ഖുർആൻ 15:9)

ഏകഛത്രാധിപതിക്ക് തോന്നുകയാണെന്ന് വിചാരിക്കുക. ഖുർആൻ തെറ്റാണെന്ന് തെളിയിക്കണം. സംരക്ഷിക്കപ്പെട്ടിട്ടില്ലായെന്ന് തെളിയിക്കണം. അതിനെന്ത് ചെയ്യും? ലോകത്തെ എല്ലാ ഖുർആൻ പ്രതികളും നശിപ്പിക്കാം. ഇന്ന് രാത്രി 12.30 മണിക്കുമുമ്പ് എല്ലാ ഖുർആൻ കോപ്പികളും നശിപ്പിക്കാൻ ലോകം ഒന്നിച്ച് ഭരിക്കുന്ന ഏകഛത്രാധിപതിയിൽനിന്ന് ഒരു പ്രഖ്യാപനം ഉണ്ടാവുകയും അയാളുടെ കിങ്കരന്മാർ വന്നിട്ട് എല്ലാ കോപ്പികളും കത്തിച്ചുകളയുകയും ചെയ്തുവെന്ന് വിചാരിക്കുക. ലോകത്തിലെ എല്ലാ ഖുർആൻ കോപ്പികളും ഒരു നിമിഷത്തിൽ കത്തിച്ചു. ഞാൻ പറയട്ടെ, എവിടെയൊക്കെ ലോകത്ത് മുസ്‌ലിംകളുണ്ടോ അവിടെയെല്ലാം നിമിഷങ്ങൾക്കകം ഖുർആൻ റീ പ്രൊഡ്യൂസ് ചെയ്യാൻ, ഖുർആൻ അതേപോലെ വള്ളിപുള്ളിക്ക് വ്യത്യാസമില്ലാത്ത രീതിയിൽ റീ പ്രൊഡ്യൂസ് ചെയ്യാൻ സാധിക്കും ഇസ്‌ലാമിക സമൂഹത്തിന്. അങ്ങനെയാണ് പടച്ചവൻ അത് സംരക്ഷിച്ചിട്ടുള്ളത്. ഇങ്ങനെ കാണാതെ പഠിച്ച ചില ആളുകൾ മരണപ്പെട്ടപ്പോഴാണ് മുസ്‌ലിം സമൂഹം ഇതൊരു ഗ്രന്ഥമായി രണ്ട് ചട്ടക്കുള്ളിലാക്കുന്നതിനെക്കുറിച്ച് ആലോചിച്ചതുതന്നെ. സത്യത്തിൽ ഇതാണ് ഖുർആന്റെ സംരക്ഷണ രീതി. ആ സംരക്ഷണ രീതി തുടർന്നുകൊണ്ടിരിക്കുന്നു, തുടരും; അവസാന നാളുവരെ. സംശയമൊന്നും വേണ്ട; അവസാന നാളുവരെ. അതുകൊണ്ട് തന്നെ സുഹൃത്തിനോട് വീണ്ടും പറയാനുള്ളത് കൃഷ്ണൻകുട്ടിയുടെ പുസ്തകത്തിൽ നിന്ന് ഇസ്‌ലാമിനെ പഠിക്കരുത്, ഖുർആനിൽനിന്ന് പഠിക്കുക. ഇസ്‌ലാമിൽനിന്ന് പഠിക്കുക എന്നാണ്. പരിശുദ്ധ ഖുർആനിന്റെ സന്ദേശത്തിൽനിന്ന് പഠിക്കുക എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

**ചോദ്യം:** എന്റെ പേര് ത്വാഹ. ഇതിനുമുമ്പ് ചോദിച്ച സഹോദരൻ രണ്ട് ബൈബിളുകൾ എടുത്തുകാട്ടി ഒരുപാട് വചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് ആ വചനങ്ങൾ ഒന്നിലുണ്ട്, മറ്റൊന്നിലില്ല എന്ന് പറയുകയുണ്ടായി. അതിന് മറുപടിയായി അദ്ദേഹം പറഞ്ഞത് അത് ട്രാൻസ്‌ലേഷനാണ്; അത് അംഗീകരിക്കില്ലായെന്നാണ്. വെളിപാട് പുസ്തകത്തിന്റെ അവസാനഭാഗത്ത് കാണാം "ഇതിൽനിന്ന് എന്തെങ്കിലും എടുത്ത് കളയുകയോ അല്ലെങ്കിൽ കൂട്ടിച്ചേർക്കുകയോ ചെയ്താൽ ഇതിൽ പറഞ്ഞിട്ടുള്ള ബാധകൾ അയാളെ ബാധിക്കു"മെന്ന്. അങ്ങനെ, ബാധകൾ ബാധിക്കാൻ സാധ്യതയുള്ള ഒരു ഗ്രന്ഥമാണ് ജോൺസൺ സാർ ഇപ്പോഴും തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നത്. അതു കൊണ്ട് ഈ പറഞ്ഞ വചനം ഇല്ലാതായിപ്പോയിരിക്കയാണ്. വചനങ്ങൾ അതിൽ ഇല്ല.



**മറുപടി (ജോൺസൺ സി. ഫിലിപ്പ്):** Thank you Thaha. ബൈബിളിൽനിന്നുള്ള വാക്യങ്ങൾ കൂട്ടിച്ചേർത്തുവെന്നും എടുത്തുമാറ്റിയെന്നുമൊക്കെയുള്ള ക്ലെയിംസ് ട്രാൻസ്‌ലേഷന്റെ ബൈസിസിലാണ്. അതിൽതന്നെ മിക്ക ട്രാൻസ്‌ലേഷനും ഇംഗ്ലീഷ് ലാംഗ്വേജാണ്. ഇംഗ്ലീഷ് ലാംഗ്വേജിൽ കളക്ടീവായിട്ട് കമ്മിറ്റികളായി ട്രാൻസ്‌ലേഷൻ നടത്തിയിട്ടുണ്ട്. ഇൻറിവിജ്വൽസായിട്ടും നടത്തിയിട്ടുണ്ട്. അങ്ങനെ കളക്ടീവായിട്ടും ഇൻറിവിജ്വൽസായിട്ടും ട്രാൻസ്‌ലേഷൻസ് നടത്തുമ്പോൾ ട്രാൻസ്‌ലേഷനിൽ അവർ അവരുടെ ഇഷ്ടപ്രകാരം ചില കാര്യങ്ങൾ ചെയ്തെന്നിരിക്കും. ഖുർആന്റെ പല ട്രാൻസ്‌ലേഷൻസും എന്റെ കളക്ഷൻസിലുണ്ട്. ഈ ട്രാൻസ്‌ലേഷൻസിനെക്കുറിച്ച് ഞാൻ എന്റെ ഫ്രണ്ട്സിനോട് ചോദിച്ചപ്പോൾ അവരിൽ തന്നെ പലരും പറഞ്ഞത് ഇതിൽ എല്ലാ ട്രാൻസ്‌ലേഷൻസും ഞങ്ങൾ അംഗീകരിക്കുന്നില്ല എന്നാണ്. അതേസമയത്ത് യൂസഫ് അലിയുടെയും പിക്റ്റാലിന്റെയും ട്രാൻസ്‌ലേഷൻസ് അക്സപ്റ്റ് ചെയ്യുന്നതായിട്ട് മിക്കവരെയും ഞാൻ കണ്ടു. Exactly this is the situation ഇവിടെ തന്നെയാണ്. translations ൽ ട്രാൻസ്‌ലേറ്റ് ചെയ്തവർ പലരീതിയിലുള്ള mistake ചെയ്തെന്നിരിക്കാം. അതുകൊണ്ടാണ് മുസ്‌ലിം സുഹൃത്തുക്കൾ ഖുർആന്റെ എല്ലാ ട്രാൻസ്‌ലേഷൻസിനെയും ആധികാരികമായിട്ട് അംഗീകരിക്കാത്തത്. അതുപോലെ തന്നെ ബൈബിളിന്റെ എല്ലാ ട്രാൻസ്‌ലേഷൻസിനെയും ഞങ്ങളും ആധികാരികമായിട്ട് അംഗീകരിക്കുന്നില്ല. individuals പല രീതിയിലുള്ള കുഴപ്പങ്ങൾ കാണിച്ചെന്നിരിക്കാം. ഞങ്ങൾ ആധികാരികമായിട്ട് അംഗീകരിക്കുന്നത് പുതിയ നിയമം ഗ്രീക്കിലുള്ളതും പഴയ നിയമം എബ്രായ ഭാഷയിലും അതുപോലെതന്നെ അറാമിക് ഭാഷയിലും ഉള്ളതിനെയാണ്. അതിനെക്കുറിച്ച് എന്തെങ്കിലും പറയാനുണ്ടെങ്കിൽ, അതിൽ ആരെങ്കിലും കൂട്ടിച്ചേർക്കുകയോ എടുത്തുമാറ്റുകയോ ചെയ്തതായിട്ട് കാണിക്കാനുണ്ടെങ്കിൽ അതിനെക്കുറിച്ച് പറയാം. ഞാൻ ഒരു പ്രാവശ്യംകൂടി ഓർമിപ്പിക്കട്ടെ. even ഖുർആന്റെ പല ട്രാൻസ്‌ലേഷൻസും ഇന്ന് ലഭ്യമാണ്. മലയാളത്തിലും ഇംഗ്ലീഷിലും മറ്റ് ഭാഷകളിലും. അതിൽ എല്ലാ ട്രാൻസ്‌ലേഷൻസിനെയും

even മുസ്‌ലിം സുഹൃത്തുക്കൾ ആധികാരികമായിട്ട് accept ചെയ്യുന്നില്ല. അതുപോലെതന്നെ ഞങ്ങളും accept ചെയ്യുന്നില്ല. ആധികാരികമായിട്ട് accept ചെയ്യാത്തതിൻെറ basis ൽ ഡിബേറ്റ് നടത്തിയതുകൊണ്ട് പ്രയോജനമൊന്നുമില്ല. ആധികാരികമായിട്ട് ഞങ്ങൾ അംഗീകരിക്കുന്നത് ന്യൂ ടെസ്റ്റമെൻറ് ഗ്രീക്ക് ലാംഗ്വേജിലും ഓൾഡ് ടെസ്റ്റമെൻറ് ഹിബ്രു ആൻറ് അറാമിക് ഭാഷയിലുമുള്ളതാണ്.

**ചോദ്യം:** എൻെറ പേര് സാനി വിതയത്തിൽ. മാളയിൽനിന്നാണ് വന്നിരിക്കുന്നത്. അക്ബർ തൻെറ പ്രബന്ധത്തിൽ ഇങ്ങനെ പറഞ്ഞു: “പുസ്തകങ്ങളിൽ എഴുതിയിരിക്കുന്ന പല ക്വട്ടേഷനുകളും പുതിയ നിയമത്തിൽ അത്ര വിശ്വാസ്യത പുലർത്തുന്നില്ല. ഉദാഹരണമായി മർക്കോസിൻെറ സുവിശേഷം ഒന്നാം അധ്യായം. അതിൻെറ രണ്ടാമത്തെ വാക്യം, അതുതന്നെ സമകാലിക സുവിശേഷത്തിൽ രണ്ടെണ്ണത്തിലുംകൂടി പറയുന്നുണ്ട്. ലൂക്കോസിൻെറ സുവിശേഷം മൂന്നുതൊട്ട് നാലും മത്തായിയുടെ സുവിശേഷം മൂന്നിൻെറ മൂന്നും പറയുന്നുണ്ട്”. ഇത് യശയ്യാ പ്രവാചകൻ മുഖാന്തിരം എഴുതിയിരിക്കുന്ന വചനം നിവർത്തിയായിയെന്നാണ് കാണിക്കുന്നത്. ശ്രീമാൻ അക്ബർ യശയ്യാ പ്രവാചകൻ 40-ാമത്തെ അധ്യായം അതിൻെറ മൂന്നുതൊട്ടുള്ള വചനം സവിസ്തരം വായിച്ചാൽ അത് ഈ പറയുന്ന ക്വട്ടേഷൻ ഇതുതന്നെയാണോ എന്ന സംശയം തീരും എന്ന് ഞാൻ ആഗ്രഹിക്കുന്നു.

**മറുപടി (എം.എം. അക്ബർ):** ഞാൻ പറഞ്ഞ മാർക്കോസിൻെറ സുവിശേഷം ഒന്നാം അധ്യായത്തിലെ രണ്ടാമത്തെ വചനം. ആ രണ്ടാമത്തെ വചനത്തിൻെറ ക്വട്ടേഷൻ അതേപോലെ യശയ്യാവിൻെറ 40-ാമത്തെ അധ്യായത്തിൻെറ മൂന്നാമത്തെ വചനത്തിലും ഉണ്ട് എന്നാണ് സുഹൃത്ത് പറയുന്നത്. ഞാൻ പറയട്ടെ, വീണ്ടും അത് വിശദീകരിക്കാൻ അവസരം തന്ന സുഹൃത്തിന് നന്ദി. എന്താണെന്നുവെച്ചാൽ, അവിടെ മാർക്കോസ് വളരെ സമർഥമായി രണ്ട് വചനങ്ങളെ കൂട്ടിയോജിപ്പിക്കുകയും ആ അബദ്ധം വീണ്ടും ആവർത്തിക്കുകയുമാണ്. ആദ്യത്തെ ഭാഗം മാലാഖിയുടെ പുസ്തകത്തിൽ മൂന്നാമത്തെ അധ്യായം ഒന്നാമത്തെ വചനമാണ്. യശയ്യാവിൻെറ 40-ാം അധ്യായത്തിലെ മൂന്നാമത്തെ വചനത്തിൻെറ ചെറിയൊരു ഭാഗം അതിൻെറ കൂടെ കൂട്ടിയിട്ട് ഇത് രണ്ടും ഒരു പ്രവാചക പ്രവചനമാണെന്ന് വരുത്തിത്തീർത്തിട്ട് അത് യശയ്യാവിൽ ആരോപിക്കുക



യാണ് മാർക്കോസ് ചെയ്തിട്ടുള്ളത്. ഇതെല്ലാം എന്തിനാണ്? യേശുക്രിസ്തുവിൽ ഈ പ്രവചനം നിവൃത്തിയായി എന്ന് വരുത്തിത്തീർക്കാൻ വേണ്ടി! ഈ രണ്ടെണ്ണം രണ്ട് പ്രവാചകന്മാരുടെ രണ്ട് പുസ്തകത്തിലുള്ളതാണ്. ഇത് എനിക്ക് വിശദീകരിക്കുവാൻ നേരത്തെ സമയമില്ലായിരുന്നു. ആ അവസരം തന്നതിന് സുഹൃത്തിന് പ്രത്യേകം നന്ദി പറയുകയാണ്. യശയ്യാ പ്രവാചകൻെറ 40-ാം അധ്യായത്തിൻെറ മൂന്നാമത്തെ വചനത്തിൽ ഈ പ്രവചനത്തിൻെറ അടിഭാഗത്തുള്ള ഭാഗങ്ങളുണ്ട്. ഞാൻ ഈ പറഞ്ഞതല്ലാത്ത ഭാഗങ്ങളുണ്ട്. ആദ്യ ഭാഗത്തിൽ അത് മാലാഖിയുടെ മൂന്നാം അധ്യായത്തിലെ ഒന്നാം വചനത്തിലാണുള്ളത്. ആ വചനം രണ്ടും കൂടി കൂട്ടിയോജിപ്പിച്ച് മാർക്കോസ് യേശു ക്രിസ്തുവിനെക്കുറിച്ച് യെശയ്യാവ് അത് പ്രവചിച്ചുവെന്ന് വരുത്തിത്തീർക്കാൻ വേണ്ടി ശ്രമിച്ചു എന്നതാണ് നമുക്ക് ഇവിടെ കാണാൻ കഴിഞ്ഞത് എന്നുള്ളതാണ് സത്യം. ട്രാൻസ്‌ലേഷൻസിൽ മാത്രമാണ് തെറ്റ് പറ്റിയതെന്ന് പറയുകയുണ്ടായി. ഗ്രീക്ക് ബൈബിളിലും വചനങ്ങൾ പോയിട്ടുണ്ട്. അതും നമ്മൾ മനസ്സിലാക്കണമല്ലോ. ഗ്രീക്ക് ബൈബിളാണിത്. (ഗ്രീക്ക് ബൈബിൾ ഉയർത്തികക്കാണിക്കുന്നു) ഗ്രീക്ക് ബൈബിളിലെ മാർക്കോസിൻെറ സുവിശേഷം 9-ാമത്തെ അധ്യായത്തിൽ 45-ാമത്തെ വചനം കഴിഞ്ഞിട്ട് പിന്നെ 47-ാമത്തെ വചനമാണ് കാണുന്നത്. 46 എവിടെപ്പോയി എന്ന് അറിയില്ല. ഈ ബൈബിളിൽ പലതവണ മാറ്റത്തിരുത്തലുകൾ വരുത്തിയിട്ടുമുണ്ട്. മർക്കോസിൻെറ സുവിശേഷത്തിൽതന്നെ 16-ാം അധ്യായത്തിൽ 9 മുതൽ 20വരെയുള്ള വചനങ്ങൾ പിൽക്കാലത്ത് കടത്തിക്കൂട്ടപ്പെട്ടതാണ്. യോഹന്നാൻെറ സുവിശേഷം ഏഴാം അധ്യായത്തിൽ 53 മുതൽ എട്ടാം അധ്യായത്തിലെ 11വരെയുള്ള വചനങ്ങൾ പിൽക്കാലത്ത് കടത്തിക്കൂട്ടപ്പെട്ടതാണ്. യോഹന്നാൻ ഒന്നാം ലേഖനം അഞ്ചാം അധ്യായത്തിലെ ഏഴാമത്തെ വചനം ‘സ്വർഗത്തിൽ സാക്ഷ്യം പറയുന്നവർ മൂവരുണ്ട്, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് ഇവർ മൂന്നു പേരും ഒന്നുതന്നെ’ എന്നുള്ള വചനം പിൽക്കാലത്ത് കടത്തിക്കൂട്ടപ്പെട്ടതാണ്. ഇത് ഞാൻ പറയുന്നതല്ല. ബൈബിളിൽ കൃത്യമായി തെളിവുള്ളതാണ്. അപ്പോൾ വെളിപാട് പുസ്തകത്തിൽ പറഞ്ഞ ബാധകൾ ആർക്കൊക്കെ ബാധിക്കണമെന്ന് സ്വയം തീരുമാനിച്ചാൽ മതി. ബാധകൾ നേരത്തെ ഇവിടെ സൂചിപ്പിച്ചു. സദൃശ്യവാക്യങ്ങളിലും മറ്റും പറയുന്നുണ്ട്; ആവർത്തന പുസ്

തകത്തിലെതന്നെ നാലാമത്തെ അധ്യായം രണ്ടാം വചനത്തിലുണ്ട്, വെളിപാട് പുസ്തകത്തിലെ 22-ാം അധ്യായത്തിലെ 18,19 വചനത്തിലുണ്ട് തിരുത്തുന്നതിനെതിരെയുള്ള ശക്തമായ താക്കീത്. പക്ഷേ, ആ താക്കീതൊന്നും കേട്ടിട്ടില്ല. താക്കീത് ഇഷ്ടം പോലെയുണ്ട്. പലതിലുമുണ്ട്; തിരുത്താൻ പാടില്ലായെന്ന്. പക്ഷേ, ആ താക്കീത് കേൾക്കാതെ സമയത്തിനനുസരിച്ച്, സന്ദർഭത്തിനനുസരിച്ച് പലതും കടത്തിക്കൂട്ടിയിട്ടുണ്ട്. 14-ാം നൂറ്റാണ്ടിലാണ് ബൈബിളിലേക്ക് ഞാൻ പറഞ്ഞ ഫസ്റ്റ് എപ്പിസ്റ്റൽ ഓഫ് ജോൺ യോഹന്നാൻെറ ഒന്നാം ലേഖനത്തിലെ അഞ്ചാം അധ്യായത്തിലെ ഏഴാമത്തെ വചനം കടന്നുകൂടിയത്. ഇത് ഗ്രീക്ക് ബൈബിളിൽ ഇല്ലായിരുന്നോ? ഉണ്ടായിരുന്നു. ഇത് ഇപ്പോൾ അടുത്താണ് പുരാതന മാനുസ്ക്രിപ്റ്റുകൾ ലഭിച്ചപ്പോൾ അതിൽ ഇല്ലായെന്നും ഇതിൻെറ ഭാഷ വ്യത്യസ്തമാണെന്നും കണ്ടപ്പോൾ എടുത്തുകളഞ്ഞത്. എന്നിട്ടിപ്പോൾ മലയാളം ബൈബിളിൽ ചിലതിൽ കൂട്ടിയിട്ടുണ്ട്. വീണ്ടും കൂട്ടിയിട്ടുണ്ട്. മലയാളം ബൈബിളിൽ ഈ അടുത്ത കാലംവരെ ഉണ്ടായിരുന്നില്ല. ഇപ്പോൾ ഈ ബൈബിളിൽ ഉണ്ട്. അതുപോലെ തന്നെ പ്രീമിയറിൻെറ ബൈബിളിലുണ്ട്. അതുപോലെ വിശുദ്ധ സത്യവേദ പുസ്തകം എന്ന് പറയുന്ന ഈ പുസ്തകത്തിലുണ്ട്. എല്ലാ തെറ്റും നീക്കിയിട്ട് പ്രസിദ്ധീകരിച്ചതാണ് എന്നാണ് ഇതിൻെറ പ്രസാധകർ അവകാശപ്പെടുന്നത്. എല്ലാ തെറ്റും! അതിൽ പറയുന്നതുതന്നെ നല്ല രസമുണ്ട്. ബ്രദർ മാത്യൂസ് വർഗീസാണ് ഇതിൻെറ എഡിറ്റർ. അദ്ദേഹം പറയുന്നത് ഒരേ സംഭവം ഒരു ബൈബിളിൻെറ മൂന്ന് ഭാഗങ്ങളിൽ വ്യത്യസ്തമായി പരാമർശിക്കുമ്പോൾ വായനക്കാർ ചിന്താകുഴപ്പത്തിലാവുകയും ദൈവവചനത്തിലുള്ള അവരുടെ വിശ്വാസം നഷ്ടപ്പെടുകയും ചെയ്യുകയില്ലേ എന്നുള്ളതുകൊണ്ടാണ് അദ്ദേഹം ഇങ്ങനെയൊരു പരിഭാഷ ഇറക്കിയത് എന്നാണ്. അപ്പോൾ ഇങ്ങനെ നഷ്ടപ്പെടുന്ന ഒരുപാട് കാര്യങ്ങൾ ഇതിലുണ്ട് എന്നുള്ള വസ്തുത നമ്മൾ അംഗീകരിക്കുക.

<u>ചോദ്യം:</u> എൻെറ പേര് മൻസൂർ. ബ്രദർ ഡോ. ജോൺസൺ ഖുർആൻ പരിഭാഷയിൽ അബദ്ധങ്ങളുണ്ട് എന്ന നിലക്ക് സംസാരിച്ചല്ലോ. ഖുർആൻ പരിഭാഷകൾ അതിൻെറ മൂലകൃതിയോടുകൂടിയാണ് നിങ്ങൾക്ക് കാണാനാകുന്നത്. എന്നാൽ ബൈബിൾ മൂലകൃതിയോടുകൂടി എവിടെയും കാണുക സാധ്യമല്ല. മാത്രമല്ല, ഇംഗ്ലീഷ്



ട്രാൻസ്ലേഷൻസാണെങ്കിൽ ചിലതിൽ പഠിപ്പിക്കുന്ന ചില ഭാഗങ്ങൾ മറ്റു ചിലതിലില്ല, അപ്പോൾ വിട്ടുപോയ ഭാഗങ്ങൾ പഠിപ്പിക്കാതെ തന്നെ പോകണമല്ലോ. ഇത് ദൈവിക വചനങ്ങളാണല്ലോ. ജോൺസൺ സാറിനെപ്പോലുള്ള ആളുകളോ അല്ലെങ്കിൽ അനുയായികളോ പഠിപ്പിക്കുപ്പോൾ ആ ഭാഗങ്ങൾ പഠിപ്പിക്കാതെ വിടേണ്ടിവരും. ഇതൊരു വലിയ അബദ്ധം തന്നെയാണല്ലോ. ഖുർആൻ മൂലകൃതിയോടു കൂടി തന്നെയാണ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്.

<u>**മറുപടി (ജോൺസൺ സി. ഫിലിപ്പ്):**</u> ക്വസ്റ്റ്യൻ ഞാൻ ശരിക്ക് മനസ്സിലാക്കിയിട്ടുണ്ടോ എന്ന് നോക്കട്ടെ. ഖുർആൻെറ കോപ്പീസ് മലയാളത്തിൽ അല്ലെങ്കിൽ മറ്റ് ഭാഷകളിൽ പബ്ലിഷ് ചെയ്യുമ്പോൾ അതിൻെറകൂടെ പാരലലായിട്ട് ഒറിജിനൽ കൂടി പബ്ലിഷ് ചെയ്യും എന്നാണോ പറഞ്ഞതിൻെറ അർഥം? Are you sure? I can show you ten copies മലയാളത്തിലോ ഇംഗ്ലീഷിലോ മാത്രമുള്ള ഒറിജിനൽ ഇല്ലാത്തത്. അതുകൊണ്ട് argument ന് യാതൊരു validity യുമില്ല. നമ്മുടെ കയ്യിൽ ഖുർആൻെറ ധാരാളം കോപ്പീസുണ്ട്.

<u>**ചോദ്യം:**</u> എൻെറ പേര് പാസ്റ്റർ ഗുണശീലൻ, ട്രിവാൻഡ്രം. മിസ്റ്റർ അക്ബർ സാർ പ്രസംഗിച്ചപ്പോൾ യേശുക്രിസ്തുവിൻെറ ജനനത്തെക്കുറിച്ച് മത്തായി എഴുതിയ സുവിശേഷം ഒന്നാം അധ്യായം 22-ാം വാക്യം ഉദ്ധരിച്ചു: “കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. ഇമ്മാനുവേൽ എന്ന പേർ വിളിക്കപ്പെടും”. പക്ഷേ, പഴയനിയമത്തിൽ ഒരു ഭാഗത്തും യേശുക്രിസ്തുവിൻെറ ജനനത്തെക്കുറിച്ച് പറഞ്ഞിട്ടില്ലായെന്ന് അദ്ദേഹം വ്യക്തമായി പറഞ്ഞു. യെശയ്യാ പ്രവാചകൻ ഏഴാം അധ്യായം നാലാം വാക്യം വായിച്ചാൽ ആ ഉദ്ധരണി വളരെ വ്യക്തമായി പ്രവാചകൻ, യേശുക്രിസ്തവിൻെറ ജനനത്തിന് 700 വർഷങ്ങൾക്ക് മുമ്പ് പ്രവചിച്ചതായി, എഴുതിയതായി വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട് എന്നു കാണാം.

<u>**മറുപടി (എം.എം. അക്ബർ):**</u> മത്തായിയുടെ സുവിശേഷം ഒന്നാം അധ്യായത്തിലെ 21,22 വചനങ്ങളിൽ യെശയ്യാവിൻെറ ഏഴാം അധ്യായത്തിലെ 14-ാമത്തെ വചനം ക്വാട്ട് ചെയ്തിട്ടുണ്ട്. ഇവിടെ അതിൻെറ അടിസ്ഥാനത്തിൽ പ്രവചനമാണെന്നാണ് സുഹൃത്തിൻെറ വാദം. ഞാൻ പറയട്ടെ, നമ്മുടെ വിഷയമല്ല ഇത്. വിഷയത്തിൽനിന്ന് തെന്നിമാറാൻവേണ്ടി ഇതുപയോഗിച്ച് ശ്രമിക്കേണ്ട. പ്രവചനങ്ങളു

ടെ വിശ്വാസ്യതയോ പ്രവചനങ്ങൾ സംഭവിച്ചിട്ടില്ലായെന്നതോ ഈ വിഷയവുമായി കൂട്ടിക്കെട്ടേണ്ടതില്ല. എന്നാൽ ഈ വിഷയത്തിൽ സുഹൃത്ത് ചോദിച്ച സ്ഥിതിക്ക് പറയട്ടെ. യെശയ്യാ പ്രവാചകൻെറ പ്രവചനം എന്താണ്? കന്യക ഗർഭിണിയായി മകനെ പ്രസവിക്കും. കന്യക എന്നല്ല ഉള്ളത്. യുവതി ഗർഭിണിയായി എന്നേയുള്ളൂ. അതൊരു വശം. കന്യക എന്നുള്ളത് മത്തായിയുടെ വകയാണ്. അത് മറ്റൊരു വശം. എന്നിട്ടെന്തായി? അവൻ ഇമ്മാനുവൽ എന്ന് പേര് വിളിക്കണം. ഇമ്മാനുവേൽ എന്നുപറഞ്ഞാൽ എന്താണ്? പദങ്ങൾ തിരയേണ്ട. അൽമാ എന്നും ബഥുലാ എന്നുമുള്ള പദങ്ങളെടുത്ത് നമുക്ക് പരിശോധിക്കേണ്ടിവരും. വെറുതെ എന്തിനാണ് ബുദ്ധിമുട്ടുന്നത്? പദപരമായ വ്യുൽപത്തി എടുത്തിട്ട് അൽമാ എന്നും ബഥുലാ എന്നുമുള്ള പദങ്ങളെടുത്ത് പരിശോധിച്ചിട്ട് എന്താണ് യെശയ്യാവ് സ്വീകരിച്ചത്, എന്താണ് മത്തായി എടുത്തത് എന്നെല്ലാം നമുക്ക് നോക്കേണ്ടിവരും. പക്ഷേ, ഇവിടെ എന്താണ് സംഭവിക്കുന്നതെന്ന് നമ്മൾ മനസ്സിലാക്കുക. യഥാർഥത്തിൽ യെശയ്യാവിൻെറ പുസ്തകം ഏഴാം അധ്യായത്തിൽ 14-ാമത്തെ വചനം മാത്രമല്ലയുള്ളത്. 15ഉം 16ഉം 17ഉം എല്ലാം വചനങ്ങളുണ്ട്. അവയെല്ലാം എടുത്ത് വായിക്കുക. ഈ വ്യക്തിയെക്കുറിച്ചു തന്നെയാണ് പറയുന്നത്. രണ്ട് രാജാക്കന്മാരുടെ ദേശം ഉപേക്ഷിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. തൈരും തേനും ഭക്ഷിക്കുവാൻ ആകുന്നതിന് മുമ്പ് എന്ത് സംഭവിക്കുമെന്ന് പറയുന്നുണ്ട്. ഇതെല്ലാം സംഭവിച്ചത് യെശയ്യാവിൻെറ കാലത്തു തന്നെയാണ് എന്ന് മനസ്സിലാക്കാൻ എട്ടാം അധ്യായത്തിലെ എട്ടാമത്തെ വചനം ഒന്ന് വായിച്ചുനോക്കിയാൽ മതി. ഇമ്മാനുവേൽ എന്നൊരു ആളുണ്ടായതും എല്ലാവരും ഇമ്മാനുവേൽ എന്ന് വിളിച്ചതും ആ പ്രവചനത്തിൻെറ പൂർത്തീകരണം അല്ലായെങ്കിൽ യെശയ്യാവിൻെറ വചനത്തിൻെറ പൂർത്തീകരണം നടന്നതുമെല്ലാം അവിടെത്തന്നെയുണ്ട്. യെശയ്യാവിൻെറ പുസ്തകം എടുത്തൊന്ന് വായിച്ചുനോക്കുക. അത് മത്തായി എടുത്ത് ക്വാട്ട് ചെയ്തിട്ട് യേശുവിൽ സംഭവിച്ചുവെന്ന് വരുത്താൻവേണ്ടി ശ്രമിക്കുകയാണ്. സത്യത്തിൽ അത് ആരെക്കുറിച്ചാണ്? ഇത് അന്നുതന്നെ സംഭവിച്ച ഒരു പ്രവചനമാണ്. ആ പ്രവചനം അന്ന് നിവർത്തീകരിച്ചിട്ടുണ്ട് എന്നുള്ളതാണ് സത്യം. ഏഴും എട്ടും അധ്യായങ്ങൾ ഒന്ന് പൂർണമായി വായിച്ചു നോക്കിയാൽ മതി. അതിന് കൂടുതൽ പോകേണ്ടതില്ല. അപ്പോൾ നമുക്ക് കാര്യങ്ങൾ വ്യക്തമായി മനസ്സിലാകും. (അനുബന്ധം 14 കാണുക.)



ഇവിടെ, ഖുർആനിൻേറതുപോലെതന്നെയാണ് ബൈബിളിൻേറതും എന്ന് ജോൺസൺ സാർ സൂചിപ്പിച്ചതിൽ ചെറിയ ഒരഭിപ്രായം പറയാനുണ്ട്. നിച്ച് ഓഫ് ട്രൂത്ത് പരിശുദ്ധ ഖുർആൻെറ പരിഭാഷ അറബി മൂലത്തോട് കൂടിയാണ് ഇറക്കുന്നത്. ഇതാണ് ശരിയായ രീതി. അറബിമൂലമാണ് പരിശുദ്ധ ഖുർആൻ. അറബി മൂലമാണ് ശരി. അതുകൊണ്ട് നിച്ച് ഓഫ് ട്രൂത്ത് പുറത്തിറക്കുന്ന ഖുർആൻ പരിഭാഷയെല്ലാം അറബിമൂലത്തോടുകൂടിയാണ് പ്രസിദ്ധീകരിക്കുക. ആരെങ്കിലും എന്തെങ്കിലും ചെയ്യുന്നതിന് നാം ഉത്തരവാദികളല്ല. ഗ്രീക്ക് മൂലം മാത്രമാണ് ശരിയെങ്കിൽ ഗ്രീക്ക് മൂലത്തോടുകൂടിയുള്ള ഒരു മലയാള ബൈബിൾ പ്രസിദ്ധീകരിക്കാൻ ബഹുമാന്യനായ ഡോക്ടർ ജോൺസൺ സന്നദ്ധനാവുകയും അതിൻെറ അടിസ്ഥാനത്തിൽ ഒരു സംവാദം സംഘടിപ്പിക്കുകയും ചെയ്തുകളയാം എന്നാണ് എനിക്ക് തോന്നുന്നത്. കാരണം ഞാൻ ഏത് ഉദ്ധരണി ഉദ്ധരിച്ചാലും അദ്ദേഹത്തിന് പറയാൻ പറ്റും ഇത് ഒറിജിനലിൽ ഇല്ല എന്ന്. കാരണമെന്താണ്? ഗ്രീക്ക് ട്രാൻസ്ലേഷൻ മിസ്റ്റേക്സ്. എളുപ്പത്തിൽ പറയാൻ സാധിക്കും! എന്നെ സംബന്ധിച്ചിടത്തോളം ഇതിന് പറ്റില്ല. കാരണമെന്താണെന്നു വെച്ചാൽ അറബി അറിയാവുന്ന ഒരാൾ അത് ഇതുപോലെ ഉദ്ധരിച്ചിട്ട് പറയാമെന്ന് വിചാരിക്കുക. ഇന്നത് ഇന്ന വാക്കിൻെറ അർഥമല്ലേ എന്ന് ചോദിച്ചാൽ എനിക്കൊന്നും പറയാൻ പറ്റില്ല. അപ്പോൾ വിമർശിക്കാൻ സാധ്യമല്ല. കാരണമെന്താണ്? ഇത് ദൈവിക വചനങ്ങളാണ്. ആ ദൈവിക വചനങ്ങൾ അതേപോലെയുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ 'നിച്ച് ഓഫ് ട്രൂത്തും' 'ദ ട്രൂത്തു'മാണല്ലോ സംസാരിക്കുന്നത്. 'ദ ട്രൂത്ത്' ഗ്രീക്ക് ഒറിജിനലും കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു ട്രാൻസ്ലേഷൻ പബ്ലിഷ് ചെയ്യട്ടെ. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് പരിശോധിക്കാം എന്ന് സൂചിപ്പിക്കുകയാണ്.

**<u>ചോദ്യം:</u>** എൻെറ പേര് റഫീഖ്. ബൈബിളിൻെറ പരിഭാഷയിൽ അപാകതകളുണ്ടോ ഇല്ലേ എന്നുള്ളതല്ല ഇവിടെ സംസാര വിഷയം. ഒറിജിനൽ ബൈബിളിൽ തന്നെ അതിൻെറ വചനങ്ങൾ വിട്ടുപോയി. പരിഭാഷപ്പെടുത്തുമ്പോൾ എങ്ങനെയാണ് ആ വചനംതന്നെ വിട്ടുപോകുന്നത്? ഉദാഹരണത്തിന് ഫാദർ എന്ന് പറയുമ്പോൾ മലയാള

ത്തിൽ അച്ഛൻ എന്നോ പിതാവെന്നോ കൊടുത്തേക്കാം. അതിൽ നാം അഭിപ്രായ വ്യത്യാസം പറയുന്നില്ല. പക്ഷേ, ഒറിജിനലിൽ നിന്ന് മറ്റ് ഭാഷകളിലേക്ക് ഭാഷാന്തരം ചെയ്യുമ്പോൾ വചനങ്ങൾതന്നെ വിട്ടുപോയതിന് ഉദാഹരണമാണ് കിംഗ്ജെയിംസ് വേർഷനിലെ ഒന്ന് യോഹന്നാൻ 5:7, അതിൽ ഇങ്ങനെ കാണുന്നു: 'സ്വർഗത്തിൽ സാക്ഷി പറയുന്നവർ മൂവരുണ്ട്. പിതാവ്, പുത്രൻ പരിശുദ്ധാത്മാവ്. ഈ മൂവരും ഒന്നുതന്നെ'. ഈ വചനം ക്രിസ്തുമതവിശ്വാസികളുടെ അടിസ്ഥാനപരമായ വിശ്വാസമാണ്. ഈ വിശ്വാസത്തിന് അനുകൂലമായ തെളിവ് കിംഗ്ജെയിംസ് വേർഷൻ ഒഴിച്ച് മറ്റൊരു ഇംഗ്ലീഷ് ബൈബിളിലും നമുക്ക് കാണാൻ സാധ്യമല്ല. അതുപോലെതന്നെ പതിറ്റാണ്ടുകൾക്കു മുമ്പുള്ള മലയാളം ബൈബിളുകളിൽ അതുണ്ടായിരുന്നുതാനും. പിന്നെ അത് മാറ്റി. ഇപ്പോൾ ഇതാ അക്ബർ സാർ കാണിച്ചതുപോലെയുള്ള, മാത്യു വർഗീസിൻെറ ബൈബിളിൽ ഇത് വീണ്ടും കാണുന്നു. ഇത് പരിഭാഷയിലുള്ള തകരാറല്ല. വചനങ്ങൾ തന്നെ ഉദ്ധരിക്കാത്ത പ്രശ്നമാണ്. അത് തെറ്റല്ലേ എന്നാണ് സംശയം.

**മറുപടി (ജോൺസൺ സി. ഫിലിപ്പ്):** Thank you for that question. ഞാൻ അത് പ്രതീക്ഷിക്കുന്നുണ്ടായിരുന്നു. അതിന് മുമ്പ് ഞാനൊരു കാര്യം point out ചെയ്യട്ടെ. ഇതിനുമുമ്പ് മിസ്റ്റർ അക്ബർ പറഞ്ഞപ്പോൾ ഞാൻ പറഞ്ഞതിന് മറുപടിയാണ് പറഞ്ഞത്. That is not allowed. I appeal. You are not supposed to reply me. It is not a debate with me and you.

ഞാൻ ഇതിനുമുമ്പ് ഓർമിപ്പിച്ചതുപോലെ നിങ്ങൾ ഈ പറയുന്നത് എല്ലാം ബൈബിൾ ട്രാൻസ്ലേഷൻസിൻെറ basis ലാണ്. ഇപ്പോൾ തന്നെ മാത്യു വർഗീസിൻെറ ട്രാൻസ്ലേഷൻ- അത് ഒരു വ്യക്തിയുടെ ട്രാൻസ്ലേഷനാണ്. അതിന് സഭയുടെ യാതൊരു അംഗീകാരവും ഇല്ലെന്ന് മാത്രമല്ല, മിസ്റ്റർ മാത്യു വർഗീസ് സഭയിൽനിന്ന് പുറത്താക്കപ്പെട്ട വ്യക്തിയാണ് എന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ ഈ കൊണ്ടുവരുന്ന ചോദ്യങ്ങളെല്ലാം ഈ വ്യക്തികൾ ചെയ്യുന്ന ട്രാൻസ്ലേഷൻെറ basis ലാണ്.

അതുപോലെതന്നെ ഒരാൾ എഴുന്നേറ്റുനിന്നുകൊണ്ട് പറഞ്ഞു. ഒറിജിനലും ട്രാൻസ്ലേഷനും ഒന്നിച്ചു തന്നുകഴിഞ്ഞാൽ ഒറിജിനൽ



അറിയാവുന്നത് ആരാണ്? നിങ്ങളിൽ ഗ്രീക്ക് അറിയുന്നവർ ആരെങ്കിലുമുണ്ടെങ്കിൽ കൈപൊക്കിയാട്ടെ. ഒറിജിനൽ ഉണ്ടെങ്കിൽതന്നെ what is a difference? suppose ഒരു സൈഡിൽ മലയാളം ട്രാൻസ്ലേഷൻ. ഒരു സൈഡിൽ ഒറിജിനലുണ്ട്. ഗ്രീക്ക് അറിയാവുന്നവർ ആരെങ്കിലുമുണ്ടെങ്കിൽ എഴുന്നേറ്റ് നിൽക്കട്ടെ. ഹിബ്രു അറിയാവുന്നവർ ആരെങ്കിലുമുണ്ടെങ്കിൽ എഴുന്നേറ്റ് നിൽക്കട്ടെ. നിങ്ങൾക്ക് അറിയില്ലെങ്കിൽ paralel ആയിട്ട് പബ്ലിഷ് ചെയ്യുന്നതിൽ അർഥമൊന്നുമില്ല. ഇത് വെറും argument ആണ്. ഈ argument നൊന്നും യാതൊരു അർഥവുമില്ല. എന്നുമാത്രമല്ല, ഇതിനു മുമ്പ് പറഞ്ഞതിൻെറ മറുപടി ഞാൻ ഒന്നുകൂടി പറയട്ടെ. ഞാൻ മുമ്പ് ഓർമിപ്പിച്ചതുപോലെ മുസ്‌ലിംസ് തന്നെ publish ചെയ്ത പല ട്രാൻസ്ലേഷൻസിലും original ഇല്ല. അതുകൊണ്ട് നിങ്ങൾ പറഞ്ഞതിന് യാതൊരു basis ഉം ഇല്ല. രണ്ട്. ഒറിജിനൽ പബ്ലിഷ് ചെയ്താൽ തന്നെ നിങ്ങൾക്കാർക്കും അത് മനസ്സിലാകത്തില്ല. വിട്ടുപോയിട്ടുണ്ടോ എന്ന് നിങ്ങൾക്ക് തിരിച്ചറിയാൻ സാധിക്കില്ല. നിങ്ങൾ ആരും ഹിബ്രു കണ്ടിട്ടില്ല. ഗ്രീക്ക് കണ്ടിട്ടില്ല. വെറും ഇംഗ്ലീഷ് ട്രാൻസ്ലേഷൻെറയും മലയാളം ട്രാൻസ്ലേഷൻെറയും മാത്യു വർഗീസിനെപോലെ Individuals ചെയ്ത ട്രാൻസ്ലേഷൻെറ basisലുമാണ് ഈ argument കൊണ്ടുവരുന്നത്.

യോഹന്നാൻെറ സുവിശേഷത്തിൽ നിന്ന് ഒരു വാക്യം വിട്ടുപോയെന്ന് പറയുന്നു; ഒന്ന് യോഹന്നാൻ അഞ്ചാം അധ്യായത്തിൽനിന്ന്. ആധികാരികമായിട്ടുള്ള ഏത് ട്രാൻസ്ലേഷൻ വേണമെങ്കിലും നിങ്ങൾ എടുത്ത് നോക്കിക്കോ, അതിൽ ആ വാക്യമുണ്ട്. individuals ചെയ്തത് പലതും വിട്ടു. കാരണം ഇന്ന് ബൈബിൾ പല individuals ഉം കൈകാര്യം ചെയ്യുന്നത് അവരുടെ സ്വാർഥതാൽപര്യത്തിനു വേണ്ടിയാണ്. അവരവരുടെ ഉദ്ദേശ്യം സ്ഥാപിക്കുവാൻ വേണ്ടിയാണ്. പത്ത് ട്രാൻസ്ലേഷനുണ്ടെങ്കിലും പത്തും അംഗീകൃതമൊന്നുമല്ല. ഖുർആൻെറ പത്ത് ട്രാൻസ്ലേഷൻസുണ്ടെങ്കിൽ നിങ്ങൾ പത്തും അംഗീകരിക്കുന്നില്ല. അതുപോലെ തന്നെ ഞങ്ങളും അംഗീകരിക്കുന്നില്ല എന്നുള്ളത് മനസ്സിലാക്കിക്കഴിഞ്ഞാൽ ഈ ചോദ്യങ്ങൾക്കൊന്നും പ്രസക്തിയില്ലെന്നുള്ളത് മനസ്സിലാക്കാം. ഒറിജിനലിൽനിന്ന് ഒന്നും വിട്ടുപോയിട്ടില്ല. ഒന്നും വിട്ടിട്ടില്ല. ഞാൻ ഓർമിപ്പിച്ചതുപോലെ ട്രാൻസ്ലേഷൻ ഒന്നിനും തന്നെ ആധികാരികത

യില്ല. അതിൽ പലരും പലതും ചെയ്തെന്നിരിക്കും.

<u>**ചോദ്യം:**</u> എന്റെ പേര് കെ.എസ്. ചെറിയാൻ എന്നാണ്. പെരുമ്പാവൂർ തന്നെയാണ് വീട്. ശ്രീമാൻ അക്ബർ സംസാരിച്ചു; യേശുക്രിസ്തുവിനെപ്പറ്റി പ്രവചന ഭാഗങ്ങളിലൊന്നും പറഞ്ഞിട്ടില്ലായെന്ന്. എന്നാൽ യെശയ്യാ പ്രവാചകൻ 51-ാം അധ്യായത്തിൽ ആരെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നതെന്ന് വിശദീകരിക്കാമോ?

<u>**മറുപടി (എം.എം. അക്ബർ):**</u> ബഹുമാന്യനായ ജ്യേഷ്ഠ സഹോദരൻ വീണ്ടും പ്രവചനങ്ങളിലേക്ക് പോയിരിക്കയാണ്. ഞാൻ ഇവിടെ പറഞ്ഞു. ബൈബിളിലെ പ്രവചനങ്ങളെ പോസ്റ്റ്മോർട്ടം നടത്തലോ യെശയ്യാവ് പ്രവചനം നടത്തിയിട്ടില്ല എന്ന് പറയലോ എന്റെ ലക്ഷ്യമല്ല. അത് മനസ്സിലാക്കണം. ബൈബിളിൽ പ്രവചനങ്ങൾ ഉണ്ട് എന്നുതന്നെയാണ് എന്റെ അഭിപ്രായം. അതേസമയം യേശുവിനെക്കുറിച്ചുള്ള പ്രവചനങ്ങളായി പറയുന്ന കാര്യങ്ങളെക്കുറിച്ചുള്ള ഒരു അഭിപ്രായ പ്രകടനം നടത്തിയതാണ്. അതിന്മേൽ കടിച്ചുതൂങ്ങേണ്ടതില്ല. വിഷയത്തിൽ നിന്ന് മാറേണ്ടതില്ല. ഇതിന് മറുപടി പറഞ്ഞാൽ സ്വാഭാവികമായിട്ടും അടുത്ത ചോദ്യം വരും. പിന്നെ സങ്കീർത്തന പുസ്തകത്തിൽ പറഞ്ഞിട്ടുള്ളത് ആരെക്കുറിച്ചാണെന്ന്. അടുത്ത ചോദ്യം വരും. ഇതുപോലെതന്നെ യിരമ്യാ പ്രവാചകന്റെ പുസ്തകത്തിൽ പറഞ്ഞിട്ടുള്ളത് ആരെക്കുറിച്ചാണെന്ന്. ആയിരത്തോളം പ്രവചനങ്ങൾ യേശുവിൽ സംഭവിച്ചിട്ടുണ്ടെന്ന് ബൈബിൾ പണ്ഡിതന്മാർ അഭിപ്രായപ്പെടാറുണ്ട്. അത് നമുക്ക് മറ്റൊരു അവസരത്തിൽ analyse ചെയ്യാം. യേശുവിനെക്കുറിച്ച് പ്രവചിച്ചിട്ടുണ്ടോ ഇല്ലയോ എന്നുള്ളതല്ല നമ്മുടെ വിഷയം. മറിച്ച് ബൈബിൾ ദൈവികമാണോ അല്ലേ എന്നതാണ്. ആ ബൈബിളിന്റെ ദൈവികതക്ക് എതിരായി ഞാൻ ചില പ്രവചനങ്ങൾ ഉദ്ധരിച്ചു. ഇവിടെ ബഹുമാന്യനായ ജോൺസൺ സാറോ മറ്റാരെങ്കിലുമോ അതിനെ criticise ചെയ്തിട്ടില്ല. അതിനെ വിമർശിച്ചിട്ടില്ല.

ചോദ്യോത്തരത്തിനിടയിൽ പരസ്പരം മറുപടി പറയേണ്ടതില്ല എന്നുള്ളത് സ്വാഭാവികമായിട്ടും നിയമപ്രകാരമാണ്. ഇദ്ദേഹം പറഞ്ഞ കാര്യങ്ങൾക്ക് എന്റേതായ അഭിപ്രായങ്ങളുണ്ട്; തെളിവുകളുടെ അടിസ്ഥാനത്തിൽ തന്നെ. പക്ഷേ, നമ്മൾ തയാറാക്കിയ നിയമാവലിയുടെ അടിസ്ഥാനത്തിൽ അത് ശരിയല്ലാത്തതു കൊണ്ട് ഞാൻ



അദ്ദേഹത്തിന്റെ വാദങ്ങളെ ഖണ്ഡിക്കുവാൻ സന്നദ്ധനാകുന്നില്ല എന്ന് അറിയിക്കുകയാണ്. ഇവിടെ പ്രവചനങ്ങൾ അല്ല നമ്മുടെ വിഷയം. പ്രവചന പൂർത്തീകരണം സംഭവിച്ചിട്ടുണ്ടോ എന്നതല്ല. സംഭവിക്കാത്ത പ്രവചനങ്ങൾ ഉണ്ട്. അതിനെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യേണ്ടത് എന്നാണ് സൂചിപ്പിക്കുവാനുള്ളത്.

<u>**ചോദ്യം:**</u> എന്റെ പേര് ശാരിഖ്. സ്ഥലം കൊച്ചി. ജോൺസൺ സാർ പ്രസംഗത്തിൽ പറയുകയുണ്ടായി; ബൈബിൾ പൂർണമായും ദൈവികമാണ്. അതിൽ അശാസ്ത്രീയ പരാമർശങ്ങളില്ല. അശാസ്ത്രീയ പരാമർശങ്ങൾ ആരെങ്കിലും കാണിച്ചാൽ അതിനെത്രയോ രൂപ നൽകാമെന്ന്. ഞാൻ ചില കാര്യങ്ങൾ ചോദിക്കുവാൻ ഉദ്ദേശിക്കുന്നു? 21-ാം അധ്യായത്തിൽ 19 മുതലുള്ള വചനങ്ങളിൽ പറയുന്നു 'യഹോവാ രാജാവ് ഭരണം തുടങ്ങിയപ്പോൾ അവന് 32 വയസ്സായിരുന്നു. അവൻ എട്ടുവർഷം ജറുസലേം വാണതിനുശേഷമാണ് മരിച്ചത്. അവൻ മരിച്ചതിനുശേഷം അവന്റെ ഇളയ മകനെ രാജാവാക്കി. അപ്പോൾ അവന് 42 വയസ്സായിരുന്നു. അപ്പോൾ അപ്പൻ മരിച്ചു. അപ്പന്റെ ഇളയ മകനെ രാജാവാക്കി. മൂത്തമക്കളെല്ലാം കൊല്ലപ്പെട്ടു'. ഇളയ മകനെ രാജാവാക്കിയപ്പോൾ അവന് 42 വയസ്സ്. അപ്പൻ മരിച്ചത് 30 വയസ്സിൽ. അപ്പനേക്കാൾ രണ്ട് വയസ്സ് മൂത്ത മകൻ.

അതുപോലെതന്നെ ലേവ്യ പുസ്തകത്തിൽ പറയുന്നു; വീടിന്റെ ശുദ്ധീകരണത്തിനുവേണ്ടി നിങ്ങൾ രണ്ട് പക്ഷികളെ കൊണ്ടു വരണം. ആ പക്ഷികളെ അറുത്ത് അതിന്റെ ചോര വീടിന്റെ ചുറ്റും തളിച്ചാൽ തൊലിപ്പുറമെയുള്ള അസുഖങ്ങൾ അതായത് ചൊറി, ചിരങ്ങ്, കുഷ്ഠം പോലെയുള്ള രോഗങ്ങൾ വരില്ല എന്ന്. എല്ലാവർക്കും അറിയാവുന്ന കാര്യമാണ്; അതിന് പി.എച്ച്.ഡി. എടുക്കേണ്ട ആവശ്യമില്ല. ഒരു ചെറിയ കൊച്ചിനുപോലും അറിയാം ചോര രോഗം ഉണ്ടാക്കുന്നതാണെന്ന്. ആ ചോര തളിച്ചാൽ നിങ്ങൾക്ക് തൊലിപ്പുറമെയുള്ള അസുഖം വരില്ലായെന്ന്, കുഷ്ഠം വരില്ലായെന്ന്.

അതുപോലെതന്നെ ബൈബിളിൽ പറയുന്നത്, ഒരു പെണ്ണ് വ്യഭിചരിച്ചിട്ടുണ്ടെങ്കിൽ അവളെ പുരോഹിതന്റെ അടുത്ത് കൊണ്ടുപോകണമെന്നും പുരോഹിതന്റെ അടുത്തുകൊണ്ടുപോയി ശുദ്ധവെള്ളം കൊടുത്ത് അവളെക്കൊണ്ട് സത്യം ചെയ്യിച്ചാൽ അവൾ വ്യഭിചരിച്ചിട്ടുണ്ടെങ്കിൽ അവളുടെ വയറ് വീർത്ത് അസുഖം വന്ന് ജനങ്ങൾക്ക് മനസ്സിലാകും. വ്യഭിചരിച്ചിട്ടില്ലെങ്കിൽ അവൾക്ക് അസു

ഖം ബാധിക്കില്ല എന്നും പറയുന്നു. ഇത് എങ്ങനെയാണ് ശാസ്ത്രീയമാവുകയെന്ന് വ്യക്തമായി പറഞ്ഞുതന്നാൽ കൊള്ളാം. നിയമത്തിലുള്ള കാര്യങ്ങളാണിതെല്ലാം. അപ്പോൾ ഇതിൽ ഒരിക്കലും മാറ്റം വരില്ലായെന്ന് നിങ്ങൾ വിശ്വസിക്കുന്നുവെന്ന് വിചാരിക്കുന്നു.

**മറുപടി (ജോൺസൺ സി. ഫിലിപ്പ്):** Thank you സുഹൃത്തെ, അത്ര emotional ആകേണ്ട ആവശ്യമില്ല. ഇത് അടിയോ വഴക്കോ ഒന്നുമല്ല. especially നമ്മൾ first time കാണുകയാണ്. പല പ്രാവശ്യം debate നടത്തിയതിൽ ഞാനും അക്ബറും തമ്മിൽ ഇത്രയും emotionally സംസാരിച്ചിട്ടുണ്ടെന്ന് തോന്നുന്നില്ല. ഞങ്ങൾ വളരെ friendly ആയിട്ടിരുന്നാണ് ചായ കുടിച്ചതൊക്കെ. O.K.? no problem! മൂന്ന് questions ആണ് ചോദിച്ചത്. ആ മൂന്ന് questions ഉം one by one ആയിട്ട് കൈകാര്യം ചെയ്യാം. ആദ്യം മൂന്നാമത്തെ question എടുക്കാം. അവൾ ആ വിശുദ്ധ ജലം കുടിച്ചുകഴിഞ്ഞാൽ അവൾക്ക് problem ഉണ്ടാകില്ല. O.K. സയൻസിന്റെ ഏത് നിയമത്തിന് എതിരാണത്? വാദി വാദം തെളിയിക്കണം. സയൻസിന്റെ ഏത് നിയമത്തെയാണ് അത് ലംഘിക്കുന്നത്? ഞാൻ ഇതിന് മുമ്പ് പറഞ്ഞതുപോലെ വാദിക്കുന്നവൻ വാദം തെളിയിക്കണം.

**ചോദ്യകർത്താവ്:** ഇത് നമുക്ക് അറിയാവുന്ന കാര്യമാണ്. വ്യഭിചാരത്തിന്റെ വിഷയത്തിൽ ധാരാളം കേസുകൾ വരാറുണ്ട്. കോടതിയിൽ പോകാറുണ്ട്. ഇങ്ങനെയൊരു കാര്യമുണ്ടെങ്കിൽ നമുക്കത് ബൈബിളിന്റെ അടിസ്ഥാനത്തിൽ തെളിയിച്ചാൽ പോരെ? വളരെ വ്യക്തമാണത്.........

**മറുപടി**: ചോദ്യമതല്ല. ശാസ്ത്രത്തിന്റെ ഏത് നിയമത്തെയാണ് ആ statement ലംഘിക്കുന്നത്?

**ചോദ്യകർത്താവ്:** ശാസ്ത്രത്തിന്റെ ഏത് നിയമമാണ് ഇതിനെ ന്യായീകരിക്കുന്നത് എന്ന് പറഞ്ഞാൽകൊള്ളാം?

**മറുപടി:** അല്ലല്ല. ഞാൻ അത് ന്യായീകരിക്കുമെന്ന് പറഞ്ഞില്ല. നിങ്ങളുടെ ചോദ്യത്തിന് ഒരു justification തരണം. ഞാൻ മറുപടി പറയാം.

**ചോദ്യകർത്താവ്**: ബൈബിൾ പറയുകയാണ് വ്യഭിചാരാരോപണം ഉണ്ടായാൽ.......

**മറുപടി:** ശാസ്ത്രത്തിന്റെ ഏത് നിയമത്തെ ലംഘിക്കുന്നു?



**ചോദ്യകർത്താവ്**: വ്യഭിചരിച്ച എത്ര ആൾക്കാരുണ്ട്.......

**മറുപടി:** ശാസ്ത്രത്തിന്റെ ഏത് നിയമത്തെ ലംഘിക്കുന്നു? മൂന്നാമത്തെ ചോദ്യം. ഒന്നാമത്തെ ചോദ്യം ഒന്നുകൂടിയൊന്ന് repeat ചെയ്യു.

Please control your emotion. ഇത് കഴിഞ്ഞിട്ടു വേണമെങ്കിൽ നമുക്കൊന്നിച്ചുനിന്ന് കുറച്ച് shout ചെയ്യാം.

**ചോദ്യകർത്താവ്**: ഒരു രാജാവിന്റെ ചരിത്രം ബൈബിൾ പറഞ്ഞു. ഒരു രാജാവ് ഭരണം തുടങ്ങിയത് 32-ാം വയസ്സിൽ. എട്ടുവർഷം ജറുസലേം വാണു. ഉടനെ അയാളുടെ ഇളയ മകനെ രാജാവാക്കി. മൂത്ത മക്കളെല്ലാം കൊല്ലപ്പെട്ടു. അതുകൊണ്ട് ഇളയ മകനെ രാജാവാക്കി. 32 വയസ്സിൽ രാജാവായി. എട്ടുവർഷം ഭരിച്ചു. ഇപ്പോൾ എത്ര വയസ്സായി?40 വയസ്സായി. ഇളയ മകനെ രാജാവാക്കി. അപ്പോൾ അവന് 42 വയസ്സ്. അപ്പനേക്കാൾ രണ്ട് വയസ്സ് മൂത്ത മകൻ. അതുമാത്രമല്ല......

**മറുപടി:** O.K Thank you very much. ആ വാക്യമൊന്ന് വായിച്ച് കേൾപ്പിക്കാമോ. എനിക്ക് ഓർമയില്ലെന്നുവച്ചോ. വാക്യമൊന്ന് വായിച്ചുകേൾപ്പിക്കൂ ബൈബിളിൽനിന്ന്. പി.എച്ച്.ഡിയൊക്കെ ചെയ്തതിനിടക്ക് memoryക്ക് സ്വൽപം problem വന്നിട്ടുണ്ട്. അതൊന്ന് വായിച്ചുകേൾപിച്ചാട്ടെ.

**ചോദ്യകർത്താവ്:** കാലക്രമേണ രണ്ട് സംവൽസരം കഴിഞ്ഞു. ദീനത്താൽ അവന്റെ കുടൽ പുറത്തുചാടി അവൻ കഠിന വ്യാധിയാൽ മരിച്ചു... അവന്റെ പിതാക്കന്മാർക്ക് കഴിച്ച ദഹനംപോലെ അവനു ദഹനം കഴിച്ചില്ല. അവൻ വാഴ്ചതുടങ്ങിയപ്പോൾ അവന് 32 വയസ്സായിരുന്നു. അവൻ എട്ട് സംവൽസരം ജറുസലേമിൽ വാണു. ആർക്കും ഇഷ്ടനാകാതെ കഴിഞ്ഞുകൂടി. അവനെ ദാവീദിന്റെ നഗരത്തിൽ അടക്കം ചെയ്തു. രാജാക്കന്മാരുടെ കല്ലറകളിൽ അല്ലതാനും. ജറുസലേം നിവാസികൾ അവന്റെ ഇളയ മകനായ അഹസ്യാവെ അവന്ന് പകരം രാജാവാക്കി. അരുവികളോടുകൂടെ പാളയത്തിൽ വന്ന പടക്കൂട്ടം അവന്റെ മൂത്തവരെയൊക്കെയും കൊന്നുകളഞ്ഞിരുന്നു. ഇങ്ങനെ യഹൂദ രാജാവായ യെഹരാമിന്റെ മകൻ അഹസ്യാവ് രാജാവായി. അഹസ്യാവ് വാഴ്ന്ന് തുടങ്ങിയപ്പോൾ അവന് 42 വയസ്സായിരുന്നു.

**മറുപടി (ജോൺസൺ സി. ഫിലിപ്പ്):** Thank you, very very clear. 32-ാം വയസ്സിൽ രാജാവായി. എട്ടുവർഷം വാണു. അവൻെറ മകൻ രാജാവായപ്പോൾ അവന് 42 വയസ്സുണ്ടായിരുന്നു. 32ഉം 8ഉം 40. 40 കഴിഞ്ഞ് immediately ആണ് അവൻ ഭരിച്ചു കഴിഞ്ഞതെന്ന് ബൈബിളിലെങ്ങും പറഞ്ഞിട്ടില്ല. ബൈബിളിലുള്ള പഴയ നിയമത്തിലെ ഹിസ്റ്ററി എടുത്തുകഴിഞ്ഞാൽ പല രാജാക്കന്മാർ ഒരു സ്റ്റേജിൽ വന്നുകഴിഞ്ഞ് ഇടക്ക് മിഡിലിൽ ചിലർ ഭരിക്കുകയും അതുകഴിഞ്ഞ് അവരുടെ മക്കൾ ഭരിക്കുകയും ചെയ്തതായി കാണാം. ഒരു രാജാവ് 32-ാം വയസ്സിൽ ഭരണത്തിൽ വന്നു. എട്ടുവർഷം ഭരിച്ചു. തൻെറ മകൻ ഭരണത്തിൽ വന്നപ്പോൾ 42 വയസ്സുണ്ടായിരുന്നു. ഇതിനിടക്ക് gap ഇല്ലായിരുന്നുവെന്ന് ബൈബിൾ പറയുന്നില്ല. ഗ്യാപ്പ് ഇല്ലായെന്ന് നിങ്ങളങ്ങ് സങ്കൽപിക്കുകയാണ്. സങ്കൽപിച്ച് കഴിഞ്ഞിട്ട് പിന്നെ you are immediately showing it is as an error. What was the second question. ഒന്നും മൂന്നും കഴിഞ്ഞു.

**<u>അധ്യക്ഷൻ:</u>** ദയവായിട്ട് എനിക്കൊരു ചെറിയ നിർദേശമുണ്ട്. ബ്രദർ മൂന്ന് ചോദ്യങ്ങൾ ചോദിച്ചു. ജോൺസൺ സാർ സമയപരിധി കഴിഞ്ഞും മറുപടി പറയേണ്ടിവന്നു. കുറെയധികം സമയം നമ്മൾ അതിന് spend ചെയ്തു പോയി. അതുകൊണ്ട് ദയവായിട്ട് ചോദ്യകർത്താക്കൾ ഒരു ചോദ്യം മാത്രം ചോദിക്കുക. എങ്കിൽ മാത്രമെ സമയബന്ധിതമായിട്ട് പരിപാടി മുന്നോട്ട് കൊണ്ടുപോകാൻ കഴിയൂ. ഒരു ചോദ്യം അതിന് മറുപടി. അടുത്ത ചോദ്യം അടുത്തയാൾ ചോദിക്കുക. അതായിരിക്കും നല്ലതെന്ന് ഞാൻ moderate ചെയ്യുന്നു. Thank you.

**<u>ചോദ്യം:</u>** എൻെറ പേര് ആനന്ദ്, പെരുമ്പാവൂരിൽ താമസിക്കുന്നു. മോശയുടെ തൗറാത്തിൽ ഇസ്‌ലാം വിശ്വസിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയത്. മോശയുടെ തൗറാത്തിൽ ഫറോവയെക്കുറിച്ച് എന്ത് പറയുന്നു. ഫറോവയെക്കുറിച്ചുള്ള ഇസ്‌ലാമിൻെറ കാഴ്ചപ്പാട് എന്താണെന്ന് അറിയാൻ ആഗ്രഹിക്കുന്നു.

**<u>മറുപടി (എം.എം. അക്ബർ):</u>** ചോദ്യം ഒന്നുകൂടി ആവർത്തിക്കുക.

**<u>ചോദ്യകർത്താവ്:</u>** ഫറോവയെക്കുറിച്ച് ബൈബിൾ പറയുന്നത് തെറ്റാണെന്ന് അക്ബർ പറഞ്ഞിരുന്നു. ഇസ്‌ലാം മോശയുടെ തൗറാത്തിൽ വിശ്വസിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയത്. അല്ലെങ്കിൽ ഇസ്‌ലാമിന് മോശയുടെ തൗറാത്തുമായിട്ട് എന്തെങ്കിലും ബന്ധമുണ്ടോ. ഉണ്ടെങ്കിൽ അതിൽ ഫറോവയെക്കുറിച്ച് എന്ത് പറയുന്നു എന്നറിയാൻ താൽപര്യം.



**<u>മറുപടി (എം.എം. അക്ബർ):</u>** സുഹൃത്തിൻെറ ചോദ്യം; ഇസ്‌ലാം മോശയുടെ തൗറാത്തിൽ വിശ്വസിക്കുന്നു എന്നാണ് സുഹൃത്ത് മനസ്സിലാക്കിയത്. ഫറോവയെക്കുറിച്ച് ബൈബിൾ പറഞ്ഞതിൽ അബദ്ധമുണ്ട് എന്ന് ഞാൻ പറഞ്ഞു. അതിനെക്കുറിച്ച് ഇസ്‌ലാം എന്ത് പറയുന്നു. ഖുർആൻ എന്ത് പറയുന്നു എന്നാണല്ലോ; അല്ലേ?

ഇസ്‌ലാം മോശെ പ്രവാചകന് ദൈവം നൽകിയ തൗറാത്തിൽ പൂർണമായും വിശ്വസിക്കുന്നു. പക്ഷേ, ആ തൗറാത്ത് ഇന്ന് ഉപലബ്ധമല്ല. അതേത് തൗറാത്താണ്? ഖുർആൻ പറയുന്നു, അഞ്ചാം അധ്യായം, സൂറത്ത് മാഇദയിൽ 44-ാം വചനത്തിൽ: 'നാം ആണ് തൗറാത്തിനെ മോശെക്ക് തീർച്ചയായും അവതരിപ്പിച്ചിട്ടുള്ളത്. അതിൽ സന്മാർഗദർശനവും പ്രകാശവുമുണ്ട്'. മോശെക്ക് ദൈവം തമ്പുരാൻ അവതരിപ്പിച്ച തൗറാത്ത്, മോശെ പഠിപ്പിച്ച തൗറാത്ത്, അതിൽ ഇസ്‌ലാം വിശ്വസിക്കുന്നു. അത് പൂർണമായും ശരിയായിരുന്നുവെന്ന് സമ്മതിക്കുന്നു. പക്ഷേ, അതിൽ പലതും കടത്തിക്കൂട്ടിയ നിലയിലാണ് ഇപ്പോൾ ലഭ്യമായിരിക്കുന്നത്. അത് ഞാൻ നേരത്തെ സൂചിപ്പിച്ചു. സ്ഥാപിച്ചു.

ഇസ്‌ലാം ഫറോവയെക്കുറിച്ച് എന്ത് പറയുന്നു എന്നാണ് സുഹൃത്തിൻെറ അടുത്ത ചോദ്യം. അത്ഭുതകരം; പരിശുദ്ധ ഖുർആൻെറ ദൈവികതക്കുള്ള കൃത്യമായ തെളിവായിക്കൂടി ഇത് നിലകൊള്ളുകയാണ്. ഞാൻ പറഞ്ഞു. അബ്രഹാം പ്രവാചകൻെറ കാലഘട്ടത്തിലുള്ള ഈജിപ്തിലെ രാജാവിനെക്കുറിച്ച് ബൈബിൾ ഫറോവ എന്ന് വിളിക്കുന്നു. അത് ചരിത്രത്തിനെതിരാണ്. ചരിത്രത്തിൽ ലഭിച്ചിട്ടുള്ള തെളിവുകൾക്ക് എതിരാണ്. അതേ പോലെതന്നെ യോസഫിൻെറ കാലത്തുള്ള ഈജിപ്തിലെ രാജാവിനെ ബൈബിൾ 90 തവണ ഫറോവ എന്ന് വിളിക്കുന്നു. അതും കിട്ടിയ തെളിവുകൾക്ക് എതിരാണ്. മോശെയുടെ കാലത്തിന് തൊട്ടു മുമ്പാണ് ഫറോവ എന്ന പദപ്രയോഗം വന്നത്. ഖുർആനിൽ ഫറോവ എന്നതിന് തത്തുല്യമായിട്ടുള്ള പദപ്രയോഗം ഫിർഔൻ എന്നാണ്. പരിശുദ്ധ ഖുർആ

നിൽ അബ്രഹാമിൻെറ ചരിത്രം വിശദീകരിക്കുന്നുണ്ട്. ആ കാലഘട്ട ത്തിലെ രാജാവിനെ ഒരിക്കലും ഖുർആൻ ഫിർഔൻ എന്ന് വിളിക്കു ന്നില്ല. ഫറോവ എന്ന് വിളിക്കുന്നില്ല. അതേപോലെ യോസേഫിൻെറ കാലഘട്ടത്തിലെ ചരിത്രം കുറച്ച് വിശദമായിത്തന്നെ ഖുർആൻ വിശ ദീകരിക്കുന്നുണ്ട്. ഖുർആൻെറ 12-ാമത്തെ അധ്യായം സൂറത്തുൽ യൂസുഫാണ്. ആ സൂറത്തുൽ യൂസുഫിൽ വളരെ വിശദമായിത്ത ന്നെ ഖുർആൻ വിശദീകരിക്കുന്നുണ്ട്; യോസേഫിൻെറ കാലത്തെ ചരിത്രം. അവിടെയും ആ രാജാവിനെ ഫിർഔൻ എന്ന് വിളിക്കുന്നി ല്ല. ഫറോവ എന്ന് വിളിക്കുന്നില്ല. മറിച്ച് ഖുർആൻ മോശെയുടെ കാലഘട്ടത്തിലെ രാജാവിനെ മാത്രമെ ഫിർഔൻ എന്ന് വിളിക്കുന്നു ള്ളൂ. ഖുർആൻ കൃത്യമാണ്, സത്യസന്ധമാണ്, ദൈവികമാണ് എന്ന തിന് പല തെളിവുകളിൽ ഒന്നായി; ബൈബിളിലെ ദൈവികതക്ക് എതിരെയുള്ള തെളിവ് ഖുർആൻെറ ദൈവികതക്ക് അനുകൂലമായ തെളിവായി മാറുന്നത് നമ്മൾ കാണുകയാണ്. വിഷയാധിഷ്ഠിതമല്ല, എങ്കിലും ചോദിച്ചപ്പോൾ ഞാൻ ഉത്തരം പറഞ്ഞതാണ്. എല്ലാം വി ഷയാധിഷ്ഠിതമല്ലായെന്ന് പറഞ്ഞ് തള്ളിക്കളയുന്ന ഒരു രീതിയാണ് ഈ ഭാഗത്തുനിന്ന് സ്വീകരിച്ചത് എന്ന് നിങ്ങൾ പറയരുതല്ലോ എന്ന് വിചാരിച്ച് പറഞ്ഞതാണ്. ഇവിടെ ഖുർആൻ കൃത്യമായി ആ പദപ്ര യോഗം ഉന്നയിക്കുന്നു എന്നുള്ളതാണ് ഖുർആൻെറ സവിശേഷത. ഖുർആൻ ബൈബിളിൽനിന്ന് കോപ്പിയടിച്ച് എഴുതിയതാണ് എന്ന് വളരെ ഭംഗ്യന്തരേണ പറഞ്ഞുപോയി എൻെറ ചില സുഹൃത്തുക്കൾ. അതിനെതിരെക്കൂടിയാണ് ഈ തെളിവ്. ഖുർആനിൽ, ബൈബിളി ലുള്ള ഇത്തരത്തിലുള്ള യാതൊരു അബദ്ധവും കടന്നുകൂടിയിട്ടില്ല. കോപ്പിയടിച്ചതാണെങ്കിൽ ഇത്തരം അബദ്ധങ്ങൾ ഖുർആനിൽ ഉണ്ടാകേണ്ടിയിരുന്നു. നിങ്ങൾ പഠിക്കുക എന്ന് ഞാൻ സൂചിപ്പിക്കുന്നു.

**ചോദ്യം:** എൻെറ പേര് അബ്ദുന്നാസിർ. മൂലഭാഷയിലുള്ള പുതി യ നിയമമല്ല എൻെറ കയ്യിലുള്ളത്. യേശുക്രിസ്തുവിൻെറ ധാരാളം വചനങ്ങളെക്കുറിച്ച് ഞാൻ മനസ്സിലാക്കുന്നുണ്ട്. അതിൽ യേശുക്രി സ്തു പറഞ്ഞിരിക്കുന്ന ഒരു വചനത്തിൻെറ വിശദീകരണത്തിനുവേ ണ്ടിയാണ് എൻെറ ചോദ്യം. അതായത് മത്തായിയുടെ സുവിശേഷം 12-ാം അധ്യായത്തിൻെറ 39 മുതലുള്ള വാക്യങ്ങൾ വായിക്കുമ്പോൾ ശാസ്ത്രിമാരും പരീശന്മാരും യേശുവിൻെറ അടുക്കൽവന്ന് സംസാ രിച്ചപ്പോൾ ദോഷവും വ്യഭിചാരവുമുള്ള തലമുറ അടയാളം കൊണ്ട



ല്ലാതെ വിശ്വസിക്കുകയില്ലെന്ന് പറയുന്നു. അപ്പോൾ യേശുക്രിസ്തു ഇവിടെ പറയുന്നത് യോന പ്രവാചകൻെറ ചരിത്രമാണ്. യോന പ്രവാചകൻ മത്സ്യത്തിൻെറ വയറ്റിൽ മൂന്ന് രാവും മൂന്ന് പകലും ഇരുന്നതുപോലെ മനുഷ്യപുത്രനും ഭൂമിയുടെ ഉള്ളിലിരിക്കും എന്നാ ണ് പറയുന്നത്. ഇതിൻെറ വിശദീകരണം എനിക്ക് മനസ്സിലാകുന്നി ല്ല. യേശുക്രിസ്തു ഭൂമിയുടെയുള്ളിൽ മൂന്ന് രാവും മൂന്ന് പകലും യോനാ പ്രവാചകൻ മത്സ്യത്തിൻെറ വയറ്റിൽ ഇരുന്നതുപോലെ ഇരുന്നുവെന്ന് ബൈബിളിൽ എവിടെയാണ് രേഖപ്പെടുത്തിയിരിക്കു ന്നതെന്ന് കാണാൻ കഴിയുന്നില്ല. മൂലഭാഷ അല്ലായെങ്കിൽകൂടി അതിന് വിശദീകരണം വേണം. മൂലഭാഷ ഇവിടെയുള്ളവരുടെ ആരു ടെയെങ്കിലും പക്കലുണ്ടെങ്കിൽ അതിൽ നോക്കിയാണെങ്കിലും സാർ അതിന് മറുപടി പറയണമെന്ന് അപേക്ഷിക്കുന്നു.

**മറുപടി (ജോൺസൺ സി. ഫിലിപ്പ്):** മലയാളത്തിൽ വായിച്ച തിൽ മൂലഭാഷ എവിടെ വന്നുവെന്നത് എനിക്ക് മനസ്സിലായില്ല. I will leave it. മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ നാല് സുവിശേഷങ്ങളിലും ലാസ്റ്റ് മൂന്ന് നാല് അധ്യായങ്ങൾ എടുത്ത് നോക്കിക്കഴിഞ്ഞാൽ അവിടെയെല്ലാ ഭാഗത്തും കർത്താവായ യേശു ക്രിസ്തുവിനെ അടക്കിയെന്നും അതുകഴിഞ്ഞ് യേശുക്രിസ്തു കല്ലറ യിൽ ഉണ്ടായിരുന്നുവെന്നുമുള്ള details പറഞ്ഞിട്ടുണ്ട്. അപ്പോൾ അവിടെ സുഹൃത്തിന് പ്രശ്നമെന്തായിരുന്നുവെന്നുള്ളത് എനിക്ക് മനസ്സിലായില്ല. യോന ജീവനോടെ ഉണ്ടായിരുന്നുവെന്നുള്ളത് ബൈ ബിളിൽ എവിടെയുമില്ല. അത് താങ്കൾ കൂട്ടിച്ചേർത്തതാണ്. ഒരു re- quest ഉണ്ട്. സമയം save ചെയ്യണമെങ്കിൽ questions ചോദിക്കുന്ന വർ കുറച്ചൊന്ന് അത് clear ആയിട്ട് especially നിങ്ങളുടെ സങ്കൽ പം, അതൊന്ന് സ്ഥാപിച്ച് പറഞ്ഞുകഴിഞ്ഞാൽ അല്ലെങ്കിൽ സങ്കൽ പത്തിന് പകരം clear ആയിട്ട് പറഞ്ഞുകഴിഞ്ഞാൽ that will be good.

**ചോദ്യം:** എൻെറ പേര് സന്തോഷ് സാമുവേൽ. യേശുക്രിസ്തുവി നെയും സകല നബികളെയും പ്രവാചകന്മാരെയും അവരുടെ പ്രവൃ ത്തികളെയും ആദരപൂർവം അംഗീകരിച്ച മിസ്റ്റർ അക്ബർ വേദപു സ്തകത്തിൻെറ ദിവ്യതയെ അറിയാതെ തന്നെ അംഗീകരിക്കുന്നു വെന്ന് ഞാൻ പറഞ്ഞുകഴിഞ്ഞാൽ നിഷേധിക്കാൻ പറ്റുമോ?

**<u>മറുപടി (എം.എം. അക്ബർ):</u>** സഹോദരൻെറ ചോദ്യം, വേദ പുസ്തകതത്തിന്റെ ദിവ്യതയെ അറിയാതെ അംഗീകരിച്ചാൽ അത് നിഷേധിക്കാൻ പറ്റുമോ' എന്നാണ്. ബൈബിളിൻെറ ദൈവികതയെക്കുറിച്ചുള്ള ഇസ്‌ലാമികമായ വീക്ഷണം ഞാൻ പറഞ്ഞുകഴിഞ്ഞു. അതിൽ ദൈവികമായ വചനങ്ങളുമുണ്ട്. പ്രവാചകന്മാരുടെ വചനങ്ങളുണ്ട്. പുരോഹിതന്മാരുടെ വചനങ്ങളുണ്ട്. മനുഷ്യരുടെ വചനങ്ങളുണ്ട്. പലരുടെയും വചനങ്ങളുണ്ട്. ഇതെല്ലാം കൂടിക്കുഴഞ്ഞിട്ടാണ് സ്ഥിതിചെയ്യുന്നത്. പ്രവാചകന്മാരെക്കുറിച്ച് എന്തുകൊണ്ട് വിശ്വസിക്കുന്നു? പ്രവാചകന്മാരെക്കുറിച്ച് വളരെ വ്യക്തമായി പരിശുദ്ധ ഖുർആൻ പഠിപ്പിച്ചുതരുന്നു. ഇവിടെ ബൈബിളിൽ പറയുന്നു എന്ന ഏകകാരണം കൊണ്ടല്ല പ്രവാചകന്മാരെക്കുറിച്ച് ഞാൻ വിശ്വസിക്കുന്നത്. പരിശുദ്ധ ഖുർആൻ ആ പ്രവാചകന്മാരുടെ സത്യതക്ക് സാക്ഷ്യം നിൽക്കുന്നു. ആ പ്രവാചകന്മാർ ആരായിരുന്നു എന്ന് പഠിപ്പിക്കുന്നു. ബൈബിൾ നേരത്തെ സൂചിപ്പിച്ച രീതിയിൽ പ്രവാചകന്മാരെ കൊള്ളരുതാത്തവരായി പഠിപ്പിക്കുമ്പോൾ ഖുർആൻ പറയുന്നു, അല്ല...അല്ല....പ്രവാചകന്മാരെല്ലാം മാനവകുലത്തിനാകമാനം മാതൃകാപരമായി ജീവിച്ചവരാണെന്ന്.

ബൈബിൾ പ്രകാരം ഇസ്രാഈലിലേക്ക് അയക്കപ്പെട്ട പ്രവാചകന്മാരിൽപെട്ട വ്യക്തിയായ യേശുക്രിസ്തു, നിങ്ങളുടെ വാദപ്രകാരം ദൈവപുത്രൻ, ഈ യേശുക്രിസ്തു ബൈബിൾ പ്രകാരം ആദ്യമായി പ്രവർത്തിച്ച അത്ഭുതം കാനായിലെ കല്യാണവിരുന്നിൽ പച്ചവെള്ളം വീഞ്ഞാക്കി മാറ്റിയ അത്ഭുതമാണ്. നിങ്ങൾക്കിത് പിടിക്കുന്നില്ല അല്ലേ? - നമ്മൾക്കിത് പറയുമ്പോൾ പിടിക്കുന്നില്ല. യേശുക്രിസ്തുവിൻെറ പേരിൽ അത് പറയുകയും ചെയ്യാം. എന്തൊരു കഷ്ടം! യേശു ക്രിസ്തുവിൻെറ പേരിൽ അത് ആരോപിക്കാം. ആ തെറ്റ് ആരോപിക്കാം. പക്ഷേ, നമ്മൾക്ക് അത് ഇഷ്ടപ്പെടുന്നില്ല. ഇതെന്താണ്? അതാണ് പറയുന്നത്,നമ്മൾക്ക് ഇഷ്ടപ്പെടാത്ത ഒരു കാര്യം യേശുക്രിസ്തു ഒരിക്കലും ചെയ്തിട്ടില്ല. ഖുർആൻ പറയുന്ന ആദ്യത്തെ അത്ഭുതം എന്താണ്? ഖുർആനിൽ പറയുന്ന ആദ്യത്തെ അത്ഭുതം; യേശു ക്രിസ്തുവിൻെറ മാതാവായ കന്യാമറിയ ഗർഭിണിയാകുന്നു. ഗർഭിണിയായതിനു ശേഷം പ്രസവിക്കുന്നു. പ്രസവിച്ചിട്ട് കുഞ്ഞിനെയുമായിക്കൊണ്ട് തൻെറ സമൂഹത്തിലേക്ക് ഇറങ്ങിവരുന്നു. ഈ സമയത്ത് സമൂഹത്തിലെ പ്രമാണിമാർ കടന്നുവന്നു കൊണ്ട് ചോദിക്കുന്നു. എന്താണ് മറിയമേ നീ ചെയ്തത്. നീ ഇത്ര തോന്ന്യവാസിയായിപ്പോയല്ലോ! നീ അഹരോൻെറ പുത്രിമാരിൽ ഒരാളായി അറിയപ്പെടുന്ന വ്യക്തിയാണല്ലോ. ഈ സമയത്ത് മറിയ ഒന്നും പറയാനില്ലാതെ നിശ്ശബ്ദയായി, കാരണം പരിശുദ്ധാത്മാവിനാൽ ഗർഭിണിയായതാണെന്ന് അവിടത്തെ ആളുകളോട് പറഞ്ഞിട്ട് യാതൊരു കാര്യവുമില്ല. അവർ വ്യഭിചാരമാണ് ആരോപിക്കുക. അപ്പോൾ അവർ എന്ത് ചെയ്യുന്നു? കുഞ്ഞിൻെറ നേർക്ക് വിരൽചൂണ്ടുന്നു. അപ്പോൾ അതാ തൊട്ടിലിൽ കിടക്കുന്ന ആ പിഞ്ചുപൈതൽ പറയാൻ തുടങ്ങുന്നു. ആ പിഞ്ചു പൈതൽ സംസാരിക്കാൻ തുടങ്ങുന്നു. പരിശുദ്ധ ഖുർആനിലെ 19-ാമത്തെ അധ്യായത്തിൽ നമുക്കത് കാണാൻ കഴിയും. അപ്പോൾ ഞാൻ പറയുന്നതെന്താണെന്നു വെച്ചാൽ ബൈബിളോ മറ്റ് ഗ്രന്ഥങ്ങളോ പറയാത്ത അത്ഭുതങ്ങൾ യേശു ചെയ്തതായി ഖുർആൻ വ്യക്തമാക്കുന്നു. ചിലപ്പോൾ പറയും ഇൻഫാൻസി ഗോസ്പലിൽ ഉള്ളതാണ് ഈ വചനങ്ങളെന്ന്. അങ്ങനെയാണെങ്കിൽ, ഖുർആൻ ബൈബിളിൽനിന്ന് കട്ടെടുത്ത് എഴുതിയതാണ് എന്ന് വാദിക്കുന്ന ആളുകൾ ആറാം നൂറ്റാണ്ടിൽപോലും ഇൻഫാൻസി ഗോസ്പൽ അറേബ്യയിലെ ആളുകൾ ഉപയോഗിച്ചിരുന്നുവെന്ന് നമ്മൾ സമ്മതിക്കേണ്ടിവരും. അവിടെ നമ്മുടെ കാനോനിനെക്കുറിച്ച പുതിയ സങ്കൽപങ്ങൾ വീണ്ടും കടന്നുവരേണ്ടിവരും. ഖുർആൻ ഈസാ (ﷺ)യെക്കുറിച്ച് വളരെ സുന്ദരമായ ചിത്രം നൽകുന്നു. എന്താണ് അദ്ദേഹം ആദ്യമായി അത്ഭുതം ചെയ്തത്. മാതാവിൻെറ ചാരിത്ര്യത്തിൽ സംശയം പ്രകടിപ്പിച്ച ജനങ്ങളുടെ മുമ്പിൽ അല്ല! അല്ല! എൻെറ മാതാവ് തികച്ചും അത്ഭുതകരമായി ദൈവികമായ അനുഗ്രഹംകൊണ്ട് ഗർഭിണിയായതാണ് എന്ന് തെളിയിച്ചുകൊണ്ട് തൊട്ടിലിൽ നിന്ന് സംസാരിക്കുന്ന കുട്ടിയായി. അതേസമയം, ബൈബിൾ പരിചയപ്പെടുത്തുന്നത് കാനായിലെ കല്യാണവിരുന്നിൽ പച്ചവെള്ളം മദ്യമാക്കിയ വ്യക്തിയായി! ആദ്യത്തെ അത്ഭുതം അതാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. നിങ്ങളെ പ്രയാസപ്പെടുത്താൻ വേണ്ടിയല്ല. അപ്പോൾ ഖുർആനിൽ പറയുന്നുവെന്നുള്ളതുകൊണ്ടാണ് കാര്യങ്ങൾ നമ്മൾ അംഗീകരിക്കുന്നത്. അതല്ലാതെ ബൈബിളിൽ പറഞ്ഞുവെന്നുള്ളതുകൊണ്ടല്ല. ബൈബിളിലെ ആശയങ്ങൾക്ക്, ബൈബിളിലെ പരാമർശങ്ങൾക്കെല്ലാം മുകളിലുള്ള ഒരു സംരക്ഷണമായിക്കൊണ്ടാണ് ഖുർആൻ സ്ഥിതിചെയ്യുന്നത്. എന്താ

ണ് ദൈവം അവതരിപ്പിച്ചത് എന്നുള്ളത് ഖുർആൻ പഠിപ്പിച്ചുതരുന്നുണ്ട് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്.

**ചോദ്യം:** എന്റെ പേര് യൂനുസ്. നേരത്തെ ജോൺസൺ സാർ പറഞ്ഞു; അഹസ്യാവ് രാജാവ് രാജവാഴ്ച തുടങ്ങിയപ്പോൾ അദ്ദേഹത്തിന്ന് 42 വയസ്സായിരുന്നുവെന്ന്. അച്ഛൻ മരിച്ച് കുറച്ചുകാലങ്ങൾക്കുശേഷം- ആ കാലം പറഞ്ഞില്ല. എന്നാൽ ഇവിടെ പറയുന്നത് അഹസ്യാവ് രാജവാഴ്ച തുടങ്ങിയപ്പോൾ 22 വയസ്സായിരുന്നുവെന്നാണ്. ഏതാണ് ബൈബിളിലെ യാഥാർഥ്യം? ഇതിൽ ഏതാണ് ഞാൻ അംഗീകരിക്കേണ്ടത്? രണ്ടാംദിന വൃത്താന്തം 22-ാം അധ്യായത്തിലാണിതു പറയുന്നത്.

**മറുപടി- വർഗീസ് സാമുവൽ:** ഈ ചോദ്യത്തിന് ഇവിടെ ഉത്തരം പറഞ്ഞതാണ്. ഇതിനിടക്ക് ഒരു കാര്യംകൂടി പറഞ്ഞോട്ടെ വേദപുസ്തകം പഠിക്കേണ്ടത്- മുമ്പ് അക്ബർ സാഹിബ് പറഞ്ഞതുപോലെ, ബൈബിൾ പഠിക്കേണ്ടത് മുസ്ലിംകൾ പഠിക്കുന്നതുപോലെയല്ല. ക്രിസ്ത്യാനികളായ ഞങ്ങൾ പഠിക്കുന്നതുപോലെ ബൈബിൾ പഠിക്കണം. എങ്കിലേ ബൈബിൾ പഠിച്ചാൽ മനസ്സിലാകത്തുള്ളൂ. മാത്രമല്ല, ഈ ദൈവവചനത്തിലെ പ്രവചനത്തെക്കുറിച്ച് പറഞ്ഞപ്പോൾ അതിനൊരു വിശദീകരണം നൽകേണ്ടത് ആവശ്യമാണെന്ന് എനിക്ക് തോന്നി. ഇവിടെ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പല പ്രവചനങ്ങളും എടുത്ത് പറഞ്ഞപ്പോൾ... അത് പശ്ചാത്തലവുമായി ബന്ധപ്പെട്ടതാണ്. അതിന് ഒരു തിരുത്ത് താഴെ പറയുന്നുണ്ട്. കാരണം തെറ്റിദ്ധരിക്കപ്പെടാൻ സാധ്യതയുള്ള ഒരു.... (എം.എം. അക്ബറിനുള്ള മറുപടി പോലെ പ്രസംഗിച്ചുതുടങ്ങിയതിനാൽ വേദിയിൽ വാഗ്വാദം നടക്കുന്നു. ഒടുവിൽ ജോൺസൺ സി. ഫിലിപ്പ് എഴുന്നേറ്റുകൊണ്ട് പറയുന്നു) 'പ്രശ്നം ഇതാണ്. ഞാൻ പറഞ്ഞ ഒരു കാര്യത്തിന് മിസ്റ്റർ അക്ബർ directly മറുപടി പറഞ്ഞു. അത് പറയാൻ പാടില്ലായെന്ന് ഞാൻ appeal ചെയ്തു. അതുകഴിഞ്ഞപ്പോൾ മിസ്റ്റർ അക്ബർ ഞാൻ പറഞ്ഞ ഒന്നിനും മറുപടി പറഞ്ഞില്ല. എന്റെ കൂടെയുള്ള പാസ്റ്റർ ഷാജി പറയുന്നു ഞങ്ങൾക്കും അതുപോലെ ഒരു പ്രാവശ്യം നിയമം ലംഘിക്കാൻ അനുവദിക്കണമെന്ന്. ഞാൻ പാസ്റ്ററിനേക്കാൾ senior ആയതുകൊണ്ട് അത് completely വീറ്റോ ചെയ്യുന്നു. ഒരാൾ ലംഘിച്ചതുകൊണ്ട് മറ്റേയാൾ ലംഘിക്കണമെന്നില്ല. രണ്ടുപേരും equal ആകുന്നില്ല. tit for tat



ഞങ്ങളുടെ principle അല്ല. അതുകൊണ്ട് ഞാൻ പാസ്റ്റർ ഷാജിയെ വീറ്റോ ചെയ്തിരിക്കുന്നു'.

**ചോദ്യം:** എന്റെ പേര് മാത്യു, പെരുമ്പാവൂർ, സാധാരണഗതിയിൽ പ്രവാചകൻ എന്ന് പറയുന്നത് ഭാവി കാര്യങ്ങളെക്കുറിച്ച് പറയേണ്ടുന്ന കാര്യങ്ങൾ പറയുന്ന ഒരാളിനെയാണ്. നോഹ, മോശ, ദാവീദ് മുതലായ പ്രവാചകന്മാരെല്ലാം തെറ്റിൽ അകപ്പെട്ടുപോയിട്ടുള്ളവരാണ്. എന്നാൽ അകപ്പെടാത്തവനായി ഒരാൾ മാത്രമെ ഉണ്ടായിരുന്നുള്ളൂ. ഉള്ളൂ ഇപ്പോഴും. അത് കർത്താവായ യേശുക്രിസ്തു മാത്രമാണ്. യേശുക്രിസ്തുവിനെ ഞങ്ങൾ പ്രവാചകൻ എന്ന് അംഗീകരിച്ചിട്ടില്ല, ദൈവം എന്നാണ് ഞങ്ങൾ അംഗീകരിച്ചിരിക്കുന്നത്. അങ്ങനെയാണ് ഞങ്ങളോട് പറഞ്ഞിരിക്കുന്നതും. എന്നാൽ ബാക്കിയുള്ളവരെല്ലാം- മുഹമ്മദ് ഉൾപ്പെടെ എല്ലാവരും- തെറ്റിൽ അകപ്പെട്ടുപോയിട്ടുള്ളവരാണ്. യേശുക്രിസ്തുവിന്റെ നിലവാരത്തിലേക്ക് ഇവരാരും ഉയർന്നിട്ടില്ല. ഉയരാനൊട്ട് സാധ്യവുമല്ല. യേശുക്രിസ്തുവിനെ ഞങ്ങൾ ദൈവപുത്രനെന്ന് പറയുമ്പോൾ ബൈബിളിന്റെ ദൈവികത അതിന്റെ കൂടെ വെളിപ്പെടുന്നുണ്ട്. യേശുക്രിസ്തു സംസാരിച്ചതെല്ലാം, യേശുക്രിസ്തു മുൻകൂട്ടി പറഞ്ഞ കാര്യങ്ങളെല്ലാം, യേശുക്രിസ്തു ചെയ്തകാര്യങ്ങളെല്ലാം യേശുക്രിസ്തുവിന്റെ ദൈവത്വത്തെ വെളിപ്പെടുത്തുന്നു. യേശുക്രിസ്തുവിനെ സംബന്ധിച്ച് എഴുതിയിട്ടുള്ളതായ പുസ്തകത്തിൽ യേശുവിന്റെ ജീവചരിത്രത്തെക്കുറിച്ച് തെറ്റുകളൊന്നും ചൂണ്ടിക്കാണിക്കാനില്ല. കർത്താവിന്റെ സകല പ്രവൃത്തികളെയും എഴുതി വെച്ചിരിക്കുന്നതായിട്ടുള്ള ഈ പുസ്തകം ദൈവികം തന്നെയാണ്.

**മറുപടി (എം.എം. അക്ബർ):** ചോദ്യോത്തരത്തിനുള്ള വേദിയാണിത്. അഭിപ്രായ പ്രകടനങ്ങൾക്കുള്ള വേദിയല്ല. അങ്ങനെയാണെങ്കിൽ എല്ലാവർക്കും അങ്ങോട്ടും ഇങ്ങോട്ടും അഭിപ്രായ പ്രകടനങ്ങൾ നടത്താം. സുഹൃത്ത് ഒന്നും ചോദിച്ചിട്ടില്ല. മറ്റുള്ള പ്രവാചകന്മാരെല്ലാം തെറ്റ് ചെയ്തിട്ടുണ്ട്. യേശുക്രിസ്തു തെറ്റ് ചെയ്തിട്ടില്ല. യേശുക്രിസ്തു പ്രവാചകനല്ല. പ്രവാചകനായിട്ടല്ല നമ്മൾ വിചാരിക്കുന്നത് എന്നൊക്കെയാണ് പറഞ്ഞത്. പക്ഷേ, യേശുക്രിസ്തു സ്വയം പ്രവാചകനാണെന്നാണ് പറയുന്നത്. യേശുക്രിസ്തുവിന്റെ ശിഷ്യന്മാർ പ്രവാചകന്മാരാണെന്നാണ് കരുതിയത്. അപ്പോസ്തല

ന്മാർ യേശുവിനെ ദൈവദാസനായിട്ടാണ് കരുതിയത്. ഇതെല്ലാം ബൈബിളിൽ ഉള്ളതാണ്. മത്തായിയുടെ സുവിശേഷം 10-ാം അധ്യായത്തിൽ 58-ാം വചനത്തിൽ യേശു സ്വയം പ്രവാചകനായിട്ടാണ് പരിചയപ്പെടുത്തുന്നത്. അതുപോലെ തന്നെ ശിഷ്യന്മാർ യേശുവിനെക്കുറിച്ച് പറഞ്ഞത് -ലൂക്കോസിൻെറ സുവിശേഷം 24-ാം അധ്യായത്തിലെ 19-ാം വചനത്തിൽ 'അവൻ ദൈവത്തിൻെറയും മനുഷ്യരുടെയും മുമ്പിൽ ശക്തനായ പ്രവാചകൻ'എന്നാണ്. അതുപോലെ തന്നെ യേശുവിനെക്കുറിച്ച് അപ്പോസ്തലന്മാർ മനസ്സിലാക്കിയത്- അപ്പോസ്തലപ്രവൃത്തികൾ മൂന്നാം അധ്യായത്തിലെ 13-ാംവചനം -അബ്രഹാമിൻെറയും ഇസ്മാഈലിൻെറയും ഇസ്ഹാഖിൻെറയും നമ്മുടെ പൂർവ പ്രവാചകന്മാരുടെയും ദൈവം അവൻെറ ദാസനായ യേശുവിനെ മഹത്വപ്പെടുത്തിയെന്നാണ്. യേശു ദാസനാണ് എന്ന് അപ്പോസ്തലന്മാർ മനസ്സിലാക്കി. ശിഷ്യന്മാർ യേശു പ്രവാചകനാണെന്ന് മനസ്സിലാക്കി. യേശു സ്വയം പ്രവാചകനാണെന്ന് പറഞ്ഞു. പക്ഷേ, ഞങ്ങൾ അംഗീകരിക്കില്ലായെന്നാണ്. അവിടെയാണ് പ്രശ്നം. യേശു എന്താണോ സ്വയം പറഞ്ഞത്, യേശു എന്താണോ പ്രഖ്യാപിച്ചത്,യേശു എന്താണോ പഠിപ്പിച്ചത് അത് പിന്തുടരുക എന്നുള്ളതാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. അതാണ് വ്യത്യാസം. എല്ലാ പ്രവാചകന്മാരും ഒരേപോലെ തെറ്റുകളിൽ നിന്നും മുക്തരായിരുന്നുവെന്നുള്ളതാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. (ചോദ്യകർത്താവ് ഇടക്കുകയറി ചോദ്യം ചോദിക്കാൻ ഒരുങ്ങുന്നു) സുഹൃത്ത് ചോദ്യത്തിന് ഉത്തരം കേൾക്കുക; അവിടെ ഇരിക്കുക. വീണ്ടും അവസരം ഉണ്ടെങ്കിൽ നിങ്ങൾക്ക് ചോദിക്കാമായിരുന്നു. പക്ഷേ, അവസരമില്ല. ഇവിടത്തെ നിയമം അതാണ്. നിയമ പ്രകാരം രണ്ടാമത് അവസരം കൊടുക്കാൻ നിർവാഹമില്ല. അതു കൊണ്ടാണ്.

(ചോദ്യകർത്താവ് വീണ്ടും ഇടപെടുന്നു)

'ബാക്കിയുള്ളവരെയെല്ലാം പ്രവാചകന്മാരായിട്ട് അംഗീകരിച്ചാലും യേശുക്രിസ്തുവിനെ പ്രവാചകനെന്ന് മാത്രം അംഗീകരിച്ചാൽ പോര, യേശുക്രിസ്തു പത്രോസിനോട് ചോദിച്ചു: എന്നെക്കുറിച്ച് മനുഷ്യൻ എന്ത് പറയുന്നു? പത്രോസ് പറയുന്നു: നീ ജീവനുള്ള ദൈവത്തിൻെറ പുത്രനായ ക്രിസ്തു.'

**മറുപടി:** അതെ, യേശുവിൻെറ ദൈവത്വത്തിലേക്ക് പോവുകയാണ് നമ്മുടെ ചർച്ച. ചർച്ചയുടെ സമയം കൂടും. അതാണ് പ്രശ്നം.



യേശുവിനെക്കുറിച്ച് മാത്രമല്ല ബൈബിളിൽ ദൈവപുത്രൻ എന്ന് പറഞ്ഞിട്ടുള്ളത്. വിശദമായി ചർച്ച ചെയ്യേണ്ടതാണിത്. നിങ്ങൾ എടുത്ത് പരിശോധിക്കാൻ വേണ്ടി ചില വചനങ്ങൾ പറഞ്ഞുതരാം. പുറപ്പാട് നാലാം അധ്യായത്തിലെ 22-ാം വചനത്തിൽ ഇസ്രാഈൽ നമ്മുടെ ദൈവപുത്രനെന്ന് പറഞ്ഞിട്ടുണ്ട്. സങ്കീർത്തനം രണ്ടാം അധ്യായത്തിലെ ഏഴാമത്തെ വചനത്തിൽ ദാവീദ് ദൈവത്തിൻെറ പുത്രൻ എന്ന് പറഞ്ഞിട്ടുണ്ട്. അതേപോലെ യിരമ്യാ പ്രവാചകൻെറ 31-ാം അധ്യായത്തിലെ ഏഴാമത്തെ വചനത്തിൽ എഫ്രയിം ദൈവത്തിൻെറ പുത്രനെന്ന് പറഞ്ഞിട്ടുണ്ട്. അപ്പോൾ ദൈവത്തിൻെറ പുത്രൻ എന്നുള്ള പദപ്രയോഗംകൊണ്ട് മാത്രം ആ പുത്രൻ എന്നുള്ള അർഥം വരുന്നില്ല. മറിച്ച് എന്താണ് ഇസ്രാഈൽ ദൈവപുത്രൻ എന്നുള്ളതുകൊണ്ട് കരുതിയതെന്ന് നമ്മൾ മനസ്സിലാക്കണം. യേശു സ്വയം മനുഷ്യപുത്രനാണെന്നാണ് പറഞ്ഞത്. യേശു സ്വയം മനുഷ്യ പുത്രൻ എന്ന് പറഞ്ഞത് ബൈബിളിൽ ഉടനീളം കാണാൻ കഴിയും. അപ്പോൾ എനിക്ക് സൂചിപ്പിക്കാനുള്ളത് എന്തെന്നുവെച്ചാൽ ചോദ്യോത്തരത്തിലേക്ക് കടക്കുക. നമ്മളെല്ലാവരും സുവിശേഷ പ്രസംഗത്തിനും ഖുർആൻ ക്ലാസിനുംവേണ്ടി ഇതിനെ ഉപയോഗപ്പെടുത്തിയാൽ കാര്യമില്ല. വിഷയവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ ചോദിക്കുക. ഉത്തരം പറയട്ടെ. ജോൺസൺ സാർ പറയട്ടെ. ഈ പാനലിൽനിന്ന് ഞങ്ങളും പറയാം. അതല്ലാതെ നമ്മൾ ഓരോരുത്തരും സുവിശേഷ പ്രസംഗത്തിനുവേണ്ടി ശ്രമിച്ചാൽ, അല്ലെങ്കിൽ ഖുർആൻ ക്ലാസിനുവേണ്ടി ശ്രമിച്ചാൽ നടക്കില്ല. അത് ഗുണകരമാകില്ല. മറിച്ച് ചോദ്യങ്ങൾ ചോദിക്കട്ടെ. ഉത്തരങ്ങൾ ഇൻശാ അല്ലാ ഇവിടെനിന്ന് ലഭിക്കും. ഉത്തരം പറയുമ്പോൾ നമ്മൾ അസഹിഷ്ണുത കാണിക്കേണ്ട. യേശു ദൈവപുത്രനല്ലായെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അത് സ്ഥാപിക്കാൻ എനിക്ക് സ്വാഭാവികമായിട്ടും അധികാരമുണ്ട്, അവകാശമുണ്ട്. അത് ഞാൻ ബൈബിളിൻെറയും ഖുർആനിൻെറയും അടിസ്ഥാനത്തിൽ സ്ഥാപിക്കും. ഇവിടെ എന്തിനാണ് അസഹിഷ്ണുത? അത് സ്ഥാപിക്കുന്നത് കേട്ടുനിൽക്കുക. നിങ്ങൾക്ക് ചോദിക്കാൻ അവകാശമുണ്ടെങ്കിൽ എനിക്ക് ഉത്തരം പറയാനും അവകാശമുണ്ട്. അത് നിങ്ങൾ കേട്ടിരിക്കണം. പിന്നീട് അടുത്ത ചോദ്യത്തിൽ എന്താണ് വിശദീകരിക്കാനുള്ളത് അത് പറയണം. അതാണ് ഒരു സംവാദത്തിൻെറ ശൈലി. നമ്മൾ അസഹിഷ്ണുക്കളാകാതിരിക്കുക.

**അധ്യക്ഷൻ:** ദയവായിട്ട് അക്ബർ സാഹിബ് ഓർമിപ്പിച്ചതുപോലെ നമ്മൾ വിഷയം വിട്ട് ചോദ്യങ്ങൾ -ഉത്തരങ്ങൾ ചെയ്യാതിരിക്കുകയാണ് നല്ലത്. ബൈബിളിൻെറ ദൈവികത എന്ന വിഷയത്തിൽ മാത്രം കേന്ദ്രീകരിച്ച് നിൽക്കാൻ ശ്രദ്ധിക്കാൻ അഭ്യർഥിക്കുന്നു.

**ചോദ്യം:** ബഹുമാനപ്പെട്ട ജോൺസൺ സി. ഫിലിപ്പ് സാറിനോട് ചോദിക്കാനുള്ളത്. രണ്ടാം രാജാക്കന്മാരിൽ 26-ാം വചനത്തിൽ ഇങ്ങനെ പറഞ്ഞു: അഹസ്യാവ് വാഴ്ച തുടങ്ങിയപ്പോൾ അവന് 22 വയസ്സായിരുന്നു. അതിൽ കൺഫ്യൂഷൻ ഉണ്ടാകേണ്ട ആവശ്യമില്ല. അതേകാര്യംതന്നെ ദിനവൃത്താന്തം 22-ാം അധ്യായത്തിൽ പറഞ്ഞു: അഹസ്യാസ് വാഴ്ച തുടങ്ങിയപ്പോൾ അവന് 42 വയസ്സായിരുന്നു. ഒരു സ്ഥലത്ത് 42 വയസ്സും മറ്റൊരു സ്ഥലത്ത് 22 വയസ്സും. ഇത് വ്യക്തമായ വൈരുധ്യമാണ്. ഇതിന് എന്തെങ്കിലും clarifications വേണമെങ്കിൽ ചോദിക്കാവുന്നതാണ്. ഇരുന്നതിനുശേഷം വീണ്ടും ചോദിക്കുമ്പോൾ സദസ്സ്യർ ഇടപെടേണ്ടിവരും.

**മറുപടി (ജോൺസൺ സി. ഫിലിപ്പ്):** Thank you my dear young friend ഇപ്പോഴാണ് ചോദ്യം clear ആയത്. Thank you very much. പാസ്റ്റർ ഷാജി ഇവിടെ പറഞ്ഞ ഒരു കാര്യമുണ്ട്. ബൈബിൾ വ്യാഖ്യാനിക്കുമ്പോൾ അതിൻേറതായ ഒരു വ്യാഖ്യാന ശാസ്ത്രമുണ്ട്. അതിൻെറ കൂടെ ഒരു കാര്യം കൂടി ഞാൻ ചേർക്കട്ടെ. ബൈബിളിലെ ചരിത്ര പുസ്തകങ്ങൾ വായിക്കുമ്പോൾ അതിൽ ഒരു ചരിത്ര പശ്ചാത്തലമുണ്ട്. അതുകൂടി ഒന്ന് നോക്കിയാൽ നന്നായിരിക്കും. അന്നത്തെ കാലത്ത് പല രാജാക്കന്മാരും ഒരു certain പ്രായത്തിൽ ഭരണം തുടങ്ങുകയും മറ്റൊരു പ്രായത്തിൽ രാജ്യാഭിഷേകം നടക്കുകയും ചെയ്തതായിട്ടുള്ള സംഭവമുണ്ട്. ഇത് മാത്രമല്ല, പല സംഭവങ്ങളും പഴയ നിയമത്തിലുണ്ട്. especially രാജാക്കന്മാരിൽ പറഞ്ഞിട്ടുള്ള കാര്യവും അതുകഴിഞ്ഞിട്ട് ദിനവൃത്താന്തത്തിൽ പറഞ്ഞിട്ടുള്ള കാര്യവും തമ്മിലും dates ൻെറ difference ഞാൻ തന്നെ എടുത്തു കാണിക്കാം. അതിൻെറ കാരണമിതാണ്. പല cases ലും ഒരു പ്രായത്തിൽ അവർ രാജ്യം ഭരിക്കാൻ തുടങ്ങി. മറ്റൊരു പ്രായത്തിലാണ് രാജ്യാഭിഷേകം നടത്തുന്നത്. വേറെ ചില cases ൽ അപ്പനും മകനും അല്ലെങ്കിൽ അപ്പനും അനന്തരവനും, അമ്മാച്ചനും അനന്തരവനും അല്ലെങ്കിൽ relatives ഒരേസമയം ഭരിച്ച cases ഉണ്ട്. അങ്ങനെവരുമ്പോൾ അവർ ഭരണം തുടങ്ങിയതിനെക്കുറിച്ച് ഒരു age പറയും.



എന്നാൽ രണ്ടാമത്തെയാൾ independently charge എടുത്തതിനെക്കുറിച്ച് മറ്റൊരു age പറയും. അങ്ങനെ ഒന്ന് ശാമുവേൽ, രണ്ട് ശാമുവേൽ, ഒന്ന് രാജാക്കന്മാർ, രണ്ട് രാജാക്കന്മാർ, ഒന്ന് ദിന വൃത്താന്തം, രണ്ട് ദിനവൃത്താന്തം- ഇതിൽ dates പറയുമ്പോൾ ഇങ്ങനെയുള്ള, നമുക്ക് പെട്ടെന്ന് conflict ആണെന്ന് തോന്നുന്ന പല cases ഉണ്ട്. അത് അവരുടെ social practices ൻെറ result ആണ്. വീണ്ടും അവരുടെ social practice എന്ന് പറഞ്ഞു കഴിഞ്ഞാൽ ഒരാൾ ഭരണം ഏൽക്കുമ്പോൾ ചിലപ്പോൾ ഒരു പ്രായമായിരിക്കും. ഏറ്റ് ഒന്നോ അഞ്ചോ, പത്തോ വർഷം കഴിയുമ്പോഴായിരിക്കും independent ആയിട്ട് തനിക്ക് ഭരണം കിട്ടുന്നത്. അപ്പോൾ മറ്റൊരു പ്രായമായിരിക്കും. ഇത് രണ്ടും കൂടി mention ചെയ്യുമ്പോൾ conflict ഉണ്ടെന്ന് ചിന്തിക്കുന്നത് background നോക്കാത്തതിൻെറ കാരണം കൊണ്ടാണ്. ആവശ്യമില്ലാത്ത confusion നും അതിനെക്കുറിച്ചുള്ള repeated question നും വന്ന് time waste ആക്കരുത്. ഒരു particular stage വന്നപ്പോൾ യഹൂദന്മാർ രണ്ടായിട്ട് split ചെയ്തു. വടക്കൻ ആൻറ് തെക്കൻ സാമ്രാജ്യങ്ങളായിട്ട് മാറി. ഇവർ രണ്ടും രണ്ട് രീതിയിലുള്ള Calenders ആണ് ഉപയോഗിച്ചിരുന്നത്. അതുപോലെതന്നെ ഒരു രാഷ്ട്രത്തിൽ ഒരാൾ ഭരണം start ചെയ്യുമ്പോൾ അത് first year ആയിട്ട് consider ചെയ്തു. മറ്റുള്ള വർ zero year ആയിട്ട് consider ചെയ്തു. ആ പശ്ചാത്തലം നാം മനസ്സിലാക്കാതെ just numbers മാത്രം നോക്കിക്കഴിഞ്ഞാൽ ഈ രീതിയിലുള്ള confusion ഉണ്ടാകും. ഇത് വളരെ detailed ആയിട്ട് workout ചെയ്തിട്ടുള്ളതാണ്. main കാരണമെന്തെന്നുവെച്ചാൽ ഭരണം തുടങ്ങിയതും ഭരണം ഏറ്റതും രാജ്യാഭിഷേകവുമെല്ലാം പലരുടെയും casesൽ പല ages ലാണ്. അങ്ങനെയുള്ള ഒരു confusionമാത്രമാണിത്.

**അധ്യക്ഷൻ:** ചോദ്യോത്തരം ഇവിടെ അവസാനിക്കുന്നു.

വിഷയാവതരണത്തിൻെറ പശ്ചാത്തലത്തിൽ ശ്രീമാൻ വർഗീസ് എം. സാമുവൽ ഞങ്ങളുടെ ഭാഗത്തുനിന്ന് conclude ചെയ്തുകൊണ്ട് ചില remarks നടത്തും. അതിനുശേഷം ശ്രീമാൻ എം.എം. അക്ബർ conclusion പറയും. രണ്ടുപേരും സമയം divide ചെയ്തെടുക്കും. കൃത്യം എട്ടുമണിക്ക് ഈ പരിപാടി നമുക്ക് അവസാനിപ്പിക്കാമെന്ന് പ്രതീക്ഷിക്കുന്നു. സഹകരണം പ്രതീക്ഷിക്കുന്നു.

# ഉപസംഹാരം

## വർഗീസ് എം. സാമുവൽ

ബൈബിളിൻെറ ദൈവികതയെക്കുറിച്ചുള്ള ഈ സംവാദത്തിൽ ചോദ്യോത്തരങ്ങൾ നീണ്ടുപോയാൽ ഇന്ന് മുഴുവൻ ഇവിടെ നാം ഇരിക്കേണ്ടിവരും. എല്ലാവർക്കും അവരുടേതായ answers ഉണ്ട്. പക്ഷേ, അങ്ങനെ നീണ്ടുപോയാൽ എങ്ങും എത്താൻ സാധിക്കില്ല. ഞങ്ങൾ നേരത്തെ പറഞ്ഞ സമയം നിശ്ചയം എട്ടുമണിയാണ്. ഇപ്പോൾ ഇവിടെ ചോദിച്ച ചോദ്യങ്ങൾക്കെല്ലാം പൊതുവിലൊരു answer പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഓരോന്നോരോന്ന് എടുത്ത് ആവർത്തിച്ച് പറയാൻ ഇപ്പോൾ ശ്രമിക്കുന്നില്ല. രണ്ട് ഭാഗത്തുനിന്നും ഇത് conclude ചെയ്ത് നിർത്താമെന്നുള്ള ഒരു തീരുമാനം വന്നതുകൊണ്ടാണ് conclusion ഭാഗത്തേക്ക് വരുന്നത്. ബൈബിളിൻെറ ദൈവികത എന്ന വിഷയത്തെക്കുറിച്ച് ഡോ. ജോൺസൺ സി. ഫിലിപ്പ് പല arguments ഉം മുന്നോട്ടുവെച്ചിട്ടുണ്ട്. അത് കൂലങ്കുഷമായി പഠിക്കുന്ന ഒരാൾക്ക് ആ നിലയിൽ- ഒന്നുകൂടി ആവർത്തിച്ച് പറയുന്നു ഖുർആൻ വീക്ഷണത്തിലല്ല- അദ്ദേഹം പറഞ്ഞ പല argument കളുടെ വെളിച്ചത്തിൽ വേദപുസ്തകത്തിൻെറ ആധികാരികതയേയോ ദൈവികതയേയോ ചോദ്യം ചെയ്യുവാൻ മതിയായ തെളിവുകൾ നിരത്തുവാൻ കഴിയില്ല എന്നുള്ളതാണ് ഇതുവരെയുള്ള പ്രഭാഷണത്തിൽനിന്ന് മനസ്സിലാക്കാൻ കഴിയുന്നത്.

ഈ ഭാഗം പറഞ്ഞ് അവസാനിപ്പിക്കുന്നതിന് മുമ്പ് അതിപ്രധാനമായ ഒന്നുരണ്ട് കാര്യങ്ങൾ പറയുകയാണ്. ഈ ചർച്ച ഇങ്ങനെ പറഞ്ഞാൽ നീണ്ടു നീണ്ടു പോകും. എന്നാൽ നിങ്ങൾക്ക് ഇവിടെ

പറഞ്ഞിട്ടുള്ള വിഷയങ്ങളെക്കുറിച്ച് സ്വയം പഠിക്കുവാനും തീരുമാന മെടുക്കുവാനുമുള്ള അവസരം നിങ്ങളുടെ മുമ്പിലുണ്ട്. അതുകൊണ്ട് നിങ്ങൾ ചെയ്യേണ്ട ഒരു കാര്യം ബൈബിൾ ബൈബിളിന്റേതായ വെളിച്ചത്തിൽനിന്നുകൊണ്ട് പഠിക്കുക എന്നുള്ളതാണ്. ബൈബിളിൽ പഴയ, പുതിയ നിയമങ്ങൾ രണ്ട് ഭാഗങ്ങളുണ്ട്. രണ്ട് സംസ്കാരങ്ങളുണ്ട്. അതിന്റെ പശ്ചാത്തലത്തിൽനിന്ന് വേർതിരിച്ചെടുത്ത് ദൈവവചനങ്ങളെ പഠിക്കുക എന്നുപറഞ്ഞാൽ; ഞാൻ ഇങ്ങനെ കേട്ടിട്ടുണ്ട്: 'text without context is a protest' ഒരു പശ്ചാത്തലത്തിൽ നിന്ന് ഒരുഭാഗം മാറ്റിയെടുത്ത് അതിനെ വ്യാഖ്യാനിച്ചാൽ അത് ദുർവ്യാഖ്യാനമാണ്. അപ്പോൾ അങ്ങനെ ചെയ്യാതെ വിശുദ്ധ തിരുവെഴുത്തിന്റെ പശ്ചാത്തലത്തിൽ അത് വ്യാഖ്യാനിക്കുവാനും പഠിക്കുവാനും ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു.

അത് ചെയ്യുമ്പോൾ നിങ്ങൾ ഓർത്തിരിക്കേണ്ട ഒരു പ്രധാന കാര്യം, വേദപുസ്തകത്തിൽ ധാരാളം പ്രവചനങ്ങളുണ്ട്; യേശുവിനെക്കുറിച്ചുള്ളത്. ആയിരക്കണക്കിന് പ്രവചനങ്ങൾ. നിവർത്തീകരിക്കപ്പെട്ട പ്രവചനങ്ങൾ. അത് ഇവിടെ ഓരോന്നോരോന്ന് എടുത്ത് പറയാനുള്ള സമയം നമ്മളുടെ മുമ്പിലില്ല. യേശുവിനെക്കുറിച്ച് ഒരു പ്രവചനമെങ്കിലും ഉണ്ടോ എന്ന് ചോദിച്ചാൽ, അത് ബൈബിൾ വിശ്വസിക്കുന്ന എല്ലാ മനുഷ്യരും അംഗീകരിക്കുന്ന ഒരു സത്യമാണ്. നൂറുകണക്കിന് പ്രവചനങ്ങൾ യേശുക്രിസ്തുവിൽ നിറവേറിയത് പുതിയ നിയമത്തിൽ അക്ഷരാർഥത്തിൽ എഴുതിവെച്ചിട്ടുണ്ട്. അത് നമ്മൾ മനസ്സിലാക്കണം. അത് പഠിക്കേണ്ട ഒരു കാര്യമാണ്. ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന പ്രവചനങ്ങൾക്ക് രണ്ട് ആശയങ്ങളുണ്ട്. അതിന്റെ immediate ആയ ആശയത്തിൽ ഒരു അർഥമുണ്ടതിന്. ദൂരവ്യാപകമായി അതിനൊരു ആശയമുണ്ട്. ഈ ചിന്ത മനസ്സിൽവെച്ചുകൊണ്ടുവേണം നമ്മൾ പഠിക്കാൻ. അതിന് ഒരു ഉദാഹരണം പറഞ്ഞാൽ ദാവീദിന്റെ സങ്കീർത്തനം 22ൽ ഒന്നിൽ പറയുന്നു: "എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്". ആ വാക്ക് വാസ്തവത്തിൽ അക്ഷരാർഥത്തിൽ നിറവേറുമ്പോൾ ദാവീദിന്റെ ജീവിതവുമായി ബന്ധപ്പെട്ട ഒരു സംഭവമാണ്. എന്നാൽ പ്രവചനാത്മാവിൽ പുതിയ നിയമത്തിൽ വരുമ്പോൾ അത് യേശുക്രിസ്തുവിൽ നിറവേറിയ ഒരു പ്രവചനമാണ്. അപ്പോൾ അതിൽ immediate ഒരു action ഉം ദൂരവ്യാപകമായ ഒരു അർഥവുമുണ്ട്.



ഇത് മനസ്സിലാക്കാതെയാണ് പഴയ നിയമത്തിന്റെ പ്രവചനങ്ങൾ ആ തൊട്ടടുത്ത ആളെക്കുറിച്ച് പറയുന്നു എന്ന് പറയുന്നത്. ഇതിന് വേദപുസ്തകം തന്നെയാണ് വ്യാഖ്യാനം കൊടുക്കുന്നത്. കർത്താവിന്റെ കൂടെനിന്ന ശിഷ്യന്മാരോട് യേശുക്രിസ്തു പറഞ്ഞത് 'മോശെ തുടങ്ങി സങ്കീർത്തനങ്ങളിലും പ്രവാചക പുസ്തകങ്ങളിലും എന്നെക്കുറിച്ച് എഴുതിയിരിക്കുന്നു എന്നാണ്'. അപ്പോൾ യേശുക്രിസ്തു പറഞ്ഞ ആ ആധികാരിക പ്രസ്താവന ഉൽപത്തിപുസ്തകം മുതൽ മാലാഖി വരെയുള്ള എല്ലാ തിരുവെഴുത്തുകളിലും യേശുവിനെക്കുറിച്ചുള്ളതായി കാണാം. അത് മനസ്സിലാക്കണമെങ്കിൽ വേദപുസ്തകം എഴുതിയതിന്റെ ഉദ്ദേശ്യത്തിലും അതിന്റെ പശ്ചാത്തലത്തിലും നാം മനസ്സിലാക്കണം. എവിടെനിന്നെങ്കിലും ഒരു വാക്യം എടുത്തിട്ട് അത് അങ്ങനെയല്ലായെന്ന് വ്യാഖ്യാനിക്കാൻ നമുക്ക് അവകാശമില്ല. ഖുർആൻ വ്യാഖ്യാനിക്കുമ്പോൾ അതിനൊരു പശ്ചാത്തലമുണ്ട്. അതിന്റെ പിന്നിൽ അതിന്റെ സംഭവങ്ങളുണ്ട്. അതൊക്കെവെച്ച് വ്യാഖ്യാനിച്ചില്ലെങ്കിൽ ഭയങ്കര മണ്ടത്തരം പലതും നമുക്ക് തോന്നും. അതുപോലെതന്നെ ബൈബിൾ പ്രവചനങ്ങൾ വ്യാഖ്യാനിക്കുമ്പോൾ ഇക്കാര്യങ്ങൾ മനസ്സിലാക്കി വ്യാഖ്യാനിക്കുവാൻ ഞാൻ അഭ്യർഥിക്കുകയാണ്.

ഞാൻ എന്റെ വാക്കുകൾ നീട്ടിക്കൊണ്ടുപോകാതെ അവസാനിപ്പിക്കട്ടെ. സഹോദരങ്ങളേ, ഒരു കാര്യം സത്യമാണ്. മനുഷ്യവർഗത്തിന് ദൈവം രക്ഷക്ക് നൽകിയ ഏകമാർഗം യേശുക്രിസ്തുവാണ്. അത് അംഗീകരിച്ചാലും അംഗീകരിച്ചില്ലെങ്കിലും അതൊരു സത്യമാണ്. ബൈബിളിൽ പറയുന്നു: 'എല്ലാ മനുഷ്യരും പാപികളാണ്'. പാപികളായ മനുഷ്യർക്ക് ദൈവമൊരുക്കിയ മാർഗം കർമമാർഗമല്ല. കർമമാർഗം മനുഷ്യനെ രക്ഷിക്കുന്നില്ല. വിശ്വാസത്താൽ മനുഷ്യവർഗത്തിന്റെ പാപത്തിന് പരിഹാരം വഹിച്ചുകൊണ്ട് 2000 വർഷങ്ങൾക്ക് മുമ്പ് ദൈവം ഈ ഭൂമിയിൽ അവതരിച്ച് മനുഷ്യനായി പിറന്ന് മനുഷ്യവർഗത്തിന്റെ പാപങ്ങൾ ഏറ്റുകൊണ്ട് കുരിശിന്മേൽ കയറി. അതിക്രമകാരികൾക്കുവേണ്ടി ഒരു പാപപരിഹാര ബലിയായി തീർന്നുകൊണ്ട് അവൻ കുറ്റമൊന്നും ചെയ്തിട്ടില്ല. പക്ഷേ, നമ്മുടെ അതിക്രമം നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നുവെന്ന് 700 വർഷങ്ങൾക്ക് മുമ്പ് ദീർഘദൃഷ്ട്യാ യെശയ്യാ പ്രവാചകൻ യേശുക്രിസ്തുവിന്റെ മരണ

ത്തെക്കുറിച്ച് പറഞ്ഞു. യേശു മനുഷ്യരുടെ പാപങ്ങൾക്ക് ശമ്പളമായ മരണമേറ്റെടുത്തു. മരണത്തിൻെറയും പാതാളത്തിൻെറയും ശക്തികളെ പരാജയപ്പെടുത്തിക്കൊണ്ട് യേശു ഉയിർത്തെഴുന്നേറ്റു. അത് ചരിത്ര സംഭവമാണ്. ഇന്ന് ഭൂമിയിൽ ജീവിക്കുന്ന മൂന്നിൽ രണ്ട് മനുഷ്യർ യേശുക്രിസ്തുവിൻെറ ഉയിർത്തെഴുന്നേൽപ് എന്ന സത്യം വിശ്വസിക്കുകയാണ്; അതിൻെറ അനുഭവസ്ഥരാണ്. യേശുക്രിസ്തു ജീവിക്കുന്നു എന്നുള്ളത് ഞങ്ങളുടെ ജീവിതത്തിൻെറ ഭാഗങ്ങളാണ്. ആ ഒരു അനുഭവത്തിൽ നിന്നുകൊണ്ട് ഞാൻ നിങ്ങളോട് പറയാം. മനുഷ്യവർഗത്തിന് ദൈവം ഒരുക്കിയ ഏകരക്ഷാമാർഗം വിശുദ്ധ ബൈബിളിലൂടെ അവതീർണമായതാണ്. മനുഷ്യൻ ചെയ്തുപോയ കർമകാണ്ഡങ്ങൾക്കും നേർച്ചകാഴ്ചകൾക്കും തീർഥാടനങ്ങൾക്കും പുണ്യകർമങ്ങൾക്കും ഒന്നിനും മനുഷ്യനെ രക്ഷിക്കാൻ കഴിയാതെ വന്നപ്പോൾ ദൈവം തൻെറ പുത്രനെ സ്ത്രീയുടെ പുത്രനായിട്ട് അയച്ച് പാപത്തിൻെറ ശിക്ഷ ജഡത്തിന് അവന് നൽകി. പാപത്തിൻെറ ശിക്ഷയിൽ നമ്മളെ വിടുവിച്ചു. അത് പണം മുടക്കാതെ, തീർഥാടനം നടത്താതെ, പുണ്യകർമം ചെയ്യാതെ, യേശുവിനെ ഹൃദയത്തിൽ സ്വീകരിക്കുന്ന ഏതൊരു വ്യക്തിക്കും അനുഭവിക്കാൻ പറ്റും. ഞാൻ പറയുന്നത് തിയറിയല്ല. അനുഭവമാണ്. അങ്ങനെയുള്ള ഒരു അനുഭവത്തിൽ യേശുവിനെ ഹൃദയത്തിൽ സ്വീകരിച്ച അനുഭവമുണ്ട്. അങ്ങനെ നമുക്ക് നിത്യജീവൻ പ്രാപിക്കാൻ കഴിയും. ബൈബിൾ പറയുന്നത് ഇവിടെവെച്ചുതന്നെ നമ്മൾക്ക് നിത്യജീവൻ പ്രാപിക്കാൻ കഴിയുമെന്നുള്ളതാണ്.

അതുകൊണ്ട് എന്നെ കേൾക്കുന്ന പ്രിയസഹോദരങ്ങളേ, വിശുദ്ധ വേദപുസ്തകത്തിൽ വെളിപ്പെടുത്തിയിരിക്കുന്ന ആ മാറ്റമില്ലാത്ത സത്യവും വഴിയും ജീവനുമായ യേശുക്രിസ്തുവിനെ ഹൃദയത്തിൻെറ അൾത്താരയിൽ സൂക്ഷിച്ചുകൊണ്ട് മരണാനന്തരമുള്ള നിത്യജീവൻ പ്രാപിക്കുവാൻ നിങ്ങൾ മനസ്സ് തുറന്ന് ബൈബിൾ വായിക്കുകയും അത് മനസ്സിലാക്കുയും ചെയ്ത് ഒരുങ്ങണമെന്ന് ഞാൻ ആത്മാർഥമായിട്ട് അഭ്യർഥിക്കുകയാണ്. ഇങ്ങനെയൊരു പ്രോഗ്രാം ഇവിടെ നടത്തുവാൻ വലിയവനായ ദൈവം സഹായിച്ചു. സകല നാമത്തിനും മേലായ യേശുക്രിസ്തുവിൻെറ നാമത്തിൽ ഉയർത്തുവാൻ ദൈവം ഉത്തരവ് നൽകി. ആ നാമം നിങ്ങൾക്കെല്ലാവർക്കും, ഇത് അനുഭവിക്കുവാൻ കഴിയാത്തവർക്ക് അനുഭവിക്കുവാനും അത് മുഖാന്തിരം നിത്യജീവൻ പ്രാപിക്കുവാനും ഇടയാകട്ടേ എന്ന് വളരെ ആത്മാർഥമായി പ്രാർഥിക്കുന്നു. ഇതിന് മുൻപന്തിയിൽനിന്ന് പ്രവർത്തിച്ച പല സഹോദരങ്ങളുമുണ്ട്. അവരോടും ഞാൻ നന്ദി പറയുകയാണ്. ഇതിൻെറ പിന്നിൽ അധ്വാനിച്ചവർ, ഇതിനുവേണ്ടി കഷ്ടപ്പെട്ടവർ, സമയം ചെലവഴിച്ച് ഇതിനുവേണ്ടി വന്നവർ, എല്ലാവരേയും നന്ദിയോടെ സ്മരിക്കുകയും മറ്റുപല വിഷയങ്ങളിലും ചർച്ചകൾ 'ദി ട്രൂത്തി'ൻെറയും 'നിച്ച് ഓഫ് ട്രൂത്തി'ൻെറയും ആഭിമുഖ്യത്തിൽ പെരുമ്പാവൂരോ മറ്റ് എവിടെയെങ്കിലുമോ വെച്ച് നടത്തുവാൻ ദൈവം സഹായിക്കട്ടെ എന്ന് പ്രാർഥിക്കുന്നു. എല്ലാവർക്കും ഹൃദയംഗമമായ നന്ദി. ബഹുമാനപ്പെട്ട ശ്രീ. എം.എം. അക്ബറിനും അവരോടൊപ്പം കടന്നുവന്ന ടീമിനും മുസ്‌ലിം സഹോദരന്മാർക്കും ഞങ്ങളുടെ ക്ഷണം സ്വീകരിച്ചുവന്ന കർത്താവിൻെറ ദാസരോടും എല്ലാ സഹോദരങ്ങളോടും വളരെ ഹൃദയംഗമമായ നന്ദി പറഞ്ഞുകൊണ്ട് നിങ്ങൾക്ക് യേശുക്രിസ്തുവിൽകൂടിയുള്ള നിത്യജീവൻ അനുഭവിച്ച് അറിയുവാനും അത് മുഖാന്തിരം സ്വർഗം പ്രാപിക്കുവാനും ഇടയാകട്ടെ എന്ന് പ്രാർഥിച്ചുകൊണ്ട് ഞാൻ എൻെറ വാക്കിൽനിന്നും വിരമിക്കുന്നു. ദൈവം നമ്മളെ സഹായിക്കട്ടെ.

## എം. എം. അക്ബർ

അസ്സലാമു അലൈക്കും വറഹ്മത്തുല്ലാഹ്

സഹോദരന്മാരേ, ഞാൻ എന്റെ സംസാരങ്ങളെല്ലാം തുടങ്ങുമ്പോൾ അസ്സലാമു അലൈക്കും എന്ന് പറയുമ്പോൾ എന്റെ ക്രൈസ്തവ സുഹൃത്തുക്കളൊന്നും അപരിചിതത്വത്തോടു കൂടി നോക്കിക്കാണേണ്ടതില്ല. അത് ക്രിസ്തു എപ്പോഴും ജനങ്ങളെ കാണുമ്പോൾ പറഞ്ഞ പദമാണ്. 'നിങ്ങൾക്ക് സമാധാന'മെന്ന് യോഹന്നാന്റെ സുവിശേഷം 20ാം അധ്യായത്തിൽ 21, 22 വചനങ്ങളിൽ നിങ്ങൾക്ക് കാണാൻ കഴിയും. ക്രിസ്തു ജനങ്ങളെ കാണുമ്പോൾ പറഞ്ഞത് 'നിങ്ങൾക്ക് സമാധാന'മെന്നാണ്.[1] അസ്സലാമു അലൈക്കും- നിങ്ങൾക്ക് സമാധാനം.

സഹോദരന്മാരേ, ഇത്തരമൊരു പ്രോഗ്രാം അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമുക്ക് സംഘടിപ്പിക്കുവാൻ ഭാഗ്യം ലഭിച്ചിരിക്കുകയാണ്. തീർച്ചയായും പ്രവാചകന്മാർ മുഴുവനും പഠിപ്പിച്ച, ആദം മുതൽക്കുതന്നെയുള്ള- ആദ്യമനുഷ്യൻ മുതൽക്കു തന്നെയുള്ള എല്ലാ മനുഷ്യർക്കുമുള്ള മാർഗദർശനമായി പ്രവാചകന്മാരിലൂടെ അവതരിപ്പിക്കപ്പെട്ട മതമാണ് ഇസ്‌ലാം. ജീവിതത്തെ പൂർണമായി പടച്ച തമ്പുരാന് സമർപ്പിക്കുക എന്ന മാർഗമാണ് ഇസ്‌ലാം.

1 "യേശു പിന്നെയും അവരോട് "നിങ്ങൾക്ക് സമാധാനം; പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു" എന്നു പറഞ്ഞു ഇങ്ങനെ പറഞ്ഞ ശേഷം അവൻ അവരുടെ മേൽ ഊതി അവരോട് "പരിശുദ്ധാത്മാവിനെ പ്രാപിക്കുവിൻ.". (യോഹന്നാൻ 20: 21-22)



അബ്രഹാമും മോശെയും യേശുവും യാക്കോബും, മുഹമ്മദും (ﷺ) പഠിപ്പിച്ച ഇസ്‌ലാം. ആ ഇസ്‌ലാമിന്റെ പ്രവാചക ശൃംഖലയുടെ അവസാനമായി കടന്നുവന്ന മുഹമ്മദ് നബി (ﷺ); അദ്ദേഹത്തിലൂടെ പൂർത്തീകരിക്കപ്പെട്ട ഇസ്‌ലാം. യേശുക്രിസ്തു കടന്നുവന്നപ്പോൾ മോശെയുടെ ആളാണെന്ന് പറഞ്ഞ പുരോഹിതന്മാർ അദ്ദേഹത്തെ നിഷേധിക്കുവാൻ സന്നദ്ധമായതുപോലെ മുഹമ്മദ് (ﷺ) കടന്നുവന്നപ്പോൾ യേശുക്രിസ്തുവിന്റെ ആളാണെന്ന് പറഞ്ഞ ജനങ്ങൾ അദ്ദേഹത്തെ നിഷേധിക്കാൻ സന്നദ്ധമായത് ചരിത്രവൈപരീത്യമാണ്- യഥാർഥത്തിൽ ചരിത്രത്തിന്റെ ആവർത്തനമാണ് ഉണ്ടായത് എന്നതാണ് യാഥാർഥ്യം. ഇത്തരമൊരു പ്രോഗ്രാം സംഘടിപ്പിക്കുമ്പോൾ 'നിച്ച് ഓഫ് ട്രൂത്തി'നെ സംബന്ധിച്ചിടത്തോളം അതിന്റെ ലക്ഷ്യം വ്യക്തമാണ്. ലോകത്തുള്ള മനുഷ്യർ ദൈവിക മാർഗദർശനത്തിൽ നിന്നും അകന്നുപോയി, നരകത്തിന്റെ മാർഗത്തിലൂടെ നടന്നു പോയിക്കൊണ്ടിരിക്കുന്നു. അവർ നിത്യനാശത്തിലേക്ക് ആപതിച്ചുകൊണ്ടിരിക്കയാണ്. അതുകൊണ്ടുതന്നെ അവരുടെ നിത്യജീവന്റെ പാത കാണിച്ചുകൊടുക്കുകയെന്ന പ്രവാചകന്മാർ മുഴുവനും നിർവഹിച്ച ഉത്തരവാദിത്തം; മുഹമ്മദി(ﷺ)ലൂടെ പൂർത്തീകരിക്കപ്പെട്ട ഉത്തരവാദിത്തം, ആ ഉത്തരവാദിത്തത്തിന്റെ നിർവഹണം എന്നുള്ള രീതിയിൽ മാത്രമാണ് ഇത്തരമൊരു പ്രോഗ്രാമിൽ പങ്കെടുക്കുവാനും അതിന്റെ സംഘാടനത്തിൽ പങ്കുചേരുവാനുമെല്ലാം നിച്ച് ഓഫ് ട്രൂത്തിന്റെ പ്രവർത്തകർ തീരുമാനിച്ചത് എന്ന് സൂചിപ്പിക്കുകയാണ്.

സഹോദരന്മാരേ, നിങ്ങളോട് എല്ലാവരോടുമായി എനിക്ക് സൂചിപ്പിക്കുവാനുള്ളത്; ബൈബിളിന്റെ ദൈവികതയെ ഏഴ് പോയിൻറുകളുടെ അടിസ്ഥാനത്തിൽ ഞാൻ നിഷേധിക്കുകയുണ്ടായി. ഒന്നാമതായി ബൈബിളിൽ- പ്രവാചകന്മാർക്ക് അവതരിപ്പിക്കപ്പെട്ട ഗ്രന്ഥത്തിൽ - പല തവണയും മനുഷ്യരുടെ കൈകടത്തലുകൾ നടന്നിട്ടുണ്ട് എന്ന് രണ്ടാമതായി ആ ബൈബിളിൽ കൃത്യമായ ധർമാധർമ വിവേചനത്തിന് പറ്റുന്ന രീതിയിലുള്ള പരാമർശങ്ങളല്ലായുള്ളത് എന്ന്. മൂന്നാമതായി ചരിത്രപരമായി കൃത്യമല്ലാത്ത പരാമർശങ്ങൾ ഉണ്ട് എന്ന്, നാലാമാതായി പൂർത്തീകരിക്കപ്പെടാത്ത പ്രവചനങ്ങൾ ഉണ്ട് എന്ന്. അഞ്ചാമതായി അശാസ്ത്രീയമായ നിരവധി പരാമർശങ്ങൾ ഉണ്ട് എന്ന്. ആറാമതായി നിരവധി അബദ്ധങ്ങൾ കടന്നു

കൂടിയിട്ടുണ്ട് എന്ന്. ഏഴാമതായി നിരവധി വൈരുധ്യങ്ങൾ ഉണ്ട് എന്ന്. ഇങ്ങനെ ഏഴ് പോയിൻറുകളുടെ അടിസ്ഥാനത്തിൽ ബൈബിളിൻെറ ദൈവികതയെ ചോദ്യം ചെയ്തുകൊണ്ട് ഞാൻ സംസാരിച്ചത് നിങ്ങളുടെ ആരുടെയും വികാരത്തെ വൃണപ്പെടുത്തുവാൻ വേണ്ടിയല്ല. നമ്മുടെ മനസ്സുകൾക്കകത്ത് പ്രതിഷ്ഠ നേടിയിട്ടുള്ള വിശ്വാസങ്ങൾ യേശുക്രിസ്തു സംസാരിച്ചതുപോലെ, മറ്റ് പ്രവാചകന്മാർ സംസാരിച്ചതുപോലെ തിരുത്താൻ ശ്രമിക്കുകയായിരുന്നു. മുഹമ്മദി(ﷺ)ലൂടെ അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥം പരിശുദ്ധ ഖുർആൻ സത്യമായി, കൃത്യമായി, സൂക്ഷ്മമായി, സമഗ്രമായി മനുഷ്യരെ നിത്യജീവിതത്തിലേക്ക് നയിക്കുന്ന ഗ്രന്ഥമാണ്; ഏകഗ്രന്ഥമാണ് എന്ന് മനസ്സിലാക്കുന്നതുകൊണ്ട് ആ ഗ്രന്ഥത്തെ നിങ്ങൾക്ക് എത്തിക്കുവാനും അവതരിപ്പിക്കുവാനും നിങ്ങളെ ആ ഗ്രന്ഥത്തെക്കുറിച്ച് ബോധ്യപ്പെടുത്തുവാനും വേണ്ടിയുള്ള ഒരു അവസരം എന്നുള്ള രീതിയിൽ കൂടിയാണ് ഇത്തരം പ്രോഗ്രാമുകളിൽ നാം പങ്കെടുക്കുന്നത്.

നിത്യജീവനെക്കുറിച്ച് പറയുമ്പോൾ- എല്ലാ പ്രവാചകന്മാരും പഠിപ്പിച്ച ആ നിത്യജീവൻെറ മാർഗത്തെക്കുറിച്ചുതന്നെയാണ് നമുക്ക് പറയാനുള്ളത്. യേശുക്രിസ്തു പറഞ്ഞതായി മത്തായിയുടെ സുവിശേഷത്തിൽ ഏഴാമത്തെ അധ്യായത്തിൽ 21-ാമത്തെ വചനത്തിൽ നാം വായിക്കുന്നു: എന്നോട് കർത്താവെ, കർത്താവെ എന്ന് വിളിക്കുന്നവനല്ല, സ്വർഗസ്ഥനായ എൻെറ പിതാവിൻെറ ഇഷ്ടം ചെയ്യുന്നവനാണ് അവൻെറ രാജ്യമായ സ്വർഗരാജ്യത്തിൽ പ്രവേശിക്കുന്നത് എന്ന്. സ്വർഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യണം; ജീവിതത്തിലുടനീളം. അവൻെറ ഇഷ്ടങ്ങൾ എന്തൊക്കെയാണ്, അവന് എന്തൊക്കെയാണ് ഇഷ്ടപ്പെട്ടത് എന്ന് പഠിപ്പിക്കുവാനാണ് പ്രവാചകന്മാർ അഖിലം കടന്നുവന്നത്. അതിനുതന്നെയാണ് യേശുക്രിസ്തു കടന്നുവന്നത്, മുഹമ്മദ് (ﷺ) കടന്നുവന്നത്. പക്ഷേ, എന്തൊക്കെയാണ് ദൈവം തമ്പുരാൻെറ ഇഷ്ടം എന്ന് പഠിപ്പിക്കുവാൻ വേണ്ടി കടന്നുവന്ന പ്രവാചകന്മാർ; ആ പ്രവാചകന്മാരുടെ വചനങ്ങൾ കാലാന്തരത്തിൽ പുരോഹിതന്മാരുടെ- മനുഷ്യരുടെ കൈകടത്തലുകൾക്ക് വിധേയമാക്കപ്പെട്ടതുകൊണ്ട് തന്നെ അതിൽ അബദ്ധങ്ങൾ ഉണ്ടായി. അശാസ്ത്രീയതയുണ്ടായി, ചരിത്രവിരുദ്ധമായ പരാമർശങ്ങൾ ഉണ്ടായി, വൈരുധ്യങ്ങൾ ഉണ്ടായി എന്നുള്ളതാണ് സത്യം.



അതുകൊണ്ടുതന്നെ അവസാനത്തെ വേദഗ്രന്ഥമായ പരിശുദ്ധ ഖുർആൻ; അതിൻെറ സംരക്ഷണത്തിൻെറ ഉത്തരവാദിത്തം സ്രഷ്ടാവായ തമ്പുരാൻ തന്നെ ഏറ്റെടുത്തു. ഖുർആനിലെ 15-ാമത്തെ അധ്യായം സൂറത്തുൽ ഹിജ്റിലെ 9-ാമത്തെ അധ്യായത്തിൽ നാം വായിക്കുന്നത് അതാണ്. 'നാം ആകുന്നു ഈ ഗ്രന്ഥം അവതരിപ്പിച്ചിട്ടുള്ളത്. നാം തന്നെ അതിനെ കാത്തുസൂക്ഷിക്കുകയും ചെയ്യും'. ഈ ഗ്രന്ഥം സന്മാർഗാന്വേഷികളായ, മാർഗദർശനം തേടിക്കൊണ്ട്- ദൈവികമാർഗദർശനം അനുധാവനം ചെയ്തുകൊണ്ട് നിത്യജീവൻ നേടണമെന്ന് ആഗ്രഹിക്കുന്ന ആളുകളോട് പരിശുദ്ധ ഖുർആൻ പറഞ്ഞു; ഖുർആനിലെ രണ്ടാമത്തെ അധ്യായം സൂറത്തുൽ ബഖറയിലെ രണ്ടാമത്തെ വചനം. ഇതാണ് ഗ്രന്ഥം. സംശയമൊന്നും വേണ്ട. സന്മാർഗനിഷ്ഠരായി, ദൈവികമാർഗദർശനം അനുധാവനം ചെയ്തുകൊണ്ട് നിത്യജീവൻ പ്രാപിക്കണമെന്ന് ആഗ്രഹിക്കുന്ന മുത്തഖീങ്ങളേ, നിങ്ങൾക്കുള്ള മാർഗദർശന ഗ്രന്ഥമാണ് ഇത് എന്ന്. അതുകൊണ്ടുതന്നെ ഈ മാർഗദർശന ഗ്രന്ഥത്തെ നിത്യജീവൻ ആഗ്രഹിക്കുന്ന, പടച്ചതമ്പുരാനെ കണ്ടുമുട്ടണമെന്ന് ആഗ്രഹിക്കുന്ന, മരണാനന്തര ജീവിതത്തിൽ ശാശ്വത സ്വർഗത്തിൽ പ്രവേശിക്കണമെന്ന് ആഗ്രഹിക്കുന്ന ആളുകളുടെ മുന്നിൽ സമർപ്പിക്കുകയാണ്. നിങ്ങൾ പഠിക്കുക. മനസ്സിലാക്കുക. ഉൾക്കൊള്ളാൻ സാധിക്കുമെന്ന് നിങ്ങൾക്ക് ബോധ്യപ്പെടുമെങ്കിൽ ഉൾക്കൊള്ളുക.

എന്താണ് ജീവിതത്തിൻെറ ഓരോ രംഗത്തേക്കുമുള്ള ദൈവിക മാർഗദർശനങ്ങളെന്ന് പരിശുദ്ധ ഖുർആനും പ്രവാചകൻെറ ജീവിതചര്യയും നമുക്ക് പഠിപ്പിച്ചുതന്നിട്ടുണ്ട്. തീർച്ചയായും ആ ജീവിതചര്യ, മുമ്പുള്ള പ്രവാചകന്മാർ മുഴുവനും പഠിപ്പിച്ച ജീവിതചര്യക്ക് അനുഗുണം തന്നെയാണ്. പരിശുദ്ധ ഖുർആൻെറ സന്ദേശം മുമ്പുള്ള വേദഗ്രന്ഥങ്ങൾക്ക് അനുഗുണമാണ്; മുൻകാലഘട്ടത്തിൽ കടത്തിക്കൂട്ടിയ കാര്യങ്ങൾക്കല്ല.

ഇവിടെ, തീർച്ചയായും ഒരുപാട് വിഷയങ്ങളിൽ; conclusionൽ പോലും ബഹുമാന്യനായ സുഹൃത്ത് പറഞ്ഞതിൽ എനിക്ക് അഭിപ്രായവ്യത്യാസമുള്ളതുണ്ട്. ഞാനത് വിശദീകരിക്കുവാൻ സമയം മിനക്കെടുത്തുന്നില്ല. അതിന് അനുവദിക്കപ്പെട്ട സമയം പര്യാപ്തമല്ലതാനും. പ്രവചനങ്ങളുടെ പൂർത്തീകരണത്തിൻെറ കാര്യത്തിലാണെങ്കിൽ, പ്രവചനങ്ങളുടെ പൂർത്തീകരണം ആ കാലഘട്ടത്തിൽ

തന്നെ സംഭവിച്ചതാണ് എങ്കിലും പിൽക്കാലഘട്ടത്തിലേക്ക് വലിച്ചിഴക്കുന്നു. സത്യത്തിൽ എന്താണ് ആ വലിച്ചിഴച്ചതിന് കാരണം? സുവിശേഷ കർത്താക്കൾ യേശുക്രിസ്തു പഴയ നിയമത്തിൽ പ്രവചിപ്പിക്കപ്പെട്ട പ്രവാചകനാണ് എന്ന് വരുത്തിത്തീർക്കുവാൻവേണ്ടി അവരുടെ സ്വന്തം വീക്ഷണത്തിലുള്ള ഒരു യേശുകഥ മെനഞ്ഞെടുത്തതാണ് അതിന് കാരണം. യെശയ്യായുടെ പ്രവചനവും മാലാഖിയുടെ പ്രവചനവുംകൂടി കൂട്ടിയോജിപ്പിച്ച് അത് യെശയ്യാവിൻെറ പ്രവചനമാണ് എന്ന് വരുത്തിത്തീർക്കുവാൻവേണ്ടി മാർക്കോസ് കളിച്ച, മാർക്കോസ് ചെയ്ത ഒരു തന്ത്രം നമ്മൾ നേരത്തെ മനസ്സിലാക്കുകയുണ്ടായി. ഇതേപോലെതന്നെയാണ് ഓരോ കാര്യങ്ങളും എന്നുള്ളതാണ് യാഥാർഥ്യം.

അതുകൊണ്ട് ഇവിടെ ബൈബിളിൽനിന്ന് ഉദ്ധരിച്ച സമയത്ത് പലപ്പോഴും തീരെ കണ്ണുമടച്ചു കൊണ്ട് അങ്ങനെയൊന്നും ബൈബിളിൽ ഇല്ല എന്ന് പറയുന്ന ഒരു അവസ്ഥാവിശേഷമുണ്ടായി. പരിശോധിച്ച ശേഷം പറയണം. യോനോ പ്രവാചകനെക്കുറിച്ച് പറയുമ്പോൾ യോനാ പ്രവാചകൻ മത്സ്യത്തിൻെറ വയറ്റിൽ, കടലാനയുടെ വയറ്റിൽ മൂന്ന് രാവും പകലും കിടന്നുവെന്ന് മാത്രമല്ല, അവിടെയിരുന്ന് ദൈവത്തോട് പ്രാർഥിച്ചതായി എല്ലാമുള്ള പരാമർശങ്ങൾ കാണാൻ കഴിയും. ജീവനുള്ള യോനാ പ്രവാചകനെതന്നെയാണ് നമ്മൾ അവിടെ കാണുന്നത്. അങ്ങനെ ജീവനുള്ള ഒരു പരാമർശവും ഇല്ലായെന്ന് പറയുന്നതിന് മുമ്പ് കൃത്യമായി പരിശോധിക്കുക എന്നതാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. യോഹന്നാൻെറ ഒന്നാം ലേഖനത്തിൽ അഞ്ചാം അധ്യായത്തിൽ ഏഴാമത്തെ വചനത്തിൻെറ വിഷയത്തിലും ഇതുതന്നെയാണ് സ്ഥിതി. ഇതേപോലെയുള്ള നിരവധി വചനങ്ങൾ യഥാർഥത്തിലുള്ള കയ്യെഴുത്ത് രേഖകളിൽ ഇല്ലായെന്നുള്ളതാണ് വസ്തുത. അതാണ് സത്യം; പിൽക്കാലഘട്ടത്തിൽ ഉള്ളതല്ല. അത് നമുക്ക് വിശദമായി ചർച്ച ചെയ്യേണ്ടതാണ്.

ഞാൻ ഇക്കാര്യങ്ങളെല്ലാം പറയുന്നത് നിങ്ങളെ ആരെയും വേദനിപ്പിക്കുവാനല്ല. മറിച്ച്, നിങ്ങൾ കൃത്യമായി, വസ്തുനിഷ്ഠമായി കാര്യങ്ങൾ പഠിക്കുവാൻ വേണ്ടിയാണ്. ഞാൻ ഏഴ് പോയിൻറുകൾ പറഞ്ഞിടത്ത്, ഞാൻ ഇവിടെ ഉദ്ധരിച്ച ഏതെങ്കിലും ഉദ്ധരണി ശരിയല്ലായെന്ന്, അത് സന്ദർഭത്തിൽനിന്ന് അടർത്തിയെടുത്തതാണ് എന്ന്, അത് കൃത്യമല്ലാതെ ക്വോട്ട് ചെയ്തതാണ് എന്ന്, അതിന് അതല്ല



അർഥമെന്ന് വസ്തുനിഷ്ഠമായി ആര് സ്ഥാപിച്ചാലും അത് സ്വാഗതം ചെയ്യുകയാണ്; പൂർണമായ ഹൃദയത്തോടുകൂടി, പൂർണമായ മനസ്സോടുകൂടി.

നിച്ചിൻെറ, ഇവിടെ സൂചിപ്പിക്കപ്പെട്ട പുസ്തകത്തെ ഖണ്ഡിക്കുന്ന നിരവധി ഗവേഷണങ്ങൾ ഉണ്ട് എന്ന് പറഞ്ഞു. ആ ഗവേഷണ പ്രബന്ധങ്ങൾ- ഞങ്ങളുടെ പ്രസിദ്ധീകരണമുണ്ട്. 'സ്നേഹസംവാദം'- അയച്ചുതരികയാണെങ്കിൽ, വസ്തുനിഷ്ഠമാണെങ്കിൽ, സ്നേഹസംവാദത്തിൽ പ്രസിദ്ധീകരിച്ച് മതതാരതമ്യ പഠനത്തിൻെറ; മതപ്രബോധനത്തിന്റെ രംഗത്ത് ഒരു പുതിയ അധ്യായം രചിക്കുവാൻ ഞങ്ങൾ സന്നദ്ധമാണ് എന്നുകൂടി ഞങ്ങൾ അറിയിക്കുകയാണ്. ഗവേഷണം നടത്തുക, പഠിക്കുക, മനസ്സിലാക്കുക, താരതമ്യപഠനം നടത്തുക, ദൈവികമായ മാർഗദർശനം കണ്ടെത്തുക, നിങ്ങളുടെ മുമ്പിൽ പരിശുദ്ധ ഖുർആനിനെ സമർപ്പിക്കുകയാണ്. നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നതിൻെറ ഭാഗമായി, നിങ്ങൾ പഠിക്കണം നിങ്ങൾ മനസ്സിലാക്കണം എന്ന് അഭ്യർഥിക്കുന്നതിൻെറ ഭാഗമായി വേദിയിൽ ഇരിക്കുന്ന രണ്ട് സുഹൃത്തുക്കൾക്ക് പരിശുദ്ധ ഖുർആൻെറ പരിഭാഷയുടെ ഓരോ കോപ്പി നൽകുവാൻ ആഗ്രഹിക്കുകയാണ്. പരസ്പരം വിമർശിക്കുകയും ആശയപരമായി വിമർശനങ്ങൾ നടത്തുകയും ചെയ്താലും സ്നേഹത്തോടുകൂടി സൗഹൃദത്തോടുകൂടി സാഹോദര്യത്തോടുകൂടി പിരിഞ്ഞുപോവുകയും വീണ്ടും പഠിക്കുകയും മനസ്സിലാക്കുകയും നാളെ കാണുമ്പോൾ ചിരിക്കുകയും ആത്മാർഥമായി shake hand ചെയ്യുകയും ചെയ്യേണ്ടവരാണ് നമ്മളെന്ന ബോധത്തോടുകൂടി തന്നെ പിരിയുക. പഠിക്കുക, മനസ്സിലാക്കുക. ഈ സന്ദർഭത്തിൻെറ സ്മരണക്കുവേണ്ടിയും ഈ ആശയങ്ങൾ നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നതിൻെറ ഒരു പ്രതീകമായിക്കൊണ്ടും വേദിയിലിരിക്കുന്ന സുഹൃത്തുക്കൾക്ക് ഖുർആൻെറ പരിഭാഷ നൽകിക്കൊണ്ട് ഞാൻ എൻെറ വാക്കുകൾ ഉപസംഹരിക്കുകയാണ്.

അസ്സലാമു അലൈക്കും.

നന്ദി

# നന്ദി

മുഹമ്മദ് അനസ്

വളരെയധികം അർഥവത്തായ രൂപത്തിൽ ഒരു പുതിയ ഉണർവ് സൃഷ്ടിച്ചുകൊണ്ട് ഒരുപാട് വിഷയങ്ങൾ നമ്മെ ധരിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്ത മാന്യസുഹൃത്തുക്കൾക്ക് നിച്ച് ഓഫ് ട്രൂത്തിന്റെ പേരിൽ നന്ദി രേഖപ്പെടുത്തുകയാണ്. അതോടൊപ്പം ഇവിടെ സന്നിഹിതരായ മുഴുവൻ ആളുകൾക്കും ഒറ്റവാക്കിൽ നന്ദി പ്രകാശിപ്പിച്ചുകൊണ്ട് പ്രാർഥനയോടെ അവസാനിപ്പിക്കുന്നു.

# അനുബന്ധങ്ങൾ

എം.എം. അക്ബർ

അനുബന്ധം 1

## ഫറോവാകഥ ബൈബിളിലും ഖുർആനിലും

മാനുഷികമായ കരവിരുതുകളാൽ ഒരു വേദഗ്രന്ഥത്തിൽ എങ്ങനെയാണ് അബദ്ധങ്ങൾ കടന്ന്കൂടുന്നത് എന്നും യഥാർത്ഥ ദൈവിക ഗ്രന്ഥം ഈ അബദ്ധങ്ങൾ എങ്ങനെ തിരുത്തുന്നുവെന്നും മനസ്സിലാക്കാൻ ബൈബിളിലും ഖുർആനിലുമുള്ള ഫറോവമാരെക്കുറിച്ച പരാമർശങ്ങൾ പരിശോധിച്ചാൽ മതി. ബൈബിളിൽ പലരെയും ഫറോവയെന്ന് അഭിസംബോധന ചെയ്തതായി കാണാൻ കഴിയും. അബ്രഹാമിൻെറ കാലത്തുണ്ടായിരുന്ന രാജാവിനെ പഴയ നിയമ പുസ്തകം പരിചയപ്പെടുത്തുന്നത് ഫറോവയെന്നാണ്. ഉൽപത്തി പുസ്തകം പന്ത്രണ്ടാം അധ്യായത്തിൽ പത്തുമുതൽ ഇരുപതുവരെ വചനങ്ങളിൽ അബ്രഹാമിൻെറ കാലത്തെ രാജാവിനെക്കുറിച്ച് ആറ് തവണ ഫറോവയെന്ന് പറഞ്ഞിട്ടുണ്ട്. യോസഫിൻെറ കാലത്തെ രാജാവിനെയും ബൈബിൾ ഫറോവയെന്നാണ് വിളിക്കുന്നത്. ഉൽപത്തി പുസ്തകത്തിൻെറ നാൽപത്, നാൽപത്തിയൊന്ന് അധ്യായങ്ങളിൽ യോസഫിൻെറ കാലത്തെ രാജാവിനെ ഫറോവയെന്ന് അഭിസംബോധന ചെയ്യുന്നതായി കാണാം. യോസഫിൻെറ കാലത്തെ രാജാവിനെ ഉൽപത്തി പുസ്തകത്തിൽ തൊണ്ണൂറ് തവണയാണ് ഫറോവയെന്ന് വിളിച്ചിരിക്കുന്നത്. മോശയുടെ കാലത്തെ ഈജിപ്തിലെ രാജാവിനെക്കുറിച്ച് പുറപ്പാട് പുസ്തകത്തിൽ നൂറ്റി ഇരുപത്തൊന്ന് പ്രാവശ്യം ഫറോവയെന്ന് പ്രയോഗിച്ചിട്ടുണ്ട്. ചുരുക്കത്തിൽ അബ്രഹാമിൻെറയും യോസഫിൻെറയും മോശയുടെയുമെല്ലാം കാലത്ത് ഈജിപ്ത് ഭരിച്ച രാജാക്കന്മാരെ ബൈബിൾ ഫറോവ

യെന്നാണ് വിളിച്ചിരിക്കുന്നത്.

ചരിത്രപരമായി നോക്കിയാൽ ഈ അഭിസംബോധനതന്നെ അബദ്ധമാണെന്ന് കാണാൻ കഴിയും.

ഈജിപ്തിൻെറ പൗരാണിക ചരിത്രത്തെ മുപ്പത് രാജവംശങ്ങളുടെ (Dynasty) കാലഘട്ടങ്ങളായി വിഭജിച്ചുകൊണ്ടാണ് പഠിക്കുന്നത്. ക്രിസ്തുവിന് മൂന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ച ഈജിപ്ഷ്യൻ ചരിത്രകാരനായ മാനെത്തോ (Manetho) തയ്യാറാക്കിയ രാജാക്കന്മാരുടെ പട്ടികയെയാണ് മുപ്പത് രാജവംശകാലങ്ങളായി തിരിച്ചിരിക്കുന്നത്. യാതൊരുവിധ രേഖകളും ലഭ്യമല്ലാത്ത 3100 ബി.സിക്കു മുമ്പുള്ള കാലത്തെ 'രാജവംശങ്ങൾക്ക് മുമ്പുള്ള കാലഘട്ട' (Predynastic era) മെന്ന് വിളിക്കുന്നു. രാജവംശങ്ങളുടെ കാലം ഇങ്ങനെയാണ് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നത്.

| Dynasties | Dates BC *(approx.)* | Period | Some Royal names ***associated with Period*** |
|---|---|---|---|
| | *4500-3150* | *Predynastic* | |
| *1 & 2* | *3150-2700* | *Thinite Period* | *Narmer-Menes, Aha,Djer,Hetepse khemwy, Peribsen* |
| *3 - 6* | *2700-2200* | *Old Kingdom* | *Djoser, Snofru, Khufu (Cheops), Khafre(Chephren),Menkauhor, Teti, Pepy.* |
| *7 - 11* | *2200-2040* | *First Intermediate* | *Neferkare, Mentuhotpe, Inyotef* |
| *11 & 12* | *2040-1674* | *Middle Kingdom* | *Ammenemes, Sesostris,Dedumesiu* |
| *13 - 17* | *1674-1553* | *Second Intermediate* | *Salitis, Yaqub-Har, Kamose, Seqenenre, Apophis* |
| *18 - 20* | *1552-1069* | *New Kingdom* | *Ahmose, Amenhotep (Amenophis), Tuthmose (Thuthmosis), Hatshep sut, Akhenaten (Amenophis IV), Tuta nkhamen, Horemheb, Seti (Sethos), Ramesses, Merenptah* |
| *21 - 23* | *1069-747* | *Third Intermediate* | *Smendes, Shoshenq, Osorkon, Takelot* |
| *24 - 26* | *747 - 525* | *Late Period* | *Piankhy, Taharqa, Psammetichus* |
| *27* | *525 - 404* | *First Persian Period* | *Cambyses, Darius, Xerxes, Artaxerxes* |
| *28 -30* | *404 - 343* | *Dynasties 28 - 30* | *Amrtaeus, Nepherites, Nectanebo* |
| | *34 - 332* | *Second Persian Period* | *Artaxerxes, Arses, Darius, Khababash* |
| | *332-395AD* | *Greco-Roman* | *Alexander the Great, Ptolemy, Cleopatra, Aug Tiberius, Nero, Domition.* |



Nicholas Grimal: A History of Ancient Egypt: Blackwell Publishers, Oxford.

ഈജിപ്തിലെ രാജാക്കന്മാരെ വിളിക്കാൻ ബൈബിൾ ഉപയോഗിച്ചിരിക്കുന്ന പേരാണ് ഫറോവയെന്ന് സൂചിപ്പിച്ചുവല്ലോ. പെർ-ആ (Per-aa) യെന്ന പദത്തിൽനിന്നാണ് ഫറോവയുടെ ഉൽപത്തി. മഹാഭവനം (Great house) എന്നാണ് ഈ പദത്തിനർത്ഥം. ഫറോവയെന്ന് ഈജിപ്തിലെ രാജാക്കന്മാർ അഭിസംബോധന ചെയ്യപ്പെട്ടുതുടങ്ങിയത് എന്ന് മുതൽക്കാണ്? ഹാർപേർസ് ബൈബിൾ ഡിക്ഷ്ണറി എഴുതുന്നത് കാണുക: 'പെർ' എന്നും 'ആ' യെന്നുമുള്ള രണ്ട് ഈജിപ്ഷ്യൻ പദങ്ങളിൽനിന്നാണ് ഈ പദ (ഫറോവ)ത്തിൻെറ ഉൽപത്തി. "മഹാഭവന"മെന്നാണ് ഈ ഈജിപ്ഷ്യൻ പദസമുച്ചയത്തിൻെറ യഥാർത്ഥ സാരം. ക്രിസ്തുവിന് മുമ്പ് മൂന്നാം സഹസ്രാബ്ദം മുതൽ രണ്ടാം സഹസ്രാബ്ദത്തിൻെറ ആദ്യ പകുതിവരെ ഈ നാമമുപയോഗിച്ചിരുന്നത് രാജകൊട്ടാരത്തിനായിരുന്നു. പതിനെട്ടാം രാജവംശത്തിലെ തുത്മോസ് മൂന്നാമൻെറ (Thutmose III 1504-1450 BC) കാലം മുതൽ പെർ-ആ രാജാവിനെത്തന്നെ വിളിക്കുന്ന നാമമായിത്തീർന്നു. ഇരുപത്തിരണ്ടാം രാജവംശത്തിലെ ശോഷെൻക് ഒന്നാമൻെറ (Shoshenq I 945-924 BC) കാലംമുതൽ രാജനാമത്തോടൊപ്പം, ബൈബിളിൽ കാണുന്നതുപോലെ ഫറോവയെന്ന് ചേർത്ത് വിളിക്കുന്ന സമ്പ്രദായമുണ്ടായി (ഉദാ: ഫറോവാ ശോഷെൻക്) (Harper's Bible Dictionary Page 781)

ഡോ. ബാബുപോൾ തന്റെ ബൈബിൾ നിഘണ്ടുവിൽ പറയുന്നതും ഇതുതന്നെയാണ്: “ഫറവോ. ഈജിപ്തിലെ രാജാവ്: ‘മഹാഭവനം’ എന്ന് അർത്ഥമുള്ള ഒരു പദത്തിൽനിന്ന് ഉരുത്തിരിഞ്ഞ സ്ഥാനനാമമാണ് ഫറവോ. ക്രി.മു. മൂന്നാം സഹസ്രാബ്ദം മുതൽ ഉപയോഗമുണ്ടായിരുന്നെങ്കിലും ക്രി.മു. 1500വരെ ആ പദം രാജാവിനെ സൂചിപ്പിച്ചിരുന്നില്ല. കൊട്ടാരം, ഡർബാർ അഥവാ രാജസദസ്സ് എന്നായിരുന്നു ആദ്യത്തെ അർത്ഥം. വ്യക്തിനാമത്തോടൊപ്പം ഫറവോ (ഉദാ: ഫറവോ നെക്കോ, ഫറവോ ഹോഫ്റ) എന്ന് ചേർക്കുന്ന രീതി ക്രി. മു 945 മുതൽ തുടങ്ങി” (ഡോ. ഡി. ബാബുപോൾ: വേദശബ്ദ രത്നാകരം പുറം 445).

പുതിയ രാജ്യത്വ (New Kindom) കാലത്ത് പതിനെട്ടാം രാജവംശത്തിന്റെ ഭരണകാലത്താണ് ഈജിപ്തിലെ രാജാക്കന്മാരെ ഫറോവയെന്ന് അഭിസംബോധന ചെയ്യാനാരംഭിച്ചതെന്ന് എൻസൈക്ലോപീഡിയ ബ്രിട്ടാണിക്കയും വ്യക്തമാക്കുന്നുണ്ട് (Encyclopaedia-Electronic Edition -Pharoah) ദി ഫങ്ക് ആൻറ് വാഗ്നൽസ് എൻസൈക്ലോപീഡിയ (The Funk and Wagnalls New Encyclopaedia Infopaedia 2.0-Electronic Edition-"Pharoah) നെൽസൺസ് ഇല്ലസ്ട്രേറ്റഡ് ബൈബിൾ ഡിക്ഷ്ണറി (Sr. Herbert Lockyer (General Editor): Nelson's Illustrated Bible Dictionary (1986) ``Pharoah") തുടങ്ങിയ ആധികാരിക ഗ്രന്ഥങ്ങളെല്ലാം ക്രിസ്തുവിന് മുമ്പ് പതിനഞ്ചാം നൂറ്റാണ്ടിന് മുമ്പ് ഫറോവയെന്ന പദപ്രയോഗം രാജാക്കന്മാരെ അഭിസംബോധന ചെയ്തുകൊണ്ട് നിലനിന്നിരുന്നില്ലെന്ന വസ്തുത അംഗീകരിക്കുന്നു.

അബ്രഹാമിന്റെ കാലത്തെ ഈജിപ്തിലെ രാജാവിനെ ബൈബിൾ ഫറോവയെന്ന് വിളിക്കുന്നുണ്ടെന്ന് പറഞ്ഞല്ലോ. ഉൽപത്തി പുസ്തകത്തിൽ അബ്രഹാമിന്റെ കഥ വിശദമായി വിവരിക്കുന്നുണ്ട് (11:26-25:18). എന്നാൽ എന്നാണ് അദ്ദേഹം ജീവിച്ചിരുന്നതെന്ന് വ്യക്തമാക്കുന്ന കൃത്യമായ രേഖകളൊന്നുമില്ല. ദി അക്കാദമിക് അമേരിക്കൻ എൻസൈക്ലോപീഡിയ ബി.സി. മൂന്നാം സഹസ്രാബ്ദത്തിന്റെ അന്ത്യത്തിലോ രണ്ടാം സഹസ്രാബ്ദത്തിന്റെ തുടക്കത്തിലോ ആയിരിക്കണം അബ്രഹാം ജീവിച്ചതെന്നാണ് അഭിപ്രായപ്പെടുന്നത് ബി.സി. 1850കളിലായിരിക്കണം അബ്രഹാമിന്റെ കാലഘട്ടമെന്നാണ് ‘ഡിക്ഷ്ണറി ഓഫ് പ്രോപർ നെയിംസ് ആൻറ് പ്ലെയിസസ് ഇൻ ദ ബൈബിളി’ന്റെ പക്ഷം (O. Odelain & R. Seguineau: Dictionary of Proper Names and Places in the Bible. (London 1991) Page 7 ``Abraham") ദി ലയൺ ഹാൻറ് ബുക്ക് റ്റു ദ ബൈബിളിനും ഏകദേശം ഇതേ അഭിപ്രായംതന്നെയാണുള്ളത്. (David Alexander and Pat Alexander (Ed): The Lion Hand Book to the Bible, (1973-Oxford) Page 152, 153) ആധുനിക ഗവേഷണങ്ങളുടെ വെളിച്ചത്തിൽ അബ്രഹാം ബി.സി. 2300നടുത്ത് ജീവിച്ചുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നതെന്ന് ‘ദി ഹച്ചിൻസൺസ് ന്യൂ സെഞ്ചുറി എൻസൈക്ലോപീഡിയ’ പറയുന്നു. (The Hutchinson New Century Encyclopaedia" (1995-Electronic Edition) "Abraham"). ബി.സി. 2000ത്തിനും 2300നുമിടയിലായിരിക്കണം അബ്രഹാമിന്റെ കാലമെന്നാണ് പ്രസിദ്ധമായ കോളിൻ ജെം ഡിക്ഷ്ണറി ഓഫ് ദി ബൈബിളിന്റെയും പക്ഷം (Rev: James L. Dow, Collins Gem Dictionary of the Bible (1985-Britain) "Abraham" Page 18) ബാബിലോണിലെ ഹമുറബി (ക്രി:മു: 1728-1686)യുടെ സമകാലീനനായിരുന്നു അബ്രഹാമെന്ന അഭിപ്രായവും കി: മു: 1500ന് അടുപ്പിച്ചാണ് അബ്രഹാമിന്റെ കാലമെന്ന മക്കെൻസിയുടെ അഭിപ്രായവും ഡോ. ബാബുപോൾ തന്റെ വേദശബ്ദ രത്നാകരത്തിൽ ഉദ്ധരിക്കുന്നുണ്ട് (പുറം 50). എന്നാൽ ആധുനിക ഉൽഖനന ഗവേഷണങ്ങൾ അബ്രഹാമിന്റെ കാലത്തെ പുറകോട്ട് കൊണ്ടുപോകുന്നുവെന്നും ബി.സി. 2300നോടടുത്തായിരിക്കണം അദ്ദേഹം ജീവിച്ചിരുന്നതെന്നാണ്, ഉൽഖനന രേഖകൾ നൽകുന്ന തെളിവുകൾ വ്യക്തമാക്കുന്നതെന്നും നിരവധി ഗവേഷകന്മാർ വ്യക്തമാക്കിയിട്ടുണ്ട്. (Chain Bermant and Michael Weitzman: Ebla: A Revelation in Archeology (Great Britain 1979) Page 6-184 & Howard La Fay: "Ebla: Splender of an Unknown Empire" National Geographic Magazine, December 1978) ചുരുക്കത്തിൽ, ക്രിസ്തുവിന് 1500 വർഷങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന വ്യക്തിയാണ് അബ്രഹാം എന്ന പുരാതന ഗ്രന്ഥകർത്താക്കളുടെ അഭിപ്രായത്തിന് വിരുദ്ധമായി ബി.സി. 2300നടുത്ത കാലത്തായിരിക്കണം അദ്ദേഹം ജീവിച്ചിരുന്നതെന്ന നിഗമനത്തിലെത്താനാണ് ആധുനിക ഉൽഖനന ഗവേഷണങ്ങൾ നൽകുന്ന വിവരങ്ങൾ നമ്മെ പ്രേരിപ്പിക്കുന്നത്.



ഈജിപ്തിലെ രാജവംശ ചരിത്രവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ ആറുമുതൽ പന്ത്രണ്ടുവരെ രാജവംശങ്ങളുടെ കാല

ങ്ങൾക്കിടയിലായിരിക്കണം അബ്രഹാമിൻെറ ജീവിതമെന്നാണ് മന സ്സിലാകുന്നത്. ആധുനിക ഗവേഷകന്മാരുടെ അഭിപ്രായം പരിഗണി ച്ചാൽ ആറാം രാജവംശത്തിൻെറ കാലത്തായിരിക്കണം (ബി.സി. 2300) അബ്രഹാം ജീവിച്ചിരുന്നത്. അങ്ങനെയെങ്കിൽ പുരാതന രാജ ത്വ (Old Kingdom) കാലത്തായിരിക്കും അദ്ദേഹത്തിൻെറ ജീവി തം. ഇനി പന്ത്രണ്ടാം രാജവംശത്തിൻെറ കാലത്താണ് അബ്രഹാം ജീവിച്ചിരുന്നതെന്ന പഴയ അഭിപ്രായം പരിഗണിച്ചാലും മധ്യരാജത്വ (Middle Kingdom) കാലത്താണ് അദ്ദേഹം ജീവിച്ചിരുന്നതെന്ന് മാത്ര മെ വരികയുള്ളൂ. ഈജിപ്തിലെ രാജാക്കന്മാരെ ഫറോവയെന്ന് വിളി ക്കാനാരംഭിച്ചത് പുതിയ രാജത്വകാലത്ത് പതിനെട്ടാം രാജവംശത്തി ൻെറ സമയത്താണെന്ന് മുമ്പ് വ്യക്തമാക്കിയിട്ടുണ്ട്. പിന്നെയെങ്ങ നെയാണ് അബ്രഹാമിൻെറ കാലത്തെ ഈജിപ്തിലെ രാജാവിനെ ഫറോവയെന്ന് വിളിക്കുക? അബ്രഹാമിന് നൂറ്റാണ്ടുകൾ കഴിഞ്ഞ് നിലവിൽവന്ന ഫറോവയെന്ന അഭിസംബോധന രീതി അദ്ദേഹത്തി ൻെറ കാലത്ത് എങ്ങനെയാണ് ഉപയോഗിക്കപ്പെടുക? ഫറോവമാരു ടെ കഥ പറയുമ്പോൾ ബൈബിൾ സൂക്ഷ്മത പുലർത്തുന്നില്ലെന്ന വസ്തുതയാണ് നമുക്ക് ഇവിടെ ബോധ്യപ്പെടുന്നത്.

യോസഫിൻെറ ചരിത്രവിവരണത്തിലും ഇതേ പ്രശ്നം നിലനിൽ ക്കുന്നുണ്ട്. യോസഫിൻെറ ഈജിപ്തിലേക്കുള്ള വരവ് എന്നായിരു ന്നു? ബൈബിളിലെ സംഭവ വിവരണങ്ങളുടെ വെളിച്ചത്തിൽ ഹിക് സോസ് വംശത്തിൻെറ ഭരണകാലത്തായിരിക്കണം ഇത് നടന്നതെ ന്നാണ് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. ആരാണ് ഹിക്സോസ് വംശം? ഡോ. ഡി. ബാബുപോൾ എഴുതുന്നു: 'ക്രി. മു. 1720-1550 കാലത്ത് ഈജിപ്ത് ഭരിച്ചിരുന്നത് ഹിക്സോസ് വംശത്തിലെ ഫറോ വമാരായിരുന്നു. ഇവർ ഏഷ്യാ വൻകരയിൽനിന്നുവന്ന് കാലക്രമ ത്തിൽ ഭരണാധികാരികളായിത്തീർന്നവരാണ്. ആദ്യകാലത്ത് നില വിലുള്ള ഭരണയന്ത്രംതന്നെ ഉപയോഗപ്പെടുത്തിയെങ്കിലും പിന്നെപ്പി ന്നെ കൂടുതലായി സെമിറ്റിക് വംശജരെ ഉന്നത സ്ഥാനങ്ങളിൽ നി യമിക്കാൻ തുടങ്ങി" (വേദശബ്ദ രത്നാകരം പുറം 272). ഹിക് സോസ് വംശക്കാരുടെ ഭരണകാലത്താണ് യോസഫിൻെറ ഈജിപ് തിലേക്കുള്ള പ്രവേശനമുണ്ടായതെന്ന ഡോ. ഡി. ബാബുപോളിൻെറ അഭിപ്രായം തന്നെയാണ് നെൽസൺസ് ഇല്ലസ്ട്രേറ്റഡ് ബൈബിൾ ഡിക്ഷ്ണറിയും (Nelsons Illustrated Bible Dictionary "Egypt" Page



324) വില്യം നീൽസ് വൺ വാള്യം ബൈബിൾ കമെൻററിയും (William Neil's One Volume Bible Commentary "Genesis: The Story of Joseph" Page 63) ദി ന്യൂ ജെറോം ബിബ്ലിക്കൽ കമൻററിയുമെല്ലാം (The New Jerome Biblical Commentary Page 37) മുന്നോട്ടുവെക്കു ന്നത്. ഹിക്സോസ് വംശജരുടെ ഭരണകാലത്താണ് യോസഫിൻെറ ഈജിപ്ത് ആഗമനമുണ്ടായതെന്ന കാര്യത്തിൽ പ്രമുഖരായ ബൈ ബിൾ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായാന്തരമൊന്നുമില്ലെന്ന ർത്ഥം.

ഹിക്സോസ് വംശം ഏതുകാലത്താണ് ഈജിപ്ത് ഭരിച്ചിരുന്ന തെന്ന് സൂചിപ്പിച്ചുവല്ലോ. ക്രി.മു. 1720-1550ആണ് ഹിക്സോസ് വം ശത്തിൻെറ കാലം. ഈജിപ്തിലെ മധ്യരാജത്വകാല (Middle Kingdom) മാണിത്. ഇക്കാലത്താണ് ഈജിപ്തിലേക്കുള്ള യോസഫിൻെറ ആഗമനമുണ്ടായത്. പതിനഞ്ചാം രാജവംശത്തിൻെറ കാലത്തായിരി ക്കണം ഇത് സംഭവിച്ചിരിക്കുകയെന്നാണ് പണ്ഡിതാഭിപ്രായം. ഫറോവയെന്ന അഭിസംബോധനാ രീതി പുതിയ രാജവംശകാലത്താ ണല്ലോ ആരംഭിച്ചത്. യോസഫിൻെറ കാലത്തെ രാജാവിനെ ഫറോ വയെന്ന് ബൈബിൾ വിളിച്ചിരിക്കുന്നതും അബദ്ധമാണെന്നർത്ഥം.

അബ്രഹാമിൻെറയും യോസഫിൻെറയും കാലത്തെ ഈജിപ്ഷ്യ ൻ ചക്രവർത്തിമാരെ ഫറോവമാരെന്ന് ബൈബിൾ അഭിസംബോധന ചെയ്യുവാനുള്ള കാരണമെന്താണ്? മോശെ പ്രവാചകന്ന് ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാണ് ബൈബിൾ പഴയ നിയമത്തിലെ പുസ്ത കങ്ങളിൽ മിക്കതും എഴുതപ്പെടുന്നത്. വിവിധ ഗ്രന്ഥകാരന്മാരുടെ രചനകളാണല്ലോ അവയിലുള്ളത്. അബ്രഹാമിൻെറയും യോസഫി ൻെറയുമെല്ലാം കഥ ബൈബിളിൽ എഴുതപ്പെട്ട കാലത്ത് ഈജിപ് തിലെ രാജാക്കന്മാരെ വിളിച്ചിരുന്നത് ഫറോവമാരെന്നായിരുന്നിരിക്ക ണം. ഈ പ്രയോഗത്തിൽനിന്ന് ഈജിപ്തിൽ എക്കാലത്തും രാജാ ക്കന്മാരെ ഫറോവമാരെന്നായിരിക്കണം വിളിച്ചതെന്ന നിഗമനത്തി ലെത്തിയ ഗ്രന്ഥകാരന്മാരുടെ സൂക്ഷ്മതക്കുറവുകൊണ്ട് സംഭവിച്ച അബദ്ധമാണിത്. ഈജിപ്തിൻെറ പുരാതന ചരിത്രമോ ഫറോവ യെന്ന പദത്തിൻെറ വ്യുൽപത്തിയോ അറിയാത്ത ഗ്രന്ഥകാരന്മാർ ക്ക് സംഭവിച്ച സ്വാഭാവികമായ ഒരു കൈപ്പിഴ മാത്രമാണിത്. അന്ന ത്തെ അവസ്ഥ വെച്ചു നേക്കുമ്പോൾ ഇത് തികച്ചും സ്വാഭാവികമാ ണുതാനും ഈജിപ്ഷ്യൻ പുരാവിജ്ഞാനീയത്തിൻെറ വളർച്ചയാ

ണ് ഇതൊരു അബദ്ധമാണെന്ന് നമുക്ക് വ്യക്തമാക്കിത്തരികയും ബൈബിൾ രചയിതാക്കൾക്ക് ഇതേപോലെയുള്ള നിരവധി അബദ്ധ ങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന വസ്തുത വെളിച്ചത്തുകൊണ്ടുവരികയും ചെയ്തത്.

ഖുർആനാകട്ടെ, അതിലെ മറ്റെല്ലാ വിഷയങ്ങളിലുമെന്നപോലെ ഫറോവയുടെ നാമപ്രയോഗത്തിലും സംഭവവിവരണങ്ങളിലുമെല്ലാം തികഞ്ഞ സൂക്ഷ്മത പുലർത്തിക്കൊണ്ട് അതിൻെറ ദൈവികത വെളിപ്പെടുത്തുന്നത് കാണാൻ കഴിയും. അത്ഭുതകരമാണ് ഇക്കാര്യ ത്തിൽ ഖുർആൻ പുലർത്തുന്ന സൂക്ഷ്മതയും കൃത്യതയുമെന്നതാ ണ് വസ്തുത. ബൈബിളിലെ ഫറോവയെന്ന ശബ്ദത്തിന് തത്തുല്യ മാണ് ഖുർആനിലെ ഫിർഔൻ. അബ്രഹാമിൻെറയോ യോസഫി ൻെറയോ കാലത്തെ രാജാവിനെക്കുറിച്ച് ഖുർആനിലൊരിടത്തും ഫിർഔൻ എന്ന് പ്രയോഗിക്കുന്നില്ല. യൂസുഫ് നബി (عليه السلام)യുടെ കാലത്ത് ഈജിപ്ത് ഭരിച്ചിരുന്നയാളെ ഖുർആൻ വിളിക്കുന്നത് 'മലി ക്ക്' എന്നാണ് (ഉദാ: 12:43-54, 12:72-76). 'മലിക്ക്' എന്നാൽ രാജാവ് എന്നർത്ഥം. യോസഫിൻെറ കാലത്തെ ഭരണാധികാരിയെ കേവലം രാജാവ് എന്ന് വിളിക്കുന്ന ഖുർആൻ മോശയുടെ കാലത്തെ ചക്ര വർത്തിയെ ഫിർഔൻ എന്നുതന്നെ വിളിക്കുന്നുണ്ട്. മോശയുടെ ചരിത്രവുമായി ബന്ധപ്പെടുത്തി ഫിർഔനിൻെറ നാമം നിരവധി തവണ ഖുർആനിൽ കാണാം. (ഉദാ: 7:104-137, 8:52-54, 10:75-90, 20:24-78, 26:10-66, 28:3-42, 24-46, 43:46-85, 51:38-40, 79:17-25).

പുതിയ രാജത്വകാലത്താണ് ഫറോവയെന്ന അഭിസംബോധനാ രീതിയുണ്ടായതെന്ന് നടേ സൂചിപ്പിച്ചുവല്ലോ. ബി.സി. 1552-1069 ആണ് പുതിയ രാജത്വകാലം. ക്രിസ്തുവിന് മുമ്പ് പതിനാലാം നൂറ്റാണ്ടിൻെറ മധ്യത്തിൽ ബി.സി. 1352നും 1348നും ഇടക്കായിരിക്കണം രാജാക്കന്മാ രെ ഫറോവയെന്ന് അഭിസംബോധന ചെയ്യുന്ന രീതിയുടെ തുടക്ക മെന്നാണ് പണ്ഡിതാഭിപ്രായം. ബി.സി. പതിമൂന്നാം നൂറ്റാണ്ടിൻെറ ആദ്യപകുതിയിലാണ് മോശ ജനിച്ചതെന്നാണ് കരുതപ്പെടുന്നത്. ഫറോവയെന്ന അഭിസംബോധനാ രീതി പ്രചുരപ്രചാരം സിദ്ധിച്ച കാലത്താണ് മോശയുടെ ജനനവും ദൗത്യവുമെല്ലാം ഉണ്ടായതെന്നർ ത്ഥം. മോശയുടെ പ്രബോധനകാലത്തെ രാജാവിനെ ഫിർഔൻ എ ന്ന് സംബോധന ചെയ്തിരുന്ന ഖുർആനിക രീതി പൂർണമായും ശരിയായ ചരിത്രവും പുരാവസ്തു ശാസ്ത്രവുമായി എല്ലാ നിലയ് ക്കും യോജിക്കുന്നതാണെന്ന വസ്തുത അതിൻെറ ദൈവികതയ് ക്കുള്ള തെളിവ് കൂടിയാണ്.



ഫറോവയെക്കുറിച്ച പരാമർശങ്ങളുടെ കാര്യത്തിൽ ഖുർആൻ കൃത്യതയും സൂക്ഷ്മതയും പുലർത്തുന്നുവെന്നും ബൈബിൾ പല അബദ്ധങ്ങളും വരുത്തുന്നുണ്ടെന്നുമുള്ള വസ്തുതകൾ നാം മനസ്സി ലാക്കി. ചരിത്രകഥനങ്ങളുടെ വിഷയത്തിൽ ഖുർആൻ വെച്ചുപുലർ ത്തുന്ന കൃത്യതയ്ക്ക് കാരണം അതിൻെറ ദൈവികതയാണെന്ന വസ്തുത അൽപം ചിന്തിച്ചാൽ തന്നെ ബോധ്യപ്പെടും. ബൈബിള ല്ലാത്ത മറ്റൊരു സ്രോതസ്സും പുരാതന ചരിത്രത്തിൻെറ കാര്യത്തിൽ നിലവിലില്ലാതിരുന്ന കാലത്ത് അവതരിപ്പിക്കപ്പെട്ട ഖുർആനിക വച നങ്ങൾ അബദ്ധങ്ങളിൽനിന്ന് പൂർണമായി മുക്തമാണെന്ന വസ്തു ത അതിൻെറ ദൈവികതയല്ലാതെ മറ്റെന്താണ് വ്യക്തമാക്കുന്നത്? ബൈബിളിൽ അബദ്ധങ്ങൾ പരാമർശിക്കപ്പെട്ട അതേ ചരിത്രംതന്നെ കൈകാര്യം ചെയ്യുമ്പോഴും ഖുർആനിൽ അതേ അബദ്ധം ആവർ ത്തിക്കപ്പെടുന്നില്ലെന്ന വസ്തുത ബൈബിളിൽ നിന്ന് പകർത്തിയെ ഴുതിയതാണ് ഖുർആനിലെ പ്രവാചക കഥകളെന്ന വാദത്തിന്റെ നട്ടെല്ലൊടിക്കുന്നു എന്നതാണ് സത്യം.

**അനുബന്ധം 2**

## ബൈബിൾ കഥകളുടെ ചരിത്രപരത

നോഹ മുതലുള്ള പ്രവാചകന്മാരുടെ കഥകൾ ബൈബിൾ വിവരിക്കുന്നുണ്ട്. ഈ കഥകൾ എന്തുമാത്രം ചരിത്രപരമാണെന്ന കാര്യത്തിൽ ബൈബിൾ പണ്ഡിതന്മാർ വ്യത്യസ്ത അഭിപ്രായങ്ങൾ പുലർത്തുന്നവരാണ്. ബൈബിളിൽ വിവരിക്കപ്പെടുന്ന ചരിത്രകഥകൾ അവ നൽകുന്ന സന്ദേശങ്ങളുടെ അടിസ്ഥാനത്തിലാണ് വിലയിരുത്തപ്പെടേണ്ടതെന്നാണ് പണ്ഡിതന്മാരിൽ നല്ലൊരു വിഭാഗത്തിൻെറ അഭിപ്രായം. ചരിത്രകഥനത്തിൻെറ വിശദാംശങ്ങൾ ചിലപ്പോൾ തെറ്റായി പ്രതിപാദിക്കപ്പെട്ടിട്ടുണ്ടാവാം എന്ന വസ്തുത അവർ അംഗീകരിക്കുന്നു. ഡോ.മാത്യു വെള്ളാനിക്കൽ എഴുതുന്നു: 'ബൈബിളിൻെറ പ്രമാദരാഹിത്യത്തെക്കുറിച്ചു വിധി പറയുമ്പോൾ അതിൻെറ സന്ദേശവും ആ സന്ദേശം അവതരിപ്പിക്കുന്നതിന് ഉപകരണങ്ങളായിത്തീരുന്ന വസ്തുക്കളും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കേണ്ടതുണ്ട്. സന്ദേശം ദൈവികമാണ്. അത് ദൈവത്തിൻെറ പ്രമാദരാഹിത്യത്തിൽ ഉൾപ്പെടുന്നതുമായിരിക്കാം. എന്നാൽ അതിന് ഉപകരണങ്ങളായ ഉപാധികൾക്ക് സന്ദേശത്തിൻെറ പ്രമാദരാഹിത്യത്തെ ഹനിക്കാത്ത വിധത്തിലുള്ള പ്രമാദരാഹിത്യമേ കൽപിക്കേണ്ടതുള്ളൂ. മനുഷ്യരക്ഷക്കു വേണ്ടി ദൈവം നൽകാൻ ഉദ്ദേശിക്കുന്ന സന്ദേശത്തിനു മാത്രമേ പ്രമാദരാഹിത്യമുള്ളൂ. അതിനുപകരണമായിത്തീരുന്ന പ്രസ്താവനകൾക്ക് ആപേക്ഷികമായ ഒരു പ്രമാദരാഹിത്യമേയുള്ളൂ. ഉദാഹരണത്തിന് നോഹിൻെറ കാലത്തെ ജലപ്രളയം ദൈവത്തിൻെറ നീതിയെക്കുറിച്ചും കരുണയെക്കുറിച്ചുമുള്ള സന്ദേശം അവതരിപ്പിക്കുന്നതിൽ മാത്രം പ്രമാദരഹിതമാണ്. എന്നാൽ അവിടെ അവതരിപ്പിക്കപ്പെടുന്ന വിശദാംശങ്ങളിൽ പ്രമാദരാഹിത്യം ഉണ്ടായിരിക്കണമെന്നില്ല'

ബൈബിളിൽ വിവരിക്കപ്പെട്ടിരിക്കുന്ന പല സംഭവങ്ങളും ചരിത്രപരമായി കൃത്യമല്ലെന്ന വസ്തുത ബൈബിൾ പണ്ഡിതന്മാർ അംഗീകരിക്കുന്നുണ്ട്. 'ചരിത്രപരമായി കൃത്യമല്ലാത്ത ചില പ്രസ്താവനകളും ബൈബിളിൽ കണ്ടെന്നുവരാം (ദാനി 5)'.

ചരിത്രപഠനത്തിൻെറ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അഭിവീക്ഷിക്കുമ്പോൾ തെറ്റാണെന്നു മനസ്സിലാവുന്ന ബൈബിൾ പരാമർശങ്ങൾ ദൈവനിവേശമെന്ന ആശയത്തിനു മുമ്പിലെ പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്നാണ്. ബൈബിളിലുള്ള ചരിത്രപരമായ തെറ്റുകളും ദൈവനിവേശനമെന്ന ആശയവും തമ്മിൽ പൊരുത്തപ്പെടുത്തുവാൻ ആധുനിക പണ്ഡിതന്മാർ കിണഞ്ഞു പരിശ്രമിക്കുന്നുണ്ട്. പക്ഷെ വിശദീകരണങ്ങൾ വിഷയത്തെ കൂടുതൽ സങ്കീർണ്ണമാക്കുകയാണ് ചെയ്യുന്നത്. ഡോ.മൈക്കിൾ കാരിമറ്റം എഴുതുന്നു: 'ആധുനിക ശാസ്ത്രത്തിൻേറയും ചരിത്രപഠനങ്ങളുടേയും മറ്റും കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ ബൈബിളിലെ ചില പ്രസ്താവനകൾ തെറ്റായി തോന്നിയേക്കാം. ശാസ്ത്രമോ, ലോകചരിത്രമോ പഠിപ്പിക്കുന്ന ഒരു ഗ്രന്ഥമല്ല, രക്ഷാചരിത്രമാണ് ബൈബിൾ എന്ന ബോധ്യത്തോടെ വേണം ബൈബിളിലെ പഠനങ്ങളെ സമീപിക്കുവാൻ. ഓരോ പുസ്തകവും എഴുതപ്പെട്ട കാലത്തു നിലനിന്നിരുന്ന പ്രപഞ്ചവീക്ഷണങ്ങളും സാഹിത്യശൈലികളും മാനുഷിക ഗ്രന്ഥകാരന്മാരെ സ്വാധീനിച്ചിട്ടുണ്ട് എന്ന കാര്യം മറക്കാവതല്ല. ഗ്രന്ഥകാരൻ പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന രക്ഷാകരസത്യം എന്ത് എന്ന് മനസ്സിലാക്കാനാണ് ശ്രമിക്കേണ്ടത്.'

വിശദീകരണത്തിന് വഴങ്ങാത്ത ബൈബിൾ വിവരണങ്ങൾ ദൃഷ്ടാന്ത കഥകളാ (parable)ണെന്ന വിശദീകരണത്തിൽ അഭയം തേടുകയാണ് ബൈബിൾ പണ്ഡിതന്മാർ ചെയ്യുന്നത്. റെയ്മണ്ട്-ഇ-ബ്രൗൺ എഴുതുന്നു: 'ദൈവനിവേശിതമായതെല്ലാം ചരിത്രമാണെന്നാണ് പലരുടെയും ധാരണ. അത് ശരിയല്ല. കവിത, നാടകം, ഐതിഹ്യം, കഥ എന്നിവയൊക്കെ ദൈവനിവേശിതമാകാം. യോനായുടെ പുസ്തകം ചരിത്രമല്ല; ഒരു ഉപമാകഥ (parable)യാണെന്നു സൂചിപ്പിച്ചുവല്ലോ...... യോനായെന്നു പേരുള്ള ഒരു യഥാർത്ഥ വ്യക്

തിയെ വലിയൊരു മത്സ്യം വിഴുങ്ങിയെന്ന് വിശ്വസിക്കാൻ നാം ബാധ്യസ്ഥരാണെന്ന് ദൈവനിവേശനം അർത്ഥമാക്കുന്നില്ല. യോനായുടെ പുസ്തകം ഒരു ചരിത്രഗ്രന്ഥമാണെങ്കിൽ മാത്രമെ അതിൽ പ്രതിപാദിച്ചിട്ടുള്ള സംഭവം ചരിത്രവസ്തുതയാണോയെന്ന ചോദ്യം ഉദിക്കുകയുള്ളൂ.'

വിശദീകരിക്കാനാവാത്ത ബൈബിൾ സംഭവങ്ങൾ ദൈവനിവേശിതമായ ഉപമാകഥകൾ മാത്രമാണെന്നും ചരിത്രമല്ലെന്നും പറഞ്ഞു രക്ഷപ്പെടുകയാണ് ആധുനിക ബൈബിൾ പണ്ഡിതന്മാർ ചെയ്യുന്നത്. ഇവിടെ പ്രധാനപ്പെട്ട ഒരു പ്രശ്നമുണ്ട്. ബൈബിളിൽ ചരിത്രവും ഉപമകളും ഐതിഹ്യങ്ങളുമെല്ലാം ഉണ്ടെങ്കിൽ ഇവ തമ്മിൽ വേർതിരിച്ചു മനസ്സിലാക്കുവാനുള്ള മാനദണ്ഡമെന്താണെന്നതാണ് അത്. ബൈബിളിലൊരിടത്തും ഇന്ന കഥകൾ ചരിത്രമാണെന്നോ ഇന്ന കഥകൾ ഉപമകളാണെന്നോ പറഞ്ഞിട്ടില്ല. നടന്ന സംഭവങ്ങളെന്ന നിലക്കു തന്നെയാണ് ബൈബിളിലെ മുഴുവൻ കഥകളും വിവരിക്കപ്പെടുന്നത്. 'യോന'യുടെ പുസ്തകത്തിലെ യോനാ പ്രവാചകൻെറ കഥയിലൊരിടത്തും അതൊരു ഉപമയാണെന്നു സൂചിപ്പിച്ചിട്ടില്ല. യേശുക്രിസ്തുവടക്കം യോനായുടെ കഥ സംഭവിച്ചതു തന്നെയാണെന്നായിരുന്നു വിശ്വസിച്ചിരുന്നതെന്നാണ് പുതിയ നിയമത്തിലെ ചില പ്രസ്താവനകളിൽ നിന്ന് മനസ്സിലാവുന്നത്. (മത്തായി 12:39,40). വിമർശനാത്മക ബൈബിൾ പഠനരീതി ആരംഭിക്കുന്നതിന് മുമ്പ് മുഴുവൻ ക്രിസ്ത്യാനികളും മനസ്സിലാക്കിയിരുന്നത് യോനായുടെ കഥയടക്കം ബൈബിളിൽ വിവരിക്കപ്പെട്ടിരിക്കുന്ന സകല വിവരങ്ങളും സത്യസന്ധവും ചരിത്രപരവുമാണെന്നായിരുന്നു. അതിൽ നിന്ന് വ്യത്യസ്തമായി ചില ബൈബിൾ കഥകൾ ഉപമാകഥകൾ മാത്രമാണെന്ന് പറയുമ്പോൾ അതിനുള്ള കാരണം വ്യക്തമാക്കേണ്ടതുണ്ട്.

ബൈബിളിൽ പരാമർശിക്കുന്ന ചില കഥകളെങ്കിലും കേവലം ഉപമാകഥകളാണെന്ന് സമ്മതിക്കുന്ന ബൈബിൾ പണ്ഡിതന്മാർ യഥാർത്ഥത്തിൽ ബൈബിൾ വിശദീകരണങ്ങളുടെ ചരിത്രപരതയേയും ദൈവനിവേശനമെന്ന ആശയത്തേയും ഖണ്ഡിക്കുകയാണ് ചെയ്യുന്നത്. ചരിത്രമെന്ന നിലയിൽ ബൈബിളിൽ വിവരിച്ച ചില കഥകൾ ഉപമകൾ മാത്രമാണെങ്കിൽ മറ്റു ചിലവ നടന്നവയാണെന്ന് പറയാൻ എന്താണ് തെളിവ്? ഇവിടെ ബൈബിളിന് തീരെ ചരിത്രപരത അവകാശപ്പെടാനാവില്ലെന്ന യാഥാർത്ഥ്യമാണ് വ്യക്തമാകുന്നത്.



ബൈബിളിൻെറ വ്യത്യസ്ത പുസ്തകങ്ങൾ എഴുതിയവർ അവയുടെ ഉള്ളടക്കം ചരിത്രമാണെന്ന രൂപത്തിൽ തന്നെയാണ് അവ എഴുതിയിട്ടുള്ളതെന്ന് ബൈബിൾ ഒരാവർത്തി വായിക്കുന്ന ആർക്കും ബോധ്യപ്പെടും. ദൈവാത്മപ്രചോദിതമായിട്ടാണ് ബൈബിളിലെ പുസ്തകങ്ങൾ രചിക്കപ്പെട്ടത് എന്നാണല്ലോ വിശ്വാസം. ചരിത്രപരമായി തെറ്റായ പരമാർശങ്ങൾ മാത്രം ദൈവാത്മപ്രചോദനത്തിൽ നിന്ന് വേറിട്ടവയാണെന്ന് പറയാനാവില്ല. ദൈവനിവേശിതമാണ് ബൈബിൾ എന്നു പറയുകയും അതിൽ ചരിത്രപരമായി കൃത്യമല്ലാത്ത പ്രസ്താവനകളുണ്ടെന്നു സമ്മതിക്കുകയും ചെയ്യുന്നവർ ദൈവം സർവജ്ഞനാണെന്ന ആശയത്തെ നിഷേധിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്.

ചരിത്രമെന്ന രീതിയിൽ ബൈബിളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ചില സംഭവങ്ങളെങ്കിലും ഉപമകൾ മാത്രമാണെന്ന് സമ്മതിക്കുകയും ബൈബിൾ ദൈവനിവേശിതമാണെന്ന് വാദിക്കുകയും ചെയ്യുന്നവർ ദൈവത്തെ കള്ളം പറയുന്നവനാക്കുകയാണ് ചെയ്യുന്നത്. ഈയടുത്ത കാലം വരെയുള്ള ബൈബിൾ വ്യാഖ്യാതാക്കളെല്ലാം ബൈബിളിൽ പ്രതിപാദിച്ചവയെല്ലാം യഥാർത്ഥ സംഭവങ്ങളാണെന്നാണ് കരുതിയതും പ്രചരിപ്പിച്ചതും. ഉപമാകഥകൾ മാത്രമാണെന്ന് ഇപ്പോൾ പറയുന്ന സംഭവങ്ങൾ അവ യഥാർത്ഥ സംഭവങ്ങളാണെന്ന് തോന്നിപ്പിക്കുന്ന തരത്തിലാണ് വിവരിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടാണല്ലോ വിമർശനാത്മക പഠനരീതി വികാസം പ്രാപിക്കുന്നതിന് മുമ്പ് ക്രിസ്ത്യാനികളെല്ലാം ബൈബിൾ അപ്പടി ചരിത്രമാണെന്നാണ് വിശ്വസിച്ചു പോന്നത്. കഴിഞ്ഞ ഇരുപതു നൂറ്റാണ്ടുകാലമായി ജനങ്ങൾ അന്ധതയിലായിരുന്നുവെന്ന് സാരം. ബൈബിൾ ദൈവനിവേശിതമാണെങ്കിൽ ജനങ്ങളെ രണ്ടു സഹസ്രാബ്ദക്കാലം അന്ധകാരത്തിൽ കുരുക്കിയിട്ടത് ദൈവമാണെന്ന് പറയേണ്ടിവരും.

**ദാനും അബ്രഹാമും:**

യാക്കോബിൻെറ പന്ത്രണ്ട് പുത്രന്മാരിൽ ഒരാളുടെ പേരാണ് 'ദാൻ'. ഭാര്യയായ റാഹേലിൻെറ ദാസി ബിൽഹയിൽ യാക്കോബിനുണ്ടായ ഒന്നാമത്തെ സന്തതി. (ഉൽപ്പത്തി 30:1-6) ദാനിൻെറ പുത്രപാരമ്പര്യത്തിനാണ് ദാൻ കുടുംബം എന്ന് പറയുന്നത്. (സംഖ്യ 26:42,43) എഫ്രയീം ഗോത്രത്തിന് തെക്കും ഫെലിസ്ത്യ ദേശത്തിന്

വടക്കുകിഴക്കുമുള്ള ഒരു ഇടുങ്ങിയ മലമ്പ്രദേശമായിരുന്നു ആദ്യ കാലത്ത് ഈ ഗോത്രത്തിൻേറതായുണ്ടായിരുന്നത്. കാനാന്യരുടെ ഉപദ്രവങ്ങൾ കാരണം ദാന്യരിൽ ചിലർ ദക്ഷിണ പലസ്തീനിലുള്ള തങ്ങളുടെ നാടുപേക്ഷിച്ച് പുറപ്പെട്ട് കാനാൻ ദേശത്തിൻെറ വടക്കേ അതിർത്തിയിലുള്ള 'ലേശേം' (ലേയീശ് എന്നും പേരുണ്ട്) എന്ന ഗ്രാമം പിടിച്ചടക്കി അതിന് തങ്ങളുടെ പിതാവായ ദാനിൻെറ പേര് നൽകുകയും അവിടെ കുടിയേറിപ്പാർക്കുകയും ചെയ്തു. ഇക്കാര്യം യോശുവയുടെ പുസ്തകത്തിൽ സൂചിപ്പിക്കുന്നത് കാണുക "തങ്ങളുടെ ദേശം നഷ്ടപ്പെട്ടപ്പോൾ ദാനിയർ ലേശെയിനെതിരെ പൊരുതി അത് പിടിച്ചടക്കി; വാളിന്നിരയാക്കി അവർ അത് കൈവശമാക്കി അവിടെ പാർത്തു. അവർ ലേശെമിന്ന് ദാൻ എന്ന് പേരു കൊടുത്തു; തങ്ങളുടെ പൂർവ്വികനായ ദാനിൻെറ പേര്' (യേശുവ 19:47)

ഇതിൽനിന്ന് മോശെയ്ക്കും ഒരുപാട് കാലം കഴിഞ്ഞാണ് ദാൻ എന്ന പേരിൽ ഒരു പ്രദേശമുണ്ടായത് എന്ന വസ്തുത സുതരാം വ്യക്തമാണ്. എന്നാൽ അബ്രഹാമിൻെറ കാലത്തുതന്നെ ദാൻ എന്ന പ്രദേശമുണ്ടായിരുന്നുവെന്ന് തോന്നിപ്പിക്കുന്ന വ്യക്തമായ വചനങ്ങൾ ബൈബിളിലുണ്ട്. ഉൽപ്പത്തി പുസ്തകം നോക്കുക: "സഹോദര പുത്രനെ തടവുകാരനായി കൊണ്ടുപോയ വിവരമറിഞ്ഞപ്പോൾ അബ്രഹാം തൻെറ വീട്ടിൽ പിറന്നവരും പരിശീലനം നേടിയവരുമായ മുന്നൂറ്റി പതിനെട്ട് യോദ്ധാക്കളുമായി പുറപെട്ട് ശത്രുവിനെ ദാൻ വരെ പിന്തുടർന്നു" (ഉൽപ്പതി 14:14)

അബ്രാഹമിൻെറ കാലത്ത് ദാൻ എന്ന ഒരു പ്രദേശം തന്നെ നിലവിലുണ്ടായിരുന്നില്ലെന്നാണ് ബൈബിൾ പറയുന്നത്. പിന്നെയെങ്ങിനെയാണ് അബ്രഹാം ദാനിലേക്ക് പോവുക? ഇത് ബൈബിളിലുള്ള വ്യക്തമായ ചരിത്രവൈരുദ്ധ്യങ്ങളിലൊന്നാണെന്ന കാര്യത്തിൽ സംശയമൊന്നുമില്ല.

**രാംസെസും യോസഫും**

ഇസ്രായേൽ സ്ഥാപിച്ച രണ്ട് സംഭരണശാലാ നഗരങ്ങളെക്കുറിച്ച് ബൈബിൾ നമുക്ക് പറഞ്ഞ് തരുന്നുണ്ട്. പീഥോമും രാംസെസുമാണവ. പുറപ്പാട് പുസ്തകം പറയുന്നത് കാണുക "അപ്പോൾ അവർ കഠിനാധ്വാനംകൊണ്ട് ഇസ്രായേൽ ജനങ്ങളെ പീഢിപ്പിക്കുവാൻ കങ്കാണികളെ ഏർപ്പെടുത്തി. ഇങ്ങനെ പീഥോം, രാംസെസ് എന്നീ സംഭരണശാലാ നഗരങ്ങൾ അവർ ഫറോവോനുവേണ്ടി നിർമ്മിക്കുകയും ചെയ്തു" (പുറ 1:11)



ഈ രണ്ട് നഗരങ്ങളും സ്ഥാപിക്കപ്പെട്ടത് രാംസെസ് രണ്ടാമന്റെ (ബി.സി 1279-1212) കാലത്താണ്. 'രാംസെസ് II എന്ന ഫറോവായുടെ ഓർമ്മക്കായാണത്രെ നഗരത്തിന് ഈ പേര് നൽകപ്പെട്ടത്" (ഡോ. ഡി. ബാബുപോൾ: വേദശബ്ദ രത്നാകരം, പുറം 584). "യോസേഫിനെക്കുറിച്ച് അറിവില്ലാത്ത ഒരു പുതിയ രാജാവായാണ് രാംസെസിനെ ബൈബിൾ പരിചയപ്പെടുത്തുന്നത്. 'യോസേഫിനെക്കുറിച്ച് അറിവില്ലാതിരുന്ന പുതിയ ഒരു രാജാവ് ഈജിപ്തിൽ അധികാരമേറ്റു" (പുറ 1:8)വെന്നാണ് രാംസെസിൻെറ അധികാരാരോഹണത്തെപ്പറ്റി ബൈബിൾ പറയുന്നത്. യോസേഫിന് ശേഷം കുറെ കാലം കഴിഞ്ഞാണ് രാംസെസ് അധികാരമേറ്റതെന്നർത്ഥം. ഈ രാംസെസിൻെറകാലത്ത് നിർമ്മിക്കപ്പെട്ടതാണ് രാംസെസ് നഗരം. യോസഫിൻെറ കാലത്ത് ഇങ്ങനെയൊരു നഗരമുണ്ടായിരുന്നില്ലെന്നർത്ഥം.

എന്നാൽ ഉൽപത്തി പുസ്തകം പറയുന്നത് ഇതിൽനിന്ന് തികച്ചും വിരുദ്ധമായ സംഗതിയാണ്. യാക്കോബിനും പുത്രന്മാർക്കുംകൂടി ഫറോവയുടെ നിർദ്ദേശപ്രകാരം കൈവശംകൊടുക്കപ്പെട്ട നഗരമാണ് രാംസെസ് എന്നാണ് ഉൽപത്തി പുസ്തകത്തിലുള്ളത്. "യോസേഫ് പിതാവിനെയും സഹോദരന്മാരെയും ഈജിപ്തിൽ കുടിയിരുത്തി. ഈജിപ്ത് ദേശത്തിലെ ഏറ്റവും നല്ല പ്രദേശമായ രാംസസ് ദേശത്ത് ഫറോവാൻ കൽപിച്ചത് പ്രകാരം, അവർക്ക് കൈവശാവകാശം കൊടുത്തു" (ഉൽപത്തി 47:11)

യോസേഫിൻെറ കാലത്ത് രാംസെസ് നഗരംതന്നെയുണ്ടായിരുന്നില്ല. പിന്നെയെങ്ങനെയാണ് രാംസെസ് നഗരത്തിൻെറ കൈവശാവകാശം അദ്ദേഹം പിതാവിനും സഹോദരങ്ങൾക്കും നൽകുക?

ഇങ്ങനെ ബൈബിളിൽ ഒട്ടനവധി അബദ്ധങ്ങൾ നമുക്ക് കാണാനാവും. ഈ അബദ്ധങ്ങളെ ന്യായീകരിക്കുവാനോ വ്യാഖ്യാനിക്കുവാനോ കഴിയാതെ പ്രയാസപ്പെടുകയാണ് ബൈബിൾ പണ്ഡിതന്മാർ.

**അനുബന്ധം 3**

## യേശുകഥയുടെ ചരിത്രപരത

യേശുവിനെക്കുറിച്ച് സമകാലികരായിരുന്ന ചരിത്രകാരന്മാരൊന്നും രേഖപ്പെടുത്താത്തതിനാൽ അങ്ങനെയൊരു വ്യക്തി ജീവിച്ചിരുന്നിട്ടേയില്ലയെന്ന് വാദിക്കുന്ന യുക്തിവാദികളുണ്ട്. ജോസിഫസ് എന്ന യൂദ ചരിത്രകാരൻ ക്രിസ്തുവിനെക്കുറിച്ച് പറഞ്ഞതായി ക്രിസ്തുമത പ്രചാരകന്മാർ ഉദ്ധരിക്കാറുണ്ടെങ്കിലും പ്രസ്തുത പ്രസ്താവനകൾ ജോസിഫസിന്റെ ഗ്രന്ഥത്തിൽ കൂട്ടിച്ചേർത്തതാണെന്നാണ് വിമർശകർ വാദിക്കുന്നത്. അത് എന്തായിരുന്നാലും, ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം യേശുവിന്റെ ജനനം, പ്രബോധനങ്ങൾ, മരണം, എന്നിവയെക്കുറിച്ച് അറിവു നൽകുന്ന ഗ്രന്ഥങ്ങൾ നാലു സുവിശേഷങ്ങളാണ്. ഖുർആനിൽ യേശുവിനെക്കുറിച്ച് ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ടെങ്കിലും ക്രൈസ്തവർക്ക് അത് അസ്വീകാര്യമാണല്ലോ. അപ്പോൾ യേശുവിനെക്കുറിച്ച് ക്രൈസ്തവരുടെ അറിവ് സുവിശേഷങ്ങളെ ആശ്രയിച്ചാണിരിക്കുന്നത്. സുവിശേഷങ്ങൾ ദൈവനിവേശിതങ്ങളായതിനാൽ അവ നൽകുന്ന വിവരങ്ങൾ നൂറു ശതമാനം സത്യസന്ധവും സ്വീകരിക്കാൻ കൊള്ളുന്നതുമാണെന്നായിരുന്നു പൊതുവായ ക്രൈസ്തവ കാഴ്ചപ്പാട്. ബൈബിൾ നൽകുന്ന യേശുചിത്രം ചരിത്രപരവും വസ്തുനിഷ്ഠവുമാണെന്നായിരുന്നു വിശ്വാസം.

പുതിയ നിയമത്തെക്കുറിച്ച ഗവേഷണങ്ങൾ ഈ പരമ്പരാഗത ധാരണയ്ക്ക് ഇളക്കം തട്ടിച്ചിട്ടുണ്ട്. യേശുവിന്റെ ചരിത്രവുമായി ബന്ധപ്പെട്ട് സുവിശേഷകർത്താക്കൾ ഉദ്ധരിക്കുന്ന സംഭവങ്ങളിൽ



പലതും ഭാവനാസൃഷ്ടിയാണെന്നാണ് ഗവേഷകർ അഭിപ്രായപ്പെടുന്നത്. ക്രിസ്തുവിന്റെ ശിശുകഥയുമായി ബന്ധപ്പെട്ട് സുവിശേഷങ്ങൾ വിവരിക്കുന്ന കാര്യങ്ങൾ എത്രത്തോളം ചരിത്രപരമാണെന്ന് ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പ്രഗത്ഭ ബൈബിൾ പണ്ഡിതനായ റെയ്മണ്ട്-ഇ-ബ്രൗൺ തന്റെ 'മിശിഹായുടെ ജനനം' (The birth of Messiah) എന്ന ഗ്രന്ഥത്തിൽ വിശദമായി പരിശോധിക്കുന്നുണ്ട്. ഫാദർ.ഫ്രാൻസി കൊടിയൻ, ഫാ.ജോസ് മാണപ്പറമ്പിൽ, ഫാ:വർഗീസ് പെരേപ്പാടൻ തുടങ്ങിയവർ ചേർന്ന് വിവർത്തനം ചെയ്തിരിക്കുന്ന 401 പേജുകളുള്ള ഈ പുസ്തകത്തിന്റെ മലയാള പരിഭാഷ അലൂരിലെ ബിബ്ളിയ പബ്ലിക്കേഷൻസ് ആണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ഇരുപതിലേറെ ഓണററി ഡോക്ടറേറ്റുകളുള്ള അമേരിക്കൻ ബൈബിൾ പണ്ഡിതനായ റെയ്മണ്ട്-ഇ-ബ്രൗൺ വിശദമായ പഠനങ്ങൾക്ക് ശേഷം എത്തിച്ചേരുന്ന നിഗമനങ്ങൾ ഇങ്ങനെ സംക്ഷേപിക്കാം.

(1) മത്തായിയും ലൂക്കോസും നൽകുന്ന യേശുവിന്റെ വംശാവലി കൃത്യമല്ല. വരാനിരിക്കുന്ന മിശിഹാ ദാവീദു വംശജനായിരിക്കുമെന്നായിരുന്നു യഹൂദവിശ്വാസം. യേശു മിശിഹയാണെങ്കിൽ ദാവീദ് വംശജനാകണമല്ലോ. അതിനു വേണ്ടി ദാവീദിന്റെ വംശാവലിയിൽ യേശുവിനെ തിരുകിക്കയറ്റി അവതരിപ്പിക്കുകയാണ് സുവിശേഷകന്മാർ ചെയ്തിരിക്കുന്നത്. 'മത്തായിയും ലൂക്കായും തരുന്ന വംശാവലി കുടുംബത്തിൻേറതാണ് എന്ന നിഗമനത്തെ മുകളിൽ കണ്ട പ്രശ്നങ്ങളുടെ വെളിച്ചത്തിൽ മിക്ക ആധുനിക ചിന്തകരും തള്ളിക്കളയുന്നുണ്ട്. ജനകീയമായിരുന്ന ദാവീദ് രാജപരമ്പരയുടെ അന്ത്യത്തിൽ, യൗസേപ്പിന്റെയും യേശുവിന്റെയും പേരുകൾ കൂട്ടിച്ചേർത്തതാണ് മത്തായി നൽകുന്ന വംശാവലി; ലൂക്കോയുടെതാകട്ടെ യൗസേപ്പിന്റെ പൂർവ്വികരുടെ കുടുംബപട്ടികയും. ഇതാണ് ആധുനിക നിഗമനം'[1]

(2) ഇസ്രായീലിനെ ഫറോവയിൽ നിന്നു രക്ഷിച്ച മോശയുടെ ചരിത്രത്തോട് സാമ്യപ്പെടുത്തിക്കൊണ്ടാണ് മത്തായി തന്റെ യേശുകഥ നിർമിക്കുന്നത്. അതിനാൽ യേശുവിന്റെ ജീവിതത്തിൽ സംഭവിക്കാത്ത പലതും മത്തായിയുടെ യേശുകഥയിലുണ്ട്. [2]

(3) പഴയനിയമത്തിൽ പ്രവചിക്കപ്പെട്ട പ്രവാചകനാണ് യേശുവെന്ന് വരുത്തിത്തീർക്കുന്നതിനു വേണ്ടിയാണ് മത്തായി ശ്രമിച്ചിരിക്കു

ന്നത്. അതിനാൽ പഴയനിയമ പ്രവചനങ്ങൾക്കനുസൃതമായി യേശു കഥ മെനഞ്ഞെടുക്കുകയാണ് അദ്ദേഹം ചെയ്തിരിക്കുന്നത്.[3]

(4) യേശു ജനിച്ച കാലഘട്ടത്തിലെ മുഴുവൻ ജ്യോതിശാസ്ത്ര രേഖകളും പരിശോധിച്ചാലും മത്തായി 2:1-12ൽ പറയുന്ന രീതിയിൽ യേശു ജനനത്തോടനുബന്ധിച്ച് ബെത്ലഹേമിന് മുകളിൽ ഒരു നക്ഷത്രം പ്രത്യക്ഷപ്പെട്ടുവെന്ന വിവരണത്തിന് ഉപോൽബലകമായ ഒരു തെളിവുപോലും ലഭിക്കുകയില്ല. (ധൂമകേതുക്കൾ, ഗ്രഹങ്ങളുടെ സംഗമം, നവജാതനക്ഷത്രങ്ങൾ തുടങ്ങിയവയെക്കുറിച്ച ജ്യോതിശാസ്ത്ര രേഖകളെല്ലാം റെയ്മണ്ട് ബ്രൗൺ പരിശോധിക്കുന്നുണ്ട്). ബെത്ലഹേമിനു മുകളിൽ യേശുവിന്റെ ജനനത്തോടനുബന്ധിച്ച് ഒരു നക്ഷത്രം പ്രത്യക്ഷപ്പെടുകയും അതുകണ്ട് പൗരസ്ത്യ ദേശത്തു നിന്ന് ജ്ഞാനികൾ ഹെറോദോസ് രാജാവിനോട് യഹൂദ രാജാവിനെക്കുറിച്ച് അന്വേഷിക്കുകയും അങ്ങനെ യേശു ജനിച്ച സ്ഥലത്തെത്തിച്ചേരുകയും ചെയ്തുവെന്ന കഥ മത്തായി മെനഞ്ഞെടുത്തതാണ്. അത് ചരിത്രപരമല്ല.

ഈ കഥ ചരിത്രപരമല്ലെന്നതിന് മറ്റു പുതിയനിയമ ഭാഗങ്ങളും തെളിവു നൽകുന്നുവെന്നാണ് റെയ്മണ്ട് ബ്രൗൺ പറയുന്നത്. അദ്ദേഹം എഴുതുന്നു: 'മത്തായി രണ്ടാമധ്യായമനുസരിച്ച് ജ്ഞാനികൾ ഹേറോദോസിനെ സന്ദർശിച്ചപ്പോഴാണ് അദ്ദേഹവും പ്രധാനപുരോഹിതന്മാരും പശീശന്മാരുമെല്ലാം യൂദരുടെ രാജാവിന്റെ ജനനത്തെപ്പറ്റി അറിഞ്ഞത്. ജറൂസലം മുഴുവൻ ആ സംഭവത്തെ സംബന്ധിച്ച് അസ്വസ്ഥമാവുകയും ചെയ്തു. എന്നിട്ടുപോലും യേശു തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചപ്പോൾ അവിടുത്തെപ്പറ്റി ആർക്കെങ്കിലും കാര്യമായ അറിവോ പറയത്തക്ക പ്രതീക്ഷകളോ ഉണ്ടായിരുന്നതായി കാണുന്നില്ല. (മത്തായി 13:54-56) ഹെറോദോസിന്റെ മകൻ അന്തിപ്പാസിനാകട്ടെ യേശുവിനെപ്പറ്റി യാതൊരു വിവരവുണ്ടായിരുന്നില്ല. (ലൂക്കോസ് 8:7-9). ലൂക്കോസിന്റെ സുവിശേഷത്തിൽ സ്നാപക യോഹന്നാന്റെ അമ്മയായ ഏലിശാ യേശുവിന്റെ അമ്മയായ മറിയത്തിന്റെ ബന്ധുവാണ്. തന്മൂലം അവരുടെ കുട്ടികൾ തമ്മിലും ബന്ധമുണ്ടല്ലോ. ഇതെല്ലാമായിട്ടും പരസ്യശുശ്രൂഷാകാലത്ത് യേശുവും സ്നാപകയോഹന്നാനും ബന്ധക്കാരാണെന്നതിനെപ്പറ്റി ഒരു സൂചനയും സുവിശേഷത്തിലില്ല. പോരെങ്കിൽ യോഹന്നാൻ1:33ൽ സ്നാപകൻ "ഞാൻ അവനെ അറിഞ്ഞിരുന്നില്ല" എന്നു പറയുന്നുണ്ട്. ശൈശവ വിവരണങ്ങളുടെ ചരിത്രപരതയെപ്പറ്റി സംശയമുണർത്തുന്ന സുവിശേഷ ഭാഗങ്ങളിൽ ചിലതുമാത്രമാണിവ'.



(5) യേശു ജനിച്ചത് യഥാർത്ഥത്തിൽ ബെത്ലഹേമിലല്ല. ദാവീദിന്റെ പുത്രനായ മിശിഹ ബെത്ലഹേമിലാണ് ജനിക്കുകയെന്ന യഹൂദ പാരമ്പര്യത്തിനനുസൃതമായി യേശുകഥ മെനഞ്ഞെടുത്ത മത്തായിയും ലൂക്കോസും ബെത്ലഹേമിലാണ് യേശു ജനിച്ചതെന്ന് വരുത്തി ത്തീർക്കുകയാണ് ചെയ്തിരിക്കുന്നത്.

'യഹൂദ ചിന്തയനുസരിച്ച് ദാവീദാത്മജനായ മിശിഹാ ദാവീദിന്റെ പട്ടണമായ ബെത്ലഹേമിൽ ജനിക്കണം. അതിനാൽ ഈശോ ജനിച്ചത് ബെത്ലഹേമിലാണ് എന്ന കഥ മെനഞ്ഞെടുത്തു'

'രണ്ടാമതായി, മറ്റു പുതിയ നിയമഭാഗങ്ങൾ ഈശോയുടെ ജനനസ്ഥലം ബേത്ലഹേമാണെന്നതിൽ നിശ്ശബ്ദമാണെന്നു മാത്രമല്ല നസ്രത്തും ഗലീലിയും ആണ് ഇശോയുടെ സ്വന്തം പട്ടണമെന്നതിന് തെളിവുകളുമുണ്ട്. അവന്റെ "സ്വന്തം പട്ടണം" (his patris) ഈ പദം മത്തായിയും ലൂക്കായും ഉപയോഗിക്കുന്നത് ഈശോ ജനിച്ചത് ബത്ലഹേമിലാണെന്ന് അവർ ഉറപ്പിച്ചു പറഞ്ഞിരിക്കുന്നതിനാൽ, ഈശോ വളർന്ന സ്ഥലത്തെ ഉദ്ദേശിച്ചാണ് (മത്തായി 22-34, ലൂക്കോ 2:51). മാർക്കോസിൽ നിന്നാണ് (6:1,4) ഇവർക്ക് ഈ വിവരം ലഭിച്ചത് എന്നുള്ളതിനാലും മർക്കോസിന് ബേത്ലഹേമിനെക്കുറിച്ച് ഒന്നും പറയാനുമില്ലാത്തതിനാലും അവന്റെ സ്വന്തം പട്ടണം നസ്റത്ത് അയിരിക്കണം. ഈശോ ജനിച്ചത് ഗലീലിയയിലായിരിക്കും.... നാലാമത്തെ സുവിശേഷത്തിൽ (1:46,7:41-42;52) ഈശൊയുടെ ഗാലിലേയൻ ജനനത്തെക്കുറിച്ച് സൂചനകളുമുണ്ട്'.

(6) ലോകമാസകലമുള്ള ജനങ്ങളുടെ പേര് എഴുതിച്ചേർക്കണം എന്ന് അഗസ്റ്റസ് സീസറിന്റെ കൽപനയനുസരിച്ച് യോസേഫും മറിയയും ബെത്ലഹേമിലേക്ക് പോയപ്പോഴാണ് യേശു ജനിച്ചതെന്നാണ് ലൂക്കോസിന്റെ സുവിശേഷം രണ്ടാം അധ്യായത്തിൽ പറയുന്നത്. ഇത് ചരിത്രപരമായി ശരിയല്ല. അഗസ്റ്റസ് സീസറുടെ കാലത്ത് ലോകവ്യാപകമായ കണക്കെടുപ്പൊന്നും നടന്നിട്ടില്ല. ക്വരീനിയസിന്റെ കാലത്ത് യൂദായിലുണ്ടായ കണക്കെടുപ്പ് (നസ്റോത്ത് അതിൽപ്പെടുന്നില്ല) ഹെറോദോസ് മരിച്ച് പത്തുകൊല്ലങ്ങൾക്കു ശേഷമാണ് നടന്നത്. അപ്പോഴേക്കും യേശു ജനിച്ചിട്ടുണ്ടായിരിക്കണം. യേശുവിന്റെ ജനനത്തെ അതിന് കൊല്ലങ്ങൾക്കു മുമ്പു നടന്ന

കണക്കെടുപ്പുമായി യോജിപ്പിക്കുകയാണ് ലൂക്കോസ് ചെയ്തിരിക്കുന്നത്. റെയ്മണ്ട് ബ്രൗൺ എഴുതുന്നു: 'മഹാനായ ഹോരോദോസിൻെറ കാലത്ത് പാലസ്തീനായിൽ ക്വിരീനിയൂസിൻെറ കീഴിൽ റോമൻ സെൻസസ് നടന്നു എന്നു വിശ്വസിക്കാൻ ഗൗരവതരമായ കാരണങ്ങളില്ല. ലൂക്കോ 1ലെ വിവരം ശരിയായിരിക്കാം. മഹാനായ ഹെറോദോസിൻെറ കാലയളവിൽ ഈശോ ജനിച്ചു. എന്നാൽ A.D 6-7 ൽ ക്വരീനിയൂസിൻെറ കീഴിൽ യൂദായിൽ (ഗലീലിയിലല്ല) നടന്ന സെൻസസുമായി പൊരുത്തപ്പെടുത്തിയ ലൂക്കോയുടെ വിവരം അവിടെ A.D.30കളിൽ (ഈശോയുടെ മരണത്തിന് ശേഷം) ഗമാലിയേൽ നടത്തുന്ന പ്രസംഗത്തിൽ തെവുദാസിൻെറ (Thevudas) ഉയിർത്തെഴുന്നേൽപ്പിനെപ്പറ്റി പരാമർശിക്കുന്നു. എന്നാലത് ഗമാലിയലിൻെറ പ്രസംഗത്തിനു 10 വർഷങ്ങൾക്കു ശേഷവും നടന്നില്ല. തെവുദാസിനു ശേഷം ഗാലിലേയനായ യൂദാസിൻെറ (A.D 6-7) സെൻസസും ഉയിർത്തെഴുന്നേൽപുമായി ലൂക്കാ തെറ്റിദ്ധരിച്ചതാവാം'

യേശുവിൻെറ ജനനവും ശൈശവകാലവുമായി ബന്ധപ്പെട്ടുകൊണ്ട് മത്തായിയും ലൂക്കോസും പറയുന്ന കാര്യങ്ങളൊന്നും ചരിത്രപരമല്ലെന്നും സുവിശേഷകന്മാരുടെ ഭാവനാസൃഷ്ടികളാണെന്നുമാണ് ആധുനിക ബൈബിൾ പണ്ഡിതന്മാരിൽ പ്രമുഖനായ റെയ്മണ്ട്-ഇ-ബ്രൗൺ തെളിവുകളുടെ അടിസ്ഥാനത്തിൽ സ്ഥാപിക്കുന്നത്. സുവിശേഷകർ തങ്ങളുടെ ഭാവനയിൽ തോന്നിയ കാര്യങ്ങൾ യേശു കഥയോടു ബന്ധപ്പെടുത്തിക്കൊണ്ട് ചരിത്രമെന്ന നിലക്ക് അവതരിപ്പിച്ചെന്നും ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചെന്നുമാണല്ലോ ഇതിൽ നിന്നും മനസ്സിലാക്കേണ്ടത്. ശൈശവകാല വിവരണങ്ങളുടെ കാര്യത്തിൽ മാത്രമാണോ ഇത് സംഭവിച്ചിരിക്കുന്നത്? അങ്ങനെ കരുതുകവയ്യ. യഹൂദന്മാർ പ്രതീക്ഷിച്ചിരിക്കുന്ന മിശിഹാ യേശുവാണെന്ന് വരുത്തിത്തീർക്കുന്നതിന് വേണ്ടി ശൈശവകാല വിവരണങ്ങളിൽ കൃത്രിമത്വം കാണിച്ച സുവിശേഷകന്മാർ, യേശുവിൻെറ ജീവിതത്തേയും പ്രബോധനങ്ങളെയും മരണത്തെയുമെല്ലാം കുറിച്ച വിവരണങ്ങളിൽ തങ്ങളുടെ ഇച്ഛക്കനുസരിച്ച് മിനുക്കു പണികൾ നടത്തിയിട്ടില്ല എന്നതിന് എന്താണുറപ്പ്? ദിവ്യാത്ഭുതങ്ങളായി സുവിശേഷങ്ങൾ വിവരിച്ചവ പോലും നൂറുശതമാനം ചരിത്രപരമായിക്കൊള്ളണമെന്നില്ലായെന്നാണ് റെയ്മണ്ട് ബ്രൗണിൻെറ അഭിപ്രായം. 'യേശുവിൻെറ ദിവ്യാത്ഭുതങ്ങളെപ്പറ്റിയുള്ള പാരമ്പര്യം ആധികാരികമാണെന്നിരിക്കിലും സുവിശേഷ ഗ്രന്ഥങ്ങളിലുള്ള ഓരോ ദിവ്യാത്ഭുതവും അക്ഷരാർത്ഥത്തിൽ ചരിത്രപരമായിക്കൊള്ളണമെന്നില്ല'



ഇതിൽ നിന്ന് ഒരു കാര്യം സുതരാം വ്യക്തമാണ്. യേശുവിനെക്കുറിച്ച് സത്യസന്ധമായ വിവരങ്ങൾ ലഭിക്കുവാൻ സുവിശേഷങ്ങളെ മാത്രം ആശ്രയിച്ചിട്ട് ഫലമില്ല. അവയിലെ വിവരങ്ങൾ സത്യവും അസത്യവും കൂടിക്കലർന്ന നിലയിലാണുള്ളത്. തങ്ങളുടെ ഭാവനക്കനുസൃതമായി ഓരോ സുവിശേഷകനും യേശുകഥ മെനഞ്ഞെടുക്കുകയാണ് ചെയ്തിരിക്കുന്നത്. അവയിൽ നിന്ന് സത്യം ചികഞ്ഞെടുക്കുക അതീവ ദുഷ്കരമാണ്.

യേശുവിനെക്കുറിച്ച കൃത്യവും കളങ്കരഹിതവുമായ അറിവു നൽകുന്നത് ദൈവീക ഗ്രന്ഥമായ ഖുർആൻ മാത്രമാണെന്ന വസ്തുതയാണ് ഇവിടെ വ്യക്തമാവുന്നത്.

## അനുബന്ധം 4

## ബൈബിളും പ്രവചനങ്ങളും

ബൈബിളിന്റെ ദൈവികതയെക്കുറിച്ച് പറയുമ്പോൾ സാധാരണയായി സുവിശേഷകൻമാർ ഊന്നൽ നൽകാറുള്ളത് അതിലെ പ്രവചനങ്ങളിലാണ്. ബൈബിൾ പുസ്തകങ്ങളിൽ കാണപ്പെടുന്ന പ്രവചനങ്ങളിലധികവും സത്യസന്ധമായി പുലർന്നിട്ടുണ്ടെന്നും ഇനിയും പുലർന്നിട്ടില്ലാത്തവ തീർച്ചയായും പുലരുമെന്നും അതിനാൽ സർവ്വജ്ഞനായ ദൈവത്തിൽ നിന്നുള്ളതാണ് ബൈബിളെന്ന് ഈ പ്രവചനങ്ങൾ വ്യക്തമാക്കുന്നുവെന്നുമാണ് വാദം. പ്രഗൽഭ സുവിശേഷകനായ എ.വി.തോമസ് എഴുതുന്നത് കാണുക: "തിരുവെഴുത്തിലെ പ്രവചനങ്ങൾ സ്ഥലകാല പരിമിതികൾക്കതീതമായി അൽഭുതകരമായി നിറവേറിയിരിക്കുന്ന വസ്തുത ആരെയും വിസ്മയിപ്പിക്കും".

'സമ്പൂർണ ദൈവശാസ്ത്രം' പറയുന്നത് ഇങ്ങനെയാണ്: 'ഒരു പ്രവചനം യഥാർത്ഥത്തിൽ പ്രവചനമായി പരിഗണിക്കപ്പെടണമെങ്കിൽ അതിനു മുൻകൂട്ടി പറഞ്ഞതൊക്കെയും സംഭവിക്കണം. ഒരു പ്രവചനത്തിന്റെ ഏതെങ്കിലും ഒരു ഭാഗം പരാജയപ്പെട്ടാൽ അത് പരാജയാധീനമായ മനുഷ്യമനസ്സിൽ നിന്ന് ഉളവായതാണ്. ദൈവത്തിൽ നിന്നുള്ളതല്ല. ബൈബിൾ നിർദ്ദേശിക്കുന്ന പരിശോധനാക്രമം ഇതാണ്. ഈ നിലവാരത്തിൽ നലയുറപ്പിച്ചു നാം നിരീക്ഷിക്കുമ്പോൾ ബൈബിൾ പൂർണ്ണമായും വിശ്വസനീയം എന്നു മനസ്സിലാകും'.

ഈ അവകാശവാദങ്ങൾ എത്രത്തോളം സത്യസന്ധമാണ്?



ബൈബിളിൽ പ്രവചനങ്ങളുണ്ടാവാമെന്നും അവ പൂർത്തീകരിക്കപ്പെടാൻ സാധ്യതയുണ്ടെന്നും മുസ്‌ലിംകൾ അംഗീകരിക്കുന്നു. ദൈവിക ബോധനങ്ങളും പ്രവാചകവചനങ്ങളും ബൈബിളിൽ ഉണ്ട് എന്നതു കൊണ്ടാണിത്. ദൈവികബോധനങ്ങളുടെ അടിസ്ഥാനത്തിൽ പ്രവാചകന്മാർ നടത്തിയ പ്രവചനങ്ങളെല്ലാം പുലരുമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. എന്നാൽ ബൈബിളിൽ ദൈവികവചനങ്ങളും പ്രവാചകവചനങ്ങളും മാത്രമല്ല; പുരോഹിതന്മാരുടെയും മതനേതാക്കളുടെയും ചരിത്രകാരന്മാരുടെയുമെല്ലാം വചനങ്ങളുണ്ട്. അതിനാലാണ് ബൈബിൾ പ്രവചനങ്ങളിൽ ചിലവ സംഭവിക്കാത്തതായി നിലനിൽക്കുന്നത്. മാനുഷികമായ കരവിരുതുകൾ നടന്നിട്ടുള്ളതിനാൽ ബൈബിൾ പുസ്തകങ്ങളിലെ സംഭവിച്ചിട്ടില്ലാത്ത പ്രവചനങ്ങൾ ദൈവത്തിൽ ആരോപിച്ച് അവൻ വരും കാലത്തെപ്പറ്റി അജ്ഞനാണെന്ന് വരുത്തിത്തീർക്കുന്നത് അവിവേകമാണ്. ബൈബിൾ പൂർണമായും പരിശുദ്ധാത്മപ്രചോദിതമായി എഴുതപ്പെട്ടതാണെന്ന് വാദിക്കുന്നവർ ദൈവത്തെ പരിമിതനും ഭാവിയെപ്പറ്റി കൃത്യമായി അറിവില്ലാത്തവനുമാക്കിത്തീർക്കുകയാണ് ചെയ്യുന്നത്. ദൈവം സംഭവിക്കുമെന്ന് പറഞ്ഞ കാര്യം സംഭവിച്ചില്ലെന്ന് വന്നാൽ പിന്നെ ആ ദൈവത്തിന് എന്ത് വില?

ബൈബിളിലെ ചില പൂർത്തീകരിക്കപ്പെടാത്ത പ്രവചനങ്ങൾ കാണുക:

**1. ആദാം മരിച്ചില്ല:** ഉൽപത്തി പുസ്തകത്തിൽ കാണുന്ന ദൈവത്തിന്റെ ഒന്നാമത്തെ പ്രവചനം തന്നെ തെറ്റിയിട്ടുണ്ടെന്നാണ് പ്രസ്തുത പുസ്തകത്തിൽ നിന്ന് മനസ്സിലാകുന്നത്. ദൈവം ആദാമിനോട് പറയുന്ന പ്രവചനം ഇങ്ങനെയാണ്, "തോട്ടത്തിലെ എല്ലാ വൃക്ഷങ്ങളുടെയും ഫലം നിനക്ക് ഇഷ്ടം പോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിലെ ഫലം നീ തിന്നുകൂടാ. അതു തിന്നുന്ന നാൾ നീ തീർച്ചയായും മരിക്കും". (ഉൽപത്തി 2:17)

ആദിമനുഷ്യനോടുള്ള ദൈവത്തിന്റെ ഈ പ്രവചനം നിറവേറിയോ? ആദാമും ഹവ്വയും പഴം പറിച്ചു തിന്നുവെന്ന് ബൈബിൾ പറയുന്നു: 'വൃക്ഷത്തിന്റെ കനി തിന്നാൻ നല്ലതും കണ്ണിന് ആനന്ദകരവും ആ വൃക്ഷം ജ്ഞാനപ്രാപ്തിക്കു കാമ്യവുമാണെന്നു കണ്ടപ്പോൾ സ്ത്രീ അതിന്റെ കനി പറിച്ചു തിന്നു. കുറേ ഭർത്താവിനും

കൊടുത്തു. അയാളും തിന്നു. അപ്പോൾ ഇരുവരുടേയും കണ്ണുകൾ തുറന്നു". (ഉൽ 3:6,7)

ഈ അനുസരണക്കേട് കാണിച്ചതാകട്ടെ പിശാചിൻെറ പ്രലോഭനത്തിന് വശംവദമായിട്ടാണ്. പ്രസ്തുത പ്രലോഭനം ഇങ്ങനെയായിരുന്നു. "നിങ്ങൾ മരിക്കുകയില്ല. അതു തിന്നാൽ നിങ്ങളുടെ കണ്ണു തുറക്കുമെന്നും നന്മതിന്മകളെ തിരിച്ചറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആയിത്തീരുമെന്നും ദൈവത്തിനറിയാം"(ഉൽ 3:5) എന്നാൽ എന്താണ് സംഭവിച്ചത്? പഴം പറിച്ചു തിന്നപ്പോൾ ആദവും ഹവ്വയും മരിച്ചില്ല. മാത്രവുമല്ല, പിശാച് പ്രവചിച്ചതുപോലെ അവർ നന്മതിന്മകളെക്കുറിച്ച് അറിയുന്നവനായിത്തീരുകയും ചെയ്തു: "അനന്തരം കർത്താവായ ദൈവം അരുൾ ചെയ്തു, "നോക്കുക മനുഷ്യൻ നന്മതിന്മകൾ അറിഞ്ഞ് നമ്മിൽ ഒരുവനെപ്പോലെ ആയിത്തീർന്നിരിക്കുന്നു." (ഉൽ 3:22) ആദമാകട്ടെ പിന്നെയും 930 വർഷം ജീവിക്കുകയും ചെയ്തു. ഉൽപത്തി പുസ്കതം ദൈവനിശ്വസ്തമാണെങ്കിൽ ദൈവത്തിൻെറ മനുഷ്യരോടുള്ള ഒന്നാം പ്രവചനം തെറ്റിയെന്നും പിശാചിൻെറ പ്രവചനം പുലർന്നുവെന്നും സമ്മതിക്കേണ്ടിവരും!

**2. അബ്രഹാമിനോടുള്ള പ്രവചനം:** അബ്രഹാമിനോട് ദൈവം നടത്തുന്ന ഒരു പ്രവചനമുണ്ട്, ഉൽപത്തി പുസ്തകത്തിൽ. കാനാൻ ദേശത്തിലേക്കുള്ള തനിക്ക് ശേഷം വരുന്ന തലമുറയുടെ പുനരാഗമനത്തെക്കുറിച്ച് പറയുന്ന പ്രവചനം ഇങ്ങനെയാണ് "നിൻെറ പിൻഗാമികൾ അന്യദേശത്തു പ്രവാസികളായിരിക്കും. അവർ അവിടെ അടിമകളായിരിക്കും. നാനൂറു വത്സരം മർദ്ദിക്കപ്പെടും. ഇതു തീർച്ച. പക്ഷെ, അവർ അടിമളായിരിക്കുന്ന ജനതയുടെ മേൽ ഞാൻ വിധി നടത്തും. അവർ അവിടം വിട്ടു പോരുന്നത് ധാരാളം സമ്പത്തുമായിട്ടായിരിക്കും. അബ്രാമേ, നീയോ നല്ല വാർദ്ധക്യത്തിലെത്തി, സമാധാനത്തിൽ പിതാക്കന്മാരോട് ചേരും, സംസ്കരിക്കപ്പെടും, നിൻെറ സന്താനങ്ങൾ നാലാം തലമുറയിൽ ഇവിടെ മടങ്ങിയെത്തും; അമോരിയുടെ അതിക്രമം ഇനിയും പൂർത്തിയായിട്ടില്ല." (ഉൽപത്തി15:13-17)

അബ്രഹാമിൻെറ സന്തതികൾ നാലാം തലമുറയിൽ കാനൻ ദേശത്ത് മടങ്ങിയെത്തുമെന്നാണല്ലോ ഇവിടെ പ്രവചിക്കപ്പെട്ടിരുന്നത്. അബ്രഹാമിൻെറ സന്തതികൾ കാനൻ ദേശത്തേക്ക് മടങ്ങിയെത്തിയത് മോശയുടെ കാലത്താണ്. മോശയാകട്ടെ ഏഴാമത്തെ തലമുറയിലുള്ള വ്യക്തിയുമാണ്. അബ്രഹാമിൻെറ പുത്രൻ ഇസ്ഹാഖ് (ഉൽ21:1-3), ഇസ്ഹാഖിൻെറ പുത്രൻ യാക്കോബ് (ഉൽ 25:19-26), യാക്കോബിൻെറ പുത്രൻ ലേവി (ഉൽ 35:22), ലേവിയുടെ പുത്രൻ കഹാത് (പുറ 6:16), കഹാതിൻെറ പുത്രൻ അംറാം (പുറ 6:18), അംറാമിൻെറ പുത്രൻ മോശെ (പുറ 6:20). മോശ അബ്രഹാമിന് ശേഷം ഏഴാം തലമുറയിൽ വരുന്നയാളാണ്; നാലാം തലമുറയിൽ വരുന്ന വ്യക്തിയല്ല. ദൈവത്തിൻെറ പ്രവചനം തെറ്റുന്നതായാണ് ഇവിടെ നാം കാണുന്നത്.



**3. യാക്കോബിനോടുള്ള പ്രവചനം:** കാനൻ ദേശത്തെക്കുറിച്ച് യാക്കോബിനോട് ദൈവം വാഗ്ദാനം നൽകിയതായി ഉൽപത്തി പുസ്തകത്തിൽ കാണാം. അത് ഇങ്ങനെയാണ്: 'നിൻെറ പിതാവായ അബ്രഹാമിൻെറ ദൈവവും ഇസഹാഖിൻെറ ദൈവവുമായ കർത്താവാണ് ഞാൻ. നീ കിടക്കുന്ന ഈ ദേശം നിനക്കും നിൻെറ പിൻമുറക്കാർക്കും ഞാൻ നൽകും." (ഉൽപത്തി 28:13)

എന്നാൽ ഈ വാഗ്ദാനം യാക്കോബിൻെറ ജീവിതകാലത്ത് നിറവേറിയില്ല. യാക്കോബിനോട് "നിനക്കും നൽകും" എന്നു പറഞ്ഞ ദൈവത്തിൻെറ പ്രചവനം പൂർത്തിയായില്ല എന്നർത്ഥം.

**4. യാക്കോബിനോടുള്ള വാഗ്ദാനം:** ദൈവം യാക്കോബിനോട് അദ്ദേഹത്തെ ഈജിപ്തിൽ നിന്ന് സ്വന്തം നാട്ടിലേക്ക് തിരികെകൊണ്ടു വരുമെന്ന് വാഗ്ദാനം ചെയ്തതായി ബൈബിളിൽ കാണാം. "നിന്നോടൊന്നിച്ച് ഞാനും ഈജിപ്തിലേക്ക് വരുന്നുണ്ട്. ഞാൻ നിന്നെ ഈ ദേശത്തേക്ക് തിരികെ കൊണ്ടുവരുകയും ചെയ്യും. യോസേഫ് തൻെറ കൈ കൊണ്ട് നിൻെറ കണ്ണ് തിരുമ്മി അടയ്ക്കും" (ഉൽപത്തി 46:4) എന്നാൽ ഈ വാഗ്ദാനം നിറവേറ്റപ്പെട്ടില്ല. ഈജിപ്തിൽ തന്നെയാണ് യാക്കോബ് പിന്നീട് ജീവിച്ചതും മരിച്ചതുമെല്ലാം. ഇക്കാര്യവും ഉൽപത്തി പുസ്തകം തന്നെ പറയുന്നുണ്ട്. "യാക്കോബ് ഈജിപ്തിൽ പതിനേഴ് വത്സരം ജീവിച്ചു. അങ്ങനെ ആയുഷ്ക്കാലം മൊത്തം നൂറ്റി നൽപത്തേഴു വൽസരം. മരണസമയം അടുത്തപ്പോൾ ഇസ്രായേൽ പുത്രനായ യോസേഫിനെ വിളിച്ചു പറഞ്ഞു" (ഉൽ 47:28,29)

**5.മോശെയോടുള്ള പ്രവചനം:** ദൈവം മോശയോട് നൽകുന്ന വാഗ്ദാനം ഇങ്ങനെയാണ് "പോകുക, ഈജിപ്തിൽ നിന്ന് നീ മോചിപ്പിച്ചു കൊണ്ടുവന്ന ജനവും നീയും ഇവിടം വിട്ടു പോകുക."

“നിൻെറ അനന്തരാവകാശികൾക്ക് ഇത് നൽകും” എന്നു പറഞ്ഞു അബ്രഹാമിനും ഇസ്ഹാക്കിനും യാക്കോബിനും ഞാൻ വാഗ്ദാനം ചെയ്ത ദേശത്തോട്ടു പോകുക. ഞാൻ നിനക്കു മുമ്പേ ഒരു മാലാഖയെ അയച്ച് കനാനിയർ, അമോരിയർ, ഹിത്തിയർ, പെരിസിയർ, ഹിവിയർ, യെബൂസിയർ എന്നിവരെ ഓടിച്ചു കളയും”. (പുറപ്പാട് 33:1,2)

ഈ പ്രവചനം നിറവേറിയില്ല. മോശയുടെ കാലത്ത് കനാനിയരോ യെബൂസിയരോ ഓടിപ്പോയതായി ബൈബിളോ മറ്റു രേഖകളോ പഠിപ്പിക്കുന്നില്ല.

**6. മോശയോടുള്ള വാഗ്ദാനം:** രണ്ടാം തവണയും കൽപലകകളിൽ ദൈവം എഴുതിക്കൊടുക്കാമെന്ന് ദൈവം മോശെയോടു വാഗ്ദാനം ചെയ്തതായി നാം പുറപ്പാട് പുസ്തകത്തിൽ വായിക്കുന്നു. “മുമ്പത്തേത് പോലുള്ള രണ്ടു കൽപലക വെട്ടിയെടുക്കുക. നീ പൊട്ടിച്ചു കളഞ്ഞ ആദ്യത്തെ പലകകളിലുണ്ടായിരുന്ന വാക്കുകൾ ഞാൻ അവയിൽ എഴുതിത്തരാം.” (പുറ 34:1)

ഈ വാഗ്ദാനം ദൈവം നിറവേറ്റിയില്ലെന്നാണ് ബൈബിൾ പറയുന്നത്. സ്വയം എഴുത്തിതരാമെന്ന ദൈവിക വാഗ്ദാനം നിറവേറ്റാതെ മോശയോട് എഴുതാൻ പറയുന്നതായാണ് പുറപ്പാട് പുസ്തകത്തിൽ നാം വായിക്കുന്നത്. “ഈ വാക്കുകൾ എഴുതിക്കൊൾക: ഈ വാക്കുകൾക്ക് അനുസൃതമായി ഞാൻ നിന്നോടും ഇസ്രായേലിനോടും ഉടമ്പടി ചെയ്തിരിക്കുന്നു.” (പുറ 34:27)

**7. ഇസ്രായേലിനോടുള്ള വാഗ്ദാനം:** ഇസ്രായീൽ സമൂഹത്തോട് ദൈവം നൽകുന്ന വാഗ്ദാനം ആവർത്തന പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. അത് ഇങ്ങനെയാണ് : ‘നിൻെറ ദൈവമായ കർത്താവ് വാഗ്ദാനം ചെയ്തിരിക്കുന്നത് പോലെ നിന്നെ അനുഗ്രഹിക്കും; നീ അനേകം ജനതകൾക്കു കടം കൊടുക്കും; എന്നാൽ നീ കടം വാങ്ങുകയില്ല. നീ അനേകം ജനതകളെ ഭരിക്കും; എന്നാൽ അവർ നിന്നെ ഭരിക്കുകയില്ല.” (ആവ 15:6)

ഈ വാഗ്ദാനം പാലിക്കപ്പെട്ടിട്ടില്ലെന്ന് ഏവർക്കും അറിയാവുന്നതാണ്. ഇസ്രായീൽ സമുദായം പലരാലും ഭരിക്കപ്പെട്ടിട്ടുണ്ട്. അവർ പലതവണ പലരിൽ നിന്നും കടം വാങ്ങിയിട്ടുണ്ട്. ഒരു രാഷ്ട്രമെന്ന നിലയ്ക്ക് ഇന്നും ഇസ്രായീൽ അമേരിക്കയോടും മറ്റും വമ്പിച്ച കടത്തിലാണുള്ളത്.



**8. യെശയ്യാവിൻെറ പ്രവചനം:** ഈജിപ്തിനെക്കുറിച്ച് യെശയ്യാവിനുണ്ടായ അരുളപ്പാടാണ് പത്തൊൻപതാം അധ്യായത്തിലുള്ളത്. ഈ അരുളപ്പാടിലെ പല കാര്യങ്ങളും എങ്ങനെയും വ്യാഖ്യാനിക്കാൻ പറ്റുന്നവയാണ്. എന്നാൽ ചില വചനങ്ങൾ വ്യക്തമായ സൂചന നൽകുന്നുണ്ട്. ഒരു വാക്യം കാണുക: “അക്കാലത്ത് ഈജിപ്തു ദേശത്ത് കനാൻ ഭാഷ സംസാരിക്കുന്ന അഞ്ചു നഗരങ്ങൾ ഉണ്ടായിരിക്കും.” (യെശ 19:18)

ഈ പ്രവചനം നിറവേറിയോ? ചരിത്രത്തിലെവിടെയും ഈജിപ്തിലെ അഞ്ചു നഗരങ്ങളിൽ കനാൻ ഭാഷ സംസാരിക്കുന്ന അവസ്ഥയുണ്ടായതായി കാണുന്നില്ല. ഇത് ഭാവിയിൽ സംഭവിക്കാൻ പോകുന്ന പ്രവചനമാണെന്ന് കരുതാനും നിർവ്വാഹമില്ല. കാനാൻ ഭാഷ നാമാവശേഷമായിട്ട് കുറെ കൊല്ലങ്ങളായി. ഇന്ന് അത്തരമൊരു ഭാഷ തന്നെ വ്യവഹാരിക ലോകത്ത് നിലനിൽക്കുന്നില്ല.

**9. സിദെക്കിയായിനോടുള്ള പ്രവചനം:** യഹൂദരാജാവായ സിദെക്കിയായിനോട് ദൈവം നൽകുന്ന വാഗ്ദാനം യിരെമ്യാ പുസ്തകത്തിലുണ്ട്. അത് ഇങ്ങനെയാണ്: ‘എങ്കിലും യഹൂദ രാജാവായ സിദെക്കിയായേ, നീ കർത്താവിൻെറ വചനം കേൾക്കൂ. നിന്നെക്കുറിച്ച് കർത്താവ് അരുൾ ചെയ്യുന്നു: “നീ വാളാൽ മരിക്കയില്ല; നീ സമാധാനത്തിൽ മരിക്കും. നിനക്കു മുമ്പുണ്ടായിരുന്ന പണ്ടത്തെ രാജാക്കന്മാരായ നിൻെറ പിതാക്കന്മാർക്കു വേണ്ടി സുഗന്ധദ്രവ്യങ്ങൾ എരിച്ചതു പോലെ നിനക്കു വേണ്ടിയും ആളുകൾ സുഗന്ധദ്രവ്യങ്ങൾ എരിക്കും.”(യിരെമ്യാ 34:4,5)

ഈ വാഗ്ദാനം നിറവേറപ്പെട്ടുവോ? ‘സമാധാനത്തിൽ മരിക്കും’ എന്ന് പ്രവചിക്കപ്പെട്ട സിദെക്കിയായുടെ അന്ത്യം എങ്ങനെയായിരുന്നു? യിരെമ്യായുടെ പുസ്തകത്തിൽ നിന്നും നാം വായിച്ചെടുക്കുക. “ബാബിലോൺ രാജാവ് സിദെക്കിയായുടെ കൺമുമ്പിൽ വച്ച് അയാളുടെ പുത്രന്മാരെ വെട്ടിക്കൊന്നു. യഹൂദയിലെ സർവ്വപ്രഭുക്കന്മാരെയും അയാൾ റിബ്ലായിൽ വച്ച് കൊന്നു. അയാൾ സിദെക്കിയായുടെ രണ്ടു കണ്ണും പൊട്ടിച്ചു. അയാളെ ചങ്ങലകളിൽ ബന്ധിച്ചു. ബാബിലോൺ രാജാവ് അയാളെ ബാബിലോണിൽ കൊണ്ടുപോയി ജീവപര്യന്തം തടവിലാക്കി.” (യിരെമ്യാവ് 52:10,11)

2 രാജാക്കന്മാർ 25:7ലും ഇക്കാര്യം പരാമർശിക്കുന്നുണ്ട്.

**10. യോശിയായോടുള്ള പ്രവചനം:** യോശിയാ രാജാവിനോടും നീ സമാധാനത്തോടെ മരണപ്പെടുമെന്ന് ദൈവം വാഗ്ദാനം നൽകുന്നതായി രാജാക്കന്മാരുടെ രണ്ടാം പുസ്തകത്തിൽ കാണാം. അതിങ്ങനെയാണ്. “കർത്താവാണ് ഇത് അരുൾ ചെയ്യുന്നത്: അതു കൊണ്ട് ഞാൻ നിന്നെ നിൻെറ പിതാക്കന്മാരോടു ചേർക്കും. നീ സമാധാനത്തോടെ നിൻെറ ശവകുടീരത്തിലേക്കു പോകും. ഈ സ്ഥലത്തു ഞാൻ ഉണ്ടാക്കുന്ന അനർത്ഥങ്ങളൊന്നും നിൻെറ കണ്ണുകൾ കാണുകയില്ല.” (2 രാജാക്കന്മാർ 22:20)

ഈ വാഗ്ദാനവും നിറവേറ്റപ്പെട്ടില്ലെന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. യോശിയായുടെ അന്ത്യം അതിദാരുണമായിരുന്നുവെന്ന് പഴയനിയമത്തിൽ തന്നെ ഒന്നിലധികം തവണ വ്യക്തമാക്കിയിട്ടുണ്ട്. ‘വില്ലാളികൾ യോശിയാ രാജാവിനെ എയ്തു. രാജാവു ദാസരോടു പറഞ്ഞു: ‘എന്നെ കൊണ്ടു പോകൂ, എനിക്കു വല്ലാതെ മുറിവേറ്റിരിക്കുന്നു.’ ദാസൻ അയാളെ രഥത്തിൽ നിന്നിറക്കി അയാളുടെ രണ്ടാം രഥത്തിൽ ജെറൂശലമിലേക്കു കൊണ്ടുവന്നു.” (2 ദിനവൃത്താന്തം 35:23,24)

“യോശിയാ രാജാവ് ഈജിപ്തു രാജാവിനെ നേരിട്ടു. മെഗിദ്ദോയിൽ വച്ച് യോശിയായെ കണ്ടപ്പോൾ ഫറവോനായ നെകോ അയാളെ വധിച്ചു. ദാസർ രാജാവിൻെറ മൃതദേഹം മെഗിദ്ദോയിൽ നിന്ന് ഒരു രഥത്തിൽ ജെറൂശലേമിൽ കൊണ്ടുചെന്ന് അയാളുടെ സ്വന്തം ശവകുടീരത്തിൽ സംസ്കരിച്ചു.” (2 രാജാക്കന്മാർ 23:29,30)

**11. ജെറൂസലേമിനെക്കുറിച്ച പ്രവചനം:** യെശയ്യാവിൻെറ പുസ്തകത്തിലെ ഒരു പ്രവചന പ്രകാരം യെശയ്യാവിന് ശേഷം പരിച്ഛേദനം ചെയ്യാത്ത ആരും തന്നെ ജെറൂസലേമിൽ പ്രവേശിക്കുകയില്ല. പ്രവചനം കാണുക “സിയോനേ, ഉണരുണരൂ; നിൻെറ ശക്തി ആർജിക്കൂ; വിശുദ്ധ നഗരമായ ജെറുശലമേ, നീ നിൻെറ അഴകാർന്ന വസ്ത്രങ്ങൾ ധരിക്കൂ; കാരണം പരിച്ഛേദനം നടത്താത്തവനോ, ശുദ്ധിയില്ലാത്തവനോ ഇനി നിന്നിൽ പ്രവേശിക്കയില്ല.” (യെശയ്യാവ് 52:1) ഈ പ്രവചനത്തിന് ശേഷം ലക്ഷക്കണക്കിന് പരിച്ഛേദനം ചെയ്യാത്ത മനുഷ്യർ ജെറുസലേമിൽ പോവുകയും അവിടെ താമസമാക്കുകയും ചെയ്തിട്ടുണ്ട്. ഇന്നും ചെയ്തു കൊണ്ടിരിക്കുന്നു. യെശയ്യാവിൻെറ ഈ പ്രവചനവും തെറ്റിയെന്നർത്ഥം.



**12. കോന്യായെക്കുറിച്ച പ്രവചനം:** യെഹോയാക്കീമിൻെറ പുത്രനായ കോന്യായെക്കുറിച്ച് യിരെമ്യാ പുസ്തകത്തിൽ ഒരു പ്രവചനമുണ്ട്. അതിങ്ങനെയാണ്. ‘കോന്യാ എന്ന ഈ മനുഷ്യൻ, ആരും കാര്യമാക്കാത്ത, നിന്ദിക്കപ്പെട്ട ഒരു ഉടഞ്ഞ പാത്രമോ? അയാളും അയാളുടെ സന്തതികളും അവർക്ക് അജ്ഞാതമായ ഒരു ദേശത്തേക്ക് ചുഴറ്റി എറിയപ്പെടുന്നത് എന്തുകൊണ്ട്? അല്ലയോ ദേശമേ, ദേശമേ, ദേശമേ, കർത്താവിൻെറ വചനം കേൾക്കൂ! കർത്താവ് അരുൾ ചെയ്യുന്നു: ഈ മനുഷ്യൻ മക്കളില്ലാത്തവനെന്നും ആയുഷ്ക്കാലത്ത് വിജയം വരിക്കാത്തവനെന്നും എഴുതി വെയ്ക്കൂ. കാരണം, വീണ്ടും ദാവീദിൻെറ സിംഹാസനത്തിൽ ഇരുന്നു യഹൂദാ ഭരിക്കാൻ അയാളുടെ സന്തതികളിൽ ആർക്കും സാധ്യമാവില്ല.” (യിരെമ്യാവ് 22:28-30)

ഈ പ്രവചനപ്രകാരം കോന്യാക്ക് മക്കളുണ്ടാവാൻ പാടില്ല. എന്നാൽ, ദിനവൃത്താന്തം ഒന്നാം പുസ്തകത്തിൽ യെഹോയാക്കീമിൻെറ പുത്രനായ യെകോന്യായുടെ പുത്രന്മാരെക്കുറിച്ച് പറയുന്നുണ്ട്: അത് ഇങ്ങനെയാണ്: ‘യെഹോയാക്കീമിൻെറ പിൻമുറക്കാർ: അയാളുടെ പുത്രൻ യെകോന്യാ, അയാളുടെ പുത്രൻ, സിദെക്കിയാ, ബന്ധനസ്ഥനായ യെകോനയായുടെ പുത്രന്മാർ: അയാളുടെ പുത്രൻ ശെയൽത്തീയെൽ, മൽക്കീറാം, പെദായാ, ശെനസ്സർ, യെകമീയാ, ഹോശാമാ, നെദബ്യാ.” (1 ദിനവൃത്താന്തം 3:16-18)

**13. ഹാസോറിനെക്കുറിച്ച പ്രവചനം:** ഹാസോർ പ്രദേശത്തെക്കുറിച്ച് യിരെമ്യായുടെ പുസ്തകത്തിൽ ഒരു പ്രവചനമുണ്ട്. അതിങ്ങനെയാണ്. “ഹാസോർ, കുറുനരികളുടെ ഇടമാകും; നിത്യമായ പാഴ്നിലം. ആരും അവിടെ പാർക്കയില്ല. ആരും അവിടെ പ്രവേശിക്കയുമില്ല.” (യിരെമ്യാവ് 49:33)

ഈ പ്രവചനത്തിന് ശേഷവും പലരും ഹാസോറിൽ പാർക്കുകയും പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഇന്നും ജനങ്ങൾ ആ പ്രദേശത്ത് ജീവിക്കുന്നു. ചരിത്രത്തിലെവിടെയും ഹാസോർ പ്രദേശം കുറുനരികളുടെ ഇടമായിത്തീർന്നതായി സൂചിപ്പിക്കുന്നില്ല.

**14. ബാബിലോണിനെക്കുറിച്ച പ്രവചനം:** ബാബിലോണിനെക്കുറിച്ചും ഹാസേറിനെക്കുറിച്ചു പറഞ്ഞതു പോലെയുള്ള ഒരു പ്രവചനം യിരെമ്യായുടെ പുസ്തകത്തിലുണ്ട്. പ്രസ്തുത പ്രവചനം നോക്കുക: ‘ആകയാൽ ബാബിലോണിൽ വന്യമൃഗങ്ങളും കുറുക്കനും

ഒരുമിച്ചു പാർക്കും. ഒട്ടകപക്ഷി പാർക്കും. മേലാൽ ഒരിക്കലും അവളിൽ ആൾപ്പാർപ്പുണ്ടാകയില്ല. ഒരു തലമുറയിലും അവിടെ നിവാസികൾ ഉണ്ടാകയില്ല. ദൈവം സെദോമിനെയും ഗൊമോറായേയും അയൽ നഗരങ്ങളേയും നശിപ്പിച്ചപ്പോൾ എന്നപോലെ ആരും അവിടെ വസിക്കയില്ല. ഒരു മനുഷ്യനും അവളിൽ പ്രവേശിക്കയില്ല. കർത്താവാണ് ഇത് അരുൾ ചെയ്യുന്നത്." (യിരെമ്യാവ് 50:40,41)

ഇതേ കാര്യം തന്നെ യെശയ്യാവിൻെറ പുസ്തകത്തിലുമുണ്ട്: 'ബാബിലോൺ! രാജ്യങ്ങളുടെ പ്രതാപം, കൽദായരുടെ തേജസ്സും അഭിമാനവും- അത് ദൈവം നശിപ്പിച്ച സൊദോമും, ഗോമോറയും പോലെയാകും! അവിടെ ആൾപ്പാർപ്പ് ഉണ്ടാകില്ല; ഒരു തലമുറയിലും ജനവാസം ഉണ്ടാകില്ല. ഒരു അറബിയും അവിടെ കൂടാരം അടിക്കയില്ല. ഒരു ഇടയനും തൻെറ ആട്ടിൻപറ്റത്തെ അവിടെ കിടത്തുകയില്ല. എന്നാൽ_വന്യമൃഗങ്ങൾ അവിടെ കിടക്കും. അവിടത്തെ വീടുകളിൽ മൂങ്ങകൾ നിറയും. ഒട്ടകപ്പക്ഷികൾ അവിടെ പാർക്കും. കാട്ടാടുകൾ അവിടെ കൂത്താടും. അവിടത്തെ ഗോപുരങ്ങളിൽ കഴുതപ്പുലികളും മണിമേടകളിൽ കുറുനരികളും കൂക്കുവിളിക്കും. അതിൻെറ സമയം അടുത്തിരിക്കുന്നു. അതിൻെറ ദിവസങ്ങൾ നീളുകയില്ല."(യെശ 13:19-22)

ഈ പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെട്ടിട്ടില്ലെന്നത് ഒരു വർത്തമാനകാല അനുഭവമാണല്ലോ. ഈ പ്രവചനത്തിനു ശേഷം ഇന്നുവരെ ബാബിലോണിൽ ആൾ താമസമില്ലാത്ത അവസ്ഥയുണ്ടായിട്ടില്ല. വന്യമൃഗങ്ങളുടെ കേന്ദ്രമോ മൂങ്ങകളും ഒട്ടകപ്പക്ഷികളും കഴുതപ്പുലികളും കുറുനരികളും കാട്ടാടുകളും കൂത്താടുന്ന സ്ഥലമോ ആയിട്ടില്ല. ഇന്നും ബാബിലോണിൽ ജനവാസമുണ്ട്: സദോം ഗൊമേറയെപ്പോലെ ആ പ്രദേശം ഒരിക്കലും ആയിട്ടില്ല.

**15. ടൈറിനെക്കുറിച്ച പ്രവചനം:** ബാബിലോൺ രാജാവായ നെബുക്കദ് നസ്സർ ടൈറിനെതിരെ ആഞ്ഞടിക്കുമെന്നും ടൈഗർഗനരം പൂർണമായിത്തന്നെ തകർക്കപ്പെടുമെന്നും ശേഷം അതിൽ ആൾപാർപ്പുണ്ടാകുകയില്ലെന്നുമെല്ലാം ദൈവം പറയുന്നതായി എസെക്കിയേൽ പുസ്തകം ഉദ്ധരിക്കുന്നുണ്ട്: "കർത്താവായ ദൈവം അരുൾ ചെയ്യുന്നു: വടക്കു നിന്ന് ബാബിലോൺ രാജാവായ നെബുകദ് നെസറിനെ, രാജാക്കന്മാരുടെ രാജാവിനെ ഞാൻ ടൈറിന് എതിരെ കൊണ്ടുവരും." (എസക്കിയേൽ 26:7)



"നിൻെറ സമ്പത്തുകൾ അവർ കൊള്ളയടിക്കും. നിൻെറ കച്ചവടച്ചരക്കുകൾ അവർ അപഹരിക്കും. നിൻെറ മതിലുകൾ ഇടിച്ചു നിരത്തി നിൻെറ മനോഹര ഭവനങ്ങൾ നശിപ്പിക്കും. നിൻെറ കല്ലും തടിയും മണ്ണും അവർ ജലരാശിയിലേക്ക് എറിയും. നിൻെറ ഗാനധാര ഞാൻ അവസാനിപ്പിക്കും. നിൻെറ കിന്നരങ്ങളുടെ നാദം ഇനി കേൾക്കുകയില്ല. ഞാൻ നിന്നെ വെറുമൊരു പാറയാക്കും.വല വിരിച്ച് ഉണക്കാനുള്ള ഒരു സ്ഥലമാകും നീ. നിന്നെ ഒരിക്കലും പുനരുദ്ധരിക്കില്ല. കർത്താവായ ഞാൻ അരുൾ ചെയ്തിരിക്കുന്നു. കർത്താവായ ദൈവമാണ് ഇത് അരുൾ ചെയ്തിരിക്കുന്നത്."

"അതിനാൽ നിന്നിൽ ഒരിക്കലും ആൾപ്പാർപ്പുണ്ടാകില്ല; ജീവിക്കുന്നവരുടെ ദേശത്ത് നിനക്ക് ഇടം ലഭിക്കയുമില്ല. ഞാൻ നിന്നെ ഭയങ്കരമായ നാശത്തിൽ എത്തിക്കും; നീ പിന്നെ ബാക്കിയുണ്ടാകില്ല; അന്വേഷിച്ചാലും നിന്നെ ഒരിക്കലും കണ്ടെത്തുകയില്ല. കർത്താവായ ദൈവമാണ് ഇത് അരുൾ ചെയ്യുന്നത്."(26:20,21)

"ഭയങ്കരമായ നാശം നിനക്ക് ഉണ്ടായിരിക്കുന്നു; എന്നന്നേക്കുമായി നീ പൊയ്പ്പോയിരിക്കുന്നു."(21:36)

ഈ പ്രവചനത്തിൽ പറയുന്നതുപോലെയുള്ളൊരു നാശം ടൈർ നഗരത്തിന് ഉണ്ടായിട്ടുണ്ടോ? ഇല്ലെന്നാണ് ഉത്തരം. യേശുവും പൗലോസുമെല്ലാം ടൈറിൽ പോവുകയും താമസിക്കുകയും ചെയ്തതായുള്ള പരാമർശങ്ങൾ പുതിയനിയമത്തിലുണ്ട്. ഏതാനും ചില പുതിയ നിയമ പരാമർശങ്ങൾ കാണുക: 'യേശു അവിടെ നിന്ന് ടൈർ- സിദോൻ ദേശത്തേക്കു പോയി. ഇതാ, ആ പ്രദേശത്തു നിന്ന് ഒരു കനാൻകാരി വന്ന് നിലവിളിച്ചു പറഞ്ഞു." (മത്തായി15:21)

"യേശു അവിടെ നിന്ന് പുറപ്പെട്ട് ടൈർ സിദോൻ പ്രദേശത്തേക്കു പോയി. അവിടെ അവൻ ഒരു വീട്ടിൽ പ്രവേശിച്ചു. തൻെറ സാന്നിദ്ധ്യം ആരും അറിയരുതെന്ന് അവൻ ആഗ്രഹിച്ചെങ്കിലും രഹസ്യമായി കഴിയാൻ അവനു സാധിച്ചില്ല." (മാർക്കോസ് 7:24)

'യേശു ടൈർ ദേശത്തു നിന്നു മടങ്ങി സീദോൻ വഴി ദെക്കാപ്പൊലിസിലൂടെ ഗലീലാ കടൽത്തീരത്തേക്കു പോയി.' (മാർക്കോസ് 7:3)

'ടൈറിൽ ചരക്ക് ഇറക്കാൻ ഉണ്ടായിരുന്നതു കൊണ്ട് ഞങ്ങൾ അവിടെ കരക്ക് ഇറങ്ങി. ശിഷ്യന്മാരെ കണ്ടുപിടിച്ച് ഏഴു ദിവസം ഞങ്ങൾ അവിടെ താമസിച്ചു.' (അപ്പോ 21:3)

ഇതിന്നർത്ഥം യേശുവിൻെറയും അപ്പോസ്തലൻമാരുടെയുമെല്ലാം കാലത്ത് ടൈർ നിലവിലുണ്ടായിരുന്നുവെന്നും അവിടെ ജനവാസമുണ്ടായിരുന്നുവെന്നുമാണല്ലോ. ടൈറിനെക്കുറിച്ച എസക്കിയേലിൻെറ പ്രവചനം തെറ്റിപ്പോയിയെന്നാണല്ലോ ഇതിൽ നിന്ന് മനസ്സിലാകുന്നത്.

**16. യേശുവിൻെറ രണ്ടാം വരവിനെക്കുറിച്ച പ്രവചനങ്ങൾ:** യേശു രണ്ടാമതു ഭൂമിയിലേക്ക് വരുമെന്നും ഇവിടെ ദൈവരാജ്യം സ്ഥാപിക്കുമെന്നും സൂചിപ്പിക്കുന്ന ചില പ്രവചനങ്ങൾ ബൈബിളിലുണ്ട്. അവ കാണുക.

'മനുഷ്യപുത്രൻ തൻെറ രാജ്യത്തിൽ വരുന്നത് കാണും മുമ്പ് മരണം പ്രാപിക്കാത്ത ചിലർ ഇവിടെ നിൽപ്പുണ്ട്.' (മത്തായി 16:28)

'മനുഷ്യ പുത്രനെ ശക്തിയുടെ വലതുഭാഗത്തിരിക്കുന്നവനായും വാനമേഘങ്ങളോടെ വരുന്നവനായും നിങ്ങൾ കാണും.' (മാർക്കോസ് 14:62)

'സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: ദൈവരാജ്യം കാണും മുമ്പു മരണം പ്രാപിക്കാത്ത ചിലർ ഇവിടെ നിൽപ്പുണ്ട്.' (ലൂക്ക് 9:27)

ഈ വചനങ്ങൾ പ്രകാരം യേശുവിൻെറ പുനരാഗമനവും ദൈവരാജ്യ സ്ഥാപനവുമെല്ലാം കാണുവാൻ അദ്ദേഹത്തിൻെറ അപ്പോസ്തലൻമാരിൽ ചിലർക്കെങ്കിലും അവസരം ലഭിക്കേണ്ടതായിരുന്നു. പക്ഷേ യേശു പോയി രണ്ടായിരം വർഷം കഴിഞ്ഞു. യേശുവിൻെറ കാലത്തുണ്ടായിരുന്ന ഒരാൾ പോലും ഇന്ന് ജീവിച്ചിരിക്കുന്നില്ല. "ദൈവരാജ്യം കാണും മുമ്പ് മരണം പ്രാപിക്കാത്ത ചിലർ ഇവിടെ നിൽപ്പുണ്ട്" എന്നും മറ്റുമുള്ള യേശുവിൻെറ പ്രവചനങ്ങൾ അബദ്ധങ്ങളായിത്തീർന്നുവെന്ന് സാരം.

**17. ലോകാവസാനത്തെക്കുറിച്ച പ്രവചനം:** മർക്കോസിൻെറ സുവിശേഷത്തിൽ യേശു ലോകാവസാനത്തെക്കുറിച്ച് പറയുന്ന ഒരു ഭാഗമുണ്ട്. സൂര്യൻ ഇരുളുകയും ചന്ദ്രൻ കെട്ടുപോകുകയും നക്ഷത്രങ്ങൾ ഉതിർന്നു വീഴുകയുമെല്ലാം ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞ ശേഷം ഇതെല്ലാം ആ തലമുറയിൽ തന്നെ സംഭവിക്കുമെന്നാണ് യേശു സൂചിപ്പിച്ചിരിക്കുന്നത്. മർക്കോസ് യേശുവിനെ ഉദ്ധരിക്കുന്നത് കാണുക, 'അപ്രകാരം തന്നെ, ഇവ സംഭവിക്കുന്നതു കാണുമ്പോൾ, അവൻ വളരെ അടുത്ത് പടിവാതിൽക്കൽ എത്തിയിരിക്കുന്നു



എന്നു നിങ്ങൾ ഗ്രഹിച്ചുകൊള്ളുക. സത്യമായി ഞാൻ നിങ്ങളോടു പറയുന്നു: ഇവയെല്ലാം സംഭവിക്കുന്നതു വരെ ഈ തലമുറ കടന്നു പോകയില്ല. ' (മർ 13:29,30)

ലൂക്കോസും ഇക്കാര്യം ഉദ്ധരിക്കുന്നുണ്ട്. (ലൂക്കോ 21:32)

യേശുവിന് ശേഷം അനേകം തലമുറകൾ കഴിഞ്ഞുപോയി. ഇതുവരെ ലോകാവസാനം സംഭവിച്ചിട്ടില്ല. മർക്കോസ്, ലൂക്കോസ് എന്നിവർ പ്രകാരമുള്ള യേശുവിൻെറ പ്രവചനം പിഴച്ചുവെന്ന് സാരം.

**18. പുനരുത്ഥാനത്തെക്കുറിച്ച പ്രവചനം:** യേശു തൻെറ പുനരുത്ഥാനത്തെക്കുറിച്ച് പ്രവചിക്കുന്നതായി മത്തായി ഉദ്ധരിക്കുന്നത് ഇങ്ങനെയാണ്: 'ദുഷ്ടവും അവിശ്വസ്തമായ തലമുറയാണ് അടയാളം അന്വേഷിക്കുന്നത്. യോനാപ്രവാചകൻെറ അടയാളമല്ലാതെ മറ്റൊരു അടയാളവും അതിനു നൽകപ്പെടുകയില്ല. യോനാ, മൂന്നു രാവും മൂന്നു പകലും തിമിംഗലത്തിൻെറ ഉദരത്തിൽ ആയിരുന്നു. അതുപോലെ മനുഷ്യ പുത്രനും മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ആയിരിക്കും." (മത്തായി 12:39,40)

ഈ പ്രവചനപ്രകാരം മൂന്നു രാവും മൂന്നു പകലും യേശു കല്ലറയിൽ കിടന്നിട്ടുണ്ടാകണം. എന്നാൽ ബൈബിളിലെ വിശദീകരണങ്ങൾ പ്രകാരം യേശു രണ്ടു രാവും ഒരു പകലും മാത്രമേ കല്ലറയിൽ കിടന്നിട്ടുള്ളുവെന്ന് കാണാം. സുവിശേഷങ്ങൾ പ്രകാരം, വെള്ളിയാഴ്ചയാണ് യേശു ക്രൂശിക്കപ്പെട്ടത്. വെള്ളിയാഴ്ച സന്ധ്യയോടെയാണ് യേശുവിൻെറ മൃതദേഹം കല്ലറയിൽ വെച്ചത്. ഞായാറാഴ്ച അതിരാവിലെ, ഇരുട്ടായിരിക്കെത്തന്നെ മഗ്ദലനമറിയയും മറ്റും കല്ലറയ്ക്കടുത്ത് ചെന്നപ്പോൾ അവിടെ മൃതശരീരം കണ്ടില്ലെന്നും യേശു പുനരുത്ഥാനം ചെയ്തിരുന്നുവെന്നുമാണ് സുവിശേഷ കർത്താക്കൾ പറയുന്നത്. അപ്പോൾ യേശുവിൻെറ ശരീരം എത്ര രാത്രിയും പകലും കല്ലറയിൽ കിടന്നിരിക്കണം? വെള്ളിയാഴ്ച രാത്രി- ശനിയാഴ്ച പകൽ- ശനിയാഴ്ച രാത്രി. രണ്ടു രാത്രിയും ഒരു പകലും മാത്രം! പുനരുത്ഥാനത്തെക്കുറിച്ച യേശുവിൻെറ പ്രവചനവും തെറ്റിയെന്നർത്ഥം.

**19. മരണാനന്തര ജീവിതത്തെക്കുറിച്ച പ്രവചനം:** മരണാനന്തര ജീവിതത്തെക്കുറിച്ച് യേശു നടത്തുന്ന പ്രധാനപ്പെട്ട ഒരു പ്രവചനം മത്തായി രേഖപ്പെടുത്തുന്നുണ്ട്. അതിങ്ങനെയാണ് "സത്യമായി

ഞാൻ നിങ്ങളോട് പറയുന്നു: യുഗസമാപ്തിയിലെ പുനർജീവിതത്തിൽ, മനുഷ്യപുത്രൻ തൻെറ മഹനീയ സിംഹാസനത്തിൽ ഉപവിഷ്ടനാകുമ്പോൾ എന്നെ അനുഗമിച്ച നിങ്ങൾ ഇസ്രായേലിൻെറ പന്ത്രണ്ടു ഗോത്രങ്ങളെ വിധിച്ചു കൊണ്ടു പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരിക്കും" (മത്താ 19:28)

എന്താണ് ഈ പ്രവചനം അർത്ഥമാക്കുന്നത്? യേശുവിൻെറ പന്ത്രണ്ട് അപ്പോസ്തലന്മാരും മരണാനന്തരജീവിതത്തിൽ ആദരിക്കപ്പെടുകയും അവിടെ വെച്ച് പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇരുന്നുകൊണ്ട് ഇസ്രായീലിലെ പന്ത്രണ്ട് ഗോത്രങ്ങളുടെ ന്യായം വിധിക്കുയും ചെയ്യുമെന്ന്. ആരൊക്കെയാണ് ഈ പന്ത്രണ്ട് അപ്പോസ്തലന്മാർ? മത്തായി 10: 1-5 വചനങ്ങളിൽ ആരൊക്കെയാണ് ഇവർ എന്നു പറയുന്നുണ്ട്. പത്രോസ് മുതൽ യൂദാ ഇസ്കാരിയാത്ത് വരെയുള്ള പന്ത്രണ്ടു പേർ! ഈ പന്ത്രണ്ടു പേരും മരണാനന്തര ജീവിതത്തിൽ ബഹുമാനിക്കപ്പെടുമെന്നാണ് നടേ ഉദ്ധരിച്ച പ്രവചനത്തിൽ പറയുന്നത്. അപ്പോൾ യൂദാ ഇസ്കാരിയാത്തിൻെറ കാര്യമെന്താണ്? യേശുവിനെ ഒറ്റുകൊടുത്ത വ്യക്തിയാണ് യൂദാസ്. അദ്ദേഹം ശപിക്കപ്പെവനാണെന്നാണ് എല്ലാ ക്രൈസ്തവസഭകളും വിശ്വസിക്കുന്നത്. മരണാനന്തര ജീവിതത്തെക്കുറിച്ച യേശുവിൻെറ പ്രവചനവും തെറ്റിയെന്നാണല്ലോ ഇതിൽ നിന്ന് മനസ്സിലാകുന്നത്.

**അനുബന്ധം 5**

## ബൈബിളിലെ ശാസ്ത്രാബദ്ധങ്ങൾ

ബൈബിളിൽ ഒരൊറ്റ അബദ്ധം പോലുമില്ലെന്ന് വാദിക്കുന്നവർ ക്രൈസ്തവരിലുണ്ട്. വിശദീകരണങ്ങളിൽ സ്ഖലിതങ്ങളുണ്ടെന്ന് സമ്മതിക്കുന്ന പണ്ഡിതൻമാരുമുണ്ട്. ഇവർ തമ്മിലുള്ള വാദപ്രതിവാദങ്ങൾ നടക്കുമ്പോൾ തന്നെ സാധാരണക്കാരുടെ ശ്രദ്ധ പതിയുന്ന ഒരു യാഥാർത്ഥ്യമുണ്ട്. ഏതൊരു സാധാരണക്കാരനും മനസ്സിലാകുന്ന ഒട്ടനവധി അബദ്ധങ്ങൾ ബൈബിളിലുണ്ടെന്ന വസ്തുതയാണത്. വാക്കുകൾ കൊണ്ട് എന്തെന്തു സാമർത്ഥ്യങ്ങൾ കാണിച്ചാലും മറച്ചുവെക്കാനാവാത്ത അബദ്ധങ്ങളാണവ. ഏതാനും അബദ്ധങ്ങൾ കാണുക:

**1. സൂര്യനുണ്ടാകുന്നതിനു മുമ്പ് ഭൂമിയുണ്ടായി:** ഉൽപത്തി പുസ്തകം തുടങ്ങുന്നതു തന്നെ 'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു' (ഉൽപത്തി 1:1)വെന്ന് പറഞ്ഞുകൊണ്ടാണ്. നക്ഷത്രങ്ങളും സൂര്യനുമെല്ലാം സൃഷ്ടിക്കപ്പെട്ടത് നാലാം ദിവസമാണെന്നും ഉൽപത്തി പുസ്തകം (1:14-19) ഉൽഘോഷിക്കുന്നു. നക്ഷത്രങ്ങളും സൂര്യനുമെല്ലാം രൂപപ്പെട്ടതിന് ശേഷമാണ് ഭൂമിയുടെ ഉൽപത്തിയെന്നാണ് ആധുനിക ശാസ്ത്രത്തിൻെറ വിലയിരുത്തൽ. ഇതുപ്രകാരം ഉൽപത്തിയിലെ സൃഷ്ടിക്രമം ശാസ്ത്രവിരുദ്ധമാണ്.

**2. പ്രകാശ സ്രോതസ്സുകൾ ഉണ്ടാകുന്നതിനു മുമ്പ് പ്രകാശം:** പ്രകാശ സ്രോതസ്സുകളായ സൂര്യനും നക്ഷത്രങ്ങളുമെല്ലാം സൃഷ്ടിക്കപ്പെട്ടത് നാലാം ദിവസമാണെന്നാണ് ഉൽപത്തി പുസ്തകം

(1:14-19) പറയുന്നത്. എന്നാൽ പ്രകാശമാകട്ടെ ഒന്നാം ദിവസം തന്നെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും (ഉൽ 1:3-5) പറയുന്നു. പ്രകാശസ്രോതസ്സില്ലാതെ എങ്ങനെയാണ് പ്രകാശമുണ്ടായത് എന്ന പ്രശ്നം ബൈബിൾ വ്യാഖ്യാതാക്കൾക്ക് തലവേദനയുണ്ടാക്കിക്കൊണ്ട് ഇന്നും നില നിൽക്കുന്നു.

**3. സൂര്യനില്ലാത്ത രാപ്പകലുകൾ:** ഒന്നാം ദിവസം തന്നെ രാത്രിയും പകലും സന്ധ്യയും ഉഷസുമെല്ലാം ഉണ്ടായിയെന്ന് ഉൽപത്തി പുസ്തകം (1:5) ഒരു വശത്ത് പറയുന്നു. സൂര്യനുണ്ടായതാകട്ടെ നാലാം ദിവസമാണ് താനും (1:16). സൂര്യനില്ലാതെ എങ്ങനെയാണ് രാത്രിയും പകലും സന്ധ്യയും ഉഷസുമെല്ലാം ഉണ്ടായത് എന്ന ചോദ്യത്തിന് സുവിശേഷകന്മാരുടെ കയ്യിൽ ഉത്തരമില്ല.

**4. സൂര്യനില്ലാതെ ഹരിത സസ്യങ്ങൾ:** ഉൽപത്തി പുസ്തകത്തിലെ സൃഷ്ടിവിവരണപ്രകാരം ഹരിതസസ്യങ്ങൾ സൃഷ്ടിക്കപ്പെട്ടത് മൂന്നാം ദിവസമാണ് (1:11-14). സൂര്യനാകട്ടെ നാലാം ദിവസവും. ഹരിത സസ്യങ്ങൾക്ക് നിലനിൽക്കുവാൻ സൂര്യൻ അനിവാര്യമാണെന്ന വസ്തുതയുമായി ഇത് വൈരുധ്യം പുലർത്തുന്നു.

**5. പ്രപഞ്ചം ആറുദിവസം കൊണ്ട്:** ഈ പ്രപഞ്ചം മുഴുവൻ സൃഷ്ടിക്കപ്പെട്ടത് ആറു ദിവസങ്ങൾ കൊണ്ടാണെന്നാണ് ഉൽപത്തി പുസ്തകം പറയുന്നത്. ആറു ദിവസങ്ങൾ കൊണ്ട് പ്രപഞ്ച സൃഷ്ടി നടത്തി ഏഴാം ദിവസം ദൈവം വിശ്രമിച്ചുവെന്നും പറയുന്നുണ്ട് (ഉൽപത്തി 2:1-3). ഇരുപത്തിനാലു മണിക്കൂറുകളുള്ള ആറുദിവസം കൊണ്ടാണ് ദൈവം പ്രപഞ്ചസൃഷ്ടി നടത്തിയതെന്നാണ് ഉൽപത്തി പുസ്തകം പറയുന്നതെന്ന് അതിലെ വിവരണങ്ങൾ വായിച്ചാൽ ബോധ്യമാകും. കോടിക്കണക്കിന് വർഷങ്ങളിലൂടെയുള്ള പരിണാമങ്ങൾ നടന്നാണ് ഖഗോള വസ്തുക്കളും ഭൂമിയുമെല്ലാം ഇന്നുള്ള സ്ഥിതിയിലെത്തിച്ചേർന്നതെന്ന ആധുനിക ശാസ്ത്ര നിഗമനവുമായി ഇത് വൈരുധ്യം പുലർത്തുന്നു.

**6. ജന്തുക്കളെല്ലാം സസ്യഭുക്കുകൾ:** "ഭൂമിയിലെ എല്ലാ മൃഗങ്ങൾക്കും ആകാശത്തിലെ എല്ലാ പക്ഷികൾക്കും നിലത്ത് ഇഴയുന്ന എല്ലാ ജന്തുക്കൾക്കും ജീവശ്വാസമുള്ള സകലതിനും ആഹാരമായി പച്ച സസ്യങ്ങളൊക്കെയും ഞാൻ കൊടുത്തിരിക്കുന്നു"വെന്ന് ദൈവം പറഞ്ഞതായി ഉൽപത്തി പുസ്തകം (1:30) ഉദ്ധരിക്കുന്നു. എല്ലാ മൃഗങ്ങൾക്കുമുള്ള ആഹാരമാണ് പച്ച സസ്യങ്ങളെന്ന് പറയുമ്പോൾ



മാംസഭുക്കുകൾ പരിഗണിക്കപ്പെട്ടിട്ടില്ലെന്ന് വ്യക്തമാണ്. ഇത് വ്യാഖ്യാനിച്ച് ഒപ്പിക്കണമെങ്കിൽ ഒന്നുകിൽ അന്ന് മാംസഭുക്കുൾ സൃഷ്ടിക്കപ്പെട്ടിട്ടില്ലെന്ന് പറയേണ്ടിവരും. അത് ബൈബിളിനും ശാസ്ത്രവസ്തുതകൾക്കും എതിരാണ്. ആറാം ദിവസം ദൈവം പറയുന്ന കാര്യമാണ് മുകളിൽ ഉദ്ധരിച്ചത്. ഈ സംസാരത്തിന് ശേഷം പിന്നെ സൃഷ്ടി നടന്നിട്ടില്ലെന്നർത്ഥം. മനുഷ്യൻ ഭൂമിയിൽ പ്രത്യക്ഷീഭവിക്കുന്നതിന് സഹസ്രാബ്ദങ്ങൾക്കു മുമ്പു തന്നെ ഇവിടെ മാംസഭുക്കുകൾ ജീവിച്ചിരുന്നുവെന്ന വസ്തുത ഉൽഖനന ഗവേഷണങ്ങളും വ്യക്തമാക്കുന്നുണ്ട്. ആദിയിൽ എല്ലാ ജീവികളും സസ്യഭുക്കുകളായിരുന്നുവെന്നും പിന്നീട് മാംസഭുക്കുകളായിത്തീരുകയാണുണ്ടായതെന്നും വാദിക്കുകയാണ് ഈ വചനം വ്യാഖ്യാനിക്കാനുള്ള മറ്റൊരു മാർഗം. ഇതും ശാസ്ത്രീയമായും ബൈബിളിന്റെ അടിസ്ഥാനത്തിലും ശരിയല്ല. മനുഷ്യൻ പ്രത്യക്ഷപ്പെട്ടതിനു മുമ്പുതന്നെ ഇവിടെ മാംസഭുക്കുകളുണ്ടായിരുന്നുവെന്നതിനാൽ തന്നെ ഇത്തരമൊരു വ്യാഖ്യാനവും ശാസ്ത്രീയമായി അസംബന്ധമായി ഭവിക്കും.

**7. വിഷസസ്യങ്ങളും ആഹാരം:** 'ദൈവം അരുൾ ചെയ്തു: നോക്കൂ, വിത്തുള്ള എല്ലാ ഇനം ചെടികളും വിത്തുള്ള ഫലം കായ്ക്കുന്ന എല്ലാ ഇനം വൃക്ഷങ്ങളും ഭൂമുഖത്ത് നിങ്ങൾക്ക് ഞാൻ തന്നിരിക്കുന്നു. അവ നിങ്ങൾക്കു ഭക്ഷണമായിരിക്കും". (ഉൽപത്തി 1:29). ഇത് ദൈവം മനുഷ്യരുടെ ആദിപിതാവിനോടും മാതാവിനോടും പറഞ്ഞതായാണ് ബൈബിൾ ഉദ്ധരിക്കുന്നത്. ഈ വചനപ്രകാരം എല്ലാ ചെടികളും മനുഷ്യർക്കുള്ള ഭക്ഷണമാണ്. എന്നാൽ ഉഗ്രവിഷമുള്ള ചെടികൾ ഈ ഭൂമുഖത്തുണ്ടെന്ന വസ്തുത നമുക്കറിയാം. അവയുടെ ഇലകളോ ഫലമോ വിത്തോ തിന്നാൽ മനുഷ്യൻ മരിച്ചുപോകും. അവ മനുഷ്യർക്ക് ഒരു കാരണവശാലും ഭക്ഷണമാകാൻ പറ്റുകയില്ലെന്ന് സാരം. 'എല്ലാ ചെടികളും മനുഷ്യർക്കുള്ള ഭക്ഷണമാണ്' എന്ന പ്രസ്താവന ശാസ്ത്രീയമായി തെറ്റാണെന്നർത്ഥം.

**8. സർപ്പം പൊടി തിന്നുമോ?:** മനുഷ്യരെ വഴിതെറ്റിച്ച സർപ്പത്തെ ദൈവം ശപിക്കുന്നതായി ഉൽപത്തി പുസ്തകം പറയുന്നിടത്ത് "ജീവിതകാലം മുഴുവൻ നീ പൊടി തിന്നും" (3:14) എന്ന പരാമർശം കാണാം. ഇതുപ്രകാരം സർപ്പങ്ങൾ അന്നുമുതൽ ഇന്നുവരെ പൊടി തിന്നാണ് ജീവിക്കേണ്ടത്. എന്നാൽ വസ്തുത അങ്ങനെയല്ലല്ലോ.

**9. മഴവില്ല് നോഹിന് ശേഷമോ?:** ജലപ്രളയം ശമിച്ച ശേഷം നോഹ് പെട്ടകത്തിൽ നിന്ന് ഇറങ്ങുകയും ദൈവം അദ്ദേഹവും പുത്രന്മാരുമായി ഒരു ഉടമ്പടിയുണ്ടാക്കുകയും ചെയ്തതായി ബൈബിൾ വിവരിക്കുന്നുണ്ട്. ഉടമ്പടിക്കു ശേഷം ദൈവം പറയുന്നതായി ഉൽപത്തി പുസ്തകം ഉദ്ധരിക്കുന്നു: "നിങ്ങളുമായും നിങ്ങളോടൊന്നിച്ചുള്ള സർവ്വ ജീവജാലങ്ങളുമായും ഭാവി തലമുറക്ക് വേണ്ടി എന്നെന്നേയ്ക്കുമായി ഞാൻ ചെയ്യുന്ന ഈ ഉടമ്പടിയുടെ അടയാളം ഇതാണ്: ഞാൻ എൻെറ വില്ല് മേഘത്തിൽ വയ്ക്കുന്നു. ഇത് ഞാനും ഭൂമിയും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള ഉടമ്പടിയുടെ അടയാളം ആയിരിക്കും. ഞാൻ ഭൂമിക്കു മുകളിൽ മേഘങ്ങളെ വരുത്തുകയും മേഘങ്ങളിൽ വില്ല് പ്രത്യക്ഷപ്പെടുകയും ചെയ്യുമ്പോൾ, എൻെറ ഉടമ്പടി, എനിക്ക് നിന്നോടും എല്ലാ ജീവികളോടുമുള്ള ഉടമ്പടി, ഞാൻ ഓർമിക്കും. ഇനിമേൽ ഒരിക്കലും വെള്ളം എല്ലാ ജീവജാലങ്ങളെയും നശിപ്പിക്കുന്ന പ്രളയമായിത്തീരുകയില്ല. വില്ല് മേഘങ്ങളിൽ ദൃശ്യമാകുമ്പോൾ ഞാൻ അതിനെ നോക്കും; ദൈവവും ഭൂമുഖത്തുള്ള എല്ലാ ജീവജാലങ്ങളും തമ്മിൽ ഉണ്ടാക്കിയിട്ടുള്ള ശാശ്വതമായ ഉടമ്പടി ഓർമിക്കുകയും ചെയ്യും. ഭൂമുഖത്ത് എല്ലാ ജീവജാലങ്ങളുമായി ഞാൻ ഉണ്ടാക്കിയിട്ടുള്ള ഉടമ്പടിക്ക് ഇത് അടയാളമായിരിക്കും. (ഉൽപത്തി 9:12-17)

നോഹിന് ശേഷമാണ് മഴവില്ല് ഉണ്ടായത് എന്നാണല്ലോ ഇതിന്നർത്ഥം. അന്തരീക്ഷത്തിലുള്ള ജലകണങ്ങളിൽ സൂര്യപ്രകാശത്തിന് പ്രകീർണനം (dispersion) സംഭവിക്കുന്നതു മൂലമാണ് മഴവില്ലുണ്ടാകുന്നത്. ജലകണികയിലേക്ക് പ്രകാശകിരണങ്ങൾ കടക്കുമ്പോൾ പ്രകീർണനം സംഭവിക്കുമെന്നത് ഒരു പ്രകൃതിനിയമമാണ്. മഴയും സൂര്യനുമുണ്ടായ കാലം മുതൽ തന്നെ മഴവില്ല് ഉണ്ടായിരിക്കണം. നോഹിന് ശേഷമാണ് മഴവില്ലുണ്ടായതെന്ന ബൈബിൾ പരാമർശം അതുകൊണ്ടു തന്നെ ശാസ്ത്ര വിരുദ്ധമാണ്. നോഹിന് മുമ്പും-മനുഷ്യൻ ഭൂമിയിൽ പ്രത്യക്ഷപ്പെടുന്നതിനു മുമ്പു തന്നെ ഇവിടെ മഴയും സൂര്യനുമുണ്ടായിരുന്നു; അതുകൊണ്ടു തന്നെ മഴവില്ലുമുണ്ടായിരുന്നു.

**10. മുയൽ അയവിറക്കുന്ന ജീവി:** മുയലും കുഴിമുയലും അയവിറക്കുന്ന ജീവികളാണെന്നാണ് ബൈബിൾ പറയുന്നത്. (ലേവ്യ 11:6 ആവ 14:7) ഇത് ശരിയല്ലെന്ന് ജന്തുശാസ്ത്രത്തിൻെറ ബാലപാഠമെങ്കിലും പഠിച്ചിട്ടുള്ളവർക്ക് അറിയാവുന്നതാണ്. ഇപ്പോഴുള്ള മുയലും കുഴിമുയലുമല്ല ഇവിടെ ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്നും ഇവയോടു സാമ്യമുള്ളതും മോശയടെ കാലത്ത് ഉണ്ടായിരുന്നതും പിന്നീട് വംശനാശം സംഭവിച്ചുപോയതുമായ ഒരു ജീവിയാണ് ഈ വചനങ്ങളിൽ 'മുയൽ' എന്നു പരിഭാഷപ്പെടുത്തിയിരിയിരിക്കുന്നതെന്നും ചിലർ വാദിക്കാറുണ്ട്. അന്നു ജീവിച്ചിരുന്ന അയവിറക്കുന്ന മുയലിൻെറ ഫോസിലുകൾ ഈയിടെ കണ്ടുപിടിച്ചിട്ടുണ്ടെന്നുവരെ പറയാറുണ്ട്, അവർ. എന്നാൽ ബൈബിൾ വായിക്കുകയും ഇസ്രായീല്യരുടെ ചരിത്രം പഠിക്കുകയും ചെയ്തവരൊന്നും തന്നെ ഈ വാദങ്ങളെ മുഖവിലക്കെടുക്കയില്ലെന്ന് തീർച്ചയാണ്. ഏറ്റവും പുതിയ ഇംഗ്ലീഷ് ബൈബിൾ പതിപ്പുകളിൽ പോലും hare എന്നും convey എന്നുമാണ് മൂലപദത്തെ പരിഭാഷപ്പെടുത്തിയിരിക്കുന്നത്. ഈ വചനങ്ങളുടെ അടിസ്ഥാനത്തിൽ സഹസ്രാബ്ദങ്ങളോളമായി മുയലിനെയും കുഴിമുയലിനെയും നിഷിദ്ധമായി കരുതിപ്പോരുന്നവരാണ് യഹൂദന്മാർ. മറ്റേതോ മൃഗത്തെക്കുറിച്ചായിരുന്നു ഈ പരാമർശമെങ്കിൽ അവർ മുയലിനെ നിഷിദ്ധമായി മനസ്സിലാക്കുകയില്ലായിരുന്നുവെന്ന് വ്യക്തമാണ്. ചുരുക്കത്തിൽ, ആവർത്തന പുസ്തകവും ലേവ്യാ പുസ്തകവും എഴുതിയ വ്യക്തി മുയൽ അയവിറക്കുന്നുവെന്ന് മനസ്സിലാക്കിയ ആളായിരുന്നു. ഡോ.ജോസഫ് കോട്ടക്കൽ പറഞ്ഞതു പോലെ പലപ്പോഴും മൂക്ക് ചലിപ്പിക്കുന്ന മുയലിൻെറ സ്വഭാവത്തിൽ നിന്ന് ഗ്രന്ഥകാരന് അത് അയവിറക്കുന്നതാണെന്ന് തോന്നിയതാകാം. ഏതായിരുന്നാലും ഈ വചനങ്ങൾ വ്യക്തമായ ശാസ്ത്രവസ്തുതകൾക്ക് വിരുദ്ധമാണ്.

**11.വവ്വാൽ ഒരു പക്ഷി!:** വവ്വാലിനെ ബൈബിൾ ഉൾപ്പെടുത്തിയിരിക്കുന്നത് പക്ഷികളുടെ ഗണത്തിലാണ്. (ലേവ്യ 11:13-19). കഴുകനെയും കൊക്കിനേയും കാട്ടുകോഴിയേയും പോലെയുള്ള ഒരു പക്ഷിയാണ് വവ്വാലെന്നാണ് ലേവ്യ പുസ്തകത്തിലുള്ളത്. പക്ഷികളിൽ നിന്ന് തികച്ചും വ്യത്യസ്തമായ സ്വഭാവസവിശേഷതകളുള്ള ഒരു സസ്തനിയാണ് വവ്വാൽ എന്ന ജന്തുശാസ്ത്രം അൽപമെങ്കിലും പഠിച്ചിട്ടുള്ളവർക്കെല്ലാം അറിയാവുന്നതാണ്. പക്ഷികളുടെ ഗണത്തിൽ ഒരു അർത്ഥത്തിലും ഉൾപ്പെടുത്താൻ പറ്റാത്ത ജീവിയാണത്.

**12. രാപ്പകലുകൾ സൃഷ്ടിക്കുന്നത് സൂര്യചന്ദ്രന്മാരുടെ ചലനം:** സൂര്യ ചന്ദ്രന്മാരുടെ ചലനമാണ് രാവും പകലും സൃഷ്ടിക്കുന്നതെ

ന്നാണ് ബൈബിൾ വായിച്ചാൽ മനസ്സിലാവുക. യോശുവയുടെ കാലത്ത് നടന്ന യുദ്ധത്തിൽ എതിരാളികളെ തോൽപിക്കുന്നതുവരെ സൂര്യനോട് ഗിബയോനിലും ചന്ദ്രനോട് അയ്യലോൻ താഴ്‌വരയിലും നിൽക്കാൽ പറയുകയും അങ്ങനെ അവ അസ്തമിക്കാതെ നിശ്ചലമായി നിൽക്കുകയും അദ്ദേഹം യുദ്ധത്തിൽ ജയിക്കുകയും ചെയ്ത കഥ യോശുവയുടെ (യോശു 10:12-15) പുസ്തകത്തിലുണ്ട്. പകൽ മാറി രാത്രി വരാതിരിക്കാൻ സൂര്യൻെറ ചലനം നിന്നുവെന്നാണ് യോശുവയുടെ പുസ്തകം പറയുന്നത്. രാപ്പകലുകൾ സൃഷ്ടിക്കുന്നത് ഭൂമിയുടെ ഭ്രമണമാണെന്ന വസ്തുതയുടെ വെളിച്ചത്തിൽ നോക്കിയാൽ യോശുവയുടെ പുസ്തകത്തിലെ ഈ പരാമർശങ്ങൾ അശാസ്ത്രീയമാണെന്ന് കാണാം.

**12.ഭൂമിക്ക് തൂണുകൾ!:** ഭൂമി തൂണുകളിൽ മേലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നതെന്ന ഇസ്രായീല്യരുടെ അബദ്ധ സങ്കൽപത്തിൻെറ സ്വാധീനം ബൈബിളിൽ ഉടനീളം കാണാം. ഏതാനും ബൈബിൾ വാക്യങ്ങൾ നോക്കുക.

'ഭൂമിയുടെ തൂണുകൾ കർത്താവിൻേറതത്രെ; അവയിൽ അവൻ ലോകത്തെ ഉറപ്പിച്ചിരിക്കുന്നു' (1ശാമു 2:8)

'അവർ ഭൂമിയെ അതിൻെറ സ്ഥാനത്തു നിന്ന് ഇളക്കി മാറ്റുന്നു. അതിൻെറ തൂണുകൾ കിടിലം കൊള്ളുന്നു.' (ഇയ്യോബ് 9:6)

'ഭൂമിയുടെ അഴിഞ്ഞുപോകാത്ത അസ്ഥിവാരങ്ങളേ, കർത്താവിൻെറ വാദം കേൾക്കൂ'. (മീഖാ 6:2)

ഭൂമിക്ക് തൂണുകളുണ്ടെന്ന ബൈബിൾ പ്രസ്താവനകൾ അബദ്ധങ്ങളാണെന്ന് ആർക്കും പറഞ്ഞുകൊടുക്കേണ്ടതില്ലല്ലോ!

**13. ഭൂമിക്ക് ചലനമില്ല!:** തൂണുകളിൽ സ്ഥാപിക്കപ്പെട്ട ഭൂമിക്ക് യാതൊരു വിധ ചലനങ്ങളുമില്ലെന്നാണ് ബൈബിൾ പറയുന്നത്.

'ഭൂലോകം സുസ്ഥാപിതമാണ്; അത് ഇളകുകയില്ല' (1 ദിനവൃത്താന്തം 16:30)

'ഭൂലോകം സുസ്ഥാപിതമാണ്; അത് ഇളകുകയില്ല' (സങ്കീർത്തനം 96:10)

'ഭൂമി ഒരിക്കലും ഇളകിപ്പോകാത്തവണ്ണം അതിൻെറ അസ്തിവാരത്തിൽ നീ പ്രതിഷ്ഠിച്ചു' (സങ്കീ 104:5)



ഭൂമിയുടെ ഭ്രമണവും പരിക്രമണവുമൊന്നും മനസ്സിലാക്കിയിരുന്നിട്ടില്ലാത്ത കാലത്ത് രചിക്കപ്പെട്ട പുസ്തകങ്ങളിൽ ഇത്തരം പ്രസ്താവനകൾ കാണുക സ്വാഭാവികമാണ്. എന്നാൽ സർവ്വജ്ഞനായ ദൈവത്തിൽ നിന്ന് ഇത്തരം അബദ്ധങ്ങളുള്ള പരാമർശങ്ങൾ വരിക സാധ്യമല്ല.

**15. ആകാശത്തിനും തൂണുകൾ!:** ഭൂമിക്ക് മാത്രമല്ല, ആകാശത്തിനും തൂണുകളുണ്ടെന്നാണ് ബൈബിളിലെ ചില പുസ്തകങ്ങൾ പറയുന്നത്. ഇയ്യോബിൻെറ പുസ്തകത്തിലെ പരാമർശം നോക്കുക 'അവൻ ശാസിക്കുമ്പോൾ ആകാശത്തിൻെറ തൂണുകൾ വിറക്കുന്നു' (ഇയ്യോബ് 26:11) ഭൂമിക്ക് മുകളിൽ തൂണുകളിൽ മേൽ സ്ഥാപിക്കപ്പെട്ടിരിക്കുകയാണ് ആകാശമെന്ന വിശ്വാസമായിരുന്നു ഇസ്രായീല്യർക്കുണ്ടായിരുന്നത്. ബൈബിൾ മുന്നോട്ടുവെക്കുന്ന വിശ്വാസവും അതുതന്നെ!

**16. സൂര്യൻ ആകാശത്തിലൂടെ പര്യടനം നടത്തുന്നു!:** പ്രഭാതം മുതൽ പ്രദോഷം വരെ സൂര്യൻ ആകാശത്തുകൂടി പര്യടനം നടത്തുന്നുവെന്നാണ് ബൈബിൾ പറയുന്നത്. 'സൂര്യൻ, മണവറ വിട്ടു പുറത്തു വരുന്ന മണവാളനെപ്പോലെയാണ്, പന്തയമോടുവാൻ തുടങ്ങുന്ന ശക്തനെപ്പോലെ അത് ആഹ്ലാദിക്കുന്നു. ആകാശത്തിൻെറ അറ്റത്ത് അത് ഉദിക്കുന്നു; മറ്റേ അറ്റത്തോളമാണ് അതിൻെറ പര്യടനം; അതിൻെറ ചൂടിൽ നിന്ന് യാതൊന്നും മറക്കപ്പെടുന്നില്ല.' (സങ്കീ 19:5,6). ആകാശത്തിൻെറ ഒരറ്റത്തുനിന്നും മറ്റേ അറ്റം വരെ പര്യടനം നടത്തുന്ന സൂര്യനെക്കുറിച്ച സങ്കൽപം ആധുനിക ശാസ്ത്രത്തിൻെറ എല്ലാ അളവുകോലുകൾ പ്രകാരവും പരമാബദ്ധമാണെന്ന് സ്കൂൾ കുട്ടികൾക്കുപോലും അറിയാവുന്നതാണ്.

**17. ഭൂമിക്ക് നാലു മൂലകൾ:** ചതുരാകൃതിയിലുള്ള ഒരു വസ്തുവാണ് ഭൂമിയെന്നായിരുന്നു ഇസ്രായീലീ വിശ്വാസമെന്നാണ് മനസ്സിലാകാൻ കഴിയുന്നത്. ഭൂമിയുടെ നാലു മൂലകളെക്കുറിച്ച പരാമർശങ്ങൾ പഴയനിയമപുസ്തകങ്ങളിൽ കാണാനാകും. (ഉദാ: യെശ11:12). ഈ വിശ്വാസം തന്നെയായിരുന്നു പുതിയ നിയമകാലത്തും നിലനിന്നിരുന്നത്. യോഹന്നാന് ഉണ്ടായതായി പറയപ്പെടുന്ന വെളിപാടിൽ ഇക്കാര്യം സ്പഷ്ടമാണ്. 'ഇതിന് ശേഷം ഭൂമിയുടെ നാലു മൂലയിൽ, നാലു മാലാഖമാർ നിൽക്കുന്നതും, കാറ്റു ഭൂമിയുടെയോ കടലിൻെറയോ വൃക്ഷങ്ങളുടെയോ മേൽ വീഴാതിരിക്കാൻ ഭൂമിയുടെ നാലു

കാറ്റുകളേയും തടഞ്ഞുവെക്കുന്നതും ഞാൻ കണ്ടു' (വെളിപാട് 7:1)

**18. പരന്ന ഭൂമി:** ബൈബിളിലെ കഥകളും പരാമർശങ്ങളുമെല്ലാം പരന്ന ഭൂമിയെയാണ് സൂചിപ്പിക്കുന്നത്. ഭൂമിയുടെ ഗോളാകൃതിയെക്കുറിച്ച സൂചനകളൊന്നും തന്നെ ബൈബിളിലില്ല. ബൈബിൾ പുസ്തകങ്ങൾ രചിക്കപ്പെട്ട കാലത്തുണ്ടായിരുന്ന അബദ്ധധാരണകളിലൊന്നാണ് 'പരന്ന ഭൂമി'യെന്ന സങ്കൽപം. ഈ സങ്കൽപം തന്നെയാണ് പഴയ നിയമത്തിലെയും പുതിയ നിയമത്തിലെയുമെല്ലാം പുസ്തകങ്ങളിലുള്ളത്. ചില ഉദാഹരണങ്ങൾ കാണുക:

a) ദാനിയേലിന്റെ രണ്ടാം അധ്യായത്തിൽ രാജാവ് കണ്ട സ്വപ്നത്തെക്കുറിച്ച ഒരു വിവരണമുണ്ട്. ഒരു പ്രതിമയുടെ തകർച്ചയാണ് സ്വപ്നത്തിലെ വിഷയം. സ്വപ്നത്തെക്കുറിച്ച് വിവരിക്കവെ, ഇങ്ങനെയൊരു പരാമർശം കാണാം 'പ്രതിമ തകർത്ത കല്ല് ഒരു മഹാപർവ്വതമായി ഭൂമി മുഴുവൻ നിറഞ്ഞു.' (ദാനിയേൽ 2:35). ഒരു പർവ്വതം ഭൂമി മുഴുവൻ നിറഞ്ഞുനിൽക്കണമെങ്കിൽ ഭൂമി പരന്നതായിരിക്കണമല്ലോ. ഈ പുസ്തകമെഴുതിയ വ്യക്തി ഭൂമി പരന്നതാണെന്ന സങ്കൽപമുൾക്കൊണ്ടുകൊണ്ടാണ് ഇത് എഴുതിയതെന്ന് വ്യക്തമാണ്.

b) ദാനിയേലിന്റെ നാലാം അധ്യായത്തിൽ മറ്റൊരു സ്വപ്നത്തെക്കുറിച്ച പരാമർശമുണ്ട്. ഒരു മരമാണ് അതിലെ പ്രധാന പ്രതിപാദ്യം. മരത്തെക്കുറിച്ച് പറയുന്നത് കാണുക: 'ഭൂമി മധ്യേ വളരെ ഉയരമുള്ള ഒരു മരം ഞാൻ കണ്ടു. ആ മരം വളർന്നു കരുത്താർജ്ജിച്ചു. അംബര ചുംബിയായ ആ മരം ഭൂമിയുടെഅതിർത്തികൾ വരെ ദൃശ്യമായിരുന്നു." (ദാനിയേൽ 4:10-11). ഭൂമിയുടെ അതിർത്തികൾ !! ആ അതിർത്തികളിൽ നിന്നു പോലും കാണാവുന്ന മരം!!! ഇതെല്ലാം ഒരു പരന്ന ഭൂമിയിൽ മാത്രമേ സാധ്യമാവുകയുള്ളൂവെന്ന് പറയേണ്ടതില്ലല്ലോ.

c) യേശുവിനെ പിശാച് പ്രലോഭിപ്പിക്കുന്ന രംഗം മത്തായിയും ലൂക്കോസും വിവരിക്കുന്നുണ്ട്. സാത്താൻ അദ്ദേഹത്തോട് പല ചോദ്യങ്ങളും ചോദിക്കുകയും അവക്കെല്ലാം പ്രമാണങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹം മറുപടി പറയുകയും ചെയ്തതായി ഈ സുവിശേഷങ്ങൾ വ്യക്തമാക്കുന്നു. "തുടർന്ന് പിശാച് യേശുവിനെ വളരെ ഉയർന്ന ഒരു മലയുടെ മുകളിലേക്ക് കൂട്ടിക്കൊണ്ടുപോയി, ലോകത്തിലെ എല്ലാ രാജ്യങ്ങളും അവയുടെ പ്രതാപവും കാണിച്ചു കൊടുത്തു" വെന്നാണ് മത്തായി (4:8) പറയുന്നത്. ഇക്കാര്യം ലൂക്കോസും



(4:5) ഉദ്ധരിക്കുന്നുണ്ട്. ഒരു മലക്കു മുകളിൽ നിന്ന് ലോകം മുഴുവൻ കാണണമെങ്കിൽ ഭൂമി പരന്നതായിരിക്കണമല്ലോ. പുതിയനിയമ കർത്താക്കളും ഭൂമി പരന്നതാണെന്ന വിശ്വാസം വെച്ചു പുലർത്തിയിരുന്നവരായിരുന്നുവെന്ന് സാരം.

**19) കടുകുമണി ഏറ്റവും ചെറിയ വിത്തോ?:** യേശുക്രിസ്തു സ്വർഗരാജ്യത്തെ കടുകുമണിയോട് ഉപമിക്കുന്ന രംഗം സംഹിത സുവിശേഷങ്ങളെല്ലാം ഉദ്ധരിക്കുന്നുണ്ട്: അവിടെ യേശു പറയുന്നതായി 'വിത്തുകളിൽ ഏറ്റവും ചെറുതാണ് കടുകുമണി"യെന്ന് മത്തായിയും (13:32) മർക്കോസും (4:31) എടുത്തു പറയുന്നു. ഇതു ശരിയല്ലെന്ന് ഇന്ന് നമുക്ക് കൃത്യമായി അറിയാവുന്നതാണ്. കടുകുമണിയേക്കാൾ ചെറിയ നൂറുകണക്കിന് വിത്തുകളെക്കുറിച്ച് നാം മനസ്സിലാക്കുമ്പോൾ ബൈബിളിലെ ഈ പ്രസ്താവന അശാസ്ത്രീയമാണെന്ന് നമുക്ക് ബോധ്യപ്പെടുന്നുണ്ട്.

**20) വൃത്തത്തിന്റെ ചുറ്റളവിലെ അബദ്ധം:** സോളമൻ രാജാവ് നിർമ്മിച്ച ആലയത്തെക്കുറിച്ച് വിശദമായ വിവരണം ദിനവൃത്താന്തം രണ്ടാം പുസ്തകം മൂന്ന്, നാല് അധ്യായങ്ങളിലും രാജാക്കന്മാരുടെ ഒന്നാം പുസ്തകത്തിൽ ഏഴാം അധ്യായത്തിലുമുണ്ട്. ആലയത്തിൽ വാർത്തുണ്ടാക്കിയ വൃത്താകൃതിയിലുള്ള കടലിന്റെ "വക്കോട് വക്ക് പത്തു മുഴം, ഉയരം അഞ്ചു മുഴം, ചുറ്റളവ് മുപ്പത് മുഴം" (2ദിന 4:2 1 രാജാ 7:23) എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് ഗണിതശാസ്ത്രപരമായി തെറ്റാണ്. പത്തുമുഴം വ്യാസമുള്ള വൃത്തത്തിന് 31.42 മുഴം ചുറ്റളവ് കാണും. ചുറ്റളവ് 30 മുഴം എന്ന് ബൈബിളിൽ പറഞ്ഞിരിക്കുന്നത് ഗണിതശാസ്ത്രത്തിന്റെ വീക്ഷണത്തിൽ അബദ്ധമാണെന്നർത്ഥം.

ബൈബിളിലെ വ്യക്തമായ ഇത്തരം അശാസ്ത്രീയ പരാമർശങ്ങൾക്കു നേരെ പുറം തിരിഞ്ഞ് നിൽക്കുകയാണ് സുവിശേഷകന്മാർ ചെയ്യുന്നത്. ഈ അശാസ്ത്രീയതകൾക്ക് മറുപടി പറയാൻ മിനക്കെടാതെ വിമർശകർക്കു നേരെ വെല്ലുവിളികൾ ഉന്നയിച്ച് തങ്ങളോടൊപ്പമുള്ളവരെ സംതൃപ്തരാക്കാൻ ശ്രമിക്കുകയാണ് അവരുടെ തന്ത്രം. തിരുവെട്ടാർ കൃഷ്ണൻ കുട്ടി എഴുതുന്നത് കാണുക.

"ബൈബിളിന്റെ ദൈവ നിശ്വാസീയതയെ, തെളിയിക്കുന്ന ഇത്തരം ശാസ്ത്രീയമായ വസ്തുത വളരെയേറെ ഉണ്ട്. 1935ൽ അമേരിക്കയിലെ സയൻസ് ബ്യൂറോയുടെ ചെയർമാനായിരുന്ന ഡോ: ഹാരി

റിമ്മർ, "ഞങ്ങളുടെ വിശ്വാസത്തിനു ആധാരമായ ബൈബിൾ അശാസ്ത്രീയം എന്ന് തെളിയിക്കുന്ന ആർക്കും ആയിരം ഡോളർ ഇനാം" എന്നു ഇരുപത്തിയേഴുരാജ്യങ്ങളിൽ പ്രഖ്യാപനം നടത്തി. പക്ഷേ, അതു തെളിയിച്ചു വിജയിയാകുവാൻ ആർക്കും കഴിഞ്ഞതായി അറിവില്ല.

ഇങ്ങനെ വെല്ലുവിളിക്കുന്നവരാരുംതന്നെ മുകളിൽ സൂചിപ്പിച്ച വിമർശനങ്ങളിലേതിനെങ്കിലും സംതൃപ്തമായ മറുപടി നൽകിയത് കണ്ടിട്ടില്ല. വെല്ലുവിളി വിദഗ്ദരുടെ ലക്ഷ്യം അണികളെ പിടിച്ചു നിർത്തുക മാത്രമാണല്ലോ.

**അനുബന്ധം 6**

## <u>പഴയ നിയമത്തിലെ വൈരുദ്ധ്യങ്ങൾ</u>

പഴയ നിയമത്തിലെ ഏതാനും വൈരുദ്ധ്യങ്ങൾ കാണുക:

**ദൈവമോ ചെകുത്താനോ?**

<u>2 ശാമുവേൽ 24:1</u>

'വീണ്ടും <u>കർത്താവിൻെറ</u> കോപം ഇസ്രായീലിനു നേരെ ജ്വലിച്ചു. 'പോകൂ; ഇസ്രായീലിൻെറയും യഹൂദായുടേയും ജനസംഖ്യയെടുക്കുക' എന്നു പറഞ്ഞു ദാവീദിനെ അവരുടെ നേരെ <u>അവൻ</u> ഇളക്കിവിട്ടു'.

<u>1 ദിനവൃത്താന്തം 21:1</u>

'<u>സാത്താൻ</u> ഇസ്രായീലിന്ന് എതിരായി തിരിഞ്ഞ്, ഇസ്രായേലിൻെറ ജനസംഖ്യയെടുക്കാൻ ദാവീദിനെ പ്രേരിപ്പിച്ചു'

**700ഓ 7000ഓ?**

**കുതിരപ്പടയാളികളോ കാലാൾപ്പടയാളികളോ?**

<u>2 ശാമുവേൽ 10:18</u>

'ഇസ്രായേലിൻെറ മുമ്പിൽ നിന്ന് സിറിയക്കാർ ഓടി. സിറിയക്കാരിൽ <u>എഴുന്നൂറു തേരാളികളെയും നാൽപതിനായിരം കുതിരപ്പടയാളികളെയു</u>ം ദാവീദ് വധിച്ചു. സേനാനായകനായ ശോബകിനു മുറിവേറ്റു. അങ്ങനെ അയാൾ അവിടെ വെച്ചു മരിച്ചു'.

<u>1 ദിനവൃത്താന്തം 19:18</u>

'ഇസ്രായേലിൻെറ മുമ്പിൽ നിന്ന് സിറിയക്കാർ ഓടി. ദാവീദ് സിറി

യക്കാരിൽ ഏഴായിരം തേരാളികളെയും നാൽപതിനായിരം കാലാൾ പടയാളികളെയും വധിച്ചു. അവരുടെ സേനാനായകനായ ശോഫികിനെയും ദാവീദ് കൊന്നു'.

**1700ഓ 7000ഓ?**

2 ശാമുവേൽ 8:4

'ആയിരത്തെഴുന്നൂറു കുതിരപ്പടയാളികളെയും ഇരുപതിനായിരം കാലാൾ പടയാളികളെയും ദാവീദ് അയാളിൽ നിന്നു പിടിച്ചെടുത്തു'.

1 ദിനവൃത്താന്തം 18:4

'അയാളിൽ നിന്ന് ആയിരം രഥവും ഏഴായിരം കുതിരപ്പടയാളികളെയും ഇരുപതിനായിരം കാലാൾ പടയാളികളെയും ദാവീദ് പിടിച്ചെടുത്തു'.

**22ഓ 42ഓ?**

2 രാജാക്കന്മാർ 8:26

'യെഹോറാമിൻെറ പുത്രൻ അഹസ്യാവ് ഭരണം തുടങ്ങി. ഭരണം തുടങ്ങുമ്പോൾ അയാൾക്ക് ഇരുപത്തിരണ്ടു വയസ്സായിരുന്നു.'

2 ദിനവൃത്താന്തം 22:2

'യെഹോറാമിൻെറ പുത്രൻ അഹസ്യാവ് ഭരണം നടത്തി. ഭരണം തുടങ്ങുമ്പോൾ അയാൾക്ക് നൽപത്തിരണ്ടു വയസ്സായിരുന്നു'.

**18ഓ 8ഓ?**

2 രാജാക്കന്മാർ 24:8

'രാജാവാകുമ്പോൾ യെഹോയാകീന്നു പതിനെട്ടു വയസ്സായിരുന്നു. അയാൾ മൂന്നു മാസം ജെറുശലേമിൽ ഭരണം നടത്തി'.

2 ദിനവൃത്താന്തം 36: 9

'ഭരണം തുടങ്ങുമ്പോൾ യെഹോയാകീന്ന് എട്ടു വയസ്സായിരുന്നു. അയാൾ മൂന്നു മാസവും പത്തു ദിവസവും ജെറുശലേമിൽ ഭരണം നടത്തി'.

**2000ഓ 3000ഓ?**

1 രാജാക്കന്മാർ 7:26

'അതിൻെറ വക്ക് പാനപാത്രത്തിൻെറ വക്കുപോലെ ലില്ലി പുഷ്



പാകൃതിയിലായിരുന്നു. അതിൽ രണ്ടായിരം ബത്ത് വെള്ളം കൊള്ളും'

2 ദിനവൃത്താന്തം 4:5

'അതിൻെറ വക്ക് പാനപാത്രത്തിൻെറ വക്കുപോലെ ലില്ലി പുഷ്പാകൃതിയിലായിരുന്നു. അതിൽ മൂവായിരത്തിലേറെ ബത്ത് വെള്ളം കൊള്ളും.

**4000ഓ 40,000ഓ?**

1 രാജാക്കന്മാർ 4:26

'സോളമന് തൻെറ രഥങ്ങളിൽ കെട്ടാനുള്ള കുതിരകൾക്കായി നാൽപതിനായിരം ലായങ്ങൾ ഉണ്ടായിരുന്നു.'

2 ദിനവൃത്താന്തം 9:25

'കുതിരകൾക്കും രഥങ്ങൾക്കുമായി നാലായിരം ലായങ്ങളും പന്തീരായിരം കുതിരക്കാരും സോളമനുണ്ടായിരുന്നു'.

**40ഓ 150 ഓ?**

ഉൽപത്തി 7:17

'ഭൂമിയിൽ നാൽപത് ദിവസം ജലപ്രളയമായിരുന്നു'

ഉൽപത്തി 7:24

'നൂറ്റമ്പതു ദിവസത്തേക്ക് ഭൂമിയിൽ വെള്ളപ്പൊക്കം തുടർന്നു'

**ആസാ പൂജാഗിരികൾ നീക്കിയോ ഇല്ലയോ?**

2 ദിനവൃത്താന്തം 14:2-5

ആസാ തൻെറ ദൈവമായ കർത്താവിൻെറ ദൃഷ്ടിയിൽ നല്ലതും ശരിയായതും ചെയ്തു. അയാൾ അന്യ ബലിപീഠങ്ങളും പൂജാഗിരികളും നീക്കി കളഞ്ഞു. സ്തംഭങ്ങൾ ഉടച്ച് കളഞ്ഞു. അശേറ പ്രതിഷ്ഠകൾ വെട്ടിവീഴ്ത്തി. യഹൂദായോട് അവരുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവിനെ അന്വേഷിക്കാനും നിയമങ്ങളും കൽപനകളും പാലിക്കാനും അയാൾ കൽപിച്ചു.

2 ദിനവൃത്താന്തം 15:17, 18

ആസാ പൂജാഗിരികൾ ഇസ്രായേലിൽ നിന്നു നീക്കിക്കളഞ്ഞില്ല.

**മകുടത്തിൻെറ ഉയരം മൂന്നു മുഴമോ അഞ്ചു മുഴമോ?**

2 രാജാക്കന്മാർ 25:17

മകുടത്തിൻെറ ഉയരം മൂന്നു മുഴം.

യിരെമ്യ 52:22

മകുടത്തിൻെറ ഉയരം അഞ്ചു മുഴം.

**ആദീന് എത്ര പുത്രന്മാർ?**

എസ്രാ 2:15

നാനൂറ്റമ്പത്തിനാല്

നെഹമ്യ 7:20

അറുനൂറ്റമ്പത്തഞ്ച്

**അദോനിക്കാമിന് എത്ര പുത്രന്മാർ?**

എസ്രാ 2:13

അറുനൂററുപത്താറ്

നെഹമ്യ 7:18

അറുനൂററുപത്തേഴ്

**ആറഹിന് എത്ര പുത്രന്മാർ?**

എസ്ര 2:5

എഴുനൂറ്റെഴുപത്തഞ്ച്

നെഹമ്യ 7:10

അറുനൂറ്റമ്പത്തിരണ്ട്

**ആസാഫിൻെറ പുത്രന്മാർ എത്ര?**

എസ്രാ 2:41

നൂറ്റിരുപത്തെട്ട്

നെഹമ്യ 7:44

നൂറ്റിനാൽപത്തെട്ട്

**ബേബായിക്ക് എത്ര പുത്രന്മാർ?**

എസ്രാ 2:11

അറുനൂറ്റിരുപത്തിമൂന്ന്

നെഹ 7:16



അറുനൂറ്റിരുപത്തെട്ട്

**ബേസായിക്ക് എത്ര പുത്രന്മാർ?**

എസ്രാ 2:17

മുന്നൂറ്റിരുപത്തിമൂന്ന്

നെഹ 7:23

മുന്നൂറ്റിരുപത്തിനാല്

**ബിഗ്വായിക്ക് എത്ര പുത്രന്മാർ?**

എസ്രാ 2:14

രണ്ടായിരത്തമ്പത്താറ്

നെഹ 7:19

രണ്ടായിരത്തറുപത്തേഴ്

**അമാസായുടെ പിതാവ് ആരാണ്?**

2 ശാമുവേൽ 17:25

യിത്രാ

1 ദിനവൃത്താന്തം 2:17

അബിഗായിൽ

**ദാവീദ് വ്യതിചലിച്ചുവോ?**

2ശാമു 24:10.11

ജനസംഖ്യയെടുത്തു കഴിഞ്ഞപ്പോൾ ദാവീദിന് ഹദയവ്യഥ ഉണ്ടായി. ദാവീദ് കർത്താവിനോട് പറഞ്ഞു. 'എൻെറ പ്രവൃത്തി മഹാപാപമായിപ്പോയി. പക്ഷെ, കർത്താവെ, നിൻെറ ദാസൻെറ അപരാധം ക്ഷമിക്കേണമേ എന്ന് ഇപ്പോൾ ഞാൻ യാചിക്കുന്നു. ഞാൻ വലിയ ഭോഷത്തമാണ് കാട്ടിയത്.

1. രാജാക്കന്മാർ 15:5

ഹിത്തിയനായ ഊറിയായുടെ കാര്യത്തിലൊഴികെ മറ്റൊന്നിലും അയാൾ സ്വജീവിതകാലത്തൊരിക്കലും കർത്താവിൻെറ കൽപനകളിൽ നിന്ന് വ്യതിചലിച്ചിട്ടില്ല.

അനുബന്ധം 7

## പുതിയനിയമത്തിലെ വൈരുദ്ധ്യങ്ങൾ

യേശുവിനെക്കുറിച്ച് വിവരിക്കുന്ന പുതിയനിയമഗ്രന്ഥങ്ങളിലും ഏറെ വൈരുദ്ധ്യങ്ങളുണ്ട്. സംഹിത സുവിശേഷങ്ങൾ പൊതുവെ യേശുവിനെക്കുറിച്ച് ഒരേ രൂപത്തിലുള്ള ചിത്രമാണ് അവതരിപ്പിക്കുന്നതെങ്കിലും അവ തമ്മിലും ഒരുപാട് വ്യത്യാസങ്ങളുണ്ട്. യോഹന്നാന്റെ സുവിശേഷങ്ങളാകട്ടെ മറ്റു മൂന്ന് സുവിശേഷങ്ങളിൽ നിന്ന് തകച്ചും ഭിന്നമായ ഒരു യേശു ചിത്രമാണ് അവതരിപ്പിക്കുന്നത്.

### ജനനകഥയിലെ വൈരുദ്ധ്യങ്ങൾ

യേശുവിൻെറ ജനനത്തെക്കുറിച്ച് മത്തായിയും ലൂക്കോസും പറഞ്ഞ കഥകൾ തന്നെ താരതമ്യപഠനത്തിന് വിധേയമാക്കിയാൽ കുറെ വൈരുദ്ധ്യങ്ങൾ കാണാൻ കഴിയും. ബൈബിൾ പണ്ഡിതനായ റെയ്മണ്ട് -ഇ-ബ്രൗൺ എഴുതുന്നത് കാണുക:'മത്തായിയും ലൂക്കായും നൽകുന്ന വിവരണങ്ങൾ, ഒരേ ആളിൽ നിന്ന് വരുന്നവയാണെന്ന് വിഭാവനം ചെയ്യാനാവാത്ത വിധം അത്രയേറെ പൂർണമായും വ്യത്യസ്തങ്ങളാണ്. കാൽപനിക സ്വഭാവക്കാരായ ചില പണ്ഡിതന്മാർ മത്തായി നൽകുന്ന വിവരണത്തിൻെറ ഉറവിടം യോസഫാണെന്നും, ലൂക്കോസിൻെറ വിവരണത്തിൻേറത് മറിയയാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അതിനെതിരെ കടുത്തതും അതേസമയം നർമസുഭഗവുമായ ഒരു മറുചോദ്യം ചോദിക്കാം. അങ്ങനെയെങ്കിൽ യോസഫും മറിയയും തമ്മിൽ മിണ്ടാട്ടം തീരെയില്ലാതിരിക്കണമല്ലോ? എന്തെന്നാൽ, ഒരേ സംഭവത്തെപ്പറ്റിയുള്ള അവരുടെ ഓർമകൾ തമ്മിൽ അത്രയേറെ അന്തരമുള്ളതായിക്കാണുന്നു'

ഈ രണ്ടു സുവിശേഷങ്ങളിലും പ്രതിപാദിക്കപ്പെട്ടിട്ടുള്ള യേശുവിൻെറ ശൈശവകാല വിവരണങ്ങളെപ്പറ്റി അദ്ദേഹം എഴുതുന്നു: ' മത്തായിയുടെ വിവരണത്തിൽ യോസഫും മറിയയും ബത്‌ലഹേമിലാണ് പാർക്കുന്നത്. അവിടെ അവർക്കും സ്വന്തം വീടുണ്ട്. (2:11). ശിശുവിന് ഏകദേശം രണ്ടു വയസ്സാകുന്നതുവരെ അവർ ബത്‌ലഹേമിൽ വസിക്കുന്നു (2:16). ഈജിപ്തിലേക്കുള്ള ഒളിച്ചോട്ടത്തിനു ശേഷം അവർക്കു സ്വദേശത്തേക്കു മടങ്ങിപ്പോകുവാൻ സാധിക്കാത്തതിൻെറ ഏകകാരണം ഹെറോദോസിൻെറ പുത്രനെപ്പറ്റിയുള്ള അവരുടെ ഭയപ്പാടാണ്. അതുകൊണ്ട് അവർ നസ്രത്ത് എന്നു പേരുള്ള പട്ടണത്തിലേക്കു പോകുന്നു. മുമ്പൊരിക്കലും അവർ അവിടെ പാർത്തിട്ടില്ലതാനും (2:22-23). മറിയവും യോസഫും നസ്റത്തിൽ താമസിച്ചു വരവേ കനേഷുമാരി പ്രമാണിച്ച് ബത്‌ലഹേമിലേക്ക് യാത്ര തിരിക്കുന്നതായി ലൂക്കാ പറയുന്നു (1:26, 2:4). കുട്ടി ജനിച്ച ശേഷം മാർഗമധ്യേ ജറൂസലേമിൽ തങ്ങിയിട്ട് ഉടൻ തന്നെ അവർ നസ്രത്തിലേക്കു മടങ്ങി അവിടെ പാർക്കുന്നു (2:39). പിറവിക്കു ശേഷം കുടുംബം രണ്ടുകൊല്ലക്കാലം ജറൂസലേമിൽ പാർത്തതോ, ജ്ഞാനികൾ ജറൂസലേമിലും ബത്‌ലഹേമിലും വന്നെത്തിയതിൻെറ സ്വാഭാവികമായ ഒച്ചപ്പാടോ, ബത്‌ലഹേമിൽ നടന്ന കൂട്ടക്കൊലയോ, ഈജിപ്തിലേക്കുള്ള പലായനമോ ഒന്നും ലൂക്കോസ് പരാമർശിക്കുന്നില്ല. ബത്‌ലഹേമിൽ നിന്ന് ജറൂസലേം വഴി നസ്രത്തിലേക്കുള്ള ശാന്തമായ മടക്കയാത്രയെപ്പറ്റി ലൂക്കോസ് നൽകുന്ന വിവരണത്തിൽ അത്തരം ഭീകരാനുഭവങ്ങളെപ്പറ്റിയോ ഈജിപ്റ്റിലേക്കുള്ള യാത്രയെപ്പറ്റിയോ പറയുന്നില്ല. മത്തായിയാകട്ടെ കനേഷുമാരിക്കണക്കിനെ പരാമർശിക്കുന്നേയില്ല. മത്തായി വിവരിക്കുന്ന സംഭവങ്ങളുടെ പൊതുവായ അന്തരീക്ഷം ലൂക്കോസിൻെറതിൽ നിന്ന് തികച്ചും വ്യത്യസ്തമാണ്.

### വംശാവലിയിലെ വൈരുദ്ധ്യം

യേശുവിൻെറ ശൈശവകാല വിവരണത്തിൽ മത്തായിയും ലൂക്കോസും എത്രത്തോളം വൈരുദ്ധ്യം പുലർത്തുന്നുണ്ടെന്ന് എളുപ്പത്തിൽ മനസ്സിലാക്കുവാൻ ഇവർ രണ്ടുപേരും ഉദ്ധരിച്ചിരിക്കുന്ന യേശുവിൻെറ വംശാവലിയിലുള്ള വൈരുദ്ധ്യങ്ങൾ നോക്കിയാൽ മതി. മത്തായിയുടെ സുവിശേഷത്തിൻെറ തുടക്കത്തിലും (1:1-16) ലൂക്കോസിൻെറ സുവിശേഷത്തിൻെറ മൂന്നാം അധ്യായത്തിലും

(3:23-38) യേശുവിൻെറ വംശാവലി കൊടുത്തിട്ടുണ്ട്. രണ്ടുപേരും യേശു ജനിച്ചത് ദാവീദിൻെറ പുത്രപാരമ്പര്യത്തിലാണെന്ന് സ്ഥാപിക്കുവാൻ വേണ്ടിയാണ് ശ്രമിച്ചിരിക്കുന്നത്. പക്ഷേ, രണ്ടുപേരും നൽകുന്ന വംശാവലി തികച്ചും വിരുദ്ധമാണ്. അതിന്നു കാരണം മത്തായി, ദാവീദിൻെറ മകനായ ശലമോൻെറ പുത്രപരമ്പരയിലും ലൂക്കോസ് ദാവീദിൻെറ മകനായ നാഥാൻെറ പുത്രപാരമ്പര്യത്തിലും യേശുവിനെ പ്രതിഷ്ഠിക്കാൻ പരിശ്രമിച്ചതാണ്. രണ്ടു പേരും നൽകുന്ന വംശാവലി ശ്രദ്ധിക്കുക:

**<u>മത്തായി 1:6-16</u>**

1. ദാവീദ്
2. ശലമോൻ
3. രഹബ്യാം
4. ആബീയാവ്
5. ആസ
6. യോശാഫാത്ത്
7.യോറാം
8.ഉസ്സിയാവ്
9. യോഥാം
10. ആഹാസ്
11. ഹിസ്കിയാവ്
12. മനശ്ശെ
13. ആമോസ്
14 യോശിയാവ്
15. യൊഖൊന്യാവ്
16. ശയൽത്തിയേൽ
17. സെരുബ്ബാബേൽ
18. അബീഹൂദ്
19. എൽയാക്കീം
20. ആസോർ
21. സാദോക്ക്
22. ആഖീം
23. എലീഹുദ്
24. എലിയാസർ
25. മത്ഥാൻ
26. യാക്കോബ്
27.യോസേഫ്
28. യേശു

**<u>ലൂക്കോസ് 3:23-31</u>**

1.ദാവീദ്
2. നാഥാൻ
3. മത്തഥ
4. മെന്ന
5. മെല്യാവ്
6. എല്യാക്കീം
7. യോനാം
8. യോസേഫ്
9.യഹൂദാ
10 ശിമ്യോൻ
11.ലേവി



12. മത്ഥാത്ത്
13. യോരിം
14. ഏലിയാസർ
15. യോശു
16. യേർ
17. എൽമാദാം
18. കോസാം
19. അദ്ദി
20. മെൽക്കി
21. നേരി
22. ശലഥിയേൽ
23. സാരാബാബേൽ
24. രേസ
25. യോഹന്നാൻ
26.യോദ
27. യോസേഫ്
28. ശെമയി
29. മത്തഥ്യോസ്
30.മയാത്ത്
31.നശ്ശായി
32.എസ്ലി
33. നാഹൂം
34.ആമോസ്
35. മത്തഥ്യോസ്
36. യോസേഫ്
37. യന്നാനി
38. മെൽക്കി
39. ലേവി
40 മത്ഥാത്ത്
41. ഹേലി
42. യോസഫ്
43 യേശു

യേശുവിൻെറ വംശാവലിയെക്കുറിച്ച വിവരണത്തിലെ വൈരുദ്ധ്യം ചൂണ്ടികാണിച്ചുകൊണ്ട് റെയ്മണ്ട് ഇ.ബ്രൗൺ പറയുന്നത് കാണുക: 'യേശുവിൻെറ വംശാവലിയെപ്പറ്റി മത്തായിയും ലൂക്കോസും നൽകുന്ന വിവരണങ്ങൾ തമ്മിൽ പൊരുത്തമില്ല. ഓരോ വിവരണത്തിലും വലിയ പ്രശ്നങ്ങൾ ഒളിഞ്ഞിരിപ്പുണ്ട്. ഒന്നിനെ ചരിത്രപരമെന്നും മറ്റേതിനെ പ്രതീകാത്മകമെന്നും വിശേഷിപ്പിക്കുക ദുഷ്കരമാണെന്ന് അംഗീകരിക്കുന്നത് അതിരുകവിഞ്ഞ സന്ദേഹവാദമൊന്നുമല്ല'

വംശാവലിയെക്കുറിച്ച വിവരണത്തിൽ ഇത്രമാത്രം വൈരുദ്ധ്യങ്ങളുണ്ടാകുവാനുള്ള കാരണമെന്താണ്? ദാവീദിൻെറ പുത്രപരമ്പരയിലാണ് മിശിഹയുടെ ആഗമനമുണ്ടാകുകയെന്ന ഒരു പരമ്പരാഗത വിശ്വാസം യഹൂദന്മാർക്കിടയിലുണ്ടായിരുന്നു. ഈ മിശിഹയാണ് യേശുവെന്ന് സ്ഥപിക്കുവാൻ വേണ്ടിയാണ് മത്തായിയും ലൂക്കോ

സും പരിശ്രമിച്ചിരിക്കുന്നത്. 'അവൻെറ പിതാവായ ദാവീദിൻെറ സിംഹാസനം അവന്നു നൽകും (ലൂക്കോസ് 1:32) എന്ന് മാലാഖ യേശുവിൻെറ മാതാവായ മറിയത്തിനോട് പറഞ്ഞതായി ലൂക്കോസ് ഉദ്ധരിക്കുകയും ചെയ്യുന്നു. ഇതു പ്രകാരം യേശു ജനിച്ചത് ദാവീദിൻെറ പുത്രപാരമ്പര്യത്തിലാണെന്ന് വരുത്തിത്തീർത്ത് അദ്ദേഹം മിശിഹയാണെന്ന് സ്ഥാപിക്കുവാൻ വേണ്ടിയാണ് മത്തായിയും ലൂക്കോസും പാടുപെടുന്നത്. ഇതു സ്ഥാപിക്കുവാൻ മത്തായി ഉപയോഗിച്ചത് ദാവീദിൻെറ പുത്രനായ ശലമോൻെറ പുത്രന്മാരുടെ പട്ടികയും ലൂക്കോസ് ഉപയോഗിച്ചത് നാഥാൻെറ പുത്രന്മാരുടെ പട്ടികയുമാണ്. ശലമോൻെറ ഇരുപത്തിനാലാമത്തെ തലമുറയിൽപെട്ട യാക്കോബിനെ മത്തായി യോസഫിൻെറ പിതാവായി അവതരിപ്പിച്ചു. ലൂക്കോസാകട്ടെ, നാഥാൻെറ മുപ്പത്തിഒൻപതാമത്തെ തലമുറയിലുള്ള ഹേലിയെ യോസഫിൻെറ പിതാവായും അവതരിപ്പിച്ചു. അതുകൊണ്ടാണ് വംശാവലികൾ തമ്മിൽ ഇത്രയേറെ വൈരുദ്ധ്യങ്ങളുണ്ടായത്.

**ജീവിത വിവരണങ്ങളിലെ വൈരുദ്ധ്യങ്ങൾ**

പുതിയ നിയമത്തിലെ,യേശുവിൻെറ ജനനവുമായി ബന്ധപ്പെട്ട ഭാഗങ്ങളിലെ വൈരുദ്ധ്യങ്ങളിൽ ചിലതാണ് നാം ചർച്ച ചെയ്തത്. ഇതേ പോലുള്ള വൈരുദ്ധ്യങ്ങൾ അദ്ദേഹത്തിൻെറ ജീവിത വിവരണങ്ങളിലും കാണപ്പെടുന്നുണ്ട്. ഈ വൈരുദ്ധ്യങ്ങളുടെയും മറ്റു പല കാരണങ്ങളുടെയും വെളിച്ചത്തിൽ യേശുവിൻെറ ജീവിതവുമായി ബന്ധപ്പെട്ടതായി സുവിശേഷങ്ങൾ രേഖപ്പെടുത്തുന്ന പല സംഗതികളും ചരിത്രപരമല്ലെന്നു കരുതുന്ന പണ്ഡിതന്മാരുണ്ട്. റെയ്മണ്ട് ഇ.ബ്രൗൺ എഴുതുന്നു: 'മാർക്കോസ് 11:14ൽ ഒരു അത്തിവൃക്ഷത്തെ ശപിച്ചതായി നാം വായിക്കുന്നു. 11:26ൽ പിറ്റേന്ന് ശിഷ്യന്മാർ ആ മരം വാടിയതായി കാണുന്നു. മത്തായി 21:19ൽ യേശു അത്തിവൃക്ഷത്തെ ശപിച്ച ഉടനെ അതു വാടിപ്പോയി എന്നുപറയുന്നു. ഈ റിപ്പോർട്ടുകളിൽ ഏതാണ് ഏറ്റവും പൗരാണികവും അവികസിതവുമായ പാരമ്പര്യം ഉൾക്കൊള്ളുന്നത്? ഈ ചോദ്യത്തിന് മറുപടിയായി മിക്ക പണ്ഡിതന്മാരും മർക്കോസിൻെറ വിവരണമായിരിക്കും ചൂണ്ടിക്കാണിക്കുക. എന്തെന്നാൽ, താരതമ്യപഠനത്തിൽ നിന്ന് മനസിലാവുക, ദിവ്യാത്ഭുതങ്ങളെ കൂടുതൽ നാടകീയതയോടെയും ഭാവതീവ്രതയോടെയും ചിത്രീകരിക്കുന്ന പതിവ് മത്തായിക്കാണുള്ളതെന്നത്രെ. ലൂക്കോസിൻെറ സുവിശേഷത്തിലെ യേശു അത്തിമരത്തെ ഒരിക്കലും ശപിക്കുന്നില്ല. 13:6-9ൽ പക്ഷേ, അത്തിവൃക്ഷത്തെപ്പറ്റിയുള്ള ഒരു ഉപമയുണ്ട്....... യേശുവിൽ കോപമാരോപിക്കുന്ന എന്തിനേയും ലഘൂകരിച്ചു കാണിക്കുന്ന പ്രവണതയാണ് ലൂക്കോസിനുള്ളത്. അത് അറിയാവുന്നവർ യേശുവിൻെറ കോപം നിറഞ്ഞ ഒരു പ്രവൃത്തി സുവിശേഷകൻ രൂപകരൂപത്തിൽ ആവിഷ്കരിക്കുകയാണെന്നും വിചാരിക്കാനിടയുണ്ട്. തന്മൂലം ഓരോ ദിവ്യാത്ഭുത കഥക്കും സന്ദർഭത്തിലുള്ള മൂല്യവും സവിശേഷ പാരമ്പര്യവും, ഓരോ പാരമ്പര്യത്തിൻെറയും സ്വന്തമായ പ്രവണതയുമെല്ലാം കണക്കിലെടുത്തു കൊണ്ടു മാത്രമേ ദിവ്യാത്ഭുതങ്ങളുടെ ചരിത്രപരതയെ വിലയിരുത്താനാവൂ. യേശുവിൻെറ ദിവ്യാത്ഭുതങ്ങളെപ്പറ്റിയുള്ള പാരമ്പര്യം ആധികാരികമാണെന്നിരിക്കിലും, സുവിശേഷ ഗ്രന്ഥങ്ങളിലെ ഓരോ ദിവ്യാത്ഭുതവും അക്ഷരാർത്ഥത്തിൽ ചരിത്രപരമായിക്കൊള്ളണമെന്നില്ല'

യേശുവിൻെറ ജീവിതവുമായി ബന്ധപ്പെട്ട സുവിശേഷ വിവരണങ്ങളിലെ ഏതാനും വൈരുദ്ധ്യങ്ങൾ കാണുക:

**സാക്ഷ്യം സത്യമോ കളവോ?**

<u>യോഹന്നാൻ 5:31</u>

'എനിക്കു ഞാൻ തന്നെ സാക്ഷ്യം വഹിച്ചാൽ <u>എൻെറ സാക്ഷ്യം സത്യമാകയില്ല'.</u>

<u>യോഹന്നാൻ 8:14</u>

'ഞാനാണ് എനിക്ക് സാക്ഷ്യം വഹിക്കുന്നതെങ്കിലും <u>എൻെറ സാക്ഷ്യം സത്യമാണ്'</u>.

**അത്തിവൃക്ഷം ഉണങ്ങിയതെപ്പോൾ?**

<u>മത്തായി 21:19</u>

'യേശു അത്തിവൃക്ഷത്തെ ശപിച്ചു. <u>തൽക്ഷണം</u> അത് ഉണങ്ങിപ്പോയി'

<u>മർക്കോസ് 11:20</u>

'<u>(പിറ്റേന്ന്) പ്രഭാതത്തിൽ</u> അവർ കടന്നു പോകുമ്പോൾ ആ അത്തിമരം വേരോടെ ഉണങ്ങിപ്പോയിരിക്കുന്നതായി കണ്ടു'.

**ഒന്നോ രണ്ടോ?**

മത്തായി 8:28

'യേശു മറുകരയിൽ ഗദറായരുടെ ദേശത്തെത്തി. അപ്പോൾ പിശാചു ബാധിച്ച രണ്ടുപേർ ശവകുടീരങ്ങളിൽ നിന്നിറങ്ങി അവൻെറ നേരെ വന്നു'.

മർക്കോസ് 5:1,2

'അവർ കടലിൻെറ മറുകരയിൽ ഗെരസേനിയരുടെ നാട്ടിൽ എത്തി. അവൻ വഞ്ചിയിൽ നിന്നിറങ്ങിയപ്പോൾ അശുദ്ധാത്മാവു ബാധിച്ച ഒരു മനുഷ്യൻ ശവകുടീരങ്ങളിൽ നിന്ന് അവൻെറ നേരെ വന്നു'.

**ഒന്നോ രണ്ടോ?**

മത്തായി 20:29

'യേശു അതിലെ കടന്നു പോകുന്നതായി കേട്ട് വഴിയരികിൽ ഇരുന്ന രണ്ട് അന്ധർ ഉച്ചത്തിൽ നിലവിളിച്ചു. 'ദാവീദിൻെറ പുത്രാ ഞങ്ങളിൽ കരുണ തോന്നേണമേ'

മർക്കോസ് 10:46,47

'തിരുമേയൂസിൻെറ പുത്രനായ ബർത്തിമയോസ് എന്ന അന്ധനായ യാചകൻ വഴിയരികിൽ ഇരിക്കുകയായിരുന്നു. നസ്രായക്കാരനായ യേശുവാണ് അത് എന്നു കേട്ടപ്പോൾ അയാൾ ഉറക്കെ വിളിച്ചു പറയാൻ തുടങ്ങി.'യേശുവേ, ദാവീദിൻെറ പുത്രാ എന്നോടു കരുണ കാണിക്കേണമേ'

**കഴുതയും കുട്ടിയും**

മത്തായി 21:2

'നിങ്ങൾ എതിരെ കാണുന്ന ഗ്രാമത്തിലേക്കു പോകുക. അവിടെ കെട്ടിയിരിക്കുന്ന ഒരു പെൺകഴുതയെയും അതിൻെറ കുട്ടിയേയും നിങ്ങൾ കാണും. അവയെ അഴിച്ച് എൻെറ അടുക്കൽ കൊണ്ടു വരണം'

മർക്കോസ് 11:12

'നിങ്ങൾ എതിരെ കാണുന്ന ഗ്രമത്തിലേക്ക് പോകുക. നിങ്ങൾ അവിടെ പ്രവേശിക്കുമ്പോൾ തന്നെ ആരും സവാരി ചെയ്തിട്ടില്ലാത്ത ഒരു കഴുതക്കുട്ടിയെ കെട്ടിയിരിക്കുന്നത് കാണാം. അതിനെ അഴിച്ചുകൊണ്ടു വരിക'



**വടി വേണമോ വേണ്ടയോ?**

മത്തായി 10:10

'യാത്രയിൽ സഞ്ചിയോ രണ്ടു ഉടുപ്പോ ചെരിപ്പോ വടിയോ കൊണ്ടുപോകരുത്'

മർക്കോസ് 6:8

'യാത്രക്ക് ഒരു വടിയല്ലാതെ അപ്പമോ സഞ്ചിയോ മടിയിൽ പണമോ കരുതരുത്'

**യേശുവോ യോഹന്നാനോ ആരാണ് കളവു പറഞ്ഞത്?**

മത്തായി 11:14

'ഇയാളാണ് (യോഹന്നാൻ സ്നാപകൻ) വരാനിരിക്കുന്ന ഏലിയാ'

യോഹന്നാൻ 1:21

'എങ്കിൽ നീ പിന്നെ ആരാണ്? ഏലിയായോ? അയാൾ (യോഹന്നാൻ സ്നാപകൻ) പറഞ്ഞു: അല്ല'

**കുരിശുമരണവിവരണങ്ങളിലെ വൈരുദ്ധ്യങ്ങൾ**

യേശുവിൻെറ കുരിശുമരണത്തോടു ബന്ധപ്പെട്ട വിവരണങ്ങളിലും ഇതേ പ്രശ്നമുണ്ട്. വിവിധ സുവിശേഷകർത്താക്കൾ കുരിശുമരണത്തോടനുബന്ധിച്ചു നടന്ന സംഭവങ്ങൾ വിവരിക്കുന്നത് വ്യത്യസ്ത രീതികളിലാണ്. റെയ്മണ്ട് ബ്രൗണിനെപ്പോലുള്ള പണ്ഡിതന്മാർ ഇക്കാര്യം പ്രതിപാദിക്കാത്തത് കുരിശുമരണമെന്ന ആശയം ചരിത്രപരമല്ലെന്നു വന്നാൽ ക്രൈസ്തവ വിശ്വാസത്തിൻെറ അടിത്തറ തകരുമെന്നതു കൊണ്ടായിരിക്കാം.

യൂദാസിന്റെ ഒറ്റിക്കൊടുക്കൽ മുതൽ തന്നെ സുവിശേഷകർത്താക്കളുടെ വിവരണങ്ങളിൽ വൈരുദ്ധ്യങ്ങളുണ്ട്. 'ഗുരോ സ്വസ്തി' എന്നു പറഞ്ഞുകൊണ്ട് യേശുവിനെ ചുംബിക്കാൻ വേണ്ടി മുന്നോട്ടാഞ്ഞ യൂദാസിനോട് യേശു പ്രതിവചിച്ചത് 'സ്നേഹിതാ നീ എന്തിനാണ് വന്നത്?' എന്നായിരുന്നുവെന്നാണ് മത്തായി (26:50) പറയുന്നത്. ലൂക്കോസിൽ പ്രകാരം ഇത് 'യൂദാസെ നീ ചുംബനം കൊ

ണ്ടോ മനുഷ്യപുത്രനെ ഒറ്റുകൊടുക്കുന്നത്' (22:48) എന്നായിരുന്നു. യോഹന്നാനാകട്ടെ ചതിയുടെ ചുംബനത്തെക്കുറിച്ച് ഒന്നും പറയുന്നില്ല. മാത്രവുമല്ല, ഒറ്റുകൊടുത്ത സംഭവം തികച്ചും വ്യത്യസ്തമായിട്ടാണ് അദ്ദേഹം പ്രതിപാദിക്കുന്നത്. യേശുവിനെ അന്വേഷിച്ചു ചെന്ന പടയാളികളോട് 'നിങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്ന യേശു ഞാനാണ്' എന്നു പറഞ്ഞ് അദ്ദേഹം സ്വയം തന്നെ കീഴടങ്ങുകയാണുണ്ടായതെന്നാണ് യോഹന്നാൻ (18:3-8) പറയുന്നത്.

കുരിശുമരണത്തോട് ബന്ധപ്പെട്ട വിവരണങ്ങളിൽ ഇനിയും ഒരുപാട് വൈരുദ്ധ്യങ്ങളുണ്ട്. യേശുവിനെ ബന്ധിച്ച ശേഷം പ്രധാന പുരോഹിതനായ കയ്യാഫാസിന്റെ അടുക്കലേക്കാണ് ആദ്യം കൊണ്ടു പോയതെന്ന് മത്തായിയും (26:57) കയ്യാഫാസിന്റെ അമ്മായി അപ്പനായ അന്നാസിന്റെ അടുക്കലേക്കാണെന്ന് യോഹന്നാനും (18:13) പറയുന്നു. യേശു സ്വയം തന്നെ കുരിശു ചുമന്നു ഗോൽഗോഥ മലയിലേക്ക് കൊണ്ടുപോകുകയാണുണ്ടായതെന്ന് യോഹന്നാൻ (19:17) പറയുമ്പോൾ, കുരിശു ചുമന്നത് കാറേനേക്കാരനായ ശിമോയോൻ ആണെന്നാണ് മത്തായി (27:32)യുടെ പക്ഷം. യേശുവിന്റെ കൂടെ ക്രൂശിക്കപ്പെട്ട രണ്ടു കള്ളന്മാരിൽ ഒരാൾ മാത്രം അദ്ദേഹത്തെ തള്ളിപ്പറഞ്ഞുവെന്നും മറ്റെയാൾ അദ്ദേഹത്തെ വിശ്വസിച്ചുവെന്നുമാണ് ലൂക്കോസ് (23:42) പറയുന്നത്. എന്നാൽ മത്തായിയാകട്ടെ രണ്ടു കള്ളന്മാരും അദ്ദേഹത്തെ പരിഹസിച്ചുവെന്നാണ് പറയുന്നത്. (27:44). കുരിശിൽ കിടന്നുള്ള യേശുവിന്റെ അവസാനത്തെ വാക്കുകൾ എന്തായിരുന്നുവെന്ന് പറയുന്നിടത്തു വരെ മത്തായിയും യോഹന്നാനും വിയോജിക്കുന്നുണ്ട്. 'ഏലി ഏലി ലമാ സബക്താനി, അതായത് എന്റെ ദൈവമേ, എന്റെ ദൈവമേ എന്തുകൊണ്ട് നീ എന്നെ ഉപേക്ഷിച്ചു' എന്ന് ഉറക്കെ നിലവിളിച്ചു കൊണ്ടാണ് അദ്ദേഹം ജീവൻ വെടിഞ്ഞതെന്ന് മത്തായി (27:45-50) പറയുമ്പോൾ 'എല്ലാം പൂർത്തിയായിരിക്കുന്നു'വെന്ന് പറഞ്ഞ് തലചായ്ച് ശാന്തിയോടെയാണ് അദ്ദേഹം ആത്മാവിനെ സമർപ്പിച്ചതെന്നാണ് യോഹന്നാൻ (19: 28-30) സ്ഥാപിക്കുന്നത്.

കുരിശുമരണത്തെക്കുറിച്ച് ബൈബിൾ വിവരണത്തിലുള്ള വൈരുദ്ധ്യങ്ങൾ ക്രിസ്തുമതത്തിന്റെ അടിത്തറ ഇളക്കുന്നവയാണെന്നുള്ളതാണ് യാഥാർത്ഥ്യം. യേശുക്രിസ്തു കുരിശിൽ ചിന്തിയ രക്തം കൊണ്ട് മാനവരാശിയുടെ പാപം കഴുകിയെന്ന തത്വത്തിന്മേലാണ്



ക്രൈസ്തവദർശനത്തിന്റെ നിലനിൽപ്. കുരിശുമരണം നിഷേധിക്കാനാകാത്ത ഒരു ചരിത്രസംഭവമാണെന്നാണ് ക്രൈസ്തവരുടെ വാദം. നാലു സുവിശേഷകന്മാരാണ് അതിനുള്ള സാക്ഷികൾ എന്നാണ് അവർ വാദിക്കുന്നത്. ഒരേ സംഭവത്തെ നാലു രീതിയിൽ വിവരിക്കുന്നവരുടെ സാക്ഷ്യം അസ്വീകാര്യമാണെന്നത് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു തത്വമാണ്. കുരിശുമരണത്തേയും അതോടനുബന്ധിച്ച സംഭവങ്ങളേയും വ്യത്യസ്തവും വിരുദ്ധവുമായ രീതികളിലാണ് സുവിശേഷകന്മാർ ചിത്രീകരിച്ചിരിക്കുന്നതെന്ന് നാം മനസ്സിലാക്കി. അപ്പോൾ പിന്നെ സുവിശേഷകന്മാരുടെ സാക്ഷ്യം സ്വീകരിക്കുന്നതെങ്ങനെ? കുരിശു മരണത്തിന്റെ ചരിത്രപരതയാണ് ഇവിടെ ചോദ്യം ചെയ്യപ്പെടുന്നത്; അതിലൂടെ ക്രിസ്തുമതത്തിന്റെ അടിത്തറയും. അതുകൊണ്ടു തന്നെയാണ് വിമർശനാത്മകമായി ബൈബിൾ പുസ്തകങ്ങളുടെ ചരിത്രപരതയെക്കുറിച്ച് ഗവേഷണം നടത്തിയ ക്രൈസ്തവരാരും തന്നെ കുരിശുമരണത്തെ പഠനവിധേയമാക്കാതിരുന്നതെന്നാണ് മനസ്സിലാവുന്നത്. നിഷ്കൃഷ്ടമായ അന്വേഷണം നടത്തിയാൽ, യേശുവിന്റെ ജനനത്തേയും ജീവിതത്തേയും കുറിച്ച സുവിശേഷ വിവരണങ്ങളുടെ അത്രപോലും ചരിത്രപരത അവകാശപ്പെടാൻ കുരിശുമരണത്തെക്കുറിച്ച പ്രതിപാദനങ്ങൾക്ക് കഴിയില്ലെന്ന് മനസ്സിലാവും.

കാനോനികമല്ലാത്ത സുവിശേഷങ്ങളിലുൾപ്പെടുത്തി തള്ളിക്കളഞ്ഞ ബർണബാസിന്റെ സുവിശേഷത്തിൽ യേശുക്രിസ്തുവിനെ ക്രൂശിച്ചിട്ടില്ലെന്നാണ് പറയുന്നത്. തന്നെ രക്ഷിക്കണമെന്ന ക്രിസ്തുവിന്റെ പ്രാർത്ഥന ദൈവം ശ്രവിച്ചുവെന്നും തന്റെ ദാസനെ അവർ രക്ഷിച്ചുവെന്നും പകരം ഒറ്റുകാരനായ യൂദാസാണ് ക്രൂശിക്കപ്പെട്ടതെന്നുമാണ് ബർണബാസിന്റെ സുവിശേഷത്തിലുള്ളത്. യേശുക്രിസ്തു ക്രൂശിക്കപ്പെട്ടിട്ടില്ലായെന്നാണ് ദൈവിക ഗ്രന്ഥമായ ഖുർആൻ അർത്ഥശങ്കക്കിടയില്ലാത്ത വിധം വ്യക്തമാക്കുന്നത് (4:157,158). 'ഉറപ്പായും അദ്ദേഹത്തെ അവർ കൊലപ്പെടുത്തിയിട്ടില്ല'യെന്ന ഖുർആനിക പ്രസ്താവത്തിന് എതിരെ തെളിവ് നൽകാൻ മാത്രം പ്രബലമോ ചരിത്രപരമോ അല്ല സുവിശേഷകന്മാരുടെ സാക്ഷ്യം.

**വൈരുദ്ധ്യങ്ങൾക്ക് കാരണം**

ഇത്രയെല്ലാം വൈരുധ്യങ്ങളുണ്ടായിരുന്നിട്ടും ബൈബിളിൽ യാതൊരു വൈരുധ്യങ്ങളുമില്ലെന്ന് കണ്ണടച്ചു പറയുന്ന സുവിശേഷക

ന്മാരുണ്ട്. എം.വി.തോമസ് എഴുതുന്നത് കാണുക: 'പരസ്പരം വൈരുധ്യങ്ങളായ ഒരു കാര്യവും ഇതിലില്ല. ദൈവത്തിൻെറ പരിശുദ്ധാത്മാവ് എല്ലാ എഴുത്തുകാരെയും നിയന്ത്രിച്ചിരുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്.' ഇത് കണ്ണടച്ച് ഇരുട്ടാക്കുന്ന പണിയാണെന്ന് വിവേകപൂർവ്വം ബൈബിൾ വായിക്കുന്നവർക്കെല്ലാം വ്യക്തമാകും.

ബൈബിളിലെ വൈരുദ്ധ്യങ്ങൾ എങ്ങനെയുണ്ടായി ? 'ഓരോ സുവിശേഷ കർത്താവും യേശുവിനെപ്പറ്റിയുള്ള തൻെറ ധാരണയനുസരിച്ചു വായനക്കാരുടെ അധ്യാത്മികാവശ്യങ്ങൾ സാധിച്ചുകൊടുക്കാനുതകും വിധം യേശുവിനെ ചിത്രീകരിക്കാനാരംഭിച്ച' തിൻെറ ഫലമായാണ് വിവരണങ്ങളിൽ വൈരുദ്ധ്യങ്ങളുണ്ടായത്. സുവിശേഷ കർത്താക്കൾ പരിശുദ്ധാത്മ പ്രേരിതരായി എഴുതിയ ഗ്രന്ഥങ്ങളാണ് സുവിശേഷങ്ങൾ എന്ന വാദമാണ് ഇവിടെ വീണ്ടും പ്രതിക്കൂട്ടിൽ നിൽക്കുന്നത്. നാലു സുവിശേഷകന്മാരുടെ യേശുചരിത്രത്തെക്കുറിച്ച കേവലവിവരണമാണ് സുവിശേഷങ്ങളിലുള്ളതെന്നാണ് ക്രൈസ്തവവിശ്വാസമെങ്കിൽ ഈ വിവരണങ്ങളിൽ വൈരുദ്ധ്യമുണ്ടാകുവാനുള്ള സാധ്യത അംഗീകരിക്കാവുന്നതായിരുന്നു. ഒരേ സംഭവത്തെ തന്നെ നാലു പേർ വിവരിക്കുമ്പോൾ വൈരുദ്ധ്യങ്ങളുണ്ടാവുക സ്വാഭാവികമാണല്ലോ. ബൈബിളിൻെറ സ്ഥിതി അതല്ല. അത് എഴുതിയത് ദൈവാത്മ പ്രചോദിതമായിട്ടായതിനാൽ ദൈവവചനമാണെന്നാണ് സഭാവിശ്വാസം. ഏകനായ ദൈവത്തിൻെറ പ്രചോദനത്താൽ എഴുതിയ ഗ്രന്ഥത്തിൽ വൈരുദ്ധ്യങ്ങൾ കാണുക സാധ്യമാണോയെന്നതാണ് പ്രശ്നം. ദൈവം തെറ്റുപറ്റാത്തവനാണല്ലോ. പിന്നെയെങ്ങനെ ഈ വൈരുദ്ധ്യങ്ങളുണ്ടായി? ബൈബിൾ പുസ്തകങ്ങളുടെ രചനക്ക് ദൈവപ്രചോദനമുണ്ടായി എന്ന ആശയം അടിസ്ഥാനരഹിതമാണെന്ന് സമ്മതിക്കാതെ ഈ വൈരുദ്ധ്യങ്ങളെ വിശദീകരിക്കാനാവില്ല.

**അനുബന്ധം 8**

## ഉദ്ധരണികളിലെ അബദ്ധങ്ങൾ

പരിശുദ്ധാത്മ പ്രചോദിതമായി എഴുതപ്പെട്ടതാണ് ബൈബിളെന്ന വിശ്വാസമാണ് പൊതുവായി എല്ലാ ക്രൈസ്തവ സഭകൾക്കുമുള്ളത്. എന്നാൽ ബൈബിളിന്റെ അപ്രമാദിത്വത്തെപ്പറ്റിയുള്ള സങ്കൽപനങ്ങളിൽ വ്യത്യസ്തങ്ങളും വിരുദ്ധങ്ങളുമായ വീക്ഷണങ്ങൾ പുലർത്തുന്നവയാണ് സഭകളധികവും. ബൈബിൾ രചയിതാക്കളുടെ അറിവില്ലായ്മയുടെ സ്വാധീനം അവരുടെ രചനകളിലുണ്ടാവുക സ്വാഭാവികമാണെന്നാണ് ലിബറൽ മതതത്ത്വശാസ്ത്രജ്ഞന്മാരുടെ പക്ഷം. ഫണ്ടമെന്റലിസ്റ്റുകൾ ഈ വീക്ഷണത്തെ പാടെ നിരാകരിക്കുന്നു. ബൈബിൾ ദൈവാത്മാവിനാൽ നിശ്വസ്തിതമാണെന്നതിനാൽ യാതൊരുവിധ അബദ്ധങ്ങളും വന്നുഭവിക്കുകയില്ലെന്നാണ് അവരുടെ വാദം. ബൈബിളിലെ ശാസ്ത്രീയവും ചരിത്രപരവുമായ അബദ്ധങ്ങളെ തങ്ങളുടേതായ തന്ത്രങ്ങളും വിശദീകരണങ്ങളുമുപയോഗിച്ച് അവർ ന്യായീകരിക്കുകയും ചെയ്യുന്നു. ഈ ന്യായീകരണങ്ങൾ വസ്തുതാപരമല്ലെന്ന് അൽപം ചിന്തിച്ചാൽ ബോധ്യപ്പെടുമെങ്കിലും അന്ധവിശ്വാസികളായ അനുയായിവൃന്ദത്തെ അൽപമെല്ലാം സംതൃപ്തമാക്കുവാൻ അവ വഴി സാധിക്കുന്നുണ്ടെന്ന വസ്തുത നിഷേധിക്കാനാവില്ല.

ന്യായീകരണ വിദഗ്ധരായ ഫണ്ടമെന്റലിസ്റ്റുകൾക്ക് പോലും ഏറെ തലവേദനയുണ്ടാക്കുന്നവയാണ് പുതിയനിയമത്തിൽ തെറ്റായി ഉദ്ധരിക്കപ്പെട്ട പഴയനിയമ ഉദ്ധരണികൾ. ഇവ തലവേദനയായിത്തീരാൻ നിരവധി കാരണങ്ങളുണ്ട്. ബൈബിളിലെ ശാസ്ത്രസംബ

ന്ധവും ചരിത്രപരവുമായ അബദ്ധങ്ങളെ ന്യായീകരിക്കുവാൻ അതിന് പുറത്തുള്ള സ്രോതസ്സുകളെ തെറ്റായി വ്യാഖ്യാനിക്കുകയാണ് ഫണ്ടമെന്റലിസ്റ്റുകൾ ചെയ്യാറുള്ളത്. ഏതെങ്കിലുമൊരു പാശ്ചാത്യന്റെ പേരുപറഞ്ഞ് സർപ്പം പൊടിതിന്നുമെന്ന് അയാൾ ഗവേഷണം ചെയ്ത് കണ്ടുപിടിച്ചിട്ടുണ്ടെന്നും പ്രസ്തുത ഗവേഷണത്തിന് അയാൾക്ക് ഡോക്ടറേറ്റ് ലഭിച്ചിട്ടുണ്ടെന്നും പറഞ്ഞുകഴിഞ്ഞാൽ ക്ഷിപ്രവിശ്വാസികളായ സാധാരണക്കാരെ സംതൃപ്തമാക്കുവാൻ കഴിഞ്ഞേക്കും. അവർ ഗവേഷണ പ്രബന്ധം പരതി അതിലെന്താണുള്ളതെന്ന് അന്വേഷിക്കുവാനൊന്നും സാധാരണഗതിയിൽ സന്നദ്ധമാവുകയില്ലല്ലോ. പുതിയനിയമത്തിലെ തെറ്റായി ഉദ്ധരിക്കപ്പെട്ട പഴയനിയമ ഭാഗങ്ങളുടെ സ്ഥിതിയതല്ല. ഏത് സാധാരണക്കാരനും പെട്ടെന്ന് മനസ്സിലാവുന്നതും ആർക്കും പരിശോധിച്ച് നോക്കാവുന്നവയുമാണവ. പഴയനിയമവും പുതിയനിയമവും ഒന്നിച്ച്-ഒരേ ചട്ടക്കുള്ളിലാണല്ലോ ക്രൈസ്തവ വിശ്വാസികൾ കൊണ്ടുനടക്കുന്നത്. അതുകൊണ്ടുതന്നെ കുതന്ത്രത്തിന്റെ കണ്ണിൽ പൊടിയിടൽ ഇക്കാര്യത്തിൽ നടക്കുവാൻ പ്രയാസമാണ്. ഫണ്ടമെന്റലിസ്റ്റുകൾക്ക് ഏറെ തലവേദനയുണ്ടാക്കുന്ന ഈ വിഷയത്തിൽനിന്ന് സമർഥമായി ഒഴിഞ്ഞുമാറി നടക്കുകയാണ് അവർ ചെയ്യാറുള്ളത്.

പഴയനിയമത്തിലെ നിരവധി ഉദ്ധരണികൾ ആവർത്തിക്കുകയും അതുപയോഗിച്ച് തങ്ങളുടെ ആശയങ്ങൾ സ്ഥാപിക്കുവാൻ ശ്രമിക്കുകയും ചെയ്തിട്ടുള്ള, പുതിയനിയമ പുസ്തകങ്ങളുടെ കർത്താക്കൾ പക്ഷേ, പ്രസ്തുത ഉദ്ധരണികളിൽ വേണ്ടത്ര അവധാനത പുലർത്തിയിട്ടില്ല. തങ്ങൾ ദൈവാത്മ പ്രചോദിതമായി വിശുദ്ധ വേദഗ്രന്ഥം എഴുതുകയാണെന്ന് കരുതിക്കൊണ്ടയിരുന്നില്ലല്ലോ അവർ തങ്ങളുടെ പുസ്തകങ്ങൾ എഴുതിയത്. തങ്ങൾ മുമ്പിൽ കാണുന്ന തങ്ങളുടെ സമകാലികരായിട്ടുള്ളവർക്ക് മുമ്പിൽ യേശുവിനെക്കുറിച്ച തങ്ങളുടെ ആശയങ്ങളുടെ സമർപ്പണം മാത്രമായിരുന്നു അവർ വിവക്ഷിച്ചിരുന്നത്. അതുകൊണ്ടുതന്നെ പഴയനിയമ പുസ്തകങ്ങളും മറ്റും ഉദ്ധരിക്കുമ്പോൾ ദൈവനിശ്വസ്തതയുടെ അഗ്നിപരീക്ഷണം കടന്നുപോകേണ്ടവയാണ് ഇവയെന്നും അതുകൊണ്ടുതന്നെ ഏറെ സൂക്ഷ്മത വേണമെന്നുമൊന്നും അവർ ചിന്തിച്ചിരുന്നില്ല. ചുരുക്കത്തിൽ, ഫണ്ടമെന്റലിസ്റ്റുകളുടെ വാദം ഉൾക്കൊള്ളുന്നവരായിരുന്നില്ല പുതിയനിയമ പുസ്തകങ്ങളുടെ കർത്താക്കൾ. അതുകൊണ്ട് തന്നെ തങ്ങൾക്ക് വന്നുഭവിക്കുന്ന തെറ്റുകൾ ഏറെ അക്ഷന്തവ്യമാണെന്ന ബോധമൊന്നും അവർക്കുണ്ടായിരുന്നില്ല. തങ്ങളെഴുതുന്ന പുസ്തകങ്ങൾ ഭാവിയിൽ ദൈവനിശ്വസ്തിതമാണെന്ന് വാദിക്കപ്പെടുമെന്നോ തങ്ങൾക്ക് പറ്റുന്ന അബദ്ധങ്ങൾ ഈ വാദത്തിന്റെ നട്ടെല്ലൊടിക്കുമെന്നോ ഉള്ള വിചാരമുള്ളവരായിരുന്നില്ല പാവം പുതിയനിയമ രചയിതാക്കൾ! അതുകൊണ്ടുതന്നെ ഈ അബദ്ധങ്ങൾ ഫണ്ടമെന്റലിസ്റ്റുകളെ സംബന്ധിച്ചിടത്തോളം വലിയ തലവേദനതന്നെയാണ്.



പുതിയനിയമ ഉദ്ധരണികളിലെ ഏതാനും അബദ്ധങ്ങൾ കാണുക:

**1. മർക്കോസിന് പറ്റിയ അബദ്ധം**

നിലവിലുള്ള നാല് സുവിശേഷങ്ങളിൽ ഏറ്റവും പഴക്കമുള്ളത് മർക്കോസിന്റെ സുവിശേഷത്തിനാണ്. പഴയനിയമ ഭാഗങ്ങൾ ഉദ്ധരിക്കുന്നതിൽ അദ്ദേഹത്തിന് തന്നെ അബദ്ധം സംഭവിക്കുന്നു. എന്നാൽ ആദിമകാലം മുതൽതന്നെ സുവിശേഷ കർത്താക്കൾ സൂക്ഷ്മതയും വേണ്ടത്ര ശ്രദ്ധയും പുലർത്താതെയാണ് അവയെഴുതിയതെന്നാണ് വ്യക്തമാവുക. മാർക്കോസിന് സംഭവിച്ച ഒരു അബദ്ധം കാണുക.

"ഞാൻ നിനക്ക് മുമ്പായി എന്റെ ദൂതനെ അയക്കുന്നു. അവൻ നിന്റെ വഴി ഒരുക്കും. കർത്താവിന്റെ വഴി ഒരുക്കുവിൻ. അവന്റെ പാത നിരപ്പാക്കുവിൻ എന്ന് മരുഭൂമിയിൽ വിളിച്ച് പറയുന്നവന്റെ വാക്ക് എന്നിങ്ങനെ യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ എഴുതിയിരിക്കുന്നതുപോലെ യോഹന്നാൻ വന്ന് മരുഭൂമിയിൽ സ്നാനം കഴിപ്പിച്ചും പാപമോചനത്തിനായുള്ള മാനസാന്തരസ്നാനം പ്രസംഗിച്ചുംകൊണ്ടിരുന്നു"(മർക്കോസ് 1:2-4)

യെശയ്യാ പ്രവാചകന്റെ പുസ്തകത്തിൽ പറഞ്ഞതായി മർക്കോസ് സമർഥിക്കുന്ന വചനം പ്രസ്തുത പുസ്തകത്തിൽ ഇന്ന് നിലവിലുള്ള അറുപത്തിയാറ് അധ്യായങ്ങളിലെവിടെയുമില്ല. മർക്കോസ് ഇതെഴുതുന്ന കാലത്ത് പ്രചാരത്തിലുണ്ടായിരുന്നത് ഇന്ന് നിലവിലുള്ള രൂപത്തിലുള്ള യെശയ്യാ പുസ്തകം തന്നെയായിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഈ വചനം യെശയ്യാവിന്റെ പുസ്തകത്തിലുള്ളതല്ലെങ്കിൽ പിന്നെ മർക്കോസിന് എവിടുന്ന് കിട്ടി? യെശയ്യാവിന്റെ പേരിൽ മർക്കോസ് കളവ് പറഞ്ഞതാണോ ഇത്? അല്ലേ

യല്ല! പഴയനിയമത്തിൽ അഗാധപാണ്ഡിത്യമുള്ളയാളൊന്നുമായിരുന്നില്ല മർക്കോസ്. അതുകൊണ്ടുതന്നെ ഒരു പ്രവാചകപുസ്തകത്തിൽനിന്ന് ഉദ്ധരിച്ചപ്പോൾ അദ്ദേഹത്തിന് കൈപ്പിഴ സംഭവിച്ചുപോയതാണ്. യഥാർഥത്തിൽ ഇത് മാലാഖിയുടെ പുസ്തകത്തിലുള്ളതാണ്. മാലാഖി 3:1 കാണുക:

"എനിക്കുമുമ്പായി വഴി നിരത്തേണ്ടതിന് ഞാൻ എന്റെ ദൂതനെ അയക്കുന്നു. നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്ന് തന്റെ മന്ദിരത്തിലേക്ക് വരും. ഇതാ അവർ വരുന്നു എന്ന് സൈന്യങ്ങളുടെ യഹോവ അരുളിചെയ്യുന്നു" (മാലാഖി 3:1).

മാലാഖിയുടെ പുസ്തകത്തിൽ നിന്നാണ് മർക്കോസ് ഉദ്ധരിച്ചത്. പക്ഷേ, ഓർമപ്പിശകുകൊണ്ടോ കൈപ്പിഴകൊണ്ടോ യെശയ്യാവിന്റെ പുസ്തകത്തിൽ നിന്നാണിതെന്ന് എഴുതിപ്പോയി. അത് സ്വാഭാവികം. മർക്കോസും മനുഷ്യനല്ലേ... എന്നാൽ ബൈബിൾ ദൈവനിവേശിതമാണെന്നും അപ്രമാദിതമാണെന്നും പറയുമ്പോഴാണ് പ്രശ്നം! ദൈവത്തിന് അബദ്ധം സംഭവിക്കുമോ? ഓർമപ്പിശകുണ്ടാകുമോ? കൈപ്പിഴ പറ്റുമോ? ഇല്ലെങ്കിൽ, ബൈബിൾ ദൈവനിവേശിതമല്ലെന്ന് ഉറപ്പ്!

**2. യോഹന്നാന് പറ്റിയ അമളി**

സുവിശേഷങ്ങളിൽ അവസാനം എഴുതപ്പെട്ടതാണ് യോഹന്നാന്റെ സുവിശേഷം. മറ്റ് മൂന്ന് സുവിശേഷങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു യേശുചിത്രം നൽകുന്ന സുവിശേഷമാണിത്. യേശു ശിഷ്യനായ യോഹന്നാനാണ് ഇത് എഴുതിയതെന്നാണ് പാരമ്പര്യ വിശ്വാസമെങ്കിലും ആന്തരികവും ബാഹ്യവുമായ നിരവധി തെളിവുകളുടെ വെളിച്ചത്തിൽ മറ്റാരോ എഴുതി യോഹന്നാനിൽ ആരോപിച്ച പുസ്തകമാണിതെന്നാണ് ബൈബിൾ ഗവേഷകന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നത്. എന്നാൽ ഈ ഗവേഷണങ്ങളൊന്നും ഫണ്ടമെന്റലിസ്റ്റുകൾ അംഗീകരിക്കുകയില്ല. യേശുശിഷ്യനായ യോഹന്നാൻ തന്നെയാണ് ഇതെഴുതിയതെന്നാണ് അവരുടെ കാഴ്ചപ്പാട്. അത് എന്തായിരുന്നാലും, പഴയനിയമ പുസ്തകങ്ങളിൽനിന്ന് ഉദ്ധരിക്കുമ്പോൾ യോഹന്നാനും ഗുരുതരമായ അബദ്ധങ്ങൾ സംഭവിച്ചിട്ടുണ്ട്. ഒരു അബദ്ധം കാണുക:



"യേശു അവരോട്: നിങ്ങൾ ദേവന്മാരാകുന്നു എന്ന് ഞാൻ പറഞ്ഞു എന്ന് നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നില്ലയോ. ദൈവത്തിന്റെ അരുളപ്പാട് ഉണ്ടായിട്ടുള്ളവരെ ദേവന്മാർ എന്ന് പറഞ്ഞു. എങ്കിൽ തിരുവെഴുത്തിന് നീക്കം വന്നുകൂടല്ലോ" (യോഹന്നാൻ 10:34, 35).

യേശു ഉദ്ധരിക്കുന്നതായി യോഹന്നാൻ ഇവിടെ അവകാശപ്പെടുന്നത് ന്യായപ്രമാണത്തിൽനിന്നാണ്. ഉൽപത്തി, പുറപ്പാട്, സംഖ്യ, ലേവ്യ, ആവർത്തനം എന്നിവയാണ് ന്യായപ്രമാണത്തിലെ പഞ്ചപുസ്തകങ്ങൾ. ഈ അഞ്ച് പുസ്തകങ്ങളിൽ എവിടെയും "നിങ്ങൾ ദേവന്മാരാണെന്ന് ഞാൻ പറഞ്ഞു"വെന്ന വചനമില്ല. എന്നാൽ യേശുവിന്റെ പേരിൽ യോഹന്നാൻ കള്ളം പറഞ്ഞതാണോ ഇത്? അല്ല! യേശു ഇങ്ങനെ പറഞ്ഞിരിക്കാം. എന്നാൽ ന്യായപ്രമാണത്തിൽ എന്നാവുകയില്ല പറഞ്ഞത്; സങ്കീർത്തന പുസ്തകത്തിൽ എന്നായിരിക്കും. എന്തുകൊണ്ടെന്നാൽ, സങ്കീർത്തന പുസ്തകത്തിൽ ഇങ്ങനെയൊരു വചനമുണ്ട്:

"നിങ്ങൾ ദേവന്മാർ ആകുന്നു എന്നും നിങ്ങൾ ഒക്കെയും അത്യുന്നതന്റെ പുത്രന്മാർ എന്നും ഞാൻ പറഞ്ഞു" (സങ്കീർത്തനം 82:6).

ഈ വചനത്തിന്റെ അടിസ്ഥാനത്തിൽ യേശു പറഞ്ഞതായിരിക്കണം മുകളിൽ പറഞ്ഞ കാര്യങ്ങൾ. എന്നാൽ യേശുവിൽനിന്ന് അത് ഉദ്ധരിച്ച യോഹന്നാന് അബദ്ധം പറ്റി. സങ്കീർത്തന പുസ്തകമെന്ന് യേശു പറഞ്ഞത് മറ്റാരിൽനിന്നോ കേട്ട് പകർത്തിയെഴുതിയപ്പോൾ ന്യായപ്രമാണമെന്നായിത്തീർന്നു. അത് ന്യായപ്രമാണത്തിലുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പ് വരുത്താനൊന്നും യോഹന്നാൻ പരിശ്രമിച്ചിട്ടില്ല. ന്യായപ്രമാണം മുഴുവൻ പരിശോധിച്ച് ഈ വചനം അതിൽ എവിടെയെങ്കിലും ഉണ്ടോയെന്ന് ഉറപ്പ് വരുത്തുക ഇന്നുതന്നെ ഏറെ ദുഷ്കരമാണ്. ലിഖിത രേഖകൾ പരിമിതമായിരുന്ന അക്കാലത്ത് അത്തരമൊരു സാഹസത്തിനൊന്നും യോഹന്നാൻ മുതിർന്നില്ല. അതുകൊണ്ടുതന്നെ, അദ്ദേഹത്തിന് തെറ്റുപറ്റി. ഫണ്ടമെന്റലിസ്റ്റുകളുടെ വീക്ഷണത്തിൽ ഈ തെറ്റ് ആരുടേതാണ്? ദൈവാത്മാവിന്റെയോ യോഹന്നാന്റെയോ? ന്യായപ്രമാണവും സങ്കീർത്തന പുസ്തകവും തമ്മിൽ തിരിച്ചറിയാൻ പോലുമാകാത്തവനാണോ ഫണ്ടമെന്റലിസ്റ്റുകളുടെ ദൈവം?

**മത്തായിക്കും തെറ്റുപറ്റി!**

പുതിയനിയമത്തിലെ ഒന്നാമത്തെ പുസ്തകമാണ് മത്തായിയുടെ സുവിശേഷം. പഴയനിയമ പ്രവാചകന്മാരെല്ലാം പ്രവചിച്ച രക്ഷകൻ യേശുവാണെന്ന് സ്ഥാപിക്കുകയാണ് മത്തായി സുവിശേഷത്തിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. മറ്റ് സുവിശേഷകാരന്മാരെക്കാൾ പഴയനിയമത്തിൽ അറിവുണ്ടായിരുന്നയാളാണ് മത്തായിയെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. എന്നാൽ ഈ മത്തായിക്കും പഴയനിയമത്തിൽ നിന്ന് ഉദ്ധരിക്കുമ്പോൾ ഗുരുതരമായ അബദ്ധങ്ങൾ സംഭവിക്കുന്നുണ്ട്. ഒരു മത്തായി വചനംകാണുക:


"ഇസ്രായേൽ മക്കൾ വിലമതിച്ചവന്റെ വിലയായ 30 വെള്ളിക്കാശ് അവർ എടുത്തു. കർത്താവ് എന്നോട് അരുളിച്ചെയ്തതു പോലെ കുശവന്റെ നിലത്തിന്നുവേണ്ടി കൊടുത്തു" (മത്തായി 27:9,10).

ജറമിയാ പ്രവാചകന്റെ പുസ്തകത്തിൽനിന്നാണ് മത്തായി ഉദ്ധരിച്ചിരിക്കുന്നത്. പ്രസ്തുത പുസ്തകത്തിന് 52 അധ്യായങ്ങളാണുള്ളത്. ഈ അധ്യായങ്ങളിലൊന്നും തന്നെ ഇത്തരമൊരു വചനം കാണാനാവില്ല. എന്നാൽ സെഖര്യാവിന്റെ പുസ്തകത്തിൽ ഈ വചനമുണ്ട്. അതിങ്ങനെയാണ്:

"ഞാൻ അവരോട്: നിങ്ങൾക്ക് മനസ്സുണ്ടെങ്കിൽ എന്റെ കൂലി തരുവിൻ. ഇല്ലെന്ന് വരുകിൽ തരണ്ട എന്ന് പറഞ്ഞു. അങ്ങനെ അവർ എന്റെ കൂലിയായി 30 വെള്ളിക്കാശ് തൂക്കിത്തന്നു. എന്നാൽ യെഹോവ എന്നോട്, അത് ഭണ്ഡാരത്തിൽ ഇട്ട്കളയുക. അവർ എന്നെ മതിച്ചിരിക്കുന്ന മനോഹരമായൊരു വില തന്നേ എന്ന് കൽപിച്ചു. അങ്ങനെ ഞാൻ ആ 30 വെള്ളിക്കാശ് വാങ്ങി യഹോവയുടെ ആലയത്തിലെ ഭണ്ഡാരത്തിൽ ഇട്ടുകളഞ്ഞു" (സെഖര്യാ 11:12,13).

പഴയനിയമ പ്രവാചകന്മാർ പറഞ്ഞ സംഗതികളെല്ലാം യേശുവിൽ പൂർത്തീകരിക്കപ്പെട്ടിട്ടുണ്ടെന്ന് വരുത്തിത്തീർക്കുന്നതിന്റെ തത്രപ്പാടിനിടയ്ക്ക് മത്തായിക്ക് സംഭവിച്ച ഒരു ഭീമാബദ്ധം മാത്രമാണിത്. സെഖര്യാവിന്റെ പുസ്തകത്തിൽ നിന്നുള്ള വചനം ഉദ്ധരിച്ച് ജറമിയായുടെ പുസ്തകത്തിൽനിന്നാണെന്ന് എഴുതുകയെന്ന അബദ്ധം. ഈ അബദ്ധം സംഭവിച്ചത് മത്തായിക്കാണെങ്കിൽ അത് സ്വാഭാവികമെന്ന് പറഞ്ഞ് തള്ളിക്കളയാമായിരുന്നു. പക്ഷേ, അബദ്ധം സംഭവിച്ചത് പരിശുദ്ധാത്മാവിനാണെങ്കിൽ.....





Matthew 27 22 The crucifixion and death of

cock crew.
75 And Peter remembered the word of Jesus, which said unto him, Before the cock crow, thou shalt deny me thrice. And he went out, and wept bitterly.


27 WHEN the morning was come, all the chief priests and elders of the people took counsel against Jesus to put him to death:
2 And when they had bound him, they led him away, and delivered him to Pontius Pilate the governor.
3 ¶ Then Judas, which had betrayed him, when he saw that he was condemned, repented himself, and brought again the thirty pieces of silver to the chief priests and elders,
4 Saying, I have sinned in that I have betrayed the innocent blood. And they said, What is that to us? see thou to that.
5 And he cast down the pieces of silver in the temple, and departed, and went and hanged himself.
6 And the chief priests took the silver pieces, and said, It is not lawful for to put them into the treasury, because it is the price of blood.
7 And they took counsel, and bought with them the potter's field, to bury strangers in.
8 Wherefore that field was called, The field of blood, unto this day.
9 Then was fulfilled that which was spoken by Jeremy the prophet, saying, And they took the thirty pieces of silver, the price of him that was valued, whom they of the children of Israel did value;
10 And gave them for the potter's field, as the Lord appointed me.
11 And Jesus stood before the governor: and

him be crucified.
24 ¶ When Pilate saw that he could prevail nothing, but that rather a tumult was made, he took water, and washed his hands before the multitude, saying, I am innocent of the blood of this just person: see ye to it.
25 Then answered all the people, and said, His blood be on us, and on our children.
26 ¶ Then released he Bar-ab-bas unto them: and when he had scourged Jesus, he delivered him to be crucified.
27 Then the soldiers of the governor took Jesus into the common hall, and gathered unto him the whole band of soldiers.
28 And they stripped him, and put on him a scarlet robe.
29 ¶ And when they had platted a crown of thorns, they put it upon his head, and a reed in his right hand: and they bowed the knee before him, and mocked him, saying, Hail, King of the Jews!
30 And they spit upon him, and took the reed, and smote him on the head.
31 And after that they had mocked him, they took the robe off from him, and put his own raiment on him, and led him away to crucify him.
32 And as they came out, they found a man of Cy-re-ne, Simon by name: him they compelled to bear his cross.
33 And when they were come unto a place called Gol-go-tha, that is to say, a place of a skull,
34 ¶ They gave him vinegar to drink mingled with gall: and when he had tasted thereof, he would not drink.


MATTHEW 27 30 Jesus' crucifixion


throwing down the pieces of silver in the temple, he departed; and he went and hanged himself. [6] But the chief priests, taking the pieces of silver, said, "It is not lawful to put them into the treasury, since they are blood money." [7] So they took counsel, and bought with them the potter's field, to bury strangers in. [8] Therefore that field has been called the Field of Blood to this day. [9] Then was fulfilled what had been spoken by the prophet Jeremiah, saying, "And they took the thirty pieces of silver, the price of him on whom a price had been set by some of the sons of Israel, [10] and they gave them for the potter's field, as the Lord directed me."
11 Now Jesus stood before the governor; and the governor asked him, "Are you the King of the Jews?" Jesus said, "You have said so." [12] But when he was accused by the chief priests and elders, he made no answer. [13] Then Pilate said to him, "Do you not hear how many things they testify against you?" [14] But he gave him no answer, not even to a single charge; so that the governor wondered greatly.

all said, "Let him be crucified." [23] And he said, "Why, what evil has he done?" But they shouted all the more, "Let him be crucified."
24 So when Pilate saw that he was gaining nothing, but rather that a riot was beginning, he took water and washed his hands before the crowd, saying, "I am innocent of this man's blood; see to it yourselves." [25] And all the people answered, "His blood be on us and on our children!" [26] Then he released for them Barabbas, and having scourged Jesus, delivered him to be crucified.
27 Then the soldiers of the governor took Jesus into the praetorium, and they gathered the whole battalion before him. [28] And they stripped him and put a scarlet robe upon him, [29] and plaiting a crown of thorns they put it on his head, and put a reed in his right hand. And kneeling before him they mocked him, saying, "Hail, King of the Jews!" [30] And they spat upon him, and took the reed and struck him on the head. [31] And when they had mocked him, they stripped him of the robe, and put his own clothes on him, and led him away









മത്തായി 27:9,10. കൊച്ചിയിലെ ഭാരത് ബൈബിൾ സൊസൈറ്റി പുറത്തിറക്കിയ മലയാളം ബൈബിളിൽ.

മറ്റു ബൈബിളുകളിൽ നിന്ന് വ്യത്യസ്തമായി ഇതിൽ 'സെഖര്യാ' പ്രവാചകനെന്ന് എഴുതിയിരിക്കുന്നു. 20 നൂറ്റാണ്ടുകളായി ക്രൈസ്തവസഭ മൊത്തത്തിൽ ആവർത്തിച്ചു വരുന്ന അബദ്ധം ഈയടുത്തകാലത്ത് കൊച്ചിക്കാർ തിരുത്തിയിരിക്കുന്നു! പരിശുദ്ധാത്മാവിനു സംഭവിച്ച തെറ്റ് തിരുത്തുന്ന കൊച്ചിക്കാരെ എന്താണ് വിളിക്കുക?

## പുതിയ പരിശുദ്ധാത്മാവ്!

മത്തായിയുടെ സുവിശേഷത്തിലെ ഈ അബദ്ധം ആദിമകാലം മുതൽ തന്നെയുള്ള ബൈബിൾ പതിപ്പുകളിൽ ആവർത്തിച്ച് വന്നുകൊണ്ടിരിക്കുന്നതാണ്. ഇന്ന് പുറത്തിറങ്ങുന്ന ഇംഗ്ലീഷിലും മലയാളത്തിലുമെല്ലാമുള്ള പ്രമുഖ ബൈബിളുകളിലെല്ലാം ഇതേ അബദ്ധം അതെപോലെതന്നെ ആവർത്തിക്കപ്പെട്ടിട്ടുണ്ട്. ബൈബിൾ വിദ്യാർഥികളുടെ മുമ്പിൽ സുവിശേഷകന്മാർക്ക് തികച്ചും ഉത്തരം മുട്ടുന്ന ഒരു പരാമർശമാണിത്. എന്താണിതിനൊരു പരിഹാരം? ബൈബിളിൽ തിരുത്തലുകൾ വരുത്തുകതന്നെ! അങ്ങനെയാണ് കൊച്ചിയിലെ 'ഭാരത് ബൈബിൾ സൊസൈറ്റി' തീരുമാനിച്ചത്. അവർ ഈ വചനത്തിൽ (മത്തായി 27:9) 'ചെറിയൊരു' മാറ്റം വരുത്തി. 'ജറമിയാവിന്റെ പുസ്തകത്തിൽ' എന്നതിന് പകരം 'സെഖര്യാവിന്റെ പുസ്തകത്തിൽ' എന്നാക്കി മാറ്റി! നൂറ്റാണ്ടുകൾക്ക് മുമ്പ് മത്തായിക്ക് പറ്റിയ തെറ്റ് കൊച്ചിയിലെ ബൈബിൾ പ്രസാധകർ തിരുത്തിയതായിരുന്നുവെങ്കിൽ സമാധാനിക്കാമായിരുന്നു. ഫണ്ടമെന്റലിസ്റ്റുകളുടെ വീക്ഷണ

പ്രകാരം ഈ തെറ്റ് പരിശുദ്ധാത്മാവിന് സംഭവിച്ചതാണ്. നൂറ്റാണ്ടുകൾക്ക് മുമ്പ് പരിശുദ്ധാത്മാവിന് സംഭവിച്ച തെറ്റ് തിരുത്തിയ കൊച്ചിയിലെ ഭാരത് ബൈബിൾ സൊസൈറ്റിക്കാരെ നാം എന്ത് വിളിക്കണം? പുതിയ പരിശുദ്ധാത്മാക്കൾ എന്നോ, അതല്ല തെറ്റുപറ്റാത്ത വിശുദ്ധാത്മാക്കളെന്നോ?

**അനുബന്ധം 9**

## ബൈബിളിലെ തിരുത്തലുകൾ

ബൈബിൾ എഴുതപ്പെട്ട രൂപത്തിൽ തന്നെയാണ് ഇന്ന് നിലനിൽക്കുന്നതെന്നും യാതൊരു തിരുത്തലുകളും ഇതിൽ വരുത്തിയിട്ടില്ലെന്നും വാദിക്കപ്പെടാറുണ്ട്. ഒരു ഗ്രന്ഥകാരൻ എഴുതുന്നത് കാണുക: 'ക്രിസ്ത്യാനികൾക്ക് ബൈബിളിൽ മാറ്റം വരുത്തേണ്ട എന്താവശ്യമാണുള്ളത്? അവർക്ക് തങ്ങളുടെ നിത്യജീവനേക്കാൾ വലുതായിരിക്കുമോ ഈ ആവശ്യം? തങ്ങളുടെ ആത്മാവിലും രക്തത്തിലും തങ്ങൾ അമൂല്യമായിക്കരുതുന്ന എല്ലാറ്റിലും വെച്ച് അവർ ആരാധിക്കുന്ന അവരുടെ രക്ഷകനും കർത്താവുമായവൻ മുദ്രയിട്ടിരിക്കുന്ന ഉടമ്പടിയാണ് ബൈബിൾ. അവൻ തൻെറ വിശ്വസ്ത അപ്പോസ്തലനായ യോഹന്നാനിലൂടെ നൽകുന്ന മുന്നറിയിപ്പ് ശ്രദ്ധിക്കുക: 'ഈ പുസ്തകത്തിലെ പ്രവചനങ്ങൾ ശ്രവിക്കുന്നവർക്കൊക്കെ ഞാൻ മുന്നറിയിപ്പ് നൽകുന്നു: ആരെങ്കിലും ഇവയോട് എന്തെങ്കിലും കൂട്ടിച്ചേർത്താൽ, ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ള ബാധകൾ ദൈവം അയാൾക്കു നൽകും. ഈ പ്രവചന പുസ്തകത്തിലെ വചനങ്ങളിൽ നിന്ന് ആരെങ്കിലും എന്തെങ്കിലും എടുത്തുമാറ്റിയാൽ ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ള ജീവൻെറ വൃക്ഷത്തിലും വിശുദ്ധനഗരത്തിലും അയാൾക്കുള്ള ഓഹരി ദൈവം എടുത്തു കളയും (വെളിപാട് 22:18,19)'

ബൈബിൾ ഒരിക്കലും തിരുത്തപ്പെട്ടിട്ടില്ലെന്ന് സ്ഥാപിക്കുവാനായി അദ്ദേഹം വീണ്ടും എഴുതുന്നു: 'ഞങ്ങളാരെങ്കിലുമോ സ്വർഗത്തിൽ നിന്ന് ആഗതനായ ഒരു മാലാഖ തന്നെയോ നിങ്ങളോട് ഞങ്ങൾ

പ്രസംഗിച്ചിട്ടുള്ള സുവിശേഷത്തിനു വിരുദ്ധമായി പ്രസംഗിക്കുകയാണെങ്കിൽ അയാൾ അഭിശപ്തനാകട്ടെ' (ഗലാത്തിയ 1:8)യെന്ന അപ്പോസ്തലിക കൽപന നിലനിൽക്കുമ്പോൾ ദൈവത്തിൻെറ സുവിശേഷത്തിൽ ആരെയെങ്കിലും എന്തെങ്കിലും മാറ്റത്തിരുത്തലുകൾക്ക് ക്രിസ്ത്രീയ സമൂഹം സമ്മതിക്കുമോ?'[2]

**മൂലഗ്രന്ഥത്തിലെ തിരുത്തലുകൾ**

ബൈബിൾ പതിപ്പുകളിൽ വരുത്തിയ തിരുത്തലുകൾ കാണിച്ചു കൊടുക്കുമ്പോൾ അവ പരിഭാഷയിലുണ്ടായ വ്യതിയാനങ്ങൾ മാത്രമാണെന്നും മൂലത്തിൽ യാതൊരു തിരുത്തലുകളുമില്ലെന്നും വാദിക്കുകയാണ് മിഷനറിമാർ ചെയ്യാറുള്ളത്. ഇത് സത്യമല്ല. ആദ്യകാല ക്രൈസ്തവരിൽ പലരും തങ്ങളുടെ അഭീഷ്ടത്തിനും അഭിപ്രായങ്ങൾക്കുമനുസൃതമായി മൂലഗ്രന്ഥത്തിൽ തന്നെ ധാരാളം തിരുത്തലുകൾ നടത്തിയിരുന്നുവെന്നാണ് പുരാതന കൈയെഴുത്തു പ്രതികളുടെ കണ്ടെത്തൽ വ്യക്തമാക്കിയിട്ടുള്ള വിവിധ വസ്തുതകളിലൊന്ന്. തങ്ങളുടെ ഇച്ഛക്കനുസൃതമായി വേദഗ്രന്ഥം തിരുത്തിയും മറച്ചുവെച്ചും ശീലിച്ച യഹൂദ റബ്ബിമാരുടെ പിൻമുറക്കാരായി വന്ന ക്രൈസ്തവ പുരോഹിതന്മാർ 'യേശുക്രിസ്തുവിൻെറ സുവിശേഷം' വിസ്മരിക്കുക മാത്രമല്ല, യേശുവിനെക്കുറിച്ച ആദ്യകാല രചനകളിൽ തിരുത്തലുകൾ നടത്തുകയുംചെയ്തിരുന്നുവെന്നുതന്നെയാണ് മനസ്സിലാക്കാൻ കഴിയുന്നത്.

മൂലഗ്രന്ഥത്തിൽ നടത്തിയ തിരുത്തലുകൾക്ക് ഏതാനും ഉദാഹരണങ്ങളാണ് താഴെ വിവരിക്കുന്നത്.

**മാർക്കോസിൻെറ സുവിശേഷത്തിലെ തിരുത്തൽ**

യേശുവിൻെറ ജീവിതത്തെക്കുറിച്ച് വിവരിക്കുന്ന പുതിയ നിയമഭാഗമാണല്ലോ സുവിശേഷങ്ങൾ. മർക്കോസിൻെറ സുവിശേഷമാണ് ഇന്നുള്ളതിൽ ആദ്യമായി രചിക്കപ്പെട്ട സുവിശേഷമെന്ന വസ്തുത മുമ്പ് വിവരിച്ചിട്ടുണ്ട്. മർക്കോസിൻെറ സുവിശേഷം രചിക്കപ്പെട്ടത് ക്രിസ്താബ്ദം എഴുപതുകളിലാണെന്നാണ് ബൈബിൾ പണ്ഡിതന്മാരുടെ അഭിപ്രായം. അക്കാലഘട്ടത്തിൽ ക്രിസ്തുവിനെക്കുറിച്ച് നിലനിന്നിരുന്ന വിശ്വാസമാണ് നമുക്ക് അതിൽ കാണാൻ കഴിയുന്നത്. കുരിശിൽ ക്രൂരമായി കൊലചെയ്യപ്പെട്ട യേശുവിനെക്കുറിച്ച വിശ്വാസമാണ് അന്നുണ്ടായിരുന്നത്. യേശു പുനരുത്ഥാനം ചെയ്തിരിക്കുമെന്ന ഒരു പ്രതീക്ഷ ആ സമൂഹത്തിൽ നിലനിന്നിരുന്നെങ്കിലും അത് ഉറപ്പിച്ച് പറയുവാൻ തക്ക തെളിവുകൾ അവരുടെ പക്കൽ ഇല്ലായിരുന്നു. ആ അവസരത്തിൽ എഴുതപ്പെട്ട മർക്കോസിൻെറ സുവിശേഷത്തിലും ഇക്കാര്യം നിഴലിച്ചു കാണുന്നുണ്ട്. ലഭ്യമായ പുതിയനിയമ കയ്യെഴുത്തു രേഖകളിൽ ഏറ്റവും പുരാതനമായ കോഡക്സ് സൈനാറ്റിക്കസിലും കോഡക്സ് വത്തിക്കാനസിലും മർക്കോസിൻെറ സുവിശേഷം പതിനാറാം അധ്യായം എട്ടാം വചനത്തോടു കൂടി അവസാനിക്കുകയാണ് ചെയ്യുന്നത്. യേശു ക്രൂശിക്കപ്പെട്ടതിന് ശേഷമുള്ള സംഭവങ്ങളുടെ വിവരണവും മഗ്ദലന മറിയയും യാക്കോബിൻെറ അമ്മ മറിയയും സലോമിയുംകൂടി ശവശരീരത്തിൽ തൈലം പൂശാൻ വേണ്ടി ചെന്നപ്പോൾ കല്ലറക്കു മുമ്പിൽ വെച്ചിരുന്ന കല്ല് ഉരുട്ടി മാറ്റപ്പെട്ടതായി കണ്ടതും വെളുത്ത അങ്കി ധരിച്ച യുവാവ് യേശു ഉയർത്തെഴുന്നേറ്റിരിക്കുന്നുവെന്ന് പറഞ്ഞത് കേട്ട് ഇവർ ഭയന്നോടിയതായുമുള്ള കാര്യങ്ങളുടെ വിവരണവും കഴിഞ്ഞ് മർക്കോസ് തൻെറ സുവിശേഷം അവസാനിപ്പിക്കുകയാണ് ചെയ്യുന്നത്. പുരാതന കൈയെഴുത്ത് പ്രതികൾ പ്രകാരം മർക്കോസിൻെറ സുവിശേഷം പതിനാറാം അധ്യായം എട്ടാം വചനത്തിൽ 'അവർ ഭയചകിതരായിരുന്നതിനാൽ അവർ (മഗ്ദലനമറിയയും യാക്കോബിൻെറ അമ്മ മറിയയും സലോമിയും) ആരോടും ഒന്നും പറഞ്ഞില്ല' എന്ന പ്രസ്താവനയോടെ പ്രസ്തുത സുവിശേഷം അവസാനിപ്പിക്കുകയാണ് ചെയ്യുന്നത്.



മർക്കോസിൻെറ സുവിശേഷം എഴുതപ്പെട്ടതിന് ശേഷം ക്രൈസ്തവ സമൂഹത്തിൻെറ വിശ്വാസത്തിൽ സാരമായ മാറ്റങ്ങളുണ്ടായി. 'മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റവനായ ക്രിസ്തുവിലുള്ള വിശ്വാസം' ക്രൈസ്തവ സമൂഹത്തിൻറ അടിസ്ഥാനാദർശങ്ങളിലൊന്നായി മാറി. ഈ വിശ്വാസത്തിന് രേഖയുടെ അംഗീകാരമുണ്ടാവുന്നതിനുവേണ്ടി അക്കാലത്തെ എഴുത്തുകാർ പ്രത്യേകം പരിശ്രമിച്ചു. മർക്കോസിൻെറ സുവിശേഷത്തെ ആധാരമാക്കി തങ്ങളുടേതായ ശൈലിയിൽ സുവിശേഷ രചന നിർവ്വഹിച്ച മത്തായിയും ലൂക്കോസും കേട്ടുകേൾവികളുടെ അടിസ്ഥാനത്തിൽ യേശു പുനരുത്ഥാനത്തിന് ശേഷം ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടുവെന്ന ഒരു കഥ രചിച്ചു തങ്ങളുടെ സുവിശേഷത്തോടൊപ്പം ചേർത്തു. പുനരുത്ഥാനത്തിന് ശേഷം യേശു ശിഷ്യന്മാർക്കു മുമ്പിൽ പ്രത്യക്ഷപ്പെട്ടു എന്ന കഥയെ

സംബന്ധിച്ച വിവരണത്തിൽ മത്തായിയും ലൂക്കോസും തമ്മിൽ ഒരുപാട് വൈരുധ്യങ്ങളുണ്ട്. ഈ വൈരുദ്ധ്യങ്ങൾക്ക് കാരണം പുനരുത്ഥാനമെന്ന കഥയെ 'രേഖാമൂല' മാക്കുന്നതിനുവേണ്ടി മത്തായിയും ലൂക്കോസും സ്വതന്ത്രമായി ശ്രമിച്ചതാണ്.

യേശു ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയർത്തെഴുന്നേറ്റുവെന്ന വിശ്വാസം ക്രൈസ്തവ വിശ്വാസത്തിൻെറ ആണിക്കല്ലും പുതിയ നിയമപുസ്തകങ്ങളുടെ സന്ദേശവുമായി മനസ്സിലാക്കപ്പെട്ടപ്പോൾ പുനരുത്ഥാനത്തെക്കുറിച്ച് എല്ലാ സുവിശേഷങ്ങളുംവ്യക്തമായി പ്രതിപാദിക്കേണ്ടത് അത്യാവശ്യമാണെന്ന അവസ്ഥയുണ്ടായി. മർക്കോസിൻെറ സുവിശേഷത്തിൻെറ സമാപ്തി പുനരുത്ഥാനമെന്ന ക്രൈസ്തവ വിശ്വാസത്തിൻെറ ആധാരത്തെ സാധൂകരിക്കുന്നതല്ലെന്ന് അക്കാലഘട്ടത്തിലെ പുരോഹിതന്മാരിൽ ചിലർക്ക് തോന്നി. അതിൻെറ അടിസ്ഥാനത്തിൽ ലൂക്കോസ് ഇരുപത്തിനാലാം അധ്യായത്തിൻെറയും യോഹന്നാൻ ഇരുപതാം അധ്യായത്തിൻെറയും വെളിച്ചത്തിൽ പുനരുത്ഥാനത്തിനു ശേഷം യേശു ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടതായുള്ള ഒരു കഥ അവർ എഴുതിയുണ്ടാക്കി മർക്കോസിൻെറ സുവിശേഷത്തിൻെറ അവസാനം ചേർത്തു. ഇങ്ങനെ ചേർക്കപ്പെട്ടവയാണ് മർക്കോസ് പതിനാറാം അധ്യായം ഒമ്പതു മുതൽ ഇരുപതുവരെയുള്ള വചനങ്ങൾ.

പുരാതന കൈയെഴുത്തു പ്രതികളിൽ കാണപ്പെടുന്നില്ലയെന്ന ഒരൊറ്റകാരണത്താൽ മാത്രമല്ല മർക്കോസ് 16:9-20 വചനങ്ങൾ പിന്നീട് നിർമിച്ച് കൂട്ടിച്ചേർത്തതാണെന്നു പറയുന്നത്. ഈ ഭാഗത്തിൻെറ ഭാഷയും ശൈലിയുമെല്ലാം ഈ സുവിശേഷത്തിൻെറ ബാക്കി ഭാഗങ്ങളിൽ നിന്ന് തികച്ചും വ്യതിരിക്തമാണ്. 'ദി ന്യൂ ജെറോം ബൈബിൾ വ്യാഖ്യാന ഗ്രന്ഥം' പറയുന്നത് കാണുക: 'മർക്കോസിൻെറ സുവിശേഷം പതിനാറാം അധ്യായത്തിലെ ഒമ്പതു മുതൽ ഇരുപതു വരെയുള്ള വചനങ്ങൾ അവയുടെ ഭാവത്തിലും ഭാഷാഘടനയിലും പ്രസ്തുത സുവിശേഷത്തിൻെറ ബാക്കി ഭാഗങ്ങളിൽ നിന്ന് തികച്ചും വ്യതിരിക്തമാണ്. ഈ ഭാഗം നമുക്കിന്ന് ലഭിച്ചിരിക്കുന്ന ഏറ്റവും പുരാതമായ കയ്യെഴുത്തു പ്രതികളിൽ കാണപ്പെടുന്നില്ല. ലൂക്കോസിൻെറ സുവിശേഷം 24-ാം അധ്യായത്തിൻെറയും യോഹന്നാൻെറ സുവിശേഷം 20-ാം അധ്യായത്തിൻെറയും വെളിച്ചത്തിൽ നിർമിക്കപ്പെട്ട ഈ ഭാഗത്തിലെ കഥകൾ രണ്ടാം നൂറ്റാണ്ടിലാണ്



ഈ സുവിശേഷത്തോട് ചേർക്കപ്പെട്ടതെന്നാണ് തോന്നുന്നത്'

മർക്കോസിൻെറ സുവിശേഷത്തിൽ ഒരു ഭാഗത്തു നടന്ന കൃത്രിമത്തെപ്പറ്റി മുകളിൽ വിവരിച്ചതിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന ഒട്ടുവളരെ കാര്യങ്ങളുണ്ട്. തങ്ങൾ ഉദ്ദേശിക്കുന്ന ആശയങ്ങൾക്കനുസൃതമായി വിശുദ്ധമെന്ന് കരുതപ്പെടുന്ന ഗ്രന്ഥങ്ങളിൽ വചനങ്ങൾ കൂട്ടിച്ചേർക്കുകയും വിട്ടുകളയുകയും ചെയ്യുന്ന പ്രവണത യഹൂദരിലും ക്രിസ്ത്യാനികളിലും ആദ്യകാലം മുതൽക്കു തന്നെ നിലനിന്നിരുന്നുവെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാമെന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ക്രിസ്താബ്ദം നാലാം നൂറ്റാണ്ടിൽ എഴുതപ്പെട്ടതെന്ന് വിചാരിക്കപ്പെടുന്ന കോഡക്സ് താരതമ്യേന പുതിയ കൈയെഴുത്തു പ്രതികളുമായി താരതമ്യം ചെയ്തപ്പോൾ പണ്ഡിതന്മാർക്ക് മനസ്സിലാക്കാൻ കഴിഞ്ഞ ഒരു കൃത്രിമം മാത്രമാണ് മർക്കോസിൻെറ സുവിശേഷത്തിൻെറ അവസാനത്തിൽ രണ്ടാം നൂറ്റാണ്ടിൽ നടത്തപ്പെട്ടതെന്ന് വിചാരിക്കുന്ന കൃത്രിമം. ഇതേ പോലെ ഒരുപാട് കൃത്രിമങ്ങൾ നടന്നിട്ടുണ്ടാകാം. കൂടുതൽ പുരാതനമായ കൈയെഴുത്തു പ്രതികൾ ഉപലബ്ധമായെങ്കിൽ മാത്രമേ അവ കണ്ടുപിടിക്കാൻ സാധിക്കൂ.

**യോഹന്നാൻ സുവിശേഷത്തിലെ തിരുത്തൽ**

ഇതേപോലെ കൂട്ടിച്ചേർക്കപ്പെട്ടതാണെന്ന് പണ്ഡിതന്മാർ പറയുന്ന മറ്റൊരു ഭാഗമാണ് യോഹന്നാൻെറ സുവിശേഷം ഏഴാം അധ്യായം 53-ാം വചനം മുതൽ എട്ടാം അധ്യായം 11-ാം വചനം വരെയുള്ള വാക്യങ്ങൾ. ഈ വാക്യങ്ങൾ പുരാതനമായ കൈയെഴുത്തു പ്രതികളിലോ പതിപ്പുകളിലോ കാണപ്പെടുന്നില്ല. ഈ ഭാഗത്തിൻെറ ഭാഷാശൈലിയും യോഹന്നാൻേറതല്ല, മറിച്ച് സംഹിത സുവിശേഷങ്ങളുടേതാണ്. ഈ ഭാഗത്തിൻെറ രചയിതാവ് ലൂക്കോസിൻെറ സുവിശേഷം രചിച്ച വ്യക്തിയായിരിക്കാനാണ് സാധ്യതയെന്നാണ് പണ്ഡിതമതം. മൂന്നാം നൂറ്റാണ്ടിനു ശേഷമാണ് ഈ ഭാഗം യോഹന്നാൻെറ സുവിശേഷത്തിൽ ചേർക്കപ്പെട്ടതെന്ന് കരുതപ്പെടുന്നു. 'പാപം ചെയ്യാത്തവർ കല്ലെറിയട്ടെ' എന്ന പ്രസിദ്ധമായ ബൈബിൾ വചനം ഉൾക്കൊള്ളുന്ന ഭാഗമാണിത്. വ്യഭിചാരിണിയായ ഒരു സ്ത്രീയെ കല്ലെറിയുന്നതിനു വേണ്ടി യേശുവിൻെറ അടുത്തു കൊണ്ടു വരികയും 'നിങ്ങളിൽ പാപമില്ലാത്തവർ കല്ലെറിയട്ടെ' എന്നു പറഞ്ഞ് യേശു അവളെ രക്ഷിക്കുകയും ചെയ്തതായുള്ള കഥയാണ് ഈ

ഭാഗത്തിൻെറ ഉള്ളടക്കം. ഈ ഭാഗങ്ങൾ എന്തിനു വേണ്ടിയാണ് യോഹന്നാൻെറ സുവിശേഷത്തിൽ എഴുതിച്ചേർത്തതെന്ന് നമുക്കറിയില്ല. വ്യഭിചാരിണിയെ കല്ലെറിയുകയെന്ന യഹൂദ നിയമം നിലനിന്നിരുന്ന ആദ്യകാല ക്രിസ്ത്യാനികൾക്കിടയിൽ പ്രസ്തുത കുറ്റം ചെയ്ത ആരെയെങ്കിലും രക്ഷിക്കുവാനായി 'യേശു വ്യഭിചാരിണിയെ വെറുതെ വിട്ടു'വെന്ന കള്ളക്കഥ നിർമിച്ച് യോഹന്നാൻെറ സുവിശേഷത്തോട് ഏതെങ്കിലും പുരോഹിതന്മാർ കൂട്ടിച്ചേർത്തതാകാമെന്ന് ന്യായമായും ഊഹിക്കാവുന്നതാണ്. മറ്റു സുവിശേഷങ്ങളൊന്നും തന്നെ ഈ കഥ ഉദ്ധരിക്കുന്നില്ലെന്ന വസ്തുത ഈ അനുമാനത്തെ സാധൂകരിക്കുന്നു. അതെന്തു തന്നെയായിരുന്നാലും, ഈ ഭാഗം യോഹന്നാൻെറ സുവിശേഷത്തിൽ തിരുകിക്കയറ്റിയതാണെന്ന വസ്തുത, എഴുതപ്പെട്ട ശേഷം ആരും ഒരു വിധത്തിലും കൈകടത്തലുകൾ നടത്താത്ത ഗ്രന്ഥമാണ് ബൈബിളെന്ന അവകാശവാദത്തിൻെറ മുനയൊടിക്കുന്നുവെന്നതാണ് വാസ്തവം.

**യോഹന്നാന്റെ ലേഖനത്തിലെ തിരുത്തൽ.**

വിശുദ്ധമെന്ന് കരുതപ്പെടുന്ന ഗ്രന്ഥങ്ങളിൽ തങ്ങളുടെ അഭീഷ്ടത്തിനൊത്ത് മാറ്റത്തിരുത്തലുകൾ വരുത്തുന്ന സമ്പ്രദായം ക്രൈസ്തവ പുരോഹിതന്മാർ താരതമ്യേന അടുത്തകാലം വരെ തുടർന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ത്രിയേകത്വത്തെക്കുറിച്ച് ബൈബിൾ പരാമർശം ഉദാഹരണമായെടുക്കുക. നാലാം നൂറ്റാണ്ടിലാണല്ലോ പിതാവും പുത്രനും പരിശുദ്ധാത്മാവും ചേർന്നതാണ് ഏകദൈവം എന്ന സിദ്ധാന്തത്തിന് കോൺസ്റ്റാൻറിനോപ്പിൾ കൗൺസിൽ അംഗീകാരം നൽകിയത്. അന്നു മുതൽ ഇന്നുവരെയുള്ള ക്രൈസ്തവ പണ്ഡിതന്മാരെ കുഴക്കുന്ന പ്രശ്നമാണ് ബൈബിളിലെവിടെയെങ്കിലും ത്രിയേകത്വസിദ്ധാന്തം പ്രതിപാദിച്ചിട്ടുണ്ടോയെന്ന ചോദ്യം. ഈ ചോദ്യത്തിന് പല വചനങ്ങളും തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടാണ് ഇന്ന് മിഷനറിമാർ ഉത്തരം പറയാൻ ശ്രമിക്കുന്നത്.

ത്രിയേകദൈവവിശ്വാസം ഔദ്യോഗിക വിശ്വാസപ്രമാണമായി ക്രിസ്താബ്ദം 381 ൽ തന്നെ പ്രഖ്യാപിക്കപ്പെട്ടിരുന്നുവെങ്കിലും അത് ജനങ്ങൾക്കിടയിൽ പ്രചാരത്തിലായത് അഞ്ചാം നൂറ്റാണ്ടിലും അതിനു ശേഷവുമായിരുന്നു. സാധാരണക്കാർക്കിടയിൽ ഈ ദുരൂഹവിശ്വാസം പ്രചാരത്തിലായതു മുതൽ അവർ നേരത്തെ പറഞ്ഞ ചോദ്യം ഉന്നയിക്കുവാനാരംഭിച്ചു. ഈ പ്രശ്നത്തെ പല വിധത്തിൽ



നേരിടുവാൻ പുരോഹിതന്മാർ തീരുമാനിച്ചുവെങ്കിലും എല്ലാ ശ്രമങ്ങളും നിഷ്ഫലമാവുകയാണുണ്ടായത്. അവസാനം ഈ വിശ്വാസത്തിന് വേദഗ്രന്ഥത്തിൽ ഒരു രേഖയുണ്ടാക്കുവാൻ തന്നെ പുരോഹിതന്മാർ തീരുമാനിച്ചു. ആത്മാവ്, ജലം, രക്തം എന്നിവയുടെ സാക്ഷ്യത്തെക്കുറിച്ചു പ്രതിപാദിക്കുന്ന യോഹന്നാൻെറ ഒന്നാം ലേഖനത്തിൻെറ ഭാഗത്തു തന്നെ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവയുടെ ഐക്യത്തെക്കുറിച്ച ഭാഗം എഴുതിച്ചേർക്കാൻ അവർ സന്നദ്ധരായി. യോഹന്നാൻെറ ഒന്നാം ലേഖനം അഞ്ചാം അധ്യായത്തിൻെറ ഏഴാം വചനമായി അവർ ഇങ്ങനെയൊരു വചനം എഴുതിച്ചേർത്തു. 'മൂന്നുപേരാണ് സ്വർഗത്തിൽ സാക്ഷ്യം നിൽക്കുന്നത്. പിതാവ്, വചനം, പരിശുദ്ധാത്മാവ്. ഇവർ മൂന്നുപേരും ഒന്നുതന്നെ'.

ഈ വചനം ആദ്യകാലത്തെ ഒരു കൈയെഴുത്തു കോപ്പിയിലുമില്ല. എങ്കിലും കുറേ കാലം ക്രൈസ്തവ ജനത ഈ വചനത്തെയും കാനോനികമായി അംഗീകരിക്കുകയും ത്രിയേകത്വത്തിന് ബൈബിളിലുള്ള തെളിവായി ഉദ്ധരിക്കുകയും ചെയ്തു. ഈയടുത്ത കാലത്ത് രചിക്കപ്പെട്ട ഗ്രന്ഥങ്ങളിൽ പോലും ത്രിത്വത്തിനുള്ള തെളിവായി ഈ വചനം എടുത്തു ചേർത്തിരിക്കുന്നു. സക്കരിയാ ബുത്രൂസ് എഴുതി 'വിശുദ്ധ ത്രിത്വത്തിൽ ദൈവം ഏകനാണ്' എന്ന പുസ്തകം ഉദാഹരണം. ഇതിൽ നിന്ന് എത്രത്തോളം ഈ വചനം സത്യസന്ധവും വേദപുസ്തകത്തിലുള്ളതുമാണെന്ന വിശ്വാസം നിലനിന്നിരുന്നുവെന്ന് മനസ്സിലാക്കാവുന്നതാണ്. ഈയടുത്ത കാലം വരെ വ്യത്യസ്ത ഭാഷകളിലുള്ള ബൈബിളുകളിൽ ഈ വചനമുണ്ടായിരുന്നു. പ്രസിദ്ധ 'കിംഗ് ജെയിംസ് വേർഷൻ' ഇംഗ്ലീഷ് ബൈബിളിൽ ഇപ്പോഴും ഈ വചനം പ്രസിദ്ധീകരിക്കുന്നുണ്ട്. അതിങ്ങനെയാണ്: 'For there are three that bear record in heaven, The Father, The Word and The Holy Ghost: and these three are one (I John 5:7). മലയാളം ബൈബിളിലും അടുത്തകാലം വരെ ഈ വചനം നിലവിലുണ്ടായിരുന്നു. മലയാളം പ്രൊട്ടസ്റ്റൻറ് ബൈബിളിലും കത്തോലിക്കാബൈബിളിലുമെല്ലാം ഈ വചനമുണ്ടായിരുന്നു. അവസാനമായി മലയാള ബൈബിളിൽ ഈ വചനം കണുന്നത് 1987ൽ പ്രസിദ്ധീകരിക്കപ്പെട്ട പ്ശീത്താ വിശുദ്ധ ഗ്രന്ഥത്തിലെ പുതിയ നിയമത്തിലാണ്. വടവാതൂർ സെമിനാരി പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥത്തിൽ 1 യോഹന്നാൻ 5:7 നൽകിയിരിക്കുന്നത് ഇപ്രകാരമാണ്. 'ഒരുവൻ മാത്രമായ

പിതാവും വചനവും പരിശുദ്ധാത്മാവും സ്വർഗത്തിൽ സാക്ഷ്യം നൽകുന്നു'

എന്നാൽ ഇന്ന് പുറത്തിറങ്ങുന്ന ഒരുവിധം ബൈബിളുകളിൽ നിന്നെല്ലാം ഈ വചനം നീക്കം ചെയ്തിരിക്കുന്നതായി കാണാൻ കഴിയും. മലയാളത്തിൽ പ്രമുഖ ബൈബിളുകളിലൊന്നും ഈ വചനം ഇന്ന് ഉപയോഗിക്കപ്പെടുന്നില്ല. ഇംഗ്ലീഷിലാകട്ടെ കിംഗ് ജെയിംസ് വേർഷനിലൊഴിച്ച് മറ്റു പ്രതികളിലൊന്നും തന്നെ ഈ വചനം കാണപ്പെടുന്നില്ല. ഈ വചനം എല്ലാ ബൈബിളുകളിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്ന് സാരം. ഇത് ഒഴിവാക്കിയതിന്നു കാരണമായി ദി ന്യൂ ജെറുസലേം ബൈബിൾ പറയുന്നത് 'പുരാതന ഗ്രീക്ക് കൈയെഴുത്ത് പ്രതികളിലോ പരിഭാഷകളിലോ ഈ വചനം കാണപ്പെടാത്തതിനാൽ ഈ വചനം ബൈബിളിലേക്ക് കടത്തിക്കൂട്ടിയതാണെന്ന് മനസ്സിലാക്കിയതിനാലാണ്' എന്നാണ്. ഇവയിൽ നിന്നെല്ലാം ഈ വചനം, ത്രിയേകത്വം ബൈബിളുകൊണ്ടു സ്ഥാപിക്കുന്നതിന്നുവേണ്ടി ആരോ ബൈബിളിൽ തിരുകിക്കയറ്റിയതാണെന്ന് സുതരാം വ്യക്തമാകുന്നു.

എങ്ങനെയാണ് ഈ വചനം ബൈബിളിൽ കടന്നുകൂടിയത്? വില്യം ബാർക്ലെ രചിച്ച 'ദി ഡെയ്‌ലി സ്റ്റഡി ബൈബിൾ' പറയുന്നതു കാണുക: '14-ാം നൂറ്റാണ്ടിനു മുമ്പത്തെ ഒരു ഗ്രീക്ക് കൈയെഴുത്തുപ്രതിയിലും ഈ വചനം കാണുന്നില്ല. മൂന്നാമത്തെയും നാലാമത്തെയും നൂറ്റാണ്ടുകളിലെ മഹത്തായ കൈയെഴുത്തു പ്രതികളിലൊന്നും ഈ വചനമില്ല. ആദ്യകാലത്തെ മഹാന്മാരായ സഭാ പിതാക്കന്മാർക്ക് ഈ വചനം അറിയുകപോലുമില്ലായിരുന്നു. ജെറോമിൻെറ വൾഗേറ്റ് (Vulgate) യഥാർത്ഥ പതിപ്പിൽ ഈ വചനം ഉൾപ്പെടുത്തിയിട്ടില്ല. ക്രിസ്താബ്ദം 385ൽ മരിച്ച സ്പാനിഷ് പാഷണ്ഡൻ (heretic) പ്രിസില്ല്യനാണ് ആദ്യമായി ഈ വചനം ഉദ്ധരിക്കുന്നത്. അതിന്നു ശേഷം മെല്ലെ മെല്ലെ ഇത് പുതിയ നിയമത്തിൻെറ ലത്തീൻ പാഠത്തിലേക്ക് നുഴഞ്ഞുകയറി. എങ്കിലും, നാം കണ്ടതുപോലെ, ഗ്രീക്ക് കയ്യെഴുത്തു പ്രതികളിൽ അതിന്ന് അപ്പോഴും സ്ഥാനം ലഭിച്ചില്ല.

പിന്നെയെങ്ങനെയാണ് ഇത് മൂലഗ്രന്ഥത്തിലേക്ക് കയറിക്കൂടിയത്? പകർത്തെഴുത്തുകാരൻെറ വിശദീകരണമോ വ്യാഖ്യാനമോ ആയി മാർജിനിലായിരിക്കണം ആദ്യമായി ഇത് പ്രത്യക്ഷപ്പെട്ടത്.



ത്രിത്വ സിദ്ധാന്തത്തിന് വ്യക്തമായ വേദപുസ്തക തെളിവു നൽകുന്നു വെന്നതിനാൽ ദൈവശാസ്ത്രജ്ഞന്മാർ കാലക്രമേണ മൂലഗ്രന്ഥത്തിൻെറ ഭാഗമായി അംഗീകരിക്കുകയാണുണ്ടായത്. മഹത്തായ കൈയെഴുത്തു പ്രതികൾ കണ്ടുപിടിക്കപ്പെടുന്നതിനു മുമ്പത്തെ പണ്ഡിതന്മാരാണ് ഇത് അംഗീകരിച്ചത്.'

യഥാർത്ഥ വിശ്വാസത്തിൽ നിന്ന് വഴിപിഴച്ച ഒരാളാണ് ത്രിത്വത്തെക്കുറിച്ച് വ്യക്തമായി വിവരിക്കുന്ന ബൈബിൾ വാചകം നിർമ്മിച്ചതെന്നാണല്ലോ ഇതിൽ നിന്ന് മനസ്സിലാവുന്നത്. ത്രിയേകത്വത്തെ നിർമിച്ചവരും അത് വേദപാഠമാക്കുന്നതിന്നായി ശ്രമിച്ചവരുമെല്ലാം വഴിപിഴച്ചവർ തന്നെ!

ആദ്യകാലം മുതൽക്കുതന്നെ ബൈബിളിൽ കൈകടത്തലുകൾ നടന്നിട്ടുണ്ട് എന്നുള്ളതിനുള്ള ഏതാനും തെളിവുകളാണ് മുകളിൽ പറഞ്ഞത്. ഇങ്ങനെ ഒരുപാട് കടത്തിക്കൂട്ടലുകളും കിഴിക്കലുകളും ബൈബിളിൽ നടന്നിട്ടുണ്ടാവണം. യഥാർത്ഥ വേദഗ്രന്ഥം കളയുക മാത്രമല്ല, തങ്ങൾ വിശുദ്ധങ്ങളെന്നു വിശ്വസിച്ചിരുന്ന ഗ്രന്ഥങ്ങളിൽ യഥേഷ്ടം കൃത്രിമങ്ങൾ നടത്തുകയും ചെയ്യാൻ യാതൊരു മടിയുമില്ലാത്തവരായിരുന്നു പുരോഹിതന്മാർ എന്നാണ് ഇവ വ്യക്തമാക്കുന്നത്. ബൈബിളിൽ യാതൊരു മാറ്റവും വരുത്താൻ ക്രിസ്ത്യാനികൾ തയ്യാറാകുകയില്ലെന്ന വാദം കഴമ്പില്ലാത്തതാണെന്നാണല്ലോ ഇവയിൽ നിന്നു മനസ്സിലാവുന്നത്.

**ബൈബിൾ പതിപ്പുകളിലെ തിരുത്തലുകൾ**

ബൈബിൾ മൂലഗ്രന്ഥത്തിലെ ചില തിരുത്തലുകളാണ് നാം ചർച്ച ചെയ്തത്. ബൈബിൾ പരിഭാഷകളിലും ഈ രൂപത്തിലുള്ള തിരുത്തലുകൾ നടന്നിട്ടുണ്ട്. വ്യാഖ്യാനിച്ച് ഒപ്പിക്കുവാൻ പറ്റാത്ത പല പ്രസ്താവനകളും സൗകര്യപൂർവം തിരുത്തുവാൻ ബൈബിൾ പരിഭാഷകർ ശ്രമിച്ചിട്ടുണ്ട്. ബൈബിളിൽ എന്തെങ്കിലും മാറ്റത്തിരുത്തലുകൾ വരുത്തിയാൽ ശക്തമായ ശിക്ഷകൾ ലഭിക്കുമെന്ന വെളിപാടു പുസ്തകത്തിലെ (22:18,19) താക്കീത് ആധുനിക ബൈബിൾ പരിഭാഷകന്മാരും വ്യാഖ്യാതാക്കളും തൃണവൽഗണിക്കുകയാണ് ചെയ്യുന്നത്.

**ആവർത്തന പുസ്തകത്തിലെ തിരുത്തൽ**

ബൈബിൾ പഴയനിയമത്തിൽ പ്രസിദ്ധമായൊരു പ്രവചനമുണ്ട്.

ആവർത്തനം 18:18 ലെ പ്രവചനം. അതിങ്ങനെയാണ്: 'അപ്പോൾ കർത്താവ് എന്നോട് അരുൾ ചെയ്തു. അവർ പറഞ്ഞതെല്ലാം ശരി തന്നെ. നിന്നെപ്പോലെ ഒരു പ്രവാചകനെ അവരുടെ സഹോദരന്മാരിൽ നിന്ന് അവർക്കായി ഞാൻ ഉയർത്തും. ഞാൻ എൻെറ വചനങ്ങൾ അയാളുടെ നാവിൽ നിവേശിപ്പിക്കും. ഞാൻ കൽപിക്കുന്നവയെല്ലാം അയാൾ അവരോട് പറയും' (ആവർത്തനം 18:18).

മോശെ പ്രവാചകനോടുള്ള ദൈവിക വാഗ്ദാനമാണിത്. മോശെയെപ്പോലെയുള്ള ഒരു പ്രവാചകനെ ഇസ്രായീല്യരുടെ സഹോദരന്മാരിൽ നിന്ന് ഉയർത്തുമെന്നാണ് വാഗ്ദാനം. ആരാണീ പ്രവാചകൻ? യേശുവാണെന്ന് വാദിക്കപ്പെടുന്നുണ്ട്. പുതിയ നിയമ ഗ്രന്ഥകാരന്മാരിൽ ചിലർ യേശുവിൽ ഈ വാഗ്ദാനം പൂർത്തീകരിക്കപ്പെട്ടുവെന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ചിട്ടുണ്ട്. (അപ്പോസ്തല പ്രവൃത്തികൾ 3:22-26 കാണുക).

ഇവിടെ വലിയൊരു പ്രശ്നമുണ്ട്. ഈ വാഗ്ദാനത്തിൽ മോശെയെപ്പോലെയുള്ള പ്രവാചകനെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ജനനത്തിലോ ജീവിതത്തിലോ ദൗത്യത്തിലോ ജീവിതാന്ത്യത്തിൻെറ കാര്യത്തിലോ ഒന്നും തന്നെ മോശെയെപ്പോലെയുള്ള പ്രവാചകൻ എന്നു വിളിക്കപ്പെടുവാൻ യേശു അർഹനല്ലെന്ന് പഞ്ചപുസ്തകങ്ങളും സുവിശേഷങ്ങളും ഒരു പ്രാവശ്യം താരതമ്യം ചെയ്താൽ മനസ്സിലാകും. അതുകൊണ്ട് തന്നെ 'മോശെയെപ്പോലെയുള്ള പ്രവാചകൻ' യേശുവാകാൻ യാതൊരു നിർവ്വാഹവുമില്ല.

മറ്റൊരു പ്രശ്നം കൂടിയുണ്ട്. യേശു ഒരു ഇസ്രായീൽ പ്രവാചകനാണ്. ഇസ്രായീൽ സമുദായത്തിൽ ജനിച്ചുവളർന്നു ജീവിച്ച വ്യക്തി. മോശയോടുള്ളള ദൈവിക വാഗ്ദാനം ഇസ്രായീല്യരിൽ നിന്ന് ഒരു പ്രവാചകനെ അയക്കുമെന്നല്ല; ഇസ്രായീല്യരുടെ സഹോദരന്മാരിൽ നിന്ന് ഒരു പ്രവാചകനെ അയക്കുമെന്നാണ്. അതിനാൽ തന്നെ ആവർത്തന പുസ്തകത്തിൽ പ്രവചിക്കപ്പെട്ട പ്രവാചകൻ യേശുവായിക്കൂടാ. ഇസ്രായീല്യരുടെ സഹോദര സമുദായങ്ങളിലേതിൽ നിന്നെങ്കിലും വന്ന പ്രവാചകനായിരിക്കണം.

സത്യത്തിൽ, മോശെ പ്രവാചകനോടുള്ള ദൈവിക വാഗ്ദാനം പൂർത്തീകരിക്കപ്പെട്ടിരിക്കുന്നത് മുഹമ്മദി(ﷺ)ലാണ്. എല്ലാ അർത്ഥത്തിലും മോശെയെപ്പോലെയുള്ള പ്രവാചകൻ എന്നു വിളിക്കപ്പെടാൻ മുഹമ്മദ് (ﷺ) അർഹനാണ്. അദ്ദേഹം ഇസ്രായീല്യരുടെ



സഹോദര സമുദായമായ ഇസ്മായീല്യരിൽ (അറബികൾ) നിന്നു നിയോഗിക്കപ്പെട്ടവനുമാണ്. അതുകൊണ്ടു തന്നെ മോശയോടുള്ള വാഗ്ദാനം പൂർത്തീകരിക്കപ്പെട്ടത് മുഹമ്മദ് (ﷺ)ലാണെന്ന് മുസ്ലിംകൾ വാദിക്കുന്നു. (കൂടുതൽ വിവരത്തിന് എം. എം. അക്ബർ രചിച്ച 'ബൈബിളിൽ പ്രവചിക്കപ്പെട്ട പ്രവാചകൻ' വായിക്കുക).

ബൈബിൾ പണ്ഡിതന്മാരെ കുഴക്കിയിട്ടുള്ള ഒരു പ്രശ്നമാണിത്. ഇസ്രായീല്യരുടെ സഹോദരന്മാരിൽ നിന്ന് വരുന്ന പ്രവാചകൻ യേശുവായിരിക്കാനിടയില്ലെന്നും മുഹമ്മദാ(ﷺ)യിരിക്കാനേ നിവൃത്തിയുള്ളൂവെന്നുമുള്ള സരളമായ സത്യത്തിനു മുമ്പിൽ മുഖം തിരിക്കുക മാത്രമാണ് ക്രൈസ്തവ പണ്ഡിതന്മാർ ചെയ്യുന്നത്.

ഈ വിപത്സന്ധിയിൽ നിന്ന് രക്ഷപ്പെടാനാണെന്നു തോന്നുന്നു, പുതിയ പരിഭാഷകളിൽ ഈ വചനത്തിന് നൽകുന്ന പരിഭാഷ 'ഇസ്രായീല്യരുടെ സഹോദരന്മാരിൽ നിന്ന്' എന്നല്ല, പ്രത്യുത 'ഇസ്രായീല്യർക്കിടയിൽ നിന്ന്' എന്നാണ്. The Catholic Living Bible ലെ ഈ വചനത്തിൻെറ (Deutronomy 18:18) പരിഭാഷ കാണുക:

' I will up from among them a prophet an Israeli like you. I will tell him what to say and he shall be my spokesman to the people' (Page 233)

ഇതേ വചനത്തിന് Good News Bible നൽകുന്ന പരിഭാഷ നോക്കുക:

I will send them a prophet like you from among their own people. I will tell him what to say and he will tell the people every thing I command' (Page 189).

ഈ രണ്ട് ഇംഗ്ലീഷ് ബൈബിൾ പതിപ്പുകളും താരതമ്യേന പുതിയവയാണ്. The Catholic Living Bible ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടത് 1976ലാണ്. Good News Bible ൻെറ പ്രസിദ്ധീകരണവും നടന്നത് ഏകദേശം ഇക്കാലത്തു തന്നെയാണ്. മോശെയോടുള്ള ദൈവിക വാഗ്ദാനത്തിൻെറ പൂർത്തീകരണം നടന്നത് ഇസ്രായീല്യനായ യേശുവിലാണെന്ന് വരുത്തിത്തീർക്കുന്നതിനു വേണ്ടിയുള്ള ശ്രമമല്ലാതെ മറ്റൊന്നുമല്ല ഈ തിരുത്തലുകൾക്ക് പിന്നിലുള്ളത്. ഇസ്രായീല്യരുടെ സഹോദരന്മാർക്കിടയിൽ നിന്ന് നിയോഗിക്കപ്പെട്ട

പ്രവാചകൻ മുഹമ്മദാ(ﷺ)ണെന്ന വാദത്തിൽ നിന്ന് രക്ഷപ്പെടുവാനുള്ള പഴുതു കൂടി നിർമിക്കുകയാവാം ഈ ബൈബിളുകളുടെ രചയിതാക്കൾ ചെയ്തത്.

മൂലത്തോട് യോജിക്കുന്ന പരിഭാഷ നൽകിയിട്ടുള്ളത് King James Version ൽ ആണ്. അതിങ്ങനെയാണ്:

I will raise them up a Prophet from among their bretheren, like unto thee, and will put my words in his mouth; and he shall speak unto them all that I shall command him' (Page 228).

മലയാളം കത്തോലിക്കാ ബൈബിളിൽ ഇത് ഇങ്ങനെ ഭാഷാന്തരം ചെയ്യപ്പെട്ടിരിക്കുന്നു.

'അവരുടെ സഹോദരന്മാരുടെ ഇടയിൽ നിന്ന് നിന്നെപ്പോലുള്ള ഒരു പ്രവാചകനെ ഞാനവർക്ക് വേണ്ടി അയക്കും. എൻെറ വാക്കുകൾ ഞാൻ അവൻെറ നാവിൽ നിക്ഷേപിക്കും. ഞാൻ കൽപിക്കുന്നതെല്ലാം അവൻ അവരോട് പറയും' (പുറം 175).

ഈ വചനങ്ങളിൽ ഇസ്രായീല്യരിൽ നിന്ന് എന്നു ദ്യോതിപ്പിക്കുന്ന ഒരു പരാമർശവുമില്ല എന്ന് വ്യക്തമാണ്. ദി കാത്തോലിക് ലിവിംഗ് ബൈബിളിൻെറയും ഗുഡ്ന്യൂസ് ബൈബിളിൻെറയും രചയിതാക്കൾ ഇസ്രായീല്യരിൽ നിന്നാണ് വരാനിരിക്കുന്ന പ്രവാചകൻ എന്നു വരുത്തിത്തീർക്കുന്ന രീതിയിൽ ഈ വചനത്തെ മാറ്റിത്തിരുത്തുകയാണ് ചെയ്തത്.

**എസെക്കിയേലിൻെറ തിരുത്തൽ**

വേദഗ്രന്ഥം എന്തിന് വേണ്ടിയുള്ളതാണ്? ജനങ്ങളെ ദൈവമാർഗത്തിലൂടെ നയിക്കാൻ എന്നാണ് എല്ലാവരും ഉത്തരം പറയുക. അധാർമികവൃത്തികളിലേർപ്പെടാതെ ജീവിതത്തെ മുന്നോട്ടു നയിക്കുവാൻ മനുഷ്യരെ പര്യാപ്തമാക്കുകയാണ് വേദഗ്രന്ഥങ്ങളുടെ ധർമം. എന്നാൽ ബൈബിളിലെ ചില ഭാഗങ്ങൾ ഈ പൊതുവായ ധർമം പാലിക്കുന്നില്ല. പ്രവാചക കഥകളിലെ ലൈംഗിക പരാമർശങ്ങൾ കഴിഞ്ഞ അധ്യായത്തിൽ നാം ചർച്ച ചെയ്തുവല്ലോ. ആ കഥകളിലേതെങ്കിലും മനുഷ്യരെ ധർമനിഷ്ഠരാക്കിത്തീർക്കുമോ? അതല്ല, മാതൃകകളാവേണ്ട പ്രവാചകന്മാർ പോലും തോന്നിവാസികളായിരുന്നുവെന്നറിയുമ്പോൾ തെറ്റു ചെയ്യാനുള്ള പ്രേരണ കൂടുകയല്ലേ ചെയ്യുക?



പ്രവാചക കഥകളിൽ അധാർമികതകൾ ആരോപിക്കുക മാത്രമല്ല ബൈബിൾ ചെയ്യുന്നത്; മൃദുല വികാരങ്ങളെ ഇക്കിളിപ്പെടുത്തുന്ന രീതിയിലുള്ള പരാമർശങ്ങളും ബൈബിളിലുണ്ട്. എസക്കിയേലിൻെറ പുസ്തകത്തിൻെറ 23-ാം അധ്യായം അവയിൽ പ്രധാനപ്പെട്ടതാണ്. ഒഹേലാ, ഒഹേലിബാ എന്നീ രണ്ടു സഹോദരിമാരുടെ കാമകേളികളാണ് ഈ അധ്യായത്തിൽ വിവരിക്കുന്നത്. സഭ്യതയുടെ എല്ലാ അതിർവരമ്പുകളും വെടിഞ്ഞ വിവരണങ്ങൾ! എക്കാലത്തേയും ക്രൈസ്തവ പണ്ഡിതന്മാർക്ക് ഈ അധ്യായം ഒരു തലവേദനയായിരുന്നു. ലൈംഗികകേളികളെ ക്കുറിച്ച് പച്ചയായ അവതരണം! ഇത് യുവാക്കളെ വഴിതെറ്റിക്കുമെന്ന് പുരോഹിതന്മാർക്ക് മനസ്സിലായി. എന്നാൽ ദൈവവചനമല്ലേയെന്നു കരുതി ഈ വചനങ്ങൾ ബൈബിളിൽ സംരക്ഷിച്ചു പോരുകയാണുണ്ടായത്. മലയാളം ബൈബിളിലെ പ്രസക്ത ഭാഗം കാണുക.

എന്നാൽ, പുതിയ ബൈബിൾ പരിഭാഷകളിൽ ഈ ഭാഗം പൂർണമായി തന്നെ തിരുത്തിയെഴുതിയിരിക്കുകയാണ്. പച്ചയായ ലൈംഗിക വിവരണങ്ങൾ പൂർണമായിത്തന്നെ ഒഴിവാക്കിയിരിക്കുന്നു. Good News Bible ലും The Catholic Living Bible ലും എസെക്കിയേലിൻെറ പുസ്തകത്തിലെ 23-ാം അധ്യായം സംസ്കരിച്ച് അവതരിപ്പിച്ചിരിക്കുന്നത് കാണാം.

നാം ചോദിക്കുക. എസെക്കിയേലിൻെറ പുസ്തകത്തിലെ 23-ാം അധ്യായം എഴുതപ്പെട്ടത് ദൈവനിവേശനം മൂലമാണോ? എങ്കിൽ അതിലെ പരാമർശങ്ങൾ തിരുത്തുന്നതിന്നു വേണ്ടി ആധുനിക ബൈബിൾ രചയിതാക്കൾ തയ്യാറാകുന്നതെന്തുകൊണ്ടാണ്? അവർക്ക് വെളിപാട് പുസ്തകത്തിലെ താക്കീത് ബാധകമല്ലേ? ബൈബിളിൻെറ ദൈവനിവേശനം എന്ന വാദം ഇവിടെയും പ്രതിക്കൂട്ടിൽ നിൽക്കുന്നു.


എസെക്കിയേൽ 23 7

എസെക്കിയേൽ 23-ാം അധ്യായം
(മലയാളം ബൈബിളിൽ നിന്ന്)

ഇത്രയധികം വൃത്തികേടുകൾ പ്രതിപാദിക്കപ്പെട്ട ഗ്രന്ഥം ദൈവനിവേശിതമാണോ എന്ന ചോദ്യം ക്രൈസ്തവ പണ്ഡിതന്മാരെ കുഴക്കുന്നു.




Story of two sisters EZEKIEL 2. EZEKIEL 23

images they claim are from God, when he hasn't spoken one word to them at all. Thus they repair the walls with whitewash! 29 Even the common people oppress and rob the poor and needy and cruelly extort from aliens.

30 "I looked in vain for anyone who would build again the wall of righteousness that guards the land, who could stand in the gap and defend you from my just attacks, but I found not one. 31 And so the Lord God says: I will pour out my anger upon you; I will consume you with the fire of my wrath. I have heaped upon you the full penalty for all your sins."

23 THE LORD'S MESSAGE came to me again, saying:

2,3 "Son of dust, there were two sisters who as young girls became prostitutes in Egypt. 4,5 The older girl was named Oholah; her sister was Oholibah. (I am speaking of Samaria and Jerusalem!) I married them, and they bore me sons and daughters. But then Oholah turned to other gods instead of me, and gave her love to the Assyrians, her neighbors, 6 for they were all attractive young men, captains and commanders, in handsome blue, dashing about on their horses. 7 And so she sinned with them—the choicest men of Assyria—worshiping their idols, defiling herself. 8 For when she left Egypt, she did not leave her spirit of prostitution behind, but was still as lewd as in her youth, when the Egyptian poured out their lusts upon her and robbed her of her virginity.

9 "And so I delivered her into the evil clutches of the Assyrians whose gods she loved so much. 10 They stripped her and killed her and took away her children as their slaves. Her name was known to every woman in the land as a sinner who had received what she deserved.

11 "But when Oholibah (Jerusalem) saw what had happened to her sister she went right ahead in the same way, and sinned even more than her sister. 12 She fawned over her Assyrian neighbors,[a] those handsome young men on fine steeds, those army officers in handsome uniforms—all of them desirable. 13 I saw the way she was going following right along behind her older sister.

14,15 "She was in fact more debased than Samaria, for she fell in love with pictures she saw painted on a wall! They were pictures of Babylonian military officers, outfitted in striking red uniforms, with handsome belts, and flowing turbans on their heads. 16 When she saw these paintings she longed to give herself to the men pictured, so she sent messengers[b] to Chaldea to invite them to come to her. 17 And they came and committed adultery with her, defiling her in the bed of love, but afterward she hated them and broke off all relations with them.[c]

18 "And I despised her just as I despised her sister, because she flaunted herself before them and gave herself to their lust. 19,20 But that didn't bother her. She turned to even greater prostitution, sinning with the lustful men she remembered from her youth when she was a prostitute in Egypt.[d] 21 And thus you celebrated those former days when as a young girl you gave your virginity to those from Egypt.

22 "And now the Lord God says that he will raise against you, O Oholibah (Jerusalem), those very nations from which you turned away, disgusted. 23 For the Babylonians will come, and all the Chaldeans from Pekod and Shoa and Koa; and all the Assyrians with them—handsome young men of high rank, riding their steeds. 24 They will come against you from the north with chariots and wagons and a great army fully prepared for attack. They will surround you on every side with armored men and I will let them at you, to do with you as they wish. 25 And I will send my jealousy against you and deal furiously with you, and cut off your nose and ears; your survivors will be killed; your children will be taken away as slaves, and everything left will be burned. 26 They will strip you of your beautiful clothes and jewels.

27 "And so I will put a stop to your lewdness and prostitution brought from the land of Egypt; you will no more long for Egypt and her gods. 28 For the Lord God says: I will surely deliver you over

a i.e., when Ahaz paid "protection money" to Tiglath-pileser III (2 Kings 16:7, 8).
b This occurred when Hezekiah entertained the embassy from Babylon (Isaiah 39–39), also during the reign of Manasseh. c The anti-Babylonian party in Judah looked to Egypt for help during the reigns of the last two Judean kings, Jehoiakim and Zedekiah.
d i.e., during the reign of Josiah.

1111

Ezekiel Chapter 23
(Catholic Living Bible ൽ നിന്ന് )

ഒറിജിനലിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ ഉപേക്ഷിച്ച് നന്നാക്കി അവതരിപ്പിക്കുവാൻ ശ്രമിച്ചിരിക്കുന്നു. ദൈവനിവേശിത വചനം ജനങ്ങൾക്ക് വായിക്കുവാൻ വേണ്ടി നന്നാക്കേണ്ടതുണ്ടോ?

**അനുബന്ധം 10**

## ചരിത്ര കഥനങ്ങൾ; ബൈബിളിലും ഖുർആനിലും

ദൈവികബോധനത്തിൻെറ അടിസ്ഥാനത്തിൽ സമൂഹത്തെ നയിച്ച ദൈവദൂതന്മാരിലൂടെ അവതരിപ്പിക്കപ്പെട്ട വേദഗ്രന്ഥങ്ങളുടെയും പ്രവാചകന്മാരുടെ വചനങ്ങളുടെയും സ്വാധീനമുള്ള ഗ്രന്ഥമാണ് ബൈബിൾ എന്ന വിഷയത്തിൽ മുസ്‌ലിംകൾക്ക് സംശയമൊന്നുമില്ല. ദൈവിക വചനങ്ങളും പ്രവാചക വചനങ്ങളും ചരിത്രകാരൻെറ വീക്ഷണങ്ങളും പുരോഹിത നിർദ്ദേശങ്ങളുമെല്ലാം കൂടിക്കുഴഞ്ഞാണ് ബൈബിളിലുള്ളത്. പ്രവാചകന്മാരുടെ ജീവിത കഥകളാണ് ബൈബിളിൻെറ നട്ടെല്ല് എന്ന് പറയാം. ഈ ജീവിത കഥകൾക്കുമേൽ പുരോഹിത വചനങ്ങളുടെ മാംസം പൊതിഞ്ഞുകൊണ്ടാണ് ബൈബിൾ നിർമിക്കപ്പെട്ടിരിക്കുന്നത് എന്നുപറഞ്ഞാൽ അതിൽ അൽപം പോലും അതിശയോക്തിയില്ല. ബൈബിളിലെ പ്രവാചക കഥനങ്ങളാകട്ടെ ദൈവിക ബോധനത്തിൻെറയും ദൃക്സാക്ഷി വിവരണങ്ങളുടെയുമെല്ലാം അടിത്തറയിൽ നിന്നുകൊണ്ട് പിൽക്കാല ഗ്രന്ഥകാരന്മാർ രചിച്ചവയാണ്. അതിനാൽ തന്നെ, ബൈബിൾ ചരിത്രം നല്ലൊരു ശതമാനം സത്യസന്ധവും സ്വീകാര്യവുമാണ് എന്നതാണ് വാസ്തവം.

ഖുർആനിലെ ചരിത്രകഥനം ഇതിൽനിന്ന് തികച്ചും വ്യത്യസ്തമാണ്. അത് നൂറ് ശതമാനം ദൈവികമാണ്. മനുഷ്യരുടെ യാതൊരു വിധത്തിലുമുള്ള കൈകടത്തലുകൾ അതിലില്ല. അതിനാൽ ഖുർആനിലെ ചരിത്രം പൂർണമായി അന്യൂനവും പ്രമാദമുക്തവുമാണ്. അതിൽ യാതൊരുവിധ അബദ്ധങ്ങളും ആരോപിക്കാൻ ആർക്കും കഴിയില്ല; അങ്ങനെ ആരോപിക്കുന്നവർക്കൊന്നും പ്രസ്തുത വിമർശനങ്ങൾ സത്യസന്ധമാണെന്ന് വസ്തുനിഷ്ഠമായി സമർത്ഥിക്കാനാവില്ല, തീർച്ച.

ദൈവികബോധനത്തിൻെറ സ്വാധീനമുള്ള ബൈബിളിലെയും ദൈവികബോധനം മാത്രമടങ്ങിയ ഖുർആനിലെയും ചരിത്രകഥനങ്ങൾ തമ്മിൽ സാമ്യമുണ്ടാവുക സ്വാഭാവികമാണ്. എന്നാൽ അടിസ്ഥാനപരമായി സാമ്യതയുള്ള കഥകളാണ് ഖുർആനിലും ബൈബിളിലുമുള്ളതെങ്കിലും അവയുടെ വിശദീകരണങ്ങളിൽ അവഗണിക്കാനാവാത്ത അന്തരങ്ങളുണ്ട്. ഈ അന്തരങ്ങളാവട്ടെ ഖുർആനിൻെറ ദൈവികത വെളിവാക്കുകയും ബൈബിളിൽ മാനുഷികമായ കരവിരുതുകൾ നടന്നിട്ടുണ്ടെന്ന വസ്തുത വ്യക്തമാക്കുകയും ചെയ്യുന്നവയാണ്.

ചരിത്രകഥനത്തിൽ ബൈബിളിൽനിന്ന് വ്യത്യസ്തമായി ഖുർആൻ പുലർത്തുന്ന സവിശേഷതകളെ ഇങ്ങനെ സംക്ഷേപിക്കാം:

1. സൃഷ്ടികർത്താവിനെക്കുറിച്ച് പരാമർശിക്കുമ്പോൾ അവൻെറ മഹത്വത്തിന് അനുഗുണവും ഔന്നത്യത്തിന് ഗ്ലാനി സംഭവിക്കാത്തതുമായ പരാമർശങ്ങൾ മാത്രമെ ഖുർആനിലുള്ളൂ. ബൈബിളിലാകട്ടെ, യഹോവയുടെ മഹത്വം ഉൽഘോഷിക്കുന്നുണ്ടെങ്കിലും ഇസ്രായീൽ വംശീയതയുടെ സ്വാധീനമുള്ള വചനങ്ങളെത്തുമ്പോൾ ഈ മഹത്വത്തിന് വിരുദ്ധമായ നിരവധി പരാമർശങ്ങൾ നടത്തുന്നതായി കാണുന്നുണ്ട്. മനുഷ്യനെ ദൈവത്തിൻെറ പ്രതിഛായയിൽ അവന്ന് സദൃശനായാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് (ഉൽ 1:26) പറയുന്നത് മുതൽക്കാരംഭിക്കുന്നു ദൈവമഹത്വത്തിന് വിരുദ്ധമായ പരാമർശങ്ങൾ. വിശ്രമമാവശ്യമുള്ളവനായി ദൈവത്തെ ചിത്രീകരിക്കുന്നതോടെ (ഉൽ 2:2,3) ദൈവനിന്ദ അതിൻെറ പരമ കാഷ്ഠയിലെത്തുന്നു. ഏദൻ തോട്ടത്തിൽ ഒളിച്ച ആദാമിനെയും ഹവ്വയെയും അന്വേഷിച്ച് തിരഞ്ഞുനടക്കുന്ന ബൈബിളിലെ ദൈവം (ഉൽ 3:8-13) കിരാതവർഗങ്ങൾക്കിടയിലെ പ്രാകൃത സങ്കൽപത്തേക്കാൾ താഴ്ന്ന ദൈവസങ്കൽപമാണ് ദ്യോതിപ്പിക്കുന്നത്. താൻ ചെയ്തുപോയ കാര്യമാലോചിച്ച് ദുഃഖിക്കുകയും (ഉൽ 6:6) മുൻകൂട്ടി തീരുമാനിച്ചുറച്ച കാര്യങ്ങളിൽനിന്ന് മനസ് മാറുകയും (പുറ 32:14) ചെയ്യുന്ന ഇസ്രായേലിൻെറ ദൈവം (പുറപ്പാട് 20:5) ഗോത്രപിതാവായ യാക്കോബുമായി മല്ലയുദ്ധം നടത്തി പരാജയപ്പെട്ട കഥകൂടി (ഉൽ 32:28) ബൈബിൾ

പറയുമ്പോൾ ഇസ്രായേൽ വംശീയതയുടെ സ്വാധീനം എത്രത്തോളം അതിൻെറ രചനയിലുണ്ടായിട്ടുണ്ടെന്ന് സുതരാം ബോധ്യമാകുന്നു. ഖുർആനാകട്ടെ, പ്രപഞ്ചത്തിൻെറ സ്രഷ്ടാവും നിയന്താവുമായി അല്ലാഹുവിനെ പരിചയപ്പെടുത്തുമ്പോഴൊന്നും തന്നെ അവൻെറ മഹത്വത്തിനോ വിശുദ്ധിക്കോ കോട്ടം തട്ടിക്കുന്ന യാതൊരു പരാമർശവും നടത്തുന്നില്ല. അറബികളുടെയോ ഖുറൈശികളുടെയോ മാത്രം ദൈവമല്ല ഖുർആനിലെ അല്ലാഹു, പ്രത്യുത സർവ്വലോക രക്ഷിതാവാണ്. ഏതാനും ഖുർആൻ സൂക്തങ്ങൾ കാണുക: "അല്ലാഹു - അവനല്ലാതെ ദൈവമില്ല. എന്നെന്നും ജീവിച്ചിരിക്കുന്നവൻ, എല്ലാം നിയന്ത്രിക്കുന്നവൻ, മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. അവന്റേതാണ് ആകാശഭൂമികളിൽ ഉള്ളതെല്ലാം" (വി.ഖു. 2:55).

"അവൻ തന്നെയാണ് ആകാശങ്ങളിലും ഭൂമികളിലും സാക്ഷാൽ ദൈവം. നിങ്ങളുടെ രഹസ്യവും നിങ്ങളുടെ പരസ്യവും അവൻ അറിയുന്നു. നിങ്ങൾ നേടിയെടുക്കുന്നതും അവൻ അറിയുന്നു" (വി. ഖു. 6:3).

"അവൻെറ പക്കലാകുന്നു അദൃശ്യകാര്യത്തിൻെറ ഖജനാവുകൾ. അവനല്ലാതെ അവ അറിയുകയില്ല. കരയിലും കടലിലുമുള്ളത് അവൻ അറിയുന്നു. അവൻ അറിയാതെ ഒരു ഇല പോലും അനങ്ങുന്നില്ല. ഭൂമിയുടെ ഇരുട്ടുകൾക്കുള്ളിലിരിക്കുന്ന ഒരു ധാന്യമണിയാകട്ടെ പച്ചയോ ഉണങ്ങിയതോ ആയ ഏതൊരു വസ്തുവാകട്ടെ വ്യക്തമായ ഒരു രേഖയിൽ എഴുതപ്പെട്ടതായിട്ടല്ലാതെ ഉണ്ടാകില്ല" (വി.ഖു.6:59). "ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവാകുന്നു (അവൻ). നിങ്ങൾക്കുവേണ്ടി നിങ്ങളുടെ വർഗത്തിൽനിന്നുതന്നെ അവൻ ഇണകളെ ഉണ്ടാക്കിത്തന്നിരിക്കുന്നു. കന്നുകാലികളിൽ നിന്നും ഇണകളെ (ഉണ്ടാക്കിയിരിക്കുന്നു) അതിലൂടെ നിങ്ങളെ അവൻ സൃഷ്ടിച്ച് വർദ്ധിപ്പിക്കുന്നു. അവന് തുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു" (വി.ഖു. 42:11).

"(നബിയേ) പറയുക; കാര്യം അല്ലാഹു ഏകനാണ് എന്നതാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല. (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന് തുല്യനായി ആരുമില്ലതാനും (വി.ഖു. 112:1-4)

2. ഖുർആനിലെയും ബൈബിളിലെയും ചരിത്രകഥനങ്ങൾ തമ്മിലുള്ള അന്തരത്തിൻെറ ആത്മാവ് സ്ഥിതിചെയ്യുന്നത് അവയിലെ



ദൈവസങ്കൽപങ്ങൾ തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങളിലാണ്. ആദമിൻെറ കഥ വിവരിക്കുന്നിടത്തു തന്നെ കാണുന്ന അന്തരങ്ങൾ ശ്രദ്ധിക്കുക.

(i) ആദമിനോടും ഇണയോടും തിന്നരുതെന്ന് കൽപിച്ച പഴം നന്മ തിന്മകളെക്കുറിച്ച അറിവിൻെറ വൃക്ഷത്തിൻേറതായിരുന്നുവെന്നാണ് ബൈബിൾ പറയുന്നത്. (ഉൽ 2:17), ബൈബിൾ പ്രകാരം അത് തിന്നുക വഴിയാണ് മനുഷ്യന് നന്മതിന്മകളെക്കുറിച്ച് അറിവുണ്ടായത് (ഉൽ 3:6, 7; 3:22) നന്മതിന്മകളെ വ്യവഛേദിച്ച് മനസ്സിലാക്കാൻ കഴിവില്ലാത്ത മനുഷ്യനോട് എങ്ങനെയാണ് വിലക്കപ്പെട്ട കനി തിന്നരുതെന്ന് കൽപിക്കുക? വിധിവിലക്കുകൾ പ്രസക്തമാകുന്നത് നന്മതിന്മകളെക്കുറിച്ച അറിവുണ്ടാവുന്നതോടെയാണല്ലോ. (നന്മ തിന്മകളെക്കുറിച്ച ജ്ഞാനത്തിൻെറ അഭാവത്തിൽ മൃഗങ്ങളുടെ ലോകത്ത് വിധിവിലക്കുകൾ അപ്രസക്തമാണ് എന്നോർക്കുക). ഖുർആനിലെവിടെയും വിലക്കപ്പെട്ട കനിയെക്കുറിച്ച് 'നന്മതിന്മകളെക്കുറിച്ച അറിവിൻെറ വൃക്ഷ'മെന്ന് പരിചയപ്പെടുത്തുന്നില്ല. നന്മതിന്മകളെക്കുറിച്ച അറിവും നന്മ സ്വീകരിച്ച് ഉന്നതനാകുവാനും തിന്മകളിലൂടെ അധമനാകുവാനുമുള്ള സാധ്യതയും അവൻെറ സൃഷ്ടിയിൽതന്നെ നിലീനമാണെന്നാണ് ഖുർആനിക പരാമർശങ്ങളിൽ നിന്ന് മനസ്സിലാകുന്നത്. നന്മ തിന്മകൾ വ്യവഛേദിച്ച് മനസ്സിലാക്കുവാനും തദടിസ്ഥാനത്തിൽ വസ്തുക്കൾക്ക് നാമകരണം ചെയ്യുവാനുമുള്ള കഴിവ് നൽകപ്പെടുകയും അങ്ങനെ മാലാഖമാരേക്കാൾ ഉന്നതനാവുകയും ചെയ്ത മനുഷ്യനെയാണ് ഖുർആൻ വരച്ചുകാണിക്കുന്നത്. വിലക്കപ്പെട്ട കനിയും നന്മതിന്മകളെക്കുറിച്ച അറിവും തമ്മിൽ യാതൊരു വിധത്തിലും ഖുർആൻ ബന്ധപ്പെടുത്തുന്നില്ല. "ഞാനിതാ ഭൂമിയിൽ ഒരു ഖലീഫയെ നിയോഗിക്കുവാൻ പോവുകയാണെന്ന് നിൻെറ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം. അവർ പറഞ്ഞു: അവിടെ കുഴപ്പം ഉണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവനെയാണോ നീ നിയോഗിക്കുന്നത്? ഞങ്ങളാകട്ടെ നിൻെറ മഹത്വത്തെ പ്രകീർത്തിക്കുകയും നിൻെറ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നവരല്ലോ. അവൻ (അല്ലാഹു) പറഞ്ഞു: നിങ്ങൾക്കറിഞ്ഞുകൂടാത്തത് എനിക്കറിയാം. അവൻ (അല്ലാഹു) ആദമിനെ നാമങ്ങളെല്ലാം പഠിപ്പിച്ചു. പിന്നീട് ആ പേരിട്ടവയെ അവൻ മലക്കുകൾക്ക് കാണിച്ചു. എന്നിട്ടവൻ ആജ്ഞാപിച്ചു: നിങ്ങൾ സത്യവാന്മാരാണെ

ങ്കിൽ ഇവയുടെ നാമങ്ങൾ എനിക്ക് പറഞ്ഞുതരൂ. അവർ പറഞ്ഞു: നിനക്ക് സ്തോത്രം! നീ പഠിപ്പിച്ചു തന്നതല്ലാത്ത യാതൊരു അറിവും ഞങ്ങൾക്കില്ല. നീ തന്നെയാണ് സർവ്വജ്ഞനും അഗാധജ്ഞാനിയും. അനന്തരം അവൻ (അല്ലാഹു) പറഞ്ഞു: ആദമേ ഇവർക്ക് അവയുടെ നാമങ്ങൾ പറഞ്ഞുകൊടുക്കൂ. അങ്ങനെ അവൻ (ആദം) അവർക്ക് ആ നാമങ്ങൾ പറഞ്ഞുകൊടുത്തപ്പോൾ അവൻ (അല്ലാഹു) പറഞ്ഞു: ആകാശഭൂമികളിലെ അദൃശ്യകാര്യങ്ങളും നിങ്ങൾ വെളിപ്പെടുത്തുന്നതും ഒളിച്ചുവെക്കുന്നതുമെല്ലാം എനിക്ക് അറിയാമെന്ന് ഞാൻ നിങ്ങളോട് പറഞ്ഞിട്ടില്ലേ" (വി.ഖു.2:30-33).

ii) വിലക്കപ്പെട്ട കനി തിന്നരുതെന്ന ദൈവിക കൽപനയിൽ പ്രസ്തുത കനി തിന്നാൽ നീ മരിക്കുമെന്ന് ദൈവം ആദാമിനോട് പറയുന്നതായാണ് ബൈബിൾ ഉദ്ധരിക്കുന്നത് (ഉൽ 2:17). ദൈവിക കൽപന ലംഘിക്കുവാൻ മനുഷ്യരെ പ്രേരിപ്പിച്ച സർപ്പമാകട്ടെ "നിങ്ങൾ മരിക്കുകയില്ല. അത് തിന്നാൽ നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മതിന്മകളെ തിരിച്ചറിഞ്ഞ് നിങ്ങൾ ദൈവത്തെപോലെ ആയിത്തീരുമെന്നും ദൈവത്തിനറിയാം" എന്ന് പറഞ്ഞുകൊണ്ടാണ് അവരെ പ്രലോഭിപ്പിച്ചത് (ഉൽ 3:5). വിലക്കപ്പെട്ട കനി തിന്നപ്പോൾ ദൈവം ഭീഷണിപ്പെടുത്തിയതുപോലെ ആദിമനുഷ്യർ മരിച്ചില്ല, പ്രത്യുത അവർക്ക് നന്മതിന്മകളെക്കുറിച്ച് ജ്ഞാനമുണ്ടാവുകയാണ് ചെയ്തത് (ഉൽ 3:6,7, 3:22). ദൈവം കളവ് പറഞ്ഞ് ആദി മനുഷ്യരെ ഭീഷണിപ്പെടുത്തിയെന്നും യാഥാർത്ഥ്യം ബോധ്യപ്പെടുത്തിയത് സർപ്പമാണെന്നുമാണ് ഈ കഥ ശരിയാണെങ്കിൽ വന്നുചേരുക. ദൈവിക മഹത്വത്തിന് ഇടിവ് വരുത്തുന്ന ഇത്തരം കഥകളൊന്നുംതന്നെ ഖുർആനിലില്ല.

iii) നന്മതിന്മകളെക്കുറിച്ച അറിവിൻെറ കനിതിന്ന മനുഷ്യനെ ഭയപ്പെടുകയും ജീവൻെറ കനികൂടി തിന്ന് മനുഷ്യൻ ദൈവത്തെപ്പോലെയാകാതിരിക്കുവാൻ മുൻകരുതലെടുക്കുകയും ചെയ്യുന്ന ദൈവത്തെയാണ് ഉൽപത്തി പുസ്തകത്തിൽ നാം കാണുന്നത് (ഉൽ 3: 22-24). വിലക്കപ്പെട്ട കനി തിന്നുക വഴി എന്തെങ്കിലും തരത്തിലുള്ള ദൈവികാംശം മനുഷ്യനുണ്ടായതായി ഖുർആൻ പഠിപ്പിക്കുന്നില്ല. ദൈവത്തിൻെറ ഔന്നത്യത്തെയും സർവ്വജ്ഞതയെയും ചോദ്യം ചെയ്യുന്ന ഇത്തരം കഥകളൊന്നും ഖുർആനിലില്ല.

(iv) വിലക്കപ്പെട്ട കനി തിന്നുവാൻ മനുഷ്യനെ പ്രേരിപ്പിച്ചത് സർപ്പമാണെന്നാണ് ബൈബിൾ പറയുന്നത് (ഉൽ 3:1-5, 3:13). ഇങ്ങനെ ചെയ്യുക വഴി ദൈവശാപത്തിന് സർപ്പം വിധേയമായി എന്നും, പ്രസ്തുത ശാപത്തിൻെറ ഫലമായാണ് സർപ്പം ഉരസ്സുകൊണ്ട് ഇഴഞ്ഞു നടക്കുന്നതെന്നും, മനുഷ്യനും സർപ്പവും തമ്മിലുള്ള വിരോധത്തിൻെറ അടിസ്ഥാനകാരണമിതാണെന്നുമാണ് ബൈബിൾ പാഠം (ഉൽ 3:14-15). മനുഷ്യൻെറ ശത്രുവായ സാത്താനാണ് മനുഷ്യനെ വഴി തെറ്റിക്കുകയും വിലക്കപ്പെട്ട കനി തിന്നുവാൻ പ്രേരിപ്പിക്കുകയും ചെയ്തതെന്നാണ് ഖുർആൻ പറയുന്നത് (ഖുർആൻ 2:35, 36). ഖുർആനിലെ ഇവ്വിഷയകമായ പരാമർശങ്ങളിലൊന്നും സർപ്പം കടന്നു വരുന്നേയില്ല. ദൈവികശാപത്തിൻെറ ഫലമായിട്ടാണ് സർപ്പം ഇഴഞ്ഞ് നടക്കുകയും മനുഷ്യരാൽ വെറുക്കപ്പെടുന്നവനാവുകയും ചെയ്തതെങ്കിൽ പ്രസ്തുത ശാപത്തിന് മുമ്പുള്ള സർപ്പം ഏത് തരത്തിലുള്ളതായിരുന്നുവെന്ന ചോദ്യത്തിന് ഖുർആനിക വിശദീകരണങ്ങളുടെ വെളിച്ചത്തിൽ യാതൊരു സാധുതയുമില്ല.

(v) വിലക്കപ്പെട്ട കനി തിന്നതുവഴി ദൈവം ശപിച്ചതിനാലാണ് സ്ത്രീക്ക് ഗർഭപീഢയും പ്രസവ വേദനയുമുണ്ടായത് എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത് (ഉൽ 3:16). ആദിമാതാവിൻെറ തെറ്റിനുള്ള ശിക്ഷയാണ് ഇന്നും മാതാക്കൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത് എന്നർത്ഥം. ഗർഭധാരണത്തെയും പ്രസവത്തെയുമെല്ലാം ശിക്ഷയായിക്കാണുന്നതിന് പകരം ദൈവികാനുഗ്രഹമായാണ് ഖുർആൻ മനസിലാക്കിത്തരുന്നത് (ഖുർആൻ 29:8, 46:15, 31:14). വിലക്കപ്പെട്ട കനിയുമായി പ്രസവവേദനക്കോ ഗർഭപീഢക്കോ എന്തെങ്കിലും തരത്തിൽ ബന്ധമുള്ളതായി ഖുർആൻ പഠിപ്പിക്കുന്നേയില്ല.

(vi) മനുഷ്യരുടെ അധ്വാനവും കൃഷിയുമെല്ലാം വിലക്കപ്പെട്ട കനി തിന്നതു മൂലമുണ്ടായ ദൈവിക ശാപത്തിൻെറ ഫലമായുണ്ടായവയായാണ് ബൈബിൾ പരിചയപ്പെടുത്തുന്നത് (ഉൽ 3:18, 19). ഖുർആനിലാകട്ടെ അധ്വാനിക്കുവാനും സമ്പാദിക്കുവാനുമെല്ലാമുള്ള മനുഷ്യ കഴിവിനെ ദൈവികാനുഗ്രഹമായാണ് (62:10) വിശേഷിപ്പിച്ചിരിക്കുന്നത്. മനുഷ്യാധ്വാനവും വിലക്കപ്പെട്ട കനിയുമായി ബന്ധപ്പെടുത്തുന്ന യാതൊരു ഖുർആനിക പരാമർശവുമില്ല.

(vii) വിലക്കപ്പെട്ട കനി തിന്ന ആദാമും ഹവ്വയും പശ്ചാത്തപിക്കുകയോ ദൈവം അവർക്ക് പൊറുത്ത് കൊടുക്കുകയോ ചെയ്തതായുള്ള യാതൊരു പരാമർശവും ബൈബിളിലില്ല. ഖുർആനാകട്ടെ, തങ്ങ

ളുടെ തെറ്റിൽ പശ്ചാത്താപവിവശരായ ആദിമാതാപിതാക്കളുടെ ക്ഷമായാചനയും കാരുണ്യമൂർത്തിയായ ദൈവം തമ്പുരാൻെറ പൊറുത്തുകൊടുക്കലും പ്രാധാന്യത്തോട് കൂടിത്തന്നെ പരാമർശിക്കുന്നുണ്ട്. “അവർ രണ്ടുപേരും പറഞ്ഞു. ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ ഞങ്ങളോടു തന്നെ അക്രമം ചെയ്തിരിക്കുന്നു. നീ ഞങ്ങൾക്ക് പൊറുത്ത് തരികയും കരുണ കാണിക്കുകയും ചെയ്തില്ലെങ്കിൽ തീർച്ചയായും ഞങ്ങൾ നഷ്ടം പറ്റിയവരുടെ കൂട്ടത്തിലായിരിക്കും” (വി.ഖു.7: 23). “അനന്തരം ആദം തൻെറ രക്ഷിതാവിങ്കൽനിന്ന് ചില വചനങ്ങൾ സ്വീകരിച്ചു. (ആ വചനങ്ങൾ മുഖേന പശ്ചാത്തപിച്ച) ആദമിന് അല്ലാഹു പാപമോചനം നൽകി. അവൻ പശ്ചാത്താപം ഏറെ സ്വീകരിക്കുന്നവനും കരുണാനിധിയുമത്രെ” (വി.ഖു. 2:37,38)

3) തങ്ങളുടെ താൽപര്യത്തിനനുസരിച്ച് പ്രവാചകന്മാരുടെ കഥനങ്ങൾ അവതരിപ്പിക്കുകയാണ് ബൈബിൾ പുസ്തകങ്ങളുടെ രചയിതാക്കൾ ചെയ്തത്. അതുകൊണ്ടുതന്നെ സമൂഹത്തിൽ നിലനിന്നിരുന്ന സകല വൃത്തികേടുകളും പ്രവാചകന്മാരിൽ ആരോപിക്കുവാൻ ബൈബിൾ കർത്താക്കൾക്ക് യാതൊരു വൈമനസ്യവുമുണ്ടായിരുന്നില്ല. സമൂഹത്തിൻെറ തിന്മകളെ ന്യായീകരിക്കാനായി പ്രസ്തുത തിന്മകളെല്ലാം പ്രവാചകന്മാരിൽ ആരോപിക്കുവാനുള്ള പ്രവണതയാണ് ബൈബിളിൽ നാം കാണുന്നത്. ധർമനിഷ്ഠനും കുറ്റമറ്റ മനുഷ്യനുമായി ബൈബിൾ പരിചയപ്പെടുത്തുന്ന നോഹിനെ (ഉൽ 6:9, 10) തന്നെയാണ് ആദ്യമായി വീഞ്ഞുണ്ടാക്കിയവനായും കുടിച്ച് തുണിയുരിഞ്ഞുപോയിട്ട് മക്കൾ തുണിയുടുത്തുകൊടുക്കേണ്ട അവസ്ഥയോളമെത്തുന്ന തരത്തിൽ ലഹരി ബാധിച്ചവനായുമെല്ലാം ഉൽപത്തി പുസ്തകം (9:20–23) വരച്ചു കാണിക്കുന്നത്. വിശുദ്ധനും നീതിമാനുമെന്ന് ബെബിൾ പറയുന്ന (2 പത്രോസ് 2:78) ലോത്ത് മദ്യപിച്ച് മത്തനായി തൻെറ പെൺമക്കളുമായി ശയിക്കുകയും അവർക്ക് സ്വന്തം പിതാവിൽ മക്കളുണ്ടാവുകയും ചെയ്ത കഥ ഉൽപത്തി പുസ്തകം (19:31–36) വിവരിക്കുന്നുണ്ട്. ചതിയനും വഞ്ചകനുമായിരുന്നു ഇസ്രായേലിൻെറ പിതാവായ യാക്കോബെന്നാണ് ബൈബിൾ പറയുന്നത് (27:1–46). തൻെറ പടയാളിയുടെ ഭാര്യയുമായി ബന്ധപ്പെടുകയും അവൾ ഗർഭിണിയായപ്പോൾ അതിൻെറ ഉത്തരവാദിത്തം അവളുടെ ഭർത്താവിൽ കെട്ടിവെക്കാൻ ശ്രമിക്കുകയും പ്രസ്തുത ശ്രമം പരാജയപ്പെട്ടപ്പോൾ പടയാളിയെ ചതിച്ചുകൊല്ലുകയും അങ്ങ



നെ അയാളുടെ ഭാര്യയെ സ്വന്തമാക്കുകയുമെല്ലാം ചെയ്ത വ്യക്തിയാണ് ബൈബിൾ പ്രകാരം ദാവീദ് (2 ശാമു 11:1–27). ദാവീദിൻെറ പുത്രനും ലോകത്തിലെ ഏറ്റവും വലിയ ജ്ഞാനിയുമായി ബൈബിൾ പരിചയപ്പെടുത്തുന്ന സോളമൻ (1 രാജാ 10:23) വിവാഹബന്ധം വിലക്കപ്പെട്ടവരുമായി ബന്ധപ്പെടുകയും അവരെ അഗാധമായി സ്നേഹിക്കുകയും (1 രാജാ 11:2) അവരുടെ സമ്മർദ്ദത്തിന് വഴങ്ങി അന്യദേവതമാരെ ആരാധിക്കുകയു (1 രാജാ 11:3–7)മെല്ലാം ചെയ്ത വ്യക്തിയാണ്. ഇസ്രായേലിൻെറ രക്ഷകനായി വന്ന യേശുക്രിസ്തുവിനെയും മാതൃബഹുമാനമില്ലാത്തവനായും (യോഹ 2:5,19:26) സഹിഷ്ണുതയില്ലാത്തവനായും (മത്താ 12:34, 12:39, യോഹ 8:44) ക്ഷിപ്രകോപിയായും (യോഹ 2:13–17, മത്താ 21:19) ജനങ്ങൾക്ക് മദ്യമുണ്ടാക്കിക്കൊടുത്ത് അവരെ ലഹരി പിടിപ്പിച്ചവനായും (യോഹ 2:1–11) മെല്ലാമാണ് ബൈബിൾ അവതരിപ്പിച്ചിരിക്കുന്നത്. ഇതിൽനിന്ന് തികച്ചും വ്യതിരിക്തമാണ് ഖുർആനിലെ സംഭവവിവരണങ്ങൾ. പ്രവാചകന്മാരെല്ലാം സദ്‌വൃത്തരും മാതൃകായോഗ്യരും വിശുദ്ധരുമായിരുന്നുവെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. “നാം വേദവും വിജ്ഞാനവും പ്രവാചകത്വവും നൽകിയിട്ടുള്ളവരത്രെ അവർ. ഇനി ഇക്കൂട്ടർ അവയൊക്കെ നിഷേധിക്കുകയാണെങ്കിൽ അവയിൽ അവിശ്വസിക്കുന്നവരല്ലാത്ത ഒരു ജനവിഭാഗത്തെ നാം അത് ഭരമേൽപിച്ചിട്ടുണ്ട്. അവരെയാണ് അല്ലാഹു നേർവഴിയിലാക്കിയിട്ടുള്ളത്. അതിനാൽ അവരുടെ നേർമാർഗത്തെ നീ പിന്തുടർന്ന് കൊള്ളുക. (നബിയേ,) പറയുക. ഇതിൻെറ പേരിൽ യാതൊരു പ്രതിഫലവും ഞാൻ നിങ്ങളോട് ആവശ്യപ്പെടുന്നില്ല. ഇത് ലോകർക്കുവേണ്ടിയുള്ള ഒരു ഉത്ബോധനമല്ലാതെ മറ്റൊന്നുമല്ല” (വി.ഖു. 6:89, 90).

“അവരെ നാം നമ്മുടെ കൽപനപ്രകാരം മാർഗദർശനം നൽകുന്ന നേതാക്കളാക്കുകയും ചെയ്തു. നല്ലകാര്യങ്ങൾ ചെയ്യണമെന്നും നമസ്കാരം മുറപോലെ നിർവഹിക്കണമെന്നും സക്കാത്ത് നൽകണമെന്നും നാം അവർക്ക് ബോധനം നൽകുകയും ചെയ്തു. നമ്മെ ആയിരുന്നു അവർ ആരാധിച്ചിരുന്നത്” (വി.ഖു. 21:73). ദുർമാർഗമൊന്നുമില്ലാത്ത നോഹയെയും (7:61) സൽമാർഗനിഷ്ഠനായ ലൂത്തിനെയും (70:80–84) സദ്‌വൃത്തനായ യാക്കോബിനെയും (21:72) വിനയാന്വിതരും ദൈവിക മാർഗത്തിൽ ഉറച്ച് നിന്നവരുമായ ദാവൂദിനെയും സുലൈമാനെയും (27:15, 38:30) പരിശുദ്ധ പ്രവാചകനും മഹാ

നും (3:45) മാതൃബഹുമാനമുള്ളവനു (19:32)മായ യേശുവിനെയുമാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്.

4. ബൈബിളിലെ ചരിത്ര വിശദീകരണത്തിലുടനീളം ഇസ്രായേലീ വംശീയത നിഴലിക്കുന്നതായി കാണാൻ കഴിയും. അബ്രഹാമിൻെറ ചരിത്രം മുതൽക്കാരംഭിക്കുന്നു ഈ വംശീയതയുടെ കടന്നുകയറ്റമെന്നുള്ളതാണ് വസ്തുത. അബ്രഹാമിൻെറ പുത്രന്മാരായ യിശ്മായേലിനെയും ഇസഹാഖിനെയും കുറിച്ചു വിവരിക്കുന്ന ഉൽപത്തി പുസ്തകഭാഗങ്ങളിൽ യഹൂദ വംശീയതയുടെയും അടിമകളോടുള്ള അവരുടെ ക്രൂരമായ പെരുമാറ്റത്തിൻെറയും പ്രതിബിംബമാണ് കാണാൻ കഴിയുന്നത്. അബ്രഹാമിന് തൻെറ ആദ്യഭാര്യയായ സാറായിൽ സന്താന സൗഭാഗ്യമില്ലായിരുന്നതിനാൽ സാറാ തന്നെ തൻെറ അടിമയായിരുന്ന ഹാഗാറിനെ അദ്ദേഹത്തിന് ഭാര്യയായി നൽകുകയാണുണ്ടായത്. 'ഭാര്യയായ സാറായ് തൻെറ ഈജിപ്തുകാരിയായ ദാസി ഹാഗാറിനെ ഭർത്താവായ അബ്രാമിന്ന് ഒരു ഭാര്യയായി കൊടുത്തു. അബ്രാം ഹാഗാറിനെ പ്രാപിച്ചു. അവൾ ഗർഭിണിയായി' (ഉൽപത്തി16:3). അബ്രഹാമിൽ നിന്ന് ഗർഭിണിയായ ഹാഗാർ സാറായോട് അപമര്യാദയായി പെരുമാറിയപ്പോൾ ഹാഗാറിനെ ക്രൂരമായി മർദിക്കുവാനും ഗർഭിണിയായ അവളെ വീട്ടിൽ നിന്നും ഓടിക്കുവാനും സാറായെ അബ്രഹാം അനുവദിച്ചുവെന്നാണ് ഉൽപത്തി പുസ്തകത്തിൽ നാം വായിക്കുന്നത്. 'അബ്രഹാം സാറായോട് പറഞ്ഞു:' നോക്കൂ, നിൻെറ ദാസി നിൻെറ കീഴിൽ തന്നെയാണ്. നിനക്ക് ഇഷ്ടമുള്ള വിധം നീ അവളോട് പെരുമാറിക്കൊള്ളുക! തുടർന്നു സാറായ് ഹാഗാറിനോട് ക്രൂരമായി പെരുമാറി. ഹാഗാർ അവിടെ നിന്ന് ഓടിപ്പോയി' (ഉൽപത്തി 16:6). തന്നിൽ നിന്ന് ഗർഭിണിയായ സ്ത്രീയെ അവർ അടിമയായി എന്ന കാരണത്താൽ അടിച്ചോടിക്കുവാൻ കൂട്ടുനിൽക്കുന്ന അബ്രഹാമിൻെറ ചിത്രം നിർമിക്കുക വഴി അടിമസ്ത്രീകളോട് ഏതു തരം ക്രൂരതയും പ്രവർത്തിക്കുവാനുള്ള നിയമം നിർമിക്കുവാനാണ് യഹൂദർ ധൃഷ്ടരായത്. തങ്ങളുടെ ക്രൂരമായ ജീവിതരീതിക്കനുസൃതമായി മഹാന്മാരുടെ ജീവിതത്തെ യഹൂദന്മാർ മാറ്റിയെഴുതിയപ്പോഴുണ്ടായ വൈരുദ്ധ്യങ്ങൾ ചരിത്രമെഴുത്തിലുടനീളം കാണാൻ കഴിയും. വാർദ്ധക്യകാലത്തുണ്ടായ തൻെറ പുത്രൻ യിശ്മായേലിനെയും ഭാര്യ ഹാഗാറിനെയും മരുഭൂമിയിൽ തനിച്ചാക്കുവാനുള്ള ദൈവിക കൽപന നിറവേറ്റിയ മഹാനാണ് വിശുദ്ധ



ഖുർആൻ പരിചയപ്പെടുത്തുന്ന ഇബ്രാഹീം (ﷺ). ഉൽപത്തി പുസ്തകമാകട്ടെ ഈ സംഭവത്തെയും ഹാഗാർ എന്ന അടിമസ്ത്രീയെയും പുത്രനെയും പീഡിപ്പിക്കാനുള്ള സാറായുടെ ശ്രമത്തിന് അബ്രഹാം കൂട്ടുനിന്നതിന് ഉദാഹരണമായിട്ടാണ് ഉദ്ധരിക്കുന്നത്. ഇരുപത്തൊന്നാം അധ്യായം നോക്കുക: 'ശിശു വളർന്നു. ഇസഹാഖിൻെറ മുലകുടി മാറ്റിയ ദിവസം അബ്രഹാം വലിയൊരു വിരുന്നു നൽകി. ഈജിപ്റ്റുകാരിയായ ഹാഗാറിൽ അബ്രഹാമിന് ജനിച്ച പുത്രൻ തൻെറ പുത്രനായ ഇസഹാഖിനോടൊന്നിച്ചു കളിക്കുന്നത് സാറാ കണ്ടു. സാറാ അബ്രഹാമിനോടുപറഞ്ഞു: 'ഈ അടിമപ്പെണ്ണിനെയും പുത്രനെയും അടിച്ചു പുറത്താക്കുക. ഈ അടിമപ്പെണ്ണിൻെറ പുത്രൻ എൻെറ പുത്രനായ ഇസഹാഖിന്നൊപ്പം അവകാശിയായിത്തീർന്നുകൂടാ'. യിശ്മായേലും തൻെറ പുത്രനാകയാൽ ഇക്കാര്യം അബ്രഹാമിന് ഏറെ അനിഷ്ടമായി. എന്നാൽ ദൈവം അബ്രഹാമിനോട് അരുൾ ചെയ്തു. 'അടിമപ്പെണ്ണിനേയും കുട്ടിയേയും പ്രതി നീ അനിഷ്ടം വിചാരിക്കേണ്ട. സാറാ പറയുന്നതു പോലെ പ്രവർത്തിക്കുക. ഇസഹാഖിലൂടെയായിരിക്കും നിൻെറ സന്തതിപരമ്പര അറിയപ്പെടുക. അടിമപ്പെണ്ണിൻെറ പുത്രനെയും ഞാൻ ഒരു ജനതയാക്കും. അയാളും നിൻെറ സന്തതിയാണല്ലോ'. അബ്രഹാം അതിരാവിലെ എഴുന്നേറ്റ് അപ്പവും ഒരു തുരുത്തി വെള്ളവും ഹാഗാറിനെ ഏൽപിച്ചു. കുട്ടിയെ തോളിൽ വെച്ച് അവളെ പറഞ്ഞയച്ചു. അവർ അവിടം വിട്ടു, ബേർശേബ മരുഭൂമിയിൽ അലഞ്ഞു നടന്നു' (ഉൽപത്തി 21:8-14).

യഥാർത്ഥത്തിൽ യിശ്മായേലിനെ മരുഭൂമിയിൽ ഉപേക്ഷിച്ച സംഭവം നടക്കുന്നത് ഇസ്ഹാഖിൻെറ ജനനത്തിനു മുമ്പാണ്. ഇസ്ഹാഖിനുള്ള ഔന്നത്യത്തിൻെറയും അടിമസ്ത്രീയോടും മകനോടും ചെയ്യാവുന്ന ക്രൂരതകളുടെയും തെളിവായുദ്ധരിക്കുന്ന തിന്നു വേണ്ടിയാണ് പ്രസ്തുത സംഭവത്തെ ഇസ്ഹാഖിൻെറ ജനനത്തിന് ശേഷത്തേക്ക് വലിച്ചിഴച്ചത്. യിശ്മയേൽ വളരെ ചെറിയ ഒരു കുഞ്ഞായിരുന്ന കാലത്താണ് ഈ സംഭവം നടന്നതെന്ന് മുകളിലുദ്ധരിച്ച ഉൽപത്തി വചനത്തിൽ നിന്നു വ്യക്തമാണ്. 'കുട്ടിയെ തോളിൽ വെച്ച് അവളെ പറഞ്ഞയച്ചു' (21:14) വെന്ന് പറഞ്ഞതിൽ നിന്ന് തോളത്ത് വെക്കാൻ മാത്രമേ യിശ്മായിലിന് അന്ന് പ്രായമുണ്ടായിരുന്നുള്ളൂവെന്ന് മനസ്സിലാകുന്നു.'തുരുത്തിയിലെ വെള്ളം തീർന്നപ്പോൾ അവൾ കുട്ടിയെ ഒരു കുറ്റിക്കാട്ടിൽ ഉപേക്ഷിച്ചു. അവ

ൾ അവിടെ നിന്ന് കുറച്ചകലെ, അതായത് ഏകദേശം ഒരു വിൽപാടു ദൂരെ മാറി പുറം തിരിഞ്ഞിരുന്ന്. 'എനിക്ക് കുഞ്ഞിന്റെ മരണം കാണേണ്ട' എന്നു പറഞ്ഞു. അവൾ ദൂരെ മാറി പിൻതിരിഞ്ഞിരുന്നപ്പോൾ കുട്ടി ഉറക്കെ കരഞ്ഞു' (ഉൽപത്തി 21:15,16). ഈ വചനങ്ങളെല്ലാം വളരെ ചെറിയ ഒരു ശിശുവായിരിക്കുമ്പോഴാണ് യിശ്മായേൽ തന്റെ മാതാവിനോടൊപ്പം മരുഭൂമിയിൽ ഉപേക്ഷിക്കപ്പെട്ടതെന്ന് വ്യക്തമാക്കുന്നു. 'ഹാഗാർ യിശ്മായിലിനെ പ്രസവിച്ചപ്പോൾ അബ്രഹാമിന് എൺപത്താറ് വയസ്സായിരുന്നു' (ഉൽപത്തി 16:16). 'പുത്രനായ ഇസ്ഹാഖ് പിറന്നപ്പോൾ അബ്രഹാമിന്ന് നൂറ് വയസ്സായിരുന്നു' (ഉൽപത്തി 21:5). ഇതിൽ നിന്ന് ഇസ്ഹാഖ് ജനിക്കുമ്പോൾ യിശ്മായേലിന് പതിനാലു വയസ്സ് പ്രായമായിരുന്നുവെന്ന് മനസ്സിലാക്കാം. ഇസ്ഹാഖിന്റെ മുലകുടി മാറിയ ദിവസമാണ് ഉൽപത്തി പുസ്തകം പറയുന്നതുപോലെ യിശ്മായിലിനെയും മാതാവിനെയും മരുഭൂമിയിൽ ഉപേക്ഷിച്ചതെങ്കിൽ അന്ന് യിശ്മായീൽ പതിനാറു വയസ്സു പ്രായമുള്ളയാളായിരിക്കണം. ഒരു പതിനാറു വയസ്സുകാരനെ മാതാവ് തോളിൽ വെക്കുമോ? മരുഭൂമിയിൽ ഉപേക്ഷിക്കപ്പെട്ട യിശ്മായേലിന്റെ ചിത്രം ഉൽപത്തി പുസ്തകം ഇരുപത്തിയൊന്നാം അധ്യായപ്രകാരം ഒരു പതിനാറുകാരന്റേതല്ലെന്നുറപ്പാണ്. ഈ വൈരുദ്ധ്യത്തിനുള്ള കാരണം യഹൂദ റബ്ബിമാരുടെ കൈക്രിയകളാണ്. സ്വന്തം ഇച്ഛയ്ക്കനുസരിച്ച് പ്രവാചകന്മാരുടെ ചരിത്രം മാറ്റിയെഴുതിയപ്പോൾ സ്വാഭാവികമായുണ്ടായ വൈരുദ്ധ്യങ്ങളെക്കുറിച്ച് റബ്ബിമാർ അജ്ഞരായിരുന്നുവെന്നു വേണം മനസ്സിലാക്കുവാൻ.

സ്വപുത്രനെ ബലിയറുക്കുവാനുള്ള ദൈവകൽപന നിറവേറ്റുവാൻ സന്നദ്ധനായ അബ്രഹാമിനെക്കുറിച്ച് വിവരിക്കുന്നിടത്തും ഈ വൈരുദ്ധ്യം പ്രകടമാവുന്നുണ്ട്. അവ ഇസ്രായേല്യരിൽ മാത്രമേ ദൈവാനുഗ്രഹമുണ്ടായിട്ടുള്ളുവെന്ന് സ്ഥാപിക്കുന്നതിന് വേണ്ടി ബലികർമ്മത്തെ മാറ്റിയെഴുതിയതു കൊണ്ടുണ്ടായതാണ്. വാർദ്ധക്യത്തിൽ ഇബ്രാഹീമിന് ആദ്യമുണ്ടായ പുത്രനെ ബലിയറുക്കുവാൻ കൽപിച്ചു കൊണ്ട് അദ്ദേഹത്തെ അല്ലാഹു പരീക്ഷിച്ചുവെന്നും ത്യാഗങ്ങളുടെ തീച്ചൂളയിലൂടെ ജീവിച്ചു വളർന്ന മഹാനായ ഇബ്രാഹീം പ്രസ്തുത പരീക്ഷണത്തിൽ വിജയിച്ചുവെന്നുമാണ് ഖുർആൻ പഠിപ്പിക്കുന്നത്. ബലിയറുക്കുവാൻ ദൈവം കൽപിച്ചത് അബ്രഹാമിന്റെ ആദ്യത്തെ പുത്രനെത്തന്നെയായിരുന്നുവെന്നാണ് ഉൽപത്തി പുസ്തകത്തിൽ



നിന്ന് മനസ്സിലാവുന്നത്. സ്വന്തം പുത്രനെ അറുക്കുവാൻ വേണ്ടി കൈകാലുകൾ കെട്ടി ബലിപീഠത്തിന് മുകളിൽ കിടത്തിക്കൊണ്ട് കത്തി എടുത്ത സമയത്ത് ആകാശത്തു നിന്ന് കർത്താവിന്റെ മാലാഖ പറഞ്ഞതായി ഉൽപത്തി പുസ്തകം ഉദ്ധരിക്കുന്നത് നോക്കുക: 'കുട്ടിയുടെ മേൽ കൈവെക്കരുത്. അവനെ ഒന്നും ചെയ്യരുത്. നിന്റെ പുത്രനെ, നിന്റെ ഏകജാതനെ തന്നെ തരുവാൻ നീ വൈമനസ്യം കാണിക്കായ്കയാൽ, നീ ദൈവത്തെ ഭയപ്പെടുന്നു എന്ന് ഞാൻ ഇപ്പോൾ അറിയുന്നു (ഉൽപത്തി 22:12). 'നിന്റെ ഏകജാതനെ' (Your only son) എന്നാണ് മാലാഖ പറയുന്നത് എന്ന കാര്യം ശ്രദ്ധിക്കുക. ബലിയറുക്കുവാനായി കൽപിക്കപ്പെട്ട കാലത്ത് അബ്രഹാമിന് ഒരൊറ്റപുത്രൻ മാത്രമേയുണ്ടായിരുന്നുള്ളുവെന്നാണല്ലോ ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്. ആദ്യപുത്രനായ യിശ്മായേലിനെയല്ലാതെ ദ്വിതീയനായ ഇസ്ഹാഖിനെ ബലിയറുക്കാനാണ് കൽപനയുണ്ടായതെങ്കിൽ 'നിന്റെ ഏകജാതനെ' എന്നു മാലാഖ പറയുമായിരുന്നുവോ?

യഥാർത്ഥത്തിൽ ബലിയറുക്കുവാനുള്ള ദൈവകൽപനയിൽ നിന്നു തന്നെ ഇക്കാര്യം വ്യക്തമായും മനസ്സിലാകുന്നുണ്ട്. ' ദൈവം കൽപിച്ചു: 'നിന്റെ പുത്രനെ, നീ അത്യധികം സ്നേഹിക്കുന്ന ഏകജാതനായ ഇസ്ഹാഖിനെ, കൂട്ടിക്കൊണ്ട് മോറിയാ ദേശത്തേക്കു പോകുക. അവിടെ ഞാൻ കൽപിക്കുന്ന മലയിൽ അവനെ എനിക്കു ഹോമിക്കുക' (ഉൽപത്തി 22:2). ഇവിടെ, 'ഏകജാതനായ ഇസ്ഹാഖി'നെ എന്നാണ് ദൈവകൽപനയിലുള്ളത്. ഇസഹാഖ് എങ്ങനെയാണ് ഏകജാതനാകുന്നത്? അദ്ദേഹം അബ്രഹാമിന്റെ ദ്വിതീയ പുത്രനാണല്ലോ. ഇവിടെ, ഈ കൽപനയിൽ 'ഇസ്ഹാഖിനെ'യെന്ന് യഹൂദ റബ്ബിമാർ കൂട്ടിച്ചേർത്തതാണെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അടിമസ്ത്രീയിൽ ജനിച്ച മക്കൾ സ്വന്തം പുത്രന്മാരായി അറിയപ്പെടുന്നത് അപമാനമായി കരുതപ്പെട്ടിരുന്ന യഹൂദപാരമ്പര്യത്തിന് അനുസൃതമായ രീതിയിൽ അബ്രാഹാമിന്റെ ചരിത്രം വളച്ചൊടിക്കപ്പെട്ടപ്പോഴാണ് 'ഇസ്ഹാഖ്' ഏകജാതനായി മാറിയത്. അടിമ സ്ത്രീയിലുണ്ടായ പുത്രനെ അബ്രഹാം മകനായിത്തന്നെ പരിഗണിച്ചിരുന്നില്ല എന്നാണല്ലോ ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്.

എന്നാൽ ഉൽപത്തി പുസ്തകം തന്നെ നൽകുന്ന അബ്രഹാമിന്റെ ചരിത്രവുമായി ഇത് വ്യക്തമായ വൈരുദ്ധ്യം പ്രകടിപ്പിക്കുന്നു.

അബ്രഹാം യിശ്മായിലിനെ പുത്രനായിത്തന്നെയാണ് പരിഗണിച്ചിരുന്നത് എന്നാണ് ഉൽപത്തി പുസ്തകത്തിൽ നിന്ന് മനസ്സിലാകുന്നത്. ജനനം മുതൽ (16:15,16) പരിഛേദനയിലും മറ്റു കർമ്മങ്ങളിലും (17:23) പ്രാർത്ഥനയിലും (17:20) അങ്ങനെ സകലവിധ കാര്യങ്ങളിലും യിശ്മായിലിനെ സ്വപുത്രനായിത്തന്നെയാണ് അബ്രഹാം പരിഗണിച്ചിരുന്നത് എന്നു തന്നെയാണ് ഉൽപത്തിപുസ്തകത്തിലുള്ളത്. മാത്രവുമല്ല, ഇഷ്ടഭാര്യയിൽ ജനിച്ച രണ്ടാമത്തെ പുത്രന് അനിഷ്ട ഭാര്യയിൽ ജനിച്ച ആദ്യപുത്രന് നൽകേണ്ട അവകാശം നൽകുന്നത് പഴയനിയമപ്രകാരം പാപമാണ്. ആവർത്തന പുസ്തകത്തിലെ ദൈവകൽപന നോക്കുക: 'ഒരാൾക്ക് രണ്ടു ഭാര്യമാർ ഉണ്ട് എന്നും അവരിൽ ഒരുവളെ അയാൾ സ്നേഹിക്കുകയും മറ്റവളെ വെറുക്കുകയും ചെയ്യുന്നുവെന്നും കരുതുക. സ്നേഹിക്കുകയും വെറുക്കുകയും ചെയ്യുന്ന ഭാര്യമാരിൽ അയാൾക്ക് സന്താനങ്ങൾ ജനിക്കുകയും ആദ്യജാതൻ അയാൾ വെറുക്കുന്ന ഭാര്യയിൽ നിന്നു ജനിക്കയും ചെയ്താൽ, തൻെറ സ്വത്തുക്കൾ സന്താനങ്ങൾക്ക് അവകാശമായി ഭാഗിച്ചു കൊടുക്കുമ്പോൾ, വെറുക്കുന്നവളിൽ നിന്ന് ജനിച്ചവനും ആദ്യജാതനുമായവനു പകരം സ്നേഹിക്കുന്നവളിലുണ്ടായ പുത്രനെ ആദ്യജാതനായി അയാൾ പരിഗണിക്കരുത്. അയാൾ തനിക്കുള്ള എല്ലാ സ്വത്തിൽ നിന്നും ഇരട്ടി ഓഹരി നൽകി വെറുക്കുന്ന ഭാര്യയുടെ പുത്രനെ ആദ്യജാതനായി അംഗീകരിക്കണം. അയാളുടെ വീര്യത്തിൻറ ആദ്യഫലം ആ പുത്രനാണല്ലോ. ആദ്യജാതനുള്ള അവകാശം ആ പുത്രനുതന്നെ' (ആവർത്തനം 21:15-17). ഹാഗാർ അടിമസ്ത്രീയായിരുന്നതിനാൽ അബ്രാഹാമിനാൽ വെറുക്കപ്പെട്ടവളായിരുന്നുവെന്ന യഹൂദ റബ്ബിമാരുടെ വാദം അംഗീകരിച്ചാൽ തന്നെ, മുകളിൽ വിവരിച്ച ദൈവകൽപനപ്രകാരം ആദ്യജാതനുള്ള അവകാശത്തിന് അർഹൻ യിശ്മായേൽ തന്നെയാണെന്ന് വ്യക്തമാണ്. ഇസ്ഹാഖിനെ അബ്രഹാമിൻെറ ഏകജാതനായി പരിചയപ്പെടുത്തുക വഴി ഉൽപത്തി 22:2 പ്രകാരം ദൈവംതന്നെ യിശ്മായേൽ അബ്രഹാമിൻെറ പുത്രനല്ലെന്ന് അംഗീകരിച്ചുവെന്ന് പറയേണ്ടി വരും.

ഈ വൈരുദ്ധ്യത്തിനുള്ള കാരണം തങ്ങളുടെ വംശീയ ദുരഭിമാനത്തിന് മാറ്റുകൂട്ടുവാൻ വേണ്ടി പ്രവാചകചരിത്രത്തിൽ യഹൂദ റബ്ബിമാർ നടത്തിയ കൈക്രിയകളാണ്. അബ്രഹാമിൻെറ ദ്വിതീയ പുത്രനായ ഇസ്ഹാഖിൻെറ മകനായ യാക്കോബിൻെറ പുത്രന്മാരാണ് ഇസ്രായേല്യർ. ദൈവികമായ സകല അനുഗ്രഹങ്ങളും വർഷിക്കപ്പെട്ടിരിക്കുന്നതും വർഷിക്കപ്പെടാൻപോവുന്നതും ഇസ്രായീല്യർക്കിടയിൽ മാത്രമാണെന്നായിരുന്നു യഹൂദ റബ്ബിമാർ പ്രചരിപ്പിച്ചിരുന്നത്. സ്വപുത്രനെ ബലിയറുക്കുവാനുള്ള കൽപനയനുസരിച്ചുകൊണ്ട് ദൈവാനുഗ്രഹത്തിന് പാത്രമായ അബ്രഹാമിന് ദൈവം നൽകുന്ന വരദാനങ്ങളെക്കുറിച്ച് ഉൽപത്തി പുസ്തകത്തിലുണ്ട്. അതിങ്ങനെയാണ് 'നീ ഇതു ചെയ്തിരിക്കയാൽ, നിൻെറ പുത്രനെ, നിൻെറ ഏകജാതനെ തരാൻ നീ മടിക്കായ്കയാൽ എന്നാണെ, ഞാൻ ഇങ്ങനെ പ്രതിജ്ഞ ചെയ്യുന്നു- ഇതു കർത്താവാണ് അരുൾ ചെയ്യുന്നത്: ഞാൻ നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും. നിൻെറ സന്തതിയെ ഞാൻ ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെയും കടൽക്കരയിലെ മണൽത്തരികളെപ്പോലെയും അത്യധികം വർദ്ധിപ്പിക്കും. നിൻെറ സന്തതികൾ ശത്രുക്കളുടെ പട്ടണവാതിലുകൾ കൈവശപ്പെടുത്തും. നീ എൻെറ വാക്ക് അനുസരിച്ചതിനാൽ നിൻെറ സന്തതികളിലൂടെ ഭൂമിയിലെ എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടും'(ഉൽപത്തി 22: 16-19). യിശ്മായേലാണ് ബലിയറുക്കപ്പെടാനായി കൽപിക്കപ്പെട്ടതെങ്കിൽ ഈ അനുഗ്രഹങ്ങൾ മുഴുവനുമുണ്ടാവുക യിശ്മായേൽ സന്തതികളിലാണെന്നു വരും. യഹൂദന്മാരാകട്ടെ യിശ്മായീലിൻെറ അനുജസഹോദരനായ ഇസ്ഹാഖിൻെറ സന്തതി പരമ്പരകളിലാണ് ഉൾപ്പെടുന്നത്. തങ്ങളിലല്ലാതെ ദൈവാനുഗ്രഹമുണ്ടാവുകയെന്നത് ഇസ്രാഈല്യർക്ക് ഒരു കാരണവശാലും അംഗീകരിക്കാൻ പറ്റാത്ത കാര്യമായിരുന്നു. അതുകൊണ്ടു കൂടിയാണ് യഹൂദ റബ്ബിമാർ ഇസ്ഹാഖിനെ അബ്രഹാമിൻെറ ഏകജാതനാക്കി മാറ്റിയത്.

തങ്ങളുടെ വംശീയ ദുരഭിമാനത്തിൻെറ സംരക്ഷണത്തിനു വേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്തവരും അടിമസ്ത്രീയിലുണ്ടായ സ്വപുത്രന് പുത്രപദവി നൽകുവാൻ വിസമ്മതിച്ചിരുന്നവരുമായിരുന്നു ഇസ്രാഈല്യർ എന്നാണ് അബ്രഹാമിൻെറ ചരിത്രത്തിൽ യഹൂദറബ്ബിമാർ നടത്തിയ കൈക്രിയകൾ കാണിക്കുന്നത്. വംശീയ ദുരഭിമാനത്തിൻെറ കാര്യത്തിൽ തങ്ങളുടെ പൂർവ്വികന്മാരുടെ സ്വഭാവം പൂർണ്ണമായിത്തന്നെ ഉൾക്കൊള്ളുന്ന അഭിനവ ഇസ്രാഈല്യരുടെ സ്ഥിതിയും ഇതിൽ നിന്ന് വലിയ വ്യത്യാസമുള്ളതല്ലല്ലോ.

ഇസ്രായേലിൻെറ ഗോത്രപിതാവായ യാക്കോബ് ദൈവത്തോടും

മനുഷ്യരോടും മല്ലടിച്ച് ജയിച്ച കഥയിലും (ഉൽ 32:28) യഹൂദ വംശീയതയല്ലാതെ മറ്റൊന്നും സത്യാന്വേഷികൾക്ക് കാണാനാവില്ല. സ്വന്തം ജാതിയിൽപെട്ടവരെ മക്കളോടും വിജാതീയരെ പട്ടികളോടും ഉപമിച്ചതായി യേശുവെപ്പറ്റി പറഞ്ഞതിലും (മത്താ 15:26) നമുക്ക് കാണാനാവുന്നത് യഹൂദ വംശീയത തന്നെ. ഖുർആനിലെ ചരിത്രപരാമർശങ്ങളിലൊന്നുംതന്നെ ഇത്തരത്തിലുള്ള വംശീയതയുടെ എന്തെങ്കിലും ലാഞ്ഛനയുള്ള യാതൊരു പരാമർശവും കാണാൻ കഴിയില്ല.

5) ചരിത്രപരമായി കൃത്യമല്ലാത്ത നിരവധി പരാമർശങ്ങൾ ബൈബിളിലുണ്ട്. ഖുർആൻ ഇതിൽനിന്ന് തികച്ചും വ്യതിരിക്തമാണ്. ഖുർആനിൽ വിവരിച്ചിരിക്കുന്ന ചരിത്രസംഭങ്ങളിലേതിലെങ്കിലും ചരിത്രപരമായി കൃത്യമല്ലാത്ത പരാമർശങ്ങളുൾക്കൊള്ളുന്നുണ്ടെന്ന് വസ്തുനിഷ്ഠമായി സ്ഥാപിക്കുവാൻ ആർക്കും കഴിയില്ല.

ബൈബിളിൽ വിവരിക്കപ്പെട്ടിരിക്കുന്ന പല സംഭവങ്ങളും ചരിത്രപരമായി കൃത്യമല്ലെന്ന വസ്തുത ബൈബിൾ പണ്ഡിതന്മാർ തന്നെ അംഗീകരിക്കുന്നുണ്ട്. ‘ചരിത്രപരമായി കൃത്യമല്ലാത്ത ചില പ്രസ്താവനകളും ബൈബിളിൽ കണ്ടെന്നുവരാം (ദാനി 5)’. എന്നാണ് കത്തോലിക്കരുടെ “ബൈബിൾ വിജ്ഞാനകോശം'' പറയുന്നത് (പുറം:12)

ഡോ.മൈക്കിൾ കാരിമറ്റം എഴുതുന്നു: ‘ആധുനിക ശാസ്ത്രത്തിൻേറയും ചരിത്രപഠനങ്ങളുടേയും മറ്റും കാഴ്ചപ്പാടിൽ നിന്നു നോക്കുമ്പോൾ ബൈബിളിലെ ചില പ്രസ്താവനകൾ തെറ്റായി തോന്നിയേക്കാം. ശാസ്ത്രമോ, ലോകചരിത്രമോ പഠിപ്പിക്കുന്ന ഒരു ഗ്രന്ഥമല്ല, രക്ഷാചരിത്രമാണ് ബൈബിൾ എന്ന ബോധ്യത്തോടെ വേണം ബൈബിളിലെ പഠനങ്ങളെ സമീപിക്കുവാൻ. ഓരോ പുസ്തകവും എഴുതപ്പെട്ട കാലത്തു നിലനിന്നിരുന്ന പ്രപഞ്ചവീക്ഷണങ്ങളും സാഹിത്യശൈലികളും മാനുഷിക ഗ്രന്ഥകാരന്മാരെ സ്വാധീനിച്ചിട്ടുണ്ട് എന്ന കാര്യം മറക്കാവതല്ല. ഗ്രന്ഥകാരൻ പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന രക്ഷാകരസത്യം എന്ത് എന്ന് മനസ്സിലാക്കാനാണ് ശ്രമിക്കേണ്ടത്.’ (മൈക്കിൾ കാരിമറ്റം: വിശ്വാസത്തിൻെറ വേരുകൾ പുറം30)

വിശദീകരണത്തിന് വഴങ്ങാത്ത ബൈബിൾ വിവരണങ്ങൾ ദൃഷ്ടാന്തകഥകളാ(parable)ണെന്ന വിശദീകരണത്തിൽ അഭയം തേടുകയാണ് ബൈബിൾ പണ്ഡിതന്മാർ ചെയ്യുന്നത്. റെയ്മണ്ട്-ഇ- ബ്രൗൺ എഴുതുന്നു: ‘ദൈവനിവേശിതമായതെല്ലാം ചരിത്രമാണെന്നാണ്



പലരുടെയും ധാരണ. അത് ശരിയല്ല. കവിത, നാടകം, ഐതിഹ്യം, കഥ എന്നിവയൊക്കെ ദൈവനിവേശിതമാകാം. യോനായുടെ പുസ്തകം ചരിത്രമല്ല; ഒരു ഉപമാകഥ (parable) യാണെന്നു സൂചിപ്പിച്ചുവല്ലോ...... യോനായെന്നു പേരുള്ള ഒരു യഥാർത്ഥ വ്യക്തിയെ വലിയൊരു മത്സ്യം വിഴുങ്ങിയെന്ന് വിശ്വസിക്കാൻ നാം ബാധ്യസ്ഥരാണെന്ന് ദൈവനിവേശനം അർത്ഥമാക്കുന്നില്ല. യോനായുടെ പുസ്തകം ഒരു ചരിത്രഗ്രന്ഥമാണെങ്കിൽ മാത്രമെ അതിൽ പ്രതിപാദിച്ചിട്ടുള്ള സംഭവം ചരിത്രവസ്തുതയാണോയെന്ന ചോദ്യം ഉദിക്കുകയുള്ളൂ.’ (Raymond-E-Brown: Responses to 101 Questions on the Bible Page 31)

**<u>പകർത്തിയെഴുത്ത് സിദ്ധാന്തം ഒരു കെട്ടുകഥ</u>**

ഏകനായ സ്രഷ്ടാവ് നിയോഗിച്ചയച്ച പ്രവാചകന്മാരെക്കുറിച്ച് ബൈബിളിലും ഖുർആനിലും വന്ന സമാനമായ ചരിത്രപരാമർശങ്ങളുടെ വെളിച്ചത്തിൽ ബൈബിളിൽനിന്ന് പകർത്തിയെഴുതിയതാണ് ഖുർആൻ എന്ന വാദം മിഷനറിമാരും ഓറിയൻറലിസ്റ്റുകളും ഭൗതികവാദികളുമെല്ലാമായ വിമർശകർ ഒരേ സ്വരത്തിൽ ഉന്നയിക്കാറുണ്ട്. ഈ വാദത്തിൽ എത്രത്തോളം കഴമ്പുണ്ട്? താഴെ പറയുന്ന വസ്തുതകളുടെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ഈ വാദം ശുദ്ധ അസംബന്ധമാണെന്ന് ബോധ്യമാകും.

ഒന്ന്) മുഹമ്മദ് നബി (ﷺ) നിരക്ഷരനായിരുന്നു. ബൈബിൾ പഴയനിയമവും പുതിയനിയമവും വായിച്ചു മനസ്സിലാക്കി അതിൽനിന്ന് പകർത്തിയെഴുതുക അദ്ദേഹത്തിന് സ്വന്തമായി അസാധ്യമായിരുന്നു. ശിഷ്യന്മാരിൽ ആരുടെയെങ്കിലും സഹായത്തോടെ അദ്ദേഹം അത് നിർവഹിച്ചുവെന്ന് കരുതാനും വയ്യ. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ ശിഷ്യന്മാരിൽ ചിലർക്കെങ്കിലും അത് അറിയാൻ കഴിയേണ്ടതായിരുന്നു. അത് മുഖേന മുഹമ്മദ് നബി (ﷺ)യുടെ വിശ്വാസ്യതയിൽ അവർ സംശയിക്കുകയും അവർ തമ്മിലുള്ള ബന്ധത്തിന് ഉലച്ചിൽ തട്ടുകയും ചെയ്യുമായിരുന്നു. മുഹമ്മദ് നബി (ﷺ)യുടെ ശരീരത്തിൽ ഒരു പോറലെങ്കിലുമേൽക്കുന്നതിന് പകരം സ്വന്തം ജീവൻ ബലിയർപ്പിക്കുവാൻ സന്നദ്ധരായവരായിരുന്നു പ്രവാചക ശിഷ്യന്മാർ എന്നോർക്കുക. പ്രവാചകനിൽ(ﷺ) ഏതെങ്കിലും തരത്തിലുള്ള അവിശ്വാസ്യതയുണ്ടായിരുന്നുവെങ്കിൽ ഇങ്ങനെ ത്യാഗം ചെയ്യാൻ സന്നദ്ധരായ ഒരു അനുയായിവൃന്ദത്തെ വളർത്തിയെടുക്കുവാൻ അദ്ദേഹത്തിന്

കഴിയുമായിരുന്നില്ലെന്ന് തീർച്ചയാണ്.

“ഇതിന് മുമ്പ് നീ വല്ല ഗ്രന്ഥവും പാരായണം ചെയ്യുകയോ, നിൻെറ വലതുകൈകൊണ്ട് അത് എഴുതുകയോ ചെയ്തിരുന്നില്ല. അങ്ങനെയാണെങ്കിൽ ഈ സത്യനിഷേധികൾക്ക് സംശയിക്കാമായിരുന്നു'' (വി.ഖു. 29:48).

രണ്ട്) മുഹമ്മദ് നബി(ﷺ)യുടെ ജീവിതകാലത്ത് ബൈബിൾ പഴയനിയമമോ പുതിയനിയമമോ അറബിയിലേക്ക് പരിഭാഷപ്പെടുത്തപ്പെട്ടിട്ടുണ്ടായിരുന്നില്ല. അറബിയിലുള്ള പഴയനിയമവും പുതിയനിയമവുമെല്ലാം ഉണ്ടായതുതന്നെ ഇസ്‌ലാമിൻെറ ദിഗ്വിജയങ്ങൾക്ക് ശേഷമാണ്. പഴയ നിയമ രേഖകളെക്കുറിച്ച് സൂക്ഷ്മ പഠനം നടത്തിയ ഏണസ്റ്റ് വൂർഥ്‌വിൻ എഴുതുന്നത് കാണുക: “ഇസ്‌ലാമിൻെറ വ്യാപനത്തോടുകൂടി അറബിയുടെ ഉപയോഗം വ്യാപകമാവുകയും ഇസ്‌ലാമിക രാജ്യങ്ങളിലെ ജൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും ദൈനംദിനജീവിതത്തിലെ ഭാഷയായി അറബി മാറുകയും ചെയ്തു. ബൈബിളിൻെറ അറബി പതിപ്പുകൾ അനിവാര്യമാക്കിത്തീർത്ത ഈ സാഹചര്യത്തിൽ സ്വതന്ത്രവും പ്രാഥമികമായ വ്യാഖ്യാന സംബന്ധിയുമായ നിരവധി പതിപ്പുകൾ പുറത്തുവന്നു”.

(Ernst Wurthewein: The Text of The Old Testament Page 104). ഒമ്പതാം നൂറ്റാണ്ടിൻെറ ആദ്യപകുതിയിലാണ് പഴയ നിയമ ബൈബിൾ അറബിയിലേക്ക് പരിഭാഷപ്പെടുത്തപ്പെട്ടതെന്നാണ് ലഭ്യമായ കയ്യെഴുത്ത് രേഖകൾ വ്യക്തമാക്കുന്നത് (Ibid Page 224 - 225). ഏകദേശം ഇക്കാലത്തുതന്നെയാവണം പുതിയ നിയമവും അറബിയിലേക്ക് ഭാഷാന്തരം ചെയ്യപ്പെട്ടത്. പ്രഗത്ഭനായ സിഡ്നി എച്ച്. ഗ്രിഫിത്തിൻെറ വരികൾ കാണുക:

“അറബിയിലുള്ള സുവിശേഷങ്ങളടങ്ങിയ ഏറ്റവും പുരാതനമായ കയ്യെഴുത്ത് രേഖ ‘സിനായ് അറബി കയ്യെഴുത്ത് പ്രതി 72’ (Sinai Arabic MS72) ആണ്. ജറുസലേം സഭയുടെ ഗ്രീക്ക് പ്രാർത്ഥനാ കലണ്ടറിൻെറ കാലക്രമാടിസ്ഥാനത്തിൽ അധ്യായങ്ങൾ രേഖപ്പെടുത്തിയ നാല് കാനോനിക സുവിശേഷങ്ങളും ഇതിലുണ്ട്. രേഖയുടെ അന്ത്യത്തിലെ കുറിപ്പ് വ്യക്തമാക്കുന്നത് ഈ കയ്യെഴുത്ത് രേഖ അറബി കലണ്ടർ 284ൽ അഥവാ ക്രിസ്താബ്ദം 897ൽ റംലയിലെ സ്റ്റീഫൻ (Stephen of Ramlah) എഴുതിയതാണെന്നാണ് (Sidney H Griffith: The Gospel in Arabic: An Enquiry Into its Appearance In the First Abbasi Century Page 132) എന്നാൽ അപ്പോസ്തല പ്രവൃത്തികളും പൗലോസിൻെറ ലേഖനങ്ങളും കാതോലിക ലേഖനങ്ങളുമുൾക്കൊള്ളുന്ന Sinai Arabic MS151 എന്ന കയ്യെഴുത്ത് രേഖ ഹിജ്റ253 ൽ അഥവാ ക്രിസ്താബ്ദം 867ൽ സുറിയാനിയിൽ നിന്ന് അറബിയിലേക്ക് ബിസ്ർബ്നുസിർറി എന്നയാൾ വിവർത്തനം ചെയ്തതായി കാണുന്നുണ്ട്. ഇതിൽ സുവിശേഷങ്ങളില്ലെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. (Ibid Page 131).



മുഹമ്മദ് നബി(ﷺ)ക്ക് ശേഷം രണ്ട് നൂറ്റാണ്ടുകളെങ്കിലും കഴിഞ്ഞാണ് പുതിയനിയമവും പഴയനിയമവുമെല്ലാം അറബിയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്. നിരക്ഷരനായിരുന്ന മുഹമ്മദ് നബി (ﷺ) മറ്റാരിൽനിന്നെങ്കിലും അറബിയിലുള്ള ബൈബിൾ വായിച്ചുകേട്ട ശേഷം അതിലെ കഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് എഴുതിയതാണ് ഖുർആൻ എന്ന വാദവും ഇവിടെ അപ്രസക്തമാവുകയാണ്. അറബിയിൽ നിലവിലില്ലാത്ത ഒരു ഗ്രന്ഥം വായിച്ചുകേട്ടുവെന്ന് കരുതുന്നത് നിരർത്ഥകമാണെന്ന് പറയേണ്ടതില്ലല്ലോ.

മൂന്ന്) പ്രവാചകന്മാരുടെ ചരിത്രം വിവരിക്കുന്നിടത്ത് അധാർമ്മികരും അസാന്മാർഗികരുമായിരുന്നു അവരെന്ന് വരുത്തിത്തീർക്കുന്ന തരത്തിലാണ് ബൈബിൾ അത് നിർവ്വഹിച്ചിരിക്കുന്നത്. മദ്യപിച്ച് നഗ്നനായ നോഹും ലഹരി മൂത്ത് സ്വപുത്രിമാരുമായി ശയിച്ച ലോത്തും ചതിയനായ യാക്കോബും വിഷയലമ്പടനായ ദാവീദും മദ്യം വിളമ്പിയ യേശുവുമെല്ലാം, ധർമ്മത്തിലേക്ക് ജനങ്ങളെ നയിക്കാനായി നിയോഗിക്കപ്പെട്ടവരായിരുന്നു പ്രവാചകന്മാർ എന്ന സങ്കൽപത്തിന് കടകവിരുദ്ധമായ കഥകളാണെന്ന് പറയേണ്ടതില്ലല്ലോ. ഖുർആനിലെ ചരിത്രവിവരണത്തിൽ ഇത്തരം യാതൊരു കഥകളും കാണുന്നില്ല. ബൈബിളിൽനിന്ന് മുഹമ്മദ് നബി (ﷺ) പകർത്തിയെഴുതിയതായിരുന്നു ഈ കഥകളെങ്കിൽ പ്രവാചകന്മാരിൽ ബൈബിൾ ആരോപിച്ച അധാർമ്മികതകളിലേതെങ്കിലും ഖുർആനിലും സ്ഥാനം പിടിക്കേണ്ടതായിരുന്നു. അങ്ങനെയില്ലെന്ന് മാത്രമല്ല, പ്രവാചകന്മാരെല്ലാം ഉന്നതരും വിശുദ്ധരുമായിരുന്നുവെന്ന വസ്തുത വ്യക്തമാക്കുന്നതാണ് ഖുർആനിലെ പ്രവാചക കഥനങ്ങളെല്ലാമെന്ന കാര്യം അത് ബൈബിളിൽനിന്ന് പകർത്തിയെഴുതിയതാണെന്ന വാദത്തിൻെറ നട്ടെല്ലൊടിക്കുന്നുണ്ട്.

നാല്) ചരിത്രത്തിൻെറ അളവുകോലുകൾ വെച്ചുനോക്കുമ്പോൾ

വസ്തുനിഷ്ഠചരിത്രത്തിന് നിരക്കാത്ത നിരവധി പ്രസ്താവനകൾ ബൈബിൾ നടത്തുന്നുണ്ട്. ഇത് ബൈബിൾ പണ്ഡിതന്മാർ തന്നെ അംഗീകരിക്കുന്നതാണ്. ''ചരിത്രപരമായി കൃത്യമല്ലാത്ത ചില പ്രസ്താവനകളും ബൈബിളിൽ കണ്ടെന്നുവരാം" (ബൈബിൾ വിജ്ഞാനകോശം പുറം 12). ബൈബിളിൽനിന്ന് പകർത്തിയെഴുതിക്കൊണ്ട് മുഹമ്മദ് നബി (ﷺ)രചിച്ചതായിരുന്നു ഖുർആനെങ്കിൽ അതിൽ ബൈബിളിലേതു പോലെ ചരിത്രപരമായി കൃത്യമല്ലാത്ത പ്രസ്താവനകൾ കാണപ്പെടേണ്ടതായിരുന്നു. എന്നാൽ, അത്തരം യാതൊരു പ്രസ്താവനയും ഖുർആനിലില്ല.

അഞ്ച്) ആധുനിക ശാസ്ത്രത്തിൻെറ കാഴ്ചപ്പാടിലൂടെ നോക്കുമ്പോൾ ബൈബിളിൽ നിരവധി അശാസ്ത്രീയമായ പരാമർശങ്ങൾ കാണാനാവും. സൂര്യൻെറ സൃഷ്ടിക്ക് മുമ്പു തന്നെ രാപ്പകലുകളുണ്ടായതായി വിവരിക്കുന്ന ഉൽപത്തി പുസ്തകം മുതലാരംഭിക്കുന്നു ബൈബിളിലെ ശാസ്ത്ര വിരുദ്ധമായ പരാമർശങ്ങൾ. രാപ്പകലുകളുണ്ടാവുന്നത് സൂര്യചന്ദ്രന്മാരുടെ ചലനം മൂലമാണെന്നും (യേശു 10:12,13), ഭൂമി ഇളകാതെ നിശ്ചലമായി നിൽക്കുകയാണെന്നും (സങ്കീ 104:5) മുയൽ അയവിറക്കുന്ന ജീവിയാണെന്നു (ആവ 14:7) മെല്ലാമുള്ള ബൈബിൾ പരാമർശങ്ങൾ അതിൻെറ അശാസ്ത്രീയതക്ക് ഉദാഹരണങ്ങളാണ്. ഈ പരാമർശങ്ങളെല്ലാം വരുന്നത് പ്രവാചക കഥനങ്ങൾക്കിടയിലാണെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ബൈബിളായിരുന്നു ഖുർആനിൻെറ രചനയ്ക്കുപയോഗിച്ചിരുന്ന സ്രോതസ്സെങ്കിൽ ഈ അശാസ്ത്രീയമായ പരാമർശങ്ങളെല്ലാം ഖുർആനിലും സ്ഥാനം പിടിക്കുമായിരുന്നു. ഈ പരാമർശങ്ങൾ വസ്തുതകൾക്ക് നിരക്കാത്തതാണെന്ന അറിവ് മുഹമ്മദ് നബി (ﷺ)യുടെ കാലത്തുണ്ടായിരുന്നില്ലെന്നോർക്കുക. എന്നാൽ ഖുർആനിൽ ഇത്തരം യാതൊരുവിധ പരാമർശങ്ങളുമില്ല. ഖുർആനിലെ ഒരൊറ്റ വചനമെങ്കിലും ഏതെങ്കിലും ശാസ്ത്രവസ്തുതകളുമായി വൈരുദ്ധ്യം പുലർത്തുന്നതായി തെളിയിക്കപ്പെട്ടിട്ടില്ല. ബൈബിളിൽനിന്ന് പകർത്തിക്കൊണ്ട് മുഹമ്മദ് നബി (ﷺ) രചിച്ച ഗ്രന്ഥമാണ് ഖുർആനെന്ന് വാദിക്കുകയാണെങ്കിൽ തനിക്ക് ശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞ് വരാനിരിക്കുന്ന ശാസ്ത്രമുന്നേറ്റങ്ങൾ കൂടി മുൻകൂട്ടി കാണാൻ കഴിയുകയും അതിൻെറ അടിസ്ഥാനത്തിൽ ബൈബിളിലുള്ള അശാസ്ത്രീയതകൾ അറിഞ്ഞ് അവയെല്ലാം അരിച്ചൊഴിവാക്കി സംശുദ്ധമായ



ചരിത്രം മാത്രം എടുത്തുദ്ധരിക്കുകയും ചെയ്ത അതിമാനുഷനാണ് അദ്ദേഹമെന്ന് പറയേണ്ടിവരും. സർവ്വശക്തനായ സ്രഷ്ടാവിൻെറ വചനങ്ങളാണ് ഖുർആനിലുള്ളതെന്ന വസ്തുത നിഷേധിക്കുവാൻ തെളിവ് പരതുന്നവർ മുഹമ്മദ് നബി (ﷺ)യെ ദൈവമാക്കുന്ന പരിണാമഗുപ്തിയിലാണ് എത്തിച്ചേരുകയെന്നർത്ഥം.

ആറ്) ബൈബിളിൽ പറയാത്ത ചില പ്രവാചകന്മാരുടെയും സമുദായങ്ങളുടെയും ചരിത്രം ഖുർആൻ വിവരിക്കുന്നുണ്ട്. ആദ്, സമൂദ് ഗോത്രങ്ങളിലേക്ക് നിയോഗിക്കപ്പെട്ട ഹൂദ് നബിയുടെയും സാലിഹ് നബിയുടെയും ചരിത്രം ഉദാഹരണം. ബൈബിളിലെവിടെയും കാണാനാവാത്ത പ്രവാചകന്മാരാണിവർ. ബൈബിളിൽ നിന്ന് കോപ്പിയടിക്കുകയാണ് മുഹമ്മദ് നബി (ﷺ)ചെയ്തതെങ്കിൽ ഈ ചരിത്രങ്ങൾ അദ്ദേഹത്തിന് എവിടെനിന്നാണ് കിട്ടിയത്?

ഏഴ്) ബൈബിളിൽ പരാമർശിക്കപ്പെട്ട പ്രവാചകന്മാരുടെ ചരിത്രം പറയുമ്പോൾതന്നെ ബൈബിളിലൊരിടത്തും പരാമർശിക്കാത്ത നിരവധി സംഭവങ്ങൾ ഖുർആനിൽ വിശദീകരിക്കുന്നുണ്ട്. നൂഹ് നബി (عليه السلام)യും അവിശ്വാസിയായ മകനും തമ്മിൽ നടന്ന സംഭാഷണവും മകൻ പ്രളയത്തിൽ പെട്ട സംഭവവിവരണവും സൂറത്തു ഹൂദിൽ(11: 42-46) കാണാം. ഇങ്ങനെ യാതൊന്നും ബൈബിളിലെവിടെയുമില്ല. ഇബ്രാഹീം നബിയും നംറൂദും തമ്മിൽ നടന്ന സംവാദവും (ഖുർആൻ 2:258) പിതാവുമായി നടന്ന സംഭാഷണവും (ഖുർആൻ 6:74, 19:41-49, 43:26,27) മരണാനന്തര ജീവിതത്തിൻെറ സത്യത ബോധ്യപ്പെടുന്നതിനായി, പക്ഷികളെ കഷ്ണിച്ച് നാല് മലകളിൽവെച്ചശേഷം അവയെ വിളിച്ചാൽ അവ ഓടിവരുന്നതാണെന്ന് അല്ലാഹു അദ്ദേഹത്തോട് പറഞ്ഞ സംഭവവും (2:260) തീയിലേക്ക് വലിച്ചെറിയപ്പെടുകയും അതിൽ നിന്ന് അദ്ദേഹം അത്ഭുതകരമായി രക്ഷപ്പെടുകയും ചെയ്ത ചരിത്രവു(21:56-70)മൊന്നും ബൈബിളിലൊരിടത്തും കാണാൻ കഴിയില്ല. ദൈവിക കൽപന പ്രകാരം ഒരു പശുവിനെ അറുക്കാൻ മൂസാ (عليه السلام) ഇസ്രായീല്യരോട് നിർദേശിക്കുകയും, പശുവിൻെറ പ്രത്യേകതകൾ ചോദിച്ച് അതിൻെറ നിർവ്വഹണം അവർ പ്രയാസകരമാക്കുകയും ചെയ്ത സംഭവവും (ഖുർആൻ 2:67-71) കൊലപാതകക്കുറ്റം തെളിയിക്കാനായി പശുവിനെ അറുത്ത് അതിൻെറ ഒരു ഭാഗംകൊണ്ട് അടിക്കുവാൻ കൽപിച്ച കഥനങ്ങളും (2:72, 73) മൂസാ നബി (عليه السلام)യുടെ ജീവിതവുമായി ബന്ധപ്പെടുത്തി ബൈബി

ളിലൊരിടത്തും പ്രസ്താവിക്കുന്നില്ല. ഈസാ നബി (ﷺ)യുടെ ജനനം മുതൽ തന്നെയുള്ള ബൈബിളിൽ പറയാത്ത പല സംഭവങ്ങളും ഖുർആനിൽ പരാമർശിക്കുന്നുണ്ട്. സകരിയ്യായുടെ സംരക്ഷണത്തിൽ പ്രാർത്ഥനാസ്ഥലത്ത് താമസിച്ചുകൊണ്ടിരുന്ന മർയമിന്റെ കുട്ടിക്കാലത്ത് അവർക്ക് അത്ഭുതകരമായി ഭക്ഷണസാധനങ്ങൾ ലഭിച്ച സംഭവം (ഖുർആൻ 3:37), മർയമിന്റെ പ്രസവസമയത്ത് അവർക്ക് നൽകപ്പെട്ട പ്രത്യേക അനുഗ്രഹങ്ങളെക്കുറിച്ച വിവരണം (19:23-26), ഈസാ (ﷺ) തൊട്ടിലിൽവെച്ച് സംസാരിച്ച് തന്റെ നിയോഗം പ്രഖ്യാപിച്ചു കൊണ്ട് തന്റെ ആദ്യത്തെ അത്ഭുതം പ്രവർത്തിച്ച ചരിത്രം (19:29,30), കളിമണ്ണുകൊണ്ട് പക്ഷിയുടെ രൂപമുണ്ടാക്കി ഈസാ (ﷺ) അതിൽ ഊതിയപ്പോൾ അല്ലാഹുവിന്റെ അനുമതിപ്രകാരം അതൊരു പക്ഷിയായി രൂപാന്തരപ്പെട്ട സംഭവം (3:49) ഇതൊന്നുംതന്നെ ബൈബിളിൽ ഒരിടത്തും പരാമർശിക്കുന്നുപോലുമില്ല. ബൈബിളിൽനിന്ന് മുഹമ്മദ് നബി (ﷺ) പകർത്തിയെഴുതിക്കൊണ്ടാണ് ഖുർആൻ രചിച്ചതെങ്കിൽ ബൈബിളിലൊരിടത്തും പരാമർശിക്കാത്ത പ്രവാചകന്മാരുടെ ജീവിതവുമായി ബന്ധപ്പെട്ട കഥകൾ അദ്ദേഹത്തിന് എവിടെനിന്നു കിട്ടി? മുഹമ്മദ് നബിയുടെ കാലത്ത് യഹൂദ ക്രൈസ്തവർക്കിടയിൽ നിലനിന്നിരുന്ന കഥകളും ഐതിഹ്യങ്ങളുമാണ് ഈ പരാമർശങ്ങളുടെ സ്രോതസ്സ് എന്നു വാദിക്കപ്പെടാറുണ്ട്. ഈ വാദവും അടിസ്ഥാന രഹിതമാണ്. പ്രസ്തുത കഥകളുടെയും പുരാണങ്ങളുടെയുമെല്ലാം ചരിത്രപരതയെ ചോദ്യം ചെയ്യുന്ന പഠനങ്ങളും ഗവേഷണങ്ങളും പിൽക്കാലത്ത് നടന്നിട്ടുണ്ട്. ഈ ഗവേഷണങ്ങളിലൊന്ന് പോലും ഒരു ഖുർആൻ കഥനത്തെയും വസ്തുനിഷ്ഠമായി വിമർശിക്കുന്നില്ലെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. സത്യത്തിൽ ഖുർആൻ ദൈവവചനമായതുകൊണ്ടാണ് ബൈബിളിലെവിടെയും സൂചിപ്പിക്കാത്ത സംഭവങ്ങൾപോലും കൃത്യവും പ്രമാദരഹിതവുമായി അതിൽ നമുക്ക് കാണാൻ കഴിയുന്നത്. മർയത്തിന്റെ ബാല്യകാല സംഭവങ്ങൾ വിവരിക്കവെ ഖുർആൻ പറഞ്ഞത് എത്ര ശരി! "(നബിയേ) നാം നിനക്ക് ബോധനം നൽകുന്ന അദൃശ്യവാർത്തകളിൽ പെട്ടതാകുന്നു അവയൊക്കെ. അവരിൽ ആരാണ് മർയത്തിന്റെ സംരക്ഷണം ഏറ്റെടുക്കേണ്ടതെന്ന് തീരുമാനിക്കുവാനായി അവർ തങ്ങളുടെ അമ്പുകൾ ഇട്ടുകൊണ്ട് നറുക്കെടുപ്പ് നടത്തിയിരുന്ന സമയത്ത് നീ അവരുടെ അടുത്തുണ്ടായിരുന്നില്ല



ല്ലോ. അവർ തർക്കത്തിലേർപ്പെട്ടുകൊണ്ടിരുന്നപ്പോഴും നീ അവരുടെ അടുത്തുണ്ടായിരുന്നില്ല" (വി.ഖു. 3:44).

എട്ട്) ബൈബിളിൽ പരാമർശിക്കപ്പെട്ട കഥകൾ പറയുമ്പോഴും ബൈബിളിൽനിന്ന് വ്യത്യസ്തമായി കൃത്യതയും സൂക്ഷ്മതയും ഖുർആൻ കാത്തുസൂക്ഷിക്കുന്നത് കാണാം. ഉദാഹരണത്തിന് മോശ - സീനായ് പർവതത്തിലേക്ക് പോയ അവസരത്തിൽ ഇസ്രായീല്യർക്ക് അവരുടെ ആവശ്യപ്രകാരം സ്വർണംകൊണ്ട് കാളക്കുട്ടിയെ നിർമിച്ച് ആരാധനക്കായി നൽകിയത് മോശയുടെ കൂട്ടാളിയും പ്രവാചകനുമായ അഹരോണായിരുന്നുവെന്നാണ് പുറപ്പാട് പുസ്തകം (32: 1-6) പറയുന്നത്. ഖുർആനും ബൈബിളുമെല്ലാം പരിശുദ്ധ പ്രവാചകനായി പരിചയപ്പെടുത്തുന്ന ഹാറൂനി(ﷺ)ൽ നിന്ന് വിഗ്രഹാരാധനക്ക് കൂട്ടുനിൽക്കുകയെന്ന മഹാപാപം സംഭവിക്കാനിടയില്ലെന്ന് ഏത് സാമാന്യ ബുദ്ധിക്കും മനസ്സിലാവും. ഖുർആനും പ്രസ്തുത സംഭവം വിവരിക്കുന്നുണ്ട്. പക്ഷെ, സ്വർണപശുവിനെയുണ്ടാക്കുകയും അതിനെ ആരാധിക്കുവാൻ ഇസ്രായീല്യരെ പ്രേരിപ്പിക്കുകയും ചെയ്തത് ഹാറൂന(ﷺ)ല്ല; പ്രത്യുത ഇസ്രായീല്യരിൽപെട്ട ഒരു കപടനായ സാമിരിയാണ് ഇത് ചെയ്തതെന്നും അതുമൂലം അയാൾ ദൈവകോപത്തിനും ശപിക്കപ്പെട്ട രോഗത്തിനും വിധേയനായെന്നുമാണ് ഖുർആൻ പഠിപ്പിക്കുന്നത് (20:85-95). ബൈബിളിൽ പരാമർശിക്കപ്പെട്ട കഥകൾ വിവരിക്കുമ്പോഴും അതിലെ നെല്ലും പതിരും വേർതിരിച്ച് സത്യസന്ധവും സൂക്ഷ്മവുമായ രീതിയിൽ അവ ജനസമക്ഷം വെക്കുന്ന ഖുർആൻ ദൈവികമാണെന്ന് അതിന്റെ ഈ പ്രത്യേകത തന്നെ സുതരാം വ്യക്തമാക്കുന്നു.

അനുബന്ധം 11

## വൈരുധ്യങ്ങൾക്കുള്ള വിശദീകരണം

ബൈബിളിൽ ഉടനീളം കാണപ്പെടുന്ന വൈരുധ്യങ്ങൾ വിശദീകരിച്ച് അവ യഥാർത്ഥത്തിൽ വൈരുധ്യങ്ങളല്ലെന്ന് വരുത്തിത്തീർക്കുവാൻ വേണ്ടി കൊണ്ടുപിടിച്ച ശ്രമങ്ങൾ ക്രൈസ്തവലോകത്ത് നടന്നിട്ടുണ്ടെന്നത് ശരിയാണ്. പക്ഷെ, വിശദീകരണങ്ങൾ കൂടുതൽ വലിയ അബദ്ധങ്ങളിലേക്കാണ് മിഷനറിമാരെ കൊണ്ടുപോകുന്നത്. തിരുവട്ടാർ കൃഷ്ണൻകുട്ടിക്കുവേണ്ടി സഹോ. വർഗീസ് കുര്യൻ എഴുതുന്നത് കാണുക:

"ബൈബിളിൽ ഒട്ടേറെ വൈരുദ്ധ്യങ്ങളും പിശകുകളും ഉണ്ട് എന്നും അതുകൊണ്ടുതന്നെ ബൈബിൾ ദൈവവചനമല്ലെന്നും ഒരു ആക്ഷേപമുണ്ട്. കാലാകാലങ്ങളിലായി അങ്ങനെ ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ വാദങ്ങൾക്കും വ്യക്തമായ മറുപടി ക്രൈസ്തവ സമൂഹത്തിൽ നിന്നും നൽകപ്പെട്ടിട്ടുണ്ട്. എന്നാൽ അതൊക്കെയും മറച്ചുപിടിച്ചും കണ്ടില്ലെന്ന് നടിച്ചും വീണ്ടും വീണ്ടും അബദ്ധജഡിലങ്ങളായ ആക്ഷേപങ്ങൾ ആവർത്തിക്കുന്നത് വെറും ഗീബത്സിയൻ തന്ത്രമാണ്. ചില അഭിനവ ഇസ്ലാംമത തീവ്രവാദികൾ നടത്തുന്ന വൃഥാ വാദങ്ങളുടെ യാഥാർത്ഥ്യം എന്തെന്നുനോക്കാം".

എന്നാൽ വസ്തുതയെന്താണ്? വൈരുധ്യങ്ങൾക്കുള്ള വിശദീകരണമെന്ന പേരിൽ എഴുതിയ കാര്യങ്ങളെല്ലാം തികച്ചും ബാലിശമാണെന്ന് വിമർശകർ രചിച്ച പുസ്തകത്തിന്റെ നാലാം അധ്യായം ഒരാവർത്തി വായിക്കുന്നവർശക്കല്ലാം ബോധ്യപ്പെടും. ആറാം അനുബന്ധത്തിന്റെ തുടക്കത്തിൽ ഒന്നാമതായി സൂചിപ്പിച്ച വൈരുധ്യത്തിന് നൽകപ്പെട്ട വിശദീകരണം ഉദാഹരണമായെടുക്കുക. ഇസ്രായേലിന്റെ ജനസംഖ്യയെടുക്കാൻ ദാവീദിനെ തോന്നിച്ചത് ദൈവമാണെന്ന് 2 ശാമു 24:1ലും സാത്താനാണെന്ന് 1 ദിന 21:1ലും പറഞ്ഞതാണ് വൈരുദ്ധ്യമായി എടുത്തുപറഞ്ഞിരുന്നത്. അതിനുള്ള വിശദീകരണം ഇങ്ങനെ: "സ്വന്തം കഴിവിൽ സമ്പൂർണമായി ആശ്രയിക്കുന്നതിനുപകരം സ്വന്തം കഴിവിൽ ഊറ്റംകൊണ്ട് ജനത്തെ എണ്ണുവാൻ ദാവീദിന് പ്രേരണ നൽകിയത് സാത്താൻ തന്നെയാണ്. യോവാബ് വിലക്കിയിട്ടും ഒരു വീണ്ടുവിചാരത്തിനുപോലും തയ്യാറാവാത്ത ദാവീദിനെ ദൈവം യഥേഷ്ടം വിടുകയായിരുന്നു. ആ നിലയിൽ ദാവീദിനെ പാഠം പഠിപ്പിക്കുവാൻ ദൈവം കാര്യപരിപാടികൾ നടത്തിയെന്ന് സാരം"

വസ്തുതയുമായി യാതൊരു ബന്ധവുമില്ലാത്ത ഒരു പ്രസ്താവന മാത്രമാണിത്. ദാവീദിന് ജനസംഖ്യയെടുക്കാൻ പ്രേരണ നൽകിയതുമായി ബന്ധപ്പെട്ട് ശാമുവേലിന്റെ രണ്ടാം പുസ്തകം 24-ാം അധ്യായത്തിൽ വന്ന പ്രസ്താവനകളിലൊന്നും സാത്താൻ പരാമർശിക്കപ്പെടുന്നേയില്ല. കർത്താവിന് ഇസ്രായേലിനു നേരെ ജ്വലിച്ച കോപമാണ് ദാവീദിനെ കൊണ്ട് ജനസംഖ്യയെടുപ്പിക്കുവാൻ ദൈവത്തെ പ്രേരിപ്പിച്ചത്. ഇവിടെ സാത്താൻ കടന്നുവരുന്നേയില്ല. ഒന്നാം ദിനവൃത്താന്തം 21-ാം അധ്യായത്തിലാകട്ടെ ജനസംഖ്യയെടുപ്പുമായി ബന്ധപ്പെട്ട് ദൈവത്തിന്റെ പേര് പരാമർശിക്കുന്നുപോലുമില്ല. മാത്രവുമല്ല, "ജനസംഖ്യ തിട്ടപ്പെടുത്തിയത് ദൈവത്തിന് അഹിതകരമായതുകൊണ്ട് അവൻ ഇസ്രായേലിനെ പീഡിപ്പിച്ചു" (1 ദിന 21:7)വെന്ന് വ്യക്തമാക്കുന്നുമുണ്ട്. ചുരുക്കത്തിൽ, ദൈവത്തിന്റെ ഹിതം സാത്താനിലൂടെ നടപ്പിലാക്കിയതു മൂലമാണ് ദാവീദ് കണക്കെടുപ്പ് നടത്തിയതെന്ന കണ്ടുപിടുത്തത്തിന് ബൈബിളിന്റെ അംഗീകാരമില്ല. സത്യത്തിൽ ശാമുവേലിന്റെ പുസ്തകത്തിന്റെ കർത്താവ് ദൈവമാണ് ദാവീദിനെ പ്രേരിപ്പിച്ചതെന്നും ദിനവൃത്താന്തത്തിന്റെ കർത്താവ് സാത്താനാണ് പ്രചോദിപ്പിച്ചതെന്നും കരുതിക്കൊണ്ടാണ് തങ്ങളുടെ പുസ്തകങ്ങൾ എഴുതിയിരിക്കുന്നതെന്ന് പ്രസ്തുത പുസ്തകങ്ങളുടെ നടേ സൂചിപ്പിച്ച അധ്യായങ്ങൾ ഒരു തവണയെങ്കിലും വായിച്ചാൽ ബോധ്യമാകും. എന്തെന്ത് വിശദീകരണങ്ങൾ നൽകിയാലും ഈ വൈരുധ്യം വൈരുധ്യമായിത്തന്നെ തുടരുമെന്നർത്ഥം.

വംശാവലിയിലുള്ള വൈരുദ്ധ്യത്തിന് നൽകപ്പെട്ട വിശദീകരണവും തഥൈവ.

മത്തായിയുടെയും ലൂക്കോസിൻെറയും സുവിശേഷങ്ങൾ പ്രദാനം ചെയ്യുന്ന വംശാവലികൾ തമ്മിലുള്ള വൈരുദ്ധ്യം എക്കാലഘട്ടത്തിലേയും ബൈബിൾ വ്യാഖ്യാതാക്കൾക്ക് തലവേദയുണ്ടാക്കിയിട്ടുള്ളതാണ്. 'വൈരുദ്ധ്യങ്ങളിലേക്കല്ല, ഇസ്രായേലിൻെറ രക്ഷകനെന്ന യഹൂദ സങ്കൽപം പൂർത്തീകരിക്കപ്പെട്ടിരിക്കുന്നത് യേശുവിലാണെന്ന സുവിശേഷകന്മാരുടെ സന്ദേശങ്ങളിലേക്കാണ് നാം ശ്രദ്ധ ചെലുത്തേണ്ടത് എന്നു പറയുകയാണ് പൊതുവെ പണ്ഡിതന്മാർ ചെയ്തു പോന്നിട്ടുള്ളത്. എന്നാൽ ചില സുവിശേഷകന്മാർ ദുർന്യായങ്ങളിലൂടെ ഈ വൈരുദ്ധ്യത്തെ ന്യായീകരിക്കാൻ ശ്രമിക്കാറുണ്ട്. അതിങ്ങനെയാണ്: 'മത്തായി യേശുവിൻെറ പിതാവായി കരുതപ്പെട്ടിരുന്ന യോസഫിൻെറയും ലൂക്കോസ് യേശുവിൻെറ മാതാവായ മറിയത്തിൻെറയും വംശാവലിയാണ് പറഞ്ഞിരിക്കുന്നത്. ലൂക്കോസ് പറഞ്ഞ ഹേലി മറിയത്തിൻെറ പിതാവാണ്. ഹേലിയുടെ ജാമാതാവായ യോസഫിനെക്കുറിച്ച് പുത്രനെന്നു പറഞ്ഞുവെന്നു മാത്രമെയുള്ളു. യാഥാർത്ഥത്തിൽ യോസഫിൻെറ പിതാവ് യാക്കോബാണ്'

ഇത് അടിസ്ഥാനരഹിതമായ ഒരു ന്യായീകരണത്തിൽ കവിഞ്ഞ് മറ്റൊന്നുമല്ല. ലൂക്കോസിൻെറ സുവിശേഷത്തിൽ വംശാവലി വിവരിച്ചിടത്ത് മറിയയുടെ പേരു പോലും പരാമർശിക്കപ്പെട്ടിട്ടില്ല. മാത്രവുമല്ല, സുവിശേഷങ്ങളുടെയോ മറ്റേതെങ്കിലും ഗ്രന്ഥങ്ങളുടെയോ പിന്തുണ ഈ വാദത്തിനില്ല. മറിയയുടെ വംശാവലിയാണ് ലൂക്കോസ് വിവരിക്കുന്നതെങ്കിൽ അതു നേർക്കുനേരെ പറയുന്നതിൽ നിന്ന് അദ്ദേഹത്തെ തടഞ്ഞു നിർത്തിയത് എന്താണെന്ന ചോദ്യത്തിന് തൃപ്തികരമായ മറുപടി നൽകാൻ ഈ വാദത്തിൻെറ വക്താക്കൾക്കൊന്നും കഴിഞ്ഞിട്ടില്ല. പ്രഗത്ഭരായ ബൈബിൾ പണ്ഡിതന്മാരെല്ലാം ഈ വാദത്തെ തിരസ്കരിക്കുകയാണ് ചെയ്തിരിക്കുന്നത്.

മത്തായിയും ലൂക്കോസും വിവരിക്കുന്ന വംശാവലികളിലെ വൈരുധ്യം പരിഹരിക്കാൻ പിന്നീട് നിർദ്ദേശിക്കപ്പെടാറുള്ളത് ലേവ്യ വിവാഹമെന്ന ആശയമാണ്. ആവർത്തന പുസ്തകത്തിൽ (25:5-10) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വിവാഹരീതിയാണിത്. മൂത്ത സഹോദരൻ മക്കളില്ലാതെ മരിച്ചാൽ അയാളുടെ വിധവയിൽ ഇളയസഹോദരൻ അയാൾക്കുവേണ്ടി മക്കളെ ജനിപ്പിക്കണം എന്നാണ് നിയമം. ഇളയവനിൽ മൂത്തവൻെറ ഭാര്യക്ക് ജനിച്ച മകൻ മൂത്തവൻെറ മകനായാണ് അറിയപ്പെടുക. യേശുപിതാവായ യോസഫിൻെറ പിതാവായി മത്തായി പറയുന്നത് യാക്കോബിനെയും ലൂക്കോസ് പറയുന്നത് ഹേലിയെയുമാണല്ലോ. യോസഫിൻെറ പിതാവായി മത്തായി പറഞ്ഞ യാക്കോബും ലൂക്കോസ് പറഞ്ഞ ഹേലിയും സഹോദരന്മാരായിരുന്നിരിക്കണമെന്നും ഇളയ സഹോരനായ യാക്കോബിൻെറ പുത്രനാണ് യോസഫെങ്കിലും മൂത്ത സഹോരനായ ഹേലിയുടെ പുത്രനായാണ് അറിയപ്പെടുന്നതെന്നുമാണ് വാദം. മത്തായി യോസഫിൻെറ സ്വാഭാവിക വംശപരമ്പരയും ലൂക്കോസ് നിയമപ്രകാരമുള്ള വംശപരമ്പരയുമാണ് പകർത്തുകയാണുണ്ടായതെന്നും വാദിക്കപ്പെടുന്നു. മൂന്നാം നൂറ്റാണ്ടു മുതൽക്കുള്ള ക്രൈസ്തവ പണ്ഡിതന്മാരിൽ മിക്കവരും സ്ഥിരീകരിച്ച വ്യാഖ്യാനമാണിത്.



ഈ വ്യാഖ്യാനം ശരിയല്ലാത്തതിനാൽ ആധുനിക ബൈബിൾ പണ്ഡിതന്മാരെല്ലാം ഇത് കയ്യൊഴിച്ചിരിക്കുകയാണ്. അതിന് കാരണം താഴെ പറയുന്നവയാണ്.

(1) ഹേലിയും യാക്കോബും സഹോദരന്മാരായിരുന്നുവെങ്കിൽ അവർ രണ്ടു പേരുടേയും പിതാക്കൾ ഒരാളായിരിക്കണമല്ലോ. മത്തായി പ്രകാരം യാക്കോബിൻെറ പിതാവ് മത്ഥാനും ലൂക്കോസ് പ്രകാരം ഹേലിയുടെ പിതാവ് മത്ഥാത്തുമാണ്. എന്നാൽ ഇത് സുവിശേഷ കർത്താക്കൾക്കു പറ്റിയ ചെറിയ കൈപ്പിഴ (ദൈവനിവേശനത്തിൽ കൈപിഴയും!)യാണെന്ന് വാദിക്കാവുന്നതാണ്. മത്ഥാത്ത്, മത്ഥാൻ തുടങ്ങിയ പേരുകൾ സദൃശങ്ങളാണല്ലോ. ഇവിടെയും പ്രശ്നമുണ്ട്. മത്ഥാത്തിൻെറ പിതാവായി ലേവിയും (ലൂക്കോസ്) മത്ഥാനിൻെറ പിതാവായി എലിയാസറുമാണ് (മത്തായി) പരാമർശിക്കപ്പെട്ടിരിക്കുന്നത്. എലിയാസറും ലേവിയും ഒരേ വ്യക്തിയുടെ രണ്ടു പേരുകളാണെന്ന് വാദിക്കപ്പെടാം. എന്നാൽ ഏലിയാസർ ഏലിഹൂദിൻെറ മകനും ലേവി മെൽക്കിയുടെ മകനുമാണ്.

(2) ലേവ്യ വിവാഹ സമ്പ്രദായ പ്രകാരം ഉണ്ടായ പുത്രനാണ് യോസഫെങ്കിൽ പിന്നെ എങ്ങനെയാണ് അദ്ദേഹം യഥാർത്ഥ പിതാവായ യാക്കോബിൻെറ മകനായി അറിയപ്പെടുക? ഇളയ സഹോദരനാണ് മകൻ ഉണ്ടാകുന്നതെങ്കിലും മൂത്ത സഹോദരൻെറ മകനായാണല്ലോ അറിയപ്പെടേണ്ടത്. പിന്നെയെന്തിനാണ് മത്തായി യഥാർത്ഥ പിതാവിൻെറ വംശാവലി സ്വീകരിച്ചത്?

(3) മർക്കോസ് 12:18-27 ൽ നിന്ന് യേശുവിൻെറ കാലത്ത് ലേവ്യ വിവാഹം നിലനിന്നിരുന്നില്ലെന്നാണ് മനസ്സിലാകുന്നത്. അതിനാൽ സുവിശേഷകന്മാർ ലേവ്യവിവാഹനിയമപ്രകാരമുള്ള വംശാവലി തേടിപ്പോയിയെന്ന് അനുമാനിക്കുന്നതിൽ കഴമ്പില്ല.

(4) ലേവ്യ വിവാഹമെന്ന ആശയം വംശാവലിയിലെ അന്ത്യത്തിലെ വ്യതിരിക്തത വിശദീകരിക്കാൻ മാത്രമേ ഉപകരിക്കൂ. വംശാവലി മുഴുവൻ വ്യത്യാസമുണ്ട്. ദാവീദിൻെറ പുത്രനായ സോളമനിലൂടെ മത്തായിയും നാഥാനിലൂടെ ലൂക്കോസും വംശാവലി സ്വീകരിച്ചതുകൊണ്ടാണ് ഈ വൈരുദ്ധ്യങ്ങളുണ്ടായത്. ഇത് സ്വീകരിച്ചതിന് ആധാരമാക്കിയത് വ്യത്യസ്ത രേഖകളായതിനാൽ മറ്റു സ്ഥലങ്ങളിലും വൈരുധ്യമുണ്ട്. സെറൂബാബേലിൻെറ മകൻ അഹിഹൂദാണെന്ന് മത്തായിയും രേസയാണെന്ന് ലൂക്കോസും പറയുന്നത് ഒരു ഉദാഹരണം.

ഇതേപോലെതന്നെയാണ് വൈരുധ്യങ്ങൾക്ക് നൽകപ്പെട്ട വിശദീകരണങ്ങളോരോന്നുമെന്നുള്ളതാണ് വസ്തുത. നടേ ഉദ്ധരിക്കപ്പെട്ട പല വൈരുധ്യങ്ങൾക്കും വിശദീകരണം നൽകാൻ മറുപടിയെന്ന പേരിൽ പ്രസിദ്ധീകരിച്ച പുസ്തകത്തിൻെറ കർത്താക്കൾ സന്നദ്ധമായിട്ടില്ല. തങ്ങൾ മറുപടി പറഞ്ഞുവെന്ന് വരുത്തിത്തീർക്കാനായി ഏതാനും എണ്ണം നമ്പരിട്ട് കൊടുത്തുവെന്നല്ലാതെ ഇതിൽ ഉദ്ധരിക്കപ്പെട്ട ഒരു വൈരുധ്യത്തിനുപോലും തൃപ്തികരവും വസ്തുനിഷ്ഠവുമായ മറുപടി നൽകാൻ സുവിശേഷകർക്ക് കഴിഞ്ഞിട്ടില്ല; കഴിയുകയുമില്ല.

**അനുബന്ധം 12**

## ചില പുസ്തകങ്ങൾ എന്തുകൊണ്ട് തിരസ്ക്കരിക്കപ്പെട്ടു?

ആയിരത്തിൽപരം വർഷങ്ങൾക്കുള്ളിൽ അനേകം പേരാൽ രചിക്കപ്പെട്ട കുറേ പുസ്തകങ്ങളുടെ സമാഹാരമാണ് ബൈബിൾ. ഈ പുസ്തകങ്ങളുടെ കർത്താക്കൾ എഴുതിയ കോപ്പികൾ നമുക്ക് ഇന്ന് ലഭ്യമല്ല. പകർപ്പുകൾ മാത്രമാണ് ഉപലബ്ധമായിരിക്കുന്നത്. ബൈബിൾ പണ്ഡിതനായ ഡോ.മൈക്കിൾ കാരിമറ്റം എഴുതുന്നത് കാണുക: 'വിശുദ്ധഗ്രന്ഥകാരന്മാർ എഴുതിയ കയ്യെഴുത്തു പ്രതികൾ ഇന്നു ലഭ്യമല്ല. പലതവണ പകർത്തിയെഴുതിയതിൻെറ പകർപ്പുകൾ മാത്രമാണ് നമുക്ക് ലഭിച്ചിരിക്കുന്നത്. ഈ കയ്യെഴുത്തു പ്രതികളിൽ ഏതാണ് മൂല ഗ്രന്ഥത്തോട് ഏറ്റവും വിശ്വസ്തമായത് എന്ന് നിശ്ചയിക്കാൻ സൂക്ഷ്മമായ പഠനം ആവശ്യമുണ്ട്'.

ലഭ്യമായതിൽ ഏറ്റവും പുരാതനമായ ബൈബിളിൻെറ ലിഖിത രേഖ ഖുംറാൻ ചുരുളുകൾ (Qumran Scrolls) എന്നും ചാവുകടൽ ചുരുളുകൾ (Dead Sea Scrolls) എന്നും അറിയപ്പെടുന്ന തോൽചുരുളുകളിൽ എഴുതപ്പെട്ട ലിഖിതങ്ങളാണ്. 1947നും 1960നുമിടക്ക് ചാവുകടലിൻെറ വടക്കുപടിഞ്ഞാറൻ തീരത്തുള്ള ഗുഹകളിൽ നിന്ന് കണ്ടെടുത്ത ചുരുളുകളാണിവ. ഇവയിൽ ഇന്ന് ബൈബിളിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളുടെ ഭാഗങ്ങളും ബൈബിളിൽ നിന്ന് ഒഴിവാക്കപ്പെട്ട ഗ്രന്ഥങ്ങളുടെ ഖണ്ഡങ്ങളും ബൈബിളുമായി യാതൊരു ബന്ധവുമില്ലാത്ത ഗ്രന്ഥങ്ങളുമെല്ലാം ഉൾക്കൊള്ളുന്നുണ്ട്. ക്രിസ്തുവിനു മുമ്പ് മൂന്നാം നൂറ്റാണ്ടിൻെറ അന്ത്യത്തിലും ക്രിസ്താ

ബ്ദം ഏഴിനുമിടയിൽ രചിക്കപ്പെട്ടവയാണ് ചാവുകടൽ ചുരുളുകളെന്നാണ് അവയിൽ ഉപയോഗിക്കപ്പെട്ടിരിക്കുന്ന ഭാഷയും ശൈലിയും വ്യക്തമാക്കുന്നത്. ഇതിൽ ഇന്ന് ഉപയോഗിക്കപ്പെടുന്ന ബൈബിളുമായി ബന്ധമുള്ള പൂർണഗ്രന്ഥമായി യെശയ്യാവിൻെറ പുസ്തകം മാത്രമാണുള്ളത്. നൂറോളം ചുരുൾ ഖണ്ഡങ്ങളിലായി മറ്റു ചില പഴയ നിയമ പുസ്തകങ്ങളുടെയും ഭാഗങ്ങൾ ചാവുകടൽ ചുരുളുകളിലുണ്ട്.

ചാവുകടൽ ചുരുളുകൾ കണ്ടെത്തുന്നതുവരെ ഏറ്റവും പുരാതനമായ ഹിബ്രു കൈയെഴുത്തു പ്രതികളായി കരുതപ്പെട്ടിരുന്നത് ക്രിസ്താബ്ദം 894ൽ എഴുതപ്പെട്ട കെയ്റോ കോഡക്സും (Cairo Codex) 930ൽ എഴുതപ്പെട്ട അലെപ്പോ കോഡക്സും (Aleppo Codex) 1008 ൽ എഴുതപ്പെട്ട ലെനിൻഗ്രാഡ് കോഡക്സും (Lenin Grad Codex) ആയിരുന്നു. തോൽഷീറ്റുകൾ ചേർത്ത് ഒട്ടിച്ച് മടക്കി പുസ്തകരീതിയിലാക്കിയ പുരാതന രേഖകളാണ് കോഡക്സുകൾ എന്നറിയപ്പെടുന്നത്.

ഗ്രീക്കുബൈബിളിൻെറ ഉപലബ്ധമായിട്ടുള്ള ഏറ്റവും പുരാതനമായ കൈയെഴുത്തു പ്രതി കോഡക്സ് സിനൈറ്റിക്കസ് (Codex Sinaticus) ആണ്. ക്രിസ്താബ്ദം നാലാം ശതകത്തിൽ രൂപമെടുത്തതെന്ന് കരുതപ്പെടുന്ന ഈ കോഡക്സ് 1859ൽ സീനായ് മലയിലെ ഒരു ഗുഹയിൽ നിന്നാണ് കണ്ടെടുത്തത്. ഈ കൈയെഴുത്തു രേഖയിൽ പുതിയനിയമത്തിലെ മുഴുവൻ ഭാഗത്തോടുമൊപ്പം ഇന്ന് ബൈബിളിൽ ചേർക്കാത്ത ബർണബാസിൻെറ ലേഖനവും ഹെർമാസിൻെറ ഇടയൻ എന്ന ലേഖനത്തിൻെറ ഭാഗങ്ങളും ചേർത്തിരിക്കുന്നു. പഴയനിയമത്തിൻെറ അവസാനഭാഗത്ത് മക്കാബായരുടെ നാലാം ലേഖനം എന്ന ഒരു പുസ്തകവും ഇന്ന് ബൈബിളിൽ ഇല്ലാത്തതായി ചേർക്കപ്പെട്ടിട്ടുണ്ട്.

ക്രിസ്താബ്ദം അഞ്ചാം നൂറ്റാണ്ടിൽ എഴുതിയതാണെന്ന് കരുതപ്പെടുന്ന കോഡക്സ് അലക്സാൺഡ്രിയസ് (Codex Alexandrius) ആണ് പുരാതനമായ മറ്റൊരു കയ്യെഴുത്തുപ്രതി. 1627ൽ അലക്സാൺഡ്രിയായിൽ വെച്ചാണ് ഇത് കണ്ടെടുക്കപ്പെട്ടത്. ഇത് എഴുതപ്പെടുമ്പോൾ പുതിയനിയമത്തിലെയും പഴയനിയമത്തിലേയും മുഴുവൻ പുസ്തകങ്ങളും അതോടൊപ്പം ഇന്ന് ബൈബിളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ക്ലെമൻറിൻെറ ഒന്നും രണ്ടും ലേഖനങ്ങൾ, ശലോമോൻെറ സങ്കീർത്തനങ്ങൾ തുടങ്ങിയ ഗ്രന്ഥങ്ങളും ഉണ്ടായിരുന്നു. മത്തായിയുടെ സുവിശേഷത്തിൻെറയും, ഉൽപത്തിപുസ്തകത്തിൻെറയും സിംഹഭാഗവും നഷ്ടപ്പെട്ട രീതിയിലാണ് ഈ കോഡക്സ് ലഭിച്ചിരിക്കുന്നത്.



നാലാം നൂറ്റാണ്ടിൽ എഴുതപ്പെട്ടതാണെന്ന് കരുതപ്പെടുന്ന മറ്റൊരു പുരാതന കൈയെഴുത്ത് രേഖയാണ് കോഡക്സ് വത്തിക്കാനസ് (Codex Vaticanus). റോമിലെ വത്തിക്കാൻ ലൈബ്രറിയിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന ഈ കോഡക്സിലെ പല ഭാഗങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട്.

ക്രിസ്താബ്ദം 200നും 250നുമിടക്ക് എഴുതപ്പെട്ടതെന്ന് വിചാരിക്കുന്ന മറ്റൊരു കൈയ്യെഴുത്തു രേഖ കൂടിയുണ്ട്. ചെസ്റ്റർ ബീറ്റി പേപ്പിറി (Chester Beatty Papyri) എന്നറിയപ്പെടുന്ന പാപ്പിറസ് രേഖയിൽ ഒരുവിധമെല്ലാ പുതിയനിയമപുസ്തകങ്ങളുമുണ്ട്.

ഇങ്ങനെ, ഇന്ന് ഒരുപാട് കൈയെഴുത്തുരേഖകൾ നമ്മുടെ കൈവശമുണ്ട്. നാലായിരത്തോളം കൈയെഴുത്തു രേഖകൾ ബൈബിളിൻേറതായി ഉപലബ്ധമായിട്ടുണ്ട്. എന്നാൽ ഇതിലധികവും സമ്പൂർണ്ണ രേഖകളല്ല. പണ്ഡിതനായ പി.റ്റി.കുരുവിള എഴുതുന്നത് കാണുക: ‘ഇപ്പോൾ ഏകദേശം 4000 ബൈബിളിൻെറ കൈയ്യെഴുത്തു പ്രതികൾ നിലവിലുണ്ട്. അവയിൽ ചിലതിൽ ബൈബിളിലെ ചില ഭാഗങ്ങൾ മാത്രമേ ഉള്ളൂ. ഈ കയ്യെഴുത്തു പ്രതികൾ രണ്ടാം ശതകത്തിനും പതിനഞ്ചാം ശതകത്തിനും മധ്യത്തിലെഴുതിയിട്ടുള്ളതായി അനുമാനിക്കപ്പെടുന്നു’.

**യഹൂദന്മാരുടെ കാനോൻ**

വിവരിക്കപ്പെട്ട വ്യത്യസ്തങ്ങളായ കൈയെഴുത്തു രേഖകളുടെ അടിസ്ഥാനത്തിലാണ് വ്യത്യസ്ത കാലഘട്ടത്തിലുണ്ടായിരുന്ന കാനോനുകളെക്കുറിച്ച് മനസ്സിലാക്കുന്നത്. ക്രിസ്തുവിന് നാലു നൂറ്റാണ്ടുകൾക്കു മുമ്പ് തന്നെ ഇന്ന് കാണുന്ന രീതിയിലുള്ള പഞ്ചഗ്രന്ഥങ്ങൾ യഹൂദർക്കിടയിൽ വിശുദ്ധഗ്രന്ഥങ്ങളായി അംഗീകരിക്കപ്പെട്ടിരുന്നുവെന്നാണ് ബൈബിൾ പണ്ഡിതന്മാരുടെ പക്ഷം. ബി.സി. രണ്ടാം ശതകത്തിൻെറ ആരംഭമായപ്പോഴേക്കും ‘നെബയിം’ വിഭാഗത്തിൽപെട്ട ഒട്ടു മുക്കാൽ ഗ്രന്ഥങ്ങളും ‘കെത്തുബിം’ വിഭാഗത്തിൽ പെട്ട ‘ദാനിയേൽ’ ഒഴിച്ചുള്ള ഗ്രന്ഥങ്ങളും യഹൂദന്മാർ

കാനോനായി അംഗീകരിച്ചിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. എന്നാൽ ഇവ മാത്രമായിരുന്നില്ല യഹൂദന്മാർ വിശുദ്ധഗ്രന്ഥങ്ങളായി കരുതിപ്പോന്നിരുന്നത്. ഇന്ന് ബൈബിളിൽ കാണപ്പെടാത്ത കുറെയേറെ ഗ്രന്ഥങ്ങൾ അന്ന് പാരായണം ചെയ്യപ്പെടുകയും പ്രചരിപ്പിക്കപ്പെടുകയും ചെയ്തിരുന്നു. പുതിയ നിയമപുസ്തകങ്ങളിൽ പോലും ഈ ഗ്രന്ഥങ്ങളിൽ നിന്ന് ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. ഡോ. മൈക്കിൾ കാരിമറ്റം എഴുതുന്നത് കാണുക: 'ഇന്ന് ബൈബിളിന്റെ ഭാഗമായി ആരും അംഗീകരിക്കാത്ത ചില പുസ്തകങ്ങളിൽ നിന്നുള്ള ഉദ്ധരണികളും പുതിയ നിയമത്തിൽ കാണാം. ഉദാ: യൂദാസ് എഴുതിയ ലേഖനം 14-ാം വാക്യം "കണ്ടാലും, കർത്താവ് തന്റെ വിശുദ്ധരുടെ പതിനായിരങ്ങളുടെ കൂടെ ആഗതനായിരിക്കുന്നു". എനോക്കിന്റെ ഒന്നാം പുസ്തകം 1,9ൽ നിന്നുള്ള ഉദ്ധരണിയാണിത്. യൂദാ: 9ൽ കൊടുത്തിരിക്കുന്ന മോശയുടെ ശരീരത്തെച്ചൊല്ലി പിശാചിനോട് തർക്കിച്ച മിഖായേലിന്റെ ചിത്രം "മോശയുടെ സ്വർഗാരോഹണം" എന്ന ഗ്രന്ഥത്തിൽ നിന്നെടുത്തതാണ്. 'അവൻ നസ്രായൻ എന്നു വിളിക്കപ്പെടും' (മത്തായി 2:23)എന്ന പ്രവചനം ഇന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്ന പഴയനിയമത്തിൽ നിന്നല്ല, മറ്റേതോ പുസ്തകത്തിൽ നിന്ന് എടുത്തതായിരിക്കണം. ഇതിൽ നിന്നെല്ലാം വ്യക്തമാവുന്നത് പുതിയ നിയമം രചിക്കപ്പെട്ട കാലത്ത് ബൈബിളിലെ പുസ്തകങ്ങളെക്കുറിച്ച് യൂഹദരുടെ ഇടയിൽ അന്തിമായ ഒരു തീരുമാനം നിലവിൽ വന്നിരുന്നില്ല എന്നാണ്'.

ക്രിസ്താബ്ദം ആദ്യ നൂറ്റാണ്ടിലെ യഹൂദന്മാർക്കിടയിൽ രണ്ടു തരം വേദഗ്രന്ഥങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു. പലസ്തീനായിലെ യഹൂദർ എബ്രായഭാഷയിലുള്ള പഴയനിയമപുസ്തകങ്ങളാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ റോമാ സാമ്രാജ്യത്തിന്റെ ഇതരഭാഗങ്ങളിൽ ജീവിച്ചിരുന്ന യഹൂദന്മാർ അലക്സാൺഡ്രിയയിൽ വെച്ചു വിവർത്തനം ചെയ്യപ്പെട്ട സെപ്റ്റജിൻറ് (Septagint) എന്ന പഴയനിയമപുസ്തകങ്ങളുടെ ഗ്രീക്ക് പരിഭാഷയാണ് ഉപയോഗിച്ചിരുന്നത്. ഈ രണ്ട് പഴയ നിയമപ്രതികളും തമ്മിൽ സാരമായ ഒരു അന്തരമുണ്ടായിരുന്നു. കത്തോലിക്കർ ഉത്തര കാനോനികഗ്രന്ഥങ്ങളെന്നു വിളിക്കുന്ന ഗ്രന്ഥങ്ങൾ കൂടി സെപ്റ്റജിൻറ് പ്രതിയിൽ ഉണ്ടായിരുന്നു. എന്നാൽ ക്രിസ്താബ്ദം 80നും 100നുമിടക്ക് നടന്ന യഹൂദ റബ്ബിമാരുടെ യാമ്നിയാ സമ്മേളനത്തിൽ വെച്ച് എബ്രായ ഭാഷയിലുള്ള



ഗ്രന്ഥങ്ങൾ മാത്രമേ പ്രമാണികമായി പരിഗണിക്കേണതുള്ളൂവെന്ന് തീരുമാനിക്കപ്പെട്ടു. ഗ്രീക്ക്-അരമായ ഭാഷകളിലുള്ളതും പല യഹൂദ സമൂഹങ്ങളും ബൈബിളിന്റെ ഭാഗമായി സ്വീകരിച്ചിരുന്നതുമായ മറ്റു ഗ്രന്ഥങ്ങൾ അവർ അപ്രാമാണികമായി തള്ളി. സെപ്റ്റജിൻറിൽ ഉണ്ടായിരുന്ന, യഹൂദന്മാരാൽ തള്ളപ്പെട്ട ഗ്രന്ഥങ്ങൾ സ്വീകരിക്കണമോ വേണ്ടയോ എന്ന കാര്യത്തിൽ ആദ്യകാലം മുതൽക്കു തന്നെ ക്രൈസ്തവർക്കിടയിൽ അഭിപ്രായന്തരം നിലനിന്നിരുന്നു. ക്രിസ്താബ്ദം 1545നും 1563നുമിടക്ക് നടന്ന ത്രെന്തോസ് സുനഹദോസ് ഈ പുസ്തകങ്ങൾ കൂടി വേദ പുസ്തകത്തിന്റെ ഭാഗമാണെന്ന് വിശ്വസിക്കൽ നിർബന്ധമാണെന്ന് പ്രഖ്യാപിച്ചതോടുകൂടി ഇവ കൂടി കത്തോലിക്കാ ബൈബിളിന്റെ അവിഭാജ്യഭാഗമായി മാറി. അവർ ഈ ഗ്രന്ഥങ്ങളെ ഉത്തരകാനോനിക (Deutero Canonical) മെന്നു വിളിച്ചപ്പോൾ പ്രൊട്ടസ്റ്റൻറുകാർ ത്രെന്തോസ് സുനഹദോസിന്റെ തീരുമാനം അംഗീകരിക്കാതെ ഇവയെ ഒഴിവാക്കപ്പെട്ട ഗ്രന്ഥങ്ങളായ അപ്പോക്രിഫ (Apocrypha) യുടെ കൂടെയാണ് ഉൾപ്പെടുത്തിയത്.

**പുതിയ നിയമ കാനോൻ**

പുതിയനിയമത്തിന് ആദ്യമായി ഒരു കാനോൻ നിർമിച്ചത് രണ്ടാം നൂറ്റാണ്ടിൽ ഏഷ്യാമൈനറിൽ ജീവിച്ച മാർസിയോൺ (Marcion) എന്ന ഒരു ധനികനാണ്. പഴയനിയമത്തിലെ ക്രൂരനായ ദൈവം അടിമകളാക്കി വെച്ചിരുന്ന മനുഷ്യരെ സ്വന്തം രക്തം വിലയായി നൽകി മോചിപ്പിക്കുകയാണ് സ്വർഗത്തിൽ നിന്നിറങ്ങിവന്ന യേശുക്രിസ്തു ചെയ്തതെന്ന തന്റെ തത്വം പ്രചരിപ്പിക്കുവാൻ വേണ്ടിയാണ് ലൂക്കോസിന്റെ സുവിശേഷവും പൗലോസിന്റെ പത്തു ലേഖനങ്ങളും കൂട്ടിച്ചേർത്ത് മാർസിയോൺ ഒരു വേദപുസ്തകമുണ്ടാക്കിയത്. 'സാത്താന്റെ ആദ്യജാതൻ' എന്ന് ക്രിസ്തുമതവിശ്വാസികൾ വിളിക്കുന്ന മാർസിയോൺ ആണ് ആദ്യത്തെ കാനോനിന്റെ കർത്താവെന്നു സാരം.

ഗ്രീക്കു ബൈബിളിന്റെ ഏറ്റവും പുരാതനമായ കൈയെഴുത്തു പ്രതിയായ കോഡക്സ് സിനൈറ്റിക്കസ് രൂപമെടുത്തത് ക്രിസ്താബ്ദം നാലാം ശതകത്തിലാണെന്ന് പറഞ്ഞുവല്ലോ. ഇതിൽ ബർണബാസിന്റെ ലേഖനം, ഹെർമാസിന്റെ ഇടയൻ എന്നീ ലേഖനങ്ങൾ കൂടി പുതിയ നിയമത്തോടൊപ്പമുണ്ടെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. ക്രിസ്താബ്ദം നാലാം നൂറ്റാണ്ടിൽ പോലും ഏതെല്ലാം

ഗ്രന്ഥങ്ങളാണ് പുതിയ നിയമത്തിൽ ഉൾപ്പെടുത്തേണ്ടത് എന്ന കാര്യത്തിൽ അന്തിമമായ ഒരു തീരുമാനമുണ്ടായിരുന്നില്ലെന്നാണല്ലോ ഇതു കാണിക്കുന്നത്.

**ഉപേക്ഷിക്കപ്പെട്ട ഗ്രന്ഥങ്ങൾ**

പഴയ നിയമത്തിലും പുതിയ നിയമത്തിലും ആദ്യകാലത്ത് ഉൾപ്പെടുത്തപ്പെട്ടിരുന്നവയും പിന്നീട് ഉപേക്ഷിക്കപ്പെട്ടതുമായ അനവധി പുസ്തകങ്ങളുണ്ടെന്ന് പറഞ്ഞുവല്ലോ. ഈ പുസ്തകങ്ങളിൽ കത്തോലിക്കാ ബൈബിളിൻെറ പഴയനിയമത്തിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങളെ കത്തോലിക്കർ ഉത്തര കാനോനിക ഗ്രന്ഥങ്ങളെന്നാണ് വിളിക്കുന്നതെങ്കിലും പൊതുവെ അപ്പോക്രിഫ എന്ന പേരിലാണ് അവ അറിയപ്പെടുന്നത്. 'ഒളിച്ചുവെക്കപ്പെട്ടത്', 'നിഗൂഢമായത്' എന്നിങ്ങനെയാണ് അപ്പോക്രിഫയെന്ന ഗ്രീക്കുപദത്തിനർത്ഥം.

**സ്യൂഡിപിഗ്രാഫ**

കത്തോലിക്കാ ബൈബിളിൻെറ ഭാഗമായ ഏതാനും ചില അപ്പോക്രിഫാ ഗ്രന്ഥങ്ങളെക്കൂടാതെ, ആദ്യകാലത്തെ യഹൂദന്മാരും ക്രിസ്ത്യാനികളും ഉപയോഗിക്കുകയും പിന്നീട് കാനോനിൽ ഉൾപ്പെടുത്താതിരിക്കുകയും ചെയ്ത ഒട്ടനവധി ഗ്രന്ഥങ്ങളുണ്ട്. ഇവയെ സ്യൂഡിപിഗ്രാഫ (Pseudepigrapha) എന്നു പറയുന്നു. ഈ വിഭാഗത്തിൽ പെട്ട അറുപത്തഞ്ചോളം പുസ്തകങ്ങളുണ്ടായിരുന്നുവെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇവയിൽ നിന്ന് പുതിയ നിയമലേഖനങ്ങളിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇവയിൽ ചിലതെങ്കിലും ആദ്യകാല ക്രൈസ്തവർ വൈദികഗ്രന്ഥമായി പരിഗണിച്ചിരുന്നവയാണെന്ന് മനസ്സിലാക്കാം. സ്യൂഡിപിഗ്രാഫയായി പണിഗണിക്കപ്പെടുന്ന ഗ്രന്ഥങ്ങൾ താഴെ പറയുന്നവയാണ് :

1. എനോക്കിൻെറ എത്യോപ്യൻ വെളിപാട്
2. എനോക്കിൻെറ സ്ലാവോണിക് വെളിപാട്
3. എനോക്കിൻെറ ഹിബ്രു വെളിപാട്

സിബില്ലിയനിൻെറ അരുളപ്പാടുകൾ

ശേമിൻെറ പ്രബന്ധം

എസെക്കിയേലിൻെറ അപ്പോക്രിഫ

സെഫന്യാവിൻെറ വെളിപാട്



4. എസ്രാ

എസ്രായുടെ ഗ്രീക്ക് വെളിപാട്

എസ്രായുടെ ദർശനം

എസ്രായുടെ ചോദ്യങ്ങൾ

എസ്രായുടെ വെളിപാട്

സെദ്രാക്കിൻെറ വെളിപാട്

2. ബാറൂക്കിൻെറ സിറിയൻ വെളിപാട്
3. ബാറൂക്കിൻെറ ഗ്രീക്ക് വെളിപാട്

അബ്രഹാമിൻെറ വെളിപാട്

ആദാമിൻെറ വെളിപാട്

എലിജായുടെ വെളിപാട്

ദാനിയേലിൻെറ വെളിപാട്

പന്ത്രണ്ട് പാത്രിയാർക്കീസുമാരുടെ നിയമം

ജോബിൻെറ നിയമം

മൂന്ന് പാത്രിയാർക്കീസുമാരുടെ നിയമം

അബ്രാഹാമിൻെറ നിയമം

ഇസ്ഹാഖിൻെറ നിയമം

യാക്കോബിൻെറ നിയമം

മോശെയുടെ നിയമം

സോളമൻെറ നിയമം

അരിസ്തിയാസിൻെറ കത്ത്

ജൂബിലികൾ

യെശയ്യാവിൻെറ രക്തസാക്ഷിത്വവും ആരോഹണവും

യോസഫും അസെനത്തും

ആദാമിൻെറയും ഹവ്വയുടെയും ജീവിതം

കൃത്രിമ ഫിലോ

പ്രവാചകന്മാരുടെ ജീവിതം

യാക്കോബിൻെറ കോണി

4. ബാറൂക്ക്

ജെന്നുകളും ജേംബറുകളും

റെക്കാബൈറ്റുകളുടെ ചരിത്രം

അഹികാർ

3. മക്കാബായർ

4. മക്കാബായർ

കൃത്രിമ ഫോസലൈഡുകൾ

സിറിയൻ മെനാൻഡറുടെ വാചകങ്ങൾ

ദാവീദിൻെറ കൂടുതൽ സങ്കീർത്തനങ്ങൾ

മെനാസ്സേഹിൻെറ പ്രാർത്ഥന

സോളമൻെറ സങ്കീർത്തനങ്ങൾ

യവന സിനഗോഗൽ പ്രാർത്ഥന

യോസഫിൻെറ പ്രാർത്ഥന

യാക്കോബിൻെറ പ്രാർത്ഥന

സോളമൻെറ അർച്ചനാലാപ കാവ്യം

സ്യൂഡിപിഗ്രാഫയെന്ന ഗ്രീക്കുപദത്തിന് 'മേലെഴുത്തുകൾ വ്യാജമായ രേഖകൾ' എന്നാണർത്ഥം. ബി.സി.മൂന്നാം നൂറ്റാണ്ടിന്റെയും ക്രിസ്താബ്ദം രണ്ടാം നൂറ്റാണ്ടിന്റെയും ഇടയിൽ രചിക്കപ്പെട്ടതെന്ന് കരുതപ്പെടുന്ന ഇവയുടെ രചയിതാക്കളായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന പേരുകൾ വ്യാജമാണെന്നതിനാലാണ് ഇവയ്ക്ക് 'സ്യൂഡിപിഗ്രാഫ'യെന്ന പേരു വീണത്. പഴയ നിയമ കാനോനിൽ നിന്ന് ഇവയെ ഒഴിവാക്കിയത് എന്തുകൊണ്ടാണെന്ന ചോദ്യത്തിന് വ്യക്തമായ മറുപടികളൊന്നും തന്നെ പറയാനില്ലെന്നതാണ് വാസ്തവം. ഇവയുടെ രചയിതാക്കൾ അജ്ഞാതരാണെന്ന കാരണമാണ് പലപ്പോഴും പറയപ്പെടാറുള്ളത്. ബൈബിളിൻെറ ഒരു പുസ്തകത്തിൻെറ പോലും രചയിതാവ് ആരാണെന്ന് ഖണ്ഡിതമായി പറയാൻ സാധ്യമല്ല എന്ന വസ്തുത നാം മുമ്പ് മനസ്സിലാക്കിയിട്ടുണ്ട്. സ്യൂഡിപിഗ്രാഫയിൽ ഉൾപ്പെടുത്തപ്പെട്ട ഗ്രന്ഥങ്ങൾ പഴയനിയമകാനോനിൽ സ്വീകരിക്കാത്തതിന് കാരണം അവയുടെ ഗ്രന്ഥകാരന്മാരെക്കുറിച്ചുള്ള അജ്ഞതയാണെങ്കിൽ ബൈബിളിലെ ഏതുഭാഗമാണ് ഈ മാനദണ്ഡം വെച്ചു സ്വീകരിക്കപ്പെടാൻ അർഹമാകുക? അപ്പോൾ ഗ്രന്ഥകാരന്മാരെക്കുറിച്ച അജ്ഞത മാത്രമല്ല ഈ പുസ്തകങ്ങൾ കാനോനികമായി സ്വീകരിക്കുന്നതിൽ നിന്ന് റബ്ബിമാരെയും സഭയെയും തടഞ്ഞുനിർത്തിയിരിക്കുന്നത്. അതിന് കാരണം മറ്റെന്തൊക്കെയോ ആണ്. ഒഴിവാക്കപ്പെട്ട ഈ ഗ്രന്ഥങ്ങളിൽ റബ്ബിമാരുടേയും സഭയുടെയും ഇച്ഛകൾക്കും വിശ്വാസങ്ങൾക്കുമെതിരെ പലതും ഉണ്ടായിരിക്കാനിടയുണ്ട്. അതായിരിക്കാം ചിലപ്പോൾ ഈ ഗ്രന്ഥങ്ങളെ തിരസ്കരിക്കുന്നതിലേക്ക് അവരെ നയിച്ചതെന്ന് ന്യായമായും ഊഹിക്കാവുന്നതാണ്.



**അപ്പോക്രിഫ**

പുതിയ നിയമത്തിൽ നിന്നും തിരസ്കരിക്കപ്പെട്ട ഒട്ടനവധി ഗ്രന്ഥങ്ങളുണ്ട്. നാലും അഞ്ചും നൂറ്റാണ്ടുകളിൽ പ്രചാരത്തിലുണ്ടായിരുന്നതെന്ന് കരുതപ്പെടുന്ന കോഡക്സുകളിൽ മിക്കതിലും ഇന്ന് ഉപയോഗിക്കപ്പെടുന്ന പുതിയ നിയമത്തിൽ ഉൾപ്പെടുത്താത്ത ഒന്നിലധികം പുസ്തകങ്ങൾ ഉൾക്കൊള്ളിക്കപ്പെട്ടിരുന്നുവെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. കുറേയേറെ ലേഖനങ്ങളും സുവിശേഷങ്ങളുമെല്ലാം പുതിയനിയമത്തിൽ നിന്ന് നീക്കം ചെയ്യപ്പെട്ടിട്ടുണ്ട്. ഇവയെ 'അപ്പോക്രിഫാ'യെന്നാണ് വിളിക്കുന്നത്. പുതിയ നിയമത്തിലെ അപ്പോക്രിഫകൾ താഴെ പറയുന്നവയാണ്.

പത്രോസിൻെറ സുവിശേഷം

നിക്കോദമസിൻെറ സുവിശേഷം

നെസോറിയന്മാരുടെ സുവിശേഷം

എബിയോണൈറ്റുകളുടെ സുവിശേഷം

എബ്രായരുടെ സുവിശേഷം

ഈജിപ്ത്യൻമാരുടെ സുവിശേഷം

തോമസിൻെറ സുവിശേഷം

ഫിലിപ്പിൻെറ സുവിശേഷം

മറിയയുടെ സുവിശേഷം

ബർണബാസിൻെറ സുവിശേഷം

യാക്കോബിൻെറ ആദിമസുവിശേഷം

തോമസിൻെറ ശൈശവ സുവിശേഷം

യോഹന്നാൻെറ പ്രവർത്തനങ്ങൾ
പത്രോസിൻെറ പ്രവർത്തനങ്ങൾ
പൗലോസിൻെറ പ്രവർത്തനങ്ങൾ
ആന്ത്രോസിൻെറ പ്രവർത്തനങ്ങൾ
തോമസിൻെറ പ്രവർത്തനങ്ങൾ
മത്ഥിയാസിൻെറയും ആന്ത്രോസിൻെറയും പ്രവർത്തനങ്ങൾ
ഫിലിപ്പിയുടെ പ്രവർത്തനങ്ങൾ
താഡ്ടയൂസിൻെറ പ്രവർത്തനങ്ങൾ
പത്രോസിൻെറയും പൗലോസിൻെറയും പ്രവർത്തനങ്ങൾ
പത്രോസിൻെറയും ആന്ത്രോസിൻെറയും പ്രവർത്തനങ്ങൾ
മത്തായിയുടെ രക്തസാക്ഷിത്വം
പത്രോസിൻെറ യവന പ്രവർത്തനങ്ങൾ

3. കൊരിന്ത്യർ
ലാവോഡിഷ്യന്മാർക്കുള്ള ലേഖനം
പൗലോസിൻെറയും സെനക്കയുടേയും കത്തുകൾ
യേശുവിൻെറയും അബ്ഗാറിൻെറയും കത്തുകൾ
ലെൻതുലൂസിൻെറ കത്ത്
ടൈറ്റസിൻെറ ലേഖനം
പത്രോസിൻെറ വെളിപാട്
പത്രോസിൻെറ കോപ്റ്റിക് വെളിപാട്
പൗലോസിൻെറ വെളിപാട്
ജെയിംസിൻെറ ഒന്നാം വെളിപാട്
ജെയിംസിൻെറ രണ്ടാം വെളിപാട്
യോഹന്നാൻെറ അപ്പോക്രിഫ
യേശുക്രിസ്തുവിൻെറ കുതർക്കം
പത്രോസ് ഫിലിപ്പിനെഴുതിയ കത്ത്
മറിയത്തിൻെറ വെളിപാട്

ഈ പുസ്തകങ്ങളിൽ മിക്കവയും സുവിശേഷങ്ങളും മറ്റു പുതിയ



നിയമഗ്രന്ഥങ്ങളും രചിക്കപ്പെട്ട കാലത്തോ അതിനു മുമ്പോ രചിക്കപ്പെട്ടവയാണ്. എന്നിട്ടും എന്തുകൊണ്ട് ഈ ഗ്രന്ഥങ്ങളെ പുതിയനിയമത്തിൻെറ കാനോനിൽ ഉൾപ്പെടുത്തിയില്ല എന്ന ചോദ്യം ഉത്തരമില്ലാതെ തുടരുകയാണ്. ഇവയിൽ പലതും ആദ്യകാല ക്രിസ്ത്യാനികൾ സ്വീകരിക്കുകയും അവയിൽ നിന്നും തങ്ങളുടെ വിശ്വാസപ്രമാണങ്ങൾ രൂപപ്പെടുത്തുകയും ചെയ്തിരുന്നു. ക്രിസ്താബ്ദം 325-ൽ ചേർന്ന നിഖിയാ കൗൺസിലാണ് ഈ ഗ്രന്ഥങ്ങളിൽ മിക്കതിനേയും- യേശുവിൻെറ ദിവ്യത്വമംഗീകരിക്കാത്ത സകലരേഖകളെയും നശിപ്പിക്കുവാൻ തീരുമാനിച്ചത്. എന്നിട്ടും ചില ഗ്രന്ഥങ്ങളെങ്കിലും ക്രൈസ്തവ മനസ്സുകളിൽ നിലനിന്നിരുന്നു. പതിനാറാം നൂറ്റാണ്ടിൽ നടന്ന ത്രെന്തോസ് സുനഹദോസാണ് ഇക്കാര്യത്തിൽ അന്തിമ തീർപ്പ് കൽപ്പിച്ചത്. 1546 ഏപ്രിൽ എട്ടാം തീയതി നടന്ന സുനഹദോസിൻെറ നാലാം സമ്മേളനം 'കാനോനിക ഗ്രന്ഥങ്ങളെക്കുറിച്ച്' (De Canonicis Scripturis) എന്ന ഡിക്രിയിലൂടെ പഴയനിയമത്തിൽ 45ഉം പുതിയ നിയമത്തിൽ 27ഉം പുസ്തകങ്ങളാണുള്ളതെന്ന കാര്യം വിശ്വാസസത്യമായി പ്രഖ്യാപിച്ചു. പ്രസ്തുത ഡിക്രിയാണ് കത്തോലിക്കരെ സംബന്ധിച്ചിടത്തോളം വേദപുസ്തകത്തെ സംബന്ധിച്ച അവസാനത്തെ വാക്ക്. പ്രൊട്ടസ്റ്റൻറുകാരാവട്ടെ, ത്രെന്തോസ് സുനഹദോസിൻെറ തീരുമാനം മുഖവിലക്കെടുക്കുകയും എന്നാൽ ഉത്തര കാനോനിക ഗ്രന്ഥങ്ങളെ അംഗീകരിക്കാതെ പഴയ നിയമത്തിൽ 39 പുസ്തകങ്ങളെ മാത്രം സ്വീകരിക്കുകയും ചെയ്തു.

വിശുദ്ധന്മാരുടെ പേരിൽ മറ്റു പലരും എഴുതിയ ഗ്രന്ഥങ്ങളാണ് പഴയനിയമത്തിലും പുതിയനിയമത്തിലും നില നിൽക്കുന്നതെന്ന വസ്തുത പണ്ഡിതന്മാരെല്ലാം അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ട്. ദൈവം പ്രവാചകന്മാർക്ക് നൽകിയ വേദഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരിണികൾ ഉൾക്കൊള്ളുന്നവയാണ് ഈ പുസ്തകങ്ങളിലധികവുമെന്നതാണ് സത്യം. ബൈബിളിലെ ഒരു പുസ്തകവും പൂർണമായി ദൈവികഗ്രന്ഥമെന്ന് പറയാൻ കഴിയില്ലെങ്കിലും ചില പുസ്തകങ്ങളിലെല്ലാം ദൈവികഗ്രന്ഥങ്ങളുടെ ഭാഗങ്ങൾ ഉൾക്കൊള്ളു ന്നുണ്ടാവണം. ഈ പൊതുധാരണയിൽ 'സ്യൂഡെപിഗ്രാഫ'യും 'അപ്പോക്രിഫ'യുമെല്ലാം മറ്റു ബൈബിൾ ഗ്രന്ഥങ്ങളോടൊപ്പം നിൽക്കുന്നവയാണ്. അതുകൊണ്ടു തന്നെ ഇന്നു നിലനിൽക്കുന്ന ബൈബിൾ ഗ്രന്ഥങ്ങളിൽ കാണപ്പെടാത്ത ദൈവിക ഗ്രന്ഥങ്ങളിലെ ഭാഗങ്ങൾ ഈ

വിഭാഗങ്ങളിൽപ്പെടുത്തി ഒഴിവാക്കിയ ഭാഗങ്ങളിലുണ്ടായിരിക്കാം. അവ തങ്ങളുടെ താൽപര്യങ്ങൾക്ക് വിരുദ്ധമായ ആശയങ്ങളുൾക്കൊള്ളുന്നവയായതിനാലായിരിക്കാം ആദ്യം യഹൂദറബ്ബിമാരും പിന്നെ ക്രൈസ്തവപൗരോഹിത്യവും ഈ പുസ്തകങ്ങളെ കാനോനിനു പുറത്തു നിർത്തിയത്. പ്രവാചകന്മാർക്ക് അവതരിപ്പിക്കപ്പെട്ട ദൈവിക ഗ്രന്ഥങ്ങളുടെ ആശയങ്ങളെന്തായിരുന്നുവെന്ന് ഒരു ധാരണയെങ്കിലുമുണ്ടാക്കണമെങ്കിൽ പുറംതള്ളപ്പെട്ട പുസ്തകങ്ങളിലെ ആശയങ്ങളും സ്വീകരിക്കപ്പെട്ട ഗ്രന്ഥങ്ങളിലെ ആശയങ്ങളും തമ്മിൽ താരതമ്യത്തിന് വിധേയമാക്കമെണന്ന് സാരം.

**അനുബന്ധം 13**

## യേശുവിന്റെ മാതൃക

സ്വന്തം തോന്നിവാസങ്ങളെ ന്യായീകരിക്കാനായി പ്രവാചക കഥനങ്ങളെ യഹൂദ റബ്ബിമാർ ഉപയോഗിച്ചിരുന്നുവെന്നാണ് പഴയ നിയമത്തിൽ നിന്ന് മനസ്സിലാവുന്നുത്. മദ്യപിക്കുന്ന നോഹും പുത്രമാരുമായി ശയിക്കുന്ന ലോത്തും അന്യസ്ത്രീകളുമായി കിടപപ്പറ പങ്കിടുന്ന ദാവീദുമുണ്ടായത് അങ്ങനെയായിരിക്കണം. തങ്ങളുടെ ഇഷ്ടങ്ങൾക്കനുസരിച്ച് മഹാന്മാരെ വ്യാഖ്യാനിക്കുന്ന പ്രവണത യഹൂദ റബ്ബിമാരിൽ നിന്ന് സുവിശേഷ നിർമാതാക്കളിലേക്കും പകർന്നതായി കാണാൻ കഴിയും. ഇസ്രായീലിൻെറ രക്ഷകനായി ക്രിസ്തുവിനെ അവതരിപ്പിക്കുന്ന സുവിശേഷങ്ങൾ, പക്ഷേ, ഒരു സമുദ്ധാരകന് ഉണ്ടായിരിക്കാൻ പാടില്ലാത്ത കാര്യങ്ങൾ അദ്ദേഹത്തിൽ ആരോപിക്കുന്നു. ക്ഷിപ്രകോപിയും മാതൃബഹുമാനമില്ലാത്തവനുമായ ഒരാളുടെ ചിത്രമാണ് ക്രിസ്തുവിൻേറതായി സുവിശേഷകന്മാർ വരച്ചു കാണിക്കുന്നത്.

**മാതൃബഹുമാനമില്ലാത്ത യേശു**

സ്രഷ്ടാവിനെ കഴിഞ്ഞാൽ പിന്നെ ഏറ്റവുമധികം ആദരിക്കേണ്ടത് മാതാപിതാക്കളെയാണെന്നാണ് പ്രവാചകന്മാർ പഠിപ്പിച്ചത്. സ്വന്തം മാതാവിനെ 'സ്ത്രീയേ'യെന്ന് സംബോധന ചെയ്യുന്ന വ്യക്തി ആരായിരുന്നാലും മാതൃസ്നേഹം തൊട്ടുതീണ്ടാത്തവനാണെന്നാണ് സാമാന്യബുദ്ധിയുടെ വിധി. ഗലീലിയിലെ കല്ല്യാണ വിരുന്നിൽ വെച്ച് ക്രിസ്തു തന്നെ നൊന്തു പ്രസവിച്ച സ്വന്തം മാതാവായ മറിയയോട് പറയുന്നതായി യോഹന്നാൻ ഉദ്ധരിക്കുന്നു: ' സ്ത്രീയേ,

എനിക്കും നിനക്കും എന്ത്? എൻെറ സമയം ഇനിയും ആയിട്ടില്ല' (യോഹന്നാൻ 2:5). ഒരു സമുദ്ധാരകൻ പറയുന്ന വാക്കുകളാണ് ഇതെന്നു വിശ്വസിക്കുക വയ്യ. കുരിശിലേറ്റപ്പെട്ട് കിടക്കുന്ന (!) സ്വപുത്രനെ സന്ദർശിക്കാൻ ചെന്നപ്പോഴും ആ മാതാവ് അപമാനിക്കപ്പെടുകയാണ് ഉണ്ടായത്. 'യേശു അമ്മയോട് പറഞ്ഞു: 'സ്ത്രീയെ ഇതാ നിൻെറ മകൻ!' (യോഹന്നാൻ 19:26).

### മദ്യം വിളമ്പുന്ന ക്രിസ്തു

പ്രവാചകന്മാരിൽ മുഴുവൻ യഹൂദ റബ്ബിമാർ ആരോപിക്കുന്ന ദു:സ്വഭാവമാണ് മദ്യപാനം. മദ്യപിച്ച് മത്തരാവുകയും സ്വപുത്രിമാരോടൊത്ത് ശയിക്കുകയുമെല്ലാം ചെയ്തവരായിട്ടാണ് പ്രവാചകന്മാരെ പഴയനിയമം പരിചയപ്പെടുത്തുന്നതെങ്കിൽ സ്വന്തം ദിവ്യത്വമുപുയോഗിച്ച്(?) ജനങ്ങൾക്കെല്ലാം മദ്യമുണ്ടാക്കിക്കൊടുത്തവനായിട്ടാണ് യോഹന്നാൻെറ സുവിശേഷം ക്രിസ്തുവിനെ അവതരിപ്പിക്കുന്നത്. യോഹന്നാൻ മാത്രം ഉദ്ധരിക്കുന്ന കാനായിലെ കല്ല്യാണ വിരുന്നിൽ വെച്ചു നടന്നതായി പറയപ്പെടുന്ന അത്ഭുതം പച്ചവെള്ളത്തെ വീഞ്ഞാക്കി മാറ്റിയതാണ്. ഗലീലിയയിലെ കാനായിൽ നടന്ന വിവാഹസൽക്കാരത്തിൽ വിളമ്പിക്കൊണ്ടിരുന്ന വീഞ്ഞ് തീർന്നുപോയി. ഇതറിഞ്ഞ് യേശു അവിടെയുണ്ടായിരുന്ന കൽഭരണികളിൽ പച്ചവെള്ളം നിറക്കാൻ പറഞ്ഞു. പ്രസ്തുത വെള്ളം അതിഥികൾക്ക് പകർന്നുകൊടുക്കാൻ യേശു കൽപിച്ചു. അതിഥികൾ വീഞ്ഞായിത്തീർന്ന വെള്ളം കുടിച്ചു സംതൃപ്തരായി. കലവറക്കാരൻ മണവാളനെ വിളിച്ചുപറഞ്ഞു. 'എല്ലാവരും നല്ല വീഞ്ഞ് ആദ്യം വിളമ്പുന്നു; ആളുകൾ യഥേഷ്ടം കുടിച്ചതിന് ശേഷം വീര്യം കുറഞ്ഞ വീഞ്ഞും. എന്നാൽ നീ ഇതേവരെ നല്ല വീഞ്ഞു സൂക്ഷിച്ചുവെച്ചുവല്ലോ' (യോഹന്നാൻ 2:9). ജനങ്ങൾക്ക് മദ്യമുണ്ടാക്കിക്കൊടുത്തവനായി ക്രിസ്തുവിനെ അവതരിപ്പിച്ച് മദ്യപാനം നിയമവിധേയമാക്കുവാനുള്ള ശ്രമത്തിൻെറ ഭാഗമായാണ് യോഹന്നാൻ സുവിശേഷത്തിലെ ഈ 'അത്ഭുതം' നിർമിക്കപ്പെട്ടിരിക്കുന്നതെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ഈ അത്ഭുതം യോഹന്നാനല്ലാത്ത സുവിശേഷകരൊന്നും അറിഞ്ഞിട്ടില്ലെന്ന കാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

### അസഹിഷ്ണുവായ പ്രബോധകൻ

തീരെ സഹിഷ്ണുതയില്ലാത്ത വ്യക്തിയായാണ് സുവിശേഷങ്ങൾ ക്രിസ്തുവിനെ പരിചയപ്പെടുത്തുന്നത്. അദ്ദേഹത്തിൻെറ ചില



അഭിസംബോധനകൾ ശ്രദ്ധിക്കുക. 'ഹേ..... അണലി സന്തതികളേ.... (മത്തായി 12:34), 'ദുഷ്ടവും അവിശ്വസ്തവുമായ തലമുറ....' (മത്തായി 12:39), 'നിങ്ങൾ നിങ്ങളുടെ പിതാവായ പിശാചിൽ നിന്നുള്ളവർ...' (യോഹന്നാൻ 8:44).

ഒരു പ്രവാചകൻ ഇത്രക്ക് അസഹിഷ്ണുവാകുമോ? പ്രബോധിത സമൂഹത്തെ അണലി സന്തതികളെന്നും ദുഷ്ടരെന്നും അഭിസംബോധന ചെയ്തുകൊണ്ടുള്ള ഒരു പ്രബോധനരീതി ഒരു മഹാപ്രവാചകന് അനുയോജ്യമാണോ? അല്ലെന്നാണ് സാമാന്യബുദ്ധി പറയുന്നതെങ്കിലും സുവിശേഷങ്ങളിലെ യേശു അത്തരത്തിലുള്ളയാളാണ്.

### ക്ഷിപ്രകോപിയായ മിശിഹ

മഹാനായ യേശുവിനെ ക്ഷിപ്രകോപിയായി ചിത്രീകരിച്ചുകൊണ്ടുള്ള കഥകൾ സുവിശേഷങ്ങളിലുണ്ട്. അദ്ദേഹം ജറുശലേം ദേവാലയത്തിൽ പ്രവേശിച്ച് അവിടെ ക്രയവിക്രയം നടത്തിയിരുന്ന ആളുകളെ ചാട്ടകൊണ്ട് അടിച്ചു പുറത്താക്കുന്ന രംഗം വായിച്ചാൽ തന്നെ യേശു ക്ഷിപ്രകോപിയായിരുന്നുവെന്ന് തോന്നും (യോഹന്നാൻ 2: 13-17). കർത്താവിൻെറ ആലയത്തിൽ വെച്ച് കച്ചവടം ചെയ്തിരുന്നവരെ ഉപദേശിക്കുകയോ താക്കീത് നൽകുകയോ ചെയ്യാതെ അടിച്ചു പുറത്താക്കുന്ന രീതി ഒരു പ്രവാചകൻേറതല്ല; ക്ഷിപ്രകോപിയുടേതാണ്. ഇതുപോലെത്തന്നെയാണ് അത്തിമരത്തെ ഉണക്കിയ കഥയും. പേഥേനിയായിൽ നിന്നുള്ള യാത്രാമധ്യേ യേശുവിനു വിശന്നപ്പോൾ ദൂരെ കണ്ട ഇലകൾ നിറഞ്ഞ ഒരു അത്തിമരത്തിനടുത്തേക്ക് അത്തിപ്പഴം തിന്നാനായി അദ്ദേഹം ചെന്നു. അത് അത്തിപ്പഴമുണ്ടാവുന്ന കാലമല്ലാതിരുന്നതിനാൽ അതിന്മേൽ ഇലകളല്ലാതെ മറ്റൊന്നും അദ്ദേഹം കണ്ടില്ല. ഉടൻ തന്നെ കോപിഷ്ഠനായി അദ്ദേഹം പറഞ്ഞു: 'ആരും ഒരിക്കലും നിൻെറ ഫലം ഭക്ഷിക്കാതിരിക്കട്ടെ!' (മർക്കോസ് 11:14). തൽക്ഷണം ആ അത്തിമരം വാടിക്കരിഞ്ഞുപോയി (മത്തായി 21:19). പാവം അത്തിമരം! അതിൻേറതല്ലാത്ത കുറ്റത്തിന് ശിക്ഷിക്കപ്പെട്ടു. ഇവിടെയും ക്ഷിപ്രകോപിയായ ക്രിസ്തുവിനെയാണ് നമുക്ക് കാണാൻ കഴിയുന്നത്. ക്രിസ്തുവിനെ ദൈവമായി അംഗീകരിക്കുന്നവർ എങ്ങനെയാണ് ഈ വചനങ്ങളെ വ്യാഖ്യാനിക്കുക? അത്തിമരത്തിൻെറ ഫലദായക സമയം പോലും അറിയാത്ത 'ദൈവപുത്രൻ' തൻെറ കുറ്റത്തിന് അത്തിയെ ശിക്ഷിച്ച വൈരുദ്ധ്യത്തെ എത്ര

വ്യാഖ്യാനിച്ചാലും വെള്ള പൂശാനാകില്ലെന്നുറപ്പാണ്.

വിശുദ്ധ ഖുർആൻ യേശുവിൻെറ ദിവ്യത്വം അംഗീകരിക്കുന്നില്ലെങ്കിലും മറ്റു പ്രവാചകന്മാരെ പോലെ പരിശുദ്ധനാണ് അദ്ദേഹമെന്ന കാര്യം സുവ്യക്തമായി പ്രസ്താവിക്കുന്നുണ്ട്. 'സകരിയ്യാ, യഹ്‌യാ, ഈസാ, ഇൽയാസ് എന്നിവരെയും (നേർവഴിയിലാക്കി) അവരെല്ലാം സജ്ജനങ്ങളിൽപ്പെട്ടവരത്രെ'(6:85). ഖുർആൻ പരിചയപ്പെടുത്തുന്ന ഈസാ നബി(ﷺ) മാതാവിനോട് നല്ല രീതിയിൽ വർത്തിച്ച ആളായിരുന്നു; മദ്യപനോ മദ്യപാനം പ്രോത്സാഹിപ്പിച്ചയാളോ ക്ഷിപ്രകോപിയോ ആയിരുന്നില്ല. അദ്ദേഹം പരിശുദ്ധനായ ഒരു പ്രവാചകനായിരുന്നു. ഇസ്രാഈല്യരിലേക്ക് അയക്കപ്പെട്ട പരിശുദ്ധപ്രവാചകൻ.

**അനുബന്ധം 14**

## <u>പഴയ നിയമ പ്രവചനങ്ങളും യേശുവും</u>

അതുകൊണ്ട് കർത്താവുതന്നെ നിങ്ങൾക്ക് ഒരടയാളം തരും. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവനെ ഇമ്മാനുവേൽ എന്നു പേർ വിളിക്കും' യെശയ്യാവ് 8:14.

ക്രിസ്തുവിന് ഏകദേശം എട്ടു നൂറ്റാണ്ടുകൾക്ക് മുമ്പ് ജീവിച്ചിരുന്ന യെശയ്യാ പ്രവാചകൻെറ പല പ്രവചനങ്ങളിലൊന്നാണിത്. ഈ പ്രവചനം യേശുവിൽ പൂർത്തീകരിക്കപ്പെട്ടുവെന്നാണ് മത്തായി അവകാശപ്പെടുന്നത്. മത്തായിയുടെ സുവിശേഷമെഴുതിയത് അപ്പോസ്തലനായ മത്തായിയാണോ അല്ലേയെന്ന വിഷയത്തിൽ ബൈബിൾ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിലും. 'മത്തായി'യുടെ കർത്താവ് ഒരു യഹൂദനായിരുന്നുവെന്ന കാര്യത്തിൽ പക്ഷാന്തരമൊന്നുമില്ല. അദ്ദേഹം തൻെറ സുവിശേഷരചന നിർവഹിക്കുന്നതുതന്നെ യഹൂദർക്ക് യേശുവിനെ പരിചയപ്പെടുത്തുന്നതിനു വേണ്ടിയാണ്. യഹൂദന്മാർ കാത്തിരുന്നിരുന്ന രക്ഷകനാണ് യേശുവെന്ന് സ്ഥാപിക്കുവാനാണ് അദ്ദേഹം ശ്രമിച്ചിരിക്കുന്നത്. പ്രസ്തുത ആവശ്യാർഥം പഴയ നിയമത്തിൽ നിന്ന് നാൽപതോളം വചനങ്ങളുദ്ധരിച്ച് പ്രസ്തുത വചനങ്ങളുടെ പൂർത്തീകരണം യേശുവിലൂടെയാണുണ്ടായിട്ടുള്ളതെന്ന് വരുത്തിത്തീർക്കാൻ വ്യത്യസ്ത സന്ദർഭങ്ങളിൽ അദ്ദേഹം ശ്രമിക്കുന്നുണ്ട്. അദ്ദേഹം ഉദ്ധരിക്കുന്ന പഴയ നിയമപ്രവചനങ്ങളിലധികവും യഥാർഥത്തിൽ ക്രിസ്തുവിനെക്കുറിച്ചുള്ളതല്ല; എങ്കിലും സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്തുകൊണ്ട് പ്രവചനങ്ങൾ അവതരിപ്പിച്ച് യേശുവിൻെറ ജീവിതത്തിലെ

സംഭവങ്ങളെല്ലാം പഴയ നിയമത്തിൽ പ്രവചിച്ചതാണെന്ന് വരുത്തിത്തീർക്കാൻ മത്തായി കിണഞ്ഞു പരിശ്രമിക്കുന്നുണ്ട്. ക്രിസ്തുവിൻെറ ജനനത്തെപ്പറ്റി എണ്ണൂറുകൊല്ലങ്ങൾക്കുമുമ്പുതന്നെ പ്രവചിക്കപ്പെട്ടിട്ടുണ്ടെന് വരുത്തിത്തീർക്കാൻ വേണ്ടിയാണ് യെശയ്യാവ് എട്ടാം അധ്യായത്തിലെ പതിനാലാം വചനം അതേപോലെ മത്തായി ഒന്നാം അധ്യായത്തിലെ ഇരുപത്തിമൂന്നാം വചനത്തിൽ ഉദ്ധരിച്ചിരിക്കുന്നത്.

ഈ വചനം (യെശ 8:14) ക്രിസ്തുവിൻെറ ജനനത്തെക്കുറിച്ച് പ്രവചനമുൾക്കൊള്ളുന്നില്ലെന്നും, യെശയ്യാ പ്രവാചകൻെറ കാലത്തുതന്നെ പൂർത്തീകരിക്കപ്പെട്ട ഒരു പ്രവചനമാണിതെന്നും അഭിപ്രായപ്പെടുന്ന പണ്ഡിതന്മാരുണ്ട്. ബൈബിൾ പണ്ഡിതനായ റവ. എ.സി. ക്ലേയീറ്റൻ എഴുതുന്നതു കാണുക: 'യെശയ്യാവ്, മശീഹയാകുന്ന യേശുക്രിസ്തു തൻെറ ജനങ്ങളെ രക്ഷിക്കുന്നതിനു വേണ്ടി വരുമെന്നറിയിച്ചുവെന്നാണ് പലരുടെയും അഭിപ്രായം. എന്നാൽ അക്കാല ചരിത്രത്തെ പരിചിന്തനം ചെയ്യുമ്പോൾ ക്രി.മു 735-ൽ സുറിയ രാജാവും യിസ്രയേൽ രാജാവും ആഹാസ് എന്ന യഹൂദ രാജാവിന് വിരോധമായി കൂട്ടുകെട്ടുണ്ടാക്കി എന്നും ആഹാസ് ഇതിനെ ഭയന്നു തൻെറ രാജ്യത്തിനു ദോഷകാരനായ പൂൽ എന്ന അശ്ശൂർ രാജാവിനോടുതന്നെ സഖ്യം ചെയ്തു എന്നും ജനങ്ങൾ അത്യധികം ഭയപരവശരായിരിക്കുന്നു എന്നും യെശയ്യാ പ്രവാചകൻ അറിഞ്ഞിട്ട് (2 രാജാ 16:6) ഈ ഭയമെല്ലാം നീങ്ങുന്നതിനായി അപ്പോൾ ജനിക്കാൻ പോകുന്ന ഒരു ബാലൻ തേൻ മുതലായവ ഭക്ഷിക്കാൻ അറിവുണ്ടാകുന്നതിന് മുമ്പ് അതായത് അഞ്ച് വയസ്സാകുന്നതിനു മുമ്പ്- സുറിയായും ഇസ്രായിൽ രാജ്യവും ജയിക്കപ്പെടുമെന്ന് പ്രവചിച്ചു. ഇപ്രകാരം ഈ അടയാളത്താൽ പ്രവാചകൻ അവരെ ആശ്വസിപ്പിച്ചുവെങ്കിലും അയാൾ അശ്ശൂര്യരാൽ പരാജിതനാക്കപ്പെടുമെന്നും (യെശ 8:8) മറ്റൊരു വാക്യം കൊണ്ടും പ്രസ്താവിച്ചു. യഹൂദന്മാർ പ്രവാസത്തിൽനിന്നും മടങ്ങിവന്ന ശേഷം ഈ രണ്ടു പ്രവചനങ്ങളെയും യഥേഷ്ടം കൂട്ടിക്കലർത്തി തങ്ങളുടെ ദേശത്തിനായി മിശിഹാ വരുമെന്നും അവൻ തങ്ങൾക്കുവേണ്ടി കഷ്ടത അനുഭവിക്കുമെന്നും വിശ്വസിച്ചു. ഇമ്മാനുവേലിനെ രക്ഷിതാവെന്നു വിചാരിച്ചു. ആദ്യ ക്രിസ്ത്യാനികളും അങ്ങനെതന്നെ വിചാരിച്ചു' (റവ. എ.സി. ക്ലെയ്റ്റൻ. ബൈബിൾ നിഘണ്ടു പുറം 56, 57.)



ഈ പ്രസ്താവന ഒരു ക്രിസ്തുമത വിരോധിയുടേതല്ലെന്നോർക്കണം. ക്രൈസ്തവരാൽ ആദരിക്കപ്പെടുന്ന പ്രഗത്ഭനായൊരു ബൈബിൾ പണ്ഡിതൻെറ വാക്കുകളാണിത്. യെശയ്യാവിൻെറ നടേ സൂചിപ്പിച്ച പ്രവചനപ്രകാരമുള്ള ഇമ്മാനുവേലിൻെറ ജനനം യേശുവിന് ഏഴുനൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ കഴിഞ്ഞിട്ടുണ്ടെന്നാണല്ലോ ഇതിൽ മനസ്സിലാക്കേണ്ടത്. ഇക്കാര്യം കുറെക്കൂടി വ്യക്തമായി മനസ്സിലാക്കാൻ യെശയ്യാവിൻെറ പുസ്തകത്തിലെ ഏഴും എട്ടും അധ്യായങ്ങൾ ഒന്നു മനസ്സിരുത്തി വായിച്ചാൽ മതി. അതിൽ പ്രവചിച്ചിരിക്കുന്നത് യേശുവെ സംബന്ധിച്ചല്ലെന്ന് നമുക്ക് സുതരാം വ്യക്തമാവും. ചില വചനങ്ങൾ നോക്കുക:

'അതുകൊണ്ട് കർത്താവുതന്നെ നിങ്ങൾക്ക് ഒരു അടയാളം തരും. കണ്ടാലും, കന്യക ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും. അവനെ ഇമ്മാനുവേൽ എന്ന് പേർവിളിക്കും. തിന്മ തിരസ്കരിക്കാനും നന്മ തെരഞ്ഞെടുക്കാനും അറിവാകുമ്പോൾ അവൻ തേനും തൈരും ഭക്ഷിക്കും. തിന്മ തിരസ്കരിക്കുവാനും നന്മ തെരഞ്ഞെടുക്കാനും ആ ശിശുവിന് അറിവുണ്ടാകുന്നതിനു മുമ്പുതന്നെ നീ ഭയപ്പെടുന്ന ആ രണ്ട് രാജാക്കന്മാരുടെയും ദേശം പരിത്യക്തമാവും. എഫ്രായിം യഹൂദായിൽനിന്നും നിൻെറ ജനനത്തിനും നിൻെറ പിതൃഭവനത്തിനും കർത്താവ് ഉണ്ടാക്കും. അവൻ അസീറിയ രാജാവിനെ കൊണ്ടുവരും' (യെശയ്യാവ്: 7:14-17.)

'ഇതാ മഹാനദിയിലെ കരുത്തേറിയ വമ്പിച്ച ജലരാശിയെ അതായത് സർവപ്രതാപങ്ങളോടും കൂടി അസീറിയ രാജാവിനെ, കർത്താവ് അവരുടെ നേരെ കൊണ്ടുവരുന്നു. തോടുകളെല്ലാം നിറഞ്ഞ് കരകവിഞ്ഞ് അത് ഒഴുകും. അത് യഹൂദായിലേക്ക് പാഞ്ഞു കയറി കരകവിഞ്ഞൊഴുകി കഴുത്തറ്റം ഉയർന്നുകടന്നുപോകും. അല്ലയോ ഇമ്മാനുവേലേ, അതിൻെറ വിടർത്തിപ്പിടിച്ച ചിറകുകൾ നിൻെറ ദേശത്തെ മുഴുവൻ മൂടും' (യെശയ്യാവ്: 8:7,8).

ഈ വചനങ്ങൾ യേശുവല്ല ഇമ്മാനുവേലെന്ന വസ്തുത വ്യക്തമാക്കുന്നതിന് തീർത്തും പര്യാപ്തമാണ്. താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

1. യെശയ്യാവിൻെറ പ്രവചനത്തിൽ 'അവൻ ഇമ്മാനുവേൽ എന്നു വിളിക്കപ്പെടും' എന്നാണുള്ളത്. യേശു തൻെറ ജീവിതത്തിലൊരിക്കലും ആരാലും -കുടുംബക്കാരാലോ കൂട്ടാരാലോ അനുയായികളാ

ലോ ദൈവത്താലോ ഒന്നും തന്നെ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെട്ടിട്ടില്ല.

2. 'തിന്മ തിരസ്കരിക്കാനും നന്മ തെരഞ്ഞെടുക്കാനും പ്രായമാകുമ്പോൾ അവൻ (ഇമ്മാനുവേൽ) തൈരും തേനും ഭക്ഷിക്കും' എന്ന പ്രവചനം യേശുവിൻെറ കാര്യത്തിൽ പൂർത്തീകരിക്കപ്പെടുന്നതിന് സുവിശേഷങ്ങളിൽ യാതൊരു തെളിവുമില്ല.

3. 'തിന്മ തിരസ്കരിക്കുവാനും നന്മ തെരഞ്ഞെടുക്കുവാനും ആ ശിശുവിന് അറിവുണ്ടാകുന്നതിനു മുമ്പുതന്നെ നീ ഭയപ്പെടുന്ന ആ രണ്ട് രാജാക്കന്മാരുടെയും (സിറിയ രാജാവിൻെറയും ഇസ്രായിൽ രാജാവിൻെറയും) ദേശം പര്യക്തമാവും' എന്ന പ്രവചനം ക്രിസ്തുവിൻെറ കാലവുമായി തീരെ യോജിച്ചതല്ല. ഈ സംഭവം യേശുവിന് ഏഴു നൂറ്റാണ്ടുകൾക്കു മുമ്പ് നടന്നതാണെന്നാണ് ചരിത്രത്തിൽ നിന്ന് മനസ്സിലാവുന്നത്.

4. 'ഇമ്മാനുവേലേ, അതിൻെറ (അസിറിയ രാജാവിൻെറ) വിടർത്തിപ്പിടച്ച ചിറകുകൾ നിൻെറ ദേശത്തെ മുഴുവൻ മൂടും' എന്ന പ്രവചന പ്രകാരമുള്ള പരാജയം യേശുവിൻെറ ദേശത്തിന് ഉണ്ടായതായി സുവിശേഷങ്ങളോ ചരിത്രഗ്രന്ഥങ്ങളോ വ്യക്തമാക്കുന്നില്ല. പ്രസ്തുത പരാജയവും യെശയ്യാ പ്രവാചകൻെറ കാലത്തുതന്നെയാണ് നടന്നതെന്നാണ് 2,രാജാക്കന്മാർ പതിനാറാം അധ്യായത്തിൽ നിന്നു മനസ്സിലാകുന്നത്.

ഈ വസ്തുതകളിൽനിന്ന് യെശയ്യാ പ്രവാചകൻെറ പ്രവചന പ്രകാരമുള്ള ഇമ്മാനുവേൽ യേശുവല്ലെന്ന് സുതരാം വ്യക്തമാവുന്നു. മാത്രവുമല്ല, യെശയ്യാവു പറഞ്ഞ 'കന്യക' ഗർഭിണിയായി ഒരു മകനെ പ്രസവിക്കും' എന്ന വചനത്തെ സംബന്ധിച്ചും അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ഇവിടെ 'കന്യക'യെന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്നത് അലീമാ (Alema)യെന്ന ഹിബ്രു പദത്തെയാണ്. ഈ പദം പൊതുവേ വിവാഹപ്രായമെത്തിയ വിവാഹിതയാവാത്ത സ്ത്രീയെയാണ് കുറിക്കുന്നതെങ്കിലും പദത്തിൻെറ അർഥപ്രകാരം യൗവന പ്രായത്തെ മാത്രമാണ് ഇത് സൂചിപ്പിക്കുന്നത്. യൗവന പ്രായത്തിലുള്ള വിവാഹിതയെ സൂചിപ്പിക്കുവാനും ഈ പദം ഉപയോഗിക്കാറുണ്ട്. പുറപ്പാടു പുസ്തകം രണ്ടാം അധ്യായത്തിലെ എട്ടാം വചനത്തിൽ മോശെയുടെ മാതാവിനെ സൂചിപ്പിക്കുവാൻ ഇതേ പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിൽനിന്ന് ഇമ്മാനുവേലിൻെറ മാതാവ് ഒരു



കന്യക (അവിവാഹിത) തന്നെയായിരിക്കണമെന്ന് നിർബന്ധമില്ലെന്ന് മനസ്സിലാക്കാം.

ഇത്രയും പറഞ്ഞതിൽനിന്ന് യഥാർഥത്തിൽ യെശയ്യാ പ്രവാചകൻ ദീർഘദർശനം ചെയ്തത് യേശുവിനെ സംബന്ധിച്ചല്ലെന്ന് വ്യക്തമായല്ലോ. പഴയ നിയമത്തിൽ യേശുവിനെക്കുറിച്ച് നിരവധി പ്രവചനങ്ങളുണ്ടെന്ന് സുവിശേഷകൻമാർ വാദിക്കാറുണ്ട്. പല പഴയ നിയമ പരാമർശങ്ങളേയും സന്ദർഭത്തിൽ നിന്ന് അടർത്തി വ്യഖ്യാനിച്ചും വളച്ചൊടിച്ചുംകൊണ്ടാണ് അവ യേശുവിനെക്കുറിച്ചാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കാറുള്ളത്. യേശുവിനെക്കുറിച്ചുള്ള പഴയ നിയമ പ്രവചനങ്ങൾ വിവരിക്കുന്ന പുസ്തകങ്ങളെല്ലാം ഒന്നാമതായി പരമാർശിക്കുന്ന പ്രവചനമാണ് നടേ ഉദ്ധരിച്ച യശയ്യാവിന്റെ പ്രവചനം. ഇത് യേശുവിനെക്കുറിച്ച പ്രവചനം തന്നെയാണെന്ന് വരുത്തിത്തീർക്കാൻ സുവിശേഷ കർത്താവായ മത്തായി തന്നെ ശ്രമിക്കുന്നുമുണ്ട്. യേശുവിനെക്കുറിച്ചുള്ളതാണെന്ന് വാദിക്കപ്പെടുന്ന മറ്റു പല പ്രവചനങ്ങളും പിൽക്കാല ഗ്രന്ഥകർത്താക്കളുടെ ഗവേഷണഫലം മാത്രമാണ്. പുതിയ നിയമത്തിന്റെ സർട്ടിഫിക്കറ്റുള്ള പഴയ നിയമ പ്രവചനമാണ് യശയ്യാവ് 7:14 എന്ന് സാരം. യേശുവിനെക്കുറിച്ചുള്ളതായി പറയപ്പെടുന്ന പഴയ നിയമ പ്രവചചനങ്ങളിൽ മുന്നിൽ നിൽക്കാൻ എന്തുകൊണ്ടും യോഗ്യമായ ഈ പ്രവചനത്തിന്റെ അവസ്ഥ വളരെ പരിതാപകരമാണെന്ന് നാം മനസ്സിലാക്കി. താൻ ജീവിക്കുന്ന കാലത്ത് നടന്ന ഒരു സംഭവത്തെക്കുറിച്ച യശയ്യാവിന്റെ വിവരണത്തെ നൂറ്റാണ്ടുകൾ കഴിഞ്ഞ് ജനിച്ച യേശുവിനെക്കുറിച്ചുള്ളതാണ് എന്നു വരുത്തിത്തീർക്കുകയാണ് മത്തായി ചെയ്യുന്നത്. യേശുവിനെക്കുറിച്ചുള്ളതാണെന്ന് മിഷനറിമാർ അവകാശപ്പെടുന്ന മിക്ക പഴയ നിയമ പ്രവചനങ്ങളുടെയും അവസ്ഥ ഇതുതന്നെയാണ്. പ്രസ്തുത പ്രവചനങ്ങളും യേശുജീവിതവും തമ്മിൽ യാതൊരുവിധ ബന്ധവുമില്ലെന്ന് സൂക്ഷമമായി അപഗ്രഥിച്ചാൽ ബോധ്യമാവും.